കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 11, വെള്ളി

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 195 – നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 11, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിരിക്കുന്നു) ...

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ
ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III നടപടികൾ നിർത്തിവയ്ക്കാനുള്ള
ഉപക്ഷേപത്തിനുള്ള നോട്ടീസ്**

IV ശ്രദ്ധ ക്ഷണിക്കൽ

(1) ജലാശയങ്ങളിലെ മാലിന്യങ്ങളും മണലും
പോളയും നീക്കം ചെയ്യേണ്ടതിന്റെ
ആവശ്യകത
- ശ്രീ. ജോബ് മൈക്കിൾ ...

(2) കണ്ണൂർ വിമാനത്താവളത്തിൽനിന്നുള്ള
സർവീസുകൾ വർധിപ്പിക്കുന്നതിനും
അന്തർദേശീയ നിലവാരത്തിലേയ്ക്ക്
ഉയർത്തുന്നതിനുമുള്ള നടപടി
- ശ്രീ. സജീവ് ജോസഫ് ...

V സബ്മിഷൻ

(1) കൊച്ചി മെട്രോ രണ്ടാംഘട്ട പ്രവൃത്തി
- ശ്രീമതി ഉമ തോമസ് ...

(2) കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...

(3) കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാരം
- ശ്രീ. അനൂപ് ജേക്കബ് ...

(4) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത
- ശ്രീ. ലിന്റോ ജോസഫ് ...

(5) അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം
- ശ്രീ. വി. ശശി ...

(6) തിരുരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം
- ശ്രീ. കുറുക്കോളി മൊയ്തീൻ ...

VI റിപ്പോർട്ട് സമർപ്പണം

(1) താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച
സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ

(i) 2024-ലെ കേരള വ്യവസായ ഏകജാലക
ക്ലിയറൻസ് ബോർഡുകളും വ്യവസായ
നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ
(ii) 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം
വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ
സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

(2) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ
(രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ
സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് ....

VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ന് അനുവാദം
നൽകുന്നത് സംബന്ധിച്ച് ....

VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും
സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത്
റിപ്പോർട്ടിന്റെ പരിഗണന ....

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബിൽ ...

(ശ്രീ. അനൂപ് ജേക്കബ് നോട്ടീസ് നൽകിയത്)

(ii) 2022-ലെ ജനവാസ മേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബിൽ ...

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നോട്ടീസ് നൽകിയത്)

(iii) 2024-ലെ കേരള അഗ്നിശമനസേനാ (ഭേദഗതി) ബിൽ ...

(ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയത്)

(iv) 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ ...

(ശ്രീ. ടി. സിദ്ദിഖ് നോട്ടീസ് നൽകിയത്)

(v) 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ ...

(ശ്രീ. സജീവ് ജോസഫ് നോട്ടീസ് നൽകിയത്)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും
പരിപാലനവും നിർമ്മാണവും ബിൽ
(ശ്രീ. പി. പി. ചിത്തരഞ്ജൻ നോട്ടീസ് നൽകിയത്) ...

(ii) 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ
രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ
(ശ്രീ. പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയത്) ...

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 11, വെള്ളി

വാല്യം 195} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

നിയമസഭ 2024 ഒക്ടോബർ മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9.00 AM]

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*121)

കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കാൻ നടപടി

1 (*121) ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്തെല്ലാം സേവനങ്ങളാണ് യാത്രക്കാർക്ക് ഓൺലൈനിൽ ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ബി) പൊതുഗതാഗത രംഗത്തെന്നപോലെ ഇന്ധന വിതരണ മേഖലയിലും കെ.എസ്.ആർ.ടി.സി.-ക്ക് ചുവടുറപ്പിക്കാൻ പദ്ധതികളുണ്ടോ; ഇന്ധന വിതരണ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കൂടുതൽ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ

നിലവിൽ ഓപ്പറേറ്റ് ചെയ്യുവരുന്ന ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും പ്രീമിയം എ.സി. ബസ്സുകളും കാലപ്പഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ എ.സി. ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, ലോ ഫ്ലോർ എ.സി. ബസ്സുകൾ എന്നിവയ്ക്കുപകരമായി സാധാരണ ജനങ്ങൾക്കുകൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ 4 സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ എ.സി. ബസ്സുകൾ ലഭ്യമാക്കി സർവീസ്

നടത്തുവാനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്കുകൂടി നൽകിക്കൊണ്ട് ലോ ഫ്ലോർ എ.സി. ബസ്സുകളെക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളെക്കാൾ കൂടിയതും ടെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസ്സിൽ ആധുനിക സൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെനിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

വലിപ്പം കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനോടുകൂടിയ പുതിയ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ലഭ്യമാക്കി നിലവിൽ യാത്രക്കാർ

കുറവുള്ളതും എന്നാൽ ഡിമാൻഡുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓപ്പറേറ്റ് ചെയ്തുവരുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്കുപകരം നൽകി ചെലവ് ചുരുക്കി നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതി പ്രകാരം വിജയകരമായി ട്രയൽ റൺ പൂർത്തീകരിച്ചു. ഇപ്രകാരം 220 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ചെലവുകുറച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

3. നോൺ എ.സി. ഓർഡിനറി ബസ്

കോർപ്പറേഷന്റെ നിലവിലുള്ള വലിയ ബസ്സുകൾ ഉപയോഗിച്ച് സർവീസ് നടത്താൻ സാധിക്കാത്ത റൂട്ടുകളിലേയ്ക്ക് നിലവിൽ വലിയ ബസ്സുകൾക്കനുസൃതമായി യാത്രക്കാരെ ലഭ്യമല്ലാത്തതും സാമൂഹ്യ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്തുവരുന്നതുമായ സർവീസുകളുടെ ചെലവ് ചുരുക്കി ഓപ്പറേറ്റ് ചെയ്യുന്നതിന് 28-34 സീറ്റുകളുള്ള ബസ്സുകൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി ട്രയൽ റൺ വിജയകരമായി നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. ബസ് സ്റ്റേഷനുകളുടെ നവീകരണം

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് Ladies and Family Waiting Area കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു അധിക ചെലവുമില്ലാതെ സി.എസ്.ആർ. ഫണ്ട് വിനിയോഗിച്ച് VIVO എന്ന കമ്പനി സ്പോൺസർ ചെയ്ത സംവിധാനം കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. അങ്കമാലി യൂണിറ്റിലും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ പ്രസ്തുത പദ്ധതി കഴിയുന്നത്ര എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കാനാണ് ആലോചിക്കുന്നത്.

യാത്രക്കാരുടെ ഏറ്റവും പ്രധാന ആവശ്യമായി നിലനിന്നിരുന്ന ബസ് സ്റ്റേഷനുകളിൽ ശുചിത്വമുള്ള പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുകയെന്നത് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പൊതു ശൗചാലയങ്ങളുടെ നിലവിലെ ലൈസൻസികളുടെ കാലാവധി തീരുന്നമുറയ്ക്ക് ഇവയുടെ പ്രവർത്തനം

M/s. Sulabh International എന്ന Non Governmental Organisation-ന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു.

കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകൾ സൗന്ദര്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഡിപ്പോകൾ ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബസ് വാഷിങ്

കെ.എസ്.ആർ.ടി.സി. ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിലെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് വാഷിങ് ഗ്രണമേന്മ പരിശോധനാ ഷീറ്റ് ഫുൾ വാഷ് ചെയ്യുന്ന ബസ്സുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഹൗസ് കീപ്പിങ് സൂപ്പർവൈസർ/വെഹിക്കിൾ സൂപ്പർവൈസർ/ചാർജ്ജ്മാൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

നിലവിൽ പ്രതിദിനം ശരാശരി 2500-നും 2700-നുമിടയ്ക്ക് ബസ്സുകൾ കഴുകി വൃത്തിയാക്കി സർവീസിന് നൽകുന്നുണ്ട്. ഹൈ പ്രഷർ പമ്പുകളുപയോഗിച്ച് ബസ് വാഷിങ് നടത്തുന്നതിനുള്ള പ്രായോഗികത

പരിശോധിക്കുന്നതിനായി 6 ഹൈ പ്രഷർ പമ്പുകൾ മേജർ യൂണിറ്റുകളിൽ ലഭ്യമാക്കി ഉപയോഗിച്ചുവരുന്നു.

5. പുതിയ ബസ്സുകൾ

കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കാൻ 116 ഡീസൽ ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു. കൂടാതെ 115 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ടുപയോഗിച്ച് വാങ്ങി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു.

6. ഡെസ്റ്റിനേഷൻ നമ്പറിങ്

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിലും ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമത്തോടൊപ്പം നമ്പർകൂടി ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ

കഴിയുന്നവിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. യൂണീക്ക് ഷെഡ്യൂൾ നമ്പർ

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യൂണീക്ക് ഷെഡ്യൂൾ നമ്പർ" നൽകുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റാ പ്രോസസിങ്, വിവരശേഖരണം എന്നിവ കൂടുതൽ കൃത്യതയാക്കുന്നതിനും കഴിയും. എല്ലാ യൂണിറ്റുകളിലും യൂണീക്ക് ഷെഡ്യൂൾ നമ്പർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂൾ ട്രിപ്പ് വൈസ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ച് ക്രമീകരിക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും സഹായിക്കും.

8. വർക്ക്ഷോപ്പുകളുടെ ആധുനികവൽക്കരണം

റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനായുള്ള പ്രസ്തുത വർക്ക്ഷോപ്പുകളുടെ

ആധുനികവൽക്കരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ആയതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിൽ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും ആധുനിക ടൂൾസ് ആൻഡ് എക്യൂപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് എഞ്ചിൻ പ്രൊഡക്ഷൻ ശരാശരി 18 ആയിരുന്നത് 42 ആക്കി വർധിപ്പിക്കാൻ സാധിച്ചു. ടി സംവിധാനം മറ്റ് റീജിയണൽ വർക്ക്ഷോപ്പുകളിലും നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത മാതൃകയിൽ ഗിയർ ബോക്സ്, ഫ്രന്റ് ആക്സിൽ, റിയർ ആക്സിൽ, സ്റ്റിയറിങ് ബോക്സ്, ബ്രേക്ക് യൂണിറ്റ്സ് തുടങ്ങിയ റീകണ്ടീഷനിങ് ഷോപ്പുകളിലും എയർ കണ്ടീഷൻ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തികളുടെയും ആധുനിക ടൂൾസ് അനുവദിച്ചതിന്റെയും മെക്കാനിക്കൽ ജീവനക്കാരെ പുനഃക്രമീകരിച്ചതിന്റെയും ഭാഗമായി ബസ്സുകളുടെ ഓഫ്റോഡ് ഗണ്യമായി കുറയ്ക്കുന്നതിന് (500-ൽ താഴെയായി) സാധിച്ചിട്ടുണ്ട്.

9. ആധുനികവൽക്കരണത്തിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ

കായംകുളം ഡിപ്പോയിലെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പുമുഖേന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിപ്പോകൾ നവീകരിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത 11 ഡിപ്പോകളിൽ പെയിന്റിങ് പ്രവൃത്തികൾ നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ച് നടപടി സ്വീകരിച്ചുവരുന്നു.

കരുനാഗപ്പള്ളി യൂണിറ്റിലെ നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ ഒന്നാംനിലയുടെ ഉദ്ഘാടനം 18-01-2024-ന് നടത്തുകയുണ്ടായി. സ്ത്രീ/പുരുഷ ജീവനക്കാരുടെ വിശ്രമമുറികളിൽ എയർ കണ്ടീഷണർ സ്ഥാപിച്ചു.

നവീകരിച്ച ആലുവ ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനം 10-02-2024-ന് നടത്തുകയുണ്ടായി.

10. കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ

കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിങ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിങ് സംസ്കാരം രൂപപ്പെടുത്തുന്നതിനും

ഡ്രൈവർമാരുടെ നൈപുണ്യം വർധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽക്കൂടി ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡ്രൈവിങ് പരിശീലിക്കുന്ന വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടെയും പ്രവർത്തനരീതികൾ നേരിൽക്കണ്ട് വിശദമായി

മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

11. <u>ബജറ്റ് ടൂറിസം</u>

2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിച്ച് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നൂതന

പദ്ധതിയായ ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നത്. അന്തർ സംസ്ഥാന ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

12. കെ.എസ്.ആർ.ടി.സി.-യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.

492 പഞ്ചിങ് മെഷീനുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-യുടെ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

13. കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങളെത്തിക്കുവാൻ സാധിക്കും. നിലവിൽ 47

ഡിപ്പോകളിൽ ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. Door to door pickup & delivery (വാതിൽപ്പടി സേവനങ്ങൾ) നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

14. ഇ-ഓഫീസ്

ഫയൽ നീക്കങ്ങൾ സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 2024 ജനുവരി മുതൽ ചീഫ് ഓഫീസിൽ ഇ-ഫയലിങ് സംവിധാനം ആരംഭിക്കുകയും നിലവിൽ എല്ലാ വിഭാഗങ്ങളും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

15. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ

പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസ്സുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

16. ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കിയത്. ടി സ്ഥാപനം ടോൾ പ്ലാസ ഫാസ്ടാഗ് പേമെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്കുകൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് വിവാദ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുന്നതുവഴി വരുമാന ചോർച്ച തടയുവാൻ സാധിക്കും.

17. ഓൺലൈൻ സ്റ്റുഡന്റ്സ് കൺസഷൻ സംവിധാനം

വിദ്യാർഥികൾക്ക് ബസ് കൺസഷൻ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്.

അപേക്ഷകർക്ക് അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

18. ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും നൂതന സൗകര്യങ്ങളോടുകൂടി പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിങ്ങിനായി "ente ksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിങ് ചാർജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും. "റൗണ്ട് ടിക്കറ്റ്" ബുക്ക് ചെയ്യുമ്പോൾ ടിക്കറ്റ് തുകയുടെ 10% ഇളവ് ലഭിക്കുന്നതാണ്.

'ചലോ ആപ്പ്' വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസ്സുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽനിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റെടുക്കുവാൻ സാധിക്കുന്നതുമാണ്. ടി സംവിധാനംവഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുവാനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും.

19. ലൈവ് ടിക്കറ്റിങ്ങ്

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ട്രിപ്പ് സ്റ്റാർട്ട് ചെയ്തതിനുശേഷം ഒഴിവുള്ള സീറ്റുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റ്/ആപ്പ് മുഖേന സീറ്റുകൾ ബുക്ക് ചെയ്യാൻ സാധിക്കും എന്നതാണ് ലൈവ് ടിക്കറ്റിങ്ങിലൂടെ ഉദ്ദേശിക്കുന്നത്.

പ്രസ്തുത സംവിധാനം M/s. Mantis Technologies Pvt. Ltd. മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പാപ്പനംകോട് യൂണിറ്റിലെ മൂന്ന് ജീവനക്കാർക്ക് തൽസംബന്ധമായി പരിശീലനം നൽകുകയും പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം-കോഴിക്കോട് റൂട്ടിലെ ലോ ഫ്ലോർ എ.സി. ബസ്സുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽമുടക്കില്ലാതെ പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 14 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധന വിതരണ ഔട്ട്‌ലെറ്റ് ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി, വികാസ് ഭവൻ, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, പൊൻകുന്നം എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലാണ് ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുള്ളത്. പെരുമ്പാവൂർ ഡിപ്പോയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണരംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാ ഫ്യൂവൽസിൽനിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നൽകിവരുന്നത്. 2022 ഫെബ്രുവരി

മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയെക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. യാത്രാ ഫ്യൂവൽസ് വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ ബൾക്ക് പർച്ചേയ്സർ റേറ്റുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 215 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ ഇതുവരെ സാധിച്ചിട്ടുണ്ട്. യാത്രാ ഫ്യൂവൽസ് വഴി പൊതുജനങ്ങൾക്കുള്ള പ്രതിദിന വില്പന ശരാശരി 73 KL കടന്നിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ മുഖേന ഇന്ധന വിതരണം നടത്തിയതിലൂടെ 2024 ആഗസ്റ്റ് മാസംവരെ ഏകദേശം 554.95 കോടി രൂപയുടെ വിറ്റുവരവ് നടത്തുവാനും അതിലൂടെ ഏകദേശം 16.50 കോടിയോളം രൂപയുടെ ഡീലർ കമ്മീഷൻ നേടുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 14 ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ പുതിയ ഔട്ട്ലെറ്റിന്റെ പ്രവർത്തനം ഉടൻ

ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശബരിമല തീർഥാടനം ആരംഭിക്കുന്ന സന്ദർഭമാണിത്. ശബരിമലയിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് മികച്ച യാത്രാസൗകര്യം ഒരുക്കുന്നത് കെ.എസ്.ആർ.ടി.സി.-യാണ്. ഇത്തവണ ശബരിമല തീർഥാടകർക്കുവേണ്ടി കെ.എസ്.ആർ.ടി.സി. എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശബരിമല സർവീസുകൾ ഏറ്റവും ഭംഗിയായി നടത്താനുള്ള പദ്ധതികൾ കെ.എസ്.ആർ.ടി.സി. തയ്യാറാക്കിയിട്ടുണ്ട്. ശബരിമലയിലേയ്ക്ക് സർവീസ് നടത്തുന്നതിന് പുതിയ വാഹനങ്ങളില്ലെന്നതും 15 വർഷം പഴക്കമുള്ള വാഹനങ്ങൾ സ്ക്രാപ് ചെയ്യണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ നയവും പ്രധാന വെല്ലുവിളിയായി നിൽക്കുന്നുണ്ടെങ്കിലും അപകടരഹിതമായ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പഴയ ബസ്സുകളാണെങ്കിലും അവയെല്ലാം

ശബരിമലയിലേയ്ക്ക് സർവീസ് നടത്താൻ തയ്യാറാക്കിയിട്ടുണ്ടെന്ന് മാത്രമല്ല, കൃത്യമായി സർവീസ് നടത്താനും സാധിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെക്കാൾ മികച്ച രീതിയിലുള്ള സൗകര്യങ്ങൾ ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഇക്കൊല്ലം നടപ്പിലാക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ സൗകര്യവും വൃത്തിയും ശുചിത്വവുമുള്ള ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനും അവ വൃത്തിയായി നിലനിർത്തുന്നതിനും കെ.എസ്.ആർ.ടി.സി. പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഒരു യാത്രയിലെ അത്യന്താപേക്ഷിത കാര്യങ്ങളായ സുരക്ഷിതമായ കാത്തിരിപ്പ് സൗകര്യം, നല്ല ഭക്ഷണം, വൃത്തിയുള്ള ശൗചാലയങ്ങൾ എന്നിവ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ഒരുക്കുന്നതിനും കേരളത്തിലെ ശൗചാലയങ്ങളുടെ നിലവിലെ ശോചനീയാവസ്ഥ മാറ്റുന്നതിനുമായി ആലുവ, കരുനാഗപ്പള്ളി, തിരുവനന്തപുരം, കൊട്ടാരക്കര ഉൾപ്പെടെയുള്ള 10 ഡിപ്പോകൾ M/s. Sulabh International എന്ന Non Governmental Organisation-ന് കൈമാറിയിട്ടുണ്ട്. ഈ സ്ഥാപനം

സുൽത്താൻ ബത്തേരിവരെയുള്ള കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. ആവശ്യമുള്ള സ്ഥലങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടുതൽ സ്റ്റേഷനുകൾ M/s. Sulabh International-ന് കൈമാറാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നിലവിൽ പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെയും വരുമാനം വർധിപ്പിച്ച് സ്വന്തം നിലനിൽപ്പിന് സഹായകരമാകുന്ന അവസ്ഥയിലേയ്ക്കെത്തിക്കാൻ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും വകുപ്പും നടത്തിയ ഇടപെടൽ അങ്ങേയറ്റം സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് വരുമാനം ഇനിയും വർധിപ്പിക്കാനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും വരുമാനം വർധിക്കുന്നതിനനുസരിച്ച് തൊഴിലാളികൾക്ക് നൽകാനുള്ള കുടിശ്ശികകൾ സമയബന്ധിതമായി നൽകാനും സർക്കാരിന്റെ ബാധ്യത കുറച്ചുകൊണ്ടുവരാനും നടപടി സ്വീകരിക്കുമോ; കൂടുതൽ ഫ്യുവൽ ഔട്ട്ലെറ്റുകൾ പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, രണ്ടുമൂന്ന് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചിരിക്കുന്നത്. ആദ്യത്തെ ചോദ്യം, കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ വരുമാനം വർധിപ്പിക്കുന്നതിനെ സംബന്ധിച്ചാണ്. 93 കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ കഴിഞ്ഞ ഒരു മാസത്തെ വരുമാനം പരിശോധിച്ചാൽ ഏതാണ്ട് 85 ശതമാനത്തോളം ഡിപ്പോകളെയും ഒന്നുകിൽ ലാഭമോ അല്ലെങ്കിൽ ലാഭമോ നഷ്ടമോ ഇല്ലാത്ത അവസ്ഥയിലേയ്ക്കെത്തിക്കാൻ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും കഴിഞ്ഞുവെന്ന് കാണാൻ കഴിയും. ഇത് ഏറെ സന്തോഷകരമാണ്. അക്കാര്യത്തിൽ അവരെ അഭിനന്ദിക്കേണ്ടതുമാണ്. ഓരോ ഡിപ്പോയിലെയും ജീവനക്കാർക്ക് നൽകിയിട്ടുള്ള 9 കോടി രൂപ എന്ന ടാർജെറ്റിലേയ്ക്ക് എത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഡിപ്പോകളിൽനിന്ന് ആരംഭിച്ചിട്ടുള്ള ഏതെങ്കിലും ബസ് റൂട്ടുകൾ ലാഭകരമാണെന്ന് അറിയിച്ചാൽ സർവീസ് നടത്താൻ ചീഫ് ഓഫീസിൽനിന്നും അനുവാദം നൽകുന്നതിന് മുൻകാലങ്ങളിൽ കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതിക്ക് മാറ്റമുണ്ടായിരിക്കുകയാണ്. ലാഭകരമായ

റൂട്ടുകളിലേയ്ക്ക് അതത് ഡിപ്പോകളിൽനിന്നുതന്നെ സർവീസ് നടത്താനുള്ള അനുവാദം നൽകുന്നുണ്ട്. മാത്രമല്ല, രണ്ടാഴ്ചയോളം ടി ബസ് റൂട്ട് ലാഭകരമാണോയെന്ന് നിരീക്ഷിച്ചശേഷം ലാഭകരമാണെങ്കിൽ മാത്രം സർവീസ് തുടരാവുന്നതാണ്. അതത് യൂണിറ്റിലെ ഉദ്യോഗസ്ഥർക്കും യൂണിയൻ പ്രതിനിധികൾക്കും ജീവനക്കാർക്കും ലാഭകരമായ ഷെഡ്യൂളുകൾ കണ്ടെത്താനും ഓപ്പറേറ്റ് ചെയ്യാനും ഇതിലൂടെ സാധിക്കുന്നുണ്ട്. ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയതിന്റെ ഫലമായാണ് പ്രവർത്തന നഷ്ടമില്ലാത്ത അവസ്ഥയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ എത്തിക്കാൻ സാധിച്ചത്. മുൻകാലങ്ങളിലുണ്ടായിരുന്ന ആയിരക്കണക്കിന് കോടി രൂപയുടെ കടത്തിന്റെ കണക്കല്ല മറിച്ച്, 85 ശതമാനത്തോളം ഡിപ്പോകളിൽനിന്നുള്ള പ്രവർത്തന ലാഭത്തിന്റെ കാര്യമാണ് ഞാനിവിടെ പറയുന്നത്. അതുപോലെതന്നെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചാൽ കഴിഞ്ഞവർഷം ഡിസംബർ മാസത്തിൽ പെൻഷൻ ഇനത്തിൽ ഒരു രൂപപോലും കൊടുക്കാൻ സാധിച്ചിരുന്നില്ലെന്ന് മനസ്സിലാകും. എന്നാൽ ഈ വർഷം ജനുവരി മാസത്തിൽ 7 കോടി 35 ലക്ഷം രൂപ ഈയിനത്തിൽ

നൽകിയിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട് ക്ലോഷർ, പെൻഷൻ പേമെന്റ്, എൻ.പി.എസ്., എൻ.ഡി.ആർ. ആയി വായ്പയെടുത്ത ഇനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകേണ്ട പണം എന്നിവയ്ക്കായി കഴിഞ്ഞവർഷം ഡിസംബർ മാസം മുതൽ ഇന്നേ ദിവസംവരെ 883 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് വലിയ നേട്ടമായി കാണാവുന്നതാണ്. നിശ്ചിത ടാർജെറ്റ് നേടുന്ന ജീവനക്കാർക്ക് ഇൻസെന്റീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ ആലോചിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിവരുന്ന ഇത്തരം പരിഷ്കാരങ്ങൾക്കുപുറമെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്രദമാകുന്ന രീതിയിൽ പുതുതായി ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ ആരംഭിക്കാനും ആലോചിക്കുന്നുണ്ട്. പെരുമ്പാവൂരിലെ കെ.എസ്.ആർ.ടി.സി.-യുടെ ഫ്യുവൽ ഔട്ട്ലെറ്റ് ഉദ്ഘാടനഘട്ടത്തിലാണ്. ഇതിനുപുറമെ 10 എണ്ണമെങ്കിലും ഉടനെ ആരംഭിക്കുന്നതാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഫലം

കണ്ടുവരികയാണ്. അതിന്റെ ഭാഗമായി ഡോർ ടു ഡോർ കൊറിയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യംകൂടി പരിശോധിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വളരെ നല്ലൊരു ചോദ്യമാണിത്. കൊറിയർ ചെയ്യുന്ന സാധനങ്ങൾ നിലവിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലാണ് എത്തുന്നത്. അവ സ്റ്റേഷനുകളിലെത്തി ശേഖരിക്കുന്നതിനും സ്റ്റേഷനുകളിൽവന്ന് കൊറിയർ അയയ്ക്കുന്നതിനും ജനങ്ങൾക്ക് വലിയരീതിയിലുള്ള ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനാൽ കൊറിയർ ചെയ്യേണ്ട സാധനങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുകയും ഡെലിവർ ചെയ്യേണ്ടവ വീടുകളിൽ യഥാസമയം എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒരു സ്റ്റാർട്ടപ് കമ്പനിയുമായി ചർച്ച നടത്തിവരികയാണ്. വാതിൽപ്പടി സേവനങ്ങൾ (Door to door pickup & delivery) ലഭ്യമാക്കുകയെന്നത് നല്ല ആശയമാണ്. കാരണം, പലപ്പോഴും പല സാധനങ്ങളും ലഭിക്കേണ്ട സ്ഥലത്ത് കൃത്യമായി എത്തിക്കാത്ത സ്ഥിതിവിശേഷമുണ്ട്. ഉദാഹരണമായി, അടൂരിൽ ഇറക്കേണ്ട കൊറിയർ സാധനങ്ങൾ ചിലപ്പോൾ കൊട്ടാരക്കരയിൽ ഇറക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വാതിൽപ്പടി സേവനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഇത്തരം പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. എം. രാജഗോപാലൻ: സർ, ഈ സർക്കാർ എല്ലാ മേഖലയിലും ജനക്ഷേമകരമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഹൃദയംതന്നെ പറിച്ചുകൊടുത്താലും ചെമ്പരത്തിപ്പൂവാണോ എന്ന് ചോദിക്കുന്ന രീതിയിലുള്ള വാർത്തകളാണ് പലപ്പോഴും മാധ്യമങ്ങളിലൂടെ വരുന്നത്. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി നല്ല രീതിയിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രകൃതിസൗഹൃദമായ സി.എൻ.ജി., എൽ.എൻ.ജി. സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും ബസ് ടെർമിനലുകളിലും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഉപയോഗരഹിതമായി കിടക്കുന്ന മറ്റ് ഭൂമിയിലും വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മിതികൾ നടത്തി അധികവരുമാനം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുകയെന്നത് വളരെ നല്ല ആശയമാണെങ്കിലും ഒരു വാഹനം സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന് ഏകദേശം 9-10 ലക്ഷം രൂപ ചെലവാകുമെന്നതിനാൽ ഘട്ടംഘട്ടമായി സി.എൻ.ജി.-യിലേയ്ക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ദീർഘദൂര റൂട്ടുകളിലേയ്ക്കുള്ള ബസ് സർവീസ് ലാഭകരമായതിനാൽ നിലവിൽ സിറ്റി സർവീസ് നടത്തിയിരുന്ന സി.എൻ.ജി. ബസ്സുകളെല്ലാം കൊട്ടാരക്കര ഡിപ്പോയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. സിറ്റി റൂട്ടിൽ സി.എൻ.ജി. ബസ്സുകൾ സർവീസ് നടത്തുമ്പോൾ ചെലവ് ക്രമാതീതമായി വർധിക്കുകയാണ്. എൽ.എൻ.ജി. ബസ്സുകൾ ഇറക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. അതിനാവശ്യമായ ഫ്യുവൽ പമ്പുകൾ നിലവിലില്ല. കെ.എസ്.ആർ.ടി.സി. ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മാത്രമല്ല, കൂടുതൽ വാഹനങ്ങൾ ഇത്തരത്തിലേയ്ക്ക് മാറ്റാൻ ആലോചിക്കുന്നുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ കിഫ്ബി മുഖാന്തരം പരമാവധി ഉപയോഗപ്പെടുത്താനുള്ള പരിശ്രമം നടത്തിയെങ്കിലും

തല്പരരായവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കിഫ്കോൺ പ്രൈവറ്റ് ലിമിറ്റഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നും കെ.എസ്.ആർ.ടി.സി. തന്നെ പരസ്യം നൽകി ഇതിനായുള്ള ശ്രമം തുടരുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ കൊല്ലം ജില്ലയിലെ പുനലൂർ ഉൾപ്പെടെയുള്ള വിവിധയിടങ്ങളിൽ വളരെ മനോഹരമായ സ്ഥലങ്ങളുണ്ട്. അക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ എറണാകുളം ജില്ലയിൽ വെള്ളം കെട്ടിനിൽക്കുന്ന ശോച്യാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള ആലോചനയിലാണ്. ഇതിനായി പെരിന്തൽമണ്ണയിൽ സഹകരണ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചിക്കുകയും കത്തുമുഖേന ഗതാഗത വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യവും ഗൗരവമായി പരിഗണിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി മിനി ബസ്സുകൾ വാങ്ങുന്നതിനെക്കുറിച്ച് കെ.എസ്.ആർ.ടി.സി. ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഗ്രാമീണ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ഇന്ധനക്ഷമത കൂടിയ മിനി ബസ്സുകൾ വാങ്ങുന്നതിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 93 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്ലാൻ കട്ട് വന്നതിനാൽ ടി തുകയുടെ പകുതി അടിയന്തരമായി അനുവദിക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ശബരിമല തീർഥാടനകാലം ആരംഭിക്കുന്നതിനുമുമ്പ് പുതിയ വാഹനങ്ങൾ എത്തിയാൽ മാത്രമെ നിലവിൽ ഗ്രാമപ്രദേശങ്ങളിൽ സർവീസ് നടത്തുന്ന ബസ്സുകൾ ശബരിമലയിലേയ്ക്ക് മാറ്റാൻ സാധിക്കുകയുള്ളൂ. പുതിയ ബസ്സുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ബഡ്ജറ്റിൽ വകയിരുത്തിയ തുക ലഭ്യമായാലുടൻതന്നെ ബസ്സുകൾ വാങ്ങാൻ സാധിക്കും. Leyland കമ്പനിക്ക് പഴയ കുടിശ്ശിക നൽകാനുള്ളതിനാൽ പണം മുൻകൂർ

നൽകാതെ വാഹനങ്ങൾ നൽകില്ലെന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. മാത്യൂ ടി. തോമസ്: സർ, സർവീസിതര ചെലവുകൾ വലിയ ബാധ്യതയായി നിലനിൽക്കുന്നതിനാൽ സർവീസിതര വരുമാനം കണ്ടെത്താനായി നിർമ്മിച്ച ഷോപ്പിങ് കോംപ്ലക്സുകൾ നിലവിൽ വലിയ ബാധ്യതയായി മാറുന്ന സ്ഥിതിവിശേഷമാണുള്ളത്. തിരുവല്ല ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച ഷോപ്പിങ് കോംപ്ലക്സുകളിലെ മുറികൾ കച്ചവടക്കാർക്ക് വാടകയ്ക്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ വാടകത്തുക യുക്തിസഹമാക്കുന്നതിനും യാർഡ്, ടോയ്ലെറ്റുകൾ ഉൾപ്പെടെ കെട്ടിടത്തിന്റെ മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രത്യേക ശ്രദ്ധചെലുത്താൻ കെ.ടി.ഡി.എഫ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കെ.ടി.ഡി.എഫ്.സി.-യുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിന്റെ ഫലമായാണ് ഈ സ്ഥാപനം ഇപ്പോഴും നിലനിൽക്കുന്നത്. അത്തരം ഇടപെടൽ നടത്തിയില്ലായിരുന്നെങ്കിൽ സ്ഥാപനം

എന്നേ അടച്ചുപൂട്ടേണ്ടി വരുമായിരുന്നു. അതുകൊണ്ട് കെ.ടി.ഡി.എഫ്.സി.-യിൽ നിന്നും തുക ചെലവഴിച്ച് ഷോപ്പിങ് കോംപ്ലക്സുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സാഹചര്യം ഇപ്പോഴില്ല. കെ.ടി.ഡി.എഫ്.സി.-യുടെ സ്ഥാപനങ്ങൾ വാടകയ്ക്ക് എടുത്തവർ കൃത്യമായി വാടക അടയ്ക്കുന്നില്ല. തിരുവനന്തപുരത്തെ കെ.ടി.ഡി.എഫ്.സി. സമുച്ചയത്തിൽ പ്രവർത്തിക്കുന്ന കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തീയേറ്റർ, ലോട്ടറി വകുപ്പിന്റെ ഓഫീസ് എന്നിവ 37 ലക്ഷം രൂപ വീതം വാടക കുടിശ്ശിക നൽകാനുണ്ട്. ടി കുടിശ്ശികയുക ലഭിച്ചാൽ ഇവിടെ സൂചിപ്പിച്ചതുപോലുള്ള പല കാര്യങ്ങളും നടപ്പിലാക്കാൻ സാധിക്കും. തിരുവല്ലയിലെ ഷോപ്പിങ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്കെടുക്കുന്നതിന് പുതിയ ആളുകളെ കണ്ടെത്താനുള്ള പരിശ്രമം ഊർജിതമായി നടത്തുന്നുണ്ട്. തിരുവനന്തപുരത്തെ ഷോപ്പിങ് കോംപ്ലക്സിലെ കടമുറികൾ പൂർണ്ണമായും വാടകക്കാർ എടുത്തുകഴിഞ്ഞു. തിരുവല്ലയിലെ ഷോപ്പിങ് കോംപ്ലക്സിൽ തീയേറ്റർ നടത്താൻ താൽപര്യം പ്രകടിപ്പിച്ചുകൊണ്ട് ചില ആളുകൾ വ്യക്തിപരമായി എന്നെ സമീപിക്കുന്നുണ്ട്. അവിടെയൊരു തീയേറ്റർ ആരംഭിച്ചാൽ ധാരാളം ആളുകൾ എത്തുമെന്നതിനാലും

അത് മറ്റ് കടകളുടെ വികസനത്തിന് കാരണമാകുമെന്നതിനാലും അങ്ങനെയൊരു പ്രൊപ്പോസൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. വാടക സംബന്ധിച്ച നിബന്ധനകൾ താങ്ങാൻ കഴിയാത്തതായതിനാൽ തിരുവല്ല ഷോപ്പിങ് കോംപ്ലക്സിലെ 65 ശതമാനം കടമുറികളും ഒഴിഞ്ഞുകിടക്കുകയാണ്. ഒരാൾ കടമുറി വാടകയ്ക്കെടുക്കുമ്പോൾ 2 ലക്ഷം രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണമെന്നാണ് വ്യവസ്ഥ. അത്രയും പണം നിരതദ്രവ്യമായി അടയ്ക്കാനുണ്ടെങ്കിൽ അയാൾ മറ്റെന്തെങ്കിലും ബിസിനസ്സ് ചെയ്യുമായിരുന്നില്ലേ? ഇതുവരെയുണ്ടായിരുന്ന വാടക നിരക്ക് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതായതിനാൽ കെ.എസ്.ആർ.ടി.സി. ഗവേണിംഗ് ബോർഡ് യോഗംചേർന്ന് ഇപ്പോൾ വാടക നിരക്ക് കുറച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ ആളുകൾ ലേലത്തിൽ പങ്കെടുക്കുന്നുണ്ട്. കൊട്ടാരക്കരയിൽ കഴിഞ്ഞദിവസം രണ്ട് കടമുറികൾ ലേലത്തിൽ പോയത് മാസം 65000 രൂപ, 36000 രൂപ എന്നീ വാടക നിരക്കുകളിലാണ്. നിബന്ധനകളിൽ ഇളവ് വരുത്തിയതിനാൽ ധാരാളം ആളുകൾക്ക് ലേലത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുകയും ആരോഗ്യപരമായ മത്സരം നടക്കുന്നതിലൂടെ ഉയർന്ന നിരക്കിൽ ആളുകൾ

കടമുറികൾ വാടകയ്ക്കെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നല്ല വരുമാനം ലഭിക്കുന്നുമുണ്ട്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുമെന്ന് രണ്ട് വർഷം മുമ്പുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. എന്നാൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മഞ്ചേരിയിൽ അടിയന്തരമായി കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പ്രൈവറ്റ് ബസ്സുകൾ ഏറ്റവും കൂടുതൽ സർവീസ് നടത്തുന്ന സ്ഥലമാണ് മഞ്ചേരി. അവിടെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം വളരെ കുറവായതിനാൽ നിലവിൽ പുതിയ ഡിപ്പോ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ തൽക്കാലം നിർവാഹമില്ല. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അതുസംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, മധ്യകേരളത്തിൽ ഏറ്റവും കൂടുതൽ ബസ് സർവീസ് നടത്തുന്ന തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ

വികസനത്തിനായി നവകേരള സദസ്സിന്റെ ഭാഗമായുള്ള പ്രത്യേക അലോട്ട്മെന്റിലൂടെ ലഭിച്ച 5 കോടി രൂപയും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നുള്ള 4 കോടി രൂപയും ചേർത്ത് 9 കോടിയോളം രൂപ മാറ്റിവച്ചിട്ടുണ്ട്. ടി ഫണ്ട് ഉപയോഗപ്പെടുത്തി അടിയന്തരമായി തൃശ്ശൂർ ബസ് സ്റ്റേഷന്റെ വികസനം സാധ്യമാക്കുന്നതിന് അങ്ങയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം. മറ്റൊരുകാര്യം, കെ.എസ്.ആർ.ടി.സി. ബസ്സിടിച്ച് തകർന്ന തൃശ്ശൂരിലെ ശക്തൻ തമ്പുരാൻ പ്രതിമ പുനഃസ്ഥാപിക്കാൻ സർക്കാരിന്റെയും കോർപ്പറേഷന്റെയും ഭാഗത്തുനിന്നും നീക്കങ്ങൾ നടക്കുന്നുണ്ട്. ശ്രീ. കുന്നുവിള മുരളിയാണ് പ്രതിമ നിർമ്മിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ ശരിയാണ്. നവകേരള സദസ്സിന്റെ ഭാഗമായി പ്രത്യേക അലോട്ട്മെന്റിലൂടെ ലഭിച്ച ഫണ്ടും എം.എൽ.എ. ആസ്തി വികസന ഫണ്ടും ഉൾപ്പെടെ 9 ലക്ഷം രൂപ തൃശ്ശൂർ ബസ് സ്റ്റേഷൻ വികസനത്തിനായി

മാറ്റിവച്ചിട്ടുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനായ തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിലവിൽ വളരെ മോശമായ അവസ്ഥയിലാണുള്ളത്. നിലവിലുള്ള കെട്ടിടം അടിയന്തരമായി പൊളിച്ചുമാറ്റി പുതിയ കെട്ടിടം യാഥാർഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ വിങ്ങിന്റെ പ്രവർത്തനം പരാജയമായതിനാൽ ഇനിമുതൽ കെ.എസ്.ആർ.ടി.സി.-യുടെ നിർമ്മിതികൾ ഈ വിഭാഗത്തെക്കൊണ്ട് ചെയ്യിക്കുന്നതല്ല. പ്രസ്തുത വിങ്ങിൽ നിലവിൽ വളരെ കുറച്ച് ഉദ്യോഗസ്ഥർ മാത്രമെയുള്ളൂ. പി.ഡബ്ല്യു.ഡി. ബിൽഡിങ്സ് ഡിവിഷനിലെ എഞ്ചിനീയർമാരാണ് കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ വർക്കുകളും ചെയ്തുവരുന്നത്. പി.ഡബ്ല്യു.ഡി. ബിൽഡിങ്സ് ഡിവിഷൻ ഏറ്റെടുത്ത പ്രവൃത്തികളുടെ അവലോകനം നടത്തുന്നതിനായി എല്ലാമാസവും അതത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായി റിവ്യൂ മീറ്റിങ് നടത്താറുണ്ട്. പ്രസ്തുത മീറ്റിങ്ങിൽ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് പരിശോധിക്കാൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. എം.ഡി.-യുടെ അംഗീകാരം ലഭിച്ചാലുടൻ പ്രവൃത്തി ഏറ്റെടുക്കാവുന്നതും നിർമ്മാണം

ആരംഭിക്കാവുന്നതാണ്. നിലവിൽ ചങ്ങനാശ്ശേരി, ചെങ്ങന്നൂർ ഡിപ്പോകളുടെ മുഴുവൻ വർക്കുകളും പി.ഡബ്ല്യു.ഡി. ബിൽഡിങ്സ് വിഭാഗത്തെ ഏൽപ്പിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ യാതൊരുവിധ സെന്റേജ് ചാർജ്ജുകളുമില്ലാതെ കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ വർക്കുകളും ചെയ്യുവരികയാണ്. പി.ഡബ്ല്യു.ഡി. ബിൽഡിങ്സ് ഡിവിഷന്റെ മേൽനോട്ടത്തിൽ വർക്കുകൾ നടക്കുമ്പോൾ അതിനൊരു അക്കൗണ്ടബിലിറ്റിയുണ്ടാകും. പലപ്പോഴും എം.എൽ.എ.-മാർ ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്ന സന്ദർഭത്തിൽ ടി ഫണ്ട് തിരിച്ചുകൊടുക്കാനോ പേമെന്റ് നടത്താനോ കഴിയാത്ത സ്ഥിതിയുണ്ടാകാറുണ്ട്. യാതൊരു കാരണവശാലും കെ.എസ്.ആർ.ടി.സി. ഇനി ഇത്തരം ഫണ്ടുകൾ സ്വീകരിക്കില്ല. കൊട്ടാരക്കരയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത മാലിന്യമുക്ത നവകേരളം പദ്ധതിയിൽ കെ.എസ്.ആർ.ടി.സി.-യും പങ്കുചേരുകയാണ്. ഒക്ടോബർ 2 മുതൽ മാർച്ച് 30 വരെ നീണ്ടുനിൽക്കുന്ന

ശുചീകരണ പ്രവർത്തനങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി മാർച്ച് 30-നുമുമ്പ് കേരളത്തിലെ എല്ലാ ഡിപ്പോകളിലും ശുചീകരണം നടത്തി അവയെ മനോഹരമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച തൊഴിലാളികളെ അഭിനന്ദിച്ച ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ തുടർഭരണ കാലഘട്ടത്തിലും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുമ്പോഴും വളരെ ആത്മാർഥമായാണ് തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നത്. തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ചെറിയ പിഴകൾക്കുപോലും capital punishment കൊടുക്കുന്ന രീതി കെ.എസ്.ആർ.ടി.സി.-യിലുണ്ട്. ഉദാഹരണമായി, ഒരു ബസ് ആക്സിഡന്റിൽപ്പെട്ടാൽ ആ വണ്ടിക്കുണ്ടാകുന്ന നഷ്ടത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഡ്രൈവറുടെമേൽ കെട്ടിവയ്ക്കുന്ന രീതിയാണ്

നിലനിൽക്കുന്നത്. സർക്കാർ ഓഫീസിലെ ഒരു ജീവനക്കാരൻ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടർ കേടായാൽ പകരം പുതിയ കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കണമെന്ന സമ്പ്രദായം ഒരിടത്തുമില്ല്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ഒരിക്കലും മനഃപൂർവമായി ആക്സിഡന്റുണ്ടാക്കാറില്ല. എന്നാൽ യാദൃശ്ചികമായി ആക്സിഡന്റുണ്ടാകുമ്പോൾ അതിന്റെ കാരണങ്ങൾ പരിശോധിക്കാതെ ഡ്രൈവർമാരുടെമേൽ അതിന്റെ ഉത്തരവാദിത്വം കെട്ടിവയ്ക്കുന്ന രീതി അവസാനിപ്പിക്കണം. ആരെങ്കിലും ചെറിയ കാര്യങ്ങൾക്ക് പരാതി നൽകിയാൽപോലും പരാതിക്കാസ്പദമായ കാര്യം ശരിയാണെന്ന മുൻവിധിയോടെ തൊഴിലാളികൾക്കെതിരെ നടപടി സ്വീകരിക്കുന്ന രീതി അവസാനിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ പൂർണ്ണമായും ശരിയല്ല. കാരണം, തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ചെറിയ പിഴവുകൾക്ക് capital punishment നൽകുന്നുവെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ മദ്യപിച്ച് വാഹനമോടിക്കാൻ പാടില്ലെന്ന

തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി breath analyzer test ഏർപ്പെടുത്തുകയും ചെയ്തു. ഈ സംവിധാനം നടപ്പിലാക്കുന്നതിനോട് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സംഘടനകൾ യാതൊരു എതിർപ്പും പ്രകടിപ്പിച്ചില്ലെന്ന് മാത്രമല്ല എല്ലാവരും അതിനോട് യോജിക്കുകയും ചെയ്തു. ഡ്രൈവർമാർ മദ്യപിച്ച് വാഹനമോടിക്കുന്നതിനോട് ട്രേഡ് യൂണിയനുകൾക്കോ നാട്ടുകാർക്കോ മാധ്യമങ്ങൾക്കോ യോജിപ്പുണ്ടായിരുന്നില്ല. കെ.എസ്.ആർ.ടി.സി., സ്വിഫ്റ്റ് ബസ് ഡ്രൈവർമാർ മദ്യപിച്ച് വാഹനമോടിച്ചതിന്റെ ഫലമായി കേരളത്തിൽ ആഴ്ചയിൽ 9, 8, 7 എന്ന ക്രമത്തിലായിരുന്ന ശരാശരി മരണം സംഭവിച്ചിരുന്നത്. എന്നാൽ breath analyzer test നിലവിൽ വന്നതോടുകൂടി മരണ നിരക്ക് 2, 1, 3, 0 എന്ന നിലയിലേയ്ക്ക് താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം ആഴ്ചയിൽ 48-50 ആയിരുന്നത് ഇപ്പോൾ 24-28 എന്നതിലേയ്ക്ക് മാറിയിട്ടുണ്ട്. Breath analyzer test ഏർപ്പെടുത്തിയതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.-യിൽ പ്രകടമായ വ്യത്യാസം കണ്ടുതുടങ്ങിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഡ്രൈവർമാർക്കെതിരെ കടുത്ത നടപടികളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ആക്സിഡന്റുണ്ടാകുമ്പോൾ അതിന്റെ നഷ്ടോത്തരവാദിത്വം അതത് ഡ്രൈവർമാർക്കുതന്നെ നൽകിയില്ലെങ്കിൽ അവർക്ക് ഉത്തരവാദിത്വമുണ്ടാകില്ല. ശ്രീ. പി. ബാലചന്ദ്രൻ സൂചിപ്പിച്ച തൃശ്ശൂരിലെ ശക്തൻ തമ്പുരാൻ പ്രതിമ ഒരു കാരണവുമില്ലാതെയാണ് ബസ്സിടിച്ച് തകർന്നത്. അത് തൃശ്ശൂരിലെ ജനങ്ങളുടെ വികാരമായതിനാൽ അതേ വികാരമുൾക്കൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ ആയതിനുള്ള നഷ്ടപരിഹാരം കെ.എസ്.ആർ.ടി.സി. നൽകാമെന്ന് അവരെ അറിയിച്ചിരുന്നു. അതേത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വിഹിതമായ പത്ത് ലക്ഷം രൂപയും ബഹുമാനപ്പെട്ട അംഗത്തിന്റെ എം.എൽ.എ. ഫണ്ടിൽനിന്നുള്ള പത്ത് ലക്ഷം രൂപയും ചേർത്ത് 20 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തിയാണ് നടന്നുവരുന്നത്. പ്രതിമയുടെ പീഠത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി. കൊടുക്കാനുള്ള 10 ലക്ഷം

രൂപയിൽ 8 ലക്ഷം രൂപയും ശിൽപ്പിക്ക് കൈമാറിക്കഴിഞ്ഞു. നിർമ്മാണ പ്രവൃത്തി ഏകദേശം പൂർത്തിയായിവരികയാണ്. ഏതാണ്ട് ഒന്നര മാസത്തിനുള്ളിൽ പ്രതിമ അവിടെത്തന്നെ പുനഃസ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. യാതൊരു കാരണവുമില്ലാതെ ബസ് ഡ്രൈവർ ആ പ്രതിമ ഇടിച്ചുതകർത്തതിന് 20 ലക്ഷം രൂപയാണ് ചെലവായത്. റോഡരികിൽ സ്ഥാപിച്ചിരുന്ന പ്രതിമയല്ലേ, ആ പ്രതിമ ബസ്സിനുമുന്നിൽ വട്ടം ചാടിയതൊന്നുമല്ലല്ലോ? അങ്ങൊരു യൂണിയൻ നേതാവല്ലേ; ഒന്ന് ആലോചിച്ചുനോക്കൂ. ഈ പ്രതിമയിൽ വാഹനം കൊണ്ടിടിച്ച ഡ്രൈവറിൽനിന്നും പിഴ ഈടാക്കരുതെന്ന് അങ്ങ് പറഞ്ഞാൽ കേൾക്കുന്നവർ എന്തുവിചാരിക്കും? പിഴ ചുമത്താതിരിക്കാൻ പറ്റില്ല. ഡ്രൈവർമാർ അശ്രദ്ധമായി വാഹനമോടിക്കുമ്പോഴാണ് അപകടങ്ങളുണ്ടാകുന്നത്. കഴിഞ്ഞദിവസം ഒരു ബസ് തോട്ടിലേയ്ക്ക് മറിഞ്ഞ സംഭവമുണ്ടായി. അത് ഡ്രൈവറുടെ തെറ്റല്ല. അപകടമുണ്ടാകാതിരിക്കാൻ ഡ്രൈവർ ശ്രമിച്ചതാണ്. ഒരു മോട്ടോർ സൈക്കിൾ യാത്രികനെ രക്ഷിക്കുന്നതിന്റെ ഭാഗമായി ബസ് വെട്ടിയൊടിച്ചപ്പോൾ വണ്ടി തെന്നി

തോട്ടിലേയ്ക്ക് മറിയുകയായിരുന്നു. അത് കുറ്റകൃത്യമല്ല. പക്ഷേ, നേരത്തെ സൂചിപ്പിച്ചതുപോലുള്ള സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. ചടയമംഗലത്തുവച്ച് സ്കൂട്ടറിൽപ്പോയ ഒരാൺകുട്ടിയുടെയും പെൺകുട്ടിയുടെയും ശരീരത്തിൽക്കൂടി ബസ് കയറിയിറങ്ങി. ആ സംഭവത്തിന് ഉത്തരവാദിയായ ഡ്രൈവറെ അന്നുതന്നെ പിരിച്ചുവിട്ടുവെന്ന കാര്യം മറക്കരുത്. ഒരു ആക്സിഡന്റുണ്ടായാൽ ഡ്രൈവർക്കും കണ്ടക്ടർക്കും തുല്യ ഉത്തരവാദിത്വമുണ്ട്. ബസിൽ കയറുന്ന യാത്രക്കാരോട് മാന്യമായി പെരുമാറുകയെന്നതും അവരെക്കൊണ്ട് നിർബന്ധമായി ടിക്കറ്റെടുപ്പിക്കുകയെന്നതും കണ്ടക്ടറുടെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ഭാഗത്തുനിന്നുണ്ടാകുന്ന കുറ്റകൃത്യങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ടുപോകാൻ കഴിയില്ല.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പ്രാദേശികമായ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പുതിയ ബസ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-യെ സമീപിക്കുമ്പോൾ പലപ്പോഴും സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. പുതിയ ബസ്സുകൾ

വാങ്ങാൻ എം.എൽ.എ. ഫണ്ടുപയോഗിക്കുന്നതിന് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പുതിയ ബസ്സുകൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പ് തയ്യാറായാൽ വളരെ നല്ലതാണ്. പ്രധാനമന്ത്രി ഗ്രാം സഡക് യോജന (PMGSY)യുടെ ഭാഗമായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഗുണമേന്മയുള്ള ധാരാളം റോഡുകൾ നിർമ്മിക്കുകയുണ്ടായി. ഈ റോഡുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിച്ചാൽ വളരെ ലാഭകരമായിരിക്കും. അതുകൊണ്ട് മികച്ച രീതിയിൽ സർവീസ് നടത്തണമെങ്കിൽ ചെറിയ വാഹനങ്ങൾ അത്യാവശ്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ വകയിരുത്തിയ തുക അനുവദിക്കുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമാകും. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഇതിനായി ചെലവഴിക്കാൻ ധനകാര്യ വകുപ്പ് അനുവദിക്കുകയാണെങ്കിൽ അത് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡ് കാലത്ത് ഗ്രാമീണ മേഖലയിലെ നിരവധി കെ.എസ്.ആർ.ടി.സി. സർവീസുകൾ നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ കോവിഡ് കഴിഞ്ഞതിനുശേഷം ടി സർവീസുകൾ പുനരാരംഭിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽനിന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്ന സർവീസ് പാവപ്പെട്ട ജനങ്ങളുടെ ഏറ്റവും വലിയ ആശ്രയമായിരുന്നു. അത്തരം സർവീസുകൾ ലാഭകരമാണോയെന്ന് പരിശോധിച്ച് ആയത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തീർച്ചയായും അക്കാര്യം പരിശോധിക്കുന്നതാണ്. കോവിഡ് കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ധാരാളം സർവീസുകൾ നിർത്തലാക്കേണ്ടിവന്നുവെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. കോവിഡ് മഹാമാരിക്കുമുമ്പ് സർവീസ് നടത്തിയിരുന്ന ലാഭകരമായിരുന്ന സർവീസുകളെ സംബന്ധിച്ച് പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. ലാഭകരമായ

സർവീസുകളുണ്ടെങ്കിൽ തീർച്ചയായും അവ പുനരാരംഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുകളുടെ കുറവില്ല, ഡ്രൈവർമാരുടെ കുറവുണ്ടെന്നത് യാഥാർഥ്യമാണ്. ഏകദേശം അറുന്നൂറോളം ബസ്സുകൾ എപ്പോൾ വേണമെങ്കിലും സർവീസ് നടത്താൻ കഴിയുന്ന രീതിയിൽ മെയിന്റനൻസ് നടത്തിക്കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ഓഫ് റോഡ് നിരക്ക് 1300-ൽ നിന്ന് 500 ആയി കുറയ്ക്കുമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഉറപ്പ് നൽകിയിരുന്നതാണ്. അന്ന് ഞാൻ പറഞ്ഞതുകേട്ട് ചിലരെല്ലാം ഊറിച്ചിരിക്കുകയുണ്ടായി. എന്നാൽ ഇന്നത് യാഥാർഥ്യമായി. അതായത്, ആക്സിഡന്റിൽപ്പെട്ടും സർവീസ് നടത്താൻ കഴിയാതെയും റിപ്പെയറിങ്ങിനായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ കിടന്നിരുന്ന വാഹനങ്ങളുടെ എണ്ണം 1300-ൽനിന്ന് 500-ൽ താഴെയാക്കാൻ സാധിച്ചിട്ടുണ്ട്. ശരാശരി എണ്ണം 456-457 ആണ്. അത്രത്തോളം നേട്ടം കൈവരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് വാഹനങ്ങൾക്ക് ക്ഷാമമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം തീർച്ചയായും പരിശോധിച്ച് പരിഹരിക്കുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വെള്ളരിക്കുണ്ട് താലൂക്കിലെ വാടക കെട്ടിടത്തിലാണ് ജോയിന്റ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി ഈ അവസ്ഥ തുടരുകയാണ്. മിനി സിവിൽ സ്റ്റേഷനിൽ ജോയിന്റ് ആർ.ടി. ഓഫീസിന് ആവശ്യമായത്രയും സ്ഥലം അനുവദിക്കുകയും അക്കാര്യം അധികൃതരെ അറിയിക്കുകയും ചെയ്തതാണ്. വലിയ തുക വാടക നൽകി സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ചോദ്യമാണെങ്കിലും ഞാൻ മറുപടി പറയാം. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം എനിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുകയുണ്ടായി. പാലാ ഉൾപ്പെടെ മൂന്ന് സ്ഥലങ്ങളിൽ സ്വകാര്യ കെട്ടിടങ്ങളിലാണ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നത്. സിവിൽ സ്റ്റേഷനുകളിൽ ടി ഓഫീസുകൾ പ്രവർത്തിക്കാനാവശ്യമായ സ്ഥലം ലഭ്യമാണ്. ആർ.ടി. ഓഫീസുകളുടെ

പ്രവർത്തനം സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയാൽ വാടകയിനത്തിലുള്ള സർക്കാരിന്റെ ബാധ്യത കുറയും. അടുത്ത പ്ലാൻ ഫണ്ട് റിലീസ് ചെയ്താലുടൻ ടി ആർ.ടി. ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യം അടിയന്തരമായി ചെയ്യുമെന്ന് അറിയിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, കോവിഡാനന്തരം പിറവം നിയോജകമണ്ഡലത്തിലെ പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽനിന്നുള്ള അനവധി ദീർഘദൂര സർവീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. അവയിൽ പല റൂട്ടുകളും വളരെ ലാഭകരമായിരുന്നു. ലാഭകരമായ ഇത്തരം റൂട്ടുകൾ നിർത്തലാക്കിയത് പരിശോധിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ ബഹുമാനപ്പെട്ട മന്ത്രിക്കും മുൻ ഗതാഗത വകുപ്പുമന്ത്രിക്കും നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ലാഭകരമായ ഇത്തരം സർവീസുകൾ നിർത്തലാക്കിയതിലൂടെ സ്വാഭാവികമായും ഡിപ്പോകൾ നഷ്ടത്തിലേയ്ക്ക് പോവുകയാണ്. ഈ സാഹചര്യത്തിൽ പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽനിന്നുള്ള ദീർഘദൂര സർവീസുകൾ പുനരാരംഭിക്കാനും പുതിയ

റൂട്ടുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ? രാത്രികാലങ്ങളിൽ ലിമിറ്റഡ് സ്റ്റോപ്പ് (LS2) അടക്കമുള്ള ദീർഘദൂര സർവീസുകൾ എം.സി. റോഡിനോട് ചേർന്നുള്ള കുത്താട്ടുകുളം ഡിപ്പോയിൽ കയറാതെ പോകുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിന്റെ ഫലമായി ഡിപ്പോയിൽ ബസ് കാത്തുനിൽക്കുന്ന നിരവധി യാത്രക്കാർക്ക് ബസ് കിട്ടാതെ വരികയും കുത്താട്ടുകുളത്ത് ഇറങ്ങേണ്ട ദീർഘദൂര യാത്രികരെ മറ്റെവിടെയെങ്കിലും ഇറക്കിവിടുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളും കുത്താട്ടുകുളം ഡിപ്പോയിൽ കയറി പോകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കോവിഡിനുമുമ്പ് നിലനിന്നിരുന്ന ബസ് സർവീസുകൾ നിർത്തലാക്കിയത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കോവിഡിനുമുമ്പ് ലാഭകരമായ സർവീസ് നടത്തിയിരുന്ന ബസ് റൂട്ടുകളെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ രണ്ടുദിവസം മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നത് നന്നായിരിക്കും. കാരണം, നിലവിൽ ഹെഡ് ഓഫീസിൽനിന്നല്ല വാഹനങ്ങൾ അനുവദിക്കുന്നത്. ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കി ഡിപ്പോയിൽനിന്ന് ഷെഡ്യൂൾ അനുവദിക്കുന്നമുറയ്ക്ക് ആയതിന് അഞ്ച് ദിവസത്തിനുള്ളിൽ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിൽ അംഗീകാരം നൽകുമ്പോഴാണ് പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നിലയിലെത്തുന്നത്. ഗ്രൗണ്ട് റിയാലിറ്റി സംബന്ധിച്ച് ഹെഡ് ഓഫീസിലെ ഉദ്യോഗസ്ഥന് അറിയണമെന്നില്ല. എന്നാൽ ഡിപ്പോയിലെ ഉദ്യോഗസ്ഥർക്ക് അക്കാര്യം നന്നായി അറിയാൻ സാധിക്കും. അതുകൊണ്ട് കോവിഡിനുമുമ്പ് ലാഭകരമായിരുന്ന സർവീസുകളെ സംബന്ധിച്ച് പരിശോധിച്ച് അവ പുനരാരംഭിക്കുന്നതാണ്. രാത്രികാലങ്ങളിൽ ദീർഘദൂര ബസുകൾ ക്ഷത്താട്ടുകുളം ഡിപ്പോയിൽ കയറുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അക്കാര്യത്തിൽ യാത്രക്കാരുടെ ഭാഗത്തുനിന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഒരു ബസും ട്രെയിനും ഒരേസമയം തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടാൽ മൂന്ന്

മണിക്കൂർകൊണ്ട് ടെയിൻ കോട്ടയത്തെത്തുമ്പോൾ എല്ലാ ഡിപ്പോകളിലും കയറിയിറങ്ങി ഏകദേശം ആറര മണിക്കൂർ സമയമെടുത്താണ് ബസ് കോട്ടയത്ത് എത്തുന്നത്. ഈ സാഹചര്യത്തിൽ യാത്രക്കാർ കെ.എസ്.ആർ.ടി.സി.-യെ ആണോ ടെയിനിനെയാണോ ആശ്രയിക്കുകയെന്ന് ആലോചിക്കണം. അത്തരത്തിലുള്ള മത്സരം നിലനിൽക്കുന്നതിനാൽ ഒന്നിടവിട്ടുള്ള ഡിപ്പോകളിൽ മാത്രമെ ഇപ്പോൾ ബസ്സുകൾ കയറുന്നുള്ളൂ. രാത്രികാലങ്ങളിൽ ദീർഘദൂര ബസ്സുകൾ കൂത്താട്ടുകുളം ഡിപ്പോയിൽ കയറുന്നില്ലെന്ന കാര്യം തീർച്ചയായും പരിശോധിക്കാം. പ്രധാന റോഡിൽനിന്ന് 200 മീറ്റർ ഉള്ളിലാണ് പ്രസ്തുത ഡിപ്പോ സ്ഥിതി ചെയ്യുന്നത്. ഇത്തരം ഡിപ്പോകളിൽ ബസ്സുകൾ കയറിയിറങ്ങുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയാണെന്ന് മാത്രമല്ല, ഇതിലൂടെ ഡീസലും സമയവും നഷ്ടമാവുകയും ഡ്രൈവർമാർക്ക് സ്ട്രെയിനുണ്ടാവുകയും ചെയ്യുന്നു. ബസ്സിൽ യാത്രക്കാർ നിറഞ്ഞാൽ ദീർഘദൂര സർവീസുകൾ കഴിയുന്നതും അധിക സ്ഥലങ്ങളിൽ നിർത്താതെ പോകാനാണ് ശ്രമിക്കുന്നത്. ഇതല്ലാതെ വേറെ മാർഗ്ഗമില്ല. സൂപ്പർ ഫാസ്റ്റ് ബസ്സുകൾ എല്ലാ ഡിപ്പോകളിലും

കയറില്ലെന്ന തീരുമാനമുണ്ടായപ്പോൾ അത്തരം ബസ്സുകളിലെ യാത്രക്കാരുടെ എണ്ണവും കളക്ഷനും വർധിച്ചു. ഒരു ബസ് ഒരു ഡിപ്പോയിൽ കയറുകയാണെങ്കിൽ അതിന് തൊട്ടുപുറകിൽ വരുന്ന ബസ് അവിടെ കയറില്ല. അത്തരത്തിൽ ഒന്നിടവിട്ടുള്ള ഡിപ്പോകളിൽ കയറാനാണ് തീരുമാനിച്ചിരിക്കുന്നത്. കൊട്ടാരക്കര, ചെങ്ങന്നൂർ പോലുള്ള പ്രധാന ഡിപ്പോകളിൽ ബസ്സുകൾക്ക് കയറാതിരിക്കാൻ കഴിയില്ല. ഇത്തരം ഡിപ്പോകളൊഴികെ ബാക്കിയുള്ള ഡിപ്പോകളിൽ ഇത്തരം സംവിധാനവുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ജൈവകർഷകരെ സഹായിക്കാൻ പദ്ധതി

2(*122) ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉല്പാദനച്ചെലവ് വർധിക്കുകയും ഉല്പാദനക്ഷമത കുറയുകയും ചെയ്യുന്നതിനാൽ കർഷകർ ഈ കൃഷിരീതിയിൽനിന്നും പിന്മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) ഉണ്ട്. നിലവിൽ ജൈവകൃഷി നടത്തുന്ന കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇല്ല.

(സി) ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. ലോകം മുന്നോട്ടുവയ്ക്കുന്ന ചാംക്രമിക കൃഷിരീതി ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധമുള്ളതാണ്. സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്ന ഉദ്ദേശ്യത്തോടെ കേരളത്തിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. ഇതിനായി

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ജൈവ കാർഷിക മിഷൻ രൂപീകൃതമായിട്ടുണ്ട്. സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചിരിക്കുന്ന ഈ മിഷനിലൂടെ കേരളം ഘട്ടംഘട്ടമായി സാധ്യമായ പ്രദേശങ്ങളിലെല്ലാം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് നിലവിൽ പദ്ധതി ഘടകങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

ജൈവകൃഷിയിൽ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി കൃഷിയിടത്തിൽത്തന്നെയുള്ള ജൈവവസ്തുക്കളെ വളമാക്കി മാറ്റുക, കർഷകർ അംഗങ്ങളായ കർഷക സംഘങ്ങൾ മുഖേന ഉൽപാദനോപാധികൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുകയും സംഭരിക്കുകയും ചെയ്യുക, കാര്യക്ഷമമായ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷിച്ചെലവ് കുറയ്ക്കുക, ഹൈദരാബാദ് ആസ്ഥാനമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR), കേരള കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ള സൂക്ഷ്മ ജീവാണു വളങ്ങളുടെ ബയോ ക്യാപ്സ്യൂളുകളും മറ്റ് ഉൽപാദനോപാധികളും ഉപയോഗപ്പെടുത്തി

ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേർപ്പെടുക തുടങ്ങിയവയിലൂടെ ജൈവകൃഷി ആദായകരമാക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജൈവ സർട്ടിഫിക്കേഷനിലൂടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി KERALAGRO-Organic, KERALAGRO-Green എന്നീ ബ്രാൻഡുകളിലേയ്ക്ക് ജൈവ കർഷകരുടെ ഉൽപന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിലൂടെ ഉൽപന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. KABCO മുഖാന്തരം ജൈവ ഉൽപന്നങ്ങൾ എക്സ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ജൈവകൃഷി ആദായകരമാക്കി മാറ്റുവാൻ സാധ്യമാകുമെന്നതിനാൽ കർഷകർ ജൈവകൃഷിയിൽനിന്ന് പിന്മാറുന്ന സാഹചര്യം നിലവിലില്ല.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ജൈവ കാർഷിക മിഷൻ മുന്നോട്ടുവച്ചിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യക്തമായ നിർവഹണ മോണിറ്ററിങ് സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ

വകുപ്പുകൾക്ക് പ്രാതിനിധ്യമുള്ള ഗവേണിങ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്കുപുറമെ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ ജൈവകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന രൂപരേഖ ചർച്ചചെയ്ത് തീരുമാനിക്കുന്നു. വിവിധതലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധനവ്, ജൈവ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കർഷകർ, കൃഷിക്കൂട്ടങ്ങൾ/ജൈവകർഷക സ്വയംസഹായ സംഘങ്ങൾ/കർഷക ഉൽപാദന സംഘടനകൾ എന്നിവരിലൂടെ മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, കർഷകർക്ക് ജൈവ കാർഷികമുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ

കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, ഓരോ കാർഷിക പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷികമുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള സഹായം ചെയ്യുക, സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി തൃശ്ശൂർ, സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ്, പട്ടാമ്പി, കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്. ജൈവ ഉൽപന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിൽ പ്രത്യേക പരിഗണന നൽകി 'കേരളഗ്രോ ഓർഗാനിക് ' എന്ന പേരിൽ വിപണി പിന്തുണ നൽകുന്നുണ്ട്. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിലും മില്ലറ്റ് കഫേകളിലും ജൈവ ഉൽപന്നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി വിപണനസംവിധാനം ഒരുക്കിവരുന്നു.

ജൈവ ഉൽപന്നങ്ങൾക്ക് അനുയോജ്യമായ സർട്ടിഫിക്കേഷൻ സംവിധാനം നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുക, ജൈവ ഉൽപന്നങ്ങൾ വിദേശവിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലും സർക്കാർ ഏർപ്പെട്ടിട്ടുണ്ട്.

വിവിധതലത്തിലുള്ള സംഘടനാ സംവിധാനം ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുകയും ചെയ്യുന്നു. ഓരോവർഷവും നടത്തേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക പ്രോട്ടോക്കോൾപ്രകാരം മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജൈവ കാർഷിക മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ജൈവ ഉൽപന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം

സൃഷ്ടിക്കുന്നതിനുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പോഷക സമൃദ്ധി മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുക, മൂല്യവർധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ് കമ്പനിയുമായും ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. കേന്ദ്ര സർക്കാർ റീജിയണൽ കൗൺസിലായി അംഗീകരിച്ചിട്ടുള്ള സമിതി മുഖേന പി.ജി.എസ്. സർട്ടിഫിക്കേഷനും മറ്റ് ഏജൻസികൾ മുഖാന്തരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) സർട്ടിഫിക്കേഷനും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

ജൈവ ഉൽപാദനോപാധികളുടെ ലഭ്യത വർധിപ്പിക്കുന്നതിനുവേണ്ടി ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ആവശ്യമായ ജീവാണു വളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ ജൈവ

ഉൽപാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, 9 പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി പട്ടാമ്പിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് ഓർഗാനിക് മാനുവർ & ബയോഫെർട്ടിലൈസർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജൈവവള ഗുണമേന്മ ഉറപ്പാക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പുതുതായി ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ജൈവ ഉൽപാദനോപാധികൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന യൂണിറ്റുകൾക്കുള്ള പരിശീലനവും (ജൈവകൃഷി ക്ലബ്ബുകൾ/കർമ്മസേനകൾ/അഗ്രോ സർവീസ് സെന്റർ/ കൃഷിശ്രീ സെന്റർ/എഫ്.പി.ഒ./എഫ്.പി.സി./എഫ്.ഐ.ജി.) നടന്നുവരുന്നു. കാർഷിക പ്രവർത്തനങ്ങളും ഉൽപാദനോപാധികൾ കൃഷിയിടങ്ങളിൽ കർഷക കൂട്ടായ്മയിലൂടെ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതി

ഘടകങ്ങളിലുൾപ്പെടുത്തി ചെയ്തുവരുന്നു. ജൈവകൃഷിയുമായി ബന്ധപ്പെട്ട നിലമൊരുക്കൽ, ജലസേചന സൗകര്യമൊരുക്കൽ, വളം നിർമ്മാണത്തിനുള്ള അടിസ്ഥാനസൗകര്യം തയ്യാറാക്കൽ എന്നിവയ്ക്ക് MGNREGS-ന്റെ പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കർഷകർ ജൈവകൃഷിയിലേയ്ക്ക് മാറുമ്പോൾ ഉൽപാദനം കുറയുമെന്നും ഉൽപാദനച്ചെലവ് കൂടുമെന്നും എല്ലാവർക്കും അറിയാവുന്നതാണ്. ഉൽപാദനച്ചെലവ് വർധിക്കുന്നതിന് അനുസൃതമായി ഇത്തരം ഉൽപന്നങ്ങൾക്ക് മാർക്കറ്റിൽ കൂടുതൽ വില ലഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് ജൈവ ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകി അവ വിപണനം ചെയ്യുന്നതിന് പ്രത്യേക മാർക്കറ്റുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; കാസർഗോഡ് ജില്ലയെ ജൈവ ജില്ലയാക്കുമെന്ന പ്രഖ്യാപനം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അതിന് ഉപോൽബലകമായ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്ന് കാര്യങ്ങളാണ് ചോദിച്ചിരിക്കുന്നത്. കർഷകർ ജൈവകൃഷിയിലേയ്ക്ക് മാറുമ്പോൾ ഉൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുവെന്നതാണ് അദ്ദേഹം സൂചിപ്പിച്ച ആദ്യത്തെ കാര്യം. ഓർഗാനിക് കൃഷി രീതിയിലേയ്ക്ക് മാറിയാൽ ഉൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നുവെന്ന് പൊതുവെ എല്ലാവരും പറയുന്ന കാര്യമാണെങ്കിലും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഉൽപാദനച്ചെലവിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ജൈവ ഉൽപന്നങ്ങൾക്ക് പ്രത്യേക വിപണി കണ്ടെത്തുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനായി സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കേരളത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ജൈവ കാർഷിക മിഷൻ നടപ്പിലാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ അനിവാര്യമായതിനാൽ അതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ സർക്കാർ

തീരുമാനിക്കുകയും ആയത് നൽകിത്തുടങ്ങിയിട്ടുമുണ്ട്. മുൻകാലങ്ങളിൽ ചില ഏജൻസികളാണ് കർഷകർക്ക് ഇത്തരം സർട്ടിഫിക്കേഷൻ നൽകിയിരുന്നതെങ്കിൽ ഇപ്പോൾ ഗവൺമെന്റ് അതിനായി മുൻകൈയെടുക്കുന്നുണ്ട്. ഇതിനായി 25,000 മുതൽ 40,000 രൂപവരെ ആവശ്യമായി വരുന്നു. ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 50,000 രൂപവരെയുള്ള തുക സർക്കാർ നൽകുന്ന നിലയിലേയ്ക്കെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ജൈവ സർട്ടിഫിക്കേഷന്റെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ ജൈവ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുള്ള പ്രത്യേക ഇടപെടലും നടത്തിയിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ 'കേരളഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ വിപണിയിലെത്തിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഇങ്ങനെയൊരു സംവിധാനത്തിലേയ്ക്ക് നീങ്ങിയത്. നിലവിൽ ജൈവ കർഷകർ ഉൽപാദിപ്പിക്കുന്ന ഏകദേശം എണ്ണൂറിലധികം ഉൽപന്നങ്ങൾ 'കേരളഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ വിപണിയിൽ ലഭ്യമാണ്.

ആമസോൺ, ഫ്ലിപ്കാർട്ട് ഉൾപ്പെടെയുള്ള ഓൺലൈൻ സംവിധാനങ്ങളിലൂടെയും ഈ ഉൽപന്നങ്ങൾ ലഭ്യമാണ്. അതോടൊപ്പംതന്നെ, ഗുണമേന്മ ഉറപ്പുവരുത്തിയ 'കേരളഗ്രോ' ബ്രാൻഡഡ് ഉൽപന്നങ്ങൾ മാത്രം വിപണനം നടത്തുന്നതിനായി കേരളഗ്രോ ബ്രാൻഡഡ് ഷോറൂമുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും കേരളത്തിൽ ആദ്യത്തെ ഷോറൂം തിരുവനന്തപുരത്ത് ഒക്ടോബർ ഒന്നാം തീയതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 'കേരളഗ്രോ ഗ്രീൻ', 'കേരളഗ്രോ ഓർഗാനിക് ' എന്നിവയ്ക്കാണ് പ്രത്യേക പരിഗണന നൽകുന്നത്. കർഷകരുടെ ഉൽപന്നങ്ങൾക്ക് ഓർഗാനിക് എന്ന സർട്ടിഫിക്കേഷൻ പ്രത്യേകമായി നൽകുന്നതോടൊപ്പം അവർ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾക്ക് കേരളഗ്രോ ഗ്രീൻ, കേരളഗ്രോ ഓർഗാനിക് എന്നീ സർട്ടിഫിക്കേഷനുകൾ നൽകി വിപണനത്തിനുള്ള പ്രത്യേക സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. ജൈവകൃഷിയിലേയ്ക്കെത്തുന്ന കർഷകരെ സഹായിക്കുന്നതിനായി സാധ്യമാകുന്ന എല്ലാ സഹായങ്ങളും സർക്കാർ

ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയെക്കുറിച്ച് അങ്ങ് പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജൈവ കാർഷിക നയം പ്രഖ്യാപിച്ചപ്പോൾ ജൈവകൃഷി നടപ്പാക്കുന്നതിലൂടെ കാർഷിക മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ കർഷക പ്രതിനിധികൾ ഉൾപ്പെടെയുള്ള ഒരു സമിതി വിലയിരുത്തുമെന്നാണ് സൂചിപ്പിച്ചിരുന്നത്. അങ്ങനെയുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; സംസ്ഥാനമൊട്ടാകെ ജൈവകൃഷി വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിൽ സർക്കാർ ഇപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, 2010-ൽ ജൈവ കാർഷിക നയം പ്രഖ്യാപിച്ചെങ്കിലും ഒരു മിഷൻ രൂപത്തിൽ പ്രസ്തുത നയം നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളിലേർപ്പെട്ടത് ഈ ഗവൺമെന്റിന്റെ കാലത്താണ്. 26-10-2023-ൽ ജൈവ കാർഷിക മിഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. സമയാസമയങ്ങളിൽ ഈ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുള്ള

ഏർപ്പാടുകൾ ചെയ്യുന്നതാണ്. കർഷകരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഘട്ടംഘട്ടമായി സാധ്യമായ പ്രദേശങ്ങളിലെല്ലാം ജൈവകൃഷി ചെയ്യുന്നതിനുള്ള സഹായം നൽകണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ അതിന്റെ അവലോകനവും നടത്താവുന്നതാണ്. രണ്ടാമതായി, കേരളം മുഴുവൻ ഒറ്റയടിക്ക് ജൈവകൃഷി വ്യാപിപ്പിക്കുകയെന്ന രീതിയല്ല സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മറിച്ച്, കർഷകരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടും പൊതുസമൂഹത്തിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ടും ജൈവകൃഷി വ്യാപിപ്പിക്കാനുള്ള ശ്രമമാണ് നടത്തിവരുന്നത്. പൊതുസമൂഹംകൂടി ഇക്കാര്യത്തിൽ ബോധവാന്മാരാകേണ്ടത് അനിവാര്യമാണ്. ജൈവ ഉൽപന്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന നിലയിലേയ്ക്ക് ഇപ്പോൾ ജനങ്ങൾ എത്തിയിട്ടുണ്ട്. രാസകീടനാശിനികളുടെയും മറ്റും അമിത ഉപയോഗത്തിന്റെ ഫലമായി മണ്ണ് വളരെ മോശാവസ്ഥയിലെത്തുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും. കൃഷി ഭൂമി വിഷഭൂമിയായി

മാറുമ്പോൾ അത് നമ്മുടെ ആരോഗ്യത്തെയാണ് ദോഷകരമായി ബാധിക്കുന്നത്. അതായത്, അവിടെ വിളയുന്ന ഉൽപന്നങ്ങൾ കഴിക്കേണ്ട അവസ്ഥയിലെത്തുന്ന മനുഷ്യരുടെ ആരോഗ്യത്തെ അത് അങ്ങേയറ്റം അപകടകരമായ സ്ഥിതിയിലെത്തിക്കുകയാണ്. ഇന്ത്യയിൽ ഏകദേശം 56.4 ശതമാനത്തോളം രോഗങ്ങളും Unhealthy diets മൂലമാണ് ഉണ്ടാകുന്നതെന്നാണ് ICMR - National Institute of Nutrition-ന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. അതിൽത്തന്നെ ഭക്ഷണക്രമവും ഭക്ഷണവും ഉൾപ്പെടുന്നുണ്ട്. രാജ്യത്ത് നിലനിൽക്കുന്ന രോഗങ്ങളിൽ പകുതിയിൽക്കൂടുതലും ഉണ്ടാകുന്നതിന്റെ പ്രധാന കാരണം അനാരോഗ്യകരമായ ഭക്ഷണമാണ്. അതുകൊണ്ട് ഭക്ഷണത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കേണ്ടതുണ്ടെന്ന വസ്തുത കണക്കിലെടുത്താണ് സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. അതിനാൽ സാധ്യമായ ഇടങ്ങളിലെല്ലാം ജൈവകൃഷി വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ പതിനാറ് ഇനം പച്ചക്കറികൾ സംഭരിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി പച്ചക്കറികളൊന്നും സംഭരിച്ചിട്ടില്ല. ഒരു വർഷത്തോളമായി കേരളത്തിൽ നാളികേര സംഭരണം നടക്കുന്നില്ലെന്ന് മാത്രമല്ല കർഷകരിൽനിന്ന് സംഭരിച്ച നാളികേരത്തിന് നൽകേണ്ട സംസ്ഥാന വിഹിതം ഒരു വർഷത്തിലേറെയായി നൽകിയിട്ടുമില്ല. ആയത് അടിയന്തരമായി ലഭ്യമാക്കാനും നാളികേരത്തിന്റെയും പച്ചക്കറിയുടെയും സംഭരണം പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇന്നത്തെ ചോദ്യം ജൈവകൃഷിയുമായി ബന്ധപ്പെട്ടതായിരുന്നു. സഭയിലെ ഭൂരിപക്ഷം സാമാജികരും ജൈവകൃഷിയുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഉന്നയിച്ചതെന്നത് സന്തോഷകരമാണ്. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുൾപ്പെടെ ഏകദേശം അൻപതോളം പേരെങ്കിലും അത്തരത്തിലുള്ള ചോദ്യങ്ങളാണ് ഉന്നയിച്ചതെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീന്റെ ഭാഗത്തുനിന്നും അത്തരത്തിലൊരു

ചോദ്യമുണ്ടാകുമെന്ന് പ്രതീക്ഷിച്ചതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്. നാളികേരം, പച്ചക്കറി എന്നിവയുടെ സംഭരണത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. സംസ്ഥാനം നിശ്ചയിച്ചിരിക്കുന്ന താങ്ങുവിലയെക്കാൾ പച്ചക്കറിവില താഴ്ന്നപോയിട്ടുള്ള സ്ഥലങ്ങളിൽനിന്നെല്ലാം പച്ചക്കറി സംഭരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് വഴി കർഷകരിൽനിന്നും സംഭരിച്ച ഉൽപന്നങ്ങളുടെ വില യഥാസമയം നൽകുന്നില്ലെന്നാണ് ആദരണീയനായ പ്രതിപക്ഷനേതാവ് അടക്കമുള്ളവർ പറഞ്ഞുകൊണ്ടിരുന്നത്. ജൂലൈ മാസംവരെ സംഭരിച്ച ഉൽപന്നങ്ങളുടെ വില കൊടുത്തുതീർത്തിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചക്കറികളുടെ വില കാലതാമസമില്ലാതെ കൊടുത്തുതീർക്കാൻ സാധിക്കുന്നുണ്ട്. ഓണക്കാലത്ത് സംഭരിച്ചവയുടെ വില ഈ മാസത്തോടെ കൊടുത്തുതീർക്കാൻ സാധിക്കും. അതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായി കൊടുത്തുതീർത്തിട്ടില്ലാത്തതുകൊണ്ടാണ് ജൂലൈ മാസംവരെയുള്ളത് കൊടുത്തുവെന്ന് പറഞ്ഞത്. നാളികേരത്തിന് നിലവിൽ വില വർധിച്ചിട്ടുണ്ട്. എവിടെനിന്നെല്ലാം നാളികേരം സംഭരിക്കണമോ അവിടെനിന്നെല്ലാം

സംഭരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. സംഭരിച്ചവയ്ക്ക് നൽകാനുള്ള തുക അടിയന്തരമായി കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്തെ ആദിവാസി സമൂഹത്തിനിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 2017-ൽ ആരംഭിച്ച മില്ലറ്റ് വില്ലേജ് പദ്ധതിയുടെ ഭാഗമായി 91 ഹാംലെറ്റുകളിലായി 3121 കർഷകർ കൃഷി ചെയ്ത 'മില്ലറ്റുകൾ' എന്നറിയപ്പെടുന്ന ചെറുധാന്യങ്ങൾക്ക് നല്ല ഡിമാൻഡുണ്ടായിരുന്നു. പോഷകസമൃദ്ധമായ ധാന്യങ്ങളായതിനാൽ ആദിവാസി സമൂഹം ആഹാരത്തിനായും ഇവ ഉപയോഗിച്ചിരുന്നു. ഒരു ഹെക്ടർ സ്ഥലത്ത് മില്ലറ്റ് കൃഷി ചെയ്തിരുന്ന ആദിവാസി കർഷകന് സബ്സിഡിയായി നൽകിയിരുന്ന 12,000 രൂപ രണ്ട് തവണയായി മുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് അവർക്ക് ആ കൃഷിയുമായി മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. ഇതിൽ കോൺട്രാക്ട് തൊഴിലാളികളായി 21 പേർ ജോലി ചെയ്തിരുന്നു. കഴിഞ്ഞ പതിനാറ് മാസമായി ഈ

തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. നിലവിൽ ഈ സ്കീം തുടരുന്നുണ്ടോ എന്ന് അറിയില്ല. തൊഴിലാളികളോട് പിരിഞ്ഞുപോകാൻ പറയുന്നുണ്ടെങ്കിലും നിയമപരമായി അവരെ ഒഴിവാക്കിയിട്ടില്ലെന്ന് മാത്രമല്ല, ഈ പ്രോജക്ടിന് എക്സ്റ്റൻഷൻ ലഭിച്ചിട്ടുമില്ല. അതുകൊണ്ട് ഈ പ്രോജക്ടിന് എക്സ്റ്റൻഷൻ നൽകി, തൊഴിലാളികളുടെ കാര്യത്തിൽ കൃത്യമായ തീരുമാനമുണ്ടാക്കാനും മുടങ്ങിക്കിടക്കുന്ന സബ്സിഡി കർഷകർക്ക് അടിയന്തരമായി വിതരണം ചെയ്യാനും നടപടിയുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായാണ് മില്ലറ്റ് വില്ലേജ് പദ്ധതി ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിൽ സംഭവിക്കുന്ന പ്രശ്നം അവിടെയുമുണ്ടായി. തൊഴിലാളികളെ നിയമിച്ച് അവർക്ക് ശമ്പളം നൽകി മുന്നോട്ടുപോകുന്ന ഇത്തരം വിഷയങ്ങളിൽ ഗൗരവതരമായ ആലോചന അത്യാവശ്യമാണ്. ആ മേഖലയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കുക, വിപണനം ചെയ്യുക എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്. അതിനായി കോൺട്രാക്ട് വ്യവസ്ഥയിൽ 21 തൊഴിലാളികളെ നിയമിച്ചു.

ഏതെങ്കിലും മാർഗങ്ങളിലൂടെ ഗവൺമെന്റ് തന്നെ പണം നൽകി എത്രനാൾ അതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? അവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. പശ്ചിമഘട്ടത്തിന്റെ പ്രത്യേകതയും അട്ടപ്പാടിയുടെ പ്രാധാന്യവും കണക്കിലെടുത്ത് അവിടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ വിപണനം ചെയ്യുന്നതിനുള്ള സംവിധാനത്തിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് പതിനാല് മില്ലറ്റ് കഫേകൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ഉള്ളൂരിൽ ആദ്യത്തെ മില്ലറ്റ് കഫേയ്ക്ക് തുടക്കമിട്ടിട്ടുണ്ട്. നിയമസഭാ സാമാജികർ ഈ കഫേ സന്ദർശിച്ച് മില്ലറ്റ് വിഭവങ്ങൾ കഴിച്ചുനോക്കണം. മില്ലറ്റ് വിഭവങ്ങൾക്കുപുറമെ മില്ലറ്റ് ഉൽപന്നങ്ങളും അവിടെ ലഭ്യമാണ്. മില്ലറ്റുകൾ കൂടുതലായി കൃഷിചെയ്ത് അട്ടപ്പാടിയിലെ ആദിവാസി ജനതയടക്കമുള്ള കർഷകരെ സഹായിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മില്ലറ്റ് വില്ലേജ് പദ്ധതി അതേ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ

പ്രയാസമായിരിക്കും. എന്നാൽ ആവശ്യത്തിനുള്ള ആളുകളെ മാത്രം ഉപയോഗിച്ച് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിക്കുമെന്ന് കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലത് രൂപീകരിച്ചുവെന്ന കാര്യം അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. എന്നാൽ ജൈവ കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഉൽപന്നങ്ങളുടെ മാർക്കറ്റിങ്ങാണ്. അതുകൊണ്ട് ജൈവ കാർഷിക മിഷന്റെ ഭാഗമായി ഇത്തരം ഉൽപന്നങ്ങളുടെ മാർക്കറ്റിങ് കൂടുതൽ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. പച്ചക്കറി കർഷകരുടെ ഉൽപന്നങ്ങൾ ശേഖരിക്കുന്നതിന് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സർക്കാർ നിയന്ത്രണത്തിലുള്ള കളക്ഷൻ സെന്ററുകൾ മാത്രമാണുള്ളത്. ഒരു ജില്ലയിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മാത്രമെ ഇത്തരം സെന്ററുകളുള്ളൂ. മലപ്പുറം ജില്ലയിലെ ഏക ഹോർട്ടികോർപ്പ് സെന്റർ സ്ഥിതിചെയ്യുന്നത് വണ്ടൂരിലാണ്. ജില്ലയുടെ ഒരറ്റമായ പൊന്നാനിയിൽനിന്നും വണ്ടൂരിലേയ്ക്ക്

ഉൽപന്നങ്ങൾ എത്തിക്കുകയെന്നത് പ്രായോഗികമല്ലെന്ന് മാത്രമല്ല, അത് കർഷകർക്ക് വലിയതോതിൽ സാമ്പത്തിക നഷ്ടമാണുണ്ടാക്കുന്നത്. അതിനാൽ കർഷകരുടെ ഉൽപന്നങ്ങൾക്ക് സൗകര്യപ്രദമായ മാർക്കറ്റിങ് സംവിധാനം ഏർപ്പെടുത്തുന്നതിനായി കൂടുതൽ കളക്ഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി മാർക്കറ്റിങ്ങിന് മുന്നോടിയായി ആയത് ജൈവ ഉൽപന്നമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. അതിനായി 150 ലക്ഷം രൂപ നീക്കിവയ്ക്കുകയും ഉത്തമ കൃഷിമുറകൾ പാലിക്കുന്ന ക്ലസ്റ്ററുകൾക്കായി 100 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. വിപണിയിൽ ഉയർന്ന വില ലഭിക്കുന്നതിനായി ഉൽപന്നങ്ങൾക്ക് പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും ജൈവ വളത്തിന്റെ ഉൽപാദനത്തിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. Organic Manure എന്ന പേരിൽ ഗുണനിലവാരമില്ലാത്ത വളങ്ങൾ വിൽക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ

ജൈവവള ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ജൈവ പഴം-പച്ചക്കറി കൃഷിക്കായി 49 ലക്ഷം രൂപ വകയിരുത്തി വി.എഫ്.പി.സി.കെ. വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതോടൊപ്പംതന്നെ ഹോർട്ടികോർപ്പ് അടക്കമുള്ള സംവിധാനങ്ങളിലൂടെ ജൈവ ഉൽപന്നങ്ങൾ വിപണനം ചെയ്യാനാവശ്യമായ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ആയത് വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ ഇതിനോടകംതന്നെ 15 ഉൽപന്നങ്ങൾക്ക് കേരളഗ്രോ ഓർഗാനിക് ബ്രാൻഡിങ്ങും കർഷക കൂട്ടായ്മകളുടെ 11 ഉൽപന്നങ്ങൾക്ക് കേരളഗ്രോ ഗ്രീൻ എന്ന ബ്രാൻഡ് നെയിമും നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ ജൈവ ഉൽപന്നങ്ങളുടെ വിപണനത്തിനായി സാധ്യമാകുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. അത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി തീർച്ചയായും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, അട്ടപ്പാടിയിൽ കൃഷി ചെയ്യുന്ന തുവര ഏറെ ഗുണമേന്മയുള്ള ഭക്ഷ്യധാന്യമാണ്. കേരളത്തിൽ മറ്റെങ്ങും ഇത്രയും

ഗുണമേന്മയുള്ള തുവര ലഭിക്കില്ല. ആയതിനാൽ അട്ടപ്പാടിയിലെ തുവര കൃഷി പ്രോത്സാഹിപ്പിക്കാനും ഈ ഉൽപന്നത്തിന് പ്രത്യേക ബ്രാൻഡിങ് ഏർപ്പെടുത്തി സംരക്ഷിക്കാനും ഉൽപാദനം വർധിപ്പിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്. അട്ടപ്പാടിയുമായി ബന്ധപ്പെട്ട ഇത്തരം ഉൽപന്നങ്ങൾക്ക് ജി.ഐ. (Geographical Indication) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾക്ക് ജി.ഐ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും ആയതിന് ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുന്നതിനുമുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അട്ടപ്പാടിയിൽ ഉൽപാദിപ്പിക്കുന്ന ജൈവ ഉൽപന്നങ്ങൾക്ക് വ്യാപകമായി മാർക്കറ്റിങ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ആ മേഖലയിൽ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഗുണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മാണി സി. കാപ്പൻ: സർ, പാലാ നിയോജകമണ്ഡലത്തിലെ രാമപുരം പഞ്ചായത്തിൽ ഒരു കർഷകൻ പത്തേക്കർ ഭൂമി പാട്ടത്തിനെടുത്ത്

വർഷങ്ങളായി നെൽകൃഷി ചെയ്തുവരികയായിരുന്നു. നല്ല നിലയിൽ കൃഷി ചെയ്തിരുന്ന ടി സ്ഥലത്ത് ഈ വർഷം സർക്കാർ നിയന്ത്രണത്തിലുള്ള കോല ഫാമിൽനിന്നും വാങ്ങിയ വിത്താണ് ഉപയോഗിച്ചത്. എന്നാൽ ഉണ്ടായ കതിരുകൾ മുഴുവൻ പതിരായിപ്പോയെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, സുരക്ഷിത ഭക്ഷണം ഒരുക്കുന്നതിനുവേണ്ടി ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സുരക്ഷിത ഭക്ഷണമൊരുക്കുന്നതിന് പപ്പായ, അഗസ്തി ചീര, പേരയ്ക്ക തുടങ്ങിയ നാടൻ വിഭവങ്ങൾ ഉപയോഗിക്കുന്ന ശൈലി പുതുതലമുറ കാലഘട്ടത്തിൽ കുറഞ്ഞുവരികയാണ്. വീട്ടിൽ പേരയ്ക്കയും പപ്പായയും ഉണ്ടായിനിൽക്കുമ്പോൾ ആപ്പിളും ഓറഞ്ചും വാങ്ങാൻ കടയിൽ പോകുന്ന പ്രവണതയാണ് പരക്കെ കാണപ്പെടുന്നത്.

വീട്ടിലുണ്ടാകുന്ന നാടൻ വിഭവങ്ങളുടെ ഗുണമേന്മയെ സംബന്ധിച്ച് പുതുതലമുറയ്ക്ക് വേണ്ടത്ര ബോധ്യമില്ല. സുരക്ഷിത ഭക്ഷണമൊരുക്കത്തക്ക വിധത്തിലുള്ള ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നാടൻ വിഭവങ്ങൾ, നാട്ടറിവ്, നാട്ടുവൈദ്യം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ നല്ല നിർദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ജൈവ കാർഷിക മിഷൻ രൂപീകരണത്തോടൊപ്പം പോഷക സമൃദ്ധി മിഷനും സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ആദ്യമായാണ് ഈ രണ്ട് പ്രവർത്തനങ്ങളും മിഷൻ മോഡിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ആലോചിച്ചത്. ആരോഗ്യ മേഖലയിലെ വിദഗ്ധർ സമർപ്പിച്ച പഠനറിപ്പോർട്ടിൽ പോഷകാഹാരക്കുറവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പോഷകാഹാരക്കുറവ് പ്രധാനപ്പെട്ട ഒരു പ്രശ്നമായതിനാൽ നമുക്ക് ലഭിക്കുന്ന ഇത്തരം പഴവർഗ്ഗങ്ങൾ ഭക്ഷണത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ

(ഐ.സി.എം.ആർ.) റിപ്പോർട്ടിൽ ഒരാൾ ഒരു ദിവസം 100 ഗ്രാം പഴവർഗ്ഗങ്ങൾ കഴിക്കണമെന്നും ആയത് ജ്യൂസ് രൂപത്തിലല്ലാതെ പഴവർഗ്ഗമായിത്തന്നെ കഴിക്കണമെന്നും പ്രത്യേകമായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ ജനങ്ങൾ മതിയായ അളവിൽ പഴവർഗ്ഗങ്ങൾ കഴിക്കുന്നില്ലെന്നാണ് ആരോഗ്യ മേഖലയിലെ മറ്റ് പഠനങ്ങളും വ്യക്തമാക്കുന്നത്. ഇത് ഒരു വ്യക്തിയുടെ ആരോഗ്യത്തെ വളരെ ദോഷകരമായി ബാധിക്കുന്നുവെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടാണ് പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനത്തിലേയ്ക്ക് സർക്കാർ നീങ്ങിയിരിക്കുന്നത്. വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രാദേശിക ബോധവൽക്കരണം നടത്തി കർഷകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ഈ മിഷൻ നടപ്പിലാക്കുമ്പോൾ മെച്ചപ്പെട്ട ആരോഗ്യം സൃഷ്ടിച്ചെടുക്കാനും ഇതുമായി ബന്ധപ്പെട്ട കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം നൽകാനും കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്. കൃഷി വകുപ്പ് മുൻകൈയെടുത്ത് അത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി കോർപ്പറേഷനുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഏകദേശം 94.88 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊച്ചി കോർപ്പറേഷനിൽ 74 ഡിവിഷനുകളും 13 വില്ലേജ് ഓഫീസുകളുമുണ്ട്. അവിടെ ആകെയുള്ള ഒരു കൃഷി ഓഫീസ് സ്ഥിതി ചെയ്യുന്നത് വൈറ്റിലയിലാണ്. അവിടെ ഒരു അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസറും ഒരു അസിസ്റ്റന്റ് കൃഷി ഓഫീസറും രണ്ട് അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുമുൾപ്പെടെ ആകെ നാല് പേരാണുള്ളത്. കൊച്ചി കോർപ്പറേഷനിൽ മാത്രം കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആയിരത്തി എണ്ണൂറോളം പേരുണ്ട്. ഇതിനുപുറമെ, ടെറസ് കൃഷി നടത്തുന്നവരും റെസിഡൻസ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ ഗ്രൂപ്പായി കൃഷി നടത്തുന്നവരുമുണ്ട്. ഏകദേശം 7 ലക്ഷത്തോളം ജനങ്ങളുള്ള ഇത്രയും വിസ്തൃതമായ പ്രദേശത്തെ കൃഷി ആവശ്യങ്ങൾക്കായി

ആശ്രയിക്കുന്നതിന് ഒരു കൃഷി ഓഫീസ് മാത്രമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് നേരത്തെ ഞാൻ കത്ത് നൽകിയെങ്കിലും ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. നിലവിൽ അവിടത്തെ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട ഏകദേശം നാലായിരത്തോളം അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് പടിഞ്ഞാറൻ കൊച്ചിയിൽ അടിയന്തരമായി ഒരു കൃഷി ഓഫീസ് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, ഭൂമി തരംമാറ്റൽ നടപടികൾ സുഗമമാക്കുന്നതിനായി കൃഷി ഓഫീസറെ നിയമിക്കാൻ പ്രയാസമാണ്. കൃഷിയുമായി ബന്ധപ്പെട്ട് അനിവാര്യമായതും നിയമപരമായി ലഭ്യമാകേണ്ടതുമായ കാര്യങ്ങൾ ലഭ്യമാകണ്ട എന്നല്ല ഞാൻ പറഞ്ഞതിന്റെ അർഥം. കൊച്ചി കോർപ്പറേഷൻ രൂപീകൃതമായ സന്ദർഭത്തിൽ ഒരു കൃഷി ഭവൻ മാത്രമേ അതിന്റെ പരിധിയിൽ വന്നിരുന്നുള്ളൂ. പ്രസ്തുത കൃഷി ഭവനിൽ കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാം. നിലവിലെ സാഹചര്യത്തിൽ അവിടെ പുതിയ തസ്തിക

സൃഷ്ടിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. ഭൂമി തരംമാറ്റൽ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കീടനാശിനികളുടെ അമിത പ്രയോഗം കൃഷിഭൂമി വിഷഭൂമിയാക്കുന്നുവെന്ന അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് പ്രകൃതിയിൽനിന്നുതന്നെ കണ്ടെടുക്കാൻ കഴിയുന്ന കീടപ്രതിരോധ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. കൃഷിനാശത്തിന് കാരണമാകുന്ന കീടങ്ങളെ ആകർഷിക്കാൻ കഴിയുന്ന ചെണ്ടുമല്ലി ഉൾപ്പെടെയുള്ള തനത് പുഷ്പകൃഷികൾ കൃഷിയിടങ്ങളുടെ വരമ്പുകളിലും അതിർത്തികളിലും സ്ഥാപിച്ചാൽ കീടാക്രമണത്തെ തടുക്കാൻ സാധിക്കും. ഇതിനെല്ലാം നേതൃത്വം നൽകാൻ കഴിയുന്ന നിലയിലേയ്ക്ക് കൃഷി ഭവനുകളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ നല്ല നിർദ്ദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. കൃഷി ഭൂമിയിൽ ഇടവിളയായി

പുഷ്പകൃഷി ചെയ്യുന്നത് വളരെ സഹായകമാകുമെന്നതിന് ഞാനും അനുഭവസ്ഥനാണ്. ഓണക്കാലത്ത് ഞാനും ആയിരത്തി അഞ്ഞൂറിലധികം ചെണ്ടുമല്ലി തൈകൾ കൃഷി ചെയ്തു. പച്ചക്കറി കൃഷിക്കിടയിൽ ചെണ്ടുമല്ലി കൃഷി ചെയ്താൽ അതിന്റെ പൂക്കൾ ശത്രുകീടങ്ങളെ അകറ്റുമെന്നത് എന്റെയും അനുഭവമാണെന്ന് മാത്രമല്ല, യാതൊരു ബുദ്ധിമുട്ടുമില്ലാതെ കൃഷി മുമ്പോട്ടുകൊണ്ടുപോകാനും സാധിക്കുന്നതാണ്. തീർച്ചയായും എല്ലാവരിലും ഇതുസംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പരിസ്ഥിതിയുടെ ആരോഗ്യം സംരക്ഷിക്കപ്പെടാതെ മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കാൻ കഴിയില്ല. മണ്ണിന്റെയും വെള്ളത്തിന്റെയും വായുവിന്റെയും ആരോഗ്യത്തെ പരിഗണിക്കാതെയാണ് മനുഷ്യൻ അവരവരുടെ ആരോഗ്യകാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രകൃതിയുടെ ആരോഗ്യത്തെ പരിഗണിക്കാതെ മനുഷ്യന്റെ ആരോഗ്യം നിലനിർത്താൻ സാധിക്കില്ലെന്നതുകൊണ്ട് ഇവ രണ്ടും ഒരുപോലെ സംരക്ഷിക്കപ്പെടണമെന്ന വസ്തുത കണക്കിലെടുത്താണ് വിഷരഹിതമായ സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് പറയുന്നത്. അതിന്

സ്വീകരിക്കാൻ കഴിയുന്ന ഇത്തരം മാർഗങ്ങളെല്ലാം സ്വീകരിക്കണമെന്നതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതാണ്. ഈ കാര്യത്തിൽ പൊതുജനങ്ങളുടെ സഹകരണം നല്ലരീതിയിൽ ഉണ്ടാകേണ്ടതുണ്ട്. ജൈവ കാർഷിക മിഷന്റെ ഉത്തരവിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുമുണ്ട്. ജനപ്രതിനിധികൾ ഇക്കാര്യത്തിൽ ഗൗരവപൂർവമായ സമീപനം സ്വീകരിച്ചാൽ ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിലും നല്ല മാറ്റമുണ്ടാക്കാൻ സാധിക്കും. ഇപ്പോൾ പല എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെടുത്തി തനതായ കാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിനോടൊപ്പം ജൈവ കൃഷിയെക്കൂടി പ്രോത്സാഹിപ്പിക്കുന്നതരത്തിൽ മുന്നോട്ടുപോകേണ്ടതുണ്ട്. ശ്രീ. കെ. ഡി. പ്രസേനന്റെ നിയോജകമണ്ഡലത്തിൽ അത്തരത്തിൽ നടപ്പിലാക്കുന്നുണ്ട്. എം.എൽ.എ.-മാർ അവരുടെ അനുഭവങ്ങൾ പരസ്പരം

പങ്കുവയ്ക്കുകളുടി ചെയ്താൽ വളരെ സഹായകരമാകുമെന്നാണ് എന്റെ അഭിപ്രായം.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

3(*123) ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. എം. എം. മണി:

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ഡി. കെ. മുരളി:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിക്കുക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി അവർക്ക് സാമൂഹ്യനീതി ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അതിന് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) ഉണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലൂടെ ന്യൂനപക്ഷ ശാക്തീകരണം നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നാളിതുവരെ 6300 ഗുണഭോക്താക്കൾക്കായി 250 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്വയംതൊഴിൽ വായ്പ (NMDFC)
2. വിദ്യാഭ്യാസ വായ്പ (NMDFC)
3. മൈക്രോ ഫിനാൻസ് (NMDFC)
4. സ്വയംതൊഴിൽ വായ്പ (KSMDFC)
5. ബിസിനസ്സ് വിപുലീകരണ വായ്പ
6. പേരന്റ് പ്ലസ് (വിദ്യാഭ്യാസ വായ്പ)
7. പ്രവാസി സ്വയംതൊഴിൽ വായ്പ
8. വിസ വായ്പ
9. ഭവന വായ്പ
10. ഉദ്യോഗസ്ഥ വായ്പ (വിവിധോദ്ദേശ്യം)
11. മദ്രസ അധ്യാപകർക്കുള്ള പലിശരഹിത ഭവന വായ്പ
12. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ
13. വിവാഹ വായ്പ
14. ചികിത്സാ വായ്പ

സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ മറ്റ് അംഗീകൃത സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷൻ വളരെ കുറഞ്ഞ പലിശ നിരക്കിലാണ് ഈ വായ്പകൾ നൽകിവരുന്നത്. പ്രസ്തുത വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിരന്തരമായി ഇടപെടുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ന്യൂനപക്ഷ മേഖലയിൽ സർക്കാർ നടത്തുന്ന ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ് നിലവിൽ നിർത്തലാക്കിയിരിക്കുകയാണ്. ഇതിനുപകരമായി ഏതെങ്കിലും തരത്തിലുള്ള പുതിയ സ്കോളർഷിപ് പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ കേന്ദ്ര ഗവൺമെന്റ് നിരവധി സ്കോളർഷിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ നിർത്തലാക്കിയ സ്കോളർഷിപ്പുകൾക്കുപകരം 'മാർഗദീപം' എന്ന പേരിൽ പുതിയൊരു സ്കോളർഷിപ് പദ്ധതി ആരംഭിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിനാവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് നിലവിൽ കോഴിക്കോട് ജില്ലയിൽ ഒരു ഹെഡ്ഡാഫീസും 5 റീജിയണൽ ഓഫീസും മാത്രമാണുള്ളത്. അധികശാഖകൾ ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ, വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് നിലവിൽ 5 ജില്ലകളിലാണ് ഇത്തരം സ്ഥാപനങ്ങളുള്ളത്. വിവിധ എം.എൽ.എ.-മാരുടെ ആവശ്യപ്രകാരവും ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ നിർദ്ദേശപ്രകാരവും സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം ബി.എസ്.എൻ.എൽ.-ന്റെ ഉടമസ്ഥതയിലുള്ള സംസ്ഥാനത്തെ 11 കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അവിടെ ധനകാര്യ സ്ഥാപനങ്ങൾ ആരംഭിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. എം. മണി: സർ, ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് ഓഫീസുകളില്ലാത്ത കേന്ദ്രങ്ങളിൽ പുതിയ ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ സംസ്ഥാനത്ത് അഞ്ച് ജില്ലകളിലാണ് ഇത്തരം സ്ഥാപനങ്ങളുള്ളത്. ഓഫീസ് വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ.-ന്റെ ഉടമസ്ഥതയിലുള്ള സംസ്ഥാനത്തെ 11 കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അവിടെ പുതിയ ജില്ലാ ഓഫീസുകൾ തുടങ്ങാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, വിദേശ സർവകലാശാലകളിലെ വിവിധ കോഴ്സുകൾ പഠിക്കാൻ ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഏറെ ആഗ്രഹമുണ്ട്. ആയതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികളുടെ വിദേശപഠനം സാധ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി ആവിഷ്കരിച്ച പ്രത്യേക സ്കീമുകളുടെ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികളുടെ വിദേശപഠനത്തിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. വിദേശ സർവകലാശാലകളിൽ വിവിധ ബിരുദ, ബിരുദാനന്തര, പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നവർക്കാണ് ഇത്തരത്തിലുള്ള ധനസഹായം നൽകുന്നത്. ഇതിനായി വിദ്യാർഥികൾ എടുക്കുന്ന വായ്പയുടെ പലിശയ്ക്കുള്ള ധനസഹായമായി അഞ്ച് ലക്ഷം രൂപവരെയാണ് ഇപ്പോൾ നൽകുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 30 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 146.61 ലക്ഷം രൂപ അനുവദിച്ചു. 2024-25 സാമ്പത്തികവർഷം ഇതിനായി 1,70,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കുട്ടികളുടെ വിദേശ പഠനത്തിനുൾപ്പെടെയുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പാരന്റ് പ്ലസ് വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 60 മാസക്കാലാവധിയിൽ 7% പലിശ നിരക്കിൽ പരമാവധി 20,00,000 രൂപവരെ അനുവദിക്കുന്നതാണ്. ഇതിന് കുടുംബ വാർഷിക വരുമാന പരിധി ബാധകമല്ല. പ്രായപരിധി 65 വയസ്സാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ രാജ്യത്തിനുതന്നെ മാതൃകയായി ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരാണ്. ഇക്കാലയളവിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ മതന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസത്തിനും സാമൂഹിക-സാമ്പത്തിക-തൊഴിൽ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുമുള്ള നടപടികൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടപ്പിലാക്കുന്നത്. 2023 ആഗസ്റ്റ് മാസം 7-ാം തീയതി ചുമതലയേറ്റ നാലാമത് കമ്മീഷൻ, തീർപ്പുകൽപ്പിക്കുവാൻ അവശേഷിക്കുന്ന ഹർജികളിൽ പരിഹാരം കാണുന്നതിനായി വിവിധ ജില്ലകളിൽ സിറ്റിങ്ങുകൾ നടത്തുകയും ഭൂരിഭാഗം ഹർജികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള

ന്യനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ കമ്മീഷന്റെ പ്രവർത്തനം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 14 ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചു. ഇതിനുപുറമെ, സംസ്ഥാനത്തെ സൂക്ഷ്മ ന്യനപക്ഷ വിഭാഗങ്ങളായ ബുദ്ധ-ജൈന-സിക്ക്-പാഴ്സി വിഭാഗങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 03-02-2024-ന് എറണാകുളം ജില്ലയിലും സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കേരള മീഡിയ അക്കാദമിയുടെ സഹകരണത്തോടെ സംസ്ഥാന ന്യനപക്ഷ കമ്മീഷൻ സൂക്ഷ്മ ന്യനപക്ഷ വിഭാഗങ്ങളുടെ സാന്നിധ്യം, അവരുടെ വിദ്യാഭ്യാസം, സാമൂഹിക പശ്ചാത്തലം എന്നിവ സംബന്ധിച്ച് പഠനം നടത്തി 2024 സെപ്റ്റംബർ 11-ന് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ന്യനപക്ഷ വിഭാഗങ്ങളിലെ ഒരു ലക്ഷം യുവതീയുവാക്കൾക്ക് കേരള നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുള്ള ക്യാമ്പയിന് ന്യനപക്ഷ കമ്മീഷൻ നേതൃത്വം നൽകുന്നുമുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1994-ൽ കേന്ദ്ര സർക്കാർ സഹായത്തോടുകൂടി ന്യനപക്ഷ ക്ഷേമ പദ്ധതിയായി ആരംഭിച്ച ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന്റെ

(എ.ഐ.പി.) ഭാഗമായി കേരളത്തിൽ എ.ഐ.പി. സ്കൂളുകൾ നിലവിൽവന്നു. 2003 മുതൽ സംസ്ഥാന സർക്കാർ എ.ഐ.പി. സ്കൂളുകൾക്ക് അംഗീകാരവും അവിടത്തെ അധ്യാപകർക്ക് ശമ്പളവും നൽകിവന്നിരുന്നു. 2003 മുതൽ ഈ സ്കൂളുകൾക്ക് എയ്ഡഡ് സ്റ്റാറ്റസ് നൽകാൻ മുൻ യു.ഡി.എഫ്. സർക്കാർ തീരുമാനമെടുത്തെങ്കിലും 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ആ ഉത്തരവ് റദ്ദാക്കുകയും ടി സ്കൂളുകൾക്ക് 2015 മുതൽ എയ്ഡഡ് സ്റ്റാറ്റസ് നൽകിക്കൊണ്ട് പുനർനിർണയം നടത്തുകയും ചെയ്തു. ടി സ്കൂളുകളിലെ അധ്യാപകർക്ക് എയ്ഡഡ് സ്റ്റാറ്റസിലുള്ള മറ്റ് സ്കൂളുകളിലെ അധ്യാപകർക്ക് ലഭിക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. സ്കൂളിന് പോസ്റ്റ്ക്രിയേഷനും അനുവദിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാത്രമായി ആരംഭിച്ച എ.ഐ.പി. സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകളിൽ പ്രൊട്ടക്ടഡ് അധ്യാപകരെ മാത്രമെ നിയമിക്കാൻ പാടുള്ളൂ. മറ്റ് എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ നിയമം എ.ഐ.പി. സ്കൂളുകൾക്ക് ബാധകമാക്കാതെയുള്ള അധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്ന കാര്യത്തിൽ വിവേചനം നിലനിൽക്കുന്നതിനാൽ

അക്കാര്യത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയെന്ന നിലയിൽ ഇടപെടൽ നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ നിരവധി മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സമൂഹത്തിലെ മറ്റ് വിഭാഗക്കാരെപ്പോലെ ജീവിക്കാൻ കഴിയാത്ത സഹോദരങ്ങൾക്കുവേണ്ടി പ്രത്യേക റിസർവേഷൻ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം പ്രൊട്ടക്ടഡ് അധ്യാപകരെ സംരക്ഷിക്കുകയെന്നതും ഈ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വളരെ ചുരുക്കംപേർ മാത്രമെ പ്രൊട്ടക്ടഡ് അധ്യാപകരായി നിലവിലുള്ളൂ. അതിനുപുറമെയുള്ള കാര്യങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

തോട്ടവിളകളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി

4(*124) ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടവിളകളായ റബ്ബർ, കാപ്പി, കൊക്കോ തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) റബ്ബർ, കാപ്പി, കൊക്കോ തുടങ്ങി ഏഴിനം തോട്ടവിളകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് യൂറോപ്യൻ രാജ്യങ്ങൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിബന്ധനകൾ ഒഴിവാക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(സി) അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉൽപാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ; കാർഷിക സർവകലാശാല ഇക്കാര്യത്തിൽ തദ്ദേശീയർക്ക് കൂടുതൽ പരിഗണന നൽകി ഇത്തരം തൈകൾ ഉൽപാദിപ്പിക്കുന്നവർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത വിളകൾക്ക് നൽകുന്ന ഇൻഷ്വറൻസ് സംരക്ഷണം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, കേന്ദ്ര-സംസ്ഥാന പദ്ധതികളായ സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ, മൂല്യവർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എന്നിവയിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള മുഖാന്തരം നടപ്പിലാക്കുന്ന 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ' പദ്ധതിയിലുൾപ്പെടുത്തി കൊക്കോ കർഷകരെ സഹായിക്കുന്നതിന് വിള വിസ്തൃതി വ്യാപനം, വിളവെടുപ്പാനന്തര പരിപാലനം എന്നീ ഘടകങ്ങളിലുൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. കാർഷിക സർവകലാശാല തോട്ടവിള കർഷകർക്കായി പരിശീലന പരിപാടികളും മറ്റുസേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. 2015-2016 മുതൽ നടപ്പിലാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ

ബോണസ് പദ്ധതിപ്രകാരം 2024-25 വരെ 2074.31 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2021-22-ൽ കാപ്പിക്ക് വിലകുറഞ്ഞ സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ സുൽത്താൻ ബത്തേരി കാർഷിക മൊത്ത വ്യാപാര വിപണി മുഖാന്തരം വിപണി വിലയെക്കാൾ 10 രൂപ അധികം നൽകി 498.11 മെട്രിക് ടൺ കാപ്പി സംഭരിച്ച് കർഷകരെ സഹായിച്ചിട്ടുണ്ട്. തോട്ടവിള മേഖലയുടെ സമഗ്ര വികസനത്തിന് ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയിൽ റബ്ബറും കാപ്പിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അത്യുൽപാദനശേഷിയുള്ള കൊക്കോ തൈകൾ ഉൽപാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകിവരുന്നത് 'ഡയറക്ടറേറ്റ് ഓഫ് കാഷ്യുനട്ട് ആൻഡ് കൊക്കോ ഡെവലപ്മെന്റ്' എന്ന സ്ഥാപനമാണ്. പ്രാദേശിക കൊക്കോ നഴ്സറികൾക്ക് കേരള കാർഷിക സർവകലാശാലയുടെ അംഗീകാരം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റബ്ബർ കൃഷിക്ക് വൻപ്രാധാന്യം നൽകുന്ന റബ്ബർ ബോർഡ് കേരളത്തിലെ

റബ്ബർ കൃഷിയോട് കാണിക്കുന്ന കടുത്ത വിവേചനം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തെ റബ്ബർ കർഷകരോട് നിഷേധാത്മക സമീപനമാണ് റബ്ബർ ബോർഡ് സ്വീകരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ അത്തരം സമീപനമല്ല സ്വീകരിച്ചുവരുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 2015-16 മുതൽ നാളിതുവരെ 2074.31 കോടി രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ റബ്ബർ കർഷകർക്കായി ഇത്രയധികം സാമ്പത്തിക സഹായങ്ങൾ സർക്കാർ ചെയ്യുന്നുവെന്നത് ചെറിയ കാര്യമല്ല. നിലവിൽ റബ്ബർ കർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെയും അവരുടെ ആവശ്യങ്ങളെയും സംബന്ധിച്ച് നിരവധി തവണ റബ്ബർ ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവരുടെ ഭാഗത്തുനിന്നും നാളിതുവരെ കാര്യമായ ഇടപെടലുണ്ടായിട്ടില്ല. വീണ്ടും അതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിലെ തോട്ടം മേഖലയുടെ വൈവിധ്യവൽക്കരണം സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം.-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള പ്ലാന്റേഷനെ ആഗോള ബ്രാൻഡാക്കുന്നതിനും ആധുനിക വെയർഹൗസുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, അത്തരം കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ കേര പ്രോജക്ടിന്റെ ഭാഗമായി പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങളുൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ ആദ്യമായാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അത്തരം കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നത്. തുടർന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടാകും.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, റബ്ബർ, കാപ്പി കർഷകരെ സഹായിക്കുന്നതിന് കേര പദ്ധതിയിൽ എന്തെങ്കിലും നിർദേശങ്ങളുണ്ടോ; അവ നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. കേരളത്തിൽ കൃഷി വകുപ്പ് ആദ്യമായി റബ്ബർ കർഷകരെ

സഹായിക്കുന്നതിനായി കേര പദ്ധതിയിൽ സഹായധനം ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പുമായും പ്ലാന്റേഷനുമായും ആലോചിച്ചാണ് അത് ചെയ്തിരിക്കുന്നത്. ആദ്യമായി 30000 ഹെക്ടറിൽ അഥവാ 74000 ഏക്കറിലധികമുള്ള കൃഷി ഭൂമിയിൽ റീ പ്ലാന്റിങ്ങിന് സഹായം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. റബ്ബറിന്റെ പുനർനടീലിനും 1360 ഹെക്ടറിൽ കാപ്പിയുടെ പുനർനടീലിനും നഴ്സറികൾക്കും ഈ പദ്ധതിയിലുൾപ്പെടുത്തി സാമ്പത്തിക സഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്. പാർഷ്യൽ ക്രെഡിറ്റ് ഗ്യാരന്റിയെന്ന തരത്തിലേയ്ക്ക് റബ്ബർ, കാപ്പി, ഏലം എന്നിവയ്ക്കുവേണ്ടി 165 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യുടെ മാതൃക കേരളത്തിന്റെ കാർഷിക മേഖലയ്ക്കുവേണ്ടി, പ്രത്യേകിച്ചും പ്ലാന്റേഷൻ മേഖലയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുകയാണ്. അത് കേര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യും.

മി. സ്പീക്കർ: ഓർഡർ...ഓർഡർ.., ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

10.00 AM]

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 20-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1853-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

10.00 AM]

III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളിന്മേലുള്ള കേസന്വേഷണവുമായി ബന്ധപ്പെട്ടാണ് ഇന്ന് ചട്ടം 50 പ്രകാരം നോട്ടീസ് ലഭിച്ചിട്ടുള്ളത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ചട്ടം 52(vii) പ്രകാരം അനുമതി നൽകാൻ സാധിക്കില്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ...

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

മി. സ്പീക്കർ: റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിച്ചത് ചെയറാണ്, ഗവൺമെന്റല്ല. അതുകൊണ്ടുതന്നെ റൂൾ 50 നോട്ടീസിന് ചെയർ അനുമതി നിഷേധിച്ചാൽ വാക്കൗട്ട് പ്രസംഗം നടത്തുന്നത് പാർലമെന്ററി മര്യാദയല്ല. അതിനാൽ വാക്കൗട്ട് പ്രസംഗം അനുവദിക്കാൻ നിർവാഹമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വേണമെങ്കിൽ സഭവിട്ട് പുറത്തുപോകുന്നതിനുള്ള പ്രസ്താവന നടത്താവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, റൂൾ 50 പ്രകാരം ഈ വിഷയം കൊണ്ടുവരാൻ കാരണം ബഹുമാനപ്പെട്ട സ്പീക്കറാണ്. അതായത്, ചോദ്യോത്തരവേളയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ ഇത് ഇപ്പോൾ ഉന്നയിക്കേണ്ട വിഷയമല്ലെന്നും സബ്മിഷനായോ മറ്റോ കൊണ്ടുവരേണ്ട വിഷയമാണെന്നും പറഞ്ഞത് ബഹുമാനപ്പെട്ട ചെയറാണ്. അങ്ങ് പറഞ്ഞതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെങ്കിൽ ചോദ്യം അനുവദിക്കാൻ പാടില്ലായിരുന്നു. പ്രീസിഡന്റ്സുള്ളതുകൊണ്ടാണ് ഞങ്ങൾ

ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നത്. അത് അനുവദിക്കണോ വേണ്ടയോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കറുടെ വിവേചനാധികാരമായതിനാൽ ഞങ്ങളാരും അതിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, ഈ വിഷയം ചോദ്യോത്തരവേളയിൽ അല്ലാതെ കൊണ്ടുവരാമെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട ചെയറാണ്. സ്ത്രീകളെ ഗുരുതരമായി ബാധിച്ചിരിക്കുന്ന സാമൂഹ്യ വിഷയം സഭയിൽ ചർച്ച ചെയ്തില്ലെന്ന് പറയുന്നത് സഭയ്ക്കുതന്നെ അപമാനമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിലപാടിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രതിരോധത്തിലായതുകൊണ്ടാണ് ഇതുസംബന്ധിച്ച് ചർച്ച അനുവദിക്കാത്തത്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

10.03 AM]

IV ശ്രദ്ധ ക്ഷണിക്കൽ

[അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(1) ജലാശയങ്ങളിലെ മാലിന്യങ്ങളും മണലും പോളയും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോബ് മൈക്കിൾ: സർ, കേരളത്തിലെ പതിനാല് ജില്ലകളിലെയും ജലാശയങ്ങളിൽ മാലിന്യങ്ങളും മണലും മറ്റ് മാലിന്യങ്ങളും അടിഞ്ഞുകൂടി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുകയും വെള്ളം കെട്ടിക്കിടക്കുന്നത് ഉൾനാടൻ ജലഗതാഗതത്തിനും പരിസരവാസികൾക്കും ബുദ്ധിമുട്ടുണ്ടാക്കുകയുമാണ്. മാലിന്യത്തോടൊപ്പം പോളകൂടി നിറയുന്നതോടെ ചെറുവള്ളങ്ങൾക്കുപോലും പോകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മാത്രമല്ല, ജലാശയങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്നതിനും ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുന്നതിനും ഇടയാക്കുന്നുമുണ്ട്.

സംസ്ഥാനത്തെ പതിനാല് ജില്ലകളും അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമായി ഇത് മാറിയിരിക്കുകയാണ്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ജലാശയങ്ങളിൽ മാലിന്യവും എക്കലും പോളയും നിറഞ്ഞിരിക്കുന്നതിനാൽ കർഷകർക്ക് കൃഷിയിറക്കാൻ സാധിക്കുന്നില്ലെന്നതും ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. കുട്ടനാടൻ പ്രദേശത്തെയും എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ അപ്പർ കുട്ടനാട്, പായിപ്പാട്, വാഴപ്പള്ളി, കുറിച്ചി എന്നീ പഞ്ചായത്തുകളിലെയും കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, പത്തനംതിട്ട ജില്ലയിലെ തിരുവല്ല എന്നീ പ്രദേശങ്ങളിലെയും ജനങ്ങൾ ഇതുമൂലം വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കൂടാതെ ചെറിയ അരുവികൾ, നദികൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ മണലും മാലിന്യങ്ങളും അടിഞ്ഞുകൂടി ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുന്നതിനാൽ എല്ലാരംഗത്തും വളരെയധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടുകൊണ്ടിരിക്കുകയാണ്. ജലാശയങ്ങളിലെ പോള നീക്കംചെയ്യുന്നതിനായി വർഷംതോറും സംസ്ഥാന

ഖജനാവിൽനിന്നും ധാരാളം തുക ചെലവഴിക്കുന്നുണ്ടെങ്കിലും വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ വീണ്ടും പോള നിറയുന്ന അവസ്ഥ ഉണ്ടാകുകയാണ്. ഇതിലൂടെ സർക്കാർ ഖജനാവിൽനിന്നും ഭീമമായ തുക നഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല, കുറച്ചുനാളത്തേയ്ക്ക് മാത്രമെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ. അതിനാൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ രണ്ട് വർഷത്തെ കാലാവധി നിശ്ചയിച്ച് റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ പോള നീക്കംചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർഥിക്കുകയാണ്. മഴക്കാലത്ത് ജലാശയങ്ങളിൽ മാലിന്യങ്ങൾ നിറഞ്ഞുകവിയുകയാണ്. ഉദാഹരണമായി തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോട്ടിൽ വലിയതോതിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടിയതിനെത്തുടർന്ന് വെള്ളപ്പൊക്കമുണ്ടാവുകയും തിരുവനന്തപുരം ജില്ല സ്തംഭനാവസ്ഥയിലാവുകയും ചെയ്തു. അതുകൊണ്ട് കേരളത്തിലെ തോടുകളും അരുവികളും ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ നിറഞ്ഞുകിടക്കുന്ന പോളയും മാലിന്യങ്ങളും എക്കലും മണലും നീക്കം ചെയ്യാൻ അടിയന്തര നടപടി

സ്വീകരിക്കണം. കേരളത്തിലെ നെൽകർഷകർക്കും ഉൾനാടൻ ജലഗതാഗതത്തിനും പ്രയോജനം ചെയ്യുന്ന നടപടികളിലേയ്ക്ക് അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധപതിയണമെന്ന് അഭ്യർഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സമൂഹത്തെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചിരിക്കുന്നത്. ഭൂവിനിയോഗത്തിലും ജീവിതശൈലിയിലുമുണ്ടായ മാറ്റമാണ് സംസ്ഥാനത്തെ നദികളും തോടുകളുമുൾപ്പെടെയുള്ള ജലസ്രോതസുകളിലും കായലുകളിലും അനിയന്ത്രിതമായ തോതിൽ മാലിന്യം അടിഞ്ഞുകൂടുന്നതിന് കാരണമാകുന്നത്. ഡാമുകളും കുളങ്ങളുംപോലുള്ള ജലസ്രോതസ്സുകളൊഴികെ മറ്റുള്ളവ പൂർണ്ണമായും മാലിന്യമുക്തമാക്കി സംരക്ഷിക്കുകയെന്നത് സാധ്യമല്ലെങ്കിലും മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഗുണനിലവാരം നിലനിർത്താൻ സാധിക്കും. ഇതിന് ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുദ്ധീകരിച്ച ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യങ്ങളോ മലിനജലമോ എത്തുന്നില്ലെന്ന്

അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. പൊതുവിൽ സംസ്ഥാനത്തെ പുഴകളും നദികളും പല തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്ന വസ്തുത മനസ്സിലാക്കി അവ മാലിന്യമുക്തമാക്കുന്നതിനും ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധതലത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തിവരുന്നുണ്ട്. സംസ്ഥാന ജലസേചന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ. നദികളുടെ മുകൾഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ, റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച ശുദ്ധജലം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നത് ക്രമീകരിക്കുന്നതുവഴി താഴ്ഭാഗത്തെ നദീജലത്തിൽ അടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ സാധിക്കും. 2018, 2019 വർഷങ്ങളിലെ മഹാപ്രളയത്തെത്തുടർന്ന് നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. കൂടാതെ എക്കൽ, മണൽ,

മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിന്നിരുന്നു. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും സ്ഥിതിവിവര കണക്കുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടുകൂടി ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് 2022-23 കാലഘട്ടത്തിൽ സംസ്ഥാനത്തുടനീളം ഏകദേശം ഒരു കോടി ഘനമീറ്റർ ചെളി, എക്കൽ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്തിട്ടുണ്ട്. നദികളിലേയ്ക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്കുകുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ, സംസ്ഥാനത്തെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനുമായി ജലസേചന വകുപ്പിന്റെ 2024-25-ലെ വാർഷിക പ്ലാനിലുൾപ്പെടുത്തി രണ്ട് കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും സുഗമമായ നീരൊഴുക്ക് സാധ്യമാക്കുന്നതിനുമായി ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലാശയങ്ങളിൽ നിലവിലുള്ള ആവാസവ്യവസ്ഥയുടെ ഭാഗമായുണ്ടാകുന്ന പോളകൾ നിരവധി ജലജീവികളുടെ വളർച്ചയെ അനുകൂലിക്കുന്നതിനാൽ ഇവ പെട്ടെന്ന് ഇല്ലാതാക്കുന്നത് നിലവിലുള്ള ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചേക്കാം. വിത്തുകൾ എപ്പോഴും വെള്ളത്തിൽത്തന്നെ നിലനിൽക്കുന്നതിനാൽ water hyacinth പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നത് പ്രായോഗികമല്ല. വിത്തുകൾ മുളയ്ക്കുകയും സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ഇവ വീണ്ടും തഴച്ചുവളരുകയും ചെയ്യുമെന്നതിനാൽ എത്ര നീക്കം ചെയ്താലും പോളകൾ പുന:സ്ഥാപിക്കപ്പെടുന്നു എന്നതാണ് വസ്തുത. ആയതിനാൽ ഇവയുടെ വളർച്ച നിയന്ത്രിക്കുക എന്നതാണ് സാധ്യമായ ഏക പരിഹാരമാർഗം.

കാർഷികാവശ്യത്തിന് വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർധിക്കുന്നതനുസരിച്ച് കുളവാഴ, പോള, പായലുകൾ എന്നിവയുടെ വ്യാപനം വർധിക്കുന്നതായി കാണുന്നുണ്ട്. ജലസ്രോതസ്സുകളിലെ മലിനീകരണം നിയന്ത്രിക്കുന്നതുവഴി ഇവയുടെ വ്യാപനം കുറയ്ക്കാൻ സാധിക്കുന്നു. തോടുകളും കുളങ്ങളും ശുചീകരിക്കുന്നതിന്റെ ഭാഗമായി പോള, പായൽ, കുളവാഴ എന്നിവ നീക്കം ചെയ്യാറുണ്ട്. ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൽ കായലുകളിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഡ്രഡ്ജറുകൾ, സിൽറ്റ് പുഷർ, പോളയും പായലും നീക്കം ചെയ്യുന്ന വീഡ് ഹാർവെസ്റ്റർ എന്നീ യന്ത്രങ്ങളുണ്ട്. ഇവ ഉപയോഗിച്ച് പോളകൾ, പായൽ, കുളവാഴകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നീക്കം ചെയ്യാറുണ്ട്. ജലാശയത്തിലെ സ്വാഭാവിക നീരൊഴുക്ക് ഉറപ്പാക്കുന്നതിലൂടെ ഇവ നേരിട്ട് കടലിലേയ്ക്ക് ഒഴുകുകയും വളർച്ച മന്ദഗതിയിലാവുകയും പിന്നീട് വാടിപ്പോകുകയുമാണ് ചെയ്യുന്നത്. എന്നാൽ, ജലസംഭരണം നടത്തേണ്ടതിനാൽ എല്ലാ സമയങ്ങളിലും മതിയായ ഒഴുക്ക് ഉറപ്പാക്കാൻ കഴിയില്ല. ഒഴുക്ക് കുറവുള്ള മാസങ്ങളിൽ ആഴത്തിലുള്ള

വേരുകൾ രൂപപ്പെടുന്നതിനാൽ ജലഗതാഗതത്തിന് ഉപയോഗിക്കുന്ന ബോട്ടുകളുടെ പ്രൊപ്പല്ലറുകൾക്ക് ഭീഷണിയാകുന്നുണ്ട്. തെങ്ങ് പോലുള്ളവയ്ക്ക് പച്ചില വളമായി കുളവാഴ ഉപയോഗിക്കാമെന്ന് കൃഷി വകുപ്പ് പ്രായോഗികമായി തെളിയിക്കുകയും ആലപ്പുഴ ജില്ലയിലെ കായംകുളത്ത് സ്ഥിതിചെയ്യുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ സൂക്ഷ്മാണുക്കൾ ഉപയോഗിച്ച് കുളവാഴയെ ഗുണനിലവാരമുള്ള കമ്പോസ്റ്റാക്കി മാറ്റുന്നതിനുള്ള സാങ്കേതികത വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കുളവാഴയിൽ 95 ശതമാനത്തോളം ജലാംശമുള്ളതിനാൽ അതിന്റെ ബയോമാസ് കൂടുതലായിരിക്കും. അതുകൊണ്ട് അവ മറ്റിടങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ഗതാഗതച്ചെലവ് കൂടുതലായിരിക്കും. അതിനാൽ ഇത്തരം കമ്പോസ്റ്റ് വളങ്ങൾ അതത് പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതാണ് ഉചിതം. കുളവാഴകൾ നീക്കം ചെയ്ത് കമ്പോസ്റ്റാക്കി മാറ്റുന്നതിനും മറ്റ് അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിനുമുതകുന്ന സ്വയംതൊഴിൽ പദ്ധതികൾക്ക് വ്യവസായ വകുപ്പ് മുഖാന്തരം രൂപം നൽകാവുന്നതാണ്. കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവയെ കാലിത്തീറ്റയാക്കി മാറ്റുന്നതിന്റെ പ്രവർത്തനക്ഷമത അതിന്റെ

സാമ്പത്തിക സാധ്യതയും ഫിനിഷ്ഡ് പ്രോഡക്ടിന്റെ സുരക്ഷിതത്വത്തിനും വിധേയമായിരിക്കും. കുളവാഴ മാലിന്യങ്ങൾ വലിച്ചെടുക്കുന്ന സസ്യമായതിനാൽ ഇതിൽ നിന്നുണ്ടാക്കുന്ന കാലിത്തീറ്റയിലും അത്തരം മാലിന്യങ്ങളുടെ അംശമുണ്ടാകാനുള്ള സാധ്യതയുണ്ട്. കുട്ടനാട്ടിലെ ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ് സെന്ററിൽ അപകടകാരിയായ അക്വാട്ടിക് കളകളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ഗവേഷണം നടത്തുന്നുണ്ട്. ഗൃഹാലങ്കാരങ്ങൾ, പായകൾ, ട്രേബിൾ മാറ്റുകൾ, കുട്ടകൾ, ആർട്ട്പേപ്പർ, ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് Eco Tech എന്ന സ്റ്റാർട്ടപ് സംരംഭം കൂടുതൽ കാര്യങ്ങൾ ചെയ്തുവരുന്നു. ജലസ്രോതസ്സുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ലഭിക്കുന്ന പോള, കുളവാഴ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് ജലസേചന വകുപ്പിന് ഒരു സഹായിയായി പ്രവർത്തിക്കാൻ മാത്രമെ സാധിക്കുകയുള്ളൂ. ജലാശയങ്ങളിൽനിന്നും നീക്കംചെയ്യുന്ന പോള, കുളവാഴ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ജലസ്രോതസ്സുകളുടെ തീരത്ത് ഉണക്കുന്നതും നിർമ്മാതാക്കൾക്ക് വിതരണം

ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ MGNREGS (Mahatma Gandhi National Rural Employment Guarantee Scheme) പ്രവർത്തകരെ ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മാത്രമെ ചെയ്യാൻ സാധിക്കുകയുള്ളൂ. കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ സജീവ പങ്കാളിത്തവും വ്യാപക പ്രചാരണവുമുണ്ടെങ്കിൽ മാത്രമെ നീക്കം ചെയ്ത കുളവാഴ, പോള എന്നിവ ജൈവവളവും കാലിത്തീറ്റയുമാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ആവശ്യമാണ്. ഗൗരവപൂർവമായ സമീപനമാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി യോഗത്തിൽ വളരെ ആധികാരികമായി ചർച്ച ചെയ്യപ്പെട്ട വിഷയമാണിത്. ഈ വിഷയം എങ്ങനെ ശാശ്വതമായി പരിഹരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്. ഇക്കാര്യം ഗൗരവപൂർവം പരിഗണിച്ച് സാധ്യമായ എല്ലാ സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, ജലാശയങ്ങളിൽ പോളയും മാലിന്യങ്ങളും അടിഞ്ഞുകൂടുന്നതിനാൽ അപ്പർ കുട്ടനാട്ടിലെ ജനങ്ങൾ ജീവിക്കാൻ നിവൃത്തിയില്ലാതെ വാസസ്ഥലങ്ങളിൽനിന്നും ഒഴിഞ്ഞുപോകുന്ന സാഹചര്യമാണുള്ളത്. ജലാശയങ്ങളിലെ പോളയും എക്കലും മണലും നീക്കം ചെയ്യുന്നതിന് ഒറ്റത്തവണ വ്യവസ്ഥയിൽ അനുമതി നൽകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കില്ല. പോളയും മാലിന്യങ്ങളും നീക്കംചെയ്യുന്നതിന് റണ്ണിങ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ വർഷത്തേയ്ക്ക് സ്ഥിരമായി അനുമതി നൽകാൻ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നടപടി സ്വീകരിച്ചാൽ അപ്പർ കുട്ടനാട്ടിലെ ജനങ്ങൾക്കൊപ്പം പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ജനങ്ങൾക്കുകൂടി ഏറെ പ്രയോജനകരമാകുന്നതാണ്. അതുകൊണ്ട് റണ്ണിങ് കോൺട്രാക്ട് അടിസ്ഥാനത്തിൽ പോളയും മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, റണ്ണിങ് കോൺട്രാക്ട് നൽകുന്നതിന് കുഴപ്പമൊന്നുമില്ല. പക്ഷേ കോൺട്രാക്ട് നൽകുമ്പോൾ ചില പ്രായോഗിക

ബുദ്ധിമുട്ടുകൾ നേരിടാൻ സാധ്യതയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പൂർണ്ണമായി പരിഗണിക്കുന്നതിന് മുമ്പായി വ്യവസായം, കൃഷി, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗം ചേർന്ന് ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ പുനരുപയോഗിക്കാൻ സാധിക്കുമോ എന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. കോൺട്രാക്ട് നൽകുന്നതിനെ സംബന്ധിച്ച് പരിഗണിക്കുന്ന സന്ദർഭത്തിൽ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥകൂടി പരിഗണിക്കാവുന്നതാണ്.

(2) കണ്ണൂർ വിമാനത്താവളത്തിൽനിന്നുള്ള സർവീസുകൾ വർധിപ്പിക്കുന്നതിനും അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള നടപടി

ശ്രീ. സജീവ് ജോസഫ്: സർ, വടക്കേ മലബാറിന് പുത്തൻ പ്രതീക്ഷകൾ സമ്മാനിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ നിലവിലെ അവസ്ഥ ഏറെ നിരാശാജനകമാണ്. മുൻനിര

വിമാനത്താവളങ്ങളോട് കിടപിടിക്കാവുന്ന തരത്തിൽ 2300 ഏക്കറിലേറെ ഭൂമിയും 3050 മീറ്റർ റൺവേയും 97000 സ്ക്വയർ മീറ്റർ ടെർമിനലും 20 വിമാനങ്ങൾക്കുള്ള പാർക്കിങ് സൗകര്യങ്ങളുമുള്ള കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം ആരംഭിച്ചത് 2018-ലാണ്. തുടക്കത്തിൽ നാല് വിമാനക്കമ്പനികൾ സർവീസ് നടത്തിയിരുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും നിലവിൽ എയർ ഇന്ത്യ എക്സ്പ്രസും ഇൻഡിഗോയും മാത്രമാണ് സർവീസ് നടത്തുന്നത്. വിമാനത്താവളം പ്രവർത്തനമാരംഭിച്ച് അഞ്ചരവർഷം പിന്നിട്ടിട്ടും പോയിന്റ് ഓഫ് കോൾ പദവി ലഭിക്കാത്തതിനാൽ വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല, ഇന്ത്യൻ എയർലൈൻസിന്റെ പുതിയ സർവീസുകളും അനുവദിക്കുന്നില്ല. കണ്ണൂർ വിമാനത്താവളത്തോട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന കടുത്ത വിവേചനവും നിഷേധാത്മക നിലപാടും തിരുത്താൻ കേരളം ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയും എണ്ണായിരത്തോളം സ്വകാര്യ നിക്ഷേപകരുടെ വിഹിതവും ചെലവഴിച്ച് നിർമ്മിച്ച ഈ

വിമാനത്താവളം വടക്കേ മലബാറിന്റെ സമഗ്ര വികസനത്തിന് വഴിതുറക്കേണ്ട ഒന്നായിരുന്നു. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമീപനംമൂലം ടി വിമാനത്താവളംകൊണ്ട് ജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാതെ നാശമായിക്കൊണ്ടിരിക്കുകയാണ്. കണ്ണൂരിൽനിന്ന് എയർപോർട്ടിലേയ്ക്കുള്ള റോഡുപോലും നാളിതുവരെ യാഥാർഥ്യമായിട്ടില്ല. കുറഞ്ഞ ചെലവിൽ വിമാനയാത്രകൾ സാധ്യമാക്കുന്നതിനായി കണ്ണൂർ വിമാനത്താവളത്തിന് അനുവദിച്ചിരുന്ന UDAN (Ude Desh Ka Aam Naagrik) പദ്ധതി ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. വിമാനത്താവളത്തിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി പ്രയോജനപ്പെടുത്തി ഹോട്ടലുകൾ സ്ഥാപിക്കാൻ KIAL (Kannur International Airport Limited)-ന് സാധിക്കാത്തതിനാൽ സർവീസ് നടത്താൻ പല വിമാന കമ്പനികളും വിസമ്മതിക്കുകയാണ്. User Development Fee വർധിപ്പിച്ചതിനെത്തുടർന്ന് ടിക്കറ്റ് നിരക്കിൽ രണ്ടായിരത്തിലധികം രൂപയുടെ വർധനവുണ്ടായത് യാത്രക്കാരുടെ എണ്ണം കുറയാനിടയാക്കിയിട്ടുണ്ട്. KIAL-ലെ തന്ത്രപ്രധാന

ചുമതലക്കാരായ ചീഫ് സെക്യൂരിറ്റി ഓഫീസർ, ഫയർ സർവീസ് ഹെഡ് എന്നിവരെ മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിച്ചതുൾപ്പെടെ അവിടെ നടക്കുന്ന പല നിയമനങ്ങളും കരാറുകളും സംബന്ധിച്ച് നിരവധി പരാതികളാണ് ഉയർന്നുവരുന്നത്. നിയമവിരുദ്ധമായ വിവിധ കരാറുകളിലൂടെ KIAL ജീവനക്കാർ വരുത്തിവച്ച നഷ്ടം വളരെ ഭീമമാണ്. സംസ്ഥാന സർക്കാർ പ്രസ്തുത വിമാനത്താവളത്തിനായി സെന്റിന് 8,75,000 രൂപ ചെലവഴിച്ച് 2300 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയതിനുപുറമെ, വർഷംതോറും കോടിക്കണക്കിന് രൂപ വിമാനത്താവളത്തിനായി അനുവദിക്കുന്നുമുണ്ട്. സംസ്ഥാന സർക്കാർ നൽകിയ letter of comfort-ന്റെ അടിസ്ഥാനത്തിൽ ബാങ്കിങ് കൺസോർഷ്യം KIAL-ന് 892 കോടി രൂപയുടെ വായ്പ അനുവദിക്കുകയും സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ കടബാധ്യത തീർക്കുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം 79.86 കോടി രൂപ നൽകുകയും ഏറ്റവുമൊടുവിൽ സർക്കാരിന്റെ 51 ശതമാനം ഓഹരി പണയംവച്ച് 1271 കോടി രൂപയുടെ വായ്പാക്രമവൽക്കരണം നടത്തിയിരിക്കുകയുമാണ്.

വിമാനത്താവളത്തിന്റെ പ്രവർത്തനം ലാഭത്തിലാക്കാൻ പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോ സമർപ്പിച്ച പഠന റിപ്പോർട്ട് കൈവശമുള്ളപ്പോൾ ഇതിനായി KPMG-യെ ചുമതലപ്പെടുത്തിയത് സംശയകരമാണ്. 17 കോടി രൂപയാണ് അവർക്ക് നൽകിയിരിക്കുന്നത്. വിമാനത്താവളം ലാഭകരമാക്കുന്നതിന് KPMG-യുടെ ഇടപെടലുണ്ടായിട്ടും എന്തുകൊണ്ടാണ് ലാഭത്തിലാകാത്തതെന്നും കൂടുതൽ സർവീസുകൾ ആരംഭിക്കാൻ സാധിക്കാത്തതെന്നും പരിശോധിക്കേണ്ടതാണ്. 2023-24-ലെ ബാലൻസ് ഷീറ്റ് പ്രകാരം വിമാനത്താവളത്തിന്റെ പ്രവർത്തനം 750 കോടി രൂപയുടെ നഷ്ടത്തിൽ മുന്നോട്ടുപോകുന്നതിനിടയിലാണ് അന്നേയ്ക്ക് 7 മാസംമുമ്പ് നിയമിതനായ എയർപോർട്ട് എം.ഡി.-യുടെ വാർഷികശമ്പളം 38.90 ലക്ഷം രൂപയിൽനിന്നും 50.16 ലക്ഷം രൂപയാക്കി ഉയർത്തിയത്. അതായത്, എം.ഡി.-യുടെ വാർഷിക ശമ്പളത്തിൽ ഒറ്റയടിക്ക് 12 ലക്ഷം രൂപയുടെ വർധനവാണ് വരുത്തിയിരിക്കുന്നത്. ഇത് എങ്ങനെ നീതീകരിക്കാൻ കഴിയും? മറ്റൊന്ന്, സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മാണവും നിത്യനിദാന ചെലവുകളും നടത്തുകയും വായ്പ തിരിച്ചടയ്ക്കുകയും ചെയ്യുമ്പോഴും സംസ്ഥാന

സർക്കാരിന്റെ ഓഹരി വിഹിതം 35 ശതമാനത്തിൽ താഴെയാണെന്ന വാദമുയർത്തി സി. ആൻഡ് എ. ജി. ഓഡിറ്റ് നടത്താൻ അനുവദിക്കുന്നില്ല. കൂടാതെ, KIAL-നെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഇതിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള തടസ്സമെന്താണ്? KIAL ഒരു പൊതുമേഖലാ സ്ഥാപനമാണെന്നും അല്ലെന്നുമുള്ള പരസ്പരവിരുദ്ധമായ വാദങ്ങളുടെ നിജസ്ഥിതി അറിയാൻ താൽപര്യമുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും ബി.പി.സി.എൽ.-ഉം സംസ്ഥാന സർക്കാരും പ്രധാന ഓഹരി ഉടമകളാണെന്നുള്ള കാര്യം ആരും വിസ്മരിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് KIAL-ന്റെ ചെയർമാൻ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടംവരെ സി. & എ. ജി. ഓഡിറ്റ് നടന്നിരുന്ന ഇവിടെ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടം മുതലാണ് ഓഡിറ്റ് അനുവദിക്കാത്ത സ്ഥിതിയുണ്ടായിരിക്കുന്നത്. വിമാനത്താവളത്തിനുവേണ്ടി ഇത്രയധികം കോടി രൂപയുടെ പൊതുഫണ്ട് ചെലവഴിക്കുമ്പോഴും സി. & എ.ജി.-യുടെ ഓഡിറ്റ് ഒഴിവാക്കിയത് ദൗർഭാഗ്യകരമാണ്. വടക്കേ മലബാറിലെ വികസന

പദ്ധതിയുടെ ഭാഗമാകാൻ താൽപര്യപ്പെട്ട് വിമാനത്താവള കമ്പനിയിൽനിന്നും ഓഹരിയെടുത്തവർ വഞ്ചിതരായിരിക്കുന്നുവെന്ന് മാത്രമല്ല, അവരിപ്പോൾ പരാതി കൊടുത്തിരിക്കുകയുമാണ്. അത് ഗൗരവമായി കാണണം. കഴിഞ്ഞ അഞ്ചുവർഷമായി ഓൺലൈനായാണ് പൊതുയോഗം ചേരുന്നത്. നേരിട്ട് യോഗം ചേരണമെന്ന് ഓഹരിയുടമകൾ ആവശ്യപ്പെട്ടിട്ടും നാളിതുവരെ പരിഗണിച്ചിട്ടില്ല. ഓൺലൈനായി പങ്കെടുക്കുന്ന ഓഹരി ഉടമകൾക്ക് യോഗത്തിൽ സംസാരിക്കാൻപോലും അവസരം കൊടുക്കുന്നില്ല. ഇത് നാണക്കേടാണ്. സർക്കാർ വിഹിതവും നാട്ടുകാരുടെ ഓഹരിയും സ്വരൂപിച്ച് ആരംഭിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നാടിന് മുതൽക്കൂട്ടാണ്. എയർപോർട്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് ഓഹരി ഉടമകൾപോലും പരാതികൾ ഉന്നയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്താനും ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും കർശന നടപടി സ്വീകരിക്കണം. പരാതികളെക്കുറിച്ച് ഒരു ഉന്നതതല അന്വേഷണം നടത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഒരു സർവകക്ഷി സംഘത്തെ

ഡൽഹിയിലേയ്ക്ക് അയച്ച് എയർപോർട്ടിന്റെ വികസനവും പോയിന്റ് ഓഫ് കോൾ പദവിയും സാധ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താനും നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗത്തിന്റെ ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ഇവിടെ വിശദീകരിച്ച കാര്യങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ശ്രദ്ധക്ഷണിക്കൽ നോട്ടീസിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതിന്റെയും കാര്യക്ഷമമാക്കേണ്ടതിന്റെയും ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി സഭയുടെ ശ്രദ്ധക്ഷണിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ, ആദ്യത്തെയും അവസാനത്തെയും വാചകങ്ങളിൽ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുള്ളത്. ബാക്കിയെല്ലാം മറ്റ്

കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. മലബാർ പ്രദേശത്ത് വിദേശ ഇന്ത്യാക്കാരുടെ യാത്രാ സൗകര്യങ്ങൾ, ചരക്ക് ഗതാഗതം എന്നിവ വർധിപ്പിക്കുന്നതിനും ടൂറിസത്തിന്റെ അനന്തസാധ്യതകൾ മുന്നിൽക്കണ്ടും ആധുനിക വ്യോമയാന മേഖലയോട് കിടപിടിക്കാനുതകുന്ന അടിസ്ഥാന സൗകര്യങ്ങളോടെ ഒരുക്കിയ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് 'പോയിന്റ് ഓഫ് കോൾ പദവി' ലഭിക്കാത്തത് എയർപോർട്ടിന്റെ വളർച്ചയെയും പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയെയും കാര്യമായി ബാധിക്കുന്നുണ്ട്. പോയിന്റ് ഓഫ് കോൾ പദവി ലഭിച്ചാൽ മാത്രമെ വിദേശ വിമാന കമ്പനികളുടെ വിമാനങ്ങൾക്ക് കണ്ണൂർ വിമാനത്താവളത്തിൽനിന്നും സർവീസുകൾ നടത്താൻ കഴിയുകയുള്ളൂ. നിലവിൽ രാജ്യത്തിനകത്തുള്ള വിമാന കമ്പനികൾക്ക് മാത്രമെ ഇവിടെനിന്നും സർവീസ് നടത്താൻ അനുമതി നൽകിയിട്ടുള്ളൂ. എന്നാൽ, ഈ വിമാന കമ്പനികൾക്ക് ആവശ്യാനുസരണം സർവീസ് നടത്താനുള്ള വിമാനങ്ങൾ ലഭ്യമല്ലാത്തതിനാലാണ് യാത്രക്കാരുടെ തിരക്കിനനുസൃതമായി കൂടുതൽ സർവീസുകൾ നടത്താൻ കണ്ണൂർ വിമാനത്താവളത്തിന് സാധിക്കാത്തത്.

കൂടുതൽ വിമാന സർവീസുകൾക്ക് അവസരമുണ്ടായാൽ എയർപോർട്ടിൽ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും അനുബന്ധ വികസനം സാധ്യമാക്കാനും കഴിയും. എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി ലഭ്യമാകാത്തതുകാരണം ഉത്തര മലബാറിലെ ജനങ്ങളുടെ യാത്രാ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ലഭ്യതയനുസരിച്ചുള്ള ചരക്കുനീക്കം നടത്തുന്നതിനും വിഘാതങ്ങളുണ്ടാകുന്നുണ്ട്. കണ്ണൂർ ജില്ലയും കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളുടെ ഭൂരിഭാഗം പ്രദേശങ്ങൾക്കും പ്രയോജനകരമായ കണ്ണൂർ എയർപോർട്ട് കൂർഗ്, മൈസൂർ, മംഗലാപുരം എന്നിവിടങ്ങളിലെ യാത്രക്കാരുടെ ബദൽ എയർപോർട്ട് കൂടിയാണ്. കണ്ണൂർ എയർപോർട്ടിൽ കോഡ്-ഡി/വൈഡ് ബോഡി വിമാനങ്ങൾക്ക് സർവീസ് നടത്താനാവശ്യമായ സജ്ജീകരണങ്ങളും സുരക്ഷാസംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. വ്യോമയാനരംഗത്ത് ആവശ്യമായ എം.ആർ.ഒ. (Maintenance, Repair and Overhaul), എയ്റോസിറ്റീസ്, ഏവിയേഷൻ അക്കാദമികൾ എന്നിവയ്ക്കാവശ്യമായ ഭൂമിയും ലഭ്യമാണ്. ഈ സാമ്പത്തികവർഷം KIAL-ന് 1.5 മില്യൺ യാത്രക്കാരും 180 കോടി ടേൺ

ഓവറും എന്ന അപൂർവനേട്ടം കൈവരിച്ച് ബ്രേക്ക് ഈവൻ പോയിന്റ് കടക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പോയിന്റ് ഓഫ് കോൾ പദവി കൂടി ലഭ്യമാവുകയാണെങ്കിൽ കണ്ണൂർ എയർപോർട്ടിന് വൻകുതിച്ചുചാട്ടം നടത്താൻ കഴിയും. എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി നൽകണമെന്ന് നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബഹുമാനപ്പെട്ട കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രിയെയും നേരിൽക്കണ്ട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പാർലമെന്റ് സ്റ്റാൻഡിങ് കമ്മിറ്റി 2023 സെപ്റ്റംബർ 7-ന് ഈ എയർപോർട്ട് സന്ദർശിച്ച് പോയിന്റ് ഓഫ് കോൾ പദവി ലഭിക്കാൻ അർഹതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മറ്റ് എയർപോർട്ടുകളുമായി KIAL-ന്റെ പ്രാദേശിക കണക്ടിവിറ്റി വർധിപ്പിക്കുന്നതിനായി UDAN സ്കീമിലുൾപ്പെടുത്തി പുതിയ എയർ റൂട്ടുകൾ അനുവദിക്കണമെന്നും ഒരു നിശ്ചിത സമയത്തേയ്ക്ക് വിദേശ വിമാന കമ്പനികൾക്ക് സർവീസ് നടത്താവുന്ന രീതിയിൽ ഓപ്പൺ സ്കൈ പോളിസി നടപ്പാക്കണമെന്നും ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന

മന്ത്രിക്ക് 2024 സെപ്റ്റംബർ 28-ന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർഥിച്ചിട്ടുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, പോയിന്റ് ഓഫ് കോൾ പദവി സംബന്ധിച്ച് കേന്ദ്ര സർക്കാർ നാളിതുവരെ അനുകൂലമായ തീരുമാനമെടുത്തിട്ടില്ല. അങ്ങനെയൊരു സൂചനപോലും നൽകുന്നില്ല. ഇത്തരം ഘട്ടത്തിലുണ്ടാകാനിടയുള്ള പ്രതിസന്ധികൾ തരണം ചെയ്യാനും ജനങ്ങളുടെ ആശങ്കകൾ അകറ്റാനും ഓഹരി ഉടമകൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും പ്രത്യേകമായ പ്ലാൻ ബി പദ്ധതി മുന്നോട്ടുവയ്ക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശിപാർശ കണ്ണൂർ എയർപോർട്ട് പോയിന്റ് ഓഫ് കോൾ പദവിക്ക് അർഹമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി ടി എയർപോർട്ട് സന്ദർശിച്ചതിനുശേഷമാണ് അത്തരത്തിലുള്ള ശിപാർശ നൽകിയിട്ടുള്ളത്. എന്നിട്ടും കേന്ദ്ര സർക്കാർ കണ്ണൂർ എയർപോർട്ടിന് നാളിതുവരെ പോയിന്റ് ഓഫ് കോൾ പദവി

അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വളരെ കാര്യക്ഷമവും ഫലപ്രദവുമായ ഇടപെടലാണ് നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ആവശ്യപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചു. ഇതിനുപുറമെ സെപ്തംബർ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയെയും നേരിൽക്കണ്ട് ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗത്തിന്റെ മുന്നണിയിൽപ്പെട്ട 18 എം.പി.-മാർക്ക് ഈ വിഷയത്തിൽ സജീവമായ ഇടപെടൽ നടത്താൻ സാധിക്കും. എന്നാൽ നാളിതുവരെ അവർ ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്നതിന്റെ വിവരം ലഭ്യമല്ല. ഇക്കാര്യത്തിൽ കേരളത്തിൽ നിന്നുള്ള എം.പി.-മാർ കൂട്ടായ ഇടപെടൽ നടത്തേണ്ടതാവശ്യമാണ്. ഞങ്ങളുടെ പാർട്ടിയിൽനിന്ന് ലോകസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എം.പി.-യും രാജ്യസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എം.പി.-മാരും ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ ഈ വിഷയത്തിൽ ഇടപെട്ടുകഴിഞ്ഞ സാഹചര്യത്തിൽ

കേരളത്തിൽനിന്നുള്ള എം.പി.-മാരും കൂട്ടായ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ എയർപോർട്ടിന് പോയിന്റ് ഓഫ് കോൾ പദവി നൽകുന്നതിനെ സംബന്ധിച്ച് എം.പി.-മാർക്ക് പാർലമെന്റിൽ ഉന്നയിക്കാനുള്ള ന്യായമായ അവകാശമുണ്ട്. അത് നേടിയെടുക്കാൻ എല്ലാവർക്കും കൂട്ടായ ഇടപെടൽ നടത്താമെന്നാണ് സൂചിപ്പിക്കാനുള്ളത്.

10.26 AM]

V സബ്മിഷൻ

(1) കൊച്ചി മെട്രോ രണ്ടാംഘട്ട പ്രവൃത്തി

<u>ശ്രീമതി ഉമ തോമസ്</u>: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കൊച്ചി മെട്രോയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെയുള്ള നിർമ്മാണ പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. ഏതാണ്ട് രണ്ട് വർഷത്തോളം നീണ്ടുനിൽക്കുമെന്ന് കരുതുന്ന രണ്ടാംഘട്ട പ്രവൃത്തി ആരംഭിച്ചതുമുതൽ

തൃക്കാക്കര നിയോജകമണ്ഡലത്തിലും അയൽ നിയോജകമണ്ഡലങ്ങളിലും ശ്രദ്ധേയമായ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. മെട്രോയുടെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 258 കോടി രൂപ ചെലവഴിച്ച് 4 പാലങ്ങളും ബി.എം.&ബി.സി. ലെവലിനെക്കാൾ മികച്ച രീതിയിൽ 22 റോഡുകളും നവീകരിച്ച് നൽകുകയുണ്ടായി. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എം.ഡി.-യുടെ അധ്യക്ഷതയിൽ ചേർന്ന ജനപ്രതിനിധികളുടെ യോഗത്തിൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം മാത്രമെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളുവെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ അതിന് വിരുദ്ധമായാണ് ഇപ്പോൾ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. യാതൊരു മുന്നൊരുക്ക പ്രവർത്തനങ്ങളും അവിടെ നടത്തിയിട്ടില്ല. കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ഇതിൽനിന്നും ഏറ്റവുമധികം വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇൻഫോപാർക്കിലേയ്ക്കും മറ്റും പോകുന്ന നിരവധി പേർക്ക് ഇത് ഏറെ സഹായകമാകും. അത്തരത്തിൽ കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്ന അവിടെ

ഒരു മുന്നൊരുക്ക പ്രവൃത്തിയും നടത്താത്തത് ഖേദകരമാണ്. മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതെ നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നത് അനുവദിക്കാൻ കഴിയില്ലെന്ന് വിവിധ രാഷ്ട്രീയ കക്ഷികളും റെസിഡൻസ് അസോസിയേഷനുകളും മർച്ചന്റ് അസോസിയേഷൻ ഭാരവാഹികളും തൃക്കാക്കര ഡെവലപ്മെന്റ് ഫോറം പ്രതിനിധികളും മോട്ടോർ തൊഴിലാളി യൂണിയനുകളും ചേർന്ന് നടത്തിയ യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനമെടുത്തിട്ടുണ്ട്. കാരണം, അവിടത്തെ ജനങ്ങൾ അത്രയധികം കഷ്ടപ്പാടും ദുരിതവുമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് സമയത്തിന് സ്കൂളുകളിലെത്താനോ ജീവനക്കാർക്ക് ഓഫീസിലെത്തി കൃത്യസമയത്ത് പഞ്ച് ചെയ്യാനോ കഴിയുന്നില്ല. എന്തിനേറെ പറയുന്നു രാവിലെ മുതൽ വൈകുന്നേരംവരെ വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനാൽ ഫ്രിഡ്ജുകളിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ കേടായിപോകുന്ന സാഹചര്യമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്. നാടിന്റെ വികസനം ആവശ്യമാണ്, പക്ഷേ

അത് ജനങ്ങളുടെ വഴിമുടക്കിക്കൊണ്ടാകരുത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ ഉത്തരവാദപ്പെട്ടവർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പാലാരിവട്ടം മുതൽ കാക്കനാട് വരെയുള്ള കൊച്ചി മെട്രോയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാനിടയുള്ള മേഖലയെ മൂന്ന് സെക്ഷനുകളായി തിരിച്ച് സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചും ബൈക്ക് പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയും ട്രാഫിക് വാർഡന്മാരെ നിയോഗിച്ചും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം നടക്കുന്ന ഭാഗത്തെ റോഡിന്റെ വീതിയുടെ 5 മീറ്റർ ഗതാഗതത്തിനായി നീക്കിയശേഷം മാത്രമെ ബാരിക്കേഡ് സ്ഥാപിക്കാവൂയെന്ന നിർദേശം മെട്രോ

അധികൃതർക്കും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പരമാവധി സമാന്തര റോഡുകൾ ഉപയോഗിക്കണമെന്ന അറിയിപ്പ് പൊതുജനങ്ങൾക്കും നൽകിയിട്ടുണ്ട്.

(2) കൈവശ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ നൂൽപ്പുഴ, പൂതാടി, നെന്മേനി, തിരുനെല്ലി എന്നീ പഞ്ചായത്തുകളിലെ വനാന്തരങ്ങളിൽ ഒന്നും രണ്ടും ലോകമഹായുദ്ധകാലത്ത് ഗ്രോ മോർ ഫുഡ് പദ്ധതിപ്രകാരം ഭക്ഷ്യധാന്യങ്ങൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി ഏകദേശം ആയിരത്തി ഇരുന്നൂറോളം കുടുംബങ്ങളെ ഉൾവനങ്ങളിൽ കുടിയിരുത്തുകയും അവർക്ക് ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുകയും ചെയ്തിരുന്നു. 2004 വരെ ഇവർ വനം വകുപ്പുമായുള്ള ലീസ് കരാർ പുതുക്കി പാട്ടത്തുക അടച്ചുവരികയായിരുന്നു. എന്നാൽ 2004 മുതൽ ആയത് നിർത്തലാക്കിയതോടെ വനത്തിനുള്ളിൽ താമസിക്കുന്ന ഇവർ വന്യമൃഗ ആക്രമണത്തിൽ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ ചെയ്താൽ ഗവൺമെന്റ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളോ കൃഷി വകുപ്പിന്റെ

സബ്സിഡികളോ ലഭിക്കുന്നില്ല. മാത്രമല്ല, ഇവർക്ക് അവിടെ കൃഷി ചെയ്യാനോ വീട് നിർമ്മിക്കാനോ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി, റോഡ് എന്നിവയൊന്നുമില്ലാതെ വളരെയധികം കഷ്ടതയനുഭവിക്കുന്ന നിരവധി പട്ടികവർഗ കുടുംബങ്ങൾ ഇപ്പോഴും അവിടെ താമസിക്കുകയാണ്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് വ്യക്തമായി അറിയാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് അവിടെ രൂപീകരിച്ചിട്ടുള്ള സമിതി ഏതാനും മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ ഭാഗമായി ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിച്ച കർഷകർക്ക് പട്ടയം നൽകിയിട്ടുണ്ട്. അതുകൊണ്ട് വയനാട് ജില്ലയിലെ ടി പ്രദേശങ്ങളിൽ 2004 മുതൽ നിർത്തലാക്കിയ ലീസ് വ്യവസ്ഥ പുതുക്കി പാട്ടത്തുക സ്വീകരിക്കുന്ന രീതി പുനഃസ്ഥാപിക്കാനും അവർക്ക്

ഗവൺമെന്റിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും അർഹമായ കോമ്പൻസേഷനും സബ്സിഡികളും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. നാളിതുവരെ പുതുക്കിവന്നിരുന്ന ലീസ് വ്യവസ്ഥ തടസ്സപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന കാര്യത്തിൽ വനം വകുപ്പിന് വ്യക്തതയില്ലാത്തതിനാൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാമെന്ന് കഴിഞ്ഞ 3-ാം തീയതി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കളക്ടേറ്റിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും സംയുക്തമായി ഈ പ്രദേശങ്ങൾ സന്ദർശിക്കണം. ഈ ഭൂമി അവർ കൈയേറിയതല്ല. ബ്രിട്ടീഷുകാരുടെ കാലത്ത് വനത്തിനുള്ളിൽ കുടിയിരുത്തപ്പെട്ട ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് ശാശ്വത പരിഹാരമുണ്ടാക്കണം. ലീസ് വ്യവസ്ഥ പുന:സ്ഥാപിച്ചാൽ മാത്രമെ സർക്കാരിൽനിന്നും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനുവദിക്കുന്ന അർഹതപ്പെട്ട ആനുകൂല്യങ്ങളും ധനസഹായങ്ങളും ഇവർക്ക് ലഭിക്കുകയുള്ളൂ.

അതിനായി 2004-നുമുമ്പുള്ള സ്റ്റാറ്റസ്കോ നിലനിർത്തി ഈ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വനം-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വയനാട് ജില്ലയിലെ വനത്തിനുള്ളിൽ നൂൽപ്പുഴ, നെന്മേനി, പൂതാടി, തിരുനെല്ലി പഞ്ചായത്തുകളിലായി കുടിയിരുത്തിയിരുന്ന ആയിരത്തി ഇരുന്നൂറോളം കുടുംബങ്ങൾക്ക് പട്ടയം അടക്കമുള്ള രേഖകളും മറ്റ് ആനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. രണ്ടാം ലോക മഹായുദ്ധകാലത്തെ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി നടപ്പാക്കിയ ഗ്രോ മോർ ഫുഡ് പദ്ധതിയുടെ ഭാഗമായി 1882-ലെ മദ്രാസ് ഫോറസ്റ്റ് ആക്ടുപ്രകാരം, കൃഷി ചെയ്യുന്നതിനായി അപേക്ഷയുടെ അടിസ്ഥാനത്തിൽ വനഭൂമി പാട്ട വ്യവസ്ഥയിൽ അനുവദിച്ചിരുന്നു. കൃഷിയാവശ്യത്തിന് മാത്രമാണ് വനഭൂമി ഇത്തരത്തിൽ വിട്ടുനൽകിയിരുന്നത്. ഇത്തരം പാട്ടഭൂമിയിന്മേൽ പാട്ടക്കാരന്

ക്രയവിക്രയാവകാശമോ പിന്തുടർച്ചാവകാശമോ ഇല്ലാത്തതാകുന്നു. എന്നാൽ, സുൽത്താൻ ബത്തേരി ഡിവിഷനുകീഴിൽ വയനാട് വന്യജീവി സങ്കേതത്തിലെ എടത്തന, കല്ലൂർ, കാട്ടിക്കുളം, കുറുക്കോട്, കൃപ്പാടി, കുറിച്യാട്, മാവിൻഹള്ള, നെൻമിനിയാട്, നൂൽപ്പുഴ, രാംകുറിഞ്ഞി റിസർവുകളിൽപ്പെട്ട 385.8963 ഹെക്ടർ ഭൂമിയാണ് ഗ്രോ മോർ ഫുഡ് പദ്ധതിയുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകിയിരുന്നത്. 2023 വരെ പ്രസ്തുത ഭൂമിയിന്മേൽ പാട്ടം പുതുക്കി നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രദേശങ്ങൾ വയനാട് വൈൽഡ് ലൈഫ് ഡിവിഷന്റെ മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെട്തും റവന്യൂ റിക്കാർഡുകളിൽ വനഭൂമിയെന്ന് പരാമർശിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഇത്തരത്തിൽ വനഭൂമി പാട്ടവ്യവസ്ഥയിൽ ലഭിച്ച് ഇപ്പോഴും കൈവശംവച്ചുപോരുന്ന കർഷകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും വനം, റവന്യൂ വകുപ്പുകളുടെ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും വിവരശേഖരണം നടന്നുവരുന്നതുമാണ്.

വിവരശേഖരണം പൂർത്തിയായാൽ മാത്രമെ കൈവശഭൂമിയുടെ വിസ്തീർണ്ണത്തിന്റെ പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. 1882-ലെ മദ്രാസ് ഫോറസ്റ്റ് ആക്ടിലെ സെക്ഷൻ 21 പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾപ്രകാരം കാർഷികവിളകൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പെർമിറ്റ്/ഗ്രാന്റ് അനുവദിച്ചിരുന്നു. 2023-24 വരെ കർഷകർക്ക് ലീസ് പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതും കർഷകരിൽനിന്നും വനം വകുപ്പ് പാട്ടത്തുക ഈടാക്കിയിട്ടുള്ളതുമാണ്. എന്നാൽ, വനം വകുപ്പ് പാട്ടത്തിന് നൽകിയിട്ടുള്ള ടി ഭൂമിയിൽ അതിർത്തി നിർണ്ണയിച്ചിട്ടില്ല. ഫോറസ്റ്റ് ലീസ് ഭൂമികൾ മൈനസ് സർക്യൂട്ടായി സർവെ ചെയ്തിട്ടുള്ളതിനാൽ മേൽപ്പറഞ്ഞ കൈവശങ്ങൾക്ക് പ്രത്യേക റീസർവെ സബ്ഡിവിഷനുകളില്ല. സുൽത്താൻ ബത്തേരി താലൂക്കിലെ നൂൽപ്പുഴ, കിടങ്ങനാട്, പുൽപ്പള്ളി, നടവയൽ വില്ലേജുകളിലുള്ള 723 കൈവശഭൂമിയും മേൽപ്പറഞ്ഞ ഭൂമിയിലുൾപ്പെട്ടുവരുന്നതാണ്. മാനന്തവാടി താലൂക്കിലെ നൂറ്റിപതിനഞ്ചോളം കുടുംബങ്ങൾ തിരുനെല്ലി വില്ലേജിലെ സർവെ നം. 402, 450 എന്നിവയിലുൾപ്പെട്ട ഭൂമിയിലും തൃശ്ശിലേരി വില്ലേജിലെ സർവെ നം.

568-ൽ ഉൾപ്പെട്ട ഭൂമിയിലും ഫോറസ്റ്റ് ലീസ് ഭൂമിയിലും കൃഷി ചെയ്യും കൈവശംവച്ചും താമസിച്ചുവരുന്നു. ഈ താലൂക്ക് പരിധിയിലെ ഫോറസ്റ്റ് ലീസ് ഭൂമികളുടെ വിവരശേഖരണ നടപടികൾ പൂർത്തിയായിട്ടില്ല. ഈ വിഷയത്തിൽ വനം വകുപ്പിനുമാത്രമായി തീരുമാനം കൈക്കൊള്ളാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പ്രസ്തുത ഭൂമി 1996 ഡിസംബർ 12-നുമുമ്പ് വനേതരാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയം സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. ടി പ്രദേശങ്ങളെ സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ അറിയാവുന്നതാണെങ്കിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ടി വിഷയം വിശദമായി പരിശോധിക്കുന്നതിനായി വനം, റവന്യൂ, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിധ്യത്തിൽ ഏറ്റവും അടുത്ത ദിവസംതന്നെ ചേരാവുന്നതാണ്. സാധാരണക്കാരായ കർഷകരോട്, പ്രത്യേകിച്ച് ആദിവാസി മേഖലയിൽ താമസിക്കുന്നവരോടുള്ള സർക്കാരിന്റെ

സമീപനവും അതിനനുസൃതമായിട്ടുള്ള നടപടിയും അങ്ങേയ്ക്ക് അറിയാവുന്നതിനാൽ അത്തരം നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഒരിക്കൽക്കൂടി അറിയിക്കുകയാണ്.

(3) കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്കമാലി മുതൽ കുണ്ടന്നൂർ വരെയുള്ള നിർദ്ദിഷ്ട ദേശീയപാത 544-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ നിരവധി ആശങ്കകൾ നിലനിൽക്കുകയാണ്. നിർദ്ദിഷ്ട ദേശീയപാത പദ്ധതിയെ പൂർണ്ണമായും സ്വാഗതം ചെയ്യുമ്പോഴും ഇതിനായി ഭൂമി ഏറ്റെടുക്കുന്ന ആലുവ, കുന്നത്തുനാട്, കണയന്നൂർ എന്നീ മൂന്ന് താലൂക്കുകളിലെ ഏകദേശം 17 വില്ലേജുകളിലെ ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം. അതുസംബന്ധിച്ച് 445/2024 നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. ഈ ഉത്തരവുപ്രകാരം കെട്ടിടങ്ങളുടെയും വീടുകളുടെയും വില നിർണ്ണയിക്കുമ്പോൾ അവയുടെ കാലപ്പഴക്കംകൂടി കണക്കാക്കണമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്.

എൻ.എച്ച്. 66-നും എൻ.എച്ച്. 966-നും സ്ഥലമേറ്റെടുത്തപ്പോൾ ഇത്തരത്തിലുള്ള യാതൊരു നിബന്ധനകളും കൊണ്ടുവന്നിരുന്നില്ല. ഈ രണ്ട് ഹൈവേകൾക്കായി ഭൂമി ഏറ്റെടുത്തപ്പോൾ ഇല്ലാതിരുന്ന നിബന്ധനകൾ അങ്കമാലി-കുണ്ടന്നൂർ ഹൈവേയ്ക്കുവേണ്ടി സ്ഥലമേറ്റെടുക്കുമ്പോൾ കൊണ്ടുവരുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് മാർക്കറ്റ് വില നൽകാനും അവിടെയുള്ള കെട്ടിടങ്ങളുടെയും വീടുകളുടെയും കാലപ്പഴക്കം കണക്കാക്കാതെ വില നിർണ്ണയിക്കാനുമുള്ള നടപടി സ്വീകരിക്കണം. കൂടാതെ, ഭൂമി ഏറ്റെടുക്കുമ്പോൾ ചില സ്ഥലങ്ങളിൽ പ്രസ്തുത ഭൂമിയുടെ അവസാനത്തെ കുറച്ച് ഭാഗം ഏറ്റെടുക്കാൻ സാധിക്കാതെ കിടക്കുന്ന അവസ്ഥയുണ്ട്. ധാരാളം സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ഭൂമി ഒരു പ്രയോജനവുമില്ലാതെ കിടക്കുന്നുണ്ട്. അങ്ങനെയുണ്ടാകാത്ത രീതിയിൽ ഭൂമി പൂർണ്ണമായും ഏറ്റെടുക്കാനുള്ള നടപടിയുണ്ടാകണം. അപ്രകാരം ഏറ്റെടുക്കാൻ കഴിയാതെപോകുന്ന സ്ഥലങ്ങളുണ്ടെങ്കിൽ നിബന്ധനകളിൽ ഇളവ് നൽകി ഭൂവുടമയ്ക്ക് അവിടെ കെട്ടിടം പണിയുന്നതിന് അനുമതി നൽകാനുള്ള

നടപടി സ്വീകരിക്കണം. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കിടയിൽ വലിയ ആശങ്ക നിലനിൽക്കുന്നതിനാലാണ് ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കുന്നത്. ഹൈവേ വികസനത്തിനായി ഭൂമി വിട്ടുകൊടുക്കുന്നതിൽ പ്രദേശവാസികളാരുംതന്നെ എതിരല്ലെന്ന് മാത്രമല്ല, അവരുൾപ്പെടുന്ന പൊതുസമൂഹം പൂർണ്ണമായും ഈ നിർമ്മാണ പ്രവൃത്തിയെ സ്വാഗതം ചെയ്യുകയുമാണ്. പക്ഷേ അവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി കാലപ്പഴക്കം നിർണ്ണയിക്കാതെ കെട്ടിടങ്ങൾക്ക് മാർക്കറ്റ് വില നൽകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി

ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് ദേശീയപാതകളുടെ വികസനം സാധ്യമാക്കുന്നതിന് രാജ്യത്തെ മറ്റ് സംസ്ഥാന സർക്കാരുകളെക്കാൾ

ഉത്തരവാദിത്വവും സാമ്പത്തിക ബാധ്യതയും ഏറ്റെടുത്ത സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇച്ഛാശക്തിയോടെ നടത്തിയ ഇടപെടലുകളുടെ ഭാഗമായാണ് സംസ്ഥാനത്ത് ദേശീയപാത വികസനം സാധ്യമാക്കുന്നത്. ദേശീയപാത 66-ന്റെ വികസനത്തിനായി 5,580 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി കേന്ദ്രത്തിന് നൽകിക്കഴിഞ്ഞു. ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കുകയെന്ന നിശ്ചയദാർഢ്യത്തിന്റെ ഭാഗമായി ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം ചെലവ് വഹിക്കാൻ സംസ്ഥാന സർക്കാർ സമ്മതിക്കുകയായിരുന്നു. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിന് 1629.24 കോടി രൂപയാണ് സർക്കാർ ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നത്. എൻ.എച്ച്. 544-ലെ എറണാകുളം ബൈപ്പാസിന് 424 കോടി രൂപയുടെയും കൊല്ലം-ചെങ്കോട്ട ഗ്രീൻ ഫീൽഡ് പാതയ്ക്ക് 317.35 കോടി രൂപയുടെയും സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്തു. 8,000 കോടിയോളം രൂപ കേരളത്തിലെ ദേശീയപാത വികസനത്തിനായി സംസ്ഥാന സർക്കാർ വഹിക്കുകയാണ്.

രാജ്യത്ത് മറ്റൊരു സംസ്ഥാനവും ഇത്രയേറെ സാമ്പത്തിക ബാധ്യത ദേശീയപാത വികസനത്തിനായി വഹിക്കുന്നില്ല. ഇതിൽ ദേശീയപാത 544-ലെ എറണാകുളം ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 1956-ലെ എൻ.എച്ച്. ആക്ട് പ്രകാരമാണ് ദേശീയപാത നിർമ്മാണത്തിനുള്ള ഭൂമി ദേശീയപാത അതോറിറ്റി ഏറ്റെടുക്കുന്നത്. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമാണ് ഏറ്റെടുത്ത ഭൂമിക്കുള്ള നഷ്ടപരിഹാര നിർണ്ണയം നടത്തുന്നത്. ഭൂമി ഏറ്റെടുക്കുമ്പോൾ ഹിയറിങ് നടത്തി ഭൂവുടമകളുടെ ആശങ്കകളും സംശയങ്ങളും പരിഹരിച്ചതിനുശേഷം മാത്രമെ 3 ഡി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുള്ളുവെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള ദേശീയപാത നിർമ്മാണ പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ ഉന്നതതല യോഗങ്ങൾ ചേർന്ന് സംസ്ഥാനത്തെ എല്ലാ ദേശീയപാത പ്രവൃത്തികളെയും സംബന്ധിച്ച്

പരിശോധന നടത്തുന്നുണ്ട്. നിലവിലുള്ള ദേശീയപാത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടൽ സർക്കാർ നടത്തുന്നതാണ്.

(4) ആനക്കാംപൊയിൽ–കള്ളാടി–മേപ്പാടി തുരങ്കപാത

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതികളിലൊന്നായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത 2020-ലെ ബജറ്റിൽ പ്രഖ്യാപിക്കുകയും 2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്ക് 2,043 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. മൈസൂർ-ബാംഗ്ലൂർ യാത്ര സുഗമമാക്കുകയും ചരക്കുനീക്കം വേഗത്തിലാക്കുകയും ചെയ്യുന്നതോടൊപ്പം വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രസ്തുത പദ്ധതിക്കായി 2,043 കോടി രൂപ നീക്കിവച്ചത്. തുടർന്ന് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡിനെ നിയോഗിക്കുകയും ഒരുവർഷം നീണ്ടുനിന്ന സാമൂഹികാഘാത പഠനം നടത്തുകയുമുണ്ടായി. കോഴിക്കോട്, വയനാട് ജില്ലകളിലെ

കളക്ടേറ്റുകളിൽ പൊതുജനതാൽപര്യാർഥം പബ്ലിക് ഹിയറിങ് നടത്തി പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിലേയ്ക്ക് കടന്നു. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തശേഷമാണ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിലേയ്ക്ക് കടന്നത്. ആഗോള ടെൻഡറിലൂടെ രണ്ട് ഘട്ടങ്ങളിലായി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് റോയൽ ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനി കരാർ ഏറ്റെടുക്കുകയും ടവിൻ ടൂബ് ടണലിന്റെ നിർമ്മാണ കരാർ DBL (Dilip Buildcone Limited) എന്ന കമ്പനി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ തിരുവമ്പാടി മുതൽ മറിപ്പുഴവരെയുള്ള റോഡ് സംസ്ഥാന പാതയായി (സ്റ്റേറ്റ് ഹൈവേ 83) ഡിക്ലെയർ ചെയ്യുകയും പ്രസ്തുത റോഡ് നവീകരിക്കുന്നതിനായി 108 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ 108 കോടി രൂപ വിനിയോഗിച്ച് പ്രസ്തുത റോഡിന്റെ വീതി കൂട്ടിക്കൊണ്ടുള്ള ആധുനികവൽക്കരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച ടി പദ്ധതി നാളിതുവരെ ആരംഭിക്കാൻ

സാധിച്ചിട്ടില്ലെന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്റ്റേറ്റ് എൺവയോൺമെന്റ് ക്ലിയറൻസും ഫൈനൽ എൺവയോൺമെന്റ് ക്ലിയറൻസും ലഭിക്കാത്തതിനാലാണ് എഗ്രിമെന്റ് ഒപ്പിട്ട് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ഈ പദ്ധതിയുടെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും ടി പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്നും പദ്ധതി നടപ്പാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർവഹണ ഏജൻസി കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡാണ്. പദ്ധതിക്ക് 2,043.75 കോടി രൂപയുടെ ഭരണാനുമതിയും 2,134.50 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 17.263 ഹെക്ടർ വനഭൂമി

ഏറ്റെടുക്കുന്നതിനായുള്ള വനം വകുപ്പിന്റെ സ്റ്റേജ്-I ക്ലിയറൻസ് 31-03-2023-ന് ലഭ്യമായിട്ടുണ്ട്. സ്റ്റേജ്-II ക്ലിയറൻസിനായി 17.263 ഹെക്ടർ സ്വകാര്യ ഭൂമി വനഭൂമിയായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ ലഭിച്ച പരിവർത്തനം ചെയ്ത വനഭൂമിയുടെ പോക്കുവരവ് സർട്ടിഫിക്കറ്റ് വയനാട് ഡി.എഫ്.ഒ.-യ്ക്ക് നൽകുകയും പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി കോഴിക്കോട് ജില്ലയിലെ 8.0525 ഹെക്ടർ സ്വകാര്യ ഭൂമിയും വയനാട് ജില്ലയിലെ 8.1225 ഹെക്ടർ സ്വകാര്യ ഭൂമിയും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.സി.എൽ.)-ന് കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 1.8545 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടതിന്റെ 90 ശതമാനം ഭൂമിയും നിലവിൽ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിക്ക് അന്തിമ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നിലവിൽ സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ടണൽ പാതയുടെ പ്രവൃത്തി രണ്ട്

പാക്കേജുകളിലായി എഞ്ചിനീയറിങ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ മോഡലിൽ ടെൻഡർ ചെയ്തിട്ടുണ്ട്. പാലവും അപ്രോച്ച് റോഡും ഒന്നാമത്തെ പാക്കേജിലും ടണൽ പാത നിർമ്മാണം രണ്ടാമത്തെ പാക്കേജിലും ഉൾപ്പെടുത്തിയിരിക്കുന്നു. പാക്കേജ് I-ന്റെ ഫിനാൻഷ്യൽ ബിഡ് 08-07-2024-നും പാക്കേജ് II-ന്റെ ഫിനാൻഷ്യൽ ബിഡ് 04-09-2024-നും തുറന്നിട്ടുണ്ട്. അന്തിമ പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5) അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം

<u>ശ്രീ. വി. ശശി</u>: സർ, കേരളത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള കായിക പരിശീലനം നൽകുന്നതോടൊപ്പം ഇവർക്ക് മികച്ച പൊതുവിദ്യാഭ്യാസം ഉറപ്പാക്കുകയെന്നതാണ് സ്പോർട്സ് സ്കൂളുകളുടെ പ്രധാന ലക്ഷ്യം. പ്രസ്തുത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അഞ്ച് സ്കൂളുകളിലൊന്ന് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 2002 മുതൽ പ്രവർത്തിച്ചുവരുന്ന

അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളാണ്. ടി സ്കൂളിൽ അഞ്ച് മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിലായി 120 പെൺകുട്ടികളും 120 ആൺകുട്ടികളുമുണ്ട്. പ്രസ്തുത സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സ്പോർട്സ് സ്കൂളുകളുടെയും കുറവുകൾ പരിഹരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എൻ.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ആർ. കെ. ജയപ്രകാശിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സമീപനരേഖയിൽ സർക്കാർ അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ എത്രയുവേഗം ഈ സ്കൂളിലും നടപ്പാക്കുമെന്ന് കരുതുകയാണ്. എന്നാൽ അതിനുമുമ്പായി അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ അടിയന്തരമായി ചെയ്യേണ്ട ചില കാര്യങ്ങൾകൂടി ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിവിധ ജില്ലകളിൽനിന്നും തീർത്തും അപരിചിതമായ സാഹചര്യത്തിലേയ്ക്ക് എത്തിച്ചേരുന്ന വിദ്യാർഥികൾക്ക് മതിയായ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. കൂടാതെ വിദ്യാർഥികളുടെ സംരക്ഷണ ചുമതല വഹിക്കുന്നതിനായി സ്കൂൾ കോമ്പൗണ്ടിനുള്ളിൽ സജ്ജമാക്കിയിട്ടുള്ള

ക്വാർട്ടേഴ്സുകളിൽ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, മറ്റ് അധ്യാപകർ എന്നിവർ താമസിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിലാണ് പ്രവർത്തിച്ചുവരുന്നത്. പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർഥികളുടെ കായികാഭിരുചി മെച്ചപ്പെടുത്തി വിദ്യാഭ്യാസത്തോടൊപ്പം കായിക പരിശീലനവും നൽകി അവരെ മികച്ച കായികതാരങ്ങളായി വാർത്തെടുക്കുകയെന്നതാണ് സ്കൂളിന്റെ പ്രവർത്തന ലക്ഷ്യം. പ്രസ്തുത സ്കൂളിലെ കായികാധ്യാപക നിയമനങ്ങൾ ഉൾപ്പെടെയുള്ള അക്കാദമിക് പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പും ഭരണനിർവഹണം പട്ടികജാതി വികസന വകുപ്പുമാണ് നിർവഹിച്ചുവരുന്നത്. വെള്ളായണിയിലെ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ

അധ്യാപക നിയമനം സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് 22-03-2017-ലെ 769/2017 ഉത്തരവുപ്രകാരം വ്യക്തമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റികൾ ഇന്റർവ്യൂ നടത്തിയാണ് അധ്യാപകരെ തിരഞ്ഞെടുക്കുന്നത്. ഈ സ്കൂളിലെ അധ്യാപകർ സ്കൂൾ കോമ്പൗണ്ടിലുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്നുണ്ടെന്നും രാത്രികാലങ്ങളിൽ വിദ്യാർഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ടെന്നും ക്വാർട്ടേഴ്സ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ രണ്ടുവീതം അധ്യാപകർ സ്കൂൾ ഹോസ്റ്റലിൽ താമസിച്ച് വിദ്യാർഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ടെന്നും പട്ടികജാതി വികസന ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണെന്നും നിയമിക്കപ്പെടുന്ന അധ്യാപകരുടെ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി വികസന ഡയറക്ടർ നിർദേശിക്കുന്നപക്ഷം ടി അധ്യാപകരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായി മൂന്ന് വർഷക്കാലം സേവനം അനുഷ്ഠിക്കണമെന്നും സ്കൂളിനോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സുകളിൽ താമസിച്ച്

അധ്യാപനം നടത്തണമെന്നുമുള്ള കർശന നിർദേശത്തോടെയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഈ സ്കൂളിൽ അധ്യാപക നിയമനം നടത്തിയിട്ടുള്ളത്. എന്നാൽ നിലവിൽ സ്കൂളിൽ ജോലി ചെയ്തുവന്നിരുന്ന അധ്യാപകർ സ്കൂൾ കാമ്പസിലെ ക്വാർട്ടേഴ്സുകളിൽ രാത്രികാലങ്ങളിൽ താമസിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിദ്യാർഥികളുടെ പഠനപ്രവർത്തനങ്ങളിൽ പോരായ്മയുള്ളതായി ചൂണ്ടിക്കാണിച്ച് പട്ടികജാതി വികസന വകുപ്പിൽനിന്നും അധ്യാപകർക്ക് കർശന നിർദേശം നൽകുകയും ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണി പൂർത്തീകരിച്ച് വാസയോഗ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ അറ്റകുറ്റപ്പണികൾ തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാണിച്ച് ടി ക്വാർട്ടേഴ്സുകളിൽ അധ്യാപകർ താമസിക്കാൻ തയ്യാറാകാത്ത സാഹചര്യത്തെത്തുടർന്ന് പ്രസ്തുത അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് ചെയ്യുകയും ടി അധ്യാപകരെ സ്കൂളിൽനിന്നും സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ നിബന്ധന ലംഘിക്കുന്ന അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക

നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. പട്ടികജാതി-പട്ടികവർഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ടി സ്കൂൾ സന്ദർശനവേളയിൽ അധ്യാപകർക്ക് അടിയന്തരമായി ക്വാർട്ടേഴ്സ് സൗകര്യം ഒരുക്കണമെന്ന് നിർദേശിച്ചതിനെത്തുടർന്ന് ആയതിന് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം അധ്യാപകർക്കായുള്ള ക്വാർട്ടേഴ്സ് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഫുട്ബോൾ, ജൂഡോ തുടങ്ങിയ കായിക ഇനങ്ങളിൽ ഇതിനോടകം ദേശീയ അംഗീകാരങ്ങൾ നേടിയിട്ടുള്ള ടി സ്കൂളിലെ കുട്ടികൾക്ക് സ്പോർട്സ് സയൻസുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച സിലബസ് അടുത്ത അധ്യയന വർഷം മുതൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ചില പ്രശ്നങ്ങൾ ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നുവെന്നത് മന്ത്രിയെന്ന നിലയിൽ സ്കൂൾ സന്ദർശിച്ചപ്പോൾ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. അക്കാര്യങ്ങൾകൂടി പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(6) തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയം നവീകരണം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ടാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. മലപ്പുറം ജില്ലയിലെ കളിസ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും വലുപ്പത്തിൽ രണ്ടാം സ്ഥാനമുള്ളതുമായ തിരൂരിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിന്റെ പ്രത്യേകത നഗരഹൃദയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പുഴയോരത്ത് സ്ഥിതി ചെയ്യുന്നുവെന്നതാണ്. ഭൂമിയുടെ വിലയനുസരിച്ച് 500 കോടി രൂപയെങ്കിലും മതിപ്പുവിലയുള്ള ഈ സ്ഥലം പഴയകാലത്ത് കളിസ്ഥലത്തിനുവേണ്ടി അനുവദിച്ച് കിട്ടിയതാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനുവേണ്ടി കിഫ്ബി മുഖേന പത്ത് കോടി രൂപ അനുവദിച്ചെങ്കിലും എം.ഒ.യു.-മായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ നാളിതുവരെ ടി.എസ്. നൽകി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അതായത്, മുനിസിപ്പാലിറ്റിയുടെ കഴിഞ്ഞ എൽ.ഡി.എഫ്. ഭരണസമിതി എം.ഒ.യു. അംഗീകരിക്കാൻ പ്രയാസമാണെന്ന് തീരുമാനമെടുത്തിരുന്നു. തുടർന്ന് വന്ന യു.ഡി.എഫ്.

ഭരണസമിതിയും അതേ നിലപാടാണ് സ്വീകരിച്ചത്. സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം സ്പോർട്സ് കൗൺസിലിനായിരിക്കും എന്നതാണ് എം.ഒ.യു.-വിലെ വ്യവസ്ഥകളിൽ ആദ്യത്തേത്. മറ്റൊന്ന്, മുനിസിപ്പാലിറ്റിക്ക് ഈ സ്റ്റേഡിയം ഉപയോഗിക്കേണ്ട ആവശ്യം വന്നാൽ 15 ദിവസംമുമ്പ് നോട്ടീസ് നൽകി സ്പോർട്സ് കൗൺസിലിൽനിന്നും അനുമതി വാങ്ങണമെന്നതാണ്. ഈ രണ്ട് കാര്യങ്ങളിന്മേലുള്ള തർക്കംമൂലമാണ് എം.ഒ.യു.-വിലെ വ്യവസ്ഥകൾ അംഗീകരിക്കാൻ സാധിക്കാത്തത്. ഇതുമായി ബന്ധപ്പെട്ട് ഏകദേശം പതിനഞ്ചോളം തവണ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുമായി ഞാൻ സംസാരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യങ്ങൾക്കുകൂടി ആവശ്യമുള്ള വളരെ പ്രധാനപ്പെട്ട കളിസ്ഥലമാണ് രാജീവ് ഗാന്ധി മെമ്മോറിയൽ സ്റ്റേഡിയം. ഇതുമായി ബന്ധപ്പെട്ട് 2021-ൽ തിരുർ ടി.ബി.-യിൽവച്ച് യോഗം ചേരുകയും തുടർന്ന് മന്ത്രിയുടെ ചേംബറിൽ പ്രത്യേക യോഗം ചേർന്ന് ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം നവീകരണം നടപ്പാക്കാമെന്ന് തീരുമാനമെടുത്തിരുന്നു. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയും ഞാനും

പങ്കെടുത്ത പൊതുപരിപാടിയിൽവച്ച് ജനങ്ങളുടെ ആവശ്യം പരിഗണിച്ച് പ്രസ്തുത തീരുമാനം നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്. ജൂലായ് 19-ാം തീയതി ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ എം.എൽ.എ.-യും മുനിസിപ്പാലിറ്റി ചെയർപേഴ്സണും സെക്രട്ടറിയും ജനപ്രതിനിധികളുമായി ചേർന്ന പ്രത്യേക യോഗത്തിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവച്ച ചില നിർദേശങ്ങൾ അംഗീകരിച്ചിരുന്നു. എന്നാൽ ജൂലൈ 19-ന് അംഗീകരിച്ച തീരുമാനം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആയത് അടിയന്തരമായി നടപ്പാക്കണം. രാജീവ് ഗാന്ധി മെമ്മോറിയൽ സ്റ്റേഡിയംപോലെ പൊതുജനങ്ങളുടെ കായികാവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന മറ്റൊരു സ്റ്റേഡിയം കേരളത്തിലില്ലെന്നത് ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട താനൂർ ഉപജില്ലയിലെ കുട്ടികൾ കായിക മത്സരങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് തിരൂർ സ്റ്റേഡിയമാണ്. സമീപത്തുള്ള സ്കൂളുകൾ, കോളേജുകൾ, കേരളോത്സവം, വിവിധ ക്ലബ്ബുകൾ എന്നിവയുടെ

കായികാവശ്യങ്ങൾക്ക് ഈ സ്റ്റേഡിയമാണ് ഉപയോഗിക്കുന്നത്. മാത്രമല്ല, പ്രഭാത സവാരിക്ക് സ്ത്രീകൾ ഉൾപ്പെടെ ആയിരത്തോളംപേർ നിത്യേന ഉപയോഗിക്കുന്ന സ്റ്റേഡിയമാണിത്. പൊതുജനങ്ങൾക്ക് കായികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ നിലവിലെ വ്യവസ്ഥയിൽ മാറ്റമുണ്ടാക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചിരിക്കുന്നത്. ജനങ്ങളുടെ കായികക്ഷമത ഉറപ്പുവരുത്താൻവേണ്ടിയാണ് കായിക വകുപ്പിന്റെ നേതൃത്വത്തിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നത്. 05-05-2018-ലെ സർക്കാർ ഉത്തരവുപ്രകാരം തിരുർ രാജീവ് ഗാന്ധി സ്റ്റേഡിയം നിർമ്മാണത്തിനായി പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിനായി 28-06-2019-ൽ കിഫ്ബിയിൽനിന്നും 7.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു.

കിറ്റ്കോ എസ്.പി.വി. ആയിരുന്ന പദ്ധതിയുടെ എസ്.പി.വി. ആയി 14-10-2022-ൽ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണപ്രവൃത്തി തുടങ്ങാൻ കായിക-യുവജന കാര്യാലയവും തിരൂർ മുനിസിപ്പാലിറ്റിയും എം.ഒ.യു. ഒപ്പുവയ്ക്കേണ്ടതുണ്ട്. ഇതുപ്രകാരം സർക്കാർ അംഗീകൃത എം.ഒ.യു.-വിന്റെ കരട് 03-08-2022-ന് മുനിസിപ്പാലിറ്റിക്ക് അയച്ചുകൊടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത യോഗങ്ങളിൽ എം.ഒ.യു. ഒപ്പിടാൻ മുനിസിപ്പാലിറ്റി സന്നദ്ധത അറിയിച്ചതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് പ്രതികരണം ലഭിക്കാത്തതിനെ തുടർന്ന് 11-11-2022, 17-01-2023, 03-04-2023 എന്നീ തീയതികളിൽ മുനിസിപ്പൽ സെക്രട്ടറിക്ക് കത്തുകൾ അയയ്ക്കുകയും പ്രസ്തുത വിഷയം 03-03-2023, 16-06-2023 എന്നീ തീയതികളിൽ കിഫ്ബിയിൽ ചേർന്ന യോഗങ്ങളിൽ ചർച്ച ചെയ്യുകയുമുണ്ടായി. ടി യോഗങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. പങ്കെടുത്തതാണ്. തുടർന്ന് എം.ഒ.യു.-വിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടതുപ്രകാരം 12-09-2023-ൽ മുനിസിപ്പാലിറ്റി മാറ്റം വരുത്തി സമർപ്പിച്ച എം.ഒ.യു.-വിൽ സർക്കാർ

അംഗീകൃത ധാരണാപത്രത്തിലെ അടിസ്ഥാന നിലപാടുകൾക്ക് വിരുദ്ധമായ നിരവധി കാര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ബന്ധപ്പെട്ട വകുപ്പിന്റെ അധികാരം പരിമിതപ്പെടുത്തിയും മുനിസിപ്പാലിറ്റിയെ അന്തിമ അധികാരിയായി നിശ്ചയിക്കുന്ന രീതിയിലുമുള്ള മാറ്റങ്ങളായിരുന്നു പുതുക്കിയ എം.ഒ.യു.-വിൽ ഉൾപ്പെടുത്തിയിരുന്നത്. കിഫ്ബി പദ്ധതിപ്രകാരമുള്ള പഞ്ചായത്ത്/മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് നിശ്ചിത ഫോർമാറ്റിലുള്ള ധാരണാപത്രം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഫീൽഡ് ഓഫ് പ്ലേയുടെ അധികാരം ഒന്നാംകക്ഷിയായ കായിക-യുവജനകാര്യ ഡയറക്ടറ്റിൽ നിക്ഷിപ്തമാണ്. ഫീൽഡ് ഓഫ് പ്ലേ എന്നാൽ സ്റ്റേഡിയത്തിന്റെ പൂർണ്ണമായ അധികാരം/ഉടമസ്ഥത എന്നല്ല ഉദ്ദേശിക്കുന്നത്. ടി തുക വിനിയോഗിച്ച് നിർമ്മിക്കുന്ന കളിക്കളത്തിന്റെ കളിക്കുന്ന ഭാഗമെന്ന് മാത്രമെ അതിനർഥമുള്ളൂ. ഇക്കാര്യത്തിലാണ് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥർക്ക് സംശയമുണ്ടായത്. നിർമ്മിക്കുന്ന ഘടകങ്ങളുടെ തുടർനടത്തിപ്പും പരിപാലനവും ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി മുഖേനയാണ് നടപ്പാക്കേണ്ടത്. അപ്രകാരം ചെയ്യാത്ത

സാഹചര്യത്തിൽ മാത്രമാണ് ഒന്നാംകക്ഷിയായ കായിക ഡയറക്ടർ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നത്. ഇക്കാര്യം വളരെ പ്രധാനപ്പെട്ടതാണ്. മുനിസിപ്പാലിറ്റി മാറ്റം വരുത്തിയ എം.ഒ.യു.-വിൽ ഫീൽഡ് ഓഫ് പ്ലേയുടെ അധികാരം രണ്ടാംകക്ഷിയായ മുനിസിപ്പാലിറ്റിക്ക് ആയിരിക്കുമെന്നും നടത്തിപ്പിന്റെയും പരിപാലനത്തിന്റെയും ചുമതലയുള്ള ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ മുനിസിപ്പൽ കൗൺസിലിന്റെ അനുമതിയോടുകൂടി മാത്രമെ ഒന്നാംകക്ഷിക്ക് ഫീൽഡ് ഓഫ് പ്ലേ ഏറ്റെടുക്കാൻ കഴിയുകയുള്ളുവെന്നും മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാൻ ഒന്നാംകക്ഷിയും രണ്ടാംകക്ഷിയും മുൻകാല അനുമതി വാങ്ങണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത വ്യവസ്ഥകൾ ധാരണാപത്രത്തിന്റെ പ്രസക്തിതന്നെ ഇല്ലാതാക്കുന്നതാണ്. നിലവിലെ സർക്കാർ തീരുമാനപ്രകാരം പ്രസ്തുത മാറ്റങ്ങൾ പ്രായോഗികമല്ലെന്ന് കായിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ഉൾപ്പെടെ 5 കോടിയോളം രൂപ ചെലവഴിച്ചാണ് തിരൂർ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണമടക്കമുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്തിയത്. എന്നാൽ ഇതെല്ലാം പരിപാലിക്കുന്നതിൽ കടുത്ത വീഴ്ചയാണ് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ കൃത്യമായ വ്യവസ്ഥകളോടുകൂടി മാത്രമെ ഇതിനായി കൂടുതൽ തുക വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. മുനിസിപ്പാലിറ്റി ഇതുവരെ ധാരണാപത്രം ഒപ്പിടാൻ തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിൽ സാങ്കേതിക കാരണങ്ങളാൽ കുടുങ്ങിക്കിടക്കുന്ന കിഫ്ബി പദ്ധതികളുടെ തുക കായിക മേഖലയിലെ മറ്റ് അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്ക് വിനിയോഗിക്കാൻ 19-09-2023-ലെ മന്ത്രിതല അവലോകന യോഗത്തിൽ തീരുമാനമെടുത്തിരിക്കുകയാണ്. നഗരസഭ ധാരണാപത്രത്തിൽ ഒപ്പിടാൻ സന്നദ്ധമാണെന്ന് കായിക വകുപ്പ് ഡയറക്ടറെ അറിയിക്കാൻ തയ്യാറാവുകയാണെങ്കിൽ പദ്ധതി നടപ്പാക്കാൻ കഴിയും. ഇക്കാര്യത്തിൽ കാലതാമസമുണ്ടാവുകയാണെങ്കിൽ 19-09-2023-ലെ യോഗതീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

11.04 AM]

VI റിപ്പോർട്ട് സമർപ്പണം

(1) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. വി. ശശി: സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ലെ അംഗമായ ഞാൻ 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അധ്യക്ഷയായ ഞാൻ 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

11.05 AM]

VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"ആരോഗ്യപരമായ കാരണങ്ങളാൽ 15-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിലെ നിയമസഭാ നടപടികളിൽ എനിക്ക് പങ്കെടുക്കാൻ കഴിയില്ലെന്ന വിവരം അറിയിച്ചുകൊള്ളുന്നു."

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-ന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുവാൻ അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭ അനുവാദം നൽകി)

സഭയുടെ അനുമതിയോടെ നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

11.05 AM]

VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ

(i) 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നിയുക്ത ബില്ലിൽ സൂചിപ്പിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണം നടത്തേണ്ടത് ബിൽ പ്രസിദ്ധീകരിച്ചശേഷം നിലവിൽ വന്ന 2023-ലെ Bharatiya Nagarik Suraksha Sanhita-യിലെ നടപടിക്രമങ്ങൾ അനുസരിച്ചാണ്. നിയുക്ത ബില്ലിലെ വ്യവസ്ഥകൾ ടി കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല. കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ

(തടയൽ) ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ 'സാക്ഷി സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനായി സഞ്ചിതനിധിയിൽനിന്നും അനാവർത്തകമായ ചെലവ് പ്രതീക്ഷിക്കുന്നു' എന്നാണ് ബില്ലിനോടൊപ്പമുള്ള ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പരിഗണനയ്ക്കെടുക്കണമെങ്കിൽ ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരം ഗവർണറുടെ മുൻകൂട്ടിയുള്ള ശിപാർശ ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ മനുഷ്യക്കടത്ത് പോലുള്ള പ്രശ്നങ്ങൾ ആവർത്തിക്കുന്നുവെന്ന ഗൗരവമേറിയ വിഷയം ചർച്ച ചെയ്യപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടാണ് പ്രസ്തുത വിഷയത്തിന്മേൽ ഒരു അനൗദ്യോഗിക ബിൽ സഭ മുമ്പാകെ കൊണ്ടുവരുന്നത്. രാജ്യത്തിന്റെ സുരക്ഷയും ഭദ്രതയും സാമൂഹ്യ-സമ്പദ്‌വ്യവസ്ഥയും ഉൾപ്പെടെയുള്ള സമസ്ത മേഖലകളെയും ദോഷകരമായി ബാധിക്കുന്ന ഒന്നായി മനുഷ്യക്കടത്ത് മാറിക്കൊണ്ടിരിക്കുന്നവെന്നതിൽ

യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ മനുഷ്യക്കടത്തിന് വിധേയരാകുന്ന വ്യക്തികളെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. സ്വന്തം നാട്ടിൽ നിലവാരമുള്ള തൊഴിലോ ജീവിത സാഹചര്യങ്ങളോ മതിയായ ശമ്പളമോ ലഭിക്കാത്തതിനാൽ മെച്ചപ്പെട്ട തൊഴിലും ജീവിതസാഹചര്യങ്ങളും ആഗ്രഹിച്ച് വ്യാജ ഏജൻസികൾ മുഖാന്തരം മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നവരാണ് ഇതിൽ അകപ്പെടുന്നത്. കുടുംബത്തെ നല്ലനിലയിൽ സംരക്ഷിക്കണമെന്ന അതിതീവ്രമായ ആഗ്രഹമാണ് ഇവരെ ജോലിക്കായി വിദേശരാജ്യങ്ങളിലേയ്ക്ക് പോകാൻ പ്രേരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതുപോലെ സാമ്പത്തികമായി ഏറെ ദുർബലരായ ജനവിഭാഗങ്ങളാണ് ഇത്തരം ചൂഷണങ്ങൾക്ക് വിധേയരാകുന്നത്. ഇവരുടെ പരിമിതമായ അറിവും വിദ്യാഭ്യാസ യോഗ്യതയും മുതലെടുത്ത് ചില ഏജൻസികൾ അവരെ ചൂഷണത്തിന് വിധേയരാക്കുകയും ഇതിലൂടെ ഇവർ മനുഷ്യക്കടത്തിന് ഇരകളാകുകയും ചെയ്യുന്നുവെന്നതാണ് യാഥാർഥ്യം. ഇത്തരം സംഭവങ്ങൾ ഒരിക്കലും ആവർത്തിക്കപ്പെടാൻ പാടില്ല.

[അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. യു. എ. ലത്തീഫ്]

കുവൈറ്റിലെ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് എൻ.ഐ.എ. റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നുവെന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മനുഷ്യക്കടത്തിന്റെ ഭാഗമായാണ് കംബോഡിയയിലേയ്ക്കും റഷ്യൻ പട്ടാളത്തിലേയ്ക്കും മലയാളികളെ റിക്രൂട്ട് ചെയ്തത്. കൂടാതെ വിവിധ റാക്കറ്റുകൾ അവയവ കച്ചവടംപോലുള്ള പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ലാവോസിലേയ്ക്കുള്ള മനുഷ്യക്കടത്തിനെതിരെ എൻ.ഐ.എ. കേസെടുത്തുവെന്നും മെഡിക്കൽ ടൂറിസത്തിന്റെ മറവിൽ ഇറാനിലേയ്ക്കുള്ള മനുഷ്യക്കടത്തിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുവെന്നുമാണ് അറിയാൻ സാധിച്ചത്. കേരളത്തിൽ ഇരുപത്തിയൊന്ന് മനുഷ്യക്കടത്ത് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ പതിനാല് എണ്ണത്തിന്റെ ചാർജ് ഷീറ്റ് നൽകിയെങ്കിലും അതിൽ ഒരാളുപോലും ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നാണ് 2016-ലെ കണക്കുകൾ വ്യക്തമാക്കുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ 339 മലയാളികൾ ഇത്തരം തട്ടിപ്പിന് ഇരയായിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അതിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് കാസർഗോഡ്

ജില്ലയിലാണ്. 75 മനുഷ്യക്കടത്ത് കേസുകളാണ് അവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കൂടാതെ ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ യഥാക്രമം 49, 45 എന്നിങ്ങനെയാണ് മനുഷ്യക്കടത്ത് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനിടെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ ഇത്തരത്തിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പൊലീസ് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം കേസുകളിലുൾപ്പെട്ട 457 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിവിധ റാക്കറ്റുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന ഏറ്റവും താഴെത്തട്ടിലുള്ളവരെ മാത്രമെ അറസ്റ്റ് ചെയ്യുന്നുള്ളൂവെന്നതാണ് വസ്തുത. എന്നാൽ ഗൂഢാലോചന നടത്തുന്ന യഥാർഥ വ്യക്തികൾ ഇപ്പോഴും കാണാമറയത്താണ്. അവരെ എങ്ങനെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയുമെന്നതിനെ സംബന്ധിച്ചുള്ള ഇടപെടലാണ് ആവശ്യം. കാരണം ഇതൊരു ഓർഗനൈസ്ഡ് ക്രൈമാണ്. നാട്ടിൽനിന്നും ജോലി വാഗ്ദാനം ചെയ്യപ്പെട്ട ഒരു വ്യക്തി വിദേശ രാജ്യത്തേയ്ക്ക് പോകുന്നതിൽ ക്രൈം ഇല്ല. എന്നാൽ, ആ വ്യക്തി വിദേശത്ത് എത്തിയശേഷം അദ്ദേഹത്തിന് നൽകിയ

വാശാനങ്ങൾക്ക് വിരുദ്ധമായ സന്ദർഭങ്ങൾ ഉണ്ടാകുമ്പോഴാണ് താൻ ചതിക്കപ്പെട്ടുവെന്ന് മനസ്സിലാക്കുന്നത്. തുടർന്ന്, അയാൾ അവിടെ തൊഴിലടിമയായി മാറുകയോ അവയവ കച്ചവടത്തിന്റെ ഭാഗമാകുകയോ ചെയ്യുകയാണ്. ഇങ്ങനെ എത്തപ്പെടുന്ന സ്ത്രീകൾ ലൈംഗിക ചൂഷണങ്ങൾക്ക് വിധേയരാകുന്ന സ്ഥിതിവിശേഷവുമുണ്ടാകുന്നു. അത്തരം സന്ദർഭങ്ങളാണ് കുറ്റകൃത്യമാകുന്നത്. ഒരു വ്യക്തി ജോലിക്കായി വിദേശത്തേയ്ക്ക് പോകുന്നത് കുറ്റകൃത്യമല്ല. എന്നാൽ അവിടെ എത്തിയശേഷമാണ് താൻ വഞ്ചിക്കപ്പെട്ടിരിക്കുന്നുവെന്ന് ബോധ്യപ്പെടുന്നത്. ആ സാഹചര്യത്തിൽ കേസെടുക്കാൻ കഴിയില്ല. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ തടയുകയെന്നതാണ് ഏറ്റവും പ്രധാനം. സംസ്ഥാനത്ത് നടക്കുന്ന ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് നോർക്കയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. ഇങ്ങനെ പോകുന്നവർക്ക് informative migration കൊണ്ടുവരണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. വിദേശത്തേയ്ക്കുപോകുന്നവർ നിർബന്ധമായും

നോർക്കയിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന നിയമം കൊണ്ടുവരുന്നതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം.

ഡോ. മാത്യു കുഴൽനാടൻ: സർ, മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഞെട്ടിക്കുന്ന ഒരു വാർത്ത അടുത്തകാലത്ത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. കേരളത്തിൽനിന്നുള്ള ഒരു ചെറുപ്പക്കാരൻ ഉക്രൈനിൽ പോയി അവിടെ സൈന്യത്തിൽ ചേർന്നിരുന്നു. യുദ്ധഭൂമിയിലായിരുന്ന അദ്ദേഹത്തെ തിരിച്ചറിഞ്ഞ് നാട്ടിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ മനുഷ്യക്കടത്തുകാർ തട്ടിക്കൊണ്ടുപോയതല്ലെന്നും സൈന്യത്തിൽ ചേരാൻ വന്നതാണെന്നും തിരിച്ചുവരുന്നില്ലെന്നും പറഞ്ഞു. സൈന്യത്തിൽ ചേർന്ന സമയത്തുതന്നെ അയാൾക്ക് ഉക്രൈൻ പൗരത്വം നൽകുകയും പാസ്പോർട്ട് അനുവദിക്കുകയുമുണ്ടായി. ഈ രീതിയിൽ മനുഷ്യക്കടത്തിന്റെ രൂപവും ഭാവവും മാറിയിരിക്കുകയാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്തരം ആളുകളുടെ പൗരത്വംപോലും മാറ്റപ്പെടുന്ന ഇതുപോലുള്ള സംഭവങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, റഷ്യൻ പട്ടാളത്തിലേയ്ക്ക് മലയാളികളെ റിക്രൂട്ട് ചെയ്യുന്നതിനെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. മലയാളി യുവാവ് ഉക്രൈനിലെത്തി സ്വമേധയാ അവിടത്തെ സൈന്യത്തിൽ ചേർന്ന കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ജോലിതേടി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന ധാരാളം ആളുകൾ ചതിക്കുഴിയിൽപ്പെടുന്ന സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മതിയായ തൊഴിൽ സാഹചര്യങ്ങൾ ഇല്ലാത്തതിന്റെ ഫലമായുണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സർക്കാർ ചിന്തിക്കണം. പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന ജോലി ലഭിക്കാത്ത സാഹചര്യത്തെക്കുറിച്ച് ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും വിശദമായി ചർച്ച ചെയ്തതുമാണ്. തൊഴിൽ അന്വേഷിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ന്യായമായ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷം മനുഷ്യക്കടത്തുമായി ചേർത്തുവായിക്കേണ്ടതുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഈ വിഷയം കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. 2018-ൽ The Trafficking of Persons (Prevention, Protection and Rehabilitation) Bill പ്രസിദ്ധീകരിച്ചെങ്കിലും ആയതിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിക്കാതെ ബിൽ ഇപ്പോഴും രാജ്യസഭയിൽ പെന്റിംഗിലാണ്. 2018-ൽ പ്രസിദ്ധീകരിച്ച ഏറെ പ്രാധാന്യമുള്ള ഈ ബിൽ 2024 ആയിട്ടും നിയമമാക്കാൻ കഴിയുന്നില്ലെന്നതിൽനിന്നും അതീവ ഗൗരവമേറിയ ടി വിഷയത്തെ കേന്ദ്ര ഗവൺമെന്റും ലളിതവൽക്കരിച്ചിരിക്കുന്നുവെന്നാണ് അനുമാനിക്കേണ്ടത്. പ്രസ്തുത ബില്ലിലെ വിവിധ വകുപ്പുകളിൽ സംസ്ഥാന ഗവൺമെന്റ് നിർവഹിക്കേണ്ട നിരവധി ചുമതലകളെ സംബന്ധിച്ചും പരാമർശിക്കുന്നുണ്ട്. സംസ്ഥാനത്തും ജില്ലകളിലും പൊലീസ് നോഡൽ ഓഫീസറെ നിയമിക്കണമെന്നും Anti-Trafficking Committee-കൾ രൂപീകരിക്കണമെന്നതുൾപ്പെടെ സംസ്ഥാന സർക്കാർ നിർവഹിക്കേണ്ട വിവിധ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് നിർദിഷ്ട ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ടി ബിൽ നിയമമാകുമ്പോൾ ഇക്കാര്യങ്ങളെല്ലാം

മാൻഡേറ്ററിയായി മാറുന്നതാണ്. അങ്ങനെ മാൻഡേറ്ററിയായാൽപ്പോലും ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ കൃത്യമായ ഏകോപനമുണ്ടാകാൻ പോകുന്നില്ലെന്ന വളരെ പ്രധാനപ്പെട്ട പ്രശ്നവും നിലനിൽക്കുന്നുണ്ട്. അതിനാൽ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സമഗ്രമായ നിയമനിർമ്മാണം നടത്തിയാൽ പൂർണ്ണതോതിലുള്ള ഏകോപനം കൊണ്ടുവരാൻ യാതൊരു തടസ്സവുമുണ്ടാകില്ല. കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന വിഷയത്തിൽ സംസ്ഥാന സർക്കാർ എങ്ങനെ ഇടപെടുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദിക്കുകയുണ്ടായി. ട്രാഫിക്കിങ്, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് The Child Labour (Prohibition and Regulation) Act, 1986; Juvenile Justice (Care and Protection of Children) Act, 2015; The Goa Children's Act 2003 എന്നിവ നിലവിലുണ്ട്. മനുഷ്യക്കടത്തും മനുഷ്യാവകാശ ലംഘനവുമുൾപ്പെടെയുള്ള വിവിധ വിഷയങ്ങൾക്കെതിരെ ഇതര സംസ്ഥാന സർക്കാരുകൾ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

The Kerala Essential Articles Control Act, 1986, Kerala Motor Vehicles Taxation Act, 1976, The Kerala Anti-Social Activities (Prevention) Act, 2007 എന്നിവ കേന്ദ്ര ആക്ടിന് വിധേയമായി സംസ്ഥാന സർക്കാർ നിർമ്മിച്ചതാണ്. അതിനാൽ ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അഥവാ അങ്ങനെയാണെങ്കിൽത്തന്നെ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയും ഒരുവിഭാഗം ജനങ്ങൾ ചൂഷണത്തിനിരയാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അങ്ങനെയൊരു സ്ഥിതിയിലേയ്ക്ക് അവരെ തള്ളിവിടേണ്ടതുണ്ടോയെന്ന് ചിന്തിക്കണം. മറ്റൊന്ന്, സംസ്ഥാനത്ത് അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് Education migration. നിരവധി വിദ്യാർഥികൾ പഠന ആവശ്യങ്ങൾക്കായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇങ്ങനെ പോകുന്ന വിദ്യാർഥികൾക്ക് അവിടത്തെ

മെറിറ്റോറിയസായുള്ള യൂണിവേഴ്സിറ്റികളിലോ ഇൻസ്റ്റിറ്റ്യൂട്ടുകളിലോ അഡ്മിഷൻ ലഭിക്കാതെ വരികയും കുട്ടികൾ അവിടെത്തന്നെ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ തേടി പോവുകയുമാണ് ചെയ്യുന്നത്.

ചെയർപേഴ്സൺ: ശ്രീ. അനൂപ് ജേക്കബ്, അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉടനെ നിർത്താം. അതുകൊണ്ട് ഇത്തരം വിദ്യാഭ്യാസ ഏജൻസികളെ മോണിറ്ററിങിന് വിധേയമാക്കേണ്ടതുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഏജൻസികൾ നിലവിലുണ്ടെങ്കിലും ധാരാളം കടലാസ് ഏജൻസികളും ഈ രംഗത്തേയ്ക്ക് കടന്നുവരുന്നുണ്ട്. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്കിടയിലെ മനുഷ്യക്കടത്തിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾതന്നെ പഠന കുടിയേറ്റവുമായി ബന്ധപ്പെട്ട് ഭാവിയിലുണ്ടാകാനിടയുള്ള ചൂഷണങ്ങൾ തടയാനുള്ള നടപടികളും മുൻകരുതലുകളും അടിയന്തരമായി സ്വീകരിക്കാൻ സാധിക്കണം. നിലവിലെ സാഹചര്യത്തിൽ കുടിയേറ്റങ്ങൾ തടയാനോ പൂർണ്ണമായി നിരോധിക്കാനോ സാധിക്കില്ല. കാരണം, അതെല്ലാം വ്യക്തികളുടെ അവകാശങ്ങളുടെയും

താൽപര്യങ്ങളുടെയും ഭാഗമാണ്. പക്ഷേ, അതിനെല്ലാം ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതും പാവപ്പെട്ട ജനങ്ങൾ ചൂഷണത്തിന് വിധേയരാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ പലപ്പോഴും സർക്കാരിന് അത് സാധിക്കാതെ പോകുന്നു. വളരെ മുമ്പുതന്നെ കേന്ദ്ര സർക്കാർ ഇത്തരമൊരു നിയമം കൊണ്ടുവരേണ്ടതായിരുന്നു. ക്രൈം നടന്നതിനുശേഷം അതിനെതിരെ ബഹളം വച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകണം. വിദേശ രാജ്യങ്ങളിൽ ജോലി തേടി പോകുന്നവർ നിർബന്ധമായും നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്യണമെന്ന മാനദണ്ഡം ഏർപ്പെടുത്തിയാൽ ഇതുപോലുള്ള കുറ്റകൃത്യങ്ങൾ ഒരുപരിധിവരെ തടയാൻ സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2022-ലെ ജനവാസ മേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2022-ലെ ജനവാസ മേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അക്രമകാരികളായ (അക്രമസ്വഭാവമുള്ള) മൃഗങ്ങളെ സുരക്ഷിത വാസസ്ഥലത്തേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ബഹുമാനപ്പെട്ട അംഗം ബിൽ കൊണ്ടുവന്നിരിക്കുന്നത്. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുന്നതിന് കൃത്യമായ മാർഗനിർദേശങ്ങളും അനുവാദവും

നൽകുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ അൻപതോളം ആനകളെ പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ഒരു ആന പുനരധിവാസ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കോടനാടും ധോണിയിലും സമാനമായ രീതിയിൽ ആന പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കടുവ സംരക്ഷണത്തിനായി വയനാട്ടിൽ മറ്റൊരു കേന്ദ്രവും പ്രവർത്തനമാരംഭിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലെ സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാകുന്നതോടുകൂടി ഈ പ്രവർത്തനം കൂടുതൽ ത്വരിതപ്പെടുത്താൻ സാധിക്കും. കോഴിക്കോട് ജില്ലയിൽ സമാനമായ രീതിയിൽ ഒരു ബയോളജിക്കൽ പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ജനവാസമേഖലകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അക്രമകാരികളായ മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് നിലവിലെ നിയമങ്ങളനുസരിച്ചുള്ള നടപടികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി തെരുവുനായ ശല്യത്തിനെതിരെ ഫലപ്രദമായ പ്രവർത്തനം നടത്തിവരുന്നുണ്ട്. ആയതിനാൽ ചർച്ചകളിലൂടെ പരിഹാരം

കണ്ടെത്താവുന്ന പ്രസ്തുത വിഷയത്തിന്മേൽ പുതിയ നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ല. ബില്ലിൽ പരാമർശിക്കപ്പെട്ട രണ്ട് വിഷയങ്ങളിലും നിലവിലെ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന് നിർബന്ധിക്കരുതെന്ന് ബഹുമാനപ്പെട്ട അംഗത്തോട് അഭ്യർഥിക്കുകയാണ്. നിലവിൽ ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ലെന്നാണ് സർക്കാരിന്റെ നിലപാട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തെരുവുനായ്ക്കളുടെ കാര്യത്തിൽ നിലവിൽ ബാധകമായിട്ടുള്ള ABC (Animal Birth Control) റൂൾസ് പ്രകാരം മാത്രമെ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ വളരെ കർക്കശമായതിനാൽ ആയത് ലഘൂകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത നിയമപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെയും നായ്ക്കളെയും സുരക്ഷിത സ്ഥലങ്ങളിലേയ്ക്ക്

പുനരധിവസിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഞാൻ നിർബന്ധിക്കുകയാണ്. കാട്ടാനകളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യങ്ങളിൽ പ്രതീക്ഷയില്ലാത്തതിനാൽ ടി വിഷയത്തെ സംബന്ധിച്ച് ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. തെരുവുനായ്ക്കളെയും തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വളർത്തുമൃഗങ്ങളെയും സുരക്ഷിതമായ വാസസ്ഥലങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കണമെന്നാണ് ബില്ലിലൂടെ ആവശ്യപ്പെടുന്നത്. ഒരു മൃഗസ്നേഹിയായ എനിക്ക് ഡൽഹിയിൽവച്ച് നായയുടെ കടിയേറ്റിട്ടുണ്ട്. അതുകൊണ്ട് നായ്ക്കളുടെ ആക്രമണം എങ്ങനെയിരിക്കുമെന്നും ആറോളം നായ്ക്കൾ കൂട്ടത്തോടെ ആക്രമിച്ചാലുണ്ടാകുന്ന മാനസികവേദന എന്തായിരിക്കുമെന്നും എനിക്ക് നന്നായി അറിയാം. ഇക്കാര്യത്തിൽ എന്ത് പ്രതിരോധ മാർഗ്ഗമാണ് സ്വീകരിക്കാൻ സാധിക്കുന്നത്? ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പല വിദേശരാജ്യങ്ങളും സന്ദർശിച്ചിട്ടുള്ള ആളാണല്ലോ; അവിടെ

എവിടെയെങ്കിലും അലഞ്ഞുതിരിഞ്ഞ് നടക്കുകയോ ആളുകളെ ഉപദ്രവിക്കുകയോ ചെയ്യുന്ന നായ്ക്കളെ കണ്ടിട്ടുണ്ടോ? തെരുവുനായ്ക്കളെ ഒന്നടങ്കം കൊന്നുകളയണമെന്നല്ല ഞാൻ പറയുന്നത്. അവയെ ഇത്തരത്തിൽ തെരുവിൽ ഉപേക്ഷിക്കുന്നത് ആരാണ്? വീട്ടിൽ വളർത്തുന്ന നായയ്ക്ക് അസുഖം വന്നാലോ പ്രായമായാലോ യജമാനന്മാർതന്നെയാണ് അതിനെ ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി ഉപേക്ഷിക്കുന്നത്. പിന്നീട് ഭക്ഷണമോ സംരക്ഷണമോ ലഭിക്കാത്ത നായ്ക്കൾ പരിസരവാസികളെയും സ്കൂളുകളിലേയ്ക്ക് പോകുന്ന കുഞ്ഞുങ്ങളെയും ആക്രമിക്കുകയും വീടുകളിൽക്കയറി വളർത്തുമൃഗങ്ങളെ കടിച്ചുകൊല്ലുകയും ചെയ്യുന്നു. ഇത്തരം വാർത്തകൾ സാമൂഹ്യമാധ്യമങ്ങളിലൂടെ നിരന്തരം കേൾക്കുകയാണ്. "പട്ടിക്കുട്ടം ആക്രമിച്ച 10 വയസ്സുകാരൻ ജെയിനിന്റെ കീറിമുറിഞ്ഞ ശരീരം അധികാരികളുടെ അത്ര കഠിന ഹൃദയമുള്ളവർക്കല്ലാതെ കണ്ടുനിൽക്കാനാവില്ല" എന്ന് ദീപിക പത്രത്തിൽ വന്ന വാർത്ത ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേത് കഠിനഹൃദയമാണെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. കണ്ണൂർ ശ്രീകണ്ഠപുരം മടമ്പത്ത് അഞ്ചാം ക്ലാസ്

വിദ്യാർഥിയായ കുഞ്ഞിന്റെ അരയ്ക്കുതാഴെ പലയിടത്തും മാംസമില്ല. രാവിലെ സ്കൂളിലേയ്ക്ക് പോകുന്നതിനിടയിൽ കൂട്ടത്തോടെയെത്തിയ ആറ് തെരുവുനായ്ക്കൾ കുട്ടിയെ ആക്രമിക്കുകയായിരുന്നു. കുട്ടിക്ക് അടിയന്തര ശസ്ത്രക്രിയ നടത്തേണ്ടിവന്നു. നിലവിളി കേട്ട് നാട്ടുകാർ ഓടിയെത്തിയില്ലായിരുന്നെങ്കിൽ അവനും നിഹാലിന്റെ വിധിയുണ്ടാകുമായിരുന്നു. നിഹാൽ ആരാണ്? കണ്ണൂർ മുഴപ്പിലങ്ങാട് സംസാരശേഷിയില്ലാത്ത നിഹാൽ നിഷാദ് എന്ന പതിമൂന്ന് വയസ്സുകാരനെ നായ്ക്കൾ കടിച്ചുകീറി കൊലപ്പെടുത്തിയ സംഭവമുണ്ടായത് ഒരുവർഷം മുമ്പാണ്. നമുക്കും മക്കളുള്ളതല്ലേ? തെരുവുനായ്ക്കളെ കൊല്ലണമെന്നല്ല പറയുന്നത്. അവയ്ക്ക് നമ്പർ നൽകാൻ നടപടിയുണ്ടാകണം. സംസ്ഥാനത്ത് തെരുവുനായ്ക്കൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? സംസ്ഥാനത്ത് 8 ലക്ഷത്തിലധികം തെരുവുനായ്ക്കളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. തെരുവുനായ്ക്കളെ രജിസ്റ്റർ ചെയ്യുകയും അവയ്ക്ക് കൃത്യമായി ഭക്ഷണം നൽകുകയും വേണം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുൻകൈയെടുത്താൽ തദ്ദേശസ്വയംഭരണ

വകുപ്പിന്റെ സഹകരണത്തോടെ ഓരോ പഞ്ചായത്തിലും തെരുവുനായ്ക്കൾക്കായി ഷെൽട്ടർ നിർമ്മിക്കാൻ സാധിക്കും. ഒരു പഞ്ചായത്തിൽ ഏകദേശം ഇരുപതോളം നായ്ക്കൾ മാത്രമെയുണ്ടാവുകയുള്ളൂ.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട അംഗം വളരെ ശ്രദ്ധേയമായ ഒരു ബില്ലാണ് അവതരിപ്പിച്ചത്. എന്റെ വീട്ടിൽ ബോൾട്ട്, ലില്ലിക്കുട്ടി എന്നീ പേരുകളുള്ള രണ്ട് നായ്ക്കുട്ടികളുണ്ട്. ഈ രണ്ട് നായ്ക്കുട്ടികളെയും ഞാൻ തെരുവിൽനിന്നും എടുത്ത് വളർത്തിയതാണ്. പക്ഷേ, അവയ്ക്ക് നിയമപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തെരുവിൽനിന്നുള്ള നായ്ക്കുട്ടികളെ സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ ഒരു അഡോപ്ഷൻ സെന്റർ വേണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തീർച്ചയായും. ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.-മാരും ഇതുപോലെ തെരുവിൽനിന്നും നായ്ക്കളെ എടുത്തുവളർത്തിയാൽ അത് മാതൃകാപരമായ ഒരു

പ്രവർത്തനമാകുമെന്ന കാര്യത്തിൽ സംശയമില്ല. അക്കാര്യത്തിൽ ശ്രീ. പി. വി. ശ്രീനിജിനെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇത് എല്ലാവരും വളരെ താൽപര്യത്തോടെ നോക്കിക്കാണുന്ന ബില്ലായി മാറാൻ സാധ്യതയുണ്ട്. അതിനാൽ ബില്ലിന്റെ പേരിൽ ചെറിയ മാറ്റം വരുത്തുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കാരണം, 'അക്രമകാരികളായ മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ' എന്നതിനുപകരം 'പൊതുശല്യക്കാരായ മൃഗങ്ങളെ സുരക്ഷിത വാസസ്ഥലങ്ങളിലേയ്ക്ക് മാറ്റി പുനരധിവാസം ഉറപ്പാക്കൽ" എന്ന് മാറ്റുന്നത് നന്നായിരിക്കും. അങ്ങനെ പറയാനുള്ള കാരണംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ആദ്യമായി നിയമസഭാ സാമാജികനായി തിരഞ്ഞെടുക്കപ്പെട്ട സമയത്ത് സർക്കാർ സർവീസിൽനിന്നും വിരമിച്ച ഒരു ഉന്നത ഉദ്യോഗസ്ഥൻ ഒരുദിവസം രാത്രി എന്നെ വിളിച്ച് അടിയന്തരമായി ഒരു പ്രശ്നത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്താണ് പ്രശ്നമെന്ന് ചോദിച്ചപ്പോൾ, ഒരു

തെരുവുനായ ദിവസവും അദ്ദേഹത്തിന്റെ വീട്ടിൽനിന്നും ഒരു ചെരുപ്പുമാത്രം എടുത്ത് അടുത്ത പറമ്പിൽ കൊണ്ടിടുന്നുവെന്നും സ്ഥിരമായി ഇങ്ങനെ ശല്യപ്പെടുത്തുന്നതിനാൽ ഈ വിഷയത്തിൽ എം.എൽ.എ. എന്ന നിലയിൽ ഞാൻ ഇടപെടണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. വടിയോ മറ്റോ ഉപയോഗിച്ച് നായയെ ഓടിച്ചുവിട്ടാൽ പോരെയെന്ന് ചോദിച്ചപ്പോൾ മൃഗങ്ങൾക്കെതിരെ അത്തരമൊരു നിലപാട് സ്വീകരിച്ചാൽ പിന്നീട് അത് വലിയ പ്രശ്നമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ വിഷയം പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നും രണ്ട് പോലീസുകാരെ അവിടെ ഡ്യൂട്ടിക്ക് നിയോഗിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ ആവശ്യം. പൊതുശല്യക്കാരനായ ആ നായയെ നിരന്തരമായി അദ്ദേഹം കാണുന്നുണ്ട്. നിയമപരമായ കാര്യങ്ങൾ നിർവഹിച്ച് പരിചയമുള്ള അദ്ദേഹത്തിന് നിയമവിരുദ്ധമായ നിലപാടെടുക്കാൻ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള സംഭവങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ബില്ലിന്റെ പേരിലെ 'അക്രമകാരികളായ' എന്നതിനുപകരം 'പൊതുശല്യക്കാരായ' എന്ന് മാറ്റണമെന്ന അഭിപ്രായം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അങ്ങ് പറഞ്ഞ രീതിയിലുള്ള മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സംഭവത്തിൽ രണ്ട് ചെരുപ്പുകളും വീട്ടിനകത്ത് സൂക്ഷിച്ചാൽ ഒരു ചെരുപ്പുമാത്രം കൊണ്ടുപോകുന്നത് ഒഴിവാക്കാൻ കഴിയുമെന്നാണ് അതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തെരുവുനായ്ക്കളുടെ ശല്യത്തെക്കുറിച്ച് എല്ലാ മാധ്യമങ്ങളും വളരെ ഗൗരവപൂർവം ചർച്ച ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് ഏകദേശം 8 ലക്ഷത്തോളം തെരുവുനായ്ക്കളുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. തെരുവുനായ്ക്കളുടെ ശല്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതോടൊപ്പം വളരെ പ്രാധാന്യമുള്ള മറ്റൊരു വിഷയത്തിന്മേലുള്ള ചർച്ചകൂടി നടക്കുന്നുണ്ട്. ഇപ്പോൾ ആ വിഷയം ചർച്ച ചെയ്യുമ്പോൾ അത് തമാശയായോ അത്ര ഗൗരവമില്ലാത്ത വിഷയമായോ തോന്നിയേക്കാം. നാഗാലൻഡ്, കൊറിയ തുടങ്ങിയ പ്രദേശങ്ങളിലെ ആളുകൾ തെരുവുനായ പോലുള്ള മൃഗങ്ങളെ ഭക്ഷണമായി ഉപയോഗിക്കുന്നുണ്ട്.

അങ്ങനെയാണെങ്കിൽ അതൊരു ഓപ്ഷനായി സ്വീകരിക്കാൻ സാധിക്കുമോ എന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാമ്പ്, നായ എന്നിവയുടെ മാംസം ഭക്ഷണമായി ഉപയോഗിക്കുന്ന രാജ്യങ്ങളുണ്ട്. അതെല്ലാം അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. നമ്മുടെ രാജ്യത്ത് അങ്ങനെ ചെയ്യാത്തതുകൊണ്ട് അതിനെക്കുറിച്ച് പറയാൻ സാധിക്കില്ല. തെരുവുനായ്ക്കളെ കൊല്ലണമെന്നോ അവയെ ഭക്ഷണമായി ഉപയോഗിക്കണമെന്നോ അല്ല ഞാൻ ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. തെരുവുകളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ അതത് പഞ്ചായത്ത് അധികൃതർ മുഖേന പിടിച്ച് അവയ്ക്ക് സുരക്ഷിതമായ വാസസ്ഥലമൊരുക്കുകയും ഭക്ഷണം നൽകുകയും ഇതിനായി പ്രത്യേകം വേതനം നൽകി ആളുകളെ നിയോഗിക്കുകയും ചെയ്യണം. ഇതിനായി ടാക്സ് ഈടാക്കാനുള്ള നടപടി സ്വീകരിച്ചോളൂ. എല്ലാമാസവും അഞ്ച് രൂപവീതം നൽകാൻ ഞാൻ തയ്യാറാണ്. ഇക്കാര്യത്തിന് കേരളത്തിലെ ജനങ്ങൾ മാസംതോറും അഞ്ചുരൂപയല്ല, നൂറ് രൂപ വീതം നൽകാനും തയ്യാറാകും.

തെരുവുനായ്ക്കളെ ഒരു ഷെൽറ്ററിൽ താമസിപ്പിച്ച് ഭക്ഷണവും മരുന്നും നൽകുകയും അവയ്ക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ചെയ്യണം. ശ്രീ. പി. വി. ശ്രീനിജിൻ സൂചിപ്പിച്ചതുപോലെ ഇത്തരം ഷെൽറ്ററുകളിൽനിന്ന് ആർക്കുവേണമെങ്കിലും നായ്ക്കളെ അഡോപ്റ്റ് ചെയ്യാവുന്ന സംവിധാനവും ഏർപ്പെടുത്തണം. ഞാൻ ദിവസവും രാവിലെ നടക്കാൻ പോകുന്ന ആളാണ്. ഒരു ദിവസം രാവിലെ നടക്കാനിറങ്ങിയപ്പോൾ സമീപത്തെ വീട്ടിൽനിന്നും ഒരു നായ ഉപദ്രവിക്കാനായി എന്റെ അടുത്തേയ്ക്ക് ഓടിവന്നു. എന്നെ കടിച്ചതുകൊണ്ട് ഒരു ഗുണവുമില്ലെന്ന് നായ മനസ്സിലാക്കിയതുകൊണ്ടായിരിക്കാം എന്നെ ഉപദ്രവിച്ചില്ല. വളരെ ഗൗരവമേറിയ വിഷയമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഇവിടെയിരിക്കുന്ന എല്ലാവർക്കും നായ്ക്കളെ ഭയമാണ്. എന്റെ മക്കൾ തനിയെ വീടിന് പുറത്തോ പള്ളിയിലോ പോകുമ്പോൾപോലും നായ്ക്കൾ ഉപദ്രവിക്കുമോയെന്ന ഭയം എനിക്കുണ്ട്. കുട്ടികളെയെന്ന പോലെതന്നെ മുതിർന്നവരെയും ഉപദ്രവിക്കുന്ന നായ്ക്കൾക്ക് അനുയോജ്യമായ വാസസ്ഥലമൊരുക്കുകയാണ് വേണ്ടത്. വന്യമൃഗ ആക്രമണവുമായി

ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. കാരണം, അതിന് പ്രത്യേക നിയമം നിലവിലുണ്ട്. മാലിന്യനിർമ്മാർജ്ജനം ചെയ്യുന്നതുപോലെതന്നെ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തുകൾക്കായി നിയമം രൂപീകരിക്കേണ്ടതുണ്ട്. യജമാനന്മാരുമായി വളരെയധികം ഇണങ്ങുന്ന നായകൾക്ക് അവരുടെ യജമാനന്മാരോട് വലിയ സ്നേഹമായിരിക്കും, എന്നാൽ മറ്റുള്ളവരോട് അത്ര സ്നേഹമുണ്ടായിരിക്കില്ല. തെരുവുനായ്ക്കൾക്ക് യജമാനന്മാരില്ല. തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി പ്രത്യേക നിയമം കൊണ്ടുവരികയും ആയത് പഞ്ചായത്തുകൾ കൃത്യമായി പാലിക്കുകയും ചെയ്താൽ അവയെ സുരക്ഷിതസ്ഥലങ്ങളിലേയ്ക്ക് മാറ്റാൻ സാധിക്കും. ഈ രീതിയിലുള്ള ചിന്തയുണ്ടാകേണ്ടത് അത്യാവശ്യമാണ്.

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എല്ലാവർക്കും ചോദിക്കാനായി വഴങ്ങിക്കൊടുത്താൽ അങ്ങയുടെ സമയമാണ് നഷ്ടപ്പെടുന്നത്. മാത്രമല്ല, രണ്ടുമൂന്ന് ബില്ലുകൾ ഇനിയും പരിഗണിക്കാനുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ബിൽ വളരെ പ്രസക്തമാണ്. തെരുവുനായ്ക്കളുടെ ശല്യം അതീവ

ഗുരുതരമായൊരു പ്രശ്നമാണ്. ഒരുമാസം മുമ്പ് ഞാൻ കോഴിക്കോട് റെയിൽവെ സ്റ്റേഷനിലെത്തിയപ്പോൾ ഏഴ് നായ്ക്കളുടെ ഒരു കൂട്ടം പ്ലാറ്റ്ഫോമിലൂടെ വിരാജിക്കുന്ന കാഴ്ച കാണുകയുണ്ടായി. പല റെയിൽവെ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും ആളുകളെത്തുന്ന സ്ഥലങ്ങളിലും തെരുവുനായ്ക്കൾ ആളുകളെ മുട്ടിയുരുമ്മി പോകുന്ന സാഹചര്യമുണ്ട്. തെരുവുനായ്ക്കൾ മാത്രമല്ല പൊതുശല്യക്കാരായ ധാരാളം മൃഗങ്ങൾ വേറെയുമുണ്ട്. കാട്ടാന, കടുവ മുതലായ മൃഗങ്ങൾ നാട്ടിൻപുറങ്ങളിലെത്തി കൃഷി നശിപ്പിക്കുകയും മനുഷ്യരെ ഉപദ്രവിക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. രണ്ടാഴ്ചമുമ്പ് ഒരു ദിവസം രാവിലെ 4 മയിലുകൾ എന്റെ വീടിനുമുന്നിലൂടെ നൃത്തം വച്ചുപോകുന്ന കാഴ്ച കാണാനിടയായി. ഇതുപോലെ പല മൃഗങ്ങളും പക്ഷികളും നാട്ടിൻപുറങ്ങളിലെത്തി ശല്യക്കാരാകുന്ന സാഹചര്യമുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. മയിലുകൾ നാട്ടിലിറങ്ങുന്ന കാഴ്ച കാണാൻതന്നെ ഒരു ഭംഗിയാണ്. നായ്ക്കളുടെ കാര്യം തികച്ചും

വിഭിന്നമാണ്. നായ്ക്കൾ എല്ലായിടത്തുമുണ്ട്, എന്നാൽ മയിലുകൾ ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീനെ പോലുള്ള മാന്യന്മാരായ ആളുകളുടെ വീടുകളിൽമാത്രം വന്നുപോകുന്ന പാവപ്പെട്ടൊരു പക്ഷിയാണ്. സംസ്ഥാനത്ത് ABC (Animal Birth Control) പ്രോഗ്രാമിലൂടെ തെരുവുനായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നുണ്ട്. ABC പ്രോഗ്രാമിലൂടെ ആൺനായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയാലും ഒരു പ്രയോജനവുമില്ല. നമ്മൾ നിയമസഭയിലേയ്ക്ക് വരുന്ന സമയത്ത് എത്രമാത്രം തെരുവുനായ്ക്കളാണ് നിയമസഭാ പരിസരത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്നതെന്ന് നിരന്തരം കണ്ടുകൊണ്ടിരിക്കുകയാണ്. നിയമസഭാ കോമ്പൗണ്ടിനുള്ളിലും എം.എൽ.എ. ഹോസ്റ്റൽ പരിസരത്തും റെയിൽവെ സ്റ്റേഷൻ ഉൾപ്പെടെയുള്ള പൊതുയിടങ്ങളിലുമെല്ലാം നായ്ക്കൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. രാത്രികാലങ്ങളിൽ സ്ഥിരമായി എന്റെ വീട്ടിൽ വരുന്ന നായ്ക്കളുടെ ആക്രമണം പേടിച്ച് ഞാൻ അവയ്ക്ക് ഭക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമായതിനാൽ ഈ വിഷയം ചർച്ച ചെയ്ത് കേരളത്തെ തെരുവുനായ വിമുക്തമാക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ വരാൻ പോകുന്ന

അപകടം വളരെ വലുതാണ്. തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട എത്ര ലക്ഷം കേസുകളാണ് ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ കഴിഞ്ഞ രണ്ടുദിവസത്തിനുള്ളിൽ 48 പേരെയാണ് തെരുവുനായ്ക്കൾ ആക്രമിച്ചത്.

ശ്രീ. സണ്ണി ജോസഫ്: സർ, വളർത്തുനായ്ക്കളെ തെരുവിൽ അലഞ്ഞുതിരിയാൻ വിടുന്ന ഉടമസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, യഥാർഥത്തിൽ വീടുകളിൽ വളർത്തുന്ന നായ്ക്കളാണ് തെരുവുനായ്ക്കളായി മാറുന്നത്. ഒരു വീട്ടിലെ വളർത്തുനായ പ്രസവിക്കുന്ന നായ്ക്കുട്ടികളുടെ എണ്ണം, അവയെ ആർക്കെങ്കിലും കൈമാറിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അതത് പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാറുണ്ടോ? മൃഗസംരക്ഷണ വകുപ്പും ബന്ധപ്പെട്ട പഞ്ചായത്ത് ഉദ്യോഗസ്ഥരുമല്ലേ ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടത്? തെരുവുനായ്ക്കളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗവൺമെന്റ് വളരെ

ഗൗരവത്തോടെ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നതോടൊപ്പം അതിനായി നിർബന്ധിക്കുകയാണ്. ഈ ബിൽ ഒരു നിയമമായി കൊണ്ടുവന്ന് കേരളത്തിലെ ജനങ്ങളെ രക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു. ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2024-ലെ കേരള അഗ്നിശമനസേനാ (ഭേദഗതി) ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള അഗ്നിശമനസേനാ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 1962-ലെ കേരള ഫയർ ഫോഴ്സ് നിയമം സമഗ്രമായി

പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ ബിൽ പരിഗണിക്കേണ്ടതില്ല.

ഡോ. എൻ. ജയരാജ്: സർ, 1962-ലെ കേരള ഫയർ ഫോഴ്സ് നിയമം ഭേദഗതി ചെയ്യാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പ്രഖ്യാപിച്ചത് സന്തോഷകരമാണ്. കേരളത്തിലെ അഗ്നിശമനസേനയുടെ ആരംഭകാലത്ത് തീ കെടുത്തലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായിരുന്നു മുൻതൂക്കം നൽകിയിരുന്നതെങ്കിൽ പിൽക്കാലത്ത് വിപുലമായ മറ്റ് മേഖലകളിലേയ്ക്കുകൂടി അതിന്റെ പ്രവർത്തനം വ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ അഗ്നിശമനസേനാ വിഭാഗം ആഭ്യന്തര വകുപ്പിന്റെ ഭാഗമാണെങ്കിലും ഡയറക്ടർ ജനറൽ ഓഫ് ഫയർ സർവീസിന്റെ നിയന്ത്രണത്തിലാക്കി പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. അതോടൊപ്പം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടിയുണ്ട്. അതായത്, സംസ്ഥാനത്തെ അഗ്നിശമനസേനാ വിഭാഗത്തിന്റെ പ്രവർത്തനമേഖല

ഇത്രയധികം വിപുലീകരിക്കപ്പെട്ട സാഹചര്യത്തിലും 1962-ലെ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ കാലതാമസം നേരിട്ടതിനുള്ള കാരണമെന്താണെന്ന് അറിയില്ല. കേരള ഫയർ ഫോഴ്സിനെ 2002-ൽ കേരള ഫയർ & റെസ്ക്യൂ സർവീസസ് എന്ന് പുനർനാമകരണം ചെയ്തെങ്കിലും നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല എന്നതാണ് ഈ ബിൽ അവതരിപ്പിക്കാനുണ്ടായ പ്രധാനപ്പെട്ട കാരണം. 2016-ലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിലെ Para 5.1.3.- Formulation of Act and Rules-ൽ "The National Disaster Management Authority (NDMA) established under the provisions of the Disaster Management Act 2005, issued Guidelines (April 2012), which recommended all States to enact Fire Force Act for providing fire safety norms in respect of all high rise buildings, residential clusters, colonies, business centres, malls, etc. The Guidelines also required that the Fire Force Act should provide for legal and penal action against fire safety defaulters,....." എന്നീ കാര്യങ്ങൾ സൂചിപ്പിച്ചശേഷം "In order to frame a Central Legislation on Fire safety in the country, Government of India (GOI) forwarded (July 2014)

a draft Fire Safety Bill to GOK for getting its views. GOK advised (August 2014) Director General (DG) to submit a draft Fire Safety Bill by September 2014 incorporating the provisions of the draft Fire Safety Bill of GOI. The DG submitted (April 2015) the draft of Kerala Fire Prevention and Life Safety Measures Bill to GOK, which he later withdrew (December 2015) stating deficiencies in the draft Bill. Subsequently, a committee was constituted (April 2016) by the then DG which submitted (May 2016) both the Act and Rules to the DG which was yet to be submitted to GOK (December 2016)" എന്ന് വളരെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. "Non-enactment of new Fire Force Act in line with the NDMA Guidelines (April 2012), lowered the operational efficiency of the Fire and Rescue Department in ensuring adequacy of fire safety norms in the high risk/vulnerable buildings as discussed in the subsequent paragraphs" എന്നും അതിൽ പറഞ്ഞിട്ടുണ്ട്. 1962-ലെ കേരള ഫയർ ഫോഴ്സ് നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് 2016-ലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ

പരാമർശമുണ്ടായിട്ടും തുടർന്നുള്ള എട്ട് വർഷക്കാലത്തോളം ഇക്കാര്യത്തിൽ വളരെയേറെ അനവധാനത ഉണ്ടായിയെന്ന് പറയാതിരിക്കാൻ കഴിയില്ല. 1962-ലെ കേരള ഫയർ ഫോഴ്സ് ആക്ടിന്റെ പേരുപോലും നാളിതുവരെ മാറ്റിയിട്ടില്ല. അതിനാൽ ഈ ആക്ടിന്റെ പേര് മാറ്റണമെന്നതാണ് ഒരു ഭേദഗതി. ഓഫീസുകളുടെ എണ്ണം വർധിപ്പിക്കണമെന്നും കെട്ടിടങ്ങളെ തരംതിരിക്കണമെന്നുമാണ് ബില്ലിലെ മറ്റൊരു ഭേദഗതിയിലൂടെ പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. കാരണം ഓരോ കെട്ടിടങ്ങളും വ്യത്യസ്ത രീതിയിലുള്ളതാണ്.

[അധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഫയർ ഫോഴ്സ് സ്റ്റേഷൻ അനുവദിക്കണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ഡോ. എൻ. ജയരാജ്: സർ, ഈ ബില്ലിൽ പ്രധാനമായും സൂചിപ്പിച്ചിരിക്കുന്ന കാര്യം ഫയർ സ്റ്റേഷനുകളുടെ എണ്ണം വർധിപ്പിക്കണമെന്നുള്ളതാണ്. കാരണം ആധുനിക കാലഘട്ടത്തിൽ

കെട്ടിടങ്ങളുടെ സ്വഭാവവും നിർമ്മാണ രീതികളും മാറിയിരിക്കുകയാണ്. എറണാകുളം ജില്ലയിലെ കലൂർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയുമായി ബന്ധപ്പെട്ടുണ്ടായ ദുരന്തം എല്ലാവരും ഓർക്കുന്നുണ്ടാകുമല്ലോ. ഇത്തരത്തിലുള്ള ആഘോഷങ്ങൾ നടക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ പ്രതിരോധിക്കാൻ നിയമത്തിൽ സമഗ്രമായ ഭേദഗതി വരുത്തേണ്ടതുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തീപിടുത്തമുണ്ടാകുമ്പോൾ ശമിപ്പിക്കാൻ സഹായിക്കുക എന്നത് മാത്രമാണ് അഗ്നിശമനസേനയുടെ ദൗത്യമെന്നതിനപ്പുറം കേരളത്തിൽ വ്യാപകമായുണ്ടാകുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലുംപോലുള്ള പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ ഏറെ മഹനീയമായ സേവനമാണ് അഗ്നിശമനസേന നൽകിവരുന്നത്. ബഹുമാനപ്പെട്ട അംഗം റിസ്കിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഇത്തരം ദുരന്തങ്ങളുണ്ടാകുമ്പോൾ മിറ്റിഗേഷനാണ് വേണ്ടതെന്ന് കഴിഞ്ഞദിവസം ഒരു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ

ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ന് ലോകത്ത് പലയിടത്തും ഡിസാസ്റ്റർ മാനേജ്മെന്റിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് സംസ്ഥാനത്തെ അഗ്നിശമനസേനയ്ക്ക് ഇത്തരം നൂതനമായ സാങ്കേതികവിദ്യകളിൽ വേണ്ടത്ര പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതോടൊപ്പം പ്രാദേശികമായി ദുരന്തനിവാരണ സേനകൾ രൂപീകരിക്കുകയെന്നതും വളരെ പ്രധാനപ്പെട്ടതാണ്. പ്രളയദുരന്തം ഏറ്റവും കൂടുതൽ നേരിട്ട പ്രദേശമായിരുന്നു റാന്നി. മലയോര മേഖലകളിൽ പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനങ്ങൾക്ക് ബോട്ട് ഉപയോഗിക്കാനും ആളുകളെ അടിയന്തരമായി അവിടെനിന്ന് ഒഴിപ്പിക്കാനുമുള്ള പരിശീലനം ലഭിക്കുകയെന്നത് വളരെ പ്രധാനമാണ്. അതുകൊണ്ട് പഞ്ചായത്തുതലത്തിൽ ഇത്തരം സേനകൾ രൂപീകരിക്കുന്നതിനുള്ള സാധ്യതകൂടി ബില്ലിൽ ഉൾപ്പെടുത്തുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഫയർ ഫോഴ്സ് ജീവനക്കാർക്ക് ശാസ്ത്രീയവും നവീനവുമായ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പരിശീലനം നൽകണമെന്ന പ്രധാനപ്പെട്ട കാര്യം ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഗ്നിശമനസേനാ വിഭാഗത്തെ ഇതുവരെ എമർജൻസി സർവീസായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ഈ വിഭാഗത്തെ എമർജൻസി സർവീസായി പ്രഖ്യാപിക്കേണ്ടതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ധാരാളം പ്ലൈവുഡ് കമ്പനികളുള്ള പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂർ. അവിടെ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആറേഴ് തവണ വലിയ തീപിടിത്തമുണ്ടാവുകയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിന് സമയബന്ധിതമായി എത്തിച്ചേരാൻ കഴിയാത്തതിനാൽ മുഴുവൻ സാധനങ്ങളും കത്തി നശിക്കുകയുമുണ്ടായി. അതിന് കാരണം ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ അഗ്നിശമന സേനയ്ക്ക് അവിടെയെത്താനുള്ള മാർഗ്ഗങ്ങളില്ലെന്നതാണ്. അഗ്നിശമന സേനയെ പരിഷ്കരിക്കാനും പുതിയ ഫയർ സ്റ്റേഷനുകളാരംഭിക്കാനും ഫയർ എഞ്ചിനുകളുടെ എണ്ണം

വർധിപ്പിക്കാനും നടപടി സ്വീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കിയില്ലെങ്കിൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള വലിയ തീപിടിത്തങ്ങൾ നിയന്ത്രിക്കുന്നത് ഏറെ ശ്രമകരമാകുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ബില്ലിലെ ഖണ്ഡം 34 (ഇ)-ൽ, ഒരംഗം ജോലിക്കിടയിൽ മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ ആവശ്യമായ സർക്കാർ സഹായങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലെ നിയമത്തിൽ ഇല്ലാത്തതിനാൽ അങ്ങനെയൊരു വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. അതോടൊപ്പം പ്രാദേശികമായ അവബോധം ഇക്കാര്യത്തിലുണ്ടാകണം. എസ്.പി.സി. പോലുള്ള സംവിധാനങ്ങളെ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, തേനീച്ച കുത്തി ആളുകൾക്ക് മരണംവരെ സംഭവിക്കുന്നുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ അങ്ങനെയൊരു മരണം സംഭവിക്കുകയും തൊട്ടടുത്ത ദിവസംതന്നെ മരണപ്പെട്ട ആളിന്റെ

കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യ. തേനീച്ച കുത്തി അപകടമുണ്ടാകുന്ന സന്ദർഭത്തിൽ ഫയർ ഫോഴ്സ് വിഭാഗത്തെ വിളിക്കുമ്പോൾ, അത് ഫയർ ഫോഴ്സിന്റെ ചുമതലയല്ലെന്നാണ് അവർ പറയുന്നത്. ഫോറസ്റ്റ് വകുപ്പിലെ ഉദ്യോഗസ്ഥരും അവരുടെ ചുമതലയല്ലെന്നാണ് പറയുന്നത്. ഫോറസ്റ്റിനകത്തും പുറത്തും ധാരാളം തേനീച്ച കൂടുകളുണ്ടാകും. തേനീച്ച കുത്തി മരണപ്പെടുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ ഇതിന്റെ ചുമതല ഏൽപ്പിക്കാനുള്ള നടപടി ബില്ലിന്റെ ഭാഗമായുണ്ടാകുമോ?

ഡോ. എൻ. ജയരാജ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ബില്ലിലെ ഖണ്ഡം 13 (സി)-ൽ ഇത്തരം അപകട സാധ്യതയുള്ള വസ്തുക്കളെ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ സർക്കാർ നോട്ടിഫിക്കേഷനിലൂടെ പ്രസിദ്ധീകരിക്കണമെന്നും അവയുടെ വ്യാപനവും ഉപയോഗവും അതുമായി ബന്ധപ്പെട്ട വ്യാപാരവും മറ്റും ഒരു റെഗുലേഷനിലൂടെ നിയന്ത്രിക്കാനാവശ്യമായ പ്രൊപ്പോസൽ സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാകണമെന്നും അത് നിയമത്തിൽ ഉൾപ്പെടുത്തണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. 1962-ലെ നിയമമാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളത്. അതിനുശേഷം കെട്ടിട നിർമ്മാണ രീതിയിൽ ധാരാളം മാറ്റങ്ങളുണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണ നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് നിയമങ്ങൾ നിലവിലുണ്ടെങ്കിലും ആയത് കൃത്യമായി പാലിക്കാത്തതിനാൽ അഗ്നിശമനസേനയ്ക്ക് പലപ്പോഴും അപകടസ്ഥലത്തേയ്ക്ക് എത്താൻ സാധിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിലുണ്ടായ പ്രളയസമയത്ത് ഇക്കാര്യം നമ്മൾ നേരിട്ട് അനുഭവിച്ചതാണ്. കോട്ടയം ജില്ലയിൽ പ്രളയമുണ്ടായ സമയത്ത് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അഗ്നിശമനസേനയ്ക്ക് അടിയന്തരമായി ആവശ്യമായ ഉപകരണങ്ങളില്ലായിരുന്നു. പലപ്പോഴും ജീവനക്കാർക്ക് കൃത്യമായ പരിശീലനംപോലും ലഭിക്കുന്നില്ലെന്നതാണ് യാഥാർഥ്യം. ശ്രീ. പ്രമോദ് നാരായൺ സൂചിപ്പിച്ചതുപോലെ ആധുനിക കാലഘട്ടത്തിനനുസൃതമായ രീതിയിൽ അഗ്നിശമനസേനാംഗങ്ങൾക്ക് കൃത്യമായ പരിശീലനം നൽകുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വളരെ കൃത്യമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കുണ്ടറ നിയോജകമണ്ഡലത്തിൽ കിണർ നിർമ്മാണത്തിനിടെ നാല് തൊഴിലാളികൾ കിണറിലകപ്പെട്ട് മരണമടഞ്ഞ സാഹചര്യമുണ്ടായി. അപകടത്തിൽപ്പെട്ട തൊഴിലാളികളെ രക്ഷിക്കുന്നതിനായി കിണറിലേയ്ക്കിറങ്ങിയ അഗ്നിശമനസേനാ ഉദ്യോഗസ്ഥന് ശ്വാസതടസ്സമുണ്ടായി കുഴഞ്ഞുവീഴുന്ന സ്ഥിതിയുമുണ്ടായി. രക്ഷാപ്രവർത്തനത്തിനായി ഇവർ കിണറ്റിലേയ്ക്കിറങ്ങുമ്പോൾത്തന്നെ ഒരു കയർകൂടി കിണറിലേയ്ക്കിടുകയാണ്. അടിയന്തര സാഹചര്യത്തിൽ ആ കയർ പിടിച്ച് കുലുക്കുമ്പോഴാണ് മുകളിൽ നിൽക്കുന്ന ജീവനക്കാർക്ക് ഇയാളെ മുകളിലേയ്ക്ക് കയറ്റണമെന്നുള്ള സിഗ്നൽ ലഭിക്കുന്നത്. ഇവിടെ കിണറിനുള്ളിലേയ്ക്കിറങ്ങിയ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടപ്പോൾ ആ കയർ പിടിച്ചുകുലുക്കാൻ സാധിച്ചതുകൊണ്ടുമാത്രം അദ്ദേഹത്തെ മുകളിലെത്തിക്കാനും ജീവൻ രക്ഷിക്കാനും സാധിച്ചു. ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന ജീവനക്കാർക്ക് ഒരു വാക്കി ടോക്കിയോ അല്ലെങ്കിൽ മുകളിൽ നിൽക്കുന്നവർക്ക് കമ്മ്യൂണിക്കേഷൻ കൊടുക്കാനുള്ള

സൗകര്യങ്ങളോ ഇല്ല. ഈ ആധുനിക കാലഘട്ടത്തിൽപോലും രക്ഷാപ്രവർത്തനത്തിനിറങ്ങുന്ന ജീവനക്കാർക്ക് സ്വന്തം ജീവൻ രക്ഷിക്കണമെങ്കിൽ കയറിൽപ്പിടിച്ച് കയറേണ്ട സാഹചര്യമാണുള്ളത്. ഭാഗ്യവശാൽ ആ ഉദ്യോഗസ്ഥന് കയർ പിടിച്ച് കയറുവാൻ സാധിച്ചതുകൊണ്ട് അയാൾ രക്ഷപ്പെട്ടു. അല്ലായിരുന്നെങ്കിൽ മരണപ്പെട്ട മറ്റ് നാലുപേർക്കൊപ്പം ഇദ്ദേഹവും കിണറിനുള്ളിൽ മരണപ്പെടുമായിരുന്നു. കിണറിനുള്ളിലെ ഓക്സിജന്റെ അഭാവമോ മറ്റേതെങ്കിലും തരത്തിലുള്ള വിഷവാതകമോ ശ്വാസിച്ചിട്ടാകാം അപകടം സംഭവിച്ചത്. അതുകൊണ്ട് ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ നൽകി അഗ്നിശമനസേനയെ ആധുനികവൽക്കരിക്കുന്ന കാര്യംകൂടി ബില്ലിൽ ഉൾപ്പെടുത്തുമോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുന്ന അഗ്നിശമനസേനാംഗങ്ങൾക്ക് കൃത്യമായ പരിശീലനത്തിന്റെയും ആധുനിക രീതിയിലുള്ള ഉപകരണങ്ങളുടെയും അപര്യാപ്തതയുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പംതന്നെ ഇതെല്ലാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കൃത്യമായ നിയമമില്ലെന്ന പ്രശ്നവും

നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി, നാഷണൽ ഹൈവേയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന മരം കടപുഴകിവീഴാൻ സാധ്യതയുണ്ടെന്ന് അറിയിച്ചാൽ മരം വീണുകഴിഞ്ഞാൽ മാത്രമെ വെട്ടിമാറ്റാൻ സാധിക്കുകയുള്ളൂവെന്നാണ് ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ പറയുന്നത്. ഈ മരം കടപുഴകി വീണാൽ വലിയ രീതിയിലുള്ള പ്രശ്നങ്ങളുണ്ടാകും. എന്നാൽപോലും ഇത്തരം മരങ്ങൾ മുറിച്ചുമാറ്റാൻ നിയമം അനുവദിക്കുന്നില്ലെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്. ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യുന്നതിന് നിയമത്തിന്റെ പിൻബലമില്ലെന്ന പ്രശ്നം നിലനിൽക്കുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ പ്രസക്തമായ കാര്യങ്ങളാണ് സൂചിപ്പിച്ചത്. അവരവരുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇത്തരം സംഭവങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചത്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ വർഷങ്ങൾ പഴക്കമുള്ളതും കാലഹരണപ്പെട്ടതുമായ നിയമമാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതിനാൽ മറ്റെല്ലാ മേഖലകളിലെയും നിയമങ്ങളിൽ ഭേദഗതി

കൊണ്ടുവന്നതുപോലെ നിലവിലെ സാഹചര്യങ്ങൾക്കനുസൃതമായി നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് ഇത്തരമൊരു ബിൽ കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായത്. വയനാട് ദുരന്തസമയത്ത് അഗ്നിശമന സേനാംഗങ്ങളുടെ സേവനം വളരെ വിലപ്പെട്ടതായിരുന്നു. സ്വന്തം ജീവൻ പണയംവച്ചാണ് പലപ്പോഴും അഗ്നിശമനസേനാംഗങ്ങൾ ദുരന്തമുഖത്ത് പ്രവർത്തിച്ചതെന്നത് ഏറെ അഭിമാനകരമാണ്.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ്, ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iv) 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ

ശ്രീ. ടി. സിദ്ദിഖ്: സർ, 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2005-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജില്ലാ ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ അധികാരങ്ങൾ നിർവചിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 23-ാം വകുപ്പിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ഒരു ദുരന്തനിവാരണ പ്ലാനുണ്ടാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിലെ നാലാം ഉപവകുപ്പ് പ്രകാരം ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന

പ്ലാനിലുണ്ടാകണമെന്നും 30-ാം വകുപ്പിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് നൽകിയ അധികാരങ്ങളിൽ ദുരന്തനിവാരണത്തിനുള്ള സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അധികാരങ്ങളുപയോഗിച്ച് ദുരന്തനിവാരണ സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനും ചുമതലകൾ നൽകുന്നതിനും സംസ്ഥാന ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് സാധിക്കും. നിലവിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും റവന്യൂ വകുപ്പുമന്ത്രി വൈസ് ചെയർമാനും ദുരന്തനിവാരണ കമ്മീഷണറും മുഴുവൻ സമയ മെമ്പർ സെക്രട്ടറിയും നിലവിലുണ്ട്. ഇതുകൂടാതെ ജില്ലാ കളക്ടർ ചെയർമാനും ഒരു ഡെപ്യൂട്ടി കളക്ടർ കൺവീനറുമായ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ രൂപീകരിക്കാൻ നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതും അത് രൂപീകരിച്ചിട്ടുള്ളതുമാണ്. ഇതുകൂടാതെ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ലോക്കൽ അതോറിറ്റികൾ രൂപീകരിക്കാനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ

നടപ്പിലാക്കുന്നതിനാവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കാൻ പ്രസ്തുത അതോറിറ്റികൾക്ക് നിയമം അധികാരം നൽകിയിട്ടുണ്ട്. ഇത്തരം അതോറിറ്റികൾ നിലനിൽക്കെ നിർദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കേരള സംസ്ഥാന ദുരന്തനിവാരണ സന്നദ്ധപ്രവർത്തക സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത കാണുന്നില്ല. രാജ്യത്ത് സിവിൽ ഡിഫൻസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 1968-ൽ സിവിൽ ഡിഫൻസ് ആക്ട് ആൻഡ് റെഗുലേഷൻസ് പാസാക്കിയിട്ടുള്ളതും 2009-ൽ വരുത്തിയ ഭേദഗതിപ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റുകൂടി സിവിൽ ഡിഫൻസിന്റെ അധികചുമതലയായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ 30-08-2019-ലെ ആഭ്യന്തര വകുപ്പിന്റെ ഉത്തരവുപ്രകാരം കേരള അഗ്നിരക്ഷാ വകുപ്പിനുകീഴിൽ സിവിൽ ഡിഫൻസ് വോളന്റിയർമാർ പ്രവർത്തിച്ചുവരുന്നുണ്ട്. ബില്ലിലെ ഇനം 8-ൽ 'അതോറിറ്റിയുടെ ചുമതലകൾ' എന്ന ഹെഡ്ഡിൽ പ്രതിപാദിച്ചിരിക്കുന്ന ദുരന്തനിവാരണ പ്രവർത്തനത്തിലേർപ്പെടുന്ന സന്നദ്ധ സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും വിവരശേഖരണം നടത്തി ഡാറ്റാ ബാങ്ക്

പ്രസിദ്ധീകരിക്കുക, അവർക്കാവശ്യമായ തുടർ പരിശീലനം നൽകുക, സന്നദ്ധ പ്രവർത്തകർക്കാവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകുക മുതലായവ സിവിൽ ഡിഫൻസിന്റെ ഭാഗമായി അഗ്നിസുരക്ഷാ വകുപ്പ് ചെയ്തുവരുന്നുണ്ട്. കൂടാതെ 1968-ലെ സിവിൽ ഡിഫൻസ് ആക്ടിന്റെ സെക്ഷൻ 19-ൽ സിവിൽ ഡിഫൻസ് അംഗങ്ങളെ കൃത്യനിർവ്വഹണ സമയത്ത് പബ്ലിക് സർവന്റായി കണക്കാക്കുമെന്ന് നിർവചിച്ചിട്ടുള്ളതുമാണ്. 01-01-2020-ലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട എല്ലാ സന്നദ്ധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി പൊതുഭരണ വകുപ്പിനുകീഴിൽ സർക്കാർ ഒരു സന്നദ്ധസേന രൂപീകരിച്ചിട്ടുണ്ട്. സിവിൽ ഡിഫൻസ് 'ആപ്തമിത്ര' സന്നദ്ധ പ്രവർത്തകരുടെ കർത്തവ്യങ്ങൾ ദുരന്തനിവാരണത്തിനുള്ള ഓറഞ്ച് പുസ്തകത്തിൽ നിർവചിച്ചിട്ടുള്ളതും 'ആപ്തമിത്ര' വോളന്റിയർമാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് ദുരന്തനിവാരണ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് ദുരിതാശ്വാസ പ്രവർത്തനവേളയിൽ പരിക്ക്

പറ്റുകയാണെങ്കിൽ അവരുടെ ചികിത്സാച്ചെലവ് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ (State Disaster Response Force-SDRF) മാനദണ്ഡങ്ങൾക്കനുസൃതമായി നിർവഹിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെടവെ മരണപ്പെടുന്ന സന്നദ്ധ പ്രവർത്തകരുടെ ആശ്രിതർക്ക് എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങളനുസരിച്ച് അനുവദനീയമായ സാമ്പത്തിക സഹായത്തിനും (എക്സ്ഗ്രേഷ്യ) അർഹതയുണ്ട്. അതിനാൽ 2022-ലെ കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കേണ്ടതില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, 1968-ലെ സിവിൽ ഡിഫൻസ് ആക്ടും 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടും അതിനുശേഷം വിവിധ അമെന്റ്മെന്റുകളും ഫ്രെയിംവർക്കുകളും നിലവിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലുള്ള വിവിധ സംവിധാനങ്ങൾ ജില്ലാതലത്തിലും പ്രാദേശികതലത്തിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഏറ്റവും അവസാനം നടന്ന ദുരന്തത്തിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരിൽ എത്രപേർക്ക് പരിക്കുപറ്റി, ടെയിനിങ് സമയത്ത് എത്രപേർ

മരിച്ചു, അവരുടെ കുടുംബാംഗങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ദുരന്തനിവാരണ സന്നദ്ധ പ്രവർത്തകരുടെ സംരക്ഷണാർഥം മറ്റ് നിയമങ്ങളുടെ ഭാഗമായുള്ള സംവിധാനങ്ങൾക്കുപുറമെ ഇവർക്ക് മാത്രമായി പ്രത്യേക നിയമനിർമ്മാണം നടത്തുകയെന്നതാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ആപ്തമിത്ര വോളന്റിയർമാർക്കും സിവിൽ ഡിഫൻസ് നിയമത്തിന്റെ പരിധിയിലുള്ള സന്നദ്ധ പ്രവർത്തകർക്കും മാത്രമല്ല സുരക്ഷ വേണ്ടത്. അതിനുമപ്പുറമുള്ള ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകർക്കും ആവശ്യമായ സംരക്ഷണം ഉറപ്പാക്കണം. കേരളത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ദുരന്തങ്ങളിലേതുപോലെ ഏറ്റവുമൊടുവിൽ സംഭവിച്ച വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിൽ മരിച്ചവർക്കും പരിക്കുപറ്റിയവർക്കും ആദരാഞ്ജലിയും സഹാനുഭൂതിയും അർപ്പിച്ചുകൊണ്ടാണ് ഞാൻ ഇക്കാര്യം സംസാരിക്കുന്നത്. വലിയ രീതിയിലുള്ള കാലാവസ്ഥാ വ്യതിയാനത്തിന് വിധേയമാകുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഇത്തരം കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ ഗൗരവമായ രീതിയിൽ നമ്മൾ

നേരിട്ടുകൊണ്ടിരിക്കുകയാണ്. മഴക്കാലത്ത് തീവ്രമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നേരിടേണ്ടിവരുമ്പോൾ വേനൽക്കാലത്ത് കൃഷിനാശവും വരൾച്ചയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ് നേരിടേണ്ടിവരുന്നത്. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങൾ, 2019-ലെ പുത്തുമല ഉരുൾപൊട്ടൽ, കവളപ്പാറ ഉരുൾപൊട്ടൽ, ഇടുക്കിയിലെ പെട്ടിമുടി ദുരന്തം, തിരുവനന്തപുരത്തെ അമ്പൂരിയിലെ ദുരന്തം, കോഴിക്കോട് വിലങ്ങാടിലെ ഉരുൾപൊട്ടൽ, മലയോരത്തെ ഉരുൾപൊട്ടൽ, താഴ്വാരങ്ങളിലെ വെള്ളപ്പൊക്കം തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിലൂടെ കേരളം കടന്നുപോകുകയാണ്. ഇതിനുപുറമെ, മേഘവിസ്ഫോടനങ്ങൾ പോലെയുള്ള അതീവ ഗൗരവതരമായ പുതിയ പ്രതിഭാസങ്ങളും ഉരുൾപൊട്ടലുണ്ടാകുന്ന സമയത്ത് ഡാം ഇൻസിഡന്റ് പോലുള്ളവയുമുണ്ടാകുന്നുണ്ട്. അതാണ് മുണ്ടക്കൈയിലും ചൂരൽമലയിലും സംഭവിച്ചത്. ചുരുങ്ങിയ സമയത്തുണ്ടാകുന്ന അതിതീവ്ര മഴയെ ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യങ്ങളും തികച്ചും വ്യത്യസ്തങ്ങളായ സ്വാഭാവിക പ്രതിഭാസങ്ങളും പ്രകൃതിദുരന്തങ്ങളും നാം നേരിടുകയാണ്. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക്

പശ്ചിമഘട്ടത്തിനുമിടയിലുള്ള പ്രദേശമാണ് കേരളം. അറബിക്കടലിൽ 1.5 ഡിഗ്രി സെൽഷ്യസ് താപനില കൂടുമ്പോൾ അത് മേഘമായി രൂപാന്തരപ്പെടുന്നു. ഈ പ്രതിഭാസത്തെ വയനാടുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ നിലമ്പൂർ വാലിയുടെയും മുണ്ടക്കൈയുടെയും മേൽഭാഗത്ത് ആ മേഘങ്ങൾ നേരെ മറിയുന്നതായ ഗുരുതര സാഹചര്യമുണ്ട്. ഇങ്ങനെ വ്യത്യസ്തങ്ങളായ നിരവധി പ്രശ്നങ്ങളാണ് നേരിടുന്നത്. നൂറുകണക്കിന് സന്നദ്ധ പ്രവർത്തകർ മുണ്ടക്കൈ, ചൂരൽമല ദുരന്തനിവാരണ പ്രവർത്തനങ്ങളിലേർപ്പെടുകയുണ്ടായി. അതുകൊണ്ടുതന്നെ വളരെ ഗൗരവമേറിയ ഒരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ പൂനൂരിൽനിന്ന് രക്ഷാപ്രവർത്തനങ്ങൾക്കായി എത്തിയ യൂത്ത്കെയർ വോളന്റിയർ ശ്രീ. അനസ് കോളിക്കലിന്റെ ജീവിതം ഇപ്പോൾ വളരെ ദുരിതപൂർണ്ണമാണ്. മൃതദേഹങ്ങളുമായി ഇരുമ്പ് പാലത്തിലൂടെ നടന്നുപോയ രക്ഷാപ്രവർത്തകരിൽ മുന്നിൽ പോയ ആൾ സ്ലിപ്പ് ചെയ്തപ്പോൾ മൃതദേഹവുമായി പോയ ശ്രീ. അനസ് കോളിക്കൽ പുറകിലേയ്ക്ക് അടിച്ചുവീണു.

വീഴ്ചയിൽ നട്ടെല്ലിന് പരിക്കേറ്റ് അദ്ദേഹം ഇപ്പോൾ കിടപ്പിലാണ്. അദ്ദേഹത്തെ ആര് നോക്കും? 2018-ലെ മഹാപ്രളയത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ട കേരളത്തിലെ മത്സ്യത്തൊഴിലാളികളെ 'കേരളത്തിന്റെ രക്ഷാസൈന്യമാണ് നമ്മുടെ മത്സ്യത്തൊഴിലാളികൾ' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശേഷിപ്പിച്ചത്. അന്ന് സന്നദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ട മത്സ്യത്തൊഴിലാളികളിൽ എത്രപേർക്ക് പരിക്കേറ്റുവെന്നും എത്രപേരുടെ യാനങ്ങൾ നഷ്ടപ്പെട്ടുവെന്നും ആർക്കും അറിയില്ല. ഹരിപ്പാടിനടുത്തുള്ള ആറാട്ടുപുഴയിൽ സന്നദ്ധ പ്രവർത്തനത്തിനിറങ്ങിയ രത്നകുമാർ വള്ളത്തിൽ ആളുകളെ കയറ്റി രക്ഷപ്പെടുത്തുന്നതിന്റെ ഭാഗമായി നദിയുടെ ഒരു ഭാഗത്തുനിന്നും മറ്റേ ഭാഗത്തേയ്ക്കെത്തി വള്ളം തിരിക്കാൻ ശ്രമിക്കവെ വീണ മരത്തിന്റെ ചീന്ത് അദ്ദേഹത്തിന്റെ വയറ്റിലേയ്ക്ക് തുളച്ചുകയറുകയും ഗുരുതരമായി പരിക്കേറ്റ് മാസങ്ങളോളം ആശുപത്രിയിൽ കഴിയേണ്ടിവരികയും ചെയ്തു. അതേത്തുടർന്നുള്ള ബുദ്ധിമുട്ടുകളുമായാണ് അദ്ദേഹം മുന്നോട്ടുപോയത്. എന്റെ നിയോജകമണ്ഡലത്തിലെ ജാഫർ ചോലയ്ക്കൽ വീടിനുള്ളിൽ

കൂടുങ്ങിക്കിടന്ന നിരവധി മൃതദേഹങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഉരുൾപൊട്ടലിലൂടെ ഒഴുകിവന്ന മണ്ണിലും അഴുക്കിലും ചരലിലും അദ്ദേഹത്തിന്റെ കാലുകൾ പൂണ്ടുപോയി. കാലുകൾ വലിച്ചെടുക്കുന്നതിനിടയിൽ ഗുരുതരമായി പരിക്കേൽക്കുകയും കാലിന്റെ വെയിൻ മുറിയുകയും ചെയ്തു. കുടുംബനാഥനായ അദ്ദേഹം പരിക്കേറ്റ അന്നുമുതൽ കിടപ്പിലായി. റിപ്പൺ പുതുക്കാട് റാഫി, നൗഷാദ് ബേപ്പൂർ, അലാവുദ്ദീൻ മങ്കട, ഷെബീർ മങ്കട ഉൾപ്പെടെ നിരവധിപേർ പുത്തുമല, ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ പരിക്കേറ്റ ജീവൻരക്ഷാ പ്രവർത്തകരാണ്. എന്റെ നാടായ കല്പറ്റയിലെ ഒരു പ്രദേശമായ തുർക്കിയിൽ പ്രവർത്തിക്കുന്ന ജീവൻരക്ഷാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ എത്ര മൃതദേഹങ്ങളാണ് കണ്ടെടുത്തത്? നിരവധി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സമിതിയാണത്. ഷാൻ പുത്തലൻ എന്നയാൾ ടെയിനിങ്ങിന്റെ ഭാഗമായി തുർക്കിയിൽനിന്ന് കബനി പുഴയിലൂടെ കർണ്ണാടക ബീച്ചിനഹള്ളി ഡാം പരിസരത്തേയ്ക്ക് വാട്ടർ ടക്കിങ് നടത്തുന്ന സമയത്ത് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട്

മക്കളുമടങ്ങുന്ന കുടുംബം ഇപ്പോൾ അനാഥമാണ്. ഇവരെ ആര് സംരക്ഷിക്കും? ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായി വരുന്നുണ്ട്.

12.00 Noon]

<u>ശ്രീമതി കെ. കെ. രമ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചുകൊണ്ടിരിക്കുന്നത്. കടൽത്തീരം കൂടുതലുള്ള നിയോജകമണ്ഡലമാണ് വടകര. അവിടെ കടലിൽ ഒരാൾ അകപ്പെട്ടുപോയാൽ അയാളെ രക്ഷിക്കാനാവശ്യമായ റെസ്ക്യൂ സംവിധാനങ്ങളൊന്നുമില്ല. കോസ്റ്റ് ഗാർഡിന് ഒരു ബോട്ടുണ്ടാകുമെങ്കിലും രക്ഷാപ്രവർത്തനം നടത്താനാവശ്യമായ സംവിധാനങ്ങൾ ആ ബോട്ടിലുണ്ടാകില്ല. ഒരാളുടെ ജീവന് അപായമുണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നത് അവിടത്തെ മത്സ്യത്തൊഴിലാളികളാണ്. സ്വന്തം ജീവനെക്കുറിച്ചുപോലും ചിന്തിക്കാതെയാണ് മത്സ്യത്തൊഴിലാളികൾ കടലിൽ ഇറങ്ങി രക്ഷാപ്രവർത്തനം നടത്തുന്നത്. പലപ്പോഴും കടലിൽ

കാണാതാകുന്നവരുടെ മൃതദേഹംപോലും കണ്ടെത്താനാകുന്നില്ല. രക്ഷാപ്രവർത്തനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് സംരക്ഷണമോ ജീവൻരക്ഷാ സംവിധാനങ്ങളോ ഏർപ്പെടുത്താനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഒരു ഹെലികോപ്റ്റർ സംഭവസ്ഥലത്തെത്തി പ്രദക്ഷിണം നടത്തുന്നുവെന്നല്ലാതെ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ലാത്തതിനാൽ ആളുകളെ രക്ഷപ്പെടുത്താൻ സാധിക്കുന്നില്ല. സന്നദ്ധപ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാവശ്യമാണ്. സന്നദ്ധപ്രവർത്തകർക്ക് സുരക്ഷിതത്വം നൽകുന്നതോടൊപ്പം രക്ഷാപ്രവർത്തനം നടത്താനാവശ്യമായ സൗകര്യങ്ങളൊരുക്കിക്കൊടുക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതല്ലേ; ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ കാലഘട്ടത്തിലും വരുംകാലഘട്ടങ്ങളിലും ഏറെ പ്രാധാന്യമർഹിക്കുന്ന ബില്ലാണ് കേരള ദുരന്തനിവാരണ സന്നദ്ധപ്രവർത്തകർ സംരക്ഷണ ബിൽ. എന്റെ

നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ ഒരു ലക്ഷത്തിലധികം അതിഥി തൊഴിലാളികളുണ്ട്. അവർ ധാരാളം സന്നദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. 2018-ൽ പ്രളയമുണ്ടായപ്പോൾ ഇവർ രക്ഷാപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവന്നിരുന്നു. ഇത് കേരളത്തിലെ സന്നദ്ധ പ്രവർത്തകർക്കായുള്ള ബില്ലാണെങ്കിലും അതിഥി തൊഴിലാളികളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നത് നന്നായിരിക്കും. അതുകൂടി ഉൾപ്പെടുത്താൻ കഴിയുമോ?

ശ്രീമതി യു. പ്രതിഭ: സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ചർച്ച ചെയ്യപ്പെടുന്നത്. വയനാട് ദുരന്തസമയത്ത് സമാനതകളില്ലാത്ത ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വിവിധ രാഷ്ട്രീയ/യുവജന സംഘടനകളുടെ ഇടപെടലുണ്ടായിരുന്നു. അതിന്റെ ഭാഗമായി അവരിൽ പലർക്കും പലതരത്തിലുള്ള അപകടങ്ങളും സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ സിവിൽ ഡിഫൻസും 'ആപ്തമിത്ര' സന്നദ്ധ സേവകരും സമാനതകളില്ലാത്ത ഇടപെടലാണ് നടത്തുന്നത്. മൃതശരീരങ്ങൾ, അറ്റുപോയ ശരീരഭാഗങ്ങൾ എന്നിവ കണ്ടെത്തുന്നവർക്കും അതെടുത്ത്

മാറ്റുന്നവർക്കും നേരിടേണ്ടിവരുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പരാമർശിക്കുമെന്ന് കരുതുന്നു. അവർക്ക് സൈക്കോളജിക്കൽ കൗൺസിലിങ് നൽകേണ്ടതാവശ്യമാണ്. കണ്ടുനിൽക്കാൻ കഴിയാത്ത തരത്തിലുള്ളതായിരുന്നു വയനാട് ദുരന്തമുഖത്തെ കാഴ്ചകൾ. ദൃശ്യ മാധ്യമങ്ങളിലൂടെ എല്ലാവരും അത് കണ്ടിട്ടുണ്ടാകും. അത്തരം രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ മാനസികനില ശക്തിപ്പെടുത്താൻ കഴിയുന്ന എന്തെങ്കിലും നിർദേശങ്ങൾ ബില്ലിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നുണ്ടോ? വയനാട് ജില്ലയിലുണ്ടായ ദുരന്തങ്ങളുടെ തത്സമയ വിവരണം കേരളത്തിലെ 14 ജില്ലകളിലെയും ആളുകൾ ഒരേസമയം ദൃശ്യ മാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യ മനസ്സാക്ഷിയെ മരവിപ്പിക്കുന്ന ദൃശ്യങ്ങൾ പലപ്പോഴും ദൃശ്യ മാധ്യമങ്ങൾ ഫോക്കസ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള ഫോക്കസിങ് ഒഴിവാക്കേണ്ടതല്ലേ? ദുരന്തവുമായി ബന്ധപ്പെട്ട അപകടകരമായ ചിത്രങ്ങൾ കുഞ്ഞുങ്ങളുടെ മനസ്സിൽ

പതിയുന്നതായും അത് കുട്ടികളിൽ മാനസികപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും റിപ്പോർട്ടുകൾ വരുന്നുണ്ട്. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള ജനതയുടെ നന്മയുടെ മുഖം കൂടുതൽ കാണുന്നത് ഇത്തരത്തിലുള്ള ദുരന്തമുഖങ്ങളിലാണ്. എന്റെ മണ്ഡലത്തിൽ 'നന്മ' എന്ന പേരിൽ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു ടീമുണ്ട്. മറ്റുപല രക്ഷാപ്രവർത്തന സംവിധാനങ്ങൾ നിലവിലുള്ളപ്പോഴും അടിയന്തരഘട്ടങ്ങളിൽ ജനങ്ങൾ ആദ്യം വിളിക്കുന്നത് ഇവരെയാണ്. എന്നാൽ ഇത്തരം സാഹചര്യങ്ങളെ നേരിടാനാവശ്യമായ ഉപകരണങ്ങൾ ഇല്ലെന്നതാണ് അവരുടെ പരാതി. രക്ഷാപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ പലരുടെയും സഹായത്തോടെ അവർ വാടകയ്ക്കെടുക്കുകയാണ് ചെയ്യുന്നത്. രക്ഷാപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവരുന്ന ഇത്തരം സന്നദ്ധ സംഘടനകളെ സഹായിക്കാനും അവരെ തിരിച്ചറിയാനുമുള്ള സംവിധാനം കൂടി ആവശ്യമാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ശ്രീമതി കെ. കെ. രമ, ശ്രീമതി യു. പ്രതിഭ, ഡോ. എൻ. ജയരാജ്,

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കുവച്ചത്. ബഹുമാനപ്പെട്ട ചെയർ സമയം അനുവദിക്കുകയാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി വിശദീകരിക്കാം. അതായത്, ദുരന്തമേഖലയിലെ ഓരോ പ്രശ്നങ്ങൾക്കും അനുയോജ്യമായ രീതിയിലാണ് സന്നദ്ധപ്രവർത്തകർ പ്രതികരിക്കുന്നത്. വളരെ വൈകാരികമായ ഒരു ഉദാഹരണം ഈയവസരത്തിൽ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദുരന്തമുഖത്ത് ഒരു പശു വളരെ വിഹ്വലതയോടുകൂടി പെരുമാറിയപ്പോൾ വോളന്റിയർമാർ അതിന് വെള്ളം കൊടുത്തെങ്കിലും കുടിച്ചില്ല. പച്ചപ്പുല്ലോ മറ്റൊന്നുംതന്നെ അത് കഴിച്ചില്ല. ഒടുവിൽ ഒരു വൈറ്റ് ഗാർഡ് വോളന്റിയർ പശുവിന്റെ അകിട് കറന്നു. അപ്പോൾ പശുവിന്റെ ഭാവം മാറി വളരെ ശാന്തമായി നിന്നുകൊടുക്കുന്ന കാഴ്ചയാണ് കണ്ടത്. മൃതശരീരങ്ങൾ കണ്ടെടുക്കുക മാത്രമല്ല അവർ ചെയ്തിരുന്നത്. അപകടമുണ്ടായ ഓരോ സ്ഥലത്തും ഏത് രീതിയിലുള്ള രക്ഷാപ്രവർത്തനം നടത്തണമെന്ന് കൃത്യമായി മനസ്സിലാക്കിയശേഷമാണ് അവർ പ്രവർത്തിക്കുന്നത്. ഇതിനുപുറമെ, വനറാണി എസ്റ്റേറ്റിൽ കുടുങ്ങിയ 12 പശുക്കളെ അവർ

രക്ഷിക്കുകയുണ്ടായി. ദുരന്തം നടന്നയുടൻ സാധനസാമഗ്രികളുമായി ഞങ്ങൾ സംഭവസ്ഥലത്തെത്തിയപ്പോഴേയ്ക്കും വോളന്റിയർമാർ ഇക്കാര്യങ്ങളെല്ലാം കൃത്യമായി നിർവഹിച്ചുകഴിഞ്ഞിരുന്നു. യൂത്ത് സംഘടനകളുൾപ്പെടെ സന്നദ്ധ സംഘടനകളുടെ മുഴുവൻ ലിസ്റ്റും എന്റെ കൈവശമുണ്ട്. ഈയവസരത്തിൽ അവരെ അഭിവാദ്യം ചെയ്യാതിരിക്കാൻ സാധിക്കില്ല. ദുരന്തത്തെ അതിജീവിച്ച് സ്റ്റാറായ കുട്ടിയാണ് 'അവ്യക്ത്'. ദുരന്തമുഖത്തെ കല്ലിന്റെയും മരത്തിന്റെയും ഇടയിൽനിന്ന് സന്നദ്ധപ്രവർത്തകർ അവനെ എടുക്കുന്ന ഒരു രംഗമുണ്ട്. ആ കുട്ടിയെ രക്ഷപ്പെടുത്തുമ്പോൾ അവന് ശ്വാസമുണ്ടോ എന്നുപോലും അറിയില്ല. കാരണം അവന്റെ മൂക്കിലും വായിലും ശ്വാസകോശത്തിലുമെല്ലാം ചെളിയടിഞ്ഞിരുന്നു. ഇത് മനസ്സിലാക്കിയ കൽപ്പറ്റ ചാരിറ്റബിൾ സൊസൈറ്റിയിലെ ശ്രീ. ബഷീർ കെ. പി. എന്ന ചെറുപ്പക്കാരൻ തന്റെ വായകൊണ്ട് അവ്യക്തിന്റെ വായിലെയും മൂക്കിലെയും ചെളി വലിച്ചെടുക്കുകയാണ് ചെയ്തത്. അതോടെ ആ കുട്ടിക്ക് മെല്ലെ ശ്വാസമെടുക്കാൻ സാധിക്കുകയും തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു.

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ വിവരം അറിയിച്ചതിനെത്തുടർന്ന് ആശുപത്രിയിൽ ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ഒരുക്കിയിരുന്നു. ഞാൻ അവിടെ രണ്ടുതവണ സന്ദർശിക്കുകയും ഡോക്ടർമാരുടെ അടിയന്തര യോഗം വിളിച്ചുചേർത്ത് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ആ കുട്ടി ഇന്ന് ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നിരിക്കുകയാണ്. ഇതുപോലെ സമാനതകളില്ലാത്ത നിരവധി രക്ഷാപ്രവർത്തനങ്ങളാണ് സന്നദ്ധപ്രവർത്തകരുടെ നേതൃത്വത്തിൽ നടത്തിയത്. 'ആപ്തമിത്ര' വോളന്റിയർമാർ, സിവിൽ ഡിഫൻസ്, വൈറ്റ് ഗാർഡ് പ്രവർത്തകർ, യൂത്ത് കോൺഗ്രസിന്റെ യൂത്ത് കെയർ പ്രവർത്തകർ, ഡി.വൈ.എഫ്.ഐ.-യുടെ യൂത്ത് ബ്രിഗേഡ്, ദേശീയ സേവാ ഭാരതി, എസ്.കെ.എസ്.എസ്.എഫ്.-ന്റെ വിഖായ വിങ് (Viqaya), എസ്.വൈ.എസ്.-ന്റെ സാന്ത്വനം, എ.ഐ.എഫ്. പ്രവർത്തകർ, ഐ.ആർ.ഡബ്ല്യു. കേരള, ഐ.എസ്.എം. ടീം ഇലാഹ്, ടീം വെൽഫെയർ, കെ.സി.വൈ.എം., എസ്.ഡി.പി.ഐ., ടീം യൂണിറ്റി, വയനാട്ടിലെ തുർക്കി ജീവൻരക്ഷാ, ബ്രെറ്റ് എമർജൻസി പിണങ്ങോട്, പൾസ് എമർജൻസി, റെഡ് ക്രോസ്, കാരുണ്യ റെസ്ക്യൂ ടീം, ചൂരൽമല,

കൽപ്പറ്റ ചാരിറ്റബിൾ സൊസൈറ്റി എന്നിങ്ങനെ നിരവധി സംഘടനകളുടെ ഒരു ഭഗീരഥപ്രയത്നം അവിടെയുണ്ടായി.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാവുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, സന്നദ്ധപ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച അതീവ പ്രധാനപ്പെട്ട ചില കാര്യങ്ങൾകൂടി ചർച്ച ചെയ്യാനുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം മാനിച്ച് ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

ശ്രീ. സജീവ് ജോസഫ്: സർ, 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തിന്റെ സാമ്പത്തികരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട മേഖലകളിലൊന്നാണ് വിനോദസഞ്ചാരം. ഈ മേഖലയുമായി ബന്ധപ്പെട്ട് ടൂറിസ്റ്റ് ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ് ഗാർഡുകൾ എന്നിവർക്കുപുറമെ റിസോർട്ട്, ഹോം സ്റ്റേ, ഹോട്ടൽ, റെസ്റ്റോറന്റ്, വിനോദസഞ്ചാര കേന്ദ്രങ്ങളോട് ചേർന്നുള്ള പ്രദേശത്തെ കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും നിരവധി പേർ ജോലി ചെയ്യുവരുന്നുണ്ട്. ഇവരുടെ സംരക്ഷണം ഉറപ്പുവരുത്തുകയെന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാടാണെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിർദിഷ്ട ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. സജീവ് ജോസഫ്: സർ, സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ വളരെ തുച്ഛമായ വേതനത്തിന് ജോലി ചെയ്യുന്ന അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമവും ഐശ്വര്യവും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് നിർദിഷ്ട ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അഞ്ചാം ബഡ്ജറ്റ് പ്രസംഗത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ പ്രഖ്യാപനം ഇതുവരെ നടപ്പാക്കിയിട്ടില്ല. അതിന്റെ സ്പിരിറ്റ് കൂടി ഉൾക്കൊണ്ടാണ് ഈ മഹനീയ സഭയിൽ ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവത്തിന്റെ പ്രതിപുരുഷന്മാരായാണ് വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികൾ പ്രവർത്തിക്കുന്നത്. അവർ ചിരിച്ചാൽ അത് നാടിന്റെ ചിരിയായും അവർ ആതിഥ്യമരുളിയാൽ അത് ഈ നാടിന്റെ പൈതൃകമായും മാറുകയാണ്. അവർ സന്തോഷത്തോടെ യാത്രയാക്കിയാൽ ആ സഞ്ചാരികളെ മനോഹരമായ ഈ നാട് പിന്നെയും പിന്നെയും തിരികെ വിളിക്കും. ദൈവത്തിന്റെ നാട്ടിലെ ഈ പ്രതിപുരുഷന്മാർ

സന്തോഷത്തിലല്ലെങ്കിൽ കേരളത്തിന്റെ വിനോദസഞ്ചാര സൗന്ദര്യമെന്ന ആഗോള ബ്രാൻഡിനുതന്നെ അത് നാണക്കേടാണ്. 1990-കളുടെ തുടക്കം കോവളവും ആലപ്പുഴയും മൂന്നാറും വയനാടുമെല്ലാം ലോകത്തെ വിസ്മയിപ്പിച്ച കാലമായിരുന്നു. ക്രമേണ ഈ പച്ചത്തുരുത്തിന്റെ സൗന്ദര്യം അനുഭവിച്ചു തുടങ്ങിയപ്പോൾ കേരളത്തിന് അത് പുതിയൊരു വരുമാനമാർഗമാവുകയും ദൈവത്തിന്റെ സ്വന്തം നാടിന് സഞ്ചാരികൾ പ്രതിവർഷം 65,000 കോടി രൂപ സമ്മാനിക്കുകയും ചെയ്തു. കോവിഡ് മഹാമാരിയിലും പ്രളയങ്ങളിലുംപെട്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയും ടൂറിസം മേഖലയും ആകെ തകരുകയും തൊഴിലാളികളുടെ സ്ഥിതി അതീവ ദയനീയമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ സർക്കാരിന് പിടിച്ചുനിൽക്കാൻ മദ്യവില വീണ്ടും കൂട്ടേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിക്ക് സഭയിൽ സൂചിപ്പിക്കേണ്ടിവന്നു. കെ.എസ്.ആർ.ടി.സി. പോലുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ ടൂറിസത്തിന്റെ വളർച്ചയും തൊഴിലാളികളുടെ ക്ഷേമവും കൂടുതൽ

അനിവാര്യമാവുകയാണ്. അവിടെയാണ് ഈ ബില്ലിന്റെ പ്രസക്തിയേറുന്നത്. ടൂറിസം മേഖലയിൽ 15 ലക്ഷത്തോളം അസംഘടിത തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവരിൽ മഹാഭ്രരിപക്ഷവും താൽക്കാലിക ജീവനക്കാരാണ്. അവിദഗ്ധരും ദിവസവേതനക്കാരുമായ ഇവർക്ക് തൊഴിൽ സുരക്ഷയില്ലാത്ത സാഹചര്യമാണുള്ളത്. കൃത്യമായ വേതനമോ പ്രത്യേക തൊഴിൽ സമയമോ നിശ്ചയിച്ച് നൽകിയിട്ടില്ലാത്തതിനാൽ വളരെ പരിതാപകരമായ തൊഴിൽ സാഹചര്യങ്ങളിലാണ് സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾ ജോലി ചെയ്യുന്നത്. ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവിടങ്ങളിലെ റൂം ബോയ്സ്, പാചകക്കാർ, സെക്യൂരിറ്റി, ക്ലീനിങ് ജീവനക്കാർ മുതലായവർ ഇതിൽപ്പെടുന്നു. ആയുർവേദ കേന്ദ്രങ്ങൾ, ഫാം ഹൗസുകൾ, അഡ്വഞ്ചർ പാർക്കുകൾ, വഞ്ചി വീടുകൾ തുടങ്ങിയ സംരംഭങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട ആയിരക്കണക്കിനാളുകൾ ജോലി ചെയ്യുന്നുണ്ട്. ടൂർ ഓപ്പറേറ്റർമാർ, ജീവനക്കാർ, ഗൈഡുകൾ, ഡ്രൈവർമാർ തുടങ്ങി എല്ലാവർക്കും ഈ ക്ഷേമനിധി ബോർഡ് രക്ഷയാകുമെന്ന കാര്യത്തിൽ

ആർക്കും ഭിന്നാഭിപ്രായമുണ്ടാകില്ല. നമ്മുടെ നാട്ടിലെ പൗരന്മാരെന്ന നിലയിൽ ഈ മേഖലയിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പ്രത്യേകിച്ച് മക്കളുടെയും അന്തസ്സും അഭിമാനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കാൻ ഈ ബിൽ അനിവാര്യമാണ്. കായലോരങ്ങൾ, പുഴകൾ എന്നിവിടങ്ങളിൽ യാതൊരുവിധ തൊഴിൽ സംരക്ഷണവും ജീവൻ രക്ഷാമാർഗങ്ങളുമില്ലാതെ ധാരാളം ബോട്ട് ഡ്രൈവർമാരും ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഈ രംഗത്ത് എത്രപേർ പ്രവർത്തിക്കുന്നുണ്ടെന്ന കൃത്യമായ കണക്കില്ല. എന്നിരുന്നാലും ഏകദേശം ആയിരക്കണക്കിനാളുകൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്ന കാര്യം ഉറപ്പാണ്. സ്വജീവൻപോലും നോക്കാതെ നമ്മുടെയും നമ്മുടെ പ്രിയപ്പെട്ടവരുടെയും ജീവൻ രക്ഷിക്കാൻ കടലോരത്ത് പൊരിവെയിലിൽ പണിയെടുക്കുന്ന ലൈഫ് ഗാർഡുകൾ നൽകുന്ന സേവനം കാണാതിരിക്കാൻ കഴിയുമോ? ജി.പി.എഫ്.-ഉം ഇൻഷ്വറൻസും ഗ്രാറ്റുവിറ്റിയുമൊന്നുമില്ലാതെ സംസ്ഥാനത്തിന്റെ പ്രധാന വരുമാനമാർഗമായ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഇവരെ മഹത്തായ ഈ നിയമനിർമ്മാണ സഭയെങ്കിലും

ഓർക്കേണ്ടതുണ്ട്. സർക്കാരിന്റേതായ ഒരു കരുതൽ അവർക്ക് നൽകണ്ടേ? കോവിഡ് മഹാമാരി കാലത്തും പ്രളയകാലത്തും പലപ്പോഴായുണ്ടാകുന്ന ഓഫ് സീസണുകളിലുമായി ദീർഘകാലം ടൂറിസം മേഖലയിലെ തൊഴിലാളികൾ പട്ടിണിയിലായിരുന്നു. പലർക്കും ഇപ്പോഴും ജോലി തിരികെ ലഭിച്ചിട്ടില്ല. ചിലർ ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റ് ജീവിതമാർഗങ്ങൾ അന്വേഷിച്ച് പോയിക്കഴിഞ്ഞു. ഈ മേഖലയിൽ ജോലി ചെയ്യുന്ന ഒരു വിഭാഗം ജീവനക്കാർ ഇപ്പോഴും പട്ടിണിയിലാണെന്നതും ആത്മഹത്യ ചെയ്തവരുടെ എണ്ണം കുറവല്ലെന്നതും ഏറെ ദുഃഖകരമാണ്. ഈ ബിൽ നിയമമാക്കുന്നതിന് മുന്നോടിയായി ടൂറിസം രംഗത്തെ മുഴുവൻ തൊഴിൽദാതാക്കൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിയാൽ തൊഴിലാളികളെക്കുറിച്ചുള്ള കൃത്യമായ വിവരം ലഭിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ടൂർ ഓപ്പറേഷൻപോലുള്ള മേഖലകളിൽ ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. ടൂറിസം വകുപ്പിൽ ഇപ്പോൾ മാൻഡേറ്ററിയല്ലാത്ത ചില ക്ലാസിഫിക്കേഷൻ സ്കീമുകളാണ് പിന്തുടരുന്നത്. ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ, ആയുർവേദ ഹൗസ് ബോട്ട്

ക്ലാസിഫിക്കേഷൻ തുടങ്ങിയവ അതിനുദാഹരണങ്ങളാണ്. സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. മാത്രമല്ല, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ അംഗവും പരിശീലനം നേടിയവരാണെന്ന് ഉറപ്പുവരുത്തുകയും വേണം. മികച്ച തൊഴിൽ സംസ്കാരം സാധ്യമാക്കിയാൽ ഈ മേഖലയെ കൂടുതൽ ഊഷ്മളമാക്കാൻ സാധിക്കും.

ശ്രീമതി ശാന്തകുമാരി കെ.: സർ, സംസ്ഥാനത്തിന്റെ ടൂറിസം കാഴ്ചപ്പാടുതന്നെ മാറിക്കഴിഞ്ഞിരിക്കുകയാണ്. പിൽഗ്രിം ടൂറിസം, ഇക്കോ ടൂറിസം, വില്ലേജ് ടൂറിസം, റെസ്പോൺസിബിൾ ടൂറിസം എന്നിവയുൾപ്പെടെ കേരളത്തിൽ ടൂറിസം മേഖലയുടെ പുതിയ സാധ്യതകൾ വളർന്നുവരികയാണ്. പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ വ്യാപകമായി നെൽപ്പാടങ്ങളുണ്ടായിരുന്നതാണ്. ഇപ്പോൾ പുതുതലമുറയിൽപ്പെട്ട വ്ലോഗർമാർ കൊല്ലങ്കോട് പ്രദേശത്തെ മലനിരകളും നെൽപ്പാടങ്ങളും ഇടുക്കി ജില്ലയിലെ കാന്തല്ലൂരും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനാൽ അവിടെ വലിയതോതിലുള്ള

ടൂറിസം സാധ്യതയ്ക്ക് വഴിയൊരുങ്ങിയിരിക്കുകയാണ്. കൂടാതെ പുരാതനമായ പ്രധാനപ്പെട്ട കേന്ദ്രങ്ങളുമുണ്ട്. നവീന ടൂറിസത്തിന്റെ ഭാഗമായി കൺസെപ്റ്റുകളും സൈറ്റുകളും മാറിവരുന്ന സാഹചര്യത്തിൽ അവിടേയ്ക്ക് എത്തിച്ചേരുന്ന ജനങ്ങളെ സംരക്ഷിക്കാനായി സെക്യൂരിറ്റി ഗാർഡുകളും ഗൈഡുകളുമുണ്ടെങ്കിലും അവർ അസംഘടിതരാണെന്ന വസ്തുത നിലനിൽക്കുകയാണ്. അവരെക്കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളത്തിൽ മാത്രമല്ല, വിദേശരാജ്യങ്ങളിലും വിനോദസഞ്ചാര മേഖലയുണ്ട്. വിദേശരാജ്യങ്ങളിലേയ്ക്ക് വിനോദസഞ്ചാരാർഥം യാത്രക്കാരെ കൊണ്ടുപോകുന്ന ധാരാളം ആളുകൾ ഇവിടെയുണ്ട്. അവരെക്കൂടി ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചത്. സെക്യൂരിറ്റി ഗാർഡുകളെയും വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് സുരക്ഷയൊരുക്കുന്നവരെയും

ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് വിനോദത്തിനായി കൊണ്ടുപോകുന്നവരെയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ്, അങ്ങയുടെ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, ഇനിയും കൂടുതൽ കാര്യങ്ങൾ വിശദീകരിക്കാനുള്ളതുകൊണ്ട് ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച

(i) 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ 2021 ഒക്ടോബർ 8-ാം തീയതി 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും

നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.-യ്ക്ക് ചർച്ച തുടരാവുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, രാജ്യത്തിനുതന്നെ അഭിമാനകരമായ വിധത്തിൽ സംസ്ഥാനത്തെ കായികരംഗം മികച്ച നേട്ടങ്ങൾ കൈവരിച്ച് മുന്നോട്ടുപോവുകയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷ കാലഘട്ടത്തിലും അതിനെതുടർന്നുള്ള ഈ കാലഘട്ടത്തിലും കായികരംഗത്ത് ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ വലിയ പരിശ്രമം നടത്തിയിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ കായികതാരങ്ങൾക്ക് മികച്ച പരിശീലനം നൽകാനും കായികപ്രതിഭയുള്ള കുട്ടികൾക്ക് കളിച്ചുവളരാനും പൊതുജനങ്ങൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടാനും വിപുലമായ

സൗകര്യം ഇനിയും ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്ത് മികച്ച രീതിയിലുള്ള കായിക പരിശീലനങ്ങളോ കളിക്കളങ്ങളോ നേരത്തെ ഉണ്ടായിരുന്നില്ല. അത്തരം സാഹചര്യങ്ങളെല്ലാം ഇപ്പോൾ മാറിയിട്ടുണ്ട്. കളിക്കളങ്ങൾക്കും കായികതാരങ്ങൾക്കും പ്രഥമ പരിഗണന നൽകിയതിലൂടെയാണ് നവോന്മേഷത്തിലേയ്ക്ക് കായിക മേഖല മാറിയത്. കായികതാരങ്ങൾക്ക് ചെറുപ്പം മുതൽ മികച്ച പരിശീലനം, അവരുടെ ക്ഷേമം, പുതിയ കളിക്കളങ്ങളുടെ നിർമ്മാണം എന്നിവ ഉറപ്പാക്കിക്കൊണ്ടാണ് കായിക മേഖലയുടെ വികസനത്തിൽ വലിയ കുതിപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. കായിക മേഖലയുമായി ബന്ധപ്പെട്ട് നിലവിൽ ഓരോ ജില്ലയിലും നിർമ്മിച്ചിട്ടുള്ള സ്റ്റേഡിയങ്ങൾ, പഞ്ചായത്തുകളിലെ കളിസ്ഥലങ്ങൾ, അതുപോലുള്ള മറ്റ് പരിശീലന കേന്ദ്രങ്ങൾ, പ്രത്യേക ഡിവിഷനുകൾ എന്നിവയുടെ വികസനം സമഗ്രമാക്കുകയെന്ന ലക്ഷ്യമാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. ഓരോ കായികയിനങ്ങൾക്കും അതത് പ്രദേശത്തെ ജനങ്ങളുടെ അഭിരുചിക്ക് അനുയോജ്യമായ നിലയിലുള്ള സ്റ്റേഡിയങ്ങളാണ് നിർമ്മിക്കേണ്ടത്. എങ്കിൽ മാത്രമെ ആ പ്രദേശത്തെ ജനങ്ങൾക്ക്

ഉപകാരപ്രദമാകുന്ന വിധത്തിൽ പരിശീലനത്തിനും അവരുടെ കായികമായ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനും കഴിയുകയുള്ളുവെന്നത് ഒരു വസ്തുതയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, എല്ലാ പഞ്ചായത്തുകളിലും നിർബന്ധമായും കളിക്കളം ആവശ്യമാണ്. കളിക്കളങ്ങൾ നിർമ്മിക്കലും സംരക്ഷിക്കലും എന്നതുപോലെതന്നെ പുതുതലമുറയുടെ കായികശേഷി കൂടുതൽ പ്രകടിപ്പിക്കാനും അവതരിപ്പിക്കാനുമുള്ള സംവിധാനങ്ങളുമുണ്ടാകണം. എല്ലാ പഞ്ചായത്തുകളിലും കളിക്കളം വേണമെന്നിരിക്കെ പലപ്പോഴും അതിനാവശ്യമായ സ്ഥലം ലഭ്യമാകാത്ത പ്രശ്നങ്ങളുണ്ട്. ഇറിഗേഷൻ, റവന്യൂ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലങ്ങൾ സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്യുന്ന പദ്ധതികൾക്കുപോലും ഒരു കാരണവശാലും നൽകുന്നില്ലെന്ന വിഷമകരമായ അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ഓരോ പഞ്ചായത്തിലും കായിക വിനോദത്തിനുവേണ്ടിയുള്ള സംവിധാനമൊരുക്കാൻ എല്ലാ സർക്കാർ വകുപ്പുകളും സന്നദ്ധരാകേണ്ടതല്ലേ?

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കളിസ്ഥലങ്ങൾക്കുവേണ്ടി ഭൂമിയേറ്റെടുത്താലും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ സ്ഥലം കളിസ്ഥലങ്ങളായിമാത്രം പ്രയോജനപ്പെടുത്താൻ താൽക്കാലികമായി വിട്ടുകൊടുക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നത് സഹായകരമാകും എന്നൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച വിഷയങ്ങളോട് ഞാൻ യോജിക്കുകയാണ്. അക്കാര്യങ്ങൾകൂടി ഇതിനോടൊപ്പം കൂട്ടിച്ചേർക്കേണ്ടതുതന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഒരു കോസ്റ്റൽ റോവിംഗ് അക്കാദമി പ്രഖ്യാപിച്ചിരുന്നു. പക്ഷേ, അത് പ്രഖ്യാപനത്തിൽ മാത്രമായി നിൽക്കുകയാണ്. പ്രസ്തുത അക്കാദമി രൂപീകരിക്കാൻ കഴിഞ്ഞാൽ ഒളിമ്പിക്സിലടക്കം സ്വർണ്ണം നേടാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിലവിലെ സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് പരിശോധിക്കണം.

അതോടൊപ്പം ഈ കളിസ്ഥലങ്ങൾ കായിക ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും നൽകുന്നില്ലെന്ന് ഉറപ്പുവരുത്തണം. ഇപ്പോൾ പല കളിസ്ഥലങ്ങളും മറ്റുപല ആവശ്യങ്ങൾക്കുമായി അനുവദിക്കുന്നുണ്ട്. പിന്നീട് അതിൽ പലതും തകർന്ന് തരിപ്പണമാവുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതിനാൽ ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. തിരുവനന്തപുരം കാര്യവട്ടത്തെ സ്പോർട്സ് ഹബ്ബ് വീണ്ടും മത്സരാർഥികൾക്ക് അനുവദിച്ച നടപടി സ്വാഗതാർഹമാണ്. കളിസ്ഥലങ്ങളുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള സ്ഥിതിവിശേഷമുണ്ടാകണം. കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനവും അതിന്റെ പരിപാലനവും ലക്ഷ്യമിട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന് രൂപം നൽകിയത് വളരെ നല്ല കാര്യമാണ്. ഈ കളിസ്ഥലങ്ങൾ സംരക്ഷിക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ജില്ലാ കളക്ടർമാർ അതിന് നേതൃത്വം നൽകുകയും ചെയ്യണം. അതത് ജില്ലയിലെ നിയമസഭാ സാമാജികരും ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നാമനിർദേശം

ചെയ്യപ്പെട്ടവരും ക്രമസമാധാനപാലന ചുമതലയുള്ള പോലീസ് പ്രതിനിധിയും ജില്ലാ സ്പോർട്സ് കൗൺസിൽ പ്രതിനിധിയും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രതിനിധിയും ജലവിഭവ-പൊതുമരാമത്ത്-എഞ്ചിനീയറിങ് വിഭാഗങ്ങളിലെ അംഗങ്ങളും പരിസ്ഥിതി പ്രവർത്തകരും വനം-കായിക രംഗത്തെ പ്രമുഖരും അടങ്ങുന്ന വിദഗ്ധ സമിതി രൂപീകരിച്ചാൽ മുഴുവൻ കളിസ്ഥലങ്ങളും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' എന്ന പദ്ധതിപോലെത്തന്നെ എല്ലാ പൊതുവിദ്യാലയങ്ങളിലും കളിക്കളങ്ങളുണ്ടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ മേഖലയിലുള്ള സ്കൂളുകളിൽ കളിക്കളങ്ങൾ നിർമ്മിക്കാൻ എം.എൽ.എ.-മാർക്കും ഗവൺമെന്റിനും ഫണ്ട് നൽകാൻ സാധിക്കും. എന്നാൽ തീരദേശ മേഖലകളിലുള്ള എയ്ഡഡ് സ്കൂളുകൾ സാമ്പത്തികമായി വലിയ ബുദ്ധിമുട്ട് നേരിടുന്ന മാനേജ്മെന്റുകൾക്കുകീഴിൽ പ്രവർത്തിക്കുന്നവയാണ്. ഇത്തരം സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങളുണ്ടാകും. പക്ഷേ, ഫണ്ടില്ലാത്തതിനാൽ ടി

സ്ഥലങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഇതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് നൽകാൻ കഴിയില്ലെന്ന് മാത്രമല്ല, ഗവൺമെന്റിൽനിന്നുള്ള മറ്റ് സഹായങ്ങളും ലഭിക്കില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ, ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് 2024 ജൂലൈ 5-ാം തീയതി 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചർച്ച

പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.-യ്ക്ക് ചർച്ച തുടരാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ സഭയിൽ കൊണ്ടുവന്നതിന്റെയും അതിന്റെ അടിസ്ഥാനത്തിൽ ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്റെയും കാരണം ഒരു വയസ്സുമുതൽ മുതൽ ആറ് വയസ്സുവരെയുള്ള പ്രായത്തിലാണ് കുട്ടികളുടെ ബ്രെയിൻ ഡെവലപ്മെന്റിന്റെ 85 ശതമാനവും പൂർത്തിയാകുന്നത് എന്നതുകൊണ്ടാണ്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനായി ധാരാളം പണം ചെലവഴിക്കുന്നുണ്ട്; അത് വേണ്ടതുതന്നെയാണ്. പക്ഷേ, അതിനേക്കാൾ കൂടുതൽ പരിഗണനയും കരുതലും ശ്രദ്ധയും കൊടുക്കേണ്ടത് ഒരു വയസ്സുമുതൽ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ കാര്യത്തിലാണ്. അത് കണക്കിലെടുത്തുകൊണ്ടാണ് National Early Childhood Care and Education Policy, 2013 രാജ്യത്ത് നിലവിൽ വന്നത്. പ്രസ്തുത പോളിസിക്കുവേണ്ടി

സംസ്ഥാനങ്ങൾക്ക് നിരവധി നിർദേശങ്ങൾ ദേശീയ ഗവൺമെന്റ് നൽകിയിട്ടുള്ളതാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തുമാത്രമല്ല, ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്ലേസ്കൂൾ കിൻഡർഗാർട്ടൻ, നഴ്സറി സ്കൂളുകൾ എന്നിവയുടെ രജിസ്ട്രേഷൻ നടത്തുന്നതിനോ കുട്ടികൾക്കായുള്ള പാഠ്യപദ്ധതി എന്തായിരിക്കണമെന്നോ അവിടെ പഠിപ്പിക്കുന്ന അധ്യാപകരുടെ യോഗ്യത എന്താകണമെന്നോ തീരുമാനിക്കുന്നതിനോ രജിസ്ട്രേഷൻ അതോറിറ്റിയോ സംവിധാനങ്ങളോ ഇല്ല. നിലവിൽ ഇക്കാര്യങ്ങളിൽ മാതൃകയാക്കാൻ കഴിയുന്നത് സ്കാൻഡിനേവിയൻ രാജ്യങ്ങളെയാണ്. Human Development Index-ന്റെ കാര്യത്തിൽ സ്കാൻഡിനേവിയൻ രാജ്യങ്ങൾ പുലർത്തുന്ന വ്യത്യസ്തങ്ങളായ മാതൃകകൾ സംബന്ധിച്ച് പല അവസരങ്ങളിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളെല്ലാംതന്നെ കുട്ടികളെ രാജ്യത്തിന്റെ ദേശീയ സമ്പത്തായി കണ്ടുകൊണ്ട് Early Childhood Care and Education-ന് വലിയ പരിഗണനയാണ് നൽകുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, സംസ്ഥാനത്തെ പ്രീ-സ്കൂളുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾ 'A' for എന്നുപറഞ്ഞാലുടൻ Apple എന്നും 'B' for എന്നുപറഞ്ഞാലുടൻ Boy എന്നും പറയും. അവർ മാത്രമല്ല, നമ്മളിൽ പലരും നമുക്ക് മുമ്പ് പഠിച്ചവരും അങ്ങനെയാണ് പഠിച്ചിരിക്കുന്നത്. ഈ ഭൂമിയിൽ അത്ഭുതത്തോടെ പിറക്കുന്നൊരു കുഞ്ഞിന് ഒരു പുതിയ വാക്ക് അന്വേഷിക്കാൻപോലും സ്വാതന്ത്ര്യം നൽകാതെ അവരെ അങ്ങനെ ഒരവസ്ഥയിലെത്തിക്കുകയാണ്. അങ്ങ് പറഞ്ഞ സ്കാൻഡിനേവിയൻ രാജ്യങ്ങളുൾപ്പെടെയുള്ള ലോകത്തിലെ രാജ്യങ്ങളിൽ ഏറ്റവും സർഗാത്മകവും ചേതോഹരവുമായി കുഞ്ഞുങ്ങളുടെ happiness index കൂടി പരിഗണിച്ചുകൊണ്ട് അവരുടെ അഭിരുചികളെ ഭാവനാത്മകമായി വിടർത്തുന്ന മോണ്ടിസോറി വിദ്യാഭ്യാസ രീതിയുണ്ട്. മരിയ മോണ്ടിസോറി 'സാൻ ലോറെൻസോ' ചേരിയിൽ ആരംഭിച്ച മോണ്ടിസോറി വിദ്യാഭ്യാസത്തെ കേരളംപോലും ഇതുവരെ കൈനീട്ടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 1931-ൽ ലണ്ടനിൽ വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻപോയ മഹാത്മാഗാന്ധിയെ മരിയ മോണ്ടിസോറി സന്ദർശിക്കുകയും മഹാത്മാഗാന്ധിയും മരിയ മോണ്ടിസോറിയുമായി ആശയവിനിമയം നടത്തുകയും ഗാന്ധിജിപോലും ഈ മോണ്ടിസോറി സമ്പ്രദായത്തിൽ ആകൃഷ്ടനാകുകയും കുട്ടികളുടെ വിദ്യാഭ്യാസം എങ്ങനെയാകണമെന്നത് സംബന്ധിച്ച് പിന്നീട് ഗാന്ധിജിതന്നെ പറയുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസമെന്നാൽ ഒരുതരത്തിലും മുതിർന്നവർ കുഞ്ഞുങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന രൂപത്തിലാകരുത്. ശ്രീ. പ്രമോദ് നാരായൺ സൂചിപ്പിച്ചതുപോലെ, അവരുടെ നൈസർഗികവും സ്വാഭാവികവുമായ പ്രവർത്തനം അതായത്, അവർ കളിക്കുകയാണെങ്കിൽ ആ കളിതന്നെ വിദ്യാഭ്യാസമാകണം. അവർക്ക് കഥ പറഞ്ഞുകൊടുക്കുമ്പോഴും അവർ പാട്ടുപാടുമ്പോഴും അതിലൂടെമാത്രം അവരെ വിദ്യാഭ്യാസത്തിലേയ്ക്ക് കൊണ്ടുവരണം. എന്നാൽ, ഇവിടെ ഇക്കാര്യത്തിൽ കൃത്യമായൊരു പാഠ്യപദ്ധതിയില്ല. സംസ്ഥാന സർക്കാർ കുഞ്ഞുങ്ങൾക്കായി അങ്കണവാടികൾ നടത്തുന്നുണ്ട്. എം.എൽ.എ.-മാരെ കാണാനെത്തുന്ന

പഞ്ചായത്ത് മെമ്പർമാർ പറയുന്നത് എങ്ങനെയെങ്കിലും രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങിത്തന്നാൽ അങ്കണവാടിക്ക് ഒരു കെട്ടിടം നിർമ്മിക്കാമായിരുന്നു എന്നാണ്. നമ്മുടെ സങ്കൽപ്പംപോലും അങ്കണവാടികൾക്ക് മൂന്ന് സെന്റ് ഭൂമി മതിയെന്നാണ്. മൂന്ന് സെന്റ് ഭൂമിയിൽ നിർമ്മിക്കുന്ന അങ്കണവാടിയിൽ എങ്ങനെയാണ് കുഞ്ഞുങ്ങൾക്ക് കളിക്കാൻ സാധിക്കുന്നത്; ഈ അങ്കണവാടിക്ക് മുറ്റമുണ്ടാകുമോ? കാർ ഷെഡ്ഡിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾപോലും സംസ്ഥാനത്തുണ്ട്. ഭൂമി വാങ്ങാനായി എം.എൽ.എ. ഫണ്ടിൽനിന്നും പണം നൽകാൻ കഴിയില്ല എന്നതാണ് ഇക്കാര്യത്തിൽ എം.എൽ.എ.-മാർ നേരിടുന്ന ബുദ്ധിമുട്ട്. ഭൂമിയുണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് പണം നൽകാൻ കഴിയും. കാർ ഷെഡ്ഡിൽ പ്രവർത്തിക്കുന്ന അങ്കണവാടിയിൽ പഠിക്കുന്ന കുട്ടികളോടും ആ തലമുറയോടും ഏറ്റവും വലിയ തെറ്റാണ് നമ്മൾ ചെയ്യുന്നത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെയുള്ള ഏതെങ്കിലും രൂപത്തിലുള്ള മാനസിക അനുഭവത്തിൽക്കൂടി കടന്നുപോകാൻ അവരുടെ ജീവിതത്തിലെ ഏറ്റവും വിലപിടിപ്പുള്ള ഒന്ന് മുതൽ ആറ് വയസ്സുവരെയുള്ള കാലഘട്ടത്തിൽ

അനുവദിക്കാതെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവരെ പഴയ രീതിയിൽത്തന്നെ പഠിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, സമയം കഴിഞ്ഞു. ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർഥിക്കുകയാണ്.

മി. സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം തുടർചർച്ചയ്ക്കായി പരിഗണിച്ചില്ല.)

ഓർഡർ....ഓർഡർ...., സഭ ഇപ്പോൾ പിരിയുന്നതും 2024 ഒക്ടോബർ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഒക്ടോബർ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

* * * * *

അനുബന്ധം I

ചോദ്യം നമ്പർ (*122)-ന്റെ 'എ' പിരിവിന്റെ വിശദമായ മറുപടി

നിലവിൽ ജൈവകൃഷി നടത്തുന്ന കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	കർഷകരുടെ എണ്ണം	ആകെ ജൈവ കൃഷി ചെയ്യുന്ന വിസ്തൃതി (ഹെ.)	ഇനം
തിരുവനന്തപുരം	1783	1255	പച്ചക്കറി, വാഴ
കൊല്ലം	1988	332	പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്
പത്തനംതിട്ട	1412	143.46	നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, വാഴ, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, ചെറുധാന്യങ്ങൾ
ആലപ്പുഴ	6847	4522.116	പച്ചക്കറി, വാഴ, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, തെങ്ങ്, സുഗന്ധവ്യഞ്ജനങ്ങൾ, ചെറുധാന്യങ്ങൾ, എള്ള്, വെറ്റില, പഴവർഗ്ഗങ്ങൾ
കോട്ടയം	7034	2887.2	കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വാഴ, കുരുമുളക്, തെങ്ങ്, ജാതി, നെല്ല്
ഇടുക്കി	9082	6860	കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ, നെല്ല്, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ

എറണാകുളം	1922	719.007	നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മില്ലറ്റ്സ്, പഴവർഗ്ഗങ്ങൾ
തൃശ്ശൂർ	1880	1265	നെല്ല്, പച്ചക്കറികൾ, വാഴ, മഞ്ഞൾ, ഏലം, തെങ്ങ്, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, ജാതി, കവുങ്ങ്
പാലക്കാട്	1630	3520	പച്ചക്കറി, നെല്ല്, പഴവർഗ്ഗം, തെങ്ങ്, സുഗന്ധവ്യഞ്ജന വിളകൾ
മലപ്പുറം	5318	425.5	തെങ്ങ്, കമുക്, മരച്ചീനി, കിഴങ്ങുവർഗ്ഗം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, കുരുമുളക്, ജാതിക്ക, ഡ്രാഗൺ ഫ്രൂട്ട്
കോഴിക്കോട്	24546	2893	പച്ചക്കറി, പഴവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ
വയനാട്	3561	2083	പച്ചക്കറികൾ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, നെല്ല്, കാപ്പി, ഏലം
കണ്ണൂർ	5719	2006.72	തെങ്ങ്, കവുങ്ങ്, വാഴ, നെല്ല്, കൈപ്പാട് നെല്ല്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, മരച്ചീനി, ഫലവൃക്ഷങ്ങൾ, കിഴങ്ങുവർഗ്ഗം, കുരുമുളക്, ജാതിക്ക, സുഗന്ധവിളകൾ, എള്ള്, കശുമാവ്
കാസർഗോഡ്	9535	3000	തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി, നെല്ല്.

അനുബന്ധം II

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ

5(*125) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മികവിന്റെ കേന്ദ്രങ്ങൾ ഏതൊക്കെ മേഖലകളിലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പാഠ്യപദ്ധതി രൂപകല്പന, ഗവേഷണം, വിദ്യാർഥി പരിശീലനം എന്നിവയെ അടിസ്ഥാനമാക്കി ഇവ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 20-04-2023-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 576/2023/ഉ.വി.വ., 23-08-2023-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1318/2023/ഉ.വി.വ. എന്നിവ പ്രകാരം KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the Campus of the University of Kerala)

2. Centre of Excellence in Neurodegeneration and Brain Health (in the campus of Cochin University of Science and Technology)

3. Centre of Excellence in Nanoscience & Nanotechnology (in the Campus of Mahatma Gandhi University)

കൂടാതെ, 22-07-2024-ലെ G. O. (Rt) No. 897/2024/HEDN പ്രകാരം 7 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Centre of excellence for Teaching, Learning and Training: വിദ്യാർഥികളുടെ വിജയം വർധിപ്പിക്കുകയും ഒരു കമ്മ്യൂണിറ്റി പങ്കാളിത്തം കെട്ടിപ്പടുക്കുകയും ബൗദ്ധികമായി വ്യത്യസ്തവും സജീവവുമായ ഒരു പഠന സമൂഹത്തിൽ അംഗങ്ങളാകാൻ വ്യക്തികളെ പ്രാപ്തരാക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന് അധ്യാപകർക്കും അനധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനും പ്രസ്തുത കേന്ദ്രം ലക്ഷ്യമിടുന്നു.

2. Kerala Institute for Science, Technology and Innovation (KISTI): നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി,

ബയോഡാറ്റ അനാലിസിസ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിങ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽക്കൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

3. Kerala Institute of Advanced Studies (KIAS): കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തെയും ഇത് ലക്ഷ്യംവയ്ക്കുന്നു.

4. Kerala Network for Research-support in Higher Education (KNRSHE): കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ചുയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിങിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകളുൾപ്പെടെയുള്ള വിവിധ

ഏജൻസികളിൽനിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5. Centre for Indigenous Peoples Education (CIPE): തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെയും സംയുക്ത സംരംഭമാണിത്.

6. The Kerala Institute for Gender Equality (KIGE): സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

7. Kerala Language Network (KLN): കേരള ഭാഷ ശൃംഖല മലയാളമുൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാരങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നുള്ള വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മാനവിക വിഷയം, ഭാഷകൾ, ആർട്ട്സുകൾ എന്നിവയുടെ പഠന ഗവേഷണ പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുക, പ്രസ്തുത രംഗങ്ങളിൽ പുത്തൻ ഇടപെടലുകളും പരിഹാരങ്ങളും കൊണ്ടുവരിക എന്നിങ്ങനെ ആധുനിക വിജ്ഞാന സമൂഹസൃഷ്ടിക്ക് അനിവാര്യവും സഹായകവുമായ നിരവധി മാറ്റങ്ങൾ മികവിന്റെ കേന്ദ്രങ്ങൾവഴി പ്രതീക്ഷിക്കുന്നു. ചില മേഖലകളിൽ നിലവിലുള്ള സ്ഥാപനങ്ങളെ ശ്രദ്ധേയമായ രീതിയിൽ ഉയർത്തിക്കൊണ്ട് പുതിയ സ്ഥാപനമായി പരിവർത്തിപ്പിക്കാനും കഴിയുന്നതാണ്. ഇത് ആധുനിക വിജ്ഞാന സമൂഹസൃഷ്ടിക്ക് അനിവാര്യവും സഹായകവുമാണ്.

ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ

6 (*126) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണ-ക്ഷീര മേഖലകളുടെ സമഗ്രമായ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെയുള്ള വിവരശേഖരണവും അവയുടെ തുടർവിശകലനവും വഴി കർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കാനും ഉൽപാദനക്ഷമത കൂട്ടാനും സാധിക്കും. മൃഗ ചികിത്സാസേവനങ്ങളും മറ്റനുബന്ധ സേവനങ്ങളും കർഷകർക്കും പൊതുജനങ്ങൾക്കും സമയബന്ധിതമായും ആയാസരഹിതമായും ലഭ്യമാവുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പ് "ഇ-സമൃദ്ധ" പദ്ധതി നടപ്പിലാക്കി വരികയാണ്. മൊബൈൽ ആപ്ലിക്കേഷനിലൂടെ കർഷകർക്ക് ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും

മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റ് സേവനങ്ങളെല്ലാംതന്നെ ഒരു വിരൽത്തുമ്പിൽ ലഭ്യമാക്കാനുതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കൂടാതെ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ഷീരമേഖലയുടെ സമഗ്രമായ വളർച്ചയ്ക്കായി വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ക്ഷീരസംഘങ്ങളിലെ പാൽ സംഭരണവും വിപണനവും കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമായി "ക്ഷീരശ്രീ പോർട്ടൽ" എന്ന ഓൺലൈൻ സംവിധാനം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) മൃഗസംരക്ഷണ-ക്ഷീര മേഖലയിലെ കർഷകർക്കായുള്ള ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇ-സമൃദ്ധയുടെ ഭാഗമായി വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് സർക്കാർ ആശുപത്രികളിലെ ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ,

മൃഗചികിത്സാ വിവരങ്ങൾ, മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റനുബന്ധ സേവനങ്ങൾ മുതലായവ പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ലഭ്യമാക്കാനും കഴിയും. കർഷകർക്കും അരുമ മൃഗങ്ങളുടെ ഉടമകൾക്കും തങ്ങളുടെ മൃഗങ്ങളെ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന തരത്തിലാണ് മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിവരുന്നത്.

(സി) എല്ലാ മൃഗാശുപത്രികളെയും ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ വഴി ബന്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, കഴക്കൂട്ടം വെറ്ററിനറി ആശുപത്രി, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറി എന്നീ മൃഗാശുപത്രികളിലാണ് ഈ സൗകര്യം ലഭ്യമായിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സേവനം കർഷകർക്ക് ലഭ്യമാകും.

(ഡി) ഡോക്ടറുടെ സേവനം മുൻകൂട്ടി ഉറപ്പാക്കുന്നതോടൊപ്പം വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആരോഗ്യ സർട്ടിഫിക്കറ്റ്, ലാബ് റിപ്പോർട്ടുകൾ എന്നിവ ലഭ്യമാകുന്ന സമ്പൂർണ്ണ മൃഗാരോഗ്യ മാനേജ്മെന്റ് സംവിധാനമായി ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷനെ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മൃഗപരിപാലനവുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ലഭ്യമാക്കുന്ന തരത്തിലുള്ള ഒരു സമ്പൂർണ്ണ മൃഗാരോഗ്യ മാനേജ്മെന്റ് സംവിധാനമാണ് ഇ-സമൃദ്ധ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷൻ വഴി സർക്കാർ മൃഗാശുപത്രികളിലെ ചികിത്സാസേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ, മൃഗചികിത്സാ വിവരങ്ങൾ, ലബോറട്ടറി റിപ്പോർട്ടുകൾ, മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കാനും കഴിയും.

സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ

7(*127) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

2024-25 അക്കാദമിക വർഷം ജൂലൈ 1 മുതൽ കേരള, എം.ജി., കോഴിക്കോട്, കണ്ണൂർ സർവകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും സർവകലാശാല കാമ്പസുകളിലും ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം എന്നീ സർവകലാശാലകളിലും നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചു. ശ്രീനാരായണ ഓപ്പൺ സർവകലാശാല കോഴ്സുകളും FYUGP അടിസ്ഥാനത്തിൽ

പുനഃസംഘടിപ്പിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കാവശ്യമായ കരിക്കുലം ചട്ടക്കൂട്, FYUGP റെഗുലേഷൻ, പുതിയ സിലബസ് എന്നിവ വിവിധ സർവകലാശാലകളിൽ രൂപകല്പന ചെയ്ത് നടപ്പിലാക്കിവരുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് നൽകുന്ന പരിശീലന പരിപാടികൾ (Master Trainers Workshops), FYUGP കോ-ഓർഡിനേറ്റർമാർ, കോളേജ് അധ്യാപകർ എന്നിവർക്കുള്ള ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ്ടു വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമെ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ (Foundation Courses for Undergraduate General Programs, Foundations of Knowledge and Inquiry Across Disciplines) ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾ, കോളേജുതല സമിതികൾ, പൊതുജനങ്ങൾ എന്നിവർക്ക് FYUGP Hand Book-കൾ കൗൺസിൽ പ്രസിദ്ധീകരിച്ചു.

സർവകലാശാലകൾ വിവിധ കോഴ്സുകളുടെ കോഴ്സ് ബാസ്ക്കറ്റുകൾ പ്രസിദ്ധീകരിച്ചു. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കൃത്യമായ നടത്തിപ്പിനാവശ്യമായ പൊതു അക്കാദമിക-പരീക്ഷ കലണ്ടറുകളുടെ അടിസ്ഥാനത്തിൽ പഠന-പരീക്ഷാ നടപടികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രസിദ്ധീകരണവും സർട്ടിഫിക്കറ്റ് വിതരണവുംവരെ ക്രമപ്പെടുത്തുന്നതിനാവശ്യമായ കമ്പ്യൂട്ടർ അധിഷ്ഠിത 'കെ-റീപ്' സംവിധാനം പ്രവർത്തനക്ഷമമാക്കിവരുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ആദ്യ ബാച്ചിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ നവംബർ ആദ്യവാരം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാന സർവകലാശാലകളും കോളേജുകളും.

(ബി) പ്രസ്തുത പ്രോഗ്രാമുകളുടെ കരിക്കുലം അനുസരിച്ച് എന്തെല്ലാം അവസരങ്ങളാണ് വിദ്യാർഥികൾക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(സി) ബിരുദ പ്രോഗ്രാമുകൾ പൂർണമായും നാലുവർഷ ഘടനയിലേയ്ക്ക് മാറുന്നതോടെ എന്തെല്ലാം നേട്ടങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ?

(ബി&സി) വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. പ്രധാന വിഷയമായ മേജർ കോഴ്സുകൾ, അനുബന്ധ വിഷയങ്ങളായ മൈനർ കോഴ്സുകൾ, ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി ഭാഷാവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ, വിവിധ വിഷയങ്ങൾ പഠിക്കുന്നതിനുള്ള മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, അധ്യാപകർക്ക് സ്വയമേവ തയ്യാറാക്കി നൽകാവുന്ന സിഗ്നേച്ചർ കോഴ്സുകൾ എന്നീ ഘടകങ്ങളും പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്ന ഇന്റേൺഷിപ്പ്, പ്രോജക്ട് എന്നിവയും പുതിയ ബിരുദ കരിക്കുലത്തിന്റെ

ഭാഗമാണ്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് നൈപുണീയത സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത് വേയുടെ ഭാഗമാക്കാനും സാധിക്കും. (ഉദാഹരണത്തിന് ഫിസിക്സിനോടൊപ്പം ഡാറ്റാ അനലിറ്റിക്സ്, കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം

ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്). സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം.

നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് ഗവേഷണരംഗത്ത് കടന്നുവരാനുള്ള ബി.എ./ബി.എസ്സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠന പന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഒരു വർഷ പഠനംകൊണ്ട് പി.ജി. വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP-ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ

വിദ്യാർഥികൾക്ക് UGC-PhD-NET പരീക്ഷ എഴുതാനുള്ള അനുമതി യു.ജി.സി. നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നിബന്ധനകൾക്ക് വിധേയമായി നേരിട്ട് പി.എച്ച്.ഡി. ഗവേഷണത്തിന് യോഗ്യത ലഭിക്കുന്നു.

വയനാട് ഉരുൾപൊട്ടലിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

8(*128) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും പരിസരങ്ങളിലും 2024 ജൂലൈ 30-നുണ്ടായ ഉരുൾപൊട്ടലും മറ്റ് പ്രകൃതിദുരന്തങ്ങളും കാർഷിക മേഖലയിലുണ്ടാക്കിയ നാശനഷ്ടങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ 30-07-2024-ന് ഉണ്ടായ കനത്ത ഉരുൾപൊട്ടലിൽ ഗണ്യമായ പ്രദേശം നശിക്കുകയും നൂറുകണക്കിന് ആളുകൾക്ക് ജീവനും സ്വത്തും നഷ്ടമാകുകയും ചെയ്തു.

വെള്ളരിമല വില്ലേജിലെ 10, 11, 12 വാർഡുകളുൾപ്പെടുന്ന പ്രദേശങ്ങളായ പുഞ്ചിരിമറ്റം, മുണ്ടക്കൈ, ചൂരൽമല, അട്ടമല എന്നീ ഭാഗങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ കൃഷിനാശവും കൃഷിഭൂമിയുടെ നാശവും രേഖപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് നടത്തിയ പഠന റിപ്പോർട്ടുപ്രകാരം 110 ഹെക്ടറിലെ കൃഷിഭൂമി പൂർണ്ണമായി നശിക്കുകയും ഫെയർ വാല്യൂ കണക്കുപ്രകാരം 5280 ലക്ഷം രൂപയുടെ നഷ്ടമുള്ളതായും കണക്കാക്കുന്നു. നഷ്ടപ്പെട്ട കൃഷിഭൂമിയിലെ കൃഷിയുൾപ്പെടെ 165 ഹെക്ടറിലെ കൃഷി നശിച്ചതായും ഇതിലൂടെ 1130.5 ലക്ഷം രൂപയുടെ കൃഷി നാശം സംഭവിച്ചതായും കണക്കാക്കിയിട്ടുണ്ട്.

കൂടാതെ 25 ഹെക്ടർ കൃഷി ഭൂമിയിൽ അടിഞ്ഞുകൂടിയ മണ്ണ്, ചെളി, കല്ല്, മരങ്ങളുടെ അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യേണ്ടതുമുണ്ട്. വിളനാശത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

എയിംസ് പോർട്ടലിലെ പ്രാഥമിക വിവര കണക്കുപ്രകാരം 1285 കർഷകരുടെ 253 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായും 1489.19 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രദേശത്തെ കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന കുടുംബങ്ങൾ, അവരുടെ കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ എന്നിവ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന 750 കുടുംബങ്ങൾക്ക് ഉരുൾപൊട്ടൽമൂലം നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

ആസ്തി വിശദാംശങ്ങൾ

കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരായ ദുരിതബാധിത പ്രദേശത്തെ ഭൂരിഭാഗം ജനങ്ങൾക്കും കാർഷിക യന്ത്രങ്ങളായ ബ്രഷ് കട്ടർ, സ്പ്രേയർ, ചെയിൻ സോ, പമ്പ് സെറ്റുകൾ, മറ്റ് കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ നഷ്ടപ്പെട്ടു. നാശനഷ്ടമുണ്ടായ പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു അരീക്കനട്ട് സ്പാത്ത് (കമുക് പാള) പ്ലേറ്റ് നിർമ്മാണ യൂണിറ്റ്, ഒരു മലയോര ഉൽപന്ന സംഭരണ-വില്പന കട (പ്രൈവറ്റ്) എന്നിവയും പൂർണ്ണമായും നശിച്ചു. വീടുകളിൽ സൂക്ഷിച്ചിരുന്ന വിളവെടുത്ത ഉൽപന്നങ്ങളും അവരുടെ വീടുകൾക്കൊപ്പം നഷ്ടപ്പെട്ടു. ജലസേചന-കാർഷിക ഉപകരണങ്ങളുടെ നാശനഷ്ട കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക വായ്പകൾ

439 കാർഷിക വായ്പകളിലായി 3722.391765 ലക്ഷം രൂപ കുടിശ്ശികയുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഉരുൾപൊട്ടലിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഭൂമി നഷ്ടത്തിനും വിളനാശത്തിനും നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളുടെ ശേഖരണം, പരിശോധന, ശിപാർശ എന്നിവയ്ക്കായി ഒരു ടാസ്ക് ടീം രൂപീകരിച്ചിട്ടുണ്ട്.

നിലവിലെ സാഹചര്യം പഠിക്കുന്നതിനും പശ്ചിമഘട്ട മേഖലയിൽ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവും പ്രദേശത്തിനനുയോജ്യവുമായ ഒരു കാർഷികരീതി ആവിഷ്കരിക്കുന്നതിനായി കൃഷി വകുപ്പ്, കാർഷിക സർവകലാശാല (KAU), മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത സന്ദർശനം 13-08-2024-ന് നടത്തിയിരുന്നു.

ദുരന്തബാധിതരായ കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ച് നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടലിൽ പ്രാഥമിക വിവര കണക്ക് രേഖപ്പെടുത്തുന്നതിനുള്ള സമയം 15-09-2024 വരെയും അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 15-10-2024 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്.

നിലവിൽ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന, കൃഷിനാശമുണ്ടായ മുഴുവൻ കർഷകർക്കും ധനസഹായം ലഭിക്കുന്നതിനായി എയിംസ് പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചെന്ന് ഉറപ്പുവരുത്തുന്നതിനും ദുരന്തമേഖലയിലെ കർഷകരുടെ വായ്പ സംബന്ധിച്ച് ലീഡ് ബാങ്ക് മാനേജരുമായി ചേർന്ന് അനുകൂല നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയനാട് (മേപ്പാടി), കോഴിക്കോട് (വിലങ്ങാട്) എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ നഷ്ടം സംഭവിച്ച കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി 85.5268736 കോടി രൂപയുടെ ഒരു സമഗ്ര പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്.

കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നടപടി

9(*129) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതായി മൃഗസംരക്ഷണ വകുപ്പിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) കാലിത്തീറ്റയുടെ ഗുണനിലവാരക്കുറവ് കാരണം കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കാലിത്തീറ്റ കമ്പനികളിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വില്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ടുപ്രകാരം കാലിത്തീറ്റയുടെ ഗുണനിലവാര കുറവ് കാരണം കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(സി) കന്നുകാലികൾക്ക് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വില്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ടുപ്രകാരം കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വ്യവസ്ഥയുണ്ട്. പൊതുജനങ്ങൾക്ക് കാലിത്തീറ്റ സാമ്പിൾ നിശ്ചിത ഗുണനിലവാരമുള്ളതാണോയെന്ന്

പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എൻ.എ.ബി.എൽ. അംഗീകാരമുള്ള സ്റ്റേറ്റ് ഡയറി ലാബിൽ സൗകര്യമുണ്ട്.

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ഗുണമേന്മയാർന്ന ഉൽപന്നങ്ങൾ ഏറ്റവും ന്യായമായ വിലയിലാണ് വിപണിയിലെത്തിക്കുന്നത്. കേരള ഫീഡ്സ് കാലിത്തീറ്റ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെല്ലാം കാർഷികോൽപന്നങ്ങൾ അല്ലെങ്കിൽ അവയുടെ ഉപോൽപന്നങ്ങളാണ്. ഇതിൽ കന്നുകാലികൾക്ക് ദോഷകരമായ ഒന്നും അടങ്ങിയിട്ടില്ല. കാലിത്തീറ്റയ്ക്കും കാലിത്തീറ്റയിൽ ചേർക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കൾക്കും നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങളുണ്ട്. ഇവ പരിശോധിക്കാനും ഉറപ്പാക്കാനും എല്ലാ കാലിത്തീറ്റ പ്ലാന്റിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കമ്പനിയിലേയ്ക്ക് വരുന്ന അസംസ്കൃത പദാർഥങ്ങൾക്കും കാലിത്തീറ്റ ഉൽപാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഗുണനിലവാര പരിശോധനയടക്കം നാലുഘട്ടത്തിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

സമീകൃത കാലിത്തീറ്റയുടെ ഉൽപാദനം വർധിപ്പിച്ച് പാലുൽപാദനം വർധിപ്പിക്കുന്നതിനായി പ്രതിദിനം 360 മെട്രിക് ടൺ വീതം ഉൽപാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ പട്ടണക്കാടും മലമ്പുഴയിലുമായി മിൽമയ്ക്കുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. പാലുൽപാദനം വർധിപ്പിക്കാനുതകും വിധത്തിലുള്ള തവിട്, പിണ്ണാക്ക്, ധാന്യങ്ങൾ തുടങ്ങിയ മേൽത്തരം അസംസ്കൃത വസ്തുക്കളാണ് കാലിത്തീറ്റ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ അസംസ്കൃത വസ്തുവിന്റെയും ഗുണനിലവാര ഘടകങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് അപ്രകാരമുള്ളവ മാത്രമാണ് വാങ്ങുന്നത്. ഫാക്ടറികളിലെ എൻ.ഐ.ആർ. അനലൈസർ ഉൾപ്പെടെയുള്ള അതിനൂതന ഉപകരണങ്ങളുടെ പിൻബലത്തോടെ നടത്തുന്ന പ്രാഥമിക പരിശോധനയിലൂടെ നിശ്ചിത ഗുണനിലവാരം പുലർത്താത്ത വസ്തുക്കൾ തിരസ്കരിക്കുകയും പൂർണ്ണ ഗുണനിലവാരമുള്ളവ മാത്രം കാലിത്തീറ്റയിൽ ചേർക്കുന്നതിനായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഓരോ ലോഡ് അസംസ്കൃതവസ്തുവും ഗോഡൗണിൽ ഇറക്കുന്ന സമയത്ത് കൃത്യമായ സാമ്പിൾ ശേഖരണം നടത്തി വിശദമായ

ലാബ്ടെസ്റ്റുകൾ വഴി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. കാലിത്തീറ്റയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ഓരോ ഷിഫ്റ്റിലെയും തീറ്റകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. പ്രോട്ടീൻ, എണ്ണയുടെ അംശം, നാരുകളുടെ അംശം, മണലിന്റെ അംശം എന്നിവ ഇതിലൂടെ പരിശോധിക്കപ്പെടുന്നു. ഈർപ്പത്തിന്റെ അളവും യഥാസമയം സൂക്ഷ്മതയോടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്.

(ഡി) കാലിത്തീറ്റയുടെ ഗുണനിലവാരത്തോടൊപ്പം വിപണിവില നിയന്ത്രിക്കുകയെന്ന ഉദ്ദേശത്തോടുകൂടി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ എല്ലാ അസംസ്കൃത വസ്തുക്കൾക്കും കേരളത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായുണ്ട്. ഇത് കാലിത്തീറ്റയുടെ വില ക്രമാതീതമായി ഉയരുന്നതിന് കാരണമായിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിപോലുള്ള വിവിധ പദ്ധതികളിലൂടെയും

ക്ഷീരകർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. ഇതുകാരണം കാലിത്തീറ്റയ്ക്കുണ്ടാകുന്ന വില വർധനവ് ഒരു പരിധിവരെ കർഷകരെ ബാധിക്കുന്നില്ല.

പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ ഉൽപാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് പ്രധാനമായും കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ അഭൂതപൂർവമായ വർധനവുണ്ടാകുമ്പോഴും ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ ക്ഷീരകർഷക സമൂഹത്തോടുള്ള പ്രതിബദ്ധതമൂലം കമ്പനി നഷ്ടം സഹിച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.

കാലിത്തീറ്റ നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി (46% വരെ) വർധിച്ചപ്പോഴും കേരള ഫീഡ്സ്, മിൽമ എന്നിവയുടെ കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് വിപണിയിലെത്തിച്ചതുമൂലം വിപണിയിലെ കാലിത്തീറ്റയുടെ പൊതുവിലുള്ള വില പിടിച്ചുനിർത്താൻ

കഴിഞ്ഞു. പല ഘട്ടങ്ങളിലായി കേവലം 19 ശതമാനത്തിന്റെ വർധനവ് മാത്രമാണ് വില്പന വിലയിൽ കേരള ഫീഡ്സ് നടപ്പിൽ വരുത്തിയത്.

കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത പദാർഥങ്ങളെല്ലാംതന്നെ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്നതിനാലും കടത്തുകൂലിയിൽ ഗണ്യമായ വർധനവുണ്ടായിട്ടുള്ളതിനാലും വിപണിവില വർധനവ് പൂർണ്ണമായി ഒഴിവാക്കാൻ കഴിയില്ല. മിൽമ ഗോൾഡ് കാലിത്തീറ്റയുടെ പ്രയോജനം കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി 50 കിലോ മിൽമ ഗോൾഡ് തീറ്റ വാങ്ങുമ്പോൾ 25 രൂപയുടെ സബ്സിഡി 01-06-2023 മുതൽ 30-11-2023 വരെ ഫെഡറേഷൻ നൽകിയിരുന്നു. ടി ആനുകൂല്യത്തിന്റെ കാലാവധി അവസാനിച്ചമുറയ്ക്ക് തൊട്ടടുത്ത ദിവസംതന്നെ "ഗോമതി ഗോൾഡ് ക്ഷീരധാര" എന്ന സമ്മാന പദ്ധതി 01-12-2023 മുതൽ 31-03-2024 വരെ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇതിനുശേഷം മിൽമ ഗോൾഡ് തീറ്റക്ക് 100 രൂപയുടെ സബ്സിഡി 10-09-2024 മുതൽ 31-10-2024 വരെയും ഫെഡറേഷൻ നൽകിയിരുന്നു.

ഇത്തരത്തിൽ മിൽമ ഫെഡറേഷനും മേഖലാ യൂണിയനുകളും കർഷകർക്ക് സഹായകമാകുന്ന രീതിയിൽ കാലിത്തീറ്റയ്ക്ക് വിവിധ സബ്സിഡികൾ കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്, മിൽമ എന്നീ പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില നിശ്ചയിക്കുന്നതിന് പ്രൈസ് റെഗുലേറ്റിങ് കമ്മിറ്റിയുടെകൂടി ഇടപെടലുണ്ട്. ന്യായമായ വിലയ്ക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗുണമേന്മയുള്ള കാലിത്തീറ്റ വിപണിയിൽ ലഭ്യമാകുന്നതുകൊണ്ട് മറ്റ് പ്രൈവറ്റ് കമ്പനികൾക്ക് തങ്ങളുടെ കാലിത്തീറ്റയുടെ വില അനിയന്ത്രിതമായി വർധിപ്പിക്കാൻ കഴിയാറില്ല.

പി.എം. ഇ-ബസ് സേവാ പദ്ധതി

10(*130) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പി.എം. ഇ-ബസ് സേവാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ഇലക്ട്രിക് ബസുകൾ കേരളത്തിന് ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ പി.എം. ഇ-ബസ് സേവാ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന ഇലക്ട്രിക് ബസുകൾ കേരളത്തിന് ആവശ്യമില്ലായെന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല.

പി.എം. ഇ-സേവ സ്കീമിൽ ബസുകൾ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള Steering Committee-യുടെ അംഗീകാരവും അതോടൊപ്പം പേയ്മെന്റ് സെക്യൂരിറ്റി മെക്കാനിസവും അംഗീകാരവും നൽകേണ്ടതിനാൽ കെ.എസ്.ആർ.ടി.സി. സമർപ്പിച്ച പ്രൊപ്പോസലിൽ മാറ്റം വരുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ ബസുകൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക ധനകാര്യ വകുപ്പ് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ ബസ് വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 92 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 31-08-2024-ലെ സ. ഉ. (അച്ചടി) നം. 76/2024/ധന ഉത്തരവുപ്രകാരം പ്ലാൻ ഫണ്ടിൽ 50 ശതമാനം വെട്ടിക്കുറയ്ക്കാൻ നിർദേശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ കാലപ്പഴക്കം ചെന്നതിനാൽ പുതിയ ബസുകൾ വാങ്ങുന്നതിന് 92 കോടി രൂപ ആവശ്യമാണെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പി.എം. ഇ-ബസ് സേവാ പദ്ധതിയിൽ ബസുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത പദ്ധതിയിൽനിന്നും പിന്മാറിയതെന്ന് വ്യക്തമാക്കുമോ?

പി.എം. ഇ-ബസ് സേവാ പദ്ധതിയിൽ ബസുകൾ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. നഗരപ്രദേശങ്ങൾ കൂടുതൽ ഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിന് PPP മോഡലിൽ (Public Private Partnership model) 3 ലക്ഷം മുതൽ 40 ലക്ഷം വരെ ജനസംഖ്യയുള്ള പ്രദേശങ്ങൾക്കാണ് ബസുകൾ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നത്.

2. പ്രസ്തുത പദ്ധതിപ്രകാരം ജനസംഖ്യാടിസ്ഥാനത്തിൽ അനുവദിക്കുന്ന ബസുകളുടെ എണ്ണവും കേന്ദ്രവിഹിതവും സംബന്ധിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.

Sl. No.	Classification of the eligible cities by population	Number of buses allocated per city	Central Assistance Support in Rs. Per Km.		
			Standard	Midi	Mini
1	20-40 lakhs	150	24	22	20
2	10-20 lakhs	100			
3	05-10 lakhs	100			
4	<5 lakhs	50			

3. പ്രസ്തുത PPP മാതൃകയിൽ (Public Private Partnership model) ഇ-ബസുകൾ അനുവദിക്കുന്നത് 10 വർഷ കാലയളവിലേയ്ക്ക് അല്ലെങ്കിൽ 2037

മാർച്ച് വരെ ഏതാണോ ആദ്യം വരുന്നത് എന്നത് അടിസ്ഥാനപ്പെടുത്തിയാണ് സർവീസ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്.

4. കേന്ദ്ര വിഹിതത്തിൽ പ്രതിവർഷം 5% വരെ നിരക്കുകളിൽ വർധനവ് അനുവദിക്കും.

5. കേന്ദ്ര ഗവൺമെന്റിന്റെ Payment Security Mechanism (PSM) സംസ്ഥാന സർക്കാർ അംഗീകരിക്കേണ്ടതാണ്.

6. കേന്ദ്ര വിഹിതവും അതോടൊപ്പം കമ്പനികൾക്ക് നൽകാനുള്ള പേയ്മെന്റുകളും സംസ്ഥാന സർക്കാരും Convergence Energy Services Limited (CESL)-മുൾപ്പെട്ട Escrow Account വഴി നടത്തേണ്ടതാണ്.

പി.എം. ഇ-സേവ സ്കീമിൽ ബസുകൾ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള Steering Committee-യുടെ അംഗീകാരവും അതോടൊപ്പം Payment Security Mechanism-ഉം അംഗീകരിച്ച് അനുമതി ലഭ്യമാകേണ്ടതിനാൽ പ്രൊപ്പോസലിൽ മാറ്റം വരുത്തി നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് നിർദേശം നൽകിയിട്ടുണ്ട്.

പ്രൈമറി വിദ്യാർഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർധിപ്പിക്കാൻ നടപടി

11(*131) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീമതി യു. പ്രതിഭ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാർഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; അറിയിക്കുമോ;

(ബി) പ്രൈമറി വിദ്യാർഥികൾക്ക് ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) പ്രൈമറി വിദ്യാർഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർധിപ്പിക്കാനും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കാനും ലക്ഷ്യമിട്ട് കായിക യുവജന കാര്യാലയവും വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന

ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. സംസ്ഥാനത്തെ ഹെൽത്തി കിഡ്സ് കേന്ദ്രങ്ങളുടെയും പ്ലേ ഫോർ ഹെൽത്ത് കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പുമുഖേന കിഡ്സ് അത്ലറ്റിക്സ് എന്ന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൈമറി വിദ്യാർഥികൾക്ക് ആഴ്ചയിൽ മൂന്ന് പിരീഡുകൾ ശാരീരിക വ്യായാമങ്ങളിലേർപ്പെടുന്നതിന് അവസരം നൽകുന്നുണ്ട്.

(സി) സ്കൂളുകളിൽ അത്ലറ്റിക്സ് പരിശീലനത്തിനും ഫുട്ബോൾ പരിശീലനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

13 വയസ്സിനുതാഴെ പ്രായമുള്ള സ്കൂൾ വിദ്യാർഥികൾക്ക് അത്ലറ്റിക്സിലും ഫുട്ബോളിലും അടിസ്ഥാന പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികളാണ് സ്പിന്റ്, ഗോൾ എന്നിവ. ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽതന്നെ കണ്ടെത്തി അന്താരാഷ്ട്രതലത്തിൽ കേരളത്തിന്റെ പ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് സ്പിന്റ്. സ്കൂൾ വിദ്യാർഥികൾക്കായുള്ള പ്രത്യേക ഫുട്ബോൾ പരിശീലന പരിപാടിയായ ഗോൾ പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയാണ്. ഗോൾ പദ്ധതിയുടെ വ്യാപനത്തിന്റെ ഭാഗമായി കിക്കോഫ് പദ്ധതി ഗോൾ പദ്ധതിയിലേയ്ക്ക് ലയിപ്പിച്ചിട്ടുണ്ട്.

(ഡി) സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിവിധ കായിക പരിശീലന പദ്ധതികളുടെ വിശദാംശം നൽകാമോ?

കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്ക് വിവിധ കായികയിനങ്ങളിൽ പരിശീലനം നൽകുന്നതിനായി കായിക യുവജനകാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായികരംഗത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിവിധ കായികയിനങ്ങളിൽ തൽപരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ് ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ബോക്സിങ് എന്നീ കായികയിനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായിക യുവജനകാര്യാലയം മുഖേന ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പിന്റ്, ഗോൾ, ജൂഡോക്ക, പഞ്ച് എന്നീ

പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷം മുതൽ പ്രസ്തുത പദ്ധതികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേനയാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

12(*132) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ?

കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിങ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

മുതലായ സംസ്ഥാന ബഡ്ജറ്റിലുൾപ്പെട്ട പദ്ധതികളും കിഫ്ബിയിലുൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കായിക യുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കായിക വകുപ്പിനുകീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമായുള്ള കേന്ദ്രമെന്ന നിലയിൽ നിർമ്മിക്കുന്ന കായികഭവന്റെ പ്രവൃത്തി ഏതുഘട്ടത്തിലാണ്; ഇത് കായിക മേഖലയ്ക്ക് എത്രത്തോളം സഹായകമാണ്; വിശദമാക്കുമോ?

കായിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതുവഴി ഭരണതലത്തിൽ മെച്ചപ്പെട്ട ഏകോപനവും വർധിതവേഗവും കൈവരിക്കുന്നതിനായി 'കായിക ഭവൻ' എന്ന പേരിൽ കായിക ആസ്ഥാനമന്ദിരം പണികഴിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രവൃത്തി 12% പൂർത്തിയാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിയായ 07-02-2025-ന് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനുമുതകുന്ന പദ്ധതികൾ ആരംഭിക്കുമോ?

ഉണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം സംബന്ധിച്ച് അതത് സാമ്പത്തിക വർഷം ജനറൽ ബോഡി യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് സ്റ്റേറ്റ്മെന്റും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുകയും ആയത് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വാർഷിക ജനറൽ ബോഡി യോഗം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഡിറ്റ് വിഭാഗം ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അതത് സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ പരിശോധിക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിനെ അറിയിക്കുകയും ആയതുപ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22-07-2023-ലെ സ. ഉ. (കൈ) നം. 6/2023/കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ

13(*133) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർവകലാശാലകൾക്കുള്ളിൽ പ്രത്യേകമായ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

20-04-2023-ലെ സ. ഉ. (സാധാ) നം. 576/2023/ഉ.വി.വ., 23-08-2023-ലെ സ. ഉ. (സാധാ) നം. 1318/2023/ഉ.വി.വ. എന്നീ നമ്പർ പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങളാരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. കേരള സർവകലാശാല കാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്.
2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്.

3. മഹാത്മാഗാന്ധി സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി.

കൂടാതെ 22-07-2024-ലെ സ. ഉ. (സാധാ) നം. 897/2024/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1) Centre of excellence for Teaching, Learning and Training

2) Kerala Institute for Science, Technology and Innovation (KISTI):

നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡാറ്റ അനാലിസിസ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിങ്, ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽക്കൂടി പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

3) Kerala Institute of Advanced Studies (KIAS): കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തെയും ഇത് ലക്ഷ്യംവയ്ക്കുന്നു.

4) Kerala Network for Research-support in Higher Education (KNRSHE): കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിങ്ങിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകളുൾപ്പെടെയുള്ള വിവിധ ഏജൻസികളിൽനിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5) Centre for Indigenous Peoples Education (CIPE): തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസി ക്ഷേമ വകുപ്പിന്റെയും സംയുക്ത സംരംഭമാണിത്.

6) The Kerala Institute for Gender Equality (KIGE): സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

7) Kerala Language Network (KLN): കേരള ഭാഷ ശൃംഖല മലയാളമുൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാരങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണെന്നും എന്തൊക്കെ വിഷയങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർവകലാശാല തലത്തിൽ ഗവേഷണഫലങ്ങൾ പ്രായോഗികമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർനടപടികൾ സർവകലാശാലാതലത്തിൽ സ്വീകരിച്ചുവരുന്നു. കോളേജുകളുടെ സ്ഥലം വിനിയോഗിച്ച് വ്യവസായ വകുപ്പിന്റെകൂടി നേതൃത്വത്തിൽ നടപ്പിലാക്കുന്ന ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളിലും ഇതിനുള്ള സൗകര്യങ്ങൾ ലഭ്യമായിരിക്കും.

റബ്ബർ കൃഷിയുടെ സംരക്ഷണം

14(*134) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ആന്റണി ജോൺ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷിയെയും റബ്ബർ കർഷകരെയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. അഞ്ച് ഹെക്ടറിനുതാഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2024 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരത ഫണ്ട് 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര പിന്തുണ ലഭ്യമായിട്ടില്ല.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർക്ക് പ്രകൃതിക്ഷോഭത്തിൽ റബ്ബർ മരം നശിച്ചുപോകുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. ടി പദ്ധതിപ്രകാരം കറയെടുക്കുന്ന ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് 3 രൂപ പ്രകാരവും മൂന്നുവർഷത്തേയ്ക്ക് 7.50 രൂപ പ്രകാരവും പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് പ്രകൃതിക്ഷോഭത്തിൽ മരം നശിച്ചുപോകുന്നപക്ഷം മരം ഒന്നിന് 1,000/- രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു.

നട്ട് ഒരു മാസം മുതൽ ഏഴുവർഷംവരെ പ്രായമുള്ള മരങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് 1.50 രൂപ നിരക്കിൽ പ്രീമിയം അടച്ച് ഇൻഷ്വർ ചെയ്യുന്ന

കർഷകർക്ക് മൂന്നുവർഷംവരെ ഒരു മരത്തിന് 200 രൂപയും മൂന്നുവർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റ് പ്രകാരം കാലാവസ്ഥാ നിലയങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഹെക്ടറിന് 1,00,000/- രൂപ വരെ ലഭിക്കുന്നതാണ്.

പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന വിളനാശത്തിന് കാരണമാകുന്ന ഒരു മരത്തിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 45 രൂപയും സംസ്ഥാന വിഹിതമായി 255 രൂപയും ആകെ 300 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്.

കാരണമാകാത്ത മരങ്ങൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 45 രൂപയും സംസ്ഥാന വിഹിതമായി 155 രൂപയും ആകെ 200 രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ബി) റബ്ബറിന്റെ റീ പ്ലാന്റിങ് സബ്സിഡി ഉയർത്തുന്നതിനും താങ്ങുവില പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

റബ്ബർ റീ പ്ലാന്റിങ് സബ്സിഡി വർധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. 2023 വർഷം മുതൽ റബ്ബർ പുതുകൃഷിക്കും പുനർകൃഷിക്കും (new planting/replanting) സബ്സിഡി ഹെക്ടറിന് 40,000/- രൂപയായി കേന്ദ്രസർക്കാർ വർധിപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന റബ്ബർ വില സ്ഥിരതാഫണ്ട് കിലോഗ്രാമിന് 170 രൂപ എന്നത് 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

(സി) റബ്ബർ ഉൽപാദന സൗകര്യം സൃഷ്ടിക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരളത്തിലെ പ്രകൃതിദത്ത റബ്ബർ ഉൽപന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ വ്യവസായ വകുപ്പിനുകീഴിൽ സിയാൽ മോഡലിൽ കേരള റബ്ബർ ലിമിറ്റഡ് (KRL) എന്ന സ്ഥാപനം

ആരംഭിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഉൽപാദകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുകയെന്നത് KRL-ന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. MSME മേഖലയിൽ പ്രാരംഭ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രകൃതിദത്ത റബ്ബറധിഷ്ഠിത, അനുബന്ധ വ്യവസായങ്ങളുടെ ഉൽപാദന കേന്ദ്രമായി കേരള സംസ്ഥാനത്തെ വികസിപ്പിക്കുന്നതിനുള്ള സംയോജിത സൗകര്യങ്ങൾ സജ്ജീകരിക്കുകയെന്നതാണ് KRL -ന്റെ പ്രധാന ലക്ഷ്യം.

പദ്ധതിയിൽനിന്ന് ലഭിക്കുന്ന പ്രധാന നേട്ടങ്ങൾ:

1) സ്വാഭാവിക റബ്ബറിന്റെ വിപണനക്ഷമതയും മൂല്യവർധനവും മെച്ചപ്പെടുത്തുകയും റബ്ബർ ഉൽപാദക സംഘങ്ങളിലൂടെയും (ആർ.പി.എസ്.) മറ്റ് കർഷക ഗ്രൂപ്പുകളിലൂടെയും കർഷകർക്ക് ആദായം വർധിപ്പിക്കുകയും ചെയ്യുക.

2) ആഭ്യന്തര, അന്തർദേശീയ വിപണികളിലേയ്ക്ക് ഉയർന്ന ഗുണമേന്മയുള്ള റബ്ബർ ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തെ റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രമാക്കി മാറ്റുന്നതിനുമായി കേരളത്തിൽ പ്രകൃതിദത്ത റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

സ്ഥാപിക്കുക.

3) പ്രകൃതിദത്ത റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക.

4) സാങ്കേതിക വിദ്യാധിഷ്ഠിതവും മൂല്യവർധിതവുമായ ടയർ ഇതര റബ്ബർ ഉൽപന്നങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുള്ള റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ വികസനം.

5) ഗ്രാമീണ ജനതയുടെ സാമ്പത്തിക പുരോഗതിക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(ഡി) റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർവുഡിന്റെയും റബ്ബർ അനുബന്ധ ഉൽപന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകൾ അവലംബിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്ത് വിഭാഗം Natural Rubber Modified Bitumen (NRMB) റോഡ് നിർമ്മാണത്തിന് നിലവിൽ വ്യാപകമായി ഉപയോഗിച്ചുവരുന്നു.

കാർഷിക മേഖലയിൽ ആധുനിക സാങ്കേതികവിദ്യ

15(*135) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കർഷകർക്കായി നിരവധി സേവനങ്ങൾ വർഷങ്ങളായി നൽകിവരുന്നുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിലവിൽ ടി സേവനങ്ങൾ ആധുനിക

സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക മേഖലയെ സമഗ്രമായി മാറ്റുന്നതിനായി രൂപീകരിച്ച ഡിജിറ്റലൈസേഷൻ പദ്ധതിയാണ് കേരള കൃഷി ഹബ്ബ്. ഈ പദ്ധതി കേന്ദ്ര ഡിജിറ്റൽ കാർഷിക മിഷന്റെ ഭാഗമായി വികസിപ്പിച്ചിട്ടുള്ള അഗ്രിസ്റ്റാക്കിന്റെ ആവശ്യം നിറവേറ്റുന്നതും കാർഷിക, കാർഷികേതര വിഭവ സ്രോതസ്സുകളുടെ വിവരശേഖരണം നടത്തുകയും അതുവഴി ഭാവിയിൽ നയം-പദ്ധതി രൂപീകരണം, ഗവേഷണം മുതലായ കാര്യങ്ങൾക്ക് ഉപകാരപ്രദമാകുകയും ചെയ്യുന്ന തരത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. അഗ്രിസ്റ്റാക്കിന്റെ ഭാഗമായി ഫാർമേഴ്സ് രജിസ്ട്രി രൂപീകരണവും ഡിജിറ്റൽ ക്രോപ്പ് സർവെയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കതിർ (Kerala Agriculture Technology Hub and Information Repository) സോഫ്റ്റ്വെയറും മൊബൈൽ ആപ്പും സജ്ജമായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ കാർഷിക വിവരങ്ങളും സംയോജിപ്പിച്ചും കാർഷിക കാലാവസ്ഥാമേഖലാ ആസൂത്രണം നടപ്പിലാക്കിയും

നിർമ്മിതബുദ്ധി/ഉപഗ്രഹവിവരം ഉപയോഗിച്ച് കൃഷിയിട അതിർത്തികൾ നിർണ്ണയിച്ചും തയ്യാറാക്കിയിരിക്കുന്ന ഈ പ്ലാറ്റ്ഫോം ഓരോ ഘട്ടത്തിലും അനുയോജ്യമായ വിള വിഭവ തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്നു. വിള തിരഞ്ഞെടുപ്പിൽനിന്ന് വിപണനബന്ധം വരെയും യന്ത്രവൽക്കരണ ആസൂത്രണം മുതൽ സർക്കാർ പദ്ധതി നടപ്പിലാക്കൽ വരെയും കർഷകർക്ക് വാണിജ്യ നേട്ടം നൽകിക്കൊണ്ട് കൃഷിയെ പരിവർത്തനം നടത്തുന്നതിൽ മുഖ്യപങ്ക് വഹിക്കും. കാർഷിക മേഖലയിൽ ലഭ്യമായിട്ടുള്ള വിവിധ വിവരസ്രോതസ്സുകൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നുഘട്ടങ്ങളായി നിർവഹണം നടത്തുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. 27 മൊഡ്യൂളുകൾ ഈ പദ്ധതിയിലുണ്ട്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഏകീകൃത കാർഷികവിവര സാങ്കേതം

2. ജിയോപോർട്ടലും മൊബൈൽ ആപ്ലിക്കേഷനും

3. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കി കൃഷിയിടങ്ങളുടെ അതിര് നിർണ്ണയം

4. ഏകീകൃത കർഷക വിവരം

5. കാലാവസ്ഥാധിഷ്ഠിത വിള ആസൂത്രണം

6. കാർബൺ ന്യൂട്രൽ, കാർബൺ ക്രെഡിറ്റ്

7. കർഷക, ഉദ്യോഗസ്ഥ ഡാഷ്ബോർഡുകൾ

8. കാർഷികോപദേശ സേവനങ്ങൾ

9. കൃഷി ഭൂമിയുടെ സജ്ജീകരണം

10. വിളയുടെ വിവിധ വളർച്ചാ സമ്മർദങ്ങൾ മനസ്സിലാക്കിയുള്ള ഉപദേശങ്ങൾ. [വിള വിതയ്ക്കുമ്പോഴുള്ള ഉപദേശങ്ങൾ (മഴയെ ആശ്രയിച്ചുള്ള കൃഷി)]

11. കാലാവസ്ഥാ മുന്നറിയിപ്പുകൾ

12. രോഗ/കീടങ്ങളെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ

13. മണ്ണിന്റെ ഫലഭൂയിഷ്ഠതയും മണ്ണുപരിശോധന കാർഡ് അധിഷ്ഠിത പോഷക ശിപാർശകളും

14. ഉൽപന്നോപാധികളുടെ പരിപാലനം

15. വിളയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്യുക

16. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിംഗ്) ഉപയോഗിച്ചുള്ള വിള വർഗ്ഗീകരണവും വിസ്തൃതി കണക്കാക്കലും

17. വിള ആരോഗ്യ നിരീക്ഷണം

18. വിള ഉൽപാദനം കണക്കാക്കലും ഉൽപാദന ക്ലട്ടങ്ങളുടെ കൈകാര്യവും

19. മണ്ണിന്റെ ഈർപ്പാധിഷ്ഠിത ജലസേചനം

20. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിളവെടുപ്പ് നിർണ്ണയം

21. കാലാവസ്ഥാകെടുതികൾ സംബന്ധിച്ച് മുന്നറിയിപ്പ്

22. വിള പരിരക്ഷ

23. കേന്ദ്രീകൃത ധനവിതരണ സംവിധാനം

24. കൃഷിയിട യന്ത്രവൽക്കരണം

25. കർഷകർക്കുള്ള സഹായ സേവനം (ഹെൽപ്പ് ഡെസ്ക്)

26. ഇലക്ട്രോണിക് വിപണന സംവിധാനങ്ങളുമായുള്ള സംയോജനം

27. ജലസേചനസമയം അറിയുന്നതിനുള്ള ജലവിഭവ വിവരങ്ങൾ (ജലലഭ്യത, ജലവിതരണം തുടങ്ങിയവ)

(ബി) വിദേശരാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതികവിദ്യകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിവിധ ആധുനിക സങ്കേതങ്ങൾ കൃഷി വകുപ്പിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയിലൂടെ 14 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്ക് 75% സബ്സിഡി നിരക്കിൽ 14 ഡ്രോണുകൾ അനുവദിക്കുകയും കർഷകർക്ക് ഇത് പ്രയോജനപ്പെടുത്താൻ ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്യുന്നു. SMAM പദ്ധതിയുടെ ഭാഗമായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 29 കിസാൻ ഡ്രോണുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ വിതരണം ചെയ്തിട്ടുണ്ട്.

കൃഷിയിടത്തിൽ ഡ്രോൺ ഉപയോഗം കർഷകരെ പരിചയപ്പെടുത്തുന്നതിനായി 14 ജില്ലകളിലായി 29 സ്ഥലങ്ങളിൽ 149.40 ഹെക്ടർ കൃഷിയിടത്തിൽ ഡ്രോൺ ഡെമോൺസ്ട്രേഷൻ കാർഷിക എഞ്ചിനീയറിങ് വിഭാഗം നേരിട്ട് നടത്തിയിട്ടുണ്ട്. കൂടാതെ FPO-കൾ മുഖേന 3314.27 ഹെക്ടർ കൃഷിയിടത്തിൽ ഡ്രോൺ ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പുദ്യോഗസ്ഥർ നടത്തിയ വിയറ്റ്നാം സന്ദർശനത്തെത്തുടർന്ന് വിയറ്റ്നാമിൽനിന്നും നിരീക്ഷിച്ച കൃഷിരീതികളുടെ മാതൃക കണ്ണൂർ പന്നിയൂർ കുരുമുളക് കേന്ദ്രത്തിലൊരുക്കിയിട്ടുണ്ട്.

പച്ചക്കറികളുടെയും പുഷ്പവിളകളുടെയും ഹൈടെക് കൃഷി സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിന് ഇൻഡോ ഡച്ച് കർമ്മപദ്ധതിയുടെ ഭാഗമായി ഒരു മികവിന്റെ കേന്ദ്രം (Centre for Excellence) വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രത്തിൽ സ്ഥാപിതമായിട്ടുണ്ട്.

(സി) കർഷകർക്ക് ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കൃത്യതാ കൃഷി, ഡ്രോൺ ഉപയോഗം എന്നീ വിഷയങ്ങളിൽ കേരള കാർഷിക സർവകലാശാല കർഷകർക്കായി പരിശീലനങ്ങൾ നടത്തിവരുന്നു.

കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിനായും കർഷകർക്ക് കാർഷികവൃത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നുകൊടുക്കുന്നതിനായും പരിശീലനം നൽകിവരുന്നു. 2023-24 സാമ്പത്തികവർഷം കർഷകർക്കായി 143 പരിശീലന പരിപാടികൾ നടത്തിയിരുന്നു.

കൂടാതെ ആത്മ പദ്ധതിവഴിയും കർഷകർക്ക് വിജ്ഞാന വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ട്രെയിനിങ് സെന്ററുകൾവഴി കർഷകർക്ക് താമസസൗകര്യം, ഭക്ഷണം ഇവ ലഭ്യമാക്കി ശാസ്ത്രീയരീതിയിലുള്ള പച്ചക്കറി കൃഷി, മണ്ണുസംരക്ഷണം, ചെറുകിട

കർഷകർക്ക് കൃഷിയിൽനിന്നും വരുമാനം വർധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങളുടെ സംസ്കരണം, നെൽകൃഷി, സുഗന്ധവിളകൾ, തെങ്ങുകൃഷി, സംയുക്ത കൃഷിരീതികൾ, തേനീച്ച കൃഷി, ക്ലൗൺ കൃഷി, ഗാർഡനിങ്, ലാൻഡ്സ്കേപ്പിങ്, ഹൈടെക് ഫാർമിങ്, പ്രിസിഷൻ ഫാർമിങ്, ഇറിഗേഷൻ സിസ്റ്റം, നല്ല കൃഷിമുറകളും ജൈവ കൃഷിരീതികളും തുടങ്ങിയ കാർഷിക സംബന്ധമായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ ആത്മ പദ്ധതിവഴി കർഷകർക്ക് ടെയിനിങ്, പഠനയാത്രകൾ, ഡെമോൺസ്ട്രേഷനുകൾ, ഫാം സ്കൂളുകൾ തുടങ്ങിയവ നടത്തുന്നതിലൂടെ വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുന്നു. മാത്രമല്ല സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്ന മേളകൾ, എക്സിബിഷനുകൾ എന്നിവയും വിജ്ഞാനവ്യാപനത്തെ ശക്തിപ്പെടുത്തുന്നു.

(ഡി) കൃഷിയിടങ്ങളിൽ ആധുനിക ഫാമിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്; വിശദമാക്കുമോ?

കൃഷിയിടങ്ങളിൽ ആധുനിക ഫാമിങ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പല സംസ്ഥാനാവിഷ്കൃത പദ്ധതികളിലായി സാമ്പത്തിക നൈപുണ്യ വികസന സഹായങ്ങൾ കൃഷി വകുപ്പ് നൽകിവരുന്നു. നൂതനവും ശാസ്ത്രീയവുമായ കൃഷിരീതികളെക്കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കാനും പ്രത്യേകം കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ (Agricultural Extension Programmes), മാനവശേഷി വികസനം എന്നീ പദ്ധതികൾവഴി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകൾ പരിശീലനങ്ങളിലൂടെയും പ്രദർശന മേളകളിലൂടെയും കർഷകരിലെത്തിക്കുന്നു. കൂടാതെ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ കാർഷിക വിവരവിനിമയവും പദ്ധതിയുടെ ഭാഗമായി ആധുനിക കൃഷിരീതികളും അറിവുകളും കേരള കർഷകൻ പോലുള്ള പ്രസിദ്ധീകരണങ്ങൾ വഴിയും

ശ്രവ്യ-ദൃശ്യ മാധ്യമങ്ങൾ വഴിയും കർഷകർക്ക് യഥാസമയം പകർന്നുനൽകുന്നുണ്ട്.

കാർഷിക മേഖലയിലെ ഡ്രോണുകളുടെ ഉപയോഗം തൊഴിൽ കാര്യക്ഷമതയുടെയും ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന്റെയും ഇരട്ട ഗുണങ്ങളുൾക്കൊള്ളുന്ന ഒരു തെളിയിക്കപ്പെട്ട സാങ്കേതികവിദ്യയാണ്. നെൽക്കൃഷിയിൽ ഡ്രോണുകളുപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണത്തിന് നെൽക്കൃഷി വികസന പദ്ധതിയിൽ സഹായം നൽകിവരുന്നു. പരമ്പരാഗത കൃഷിരീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ ശരാശരി വിളവ് വർധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉൽപാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യതാ കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിങ്. ഈ കൃഷി രീതിയിലൂടെ ഉൽപാദനം കൂടുന്നതിനോടൊപ്പം ഉൽപാദന ചെലവുകൾ കുറയുകയും ചെയ്യും. 2024-25 സാമ്പത്തികവർഷത്തിൽ പച്ചക്കറിക്കൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി "ഉറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി" എന്ന ഘടകം നടപ്പിലാക്കിവരുന്നു. കേരള കാർഷിക സർവകലാശാലയുടെ

സഹകരണത്തോടെ കൃഷി വകുപ്പ് ഫാമുകളിൽ സങ്കരയിനം പച്ചക്കറി വിത്ത് ഉൽപാദനം 2024-25 സാമ്പത്തികവർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കനത്ത മഴയും തീവ്രമായ സൗരവികിരണവും പോലുള്ള പ്രതികൂല സാഹചര്യങ്ങളിൽനിന്ന് സംരക്ഷിച്ചുകൊണ്ട് മഴമറകൾ വർഷം മുഴുവനും പച്ചക്കറികളുടെ ഉൽപാദനത്തിന് സഹായിക്കുന്നു. പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി മഴമറകൾക്ക് പ്രോത്സാഹനം നൽകിവരുന്നു. ഇത്തരത്തിൽ കൃഷി വകുപ്പ് ആധുനിക ഫാമിങ് സൗകര്യങ്ങൾക്ക് സഹായങ്ങൾ നൽകുന്നുണ്ട്.

കൃഷിയിടങ്ങളിൽ ആധുനിക ഫാമിങ് സൗകര്യങ്ങളേർപ്പെടുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന കേന്ദ്രസംസ്ഥാന പദ്ധതികളിലൂടെ സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്:

1. പെർ ഡ്രോപ്പ് മോർ ക്രോപ്പ് സ്കീം

2. സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (Sub Mission on Agriculture Mechanisation)

3. സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ (Agriculture Technology Management Agency)

4. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

5. ഡിജിറ്റൽ ക്രോപ്പ് സർവെ

6. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF)

കൃഷിയിടങ്ങളിൽ ആധുനിക ഫാമിങ് സൗകര്യങ്ങളേർപ്പെടുത്തുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പരിശീലനം ലഭിച്ച കൃഷി ഉദ്യോഗസ്ഥർ കർഷകരുടെ നൈപുണ്യ വികസനത്തിന് സഹായകരമാംവിധം പ്രവർത്തിക്കും. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് പ്രധാനമായും SAMETI (State Agriculture Management and Extension Training Institute) വഴിയാണ്. കൂടാതെ കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ മാനവ വിഭവശേഷി വികസനത്തിനായി ഐ.എം.ജി. വഴിയും പരിശീലനങ്ങൾ നൽകാറുണ്ട്.

ദേശീയതലത്തിലെ പരിശീലനകേന്ദ്രങ്ങളായ എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദരാബാദ്, MANAGE ഹൈദരാബാദ്,

സെൻട്രൽ ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ബോർഡ് & ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫരീദാബാദ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), CWRDM (Centre for Water Resources Development and Management), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് എന്നീ സ്ഥാപനങ്ങൾ വഴിയും ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കുന്നുണ്ട്.

കൃഷി ഉദ്യോഗസ്ഥർക്കായി വിളകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻ ഹെൽത്ത് മാനേജ്മെന്റ് (NIPHM) ഹൈദരാബാദുമായി സഹകരിച്ച് ഒരു Post Graduate Diploma കോഴ്സും MANAGE ഹൈദരാബാദുമായി സഹകരിച്ച് എക്സ്റ്റൻഷൻ മാനേജ്മെന്റിൽ ഡിപ്ലോമ കോഴ്സുകളും ഫെർട്ടിലൈസർ ഇൻപുട്ട് ഡീലേഴ്സിന് MANAGE ഹൈദരാബാദുമായി സഹകരിച്ച് Diploma in Agricultural Extension Services for Input Dealers (DAESI) എന്ന പരിശീലനവും സംഘടിപ്പിക്കുന്നുണ്ട്.

പരിസ്ഥിതിലോല മേഖലയിലെ കൃഷിരീതി

16(*136) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതിലോല മേഖലയിലുള്ള കൃഷിരീതി മണ്ണിനെ സംരക്ഷിക്കാൻ പര്യാപ്തമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) മലവെള്ളപ്പാച്ചിൽ, ഉരുൾപൊട്ടൽ എന്നിവയിൽനിന്നും മണ്ണിനെ സംരക്ഷിക്കാൻ കഴിയുന്ന കൃഷിരീതി നടപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(എ&ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ ഒഴിവാക്കാനുതകുന്ന കൃഷിരീതി അവലംബിക്കുകയെന്നതാണ് സർക്കാർ ലക്ഷ്യം. ഇതിനായി കാർഷിക പാരിസ്ഥിതിക മേഖലയും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളും ആധാരമാക്കിയ കൃഷിരീതിയാണ് സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി കാർഷിക പാരിസ്ഥിതിക മേഖലകളും യൂണിറ്റുകളും ആധാരമാക്കിയ വിളനിർണ്ണയരീതിയും അതനുസരിച്ചുള്ള ബഡ്ജറ്റിങ്ങും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. പശ്ചിമഘട്ട മേഖലയിലെ അതീവലോല

പ്രദേശങ്ങളെ ശക്തിപ്പെടുത്തുന്ന കൃഷി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി മേഖലയിലെ വിദഗ്ധരെയുൾപ്പെടുത്തി ഒരു ശില്പശാല നവംബർ മാസം ആസൂത്രണം ചെയ്തിട്ടുണ്ട്. കൃഷി വകുപ്പിലെയും വകുപ്പുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളിലെയും വിദഗ്ധരടങ്ങുന്ന ഒരു സമിതി വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ മേഖലകൾ സന്ദർശിച്ച് ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) നിലവിലെ കൃഷിരീതികൾ പുനഃക്രമീകരിച്ച് പ്രകൃതിദുരന്തങ്ങൾ ഒരു പരിധിവരെ തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലവെള്ളപ്പാച്ചിൽ, ഉരുൾപൊട്ടൽ എന്നിവയിൽനിന്നും മണ്ണിനെ സംരക്ഷിക്കുന്ന വിധമുള്ള കൃഷിരീതികൾ അനുവർത്തിക്കുന്ന പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. പശ്ചിമഘട്ടത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത, കനത്ത മഴ, ഭൂവിനിയോഗ മാറ്റങ്ങൾ എന്നിവ കാരണം ഉണ്ടായേക്കാവുന്ന

മലവെള്ളപ്പാച്ചിൽ, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നീ അപകടങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക സമൂഹങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗം പ്രോത്സാഹിപ്പിക്കുന്നതിനും അഗ്രോഫോറസ്ട്രി, ടെറസിങ്, കവർ ക്രോപ്പിങ്, കോണ്ടൂർ ഫാമിങ്, മണ്ണ് സംരക്ഷണ രീതികൾ, വിള വൈവിധ്യവൽക്കരണം, നാടൻ ഇനങ്ങളുടെ ഉപയോഗം, സംയോജിത കീട പരിപാലനം (IPM) തുടങ്ങിയ രീതികൾ അവലംബിക്കുന്നതിലൂടെ സാധിക്കുന്നു. ഇത്തരം കൃഷിരീതികൾ നടപ്പിലാക്കുന്നതുവഴി പ്രകൃതി ദുരന്തങ്ങളിൽനിന്നും മണ്ണിനെ സംരക്ഷിക്കാൻ കഴിയുമെന്നുള്ള കമ്മ്യൂണിറ്റി അവബോധവും വിദ്യാഭ്യാസവും പരിശീലന പരിപാടികളും പ്രാദേശിക കമ്മ്യൂണിറ്റികളെ സുസ്ഥിര കാർഷിക രീതികളിലുൾപ്പെടുത്തുന്നതും കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ, ഇത്തരത്തിലുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്ന വിവിധ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വാർഷിക പദ്ധതികളുടെ ഭാഗമായും നടപ്പിലാക്കിവരുന്നു. ചരിവ് കൂടിയ, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ മണ്ണിളക്കൽ പോലുള്ള

കാർഷികമുറകൾ, ജലസേചനം എന്നിവ മണ്ണിന്റെ ഘടനയെ ബാധിക്കാത്ത തരത്തിൽ പരിമിതപ്പെടുത്തി ആവശ്യത്തിനുമാത്രം നൽകിയും മണ്ണൊലിപ്പിനെ പ്രതിരോധിക്കാൻ പര്യാപ്തമായ വേരുപടലങ്ങളുള്ളതുമായ വിളകൾ കൃഷി ചെയ്യുകയും ആ പ്രദേശത്തെ തനത് സസ്യജാലങ്ങളെ (natural vegetation) നിലനിർത്തുകയും ഈ പ്രദേശങ്ങളിലെ പ്രകൃത്യാലുള്ള നീർചാലുകളുടെ ഒഴുക്ക് തടസ്സപ്പെടുത്താതെയുള്ള കൃഷിരീതികൾ അവലംബിക്കുകയും ചെയ്യുന്നതുവഴി പ്രകൃതി ദുരന്തങ്ങൾ കുറയ്ക്കാൻ സാധിക്കുന്നു.

മലമുകളിലും ചരിവുകളിലും തദ്ദേശീയമായ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രാധാന്യം നൽകിവരുന്നു. അത്തരം പ്രദേശങ്ങളിൽ തിരഞ്ഞെടുത്ത തദ്ദേശീയമായ വിളകളുടെയും ആഴമുള്ള വേരുകളുള്ള വൃക്ഷങ്ങളുടെയും കൃഷി അനുവർത്തിക്കുമ്പോൾ അവയുടെ വേരുകൾ നല്ല മണ്ണ് ബൈൻഡറായി പ്രവർത്തിക്കുകയും അതുവഴി ചരിവുകൾക്ക് സ്ഥിരത നൽകുകയും ചെയ്യുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിൽ സ്വാഭാവിക സസ്യജാലങ്ങൾക്കാണ് മുൻഗണന നൽകിവരുന്നത്. കൂടാതെ, പ്രസ്തുത പ്രദേശങ്ങളിൽ ഏകവിള കൃഷിക്കുപകരം ബഹുവിള കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

17(*137) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്നറിയിക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 'പച്ചക്കറി വികസന പദ്ധതി', 'പോഷക സമൃദ്ധി മിഷൻ', 'കൃഷി സമൃദ്ധി' തുടങ്ങിയ പദ്ധതികളിൽകൂടിയും പച്ചക്കറി ഉൽപാദനം വർധിപ്പിക്കാനുള്ള

നടപടികൾ നടന്നുവരുന്നു. കൂടാതെ VFPCK, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

2023-24 സാമ്പത്തികവർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(എ) പച്ചക്കറി വികസന പദ്ധതി

പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടുകൂടിയ മൺചട്ടി/HDPE

ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറിക്കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. വിശദാശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പോഷക സമൃദ്ധി മിഷൻ

ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ കേന്ദ്ര, സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കൃഷി നടപ്പിലാക്കിവരുന്നു.

(സി) കൃഷി സമൃദ്ധി പദ്ധതി

കൃഷി സമൃദ്ധി പദ്ധതിയിലൂടെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിലുൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് ഇതര കൃഷിയോടൊപ്പം പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിൽ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും സങ്കരയിനം പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി IIHR, കേരള കാർഷിക സർവകലാശാല എന്നിവരുമായി ചേർന്ന് സങ്കരയിനങ്ങളുടെ

വിത്തുൽപാദനം ആരംഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ശോണിമ (തണ്ണിമത്തൻ), IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ നിഖിത (വെണ്ട) എന്നിവയുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.സി.കെ. വാങ്ങുകയും ഇവ വർധിപ്പിച്ച് സങ്കരയിനം വിത്തുൽപാദനത്തിൽ പരിശീലനം ലഭിച്ച 15 കർഷകർ മുഖേന 5 ഏക്കർ സ്ഥലത്ത് സങ്കരയിനം വിത്ത് ഉൽപാദിപ്പിച്ചുവരികയും ചെയ്യുന്നു.

2. കാലാവസ്ഥാ അനുയോജ്യ കൃഷിമുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈഡ്രോജെൽ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാഫ്റ്റഡ് പച്ചക്കറിത്തൈകൾ ലഭ്യമാക്കുന്നതിനും ധനസഹായം നൽകുന്നു.

3. മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും മണ്ണുപരിശോധന നടത്തുന്നതിനും അതിൻപ്രകാരം ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ഡോളോമൈറ്റ്, ബയോഫെർട്ടിലൈസറുകൾ, കായീച്ചക്കെണികൾ

എന്നിവ 720 ഹെക്ടറിലേയ്ക്ക് ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ആനുകൂല്യം നൽകുന്നു.

4. ശാസ്ത്രീയമായ ആവശ്യകതയ്ക്കനുസരിച്ച് നിർദേശിക്കുന്ന ഗുണമേന്മയുള്ള ഉൽപാദനോപാധികൾ 20% സബ്സിഡിയോടെ കൗൺസിലിന്റെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, ഇൻപുട്ട് സെന്ററുകൾ, വിത്തുൽപാദന കേന്ദ്രം, ഹൈടെക് പ്ലഗ്ഗ് നേഴ്സറി എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിനും പദ്ധതി സഹായം ഉറപ്പുവരുത്തുന്നു.

5. പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിന് പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുമുള്ള ധനസഹായം നൽകിവരുന്നു.

6. ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

7. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മണ്ണിന്റെ ഫലഭ്രയിഷ്ഠത വർധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM), ബയോപൊട്ടാഷ്, വേസ്റ്റ് ഡീകമ്പോസർ, കായീച്ചകെണികൾ, EM കമ്പോസ്റ്റിംഗ് എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

8. ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽനിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നു. കർഷകർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

9. സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപന്നങ്ങൾക്ക് 1 രൂപ/കിലോഗ്രാം എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപന്നങ്ങൾക്ക് ഉൽപാദന ബോണസ് നൽകിവരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള മുഖാന്തരം പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) വാർഷിക പദ്ധതിയിലുൾപ്പെടുത്തി സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 1231 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളുടെ ഉൽപാദനം (1 ഹെക്ടറിന് 1.5 ലക്ഷം രൂപ), വിവിധയിനം പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിലുള്ള ഉൽപാദനം (1 ഹെക്ടറിന് 35000 രൂപ) തുടങ്ങിയവയ്ക്ക് ധനസഹായം നൽകിവരുന്നു. 2024-25 വാർഷിക

പദ്ധതിയിൽ അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനായി 15 ലക്ഷം രൂപയും പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിൽ ഉൽപാദിപ്പിക്കുന്നതിനായി 105 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20,000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. പച്ചക്കറിയുടെ സംരക്ഷിത കൃഷിക്കായി നാച്വറലി വെന്റിലേറ്റഡ് ഗ്രീൻഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ പച്ചക്കറി വിത്തുൽപാദനം, വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതി ഘടകങ്ങളും നടപ്പിലാക്കിവരുന്നു.

2024-25 സാമ്പത്തിക വർഷം 1262.96 ഹെക്ടറിൽ സങ്കരയിനം പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പച്ചക്കറിയുടെ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷിക്ക് ഹെക്ടർ ഒന്നിന് 91,000 രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം

625.941 ഹെക്ടറിൽ പച്ചക്കറിയുടെ കൃത്യതാ കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിലുൾപ്പെടുത്തി നാച്വറലി വെന്റിലേറ്റഡ് ടൃബുലാർ സ്ട്രക്ചർ സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച. മീ.-ന് സമതലപ്രദേശങ്ങളിൽ 530 രൂപയും മലയോരപ്രദേശങ്ങളിൽ 610 രൂപയും പ്ലാസ്റ്റിക് പുതയിടലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്ക് സമതലപ്രദേശങ്ങളിൽ ഹെക്ടറിന് 1600 രൂപയും മലയോരപ്രദേശങ്ങളിൽ 18400 രൂപയും **ടൃബുലാർ തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച. മീ.** ധനസഹായം നൽകുന്നു.

(ബി) ഈ സർക്കാർ വന്നശേഷം സ്വയംപര്യാപ്തത കൈവരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ എത്രത്തോളം ഫലപ്രദമായിട്ടുണ്ട്; ഇതിനായി മറ്റ് വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

2015-2016-ൽ വെറും 6.28 ലക്ഷം മെട്രിക് ടണ്ണായിരുന്ന പച്ചക്കറി ഉൽപാദനം 2023-24 വർഷം 17.21 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണം, സഹകരണം മുതലായ വകുപ്പുകളുടെയും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, എസ്.എച്ച്.എം. കേരള, കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ട്.

(സി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനും പരിഹാരം കാണുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പച്ചക്കറികളുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി 2013 വർഷം മുതൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവവിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിൽനിന്നും സാമ്പിളുകൾ

ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശി അവശിഷ്ട പരിശോധന വെള്ളായണി കാർഷിക സർവകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ (PRRAL) നടത്തിവരുന്നു.

ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം തിട്ടപ്പെടുത്തി തൊട്ടടുത്തമാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇത്തരത്തിൽ 63 റിപ്പോർട്ടുകൾ കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇതുവഴി കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും സഹായകമാകുന്നു.

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഡിജിറ്റൽ സംയോജനം

18(*138) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ജെ. മാക്സി:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്ന സേവനങ്ങളും മൃഗചികിത്സാ സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനായി രാത്രികാല അടിയന്തര വെറ്ററിനറി സേവനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ കാൾ സെന്ററിന്റെ (1962) സഹായത്താൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽകൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകളും

സംസ്ഥാനമൊട്ടാകെ 12 മൊബൈൽ സർജറി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇ-സമൃദ്ധയുടെ ഭാഗമായുള്ള മൊബൈൽ ആപ്ലിക്കേഷനിലൂടെ അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാനുള്ള സംവിധാനമൊരുക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളിൽ നടപ്പിലാക്കിവരികയാണ്.

(ബി) മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. മൃഗചികിത്സാ സേവനങ്ങളും മറ്റനുബന്ധ സേവനങ്ങളും കർഷകർക്കും പൊതുജനങ്ങൾക്കും ആയാസരഹിതമായി ലഭ്യമാവുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പ് ഇ-സമൃദ്ധ പദ്ധതി നടപ്പിലാക്കിവരികയാണ്. കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറി പ്രവർത്തനങ്ങളുടെ എല്ലാവശങ്ങളും ഡിജിറ്റലായി സംയോജിപ്പിക്കാനാണ്

ഇ-സമൃദ്ധ പദ്ധതിവഴി ലക്ഷ്യമിടുന്നത്. മൊബൈൽ ആപ്ലിക്കേഷൻവഴി കർഷകർക്ക് ചികിത്സാസേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റ് സേവനങ്ങളെല്ലാംതന്നെ ഒരു വിരൽത്തുമ്പിൽ ലഭ്യമാക്കാനുമുതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നത്.

(സി) അടിയന്തര സന്ദർഭങ്ങളിൽ വീട്ടുപടിക്കൽ ചികിത്സാ സേവനം ലഭിക്കുന്നതിന് സാധ്യമാണോയെന്നും മറ്റെന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ?

മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനായി രാത്രികാല അടിയന്തര വെറ്ററിനറി സേവനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ കാൾ സെന്ററിന്റെ (1962) സഹായത്താൽ മൊബൈൽ

വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകളും കൂടാതെ സംസ്ഥാനമൊട്ടാകെ 12 മൊബൈൽ സർജറി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ആർ.യു.പി.ഡി., എൽ.യു.പി.ഡി. ഡിവൈസുകൾ

19(*139) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) ഭാരവാഹനങ്ങളിലും ടെയിലറുകളിലും റിയർ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ്, ലാറ്ററൽ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ് എന്നിവ നിർബന്ധമാക്കണമെന്ന നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര റോഡുഗതാഗത ഉപരിതല മന്ത്രാലയത്തിന്റെ 29-07-2024-ലെ നിർദ്ദേശത്തിനനുസൃതമായി സംസ്ഥാനത്തെ എല്ലാ ഭാരവാഹനങ്ങളിലും

ടെയിലറുകളുമുൾപ്പെടെ റിയർ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ്, ലാറ്ററൽ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ് എന്നിവ ഘടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധനാവേളകളിലും ഫിറ്റ്നസ് ടെസ്റ്റ് സമയത്തും ഉറപ്പുവരുത്തണമെന്ന് എല്ലാ മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും നിർദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

29-07-2024-ലെ RT-11028/07/2014-MVL (Part-1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും നിർദേശം ലഭിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.)

(സി) വലിയ വാഹനങ്ങളുടെ അടിയിലേയ്ക്ക് ചെറിയ വാഹനങ്ങൾ കയറിപ്പോകുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആർ.യു.പി.ഡി., എൽ.യു.പി.ഡി. ഡിവൈസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പരിശോധനകൾ കർശനമാക്കുമോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വലിയ വാഹനങ്ങളുടെ അടിയിലേയ്ക്ക് ചെറിയ വാഹനങ്ങൾ കയറിപ്പോകുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആർ.യു. പി.ഡി., എൽ.യു.പി.ഡി. ഡിവൈസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പരിശോധനകൾ കർശനമാക്കുന്നതാണ്.

കേരളഗ്രോ ഔട്ട്ലെറ്റുകൾ

20(*140) ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീ. പി. എസ്. സുപാൽ
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികോൽപന്നങ്ങൾക്ക് മൂല്യവർധനവിലൂടെ കൂടുതൽ വിപണി ലഭ്യതയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, അനുയോജ്യമായ മൂല്യവർധന പ്രവർത്തനങ്ങൾ, വിപണനമുൾപ്പെടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഫ്.പി.ഒ.-കൾ) രജിസ്റ്റർ ചെയ്ത്

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഒ.-കൾക്ക് 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.

കാർഷികോൽപന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതികവിദ്യകളും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്ററിൽനിന്ന് നൽകിവരുന്നുണ്ട്. കാർഷികോൽപന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങും വിപണന സംവിധാനവുമൊരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങും സംസ്ഥാന കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും ആയതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും കർഷകർക്കും എഫ്.പി.ഒ.-കൾക്കും കർഷക ഗ്രൂപ്പുകൾക്കും കൃഷിക്കൂട്ടങ്ങൾക്കും 2 ദിവസം വീതമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിലുൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

കേരളം (വി.എഫ്.പി.സി.കെ.)-ന്റെ കീഴിൽ 7 പ്രൈമറി പ്രോസസ്സിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെനിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തുവരുന്നു. കൂടാതെ അതിരപ്പിള്ളിയിലും Attappadi Tribal Farmers Association for Millets (ATFAM)-ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും ചെറുധാന്യങ്ങളുടെ സംസ്കരണശാല (Common Processing Centre) പ്രവർത്തിച്ചുവരുന്നു. പോസ്റ്റ് ഹാർവെസ്റ്റ് & വാല്യൂ അഡിഷൻ പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ തണ്ണീർമുക്കം പഞ്ചായത്തിൽ ചെറുധാന്യങ്ങളുടെ ഒരു സംസ്കരണശാല (Common Processing Centre) ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കർഷകരിൽനിന്നും സംഭരിക്കുന്ന ഉൽപന്നങ്ങൾ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിനുകീഴിൽ മൂന്നാറിൽ ഒരു സ്പോബറി പ്രോസസ്സിങ് യൂണിറ്റ്, ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ

മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർധിത ഉൽപന്നങ്ങൾക്കായി ഒരു ഹണി പ്രോസസ്സിങ് സെന്ററും പ്രവർത്തിച്ചുവരുന്നു.

ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ, കർഷക സംരംഭകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉൽപാദക സംഘടനകൾ (എഫ്.പി.ഒ.), കർഷക ഉൽപാദക കമ്പനികൾ (എഫ്.പി.സി.), മറ്റ് കർഷക കൂട്ടായ്മകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉൽപന്നങ്ങൾ, നിലവിൽ കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ഔട്ട്‌ലെറ്റുകൾവഴി വിപണനം നടത്തുന്നതിലൂടെ കാർഷികോൽപന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നു.

(ബി) വിവിധ മൂല്യവർധിത ഉൽപന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിലൂടെ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ കൃഷി വകുപ്പ് "Keralagro" എന്ന പേരിൽ ഒരു ട്രേഡ്മാർക്ക് രജിസ്റ്റർ ചെയ്ത് ഉൽപന്നങ്ങൾക്ക് 'കേരളഗ്രോ' ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംരംഭകർ, കൃഷിക്കൂട്ടങ്ങൾ, എഫ്.പി.ഒ.-കൾ, എഫ്.പി.സി.-കൾ, മറ്റ് കർഷക കൂട്ടായ്മകൾ, കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള മൂല്യവർധിത ഉൽപന്നങ്ങൾക്ക് ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിലൂടെ ടി ഉൽപന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് അവ എത്തിക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും സാധ്യമാകുന്നു.

2023-24 സാമ്പത്തികവർഷം മുതൽ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും തങ്ങളുടെ ഉൽപന്നത്തിന് കേരളഗ്രോ ബ്രാൻഡ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതത് കൃഷിഭവനിൽ

അപേക്ഷ നൽകുന്നമുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് "Keralagro" ബ്രാൻഡ് അനുവദിച്ചുവരുന്നു.

കേരളഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങൾ, നിലവിൽ വിവിധ പദ്ധതികൾപ്രകാരം കൃഷി വകുപ്പ് സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ, പുതുതായാരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവ മുഖേന നേരിട്ടും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

പൂർണ്ണമായും ജൈവരീതിയിൽ ഉൽപാദിപ്പിക്കപ്പെടുന്നതും National Programme on Organic Production (NPOP) സർട്ടിഫിക്കേഷനുള്ളതുമായ ഉൽപന്നങ്ങൾക്ക് "കേരളഗ്രോ ഓർഗാനിക്" എന്ന പേരിലും ഉത്തമ കൃഷിമുറകൾ അനുവർത്തിച്ച് ഉൽപാദിപ്പിക്കപ്പെടുന്നതും PGS-Green സർട്ടിഫിക്കേഷനുള്ളതുമായ ഉൽപന്നങ്ങൾക്ക് "കേരളഗ്രോ ഗ്രീൻ" എന്ന

പേരിലും ബ്രാൻഡിങ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 15 ഉൽപന്നങ്ങൾക്ക് "കേരളഗ്രോ ഓർഗാനിക്" ബ്രാൻഡും 11 ഉൽപന്നങ്ങൾക്ക് "കേരളഗ്രോ ഗ്രീൻ" ബ്രാൻഡും അനുവദിച്ചിട്ടുണ്ട്.

(സി) കേരളഗ്രോ ബ്രാൻഡിലൂടെ വിപണനം ചെയ്യുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളഗ്രോ ബ്രാൻഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് കൃഷിഭവനിലെ ഉദ്യോഗസ്ഥർ പ്രസ്തുത യൂണിറ്റുകൾ സന്ദർശിച്ച് മൂല്യവർധന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ ലഭ്യത, മാലിന്യനിർമ്മാർജ്ജനത്തിനുള്ള ക്രമീകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, തദ്ദേശസ്ഥാപനത്തിൽനിന്നുള്ള ലൈസൻസ്, FSSAI രജിസ്ട്രേഷൻ, ലീഗൽ മെട്രോളജി വകുപ്പിൽനിന്നുള്ള ലൈസൻസ് എന്നിവയുണ്ടെന്ന് ഉറപ്പാക്കുന്നു. കൂടാതെ ഭക്ഷ്യ ഉൽപന്നങ്ങളുടെ പോഷകഗുണം ഉറപ്പാക്കുന്നതിന് ന്യൂട്രീഷണൽ അനാലിസിസും നടത്തുന്നു.

(ഡി) കേരളഗ്രോ ഔട്ട്ലെറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും മറ്റ് ജില്ലകളിൽ ഒന്നുവീതവും ആകെ 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം 2024 ഒക്ടോബർ ഒന്നാം തീയതി തിരുവനന്തപുരത്ത് ഉള്ളൂരിൽ സ്ഥാപിച്ചിട്ടുള്ള കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിൽവച്ച് നടന്നു. മറ്റ് ബ്രാൻഡഡ് ഷോപ്പുകളുടെ പ്രവർത്തനം 2024 ഒക്ടോബർ-നവംബർ മാസങ്ങളിലായി ആരംഭിക്കുന്നതിനുള്ള ശ്രമത്തിലാണ്.

കൂടാതെ ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു കേരളഗ്രോ റീട്ടെയിൽ ഔട്ട്ലെറ്റ് വീതം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സമഗ്ര കായിക വികസനം

21(*141) ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ?

സംസ്ഥാനത്ത് സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് നെതർലാൻഡ്സ്, ക്യൂബ എന്നീ രാജ്യങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. ഇറ്റാലിയൻ ഫുട്ബോൾ ക്ലബ്ബായ എ.സി. മിലാൻ തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ, അർജന്റീന ഫുട്ബോൾ അസോസിയേഷൻ, ലാലിഗ എന്നീ വിദേശ കായിക ഏജൻസികളുമായും സഹകരിക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്.

നെതർലാൻഡ്സിലെ സ്പോർട്സ് ഓർഗനൈസേഷനുകളായ ബോവ്ലാൻഡർ ഫൗണ്ടേഷൻ, കെ.എൻ.വി.ബി. എന്നിവരുമായി സഹകരിച്ച് 2022 ആഗസ്റ്റിൽ ഫുട്ബോളിനും ഹോക്കിക്കുമായി 8 ദിവസത്തെ പരിശീലന പരിപാടി നടത്തി. പ്രസ്തുത സ്പോർട്സ് ഓർഗനൈസേഷനുകളിലെ 8 പരിശീലകരുടെ നേതൃത്വത്തിൽ നടന്ന പരിശീലന പരിപാടിയിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 40 പരിശീലകർ പങ്കെടുത്തു.

ജൂഡോ, ബോക്സിങ്, റെസ്ലിങ്, അത്ലറ്റിക്സ് തുടങ്ങിയ വിവിധ കായികയിനങ്ങളിൽ ക്യൂബയുമായി സഹകരിക്കാൻ കായിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ക്യൂബയുമായി സഹകരിക്കുന്നതിനുള്ള ആദ്യപടിയെന്ന നിലയിൽ, 2023 നവംബറിൽ ഒരു അന്താരാഷ്ട്ര ചെസ്സ് ടൂർണമെന്റ് നടത്തി. അതിൽ ക്യൂബയിലെയും ഇന്ത്യയിലെയും ഗ്രാൻഡ്മാസ്റ്റർമാർ പങ്കെടുക്കുകയും മത്സരത്തിന് അന്താരാഷ്ട്ര ദൃശ്യപരത നൽകുകയും ചെയ്തു. അടുത്തഘട്ടമെന്ന നിലയിൽ രണ്ട് രാജ്യങ്ങളിൽനിന്നുള്ള മേൽ സൂചിപ്പിച്ച കായികയിനങ്ങളിലെ കളിക്കാരും പരിശീലകരും തമ്മിലുള്ള എക്സ്ചേഞ്ച്

പ്രോഗ്രാമുകൾ, സൗഹൃദ മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. ലോകോത്തര പരിശീലനത്തിലേയ്ക്കും അന്തർദേശീയ എക്സ്പോഷർ നേടുന്നതിനും ഇത് വിദ്യാർഥികൾക്ക് വളരെയധികം പ്രയോജനമാകും. ഒരു വർഷത്തിലൂടനീളം വ്യാപിച്ചുകിടക്കുന്ന പദ്ധതികളിലൂടെ കൃത്യതയുമായി സുസ്ഥിരമായ സഹകരണം വികസിപ്പിക്കുകയെന്നതാണ് ലക്ഷ്യം.

സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ (CSD), അർജന്റീന ഫുട്ബോൾ അസോസിയേഷൻ, ലാലിഗ എന്നിവരുമായി ഫുട്ബോൾ അക്കാദമികൾ സ്ഥാപിക്കൽ, ലീഗുകളുടെ സംഘാടനം, കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഹൈ പെർഫോമൻസ് സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം, അന്താരാഷ്ട്ര മത്സരങ്ങളുടെ സംഘാടനം തുടങ്ങിയ വിഷയങ്ങളിൽ സഹകരണം ലഭ്യമാക്കുന്നതിന് തത്വത്തിൽ ധാരണയായിട്ടുണ്ട്. ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിന്റെ രാജ്യാന്തര സൗഹൃദമത്സരം സംഘടിപ്പിക്കുന്നതിന് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായുള്ള

ചർച്ചകളും പുരോഗമിക്കുകയാണ്. ലാലിഗ അക്കാദമി, എ.എഫ്.എ. ഫുട്ബോൾ സ്കൂളുകൾ എന്നിവ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും ബന്ധപ്പെട്ട ഏജൻസികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) കായിക മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

അന്താരാഷ്ട്ര കായികരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച രാജ്യങ്ങളാണ് നെതർലാൻഡ്സ്, ക്യൂബ, സ്പെയിൻ, അർജന്റീന എന്നിവ. ലോകത്തിലെ ഏറ്റവും മികച്ച ബോക്സർമാരിൽ ചിലർ ക്യൂബയിൽ നിന്നുള്ളവരാണ്. ബോക്സിങ്ങിൽ നിരവധി ഒളിമ്പിക് മെഡലുകൾ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഹോക്കി, ഫുട്ബോൾ എന്നിവയിലെ ലോകത്തെ പ്രമുഖ ശക്തിയാണ് നെതർലാൻഡ്സ്. നിലവിലെ ഫുട്ബോൾ ലോകചാമ്പ്യൻമാരായ അർജന്റീന എക്കാലത്തെയും മികച്ച ഫുട്ബോൾ താരങ്ങൾക്ക് ജന്മം നൽകിയ രാജ്യമാണ്. കഴിഞ്ഞ നാലുവർഷത്തിൽ വിവിധ വിഭാഗങ്ങളിലായി പത്തോളം യൂറോപ്യൻ, ലോക ഫുട്ബോൾ കിരീടങ്ങൾ സ്വന്തമാക്കിയ രാജ്യമാണ് സ്പെയിൻ. കൂടാതെ ലോകത്തെ

ഏറ്റവും മികച്ച ഫുട്ബോൾ ലീഗുകളിലൊന്ന് സ്പാനിഷ് ലീഗായ ലാലിഗയാണ്.

അന്താരാഷ്ട്ര കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിൽ ഈ രാജ്യങ്ങളുടെ പരിശീലന സംവിധാനങ്ങളുടെ സംഭാവന വിലയേറിയതാണ്. എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ടെയിനിങ് ക്യാമ്പുകൾ എന്നിവ ഇവിടുത്തെ വിദ്യാർഥികളെ അന്താരാഷ്ട്ര പരിശീലനരീതികളെക്കുറിച്ച് ഉൾക്കാഴ്ച നേടാൻ സഹായിക്കുകയും സാമൂഹിക വിനിമയങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. ഒരു അന്താരാഷ്ട്ര അത്ലറ്റിനെ വാർത്തെടുക്കാൻ സ്വീകരിക്കുന്ന ശാരീരികവും സാങ്കേതികവും മാനസികവുമായ തന്ത്രങ്ങൾ മനസിലാക്കാനും ഉയർന്ന ലക്ഷ്യം നേടാൻ ഇവിടുത്തെ വിദ്യാർഥികളെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. വിദേശ അടിസ്ഥാനസൗകര്യ വികസന മാതൃകകൾ, പ്രത്യേകിച്ചും ഹൈ പെർഫോർമൻസ് സെന്ററുകൾ, അക്കാദമികൾ എന്നിവ മികവുറ്റ താരങ്ങളെ സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ സാഹചര്യങ്ങൾക്ക് ഇണങ്ങുംവിധം ഹൈ പെർഫോർമൻസ് സെന്ററുകൾ, അക്കാദമികൾ

എന്നിവ വിദേശ സഹകരണത്തോടെ ആരംഭിക്കുന്നത് തദ്ദേശ കായിക വികസനത്തിന് ആക്കം കൂട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദേശ സർക്കാരുകൾ നടപ്പിലാക്കുന്നതരത്തിലുള്ള നൈപുണ്യ വികസന പരിപാടികളുമായി സഹകരിക്കുന്നതോടെ കായിക മേഖലയിലെ മാനവ വിഭവ ശേഷിയുടെ കാര്യക്ഷമമായ വളർച്ചയും ലക്ഷ്യമാക്കുന്നുണ്ട്.

(സി) ലോകത്തെ പ്രമുഖ ക്ലബായ എ.സി. മിലാനുമായി സഹകരിച്ച് സംസ്ഥാനത്ത് ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലെ ഫുട്ബോൾ അക്കാദമിയുടെ നടത്തിപ്പ് പ്രമുഖ ഇറ്റാലിയൻ ക്ലബ്ബായ എ.സി. മിലാൻ ഫുട്ബോൾ ക്ലബ്ബിന്റെ ഔദ്യോഗിക പങ്കാളിയായ കാലിക്കറ്റ് സ്പോർട്സ് സിറ്റി LLP-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലെ ഫുട്ബോൾ പരിശീലനം എ.സി. മിലാൻ അക്കാദമിയുടെ പരിശീലന പദ്ധതി ഉപയോഗിച്ച് നടപ്പിലാക്കുന്നതിനാണ് ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുള്ളത്.

(ഡി) പരിശീലനരംഗത്തും കായിക അക്കാദമിരംഗത്തും സഹകരിച്ച് പ്രവർത്തിക്കുന്നതിന് സ്പാനിഷ് സ്പോർട്സ് കൗൺസിലുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ലോക കായികരംഗത്ത് ഏറ്റവും പ്രമുഖമായ സ്ഥാനം വഹിക്കുന്ന ഒരു രാജ്യമെന്ന നിലയിലേയ്ക്കുള്ള സ്പെയിനിന്റെ വളർച്ചയിൽ നിർണ്ണായകമായ സ്ഥാനമുള്ള സ്ഥാപനമാണ് സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിൽ (Consejo Superior de Deportes). കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകൾ, ഹൈ പെർഫോർമൻസ് സെന്ററുകൾ സ്ഥാപിക്കൽ, നൈപുണ്യ വികസനം എന്നീ മേഖലകളിൽ സ്പെയിൻ നാഷണൽ സ്പോർട്സ് കൗൺസിലുമായി സഹകരിക്കുന്നതിനാണ് തത്വത്തിൽ ധാരണയായിട്ടുള്ളത്. എലൈറ്റ് അക്കാദമികൾ സ്ഥാപിക്കുന്നതിനും കളിക്കാരുടെയും പരിശീലകരുടെയും എക്സ്ചേഞ്ച് പ്രോഗ്രാമുകളൊരുക്കുന്നതിനും ധാരണയായിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന അടിസ്ഥാന സൗകര്യങ്ങളെ കോർത്തിണക്കി ഹൈ പെർഫോർമൻസ് സർക്യൂട്ട് സ്ഥാപിക്കുന്നതിന് ഇവരുടെ സാങ്കേതികസഹായം

ലഭ്യമാക്കുന്നതാണ്. കായികരംഗത്ത് പ്രവർത്തിക്കുന്ന കളിക്കാർ, പരിശീലകർ, മാനേജ്മെന്റ് വിദ്യാർഥികൾ എന്നിവർക്ക് നൈപുണ്യ വികസനത്തിനും ഇവരുമായി സഹകരിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനും ലക്ഷ്യമാക്കുന്നുണ്ട്.

ജലഗതാഗത വകുപ്പിന്റെ ടൂറിസം ശാക്തീകരണം

22(*142) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ടൂറിസത്തിന് കരുത്ത് പകരാൻ ജലഗതാഗത വകുപ്പിനെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഉൾനാടൻ ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികൾ സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ,

കാസർഗോഡ് ജില്ലകൾ കേന്ദ്രീകരിച്ച് ഉൾനാടൻ ടൂറിസം പദ്ധതികൾക്ക് കരുത്ത് പകരാൻ വിവിധ തരത്തിലുള്ള ബോട്ടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. ചെറിയ തുരുത്തുകൾ, ഇടുങ്ങിയ കനാലുകൾ എന്നിവയുമായി ബന്ധപ്പെട്ട് ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 20 പാസഞ്ചർ കപ്പാസിറ്റിയുള്ള ശീതീകരിച്ച സോളാർ ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 120 കപ്പാസിറ്റിയുള്ള വേഗ മോഡൽ എ.സി., നോൺ എ.സി. ബോട്ടുകൾ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിലാണ്. ടൂറിസം ആവശ്യത്തിലേയ്ക്കും അത്യാവശ്യഘട്ടങ്ങളിൽ റെസ്ക്യൂ ആവശ്യത്തിലേയ്ക്കും ഉപയോഗിക്കാവുന്ന അഞ്ച് ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാരത്തിനായി ജലഗതാഗത വകുപ്പ് നിലവിൽ സർവീസുകൾ നടത്തുന്നുണ്ടോ; അറിയിക്കുമോ?

വിനോദസഞ്ചാരത്തിനായി സർവീസുകൾ നടത്തുന്നുണ്ട്. ആലപ്പുഴനിന്നും പുറപ്പെട്ട് അഞ്ച് മണിക്കൂർകൊണ്ട് അമ്പത് കിലോമീറ്റർ താണ്ടി തിരികെയെത്തുന്ന വേഗ ബോട്ട്, ആലപ്പുഴയിൽ തന്നെ സീ കുട്ടനാട്,

കൊല്ലം ജില്ലയിലെ സീ അഷ്ടമുടി, എറണാകുളം ജില്ലയിൽ 100 പേർക്ക് യാത്ര ചെയ്യാവുന്ന മുഴുവനായും ശീതീകരിച്ച ഇന്ത്യയിലെ ഏറ്റവും വലിയ സോളാർ ക്രൂയിസ് ഇന്ദ്ര, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലുള്ള പാസ്സഞ്ചർ കം ടൂറിസം ബോട്ട്, ആലപ്പുഴ ജില്ലയിലെ മുഹമ്മയിലെയും കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലെയും വാട്ടർ ടാക്സി സർവീസുകൾ എന്നിവയാണ് വിനോദസഞ്ചാര മേഖലയിലെ ജലഗതാഗത വകുപ്പിന്റെ സർവീസുകൾ.

(സി) വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങളുള്ള ജലഗതാഗത സർവീസുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരികൾക്കായി കൂടുതൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ടുകൾ നിർമ്മിച്ച് സർവീസ് നടത്തുന്നതിനുള്ള നടപടികൾ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്നു. ചെറിയ കനാലുകൾ കേന്ദ്രീകരിച്ച് സർവീസ് നടത്തുവാൻ 20 പേർക്ക് യാത്ര ചെയ്യാവുന്ന സോളാർ ബോട്ടുകൾ വകുപ്പ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 'കുട്ടനാടൻ ബാക് വാട്ടർ സഫാരി' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഒരു

മുഴുദിന കൂട്ടനാടൻ യാത്ര നടത്താൻ 30 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ടുകൾ നിർമ്മിക്കാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൊല്ലം ജില്ലയിലെ മൺറോ തുരുത്ത് പോലെയുള്ള ഭാഗങ്ങളിലേയ്ക്ക് വലിയ സോളാർ ബോട്ടുകളിലെത്തിച്ചേർന്ന് ഇടുങ്ങിയ കണ്ടൽക്കാടുകൾ സ്ഥിതിചെയ്യുന്ന ഭാഗങ്ങളിലേയ്ക്ക് വിനോദ സഞ്ചാരികളെയെത്തിക്കാൻ ചെറിയ ഔട്ട് ബോർഡ് എഞ്ചിനുകൾ സ്ഥാപിച്ച ബോട്ടുകൾ നിർമ്മിക്കാനും പദ്ധതികൾ തയ്യാറാക്കിവരുന്നു. കിഴക്കൻ ജില്ലകളിൽനിന്നും വരുന്ന സഞ്ചാരികൾക്കുവേണ്ടി വൈക്കം സ്റ്റേഷൻ കേന്ദ്രീകരിച്ച് നാഷണൽ ജിയോഗ്രാഫിക് ചാനലിന്റെ ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഇടംനേടിയ 'കാക്കത്തുരുത്ത്' എന്ന ഭാഗത്തേയ്ക്ക് ഡേ ക്രൂയിസ് സർവീസിനാവശ്യമായ ആധുനിക ബോട്ടുകളും എറണാകുളം, കണ്ണൂർ, കാസർകോട് മേഖലയിലെ വിവിധ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് ഉതകുന്ന രീതിയിലുള്ള ബോട്ടുകൾ നിർമ്മിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ട്.

(ഡി) സുരക്ഷിതവും ശബ്ദരഹിതവും മലിനീകരണം കുറഞ്ഞതുമായ സോളാർ ബോട്ടുകൾ ഉപയോഗിച്ച് വിനോദസഞ്ചാരത്തിനായി കൂടുതൽ സർവീസുകൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ മുഴുവൻ ബോട്ടുകളും സോളാർ ബോട്ടുകളിലേയ്ക്ക് മാറുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആദ്യ 50 ശതമാനം ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയിൽ ശബ്ദരഹിതവും പരിസ്ഥിതി സൗഹൃദവുമായ സോളാർ ഇലക്ട്രിക്കൽ ബോട്ടുകളാണ് വരുംകാലങ്ങളിൽ പ്രയോജനപ്പെടുത്താൻ പോകുന്നത്. കുറഞ്ഞ ചെലവിൽ സാധാരണക്കാരായവർക്ക് ഉൾനാടൻ കായൽ ഭംഗി ആസ്വദിക്കാൻ എല്ലാവിധ ആധുനിക സുരക്ഷാ സംവിധാനങ്ങളോടും കൂടിയ വിവിധ പാസ്സഞ്ചർ കപ്പാസിറ്റികളുള്ള ബോട്ടുകളാണ് കേരളത്തിലെ ജലാശയങ്ങളിൽ ടൂറിസം സർവീസുകൾ നടത്താനുദ്ദേശിക്കുന്നത്. കൂടുതൽ സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ

23(*143) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനം നൽകാനുമുതകുന്ന രീതിയിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനം നൽകാനുമുതകുന്ന രീതിയിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകളാരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ

വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ വ്യവസായ വകുപ്പ് 29-02-2024-ലെ സ. ഉ. (കൈ.) നമ്പർ. 16/2024/ID പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രാദേശിക സംരംഭകത്വവികസനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പാർക്കുകൾ സഹായകമാണോ; വിശദമാക്കാമോ?

പ്രാദേശിക സംരംഭകത്വവികസനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പാർക്കുകൾ സഹായകമാണ്. ഉൽപാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്താനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉൽപന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ

ആരംഭിക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കാനുംകൂടി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ലക്ഷ്യമിടുന്നു.

വ്യവസായ പാർക്ക് ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യവിഷയങ്ങൾക്ക് ഗുണകരമാകുന്ന സംരംഭങ്ങളാരംഭിക്കാൻ മേൽ പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

(സി) പോളിടെക്നിക് കോളേജുകളിൽ പഠനത്തോടൊപ്പം വരുമാനമാർഗ്ഗം കണ്ടെത്താനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ പോളിടെക്നിക് കോളേജുകളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. 'Earn while you learn' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് യഥാർഥ വ്യാവസായികാന്തരീക്ഷത്തിലേയ്ക്ക് സ്ഥാപനത്തെ പരിവർത്തനം ചെയ്യുന്നതിലൂടെ വിദ്യാർഥികളിൽ പ്രായോഗിക പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ

വികസന കഴിവുകൾ വളർത്തിയെടുക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ടി സെന്ററുകളിൽ സ്റ്റുഡന്റ് സ്റ്റാർട്ടപ്പുകളും പ്രവർത്തിച്ചുവരികയാണ്. പഠനത്തോടൊപ്പംതന്നെ വിദ്യാർഥികൾക്ക് വരുമാനം ലഭിക്കുന്നതിനും ഇത് അവസരമൊരുക്കുന്നു. എല്ലാ ക്യാമ്പസുകളിലും Connect Career to Campus പദ്ധതിയുടെ ഭാഗമായി IEDC-കൾ (Innovation & Entrepreneurship Development Centres) രൂപീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്.

മുതിർന്ന പൗരന്മാരുടെ സംരക്ഷണം

24(*144) ശ്രീ. എം. എം. മണി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതിർന്ന പൗരന്മാരുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതിർന്ന പൗരന്മാരുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 'വയോരക്ഷ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം ഇതുവരെ 314 വയോജനങ്ങൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ട്. കൂടാതെ അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനായി സർക്കാർതലത്തിൽ 17 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലായി ആകെ 1207 താമസക്കാരെ പാർപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണ്. നിലവിൽ ഈ സ്ഥാപനങ്ങളിലായി 777 താമസക്കാരെ പാർപ്പിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളിലെ സേവനങ്ങളെല്ലാം സൗജന്യമായാണ് ലഭ്യമാക്കുന്നത്. സർക്കാർ ഗ്രാന്റോടുകൂടി വിവിധ NGO-കൾക്കുകീഴിൽ 199-ഓളം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനങ്ങളിലായി ആകെ 12639 താമസക്കാരെ പാർപ്പിക്കുന്നതിന് സൗകര്യമുണ്ട്. നിലവിൽ ആകെ 8470 പേർ അവിടെ താമസിച്ചുവരുന്നു. സർക്കാർ ഗ്രാന്റായി ഒരാൾക്ക് 1,100/- രൂപ എന്ന ക്രമത്തിൽ അനുവദിച്ചുവരുന്നു. ആശ്രുപത്രികളിൽ അനാഥരാക്കപ്പെടുന്ന വയോജനങ്ങളെ വകുപ്പിനുകീഴിലുള്ള

വൃദ്ധസദനങ്ങളിലും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിലും ഏറ്റെടുത്ത് പുനരധിവസിപ്പിച്ച് വരുന്നുണ്ട്.

(സി) മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനും സാമൂഹിക ജീവിതത്തിൽ അവരെ സജീവമാക്കുന്നതിനും അതുവഴി ഊർജ്ജസ്വലമായ വാർദ്ധക്യജീവിതം നയിക്കുന്നതിനും പര്യാപ്തമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതുതലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനടക്കമുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുകയെന്ന ലക്ഷ്യംകൂടി മുൻനിർത്തി വയോജനങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുന്നതിനായി വയോജന സർവെയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് പകൽവീടുകൾക്ക് സാങ്കേതിക പിന്തുണ നൽകി സായംപ്രഭാ ഹോമാക്കി അപ്ഗ്രേഡ് ചെയ്യുന്ന സായംപ്രഭ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി

മുതിർന്ന പൗരന്മാരുടെ കൂട്ടായ്മകൾ/വയോജന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പുതുതലമുറയ്ക്ക് ഇവരുമായി സംവദിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന സാമൂഹ്യ സുരക്ഷ ആവശ്യമായ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് മാനസികോല്ലാസവും ആരോഗ്യപരിരക്ഷയും അവരുടെ സ്ഥലങ്ങളിൽതന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011 മുതൽ "വയോമിത്രം" എന്ന പദ്ധതി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും വളരെ വിജയകരമായി നടപ്പാക്കിവരുന്നു. 2022-23 സാമ്പത്തികവർഷം മുതൽ വയോമിത്രം പദ്ധതിയിലൂടെ വാതിൽപ്പടി സേവനവുമുൾപ്പെടുത്തി ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികളും ഭിന്നശേഷിക്കാരുമായിട്ടുള്ള മുതിർന്ന പൗരന്മാരുടെ വീടുകളിലെത്തി

ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകിവരുന്നു.

പ്രസ്തുത പദ്ധതിയിലൂടെ മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതുതലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിന് വയോജന ദിനാചരണത്തിലൂടെയും വയോജന പീഡന വിരുദ്ധ ദിനാചരണത്തിലൂടെയും സാധ്യമാക്കുന്നു. കൂടാതെ സാമൂഹിക ജീവിതത്തിൽ അവരെ സജീവമാക്കുന്നതിനും അതുവഴി ഊർജ്ജസ്വലമായ വാർദ്ധക്യ ജീവിതം നയിക്കുന്നതിന് പര്യാപ്തമാക്കുന്നതിനും വയോജന ക്ലബ്ബുകളിലൂടെ വയോജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പരിപാടികൾ, ആഘോഷങ്ങൾ, വിനോദയാത്രകൾ, യോഗ, മാനസികാരോഗ്യത്തിനായി കൗൺസലിങ്, സോഷ്യൽ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കർഷക കടാശ്വാസ കമ്മീഷൻ

25(*145) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ അവാർഡ് ചെയ്ത 700 കോടിയോളം രൂപ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്യുന്ന കർഷക കടാശ്വാസം അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ തുക കൈമാറാത്തതിനാൽ കർഷകർക്ക് വായ്പ നൽകിയ സഹകരണ സംഘങ്ങളും പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ കർഷക കടാശ്വാസം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2006-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അന്വേഷണം നടത്തി അവാർഡുപ്രകാരം സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി മതിയായ രേഖകളോടുകൂടി കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽവച്ച് നടത്തുന്ന സിറ്റിങ്ങുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ബാങ്ക് പ്രതിനിധികളുടെയും സാന്നിധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000 രൂപവരെ കടാശ്വാസം അനുവദിക്കുന്നതിനായാണ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്നത്. ദുരന്തബാധിത പ്രദേശങ്ങളിലെ കർഷകർ സഹകരണ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിൽ വയനാട്, ഇടുക്കി ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെയും എടുത്ത വായ്പകൾക്ക് കേരള

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്യുന്ന തുക ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുമ്പ് സഹകരണ രജിസ്ട്രാറുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. അപേക്ഷകളുടെ ആധിക്യവും അവാർഡ് ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർധനവും പരിശോധനാ നടപടി മന്ദഗതിയിലാക്കുന്നുണ്ട്. ഇത് അവാർഡ് തുക നൽകുന്നതിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. പരിശോധന നടപടികൾ വേഗതയിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നിലവിൽ കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത 269.81 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധനയ്ക്കുശേഷം ലഭ്യമാക്കിയ പ്രൊപ്പോസലുകളിലായി 154.70 കോടി രൂപ സഹകരണ സംഘങ്ങൾക്ക്/സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാനുണ്ട്. ഇതിൽ 10,03,63,827/- രൂപ കാർഷിക കടാശ്വാസമായി ഈ സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

26(*146) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വൈജ്ഞാനിക മേഖലയിലെയും തൊഴിൽ മേഖലയിലെയും മാറ്റങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസ രംഗത്ത് കരിക്കുലത്തിലും പഠന സമ്പ്രദായത്തിലും എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉന്നത വിദ്യാഭ്യാസമേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയുള്ള ജ്ഞാന സമ്പദ്‌വ്യവസ്ഥയിലധിഷ്ഠിതമായ

നവകേരള നിർമ്മിതി കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം നേടാനും റിസർച്ച് താൽപര്യമുള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമിന്റെ ഘടനയിലേയ്ക്കാണ് നാം മാറുന്നത്. അറിവിനോടൊപ്പം, അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജിക്കാനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും അതുവഴി തൊഴിലന്വേഷകർ എന്നതിൽനിന്ന് തൊഴിൽദാതാക്കളെന്ന നിലയിൽ ഉയരാനും നമ്മുടെ വിദ്യാർഥികളെ സഹായിക്കുന്ന ഒരു കരിക്കുലം ഫ്രെയിംവർക്കാണ് കേരളം മുന്നോട്ടുവച്ചിരിക്കുന്നത്.

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ ഫലപ്രദമാക്കാൻ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ?

റൂസ ധനസഹായത്തോടെ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു. കിഫ്ബി ധനസഹായത്തോടെ സർക്കാർ കോളേജുകളിലും സർവകലാശാലകളിലും അത്യാധുനിക ഗവേഷണ ലബോറട്ടറികൾ, ക്ലാസ് മുറികൾ, ലൈബ്രറികൾ തുടങ്ങി വിവിധ സൗകര്യങ്ങളേർപ്പെടുത്തിക്കഴിഞ്ഞു. സ്റ്റാർട്ടപ്പ് നയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകളാരംഭിക്കുന്നുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പവും ഓരോ സ്റ്റാർട്ടപ്പ് പാർക്ക് എന്ന ആശയവും സർക്കാർ മുന്നോട്ടുവയ്ക്കുന്നു. വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകളടക്കം ആയിരത്തി അഞ്ഞൂറിൽപ്പരം ഹോസ്റ്റൽമുറികൾ നിർമ്മിക്കാനുള്ള പദ്ധതി കിഫ്ബി ധനസഹായത്തോടെ ആരംഭിച്ചിട്ടുണ്ട്. സർവകലാശാലകളിലെ നിയമവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും പുതിയ കരിക്കുലം, റെഗുലേഷൻ എന്നിവ പ്രകാരം അഡ്മിഷൻ, പരീക്ഷ മുതലായവ

നടത്തുന്നതിന് സഹായകരമായ നിലയിൽ നിലവിലെ സോഫ്റ്റ്വെയർ സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സർവകലാശാലകൾക്കായി ഒരു സമഗ്ര സോഫ്റ്റ്വെയർ സംവിധാനം കേരള റിസോഴ്സസ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (കെ-റീപ്) വികസിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഗവേഷക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. യോഗ്യരായ അധ്യാപകരും സൗകര്യങ്ങളുമുണ്ടെങ്കിൽ സ്വാശ്രയ കോളേജുകളിലടക്കം ഗവേഷണ കേന്ദ്രങ്ങൾ നിലവിൽ അനുവദിക്കുന്നുണ്ട്. സർവകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവേഷകർക്കാവശ്യമായ അന്താരാഷ്ട്ര ജേർണലുകൾ സൗജന്യമായി ലഭ്യമാക്കുന്നതിനായി ഒരു ഇ-ജേർണൽ കൺസോർഷ്യം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പരിഷ്കാരങ്ങൾക്ക് അനുസൃതമായി അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകളെപ്പറ്റി വിശദമായ പരിശീലന പരിപാടികൾ ഇതിനോടകം നടത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ അധ്യാപക പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് പ്രതിനിധികൾക്കും കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകർക്ക് ബന്ധപ്പെട്ട സർവകലാശാലകൾ പരിശീലനം നൽകിയിട്ടുണ്ട്.

അധ്യാപന മേഖലയിലെ കാലാനുസൃതമായിട്ടുള്ള പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് അധ്യാപക സമൂഹത്തിന്റെ ആകമാനമുള്ള

ഇടപെടലും പ്രയത്നവും അനിവാര്യമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് Outcome Based Education (OBE) അഥവാ ഫലാധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായമാണ്. ടെക്നോളജി അധിഷ്ഠിതമായ പഠനരീതികളും (Techno Pedagogy) കൂടുതൽ ഉപയോഗപ്പെടുത്തേണ്ടി വരുന്നതിനാൽ അധ്യാപകർ കാലാനുസൃതമായ സാങ്കേതികവിദ്യകൾ പരിശീലിക്കേണ്ടതുണ്ട് (Smart Teachers). ഇതിനാവശ്യമായ സമയാസമയങ്ങളിലെ നൈപുണി വികാസം (Technology upskilling) അധ്യാപകർ നേടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലും സർവകലാശാലകളും ഇക്കാര്യത്തിൽ നിരന്തരമായ പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. വിദ്യാർഥികൾ ഓരോ പ്രോഗ്രാമിന്റെയും ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി (Outcomes) കൈവരിച്ചുകൊണ്ടാണോ മുന്നോട്ടുപോകുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങളും Outcome Based Education (OBE) സമ്പ്രദായത്തിലുൾപ്പെടുന്നു. ഈ പരിഷ്കാരങ്ങളുടെയെല്ലാം മേന്മയും ഫലസിദ്ധിയും സമയാസമയങ്ങളിൽ ഉറപ്പുവരുത്താനുള്ള മാർഗങ്ങളും

അക്കാദമിക സംവിധാനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്ര സാങ്കേതിക സംവിധാനമായ കെ-റീപ് പദ്ധതി നടപ്പിലാക്കിവരുന്നു.

എല്ലാ ജില്ലയിലും ക്രിക്കറ്റ് സ്റ്റേഡിയം

27(*147) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾക്ക് വേദിയാകുന്ന കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പോലെ മറ്റ് ജില്ലകളിലും സ്റ്റേഡിയങ്ങൾ വേണമെന്ന ആവശ്യമുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേരള ക്രിക്കറ്റ് അസോസിയേഷനിൽനിന്നും എന്തെങ്കിലും നിർദേശമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) രാജ്യാന്തര കായിക ഉച്ചകോടിയുടെ ഭാഗമായി മുമ്പ് സംസ്ഥാനത്ത് മൂന്ന് ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള ക്രിക്കറ്റ് അസോസിയേഷൻ അവതരിപ്പിച്ചിരുന്നു. രാജ്യാന്തര നിലവാരമുള്ള ക്രിക്കറ്റ് സ്റ്റേഡിയം കൊച്ചിയിൽ നിർമ്മിക്കുന്നതിനും കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ആഭ്യന്തര മത്സരങ്ങൾക്കും പരിശീലനത്തിനുമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസലാണ് കേരള ക്രിക്കറ്റ് അസോസിയേഷൻ സമർപ്പിച്ചത്.

തിരുവനന്തപുരം, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലായി നിലവിലുള്ള ക്രിക്കറ്റ് സ്റ്റേഡിയങ്ങൾക്കുപുറമേ കൊല്ലം, എറണാകുളം ജില്ലകളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 87.597 ഏക്കർ സ്ഥലത്തിന് 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 81 (3) പ്രകാരം ഭൂപരിധിയിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് കേരള ക്രിക്കറ്റ് അസോസിയേഷൻ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ

28(*148) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് സ്വകാര്യ കമ്പനിക്ക് കരാർ നൽകുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ETM (Electronic Ticketing Machine) മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ നാഷണൽ കോമൺ മൊബിലിറ്റി കാർഡുകൾ (NCMC)/Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ ഉപയോഗിച്ചുവരുന്ന ETM (Electronic Ticketing Machine) ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത

എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനവുമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ Closed Loop Card-കൾ മാത്രമെ സ്വീകാര്യമാക്കു. Closed Loop Card-കളിൽ കൂടുതൽ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല.

NCMC (National Common Mobility Card)-കൾ നിലവിലെ ETM (Electronic Ticketing Machine)-കളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കില്ല.

കെ.എസ്.ആർ.ടി.സി.-യുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് ഒരു ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഉപയോഗിക്കാൻ തീരുമാനിച്ചത്.

ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ ക്ഷണിക്കുകയും അതിൽ L1 ആയി വന്ന M/s. Chalo mobility Pvt. Ltd. എന്ന സ്ഥാപനത്തിനെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി

മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം നൽകാൻ സാധിക്കും. ബസുകളുടെ തത്സമയ ട്രാക്കിങ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും യാത്രാ പാസുകളും, UPI (Unified Payment Interface) പേമെന്റ്, കാർഡ് പേമെന്റ്, നെറ്റ് ബാങ്കിങ് പേമെന്റ്, വാലറ്റ് പേമെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേമെന്റ് മോഡുകൾ, NCMC (National Common Mobility Card) കാർഡ്/closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിങ് സൊല്യൂഷനിൽ ലഭ്യമാണ്. ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങളുൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യാൻ സാധിക്കും. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. സിസ്റ്റം (Automatic Fare Collection System), ദൈനംദിന സെറ്റിൽമെന്റിനായി ഓട്ടോമാറ്റിക് സിങ്കിങ്, റൂട്ട്, ദിവസം, സമയം, ബസ് മുതലായവ പ്രകാരം തത്സമയ ഓൺലൈൻ റിപ്പോർട്ടുകൾ, പ്രതിദിന

ഷെഡ്യൂളിങ്ങും ഡ്യൂട്ടി പ്ലാനിങ്ങും ലഭ്യമാക്കാൻ സാധിക്കും. ബസ്സിൽ എത്ര തിരക്കുണ്ടെന്നും Live passenger indicator മുഖേന യാത്രക്കാർക്ക് അറിയാൻ സാധിക്കും. ആവശ്യമായ ആനുകാലികതയ്ക്കും (പ്രതിദിനം, പ്രതിവാരം, പ്രതിമാസം, പ്രതിവർഷം), വാഹനം/ഡിപ്പോ തിരിച്ചുള്ള എ.എഫ്.സി.എസ്.-മായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ (റൈഡർഷിപ്പ് റിപ്പോർട്ട്, ടിക്കറ്റിങ് റിപ്പോർട്ട്, ക്യാഷ് റിക്കൺസിലിയേഷൻ) തുടങ്ങിയ MIS (Management Information System) റിപ്പോർട്ടുകൾ ലഭ്യമാകും.

കെ.എസ്.ആർ.ടി.സി. ആവശ്യങ്ങൾക്കനുസരിച്ച് ഇഷ്ടാനുസൃതമായ റിപ്പോർട്ടുകൾ നൽകാൻ ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുന്നതിലൂടെ സാധിക്കും.

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന ടിക്കറ്റ് മെഷീനുകൾ എന്ത് തുക ചെലവഴിച്ചാണ് വാങ്ങിയത്; ഇതിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്; പ്രവർത്തനക്ഷമമല്ലാത്ത മെഷീനുകളുടെ തകരാർ പരിഹരിക്കാമെന്ന് ബന്ധപ്പെട്ട കമ്പനി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒരു ടിക്കറ്റ് മെഷീനിന്റെ അന്തിമ വില 9233.50 ആണ്. 5500 ETM (Electronic Ticketing Machine) വാങ്ങിയതിൽ 5200 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. 300 മെഷീനുകൾ താൽക്കാലികമായി തകരാറായി ഐ.ടി. ഡിവിഷനിൽ ലഭിക്കുകയും ടി വിവരം കമ്പനി അധികൃതരെ അറിയിക്കുകയും ഇവ ശരിയാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) രണ്ടുവർഷം കൂടി മെയിന്റനൻസ് കരാർ കാലാവധിയുള്ള നിലവിലെ ടിക്കറ്റ് മെഷീനുകൾ മാറ്റി പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ETM (Electronic Ticketing Machine) മാത്രമായി വാങ്ങാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC (National Common Mobility Card)/Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുയോജ്യമായ ടിക്കറ്റിങ് മെഷീനുകൾ സൊല്യൂഷന്റെ ഭാഗമായി ലഭ്യമാക്കുന്നതാണ്.

നിലവിൽ ഉപയോഗിച്ചുവരുന്ന ETM (Electronic Ticketing Machine) ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനവുമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ക്ലോസ്ഡ്‌ലൂപ്പ് കാർഡുകൾ മാത്രമെ സ്വീകാര്യമാകൂ, ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല. NCMC (National Common Mobility Card)-കൾ നിലവിലെ ETM (Electronic Ticketing Machine)-കളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കില്ല.

കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

29(*149) ശ്രീ. എം. വിജിൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പത്ത് പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(1) പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള

(2) സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഓഫ് കേരള

(3) ഹോർട്ടികോർപ്പ്

(4) ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്

(5) വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിങ് കമ്പനി ലിമിറ്റഡ്

(6) കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ

(7) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ

(8) കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

(9) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ

(10) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

കൂടാതെ അപെക്സ് ഫെഡറേഷനായി കേരഫെഡും കമ്പനി ആക്ടുപ്രകാരം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലും കൃഷി വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.

ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) ഈ സർക്കാർ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജിതമാക്കാനുള്ള വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ മാനേജിങ് ഡയറക്ടർ/സി.ഇ.ഒ.-മാർക്ക് യഥാസമയം നിർദേശം നൽകിവരുന്നു. ഇതിനായി സർക്കാർതലത്തിൽ വിവിധ യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ചുചേർത്തിട്ടുണ്ട്.

ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തി നടപടി കൈക്കൊള്ളാൻ ബന്ധപ്പെട്ട മാനേജിങ് ഡയറക്ടർമാർക്ക് യഥാസമയം നിർദേശം നൽകിവരുന്നുണ്ട്. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ/ ഹോർട്ടികോർപ്പ്/വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ/

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിങ് കമ്പനി ലിമിറ്റഡ്/കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ/കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്ക് പ്രത്യേക ധനസഹായം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയിട്ടുമുണ്ട്.

ഓരോ സ്ഥാപനത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി പഠിച്ച് അവ പ്രത്യേകമായി പരിശോധിച്ച് ഏത് രീതിയിൽ ഇവയൊക്കെ പരിഹരിക്കാനാകുമെന്ന വ്യക്തമായ പദ്ധതി തയ്യാറാക്കാൻ കൃഷി വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ/ മാനേജിങ് ഡയറക്ടർമാരുടെ പൊതുയോഗം വിളിച്ചുചേർത്ത് നിർദ്ദേശം നൽകുകയും ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനേജിങ് ഡയറക്ടർമാർ തയ്യാറാക്കി നൽകിയിട്ടുള്ള short term & long term പദ്ധതികൾ സർക്കാരിന്റെ പരിശോധനയിലുമാണ്.

(സി) ഇതുസംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവായ പഠനം നടത്തിയിട്ടില്ല. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിക്കാവശ്യമായ നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പിന്റെ പ്രവർത്തനം പ്രത്യേകമായി പഠന വിധേയമാക്കിയിട്ടുമുണ്ട്.

(ഡി) കാർഷികോൽപന്നങ്ങളുടെ സംഭരണ-സംസ്കരണ സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദന-വിതരണ ശൃംഖല വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. കാർഷികോൽപന്നങ്ങളുടെ സംഭരണ-സംസ്കരണ സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദന-വിതരണ ശൃംഖല വർധിപ്പിക്കുന്നതിനും കർഷക ഉൽപാദന സംഘടനകളെ (FPO) ശാക്തീകരിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. കൂടാതെ സേവന മൂല്യവർദ്ധന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഇതിനായി തയ്യാർ ചെയ്തുവരുന്നു. വി.എഫ്.പി.സി.കെ.-യുടെ വയനാട് ജില്ലയിലെ

എടവകയിലും തൃശ്ശൂർ ജില്ലയിലെ പരിയാരത്തും 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംവിധാനത്തോട് കൂടിയുള്ള പഴം-പച്ചക്കറി പായ്ക്ക് ഹൗസുകൾ നിലവിലുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, ഇടുക്കി ജില്ലയിലെ ദേവികുളം, എറണാകുളം ജില്ലയിലെ തൃക്കാക്കര എന്നിവിടങ്ങളിൽ RIDF-MIDH ഫണ്ടുപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻമുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ 50 ടൺ ശീതീകരണ സംഭരണ ശേഷിയുള്ള സംവിധാനം ഇടുക്കി ജില്ലയിലെ മൂന്നാറിൽ നിലവിൽ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ കാർഷികോൽപന്നങ്ങളുടെ മൂല്യവർധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിനുകീഴിലുള്ള എസ്.എഫ്.എ.സി., ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ,

വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിങ് കമ്പനി തുടങ്ങിയ സ്ഥാപനങ്ങൾ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

കൂടാതെ സംസ്ഥാനത്ത് ഊർജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനിയും (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.

കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം, മൂല്യവർധനം, വിപണനം ഉൾപ്പെടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഒ.-കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷിക ഉൽപന്നങ്ങൾക്കും അതിൽ നിന്നുണ്ടാകുന്ന മൂല്യവർധിത ഉൽപന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും അതുവഴി കേരളത്തിലെ ഉൽപന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനും

ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ഒരു ട്രേഡ്മാർക്ക് രജിസ്റ്റർ ചെയ്ത് "കേരളഗ്രോ" ബ്രാൻഡിങ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപന്നങ്ങൾ നിലവിലുള്ള മാർക്കറ്റ് ശൃംഖലവഴിയും പുതുതായി ആരംഭിക്കുന്ന കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയിൽ ഔട്ട്ലെറ്റുകൾവഴി നേരിട്ടും താൽപര്യമുള്ള സംരംഭകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ

30(*150) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ദേശസാൽകൃത റൂട്ടുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ യാത്രായോഗ്യവും വാഹന സൗകര്യങ്ങൾ ഇല്ലാത്തതുമായ റൂട്ടുകളിൽ യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കായി ഓരോ നിയോജക മണ്ഡലതലത്തിലും ജനസദസ്സുകൾവഴി ഉയർന്നുവരുന്ന നിർദേശങ്ങൾ ക്രോഡീകരിച്ച് പ്രസ്തുത റൂട്ടുകളുടെ ആവശ്യകത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചുവരുന്നു.

(ബി) ദീർഘദൂര, ഹ്രസ്വദൂര ദേശസാൽകൃത റൂട്ടുകൾ സ്വകാര്യ സംരംഭകർക്ക് ടെൻഡർ മുഖേന വാടകയ്ക്ക് നൽകി കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിര വരുമാനം വർധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

നിലവിൽ ആലോചനയിലില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇരിക്കൂർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം

1(1578) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; ഇവിടത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിൽനിന്നും ഉളിക്കൽ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാരിൽ ശിപാർശ ലഭ്യമായിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുകയെന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വർഷാവർഷം ഫണ്ട് ലഭ്യതയുടെകൂടി അടിസ്ഥാനത്തിലാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള

കൃഷിഭവനുകളുടെ പട്ടിക തയ്യാറാക്കപ്പെടുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

2(1579) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കോൾപടവുകളിൽ സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ പെട്ടി-പറ മാറ്റി സബ്മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിക്കുന്ന ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന 41 പമ്പ് സെറ്റുകളിൽ 35 പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു സ്ഥലത്തെ പമ്പ് സെറ്റ്

സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചും 5 സ്ഥലങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യ പ്രവൃത്തികൾ പൂർത്തിയാക്കിയും വരുന്നു.

രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെടുത്തിയ 6 പമ്പ് സെറ്റുകളിൽ 5 എണ്ണത്തിന് വിതരണ ഉത്തരവ് നൽകിയതിൽ 3 പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഒരു പമ്പ് സെറ്റ് വാങ്ങുന്നതിന് 25-09-2024-ൽ ലഭിച്ച ടെൻഡർ അനുമതിയുടെ അടിസ്ഥാനത്തിൽ വിതരണ ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ RIDF-XXIX പദ്ധതിയിൽ പെട്ടി-പറ മാറ്റി 5 സബ്മേഴ്സിബിൾ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

3(1580) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; നിലവിൽ പ്രസ്തുത ആനുകൂല്യങ്ങളിൽ ഏതൊക്കെ കുടിശ്ശികയായിട്ടുണ്ടെന്ന് അറിയിക്കുമോ; കുടിശ്ശികയുടെ വിശദാംശങ്ങൾ ഇനംതിരിച്ച് തുക സഹിതം വ്യക്തമാക്കുമോ?

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷകത്തൊഴിലാളികൾക്കായി അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്രസ്തുത ആനുകൂല്യങ്ങളിൽ അധിവർഷാനുകൂല്യം (റിട്ടയർമെന്റ് ബെനഫിറ്റ്), പ്രസവ ധനസഹായം, വിവാഹ ധനസഹായം

എന്നീ ആനുകൂല്യങ്ങൾ കൂടിശ്ശികയായിട്ടുണ്ട്. കൂടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആനുകൂല്യം	തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം	ആവശ്യമായ തുക
അധിവർഷാനുകൂല്യം	319246	4,79,73,91,875/-
പ്രസവ ധനസഹായം	4651	6,97,65,000/-
വിവാഹ ധനസഹായം	12686	3,47,59,000/-

അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ

4(1581) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൽപാദന വർധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉൽപാദന വർധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിന് കൃഷി

വകുപ്പിനുകീഴിൽ വിവിധ പദ്ധതികളിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ അത്യുൽപാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. ആയതുപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധയിനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന 1 ലക്ഷം വിത്ത് പായ്ക്കറ്റുകളും 3/- രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തുവരുന്നു. അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്ത്, തൈകൾ എന്നിവ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ബ്ലോക്കുതല നഴ്സറികൾ, അഗ്രോ സർവീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി

തുടങ്ങിയ വിവിധ ഏജൻസികളിൽനിന്നും ഉൽപാദിപ്പിച്ച് വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് സമയബന്ധിതമായും കാര്യക്ഷമമായും വിതരണം നടത്തിവരുന്നു.

കേരള കാർഷിക സർവകലാശാലയുമായി ചേർന്ന് തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ തിരഞ്ഞെടുത്ത ഫാമുകളിൽ കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത സങ്കരയിനം പച്ചക്കറിയുടെ വിത്ത് ഉൽപാദനത്തിനായി 50 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും സങ്കരയിനം പച്ചക്കറി വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി IIHR, കേരള കാർഷിക സർവകലാശാല എന്നിവരുമായി ചേർന്ന് സങ്കരയിനങ്ങളുടെ വിത്തുൽപാദനം ആരംഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ശോണിമ (തണ്ണിമത്തൻ), IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ നിഖിത (വെണ്ട) എന്നിവയുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.സി.കെ. വാങ്ങുകയും ഇവ വർധിപ്പിച്ച് സങ്കരയിനം

വിത്തുൽപാദനത്തിൽ പരിശീലനം ലഭിച്ച 15 കർഷകർ മുഖേന 5 ഏക്കർ സ്ഥലത്ത് വിത്ത് ഉൽപാദിപ്പിച്ചുവരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) വാർഷിക പദ്ധതിയിലുൾപ്പെടുത്തി സങ്കരയിനം പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 1231 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

നെൽകൃഷി വികസന പദ്ധതിയിലെ ഘടകമായ രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (RSGP) 2500 ഹെക്ടറിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളായ ഉമ, ജ്യോതി എന്നിവയുടെ നെൽവിത്ത് രജിസ്റ്റർ ചെയ്ത കർഷകർ (വിത്ത് ഉൽപാദകർ) മുഖാന്തരം ഉൽപാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

നാളികേര വികസന പദ്ധതിപ്രകാരം നാളികേര വികസന കൗൺസിൽ പ്രവർത്തനങ്ങളുടെ ഭാഗമായി അത്യുൽപാദനശേഷിയുള്ള

തെങ്ങിൻതൈകൾ കാർഷിക സർവകലാശാലയിലെ വിവിധ കേന്ദ്രങ്ങളിൽനിന്നും കൃഷിവകുപ്പിലെ ഫാമുകളിൽനിന്നും 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. 2024-25 വർഷത്തിൽ അത്യുൽപാദനശേഷിയുള്ള ഹൈബ്രിഡ് തെങ്ങിൻ തൈകൾ 123588 എണ്ണവും കുള്ളൻ തെങ്ങിൻ തൈകൾ 76013 എണ്ണവും വിതരണം നടത്തിയിട്ടുണ്ട്.

ഉൽപാദന വർധനവ് ലക്ഷ്യമിട്ട് വിള വൈവിധ്യവൽകരണം, വിള തീവ്രവൽകരണം, അവതരണം പദ്ധതിയിലൂടെ പയറുവർഗ്ഗങ്ങളായ ചെറുപയർ, ഉഴുന്ന് എന്നിവയുടെ വിസ്തൃതി വ്യാപനവും എണ്ണക്കുരുക്കളായ എള്ളുകൃഷി വ്യാപനത്തിന് കാർഷിക സർവകലാശാല റീജിയണൽ റിസർച്ച് കേന്ദ്രത്തിൽനിന്നുള്ള ഭൗമസൂചിക ലഭിച്ച എള്ളുവിത്തുകൾ ഉപയോഗിച്ചുള്ള കൃഷിവ്യാപനം നടത്തുകയുണ്ടായി. ചെറുധാന്യ കൃഷി വ്യാപനത്തിന് അട്ടപ്പാടിയിലെ പരമ്പരാഗത വിത്തിനങ്ങൾ വിത്ത് ബാങ്കുകൾ മുഖേന വിതരണം ചെയ്യുകയുണ്ടായി.

കൃഷിവകുപ്പിനുകീഴിലുള്ളതും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമായ ഫാമുകളിലായി (64 ഫാമുകൾ) കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ അത്യുൽപാദനശേഷിയുള്ള വിത്തുകളും തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകൾ, നെൽവിത്ത്, വേര് പിടിപ്പിച്ച കുരുമുളക് വള്ളി, പച്ചക്കറി വിത്ത്/തൈകൾ, കമുകിൻ തൈ, ടിഷ്യുകൾച്ചർ വാഴ, കാഷ്യൂ ഗ്രാഫ്റ്റ്, ഫലവൃക്ഷത്തൈകൾ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും സുഗന്ധവിളകൾ, ഇഞ്ചി, മഞ്ഞൾ, കാപ്പി തുടങ്ങിയ വിളകളുടെ വിത്ത്/തൈകൾ എന്നിവയും ഉൽപാദിപ്പിച്ച് കൃഷിഭവൻ മുഖേനയും ഫാമിൽനിന്ന് നേരിട്ടും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ ബ്രീഡർ സീഡ് വാങ്ങി ഫാമിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഫലവർഗ്ഗവിളകളുടെ ഗ്രാഫ്റ്റുകൾ, ബഡ്ഡുകൾ,

ലെയറുകൾ എന്നിവ ഉൽപാദിപ്പിക്കുന്നതിനായി വിദേശ ഫലവൃക്ഷങ്ങളുൾപ്പെടെ വിവിധ ഇനം ഫലവർഗ്ഗങ്ങളുടെ മാതൃവൃക്ഷത്തോട്ടങ്ങൾ ഫാമുകളിൽ പരിപാലിക്കപ്പെടുന്നുണ്ട്.

വിളപരിപാലന മേഖലയിലെ പദ്ധതിയുടെ പുരോഗതി

5(1582) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപരിപാലന മേഖലയ്ക്കായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുകയാണ് ചെലവഴിച്ചത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ വിള പരിപാലനവുമായി നേരിട്ട് ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 27,357/- ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തുക ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ (പച്ചക്കറി വികസന പദ്ധതി-09-10-2024 വരെയുള്ള ഘടകങ്ങൾ തിരിച്ചുള്ള നേട്ടങ്ങൾ) അനുബന്ധമായി ചേർക്കുന്നു+.

ഭക്ഷ്യോൽപാദനത്തിലെ വർധനവ്

6(1583) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യോൽപാദനത്തിൽ എത്രത്തോളം വർധനവ് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യോൽപാദനത്തിൽ വന്ന വർധനവ് സംബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

7(1584) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കർഷകത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്ന കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതല്ല, മറിച്ച് ഫണ്ടിന്റെ അപര്യാപ്തതമൂലം ആനുകൂല്യം യഥാസമയം നൽകാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനും അവ കാലോചിതമായി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബോർഡിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങളിൽ അധിവർഷാനുകൂല്യം (റിട്ടയർമെന്റ് ബെനഫിറ്റ്), പ്രസവ ധനസഹായം, വിവാഹ ധനസഹായം എന്നിവയിലാണ് കുടിശ്ശിക നിലവിലുള്ളത്. മറ്റ് ക്ഷേമാനുകൂല്യങ്ങളായ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് നൽകുന്നുണ്ട്. അധിവർഷാനുകൂല്യമിനത്തിലെ കുടിശ്ശിക വിതരണത്തിനായി 2021-22 മുതൽ നാളിതുവരെ 40 കോടി രൂപ കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പ്രസവ ധനസഹായമിനത്തിലെ കുടിശ്ശിക വിതരണം ചെയ്യുന്നതാണ്. വിവാഹ ധനസഹായമിനത്തിലെ കുടിശ്ശിക അപേക്ഷകൾ ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ച് വിതരണം കാലികമാക്കി വരുന്നുണ്ട്. ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നകാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പ്രസ്തുത ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് തൊഴിലാളികൾ അടവാക്കേണ്ട അംശദായം കുടിശ്ശികയില്ലാതെ ബോർഡിന് ലഭ്യമാകുന്നതിനും സജീവ അംഗങ്ങളായി തൊഴിലാളികളെ നിലനിർത്തുന്നതിനുമായി ജില്ലാതലത്തിൽ പ്രത്യേക സിറ്റിംഗുകൾ നടത്തുന്നതിലൂടെ ബോർഡ് അംശദായ വരവിൽ വർധനവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ ഭൂവുടമകളിൽനിന്നും വില്ലേജ് ഓഫീസുകളിൽ ReLIS സോഫ്റ്റ്വെയർ മുഖേന പിരിച്ചെടുക്കുന്ന ഭൂവുടമാവിഹിതം നിലവിൽ കൃത്യമായി ബോർഡിന് ലഭ്യമാവുന്നില്ല. ഭൂവുടമാവിഹിതം പൂർണ്ണമായും ലഭ്യമാകുന്നമുറയ്ക്ക് ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കർഷക കടാശ്വാസ കമ്മീഷൻ

8(1585) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്ത എത്ര കോടി രൂപയുടെ കടാശ്വാസം നിലവിൽ കുടിശ്ശികയായിട്ടുണ്ട്; ഇപ്രകാരം കടാശ്വാസം ലഭിക്കാനുള്ള കർഷകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കേരള കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത കടാശ്വാസ തുകയിൽ (269.81 കോടി രൂപ) 154.70 കോടി രൂപ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്കുശേഷം സർക്കാരിൽ ലഭിച്ചത് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്യുവാൻ കുടിശ്ശികയായിട്ടുണ്ട്. കടാശ്വാസം അനുവദിക്കുന്നതിലൂടെ കർഷകരുടെ കടബാധ്യത സർക്കാർ ഏറ്റെടുക്കുകയും കർഷകർക്ക് വായ്പ നൽകിയ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ഈ തുക സഹകരണ സംഘം രജിസ്ട്രാർ മുഖേന വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

പരവൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം

9(1586) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ സ്മാർട്ട് കൃഷിഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാർട്ട് കൃഷിഭവൻ കെട്ടിട നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസത്തിന് കാരണമെന്താണെന്നും എത്രയുംവേഗം കൃഷിഭവൻ നിർമ്മാണം പൂർത്തിയാക്കാനാകുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) നിർമ്മാണമേറ്റെടുത്ത പി.ഡബ്ല്യു.ഡി. കരാർ കോൺട്രാക്ടർ ആകസ്മികമായി മരണപ്പെട്ടതിനാൽ കെട്ടിട നിർമ്മാണപ്രവർത്തനം താൽക്കാലികമായി നിലച്ചിരിക്കുകയാണ്.

പ്രസ്തുത കരാറുകാരന്റെ കുടുംബാംഗങ്ങൾ ഈ വർക്ക് തുടരുന്നില്ലെന്ന് അറിയിച്ചതിനാൽ ഫൈനൽ ബിൽ സെറ്റിൽമെന്റ് നടപടികളും റീ-ടെൻഡർ നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. റീ-ടെൻഡർ നടപടിക്കുശേഷം

പരവൂർ സ്മാർട്ട് കൃഷിഭവന്റെ കെട്ടിട നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതാണെന്ന വിവരം പി.ഡബ്ല്യു.ഡി. അറിയിച്ചിട്ടുണ്ട്.

ശീതീകരണ സംഭരണ കേന്ദ്രങ്ങൾ

10(1587) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡലങ്ങളിലും കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനുവേണ്ടി ശീതീകരണ സംഭരണശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലയിലാണ് ശീതീകരണ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി)

ഹോർട്ടികോർപ്പ്

RIDF, MIDH ഫണ്ടുപയോഗിച്ച് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ ചുവടെപ്പറയുന്ന നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുണ്ട്.

(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ

(ബി) തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ

(സി) ഇടുക്കി ജില്ലയിൽ ദേവികുളം നിയോജകമണ്ഡലത്തിൽ

(ഡി) എറണാകുളം ജില്ലയിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ

പഴങ്ങളും പച്ചക്കറികളും ശീതീകരിക്കുന്നതിനായി മൂന്നാറിൽ 50 ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിലുണ്ട്.

കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ

ഇടുക്കി ജില്ലയിലെ വണ്ടൻമേട്ടിൽ കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ഗോഡൗണിനോടനുബന്ധിച്ച് 10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം നിലവിലുണ്ട്.

കേരള സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സർക്കാരുകൾക്കുള്ള ഗ്രാമീണ

അടിസ്ഥാനസൗകര്യ സഹായ പദ്ധതി (RIAS) പ്രകാരം കാസർഗോഡ് ജില്ലയിലെ പെരിയ, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പത്തനംതിട്ട ജില്ലയിലെ കോന്നി എന്നിവിടങ്ങളിൽ ശീതീകരണ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ശിപാർശ തയ്യാറാക്കിയിട്ടുണ്ട്.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.)

വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 20 മെട്രിക് ടൺ വീതം സംഭരണശേഷിയുള്ള ചുവടെപ്പറയുന്ന ശീതീകരണ സംവിധാനമുള്ള പഴം-പച്ചക്കറി പായ്ക്ക് ഹൗസുകൾ നിലവിലുണ്ട്.

(എ) വയനാട് ജില്ലയിലെ ഇടവക പഞ്ചായത്ത്

(ബി) തൃശ്ശൂർ ജില്ലയിലെ പരിയാരം പഞ്ചായത്ത്

മേൽപ്പറഞ്ഞവ കൂടാതെ കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിൽ 2000 ക്യൂബിക് ഫീറ്റും വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ 3089 ക്യൂബിക് ഫീറ്റും സംഭരണശേഷിയുള്ള ശീതീകരണ സംഭരണശാലകൾ നിലവിലുണ്ട്.

ഇതോടൊപ്പം അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് പാലക്കാട് ജില്ലയിൽ 6 എണ്ണവും തിരുവനന്തപുരം ജില്ലയിൽ 5 എണ്ണവും കോട്ടയം, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 4 എണ്ണം വീതവും ആലപ്പുഴ, എറണാകുളം, കൊല്ലം, കോഴിക്കോട് ജില്ലകളിൽ 3 എണ്ണം വീതവും പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ 2 എണ്ണം വീതവും കണ്ണൂർ ജില്ലയിൽ ഒരെണ്ണവും ഉൾപ്പെടെ 40 ശീതീകരണ സംഭരണശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാർഷിക മേഖലയുടെ സമഗ്ര പുരോഗതി

11(1588) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാർഷിക ഉൽപാദനം വർധിപ്പിക്കാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാനും സംസ്ഥാനത്തെ കാർഷികരംഗം

സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടിയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് തുടക്കമിട്ടു.

കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെ കാർഷികമേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതിയാണ് "കൃഷി സമൃദ്ധി". ഒന്നാംഘട്ടത്തിൽ 107 കൃഷിഭവനുകളെ തിരഞ്ഞെടുത്ത് അവിടത്തെ പാരിസ്ഥിതിക പ്രത്യേകതകൾക്കനുസരിച്ച് സാധ്യമായ എല്ലാ

ധനസ്രോതസ്സുകളും സംയോജിപ്പിച്ച് കൃഷി അനുബന്ധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പഴം-പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുക, തരിശുരഹിതമാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ആധുനിക കൃഷിരീതികൾ പ്രചരിപ്പിക്കുക, വിളവൈവിധ്യം പ്രോത്സാഹിപ്പിക്കുക, കൃഷിക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുക, കാർഷിക ഉൽപാദക സംഘങ്ങൾക്ക് രൂപംകൊടുക്കുക, മൂല്യവർധന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണനം ശക്തിപ്പെടുത്തുക, കാർഷിക വായ്പകൾ ആവശ്യമുള്ളവർക്ക് അത് താമസംവിനാ തരപ്പെടുത്തി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരു മൈക്രോപ്ലാൻ തയ്യാറാക്കി അത് വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെയും സംയോജനത്തിലൂടെ നടപ്പാക്കുകയെന്ന രീതിയിലാണ് അത് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

തരിശുഭൂമികളും ഇടവിള കൃഷിക്കായുള്ള പ്രദേശങ്ങളും ഘട്ടംഘട്ടമായി കൃത്യമായ രീതിയിൽ വിനിയോഗിച്ച് ആധുനിക കൃഷിരീതികൾ

അവലംബിച്ച് ഉൽപാദനവും അതിലൂടെ കാർഷിക വരുമാനവും വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് New Agriculture Wealth Opportunities–Driving Horticulture Agribusiness Networking (NAWO-DHAN). ഉപയോഗിക്കാതെ കിടക്കുന്ന തരിശുനിലങ്ങൾ കർഷകർക്ക്/കർഷക സംഘങ്ങൾക്ക് ലഭ്യമാക്കി അവർക്കാവശ്യമായ ഉൽപാദക ഉപാധികളും യന്ത്രങ്ങളും സാങ്കേതിക മാർഗനിർദേശങ്ങളും നൽകി ആധുനിക കാർഷികരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനവും പഴവർഗ്ഗങ്ങളുടെ ഉൽപാദനവും ഉയർത്താനും കർഷകരുടെ വരുമാനം വർധിപ്പിക്കാനും കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും.

(ബി) കാർഷികമേഖല പുനരുദ്ധരിക്കുന്നതിന് പ്രത്യേക കേന്ദ്രപദ്ധതി ആവശ്യപ്പെടുമോ; എങ്കിൽ അതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ പ്രധാന കാർഷിക ജില്ലകളായ വയനാട്, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കനത്ത കൃഷിനാശം സംഭവിച്ചതിന് കേന്ദ്ര ധനസഹായം ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ നിലവിൽ നടപ്പിലാക്കിവരുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിഹിതം വർധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളാഗ്രോ എക്സ്പോ പദ്ധതി

12(1589) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളഗ്രോ എക്സ്പോ പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്?

കർഷകർ, കാർഷിക സംരംഭകർ, മറ്റ് കാർഷിക സംഘടനകൾ എന്നിവർ നിർമ്മിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി ജില്ലാതലത്തിൽ പ്രദർശന-വിപണന മേളകൾ (കേരളഗ്രോ എക്സ്പോ) സംഘടിപ്പിക്കുന്നതിന് 13-03-2024-ലെ

G. O. (Rt) 252/2024/Agri പ്രകാരം ഉത്തരവായിട്ടുണ്ട്. കേരളഗ്രോ റിസോഴ്സ് സെന്ററുകൾ മുഖാന്തരമാണ് ടി മേളകൾ സംഘടിപ്പിക്കുന്നത്.

കാർഷിക സംരംഭകർക്ക് ആദായപ്രദമായ രീതിയിൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ സാങ്കേതിക സഹായങ്ങളുൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുകയെന്നതാണ് കേരളഗ്രോ എക്സ്പോ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കർഷകർക്ക് തങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണന സാധ്യതകൾ വർധിപ്പിക്കുന്നതിനും ഈ മേളകളിലൂടെ സാധ്യമാകുന്നു. കാർഷികമേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിലൂടെയും ഉൽപന്നങ്ങളുടെ കയറ്റുമതിക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കാർഷിക വരുമാനം വർധിപ്പിക്കുക, ദേശീയ, അന്തർദേശീയ മൊത്ത-ചില്ലറ വ്യാപാര ശൃംഖല പരിചയപ്പെടുത്തുക, കർഷകർക്കും സംരംഭകർക്കും നിലവിലുള്ള നിയമങ്ങളെക്കുറിച്ചുള്ള അറിവ് പകരുക തുടങ്ങിയ നിരവധി സേവനങ്ങൾ കേരളഗ്രോ എക്സ്പോ പദ്ധതിയിലൂടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത പദ്ധതി ഏതെങ്കിലും ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കണ്ണൂർ ജില്ലയിൽ തലശ്ശേരി കാർണിവൽ എന്ന പേരിൽ 2024 മാർച്ച് 1 മുതൽ 7 വരെ പ്രദർശന-വിപണന മേള സംഘടിപ്പിച്ചു. ആയതിന്റെ ഭാഗമായി കാർഷിക സെമിനാറുകൾ, കർഷകരും കൃഷി ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും പങ്കെടുത്ത മുഖാമുഖം പരിപാടി, വിവിധ ജില്ലകളിലെ കാർഷിക ഉൽപന്നങ്ങളുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും പ്രദർശനവും വില്പനയും എന്നിവ സംഘടിപ്പിച്ചു.

കേര പദ്ധതിയുടെ പുരോഗതി

13(1590) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ ലോകബാങ്ക് പിന്തുണയോടെ നടപ്പാക്കുന്ന 'കേരള ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യു ചെയിൻ മോഡേണൈസേഷൻ (KERA)' പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയത്; എത്ര തുക

ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്താണ്; വിശദമാക്കാമോ?

കാർഷിക മേഖലയിൽ ലോക ബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന KERA പദ്ധതിയുടെ മൊത്തം അടങ്കൽ തുക 2375.5 കോടി രൂപയാണ്. ഇതിൽ 709.65 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. 2024-25-ലെ സംസ്ഥാന ബഡ്ജറ്റിൽ 100 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. നിലവിൽ പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

KERA പദ്ധതിക്ക് 11-01-2024-ലെ G.O.(Ms)No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കും തമ്മിലുള്ള ചർച്ച (Negotiation meeting) 2024 ഓഗസ്റ്റ് 29-ന് പൂർത്തിയായി. പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലോകബാങ്കിന്റെ ബോർഡ് അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിരിക്കുന്നു.

ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

14(1591) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) തുക ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുകയും പ്രവൃത്തികളുടെ തൽസ്ഥിതിയും വിശദമാക്കുമോ?

ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിപ്രകാരം വരുംവർഷങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

പുതിയ പദ്ധതികളൊന്നും ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷി വകുപ്പ് സംഭരിക്കുന്ന വിളകളും തറവില ഉറപ്പാക്കലും

15(1592) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് സംഭരിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പച്ചത്തേങ്ങ, കൊപ്ര എന്നിവയാണ് സംഭരണം നടത്തുന്നത്.

നെല്ല് സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസി സപ്ലൈകോയാണ്. കൃഷി വകുപ്പുമായി സഹകരിച്ചാണ് സംഭരണം നടത്തുന്നത്.

(ബി) സംസ്ഥാനത്ത് സർക്കാർ തറവില ഉറപ്പാക്കിയിട്ടുള്ള വിളകൾ ഏതെല്ലാമാണെന്നും ഏത് വർഷം മുതലാണ് തറവില ഉറപ്പാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ; ഇപ്രകാരം തറവില വർധിപ്പിച്ചതിന്റെ നാൾവഴി വ്യക്തമാക്കാമോ?

നെല്ല്, പച്ചത്തേങ്ങ എന്നിവയ്ക്കാണ് സംസ്ഥാന സർക്കാർ തറവില നിശ്ചയിച്ചിട്ടുള്ളത്. 2004-05 വർഷത്തിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 7 രൂപയായിരുന്നത് 2022-23-ൽ 28.20 രൂപയായി ഉയർത്തിയിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണം 2017-ൽ പുനരാരംഭിക്കുകയും 2023-ൽ 34 രൂപയായി സംഭരണവില വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി 2020-21 മുതൽ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 170 എന്നത് 2024-2025-ൽ 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

(സി) സർക്കാർ പുതുതായി തറവില ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

പുതുതായി 5 വിളകൾക്ക് തറവില നിശ്ചയിക്കുന്നതിനുള്ള വിഷയം പരിശോധനയിലാണ്.

റബ്ബർ, തേയില, കാപ്പി, ഏലം എന്നിവയെ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർഥിച്ചിട്ടുണ്ട്.

(ഡി) സർക്കാർ തറവില നിശ്ചയിച്ച് സംഭരിച്ചിരുന്നതും പിന്നീട് തറവില നൽകാതെ പോയതുമായ വിളകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഇനിമുതൽ തറവില ഉറപ്പാക്കി ഈ വിളകളെ സംഭരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ തറവില നിശ്ചയിച്ച് സംഭരിച്ചിരുന്നതും പിന്നീട് തറവില നൽകാതെ പോയതുമായ വിളകൾ ഒന്നുംതന്നെയില്ല.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ ക്ഷീ കൃഷി

16(1593) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ക്ഷീ കൃഷി നടപ്പാക്കുന്നതിന് ആലോചനയുണ്ടോ;

എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്നും പദ്ധതിയുടെ നടത്തിപ്പിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്ലൺ ഗ്രാമം.

100 ചെറുകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, 2 വൻകിട ക്ലൺ ഉൽപാദന യൂണിറ്റുകൾ, ഒരു ക്ലൺ വിത്തുൽപാദന യൂണിറ്റ്, 3 ക്ലൺ സംസ്കരണ യൂണിറ്റുകൾ, 2 പായ്ക്ക് ഹൗസുകൾ, 10 കമ്പോസ്റ്റ് ഉൽപാദന യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു സമഗ്ര ക്ലൺ ഗ്രാമം. പരിശീലന പരിപാടികൾക്കായുള്ള 1 ലക്ഷം രൂപയുൾപ്പെടെ ആകെ 30.25 ലക്ഷം രൂപയാണ് ഒരു ക്ലൺ ഗ്രാമത്തിനായി വകയിരുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഇത്തരം 100 ക്ലൺ ഗ്രാമങ്ങൾ സ്ഥാപിക്കാനാണ് പദ്ധതി

മുഖേന ഉദ്ദേശിക്കുന്നത്. ഇതിൽ ഒരു ക്ലൺ ഗ്രാമം പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്.

ക്ലൺഗ്രാമം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി ഇരുപത് ബ്ലോക്കുകളിൽ നടപ്പിലാക്കിവരുന്നു. പതിനാല് ജില്ലകളിലെ പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്കുകളിലെ പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	ബ്ലോക്ക്	പഞ്ചായത്ത്
1	തിരുവനന്തപുരം	നെടുമങ്ങാട്	വട്ടിയൂർക്കാവ്, ആനാട്, പനവൂർ, വെമ്പായം, കരകുളം, കുടപ്പനക്കുന്ന്, അരുവിക്കര
2	കൊല്ലം	അഞ്ചൽ	അഞ്ചൽ, അലയമൺ, ആര്യൻകാവ്, കരവാളൂർ, ഇടമുളയ്ക്കൽ, കുളത്തുപ്പുഴ, തെന്മല, ഏരൂർ
		കൊട്ടാരക്കര	കൊട്ടാരക്കര, നെടുവത്തൂർ, എഴുകോൺ, കരീപ്ര, വെളിയം, പൂയപ്പള്ളി
3	പത്തംനംതിട്ട	റാന്നി	നാറാണംമൂഴി, റാന്നി അങ്ങാടി, സീതത്തോട്, ചിറ്റാർ, വടശ്ശേരിക്കര, റാന്നി പഴവങ്ങാടി, റാന്നി പെരുനാട്, റാന്നി തോട്ടമൺ, വെച്ചൂച്ചിറ
4	ആലപ്പുഴ	ചേർത്തല	ചേർത്തല മുനിസിപ്പാലിറ്റി, കഞ്ഞിക്കുഴി, മാരാരിക്കുളം നോർത്ത്, മുഹമ്മ, ചേർത്തല സൗത്ത്, കടക്കരപ്പള്ളി, തണ്ണീർമുക്കം
		ചെങ്ങന്നൂർ	മാന്നാർ, ആല, പാണ്ടനാട്, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, ചെറിയനാട്, വെൺമണി, തിരുവൻവണ്ടൂർ, ബുധനൂർ, മുളക്കുഴ, പുലിയൂർ
5	കോട്ടയം	കടുത്തുരുത്തി	കടുത്തുരുത്തി, കല്ലറ, വെള്ളൂർ, മുളക്കുളം, തലയോലപ്പറമ്പ്, നീഴൂർ

6	ഇടുക്കി	തൊടുപുഴ	തൊടുപുഴ മുനിസിപ്പാലിറ്റി, മണക്കാട്, മുട്ടം, പുറപ്പുഴ, കരിംകുന്നം, കുമാരമംഗലം, ഇടവെട്ടി
7	എറണാകുളം	നോർത്ത് പറവൂർ	കോട്ടുവള്ളി, ഏഴിക്കര, വടക്കേക്കര, നോർത്ത് പറവൂർ, ചിറ്റാറ്റുകര, ചേന്ദമംഗലം
		ആലങ്ങാട്	കരുമാല്ലൂർ, ഏലൂർ, ആലുവ, ആലങ്ങാട്, വരാപ്പുഴ, കടുങ്ങല്ലൂർ
8	തൃശ്ശൂർ	ഒല്ലൂക്കര	പാണഞ്ചേരി, നടത്തറ, മാടക്കത്തറ, പുത്തൂർ, കോർപ്പറേഷൻ പരിധിയിലെ ഒല്ലൂക്കര, വിൽവട്ടം, തൃശ്ശൂർ
		മതിലകം	എടത്തിരുത്തി, എടവിലങ്ങ്, എറിയാട്, കയ്പമംഗലം, മതിലകം, പെരിഞ്ഞനം, ശ്രീനാരായണപുരം
9	പാലക്കാട്	തൃത്താല	ആനക്കര, ചാലിശ്ശേരി, പട്ടിത്തറ, കപ്പൂർ, നാഗലശ്ശേരി, തിരുമറ്റക്കോട്, തൃത്താല
10	കോഴിക്കോട്	തുണേരി	തുണേരി, എടച്ചേരി, പുറമേരി, നാദാപുരം, ചെക്കിയാട്, വളയം, വാണിമേൽ
		ചേളന്നൂർ	കക്കോടി, ചേളന്നൂർ, നരിക്കുനി, നന്മണ്ട, തലക്കുളത്തൂർ, കാക്കൂർ
11	വയനാട്	മാനന്തവാടി	മാനന്തവാടി, എടവക, തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട, തെണ്ടർനാട്
12	മലപ്പുറം	പരപ്പനങ്ങാടി	പരപ്പനങ്ങാടി, തിരൂരങ്ങാടി, തേഞ്ഞിപ്പലം, മൂന്നിയൂർ, പെരുവള്ളൂർ, നന്നമ്പ്ര, വള്ളിക്കുന്ന്
13	കണ്ണൂർ	പേരാവൂർ	കൊട്ടിയൂർ, കേളകം, കണിച്ചാർ, പേരാവൂർ, മുഴക്കുന്ന്, മാലൂർ, കോളയാട്
		തലശ്ശേരി	എരഞ്ഞോളി, ധർമ്മടം, കോടിയേരി, വേങ്ങാട്, പിണറായി, അഞ്ചരക്കണ്ടി, ന്യൂമാഹി, മുഴപ്പിലങ്ങാട്, തലശ്ശേരി മുനിസിപ്പാലിറ്റി
14	കാസർഗോഡ്	പരപ്പ	ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, പനത്തടി, ബളാൽ, കള്ളാർ, കോടോം ബേളൂർ, കിനാനൂർ കരിന്തളം

കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കുടുംബശ്രീ എന്നീ ഏജൻസികൾ മുഖേന സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനുകീഴിൽ ജില്ലാ ഹോർട്ടിക്കൾച്ചർ മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് കാർഷിക സർവകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സമേതി, പരിചയസമ്പന്നരായ ക്ലൗൺ കർഷകർ എന്നിവർ മുഖേന ആവശ്യമായ പരിശീലനം നൽകിവരുന്നു.

(ബി) കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തുടർച്ചയായി 100 ഹെക്ടർ തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് നടപ്പാക്കുന്നത്. 2014-15 മുതൽ 2023-24 വരെ 474 കേര ഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 54 കേര ഗ്രാമങ്ങൾ നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും സ്ഥല ലഭ്യതയുമനുസരിച്ച് കൂടുതൽ കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

കാർഷികോൽപന്നങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ പദ്ധതി

17(1594) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പാദനക്ഷമത ഉയർത്തുകയെന്നത് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് പ്രധാനപ്പെട്ടതായതിനാൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ?

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനത്തിലൂൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കർഷകരുടെ വരുമാനം, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുരക്ഷ എന്നിവ മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനുമാണ് ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. കൂടാതെ വിളവിസ്തൃതി വർധനവും ഉൽപാദന വർധനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി,

നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ തുടങ്ങിയ കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു.

തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗങ്ങളും കീടരോഗ നിയന്ത്രണമാർഗങ്ങളും കേരരക്ഷാവാരം, കേരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിനോടൊപ്പം ബഹുവിള കൃഷി, ഇടവിള കൃഷി, വിളപരിക്രമണം (crop rotation) എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

കാർഷികരംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു. കർഷകർക്ക് കൃഷിനാശംമൂലം നേരിടുന്ന പ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പുനരാവിഷ്കൃത,

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗശല്യം തടയുന്നതിനായുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടുകൂടിയുള്ള പ്രത്യേക പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കൂടാതെ ജൈവകൃഷി വികസനം, പച്ചക്കറിക്കൃഷി വികസനം, വിപണി വികസനത്തിനും കാർഷികോൽപന്നങ്ങളുടെ മൂല്യവർധനവിനുള്ള പദ്ധതികൾ, പഴം, പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരളം ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവയും കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ പ്രധാന കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനക്ഷമതയിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന കാർഷികോൽപന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉൽപാദനക്ഷമതയിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിള	2021-22 ഉൽപാദനക്ഷമത (കി.ഗ്രാം/ഹെക്ടർ)	2022-23 ഉൽപാദനക്ഷമത (കി.ഗ്രാം/ഹെക്ടർ)
നെല്ല് (അരി)	2884	3117
നാളികേരം (എണ്ണം/ഹെക്ടർ)	7231	7419

സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം 2021-22-ൽ 16.01 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 2023-24-ൽ 17.21 മെട്രിക് ടണ്ണായി വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കാമോ?

കേരളത്തിലെ പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാനും ഈ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താനും നെൽക്കൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

തരിശുനെൽകൃഷി വികസനം, സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി, ഡ്രോണുകളുടെ ഉപയോഗത്തിലൂടെ സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം (foliar), നെൽകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിനുള്ള സഹായം എന്നിവയാണ് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും

പ്രോത്സാഹിപ്പിക്കുന്നു. രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിലൂടെ സംസ്ഥാനത്ത് ഗുണമേന്മയുള്ള നെൽവിത്തുകൾ ഉൽപാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം കർഷകർക്ക് ലഭ്യമാക്കുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടു വളപ്പിലെ പച്ചക്കറിക്കൃഷി
- സ്ഥാപനങ്ങളിലെ പച്ചക്കറിക്കൃഷി
- ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷി
- പോഷകത്തോട്ടങ്ങളുടെ സ്ഥാപിക്കൽ
- പച്ചക്കറിക്കൃഷിക്കുള്ള അടിസ്ഥാനസൗകര്യ വികസനം
- വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ
- പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം

നാളികേര വികസന പദ്ധതിയിലൂടെ ഉയർന്ന ഉൽപാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിച്ച് മെച്ചപ്പെട്ട പരിപാലന രീതികളിലൂടെ നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാൻ ലക്ഷ്യമിടുന്നു. നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങാ സംഭരണവും തെങ്ങിൻതൈ ഉൽപാദനവും എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞവ കൂടാതെ, കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപാദന പരിപാടികൾ - ഉൽപാദന പൂർവപിന്തുണ, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും മണ്ണിന്റെയും വിളകളുടെയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും വിള ആരോഗ്യപരിപാലനം, ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം, മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉൽപാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത്

പരിശോധനാ ലാബുകൾക്കുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയിലൂടെ വിപണനത്തിനും മൂല്യവർധനവിനും സഹായിക്കുന്നത്.

സർക്കാർ നടപ്പിലാക്കുന്ന നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ, നാളികേര വികസന ബോർഡ് പദ്ധതികൾ, റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി എന്നിവയും നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് പിന്തുണയ്ക്കുന്നു.

കാർഷിക വികസന പദ്ധതികൾ

18(1595) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക വികസന വകുപ്പിൽ നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ ഏതൊക്കെ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ലഘുവിവരണമടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കാർഷിക വികസനത്തിനായി നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയത് ഏതൊക്കെ വില്ലേജുകളിലാണ്; ഇതിന്റെ ഫലമായി വിളവെടുപ്പിലുണ്ടായ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്. കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി ഓരോ വിളയും അനുയോജ്യമായ സ്ഥലങ്ങളിൽ അവയുടെ കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ലക്ഷ്യങ്ങൾ ക്രമീകരിക്കുമെങ്കിലും പ്രത്യേക വില്ലേജുകളിലായി ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ കാർഷിക വിളകളുടെ ഉൽപാദനം സംബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽനിന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് 2021-22, 2022-23 വർഷങ്ങളിൽ സംസ്ഥാനത്തെ കാർഷിക വിളകളുടെ ഉൽപാദനത്തിലുണ്ടായ വ്യതിയാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിള	**2021-22 ഉൽപാദനം (ടണ്ണിൽ)**	**2022-23 ഉൽപാദനം (ടണ്ണിൽ)**	**വർധനവിന്റെ ശതമാനം**
അരി	559337	592684.492	6
തേങ്ങ (മില്യൺ എണ്ണത്തിൽ)	5535	5641	1.92
മാമ്പഴം	470040	475587	1.18
ഏത്തൻ	461244	468065	1.48
വാഴപ്പഴം	410011	410073	0.02
പൈനാപ്പിൾ	106654	111997	5.01
പപ്പായ	88201	100288	13.70
മുരിങ്ങ	13404	14736	9.94
പടവലങ്ങ	8023	9585.2	19.47
പച്ചമുളക്	1619	1652.89	2.09
ഉരുളക്കിഴങ്ങ്	5777	5949	2.98

(സി) 2016 മുതൽ നെല്ല്, തേങ്ങ, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; ഇതിന്റെ ഭാഗമായി ഈ കൃഷിയിൽ വളർച്ച ഉണ്ടായിട്ടുണ്ടോ; ഓരോവർഷവും ഈ മേഖലയിൽ വന്ന വളർച്ചാതോത് വ്യക്തമാക്കാമോ?

2016 മുതൽ നെൽകൃഷി പ്രോത്സാഹനത്തിന് നെൽകൃഷി വികസന പദ്ധതി, തെങ്ങിന് നാളികേര വികസന പദ്ധതി, പച്ചക്കറിക്കൃഷി പ്രോത്സാഹനത്തിന് പച്ചക്കറി വികസന പദ്ധതി, പഴവർഗ്ഗങ്ങൾക്ക് 'പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം' എന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. നെൽകർഷകർക്ക് അവർ ഉൽപാദിപ്പിക്കുന്ന നെല്ലിന് വില ഉറപ്പുവരുത്താൻ സപ്ലൈകോവഴി നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേരഫെഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, വി.എഫ്.പി.സി.കെ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന പച്ച തേങ്ങ സംഭരണം പുനരാരംഭിച്ചു.

2016 മുതൽ നെല്ല്, തേങ്ങ, പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ ഉൽപാദനക്ഷമതയിലുണ്ടായ വ്യതിയാനം സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

ആലത്തൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി

19(1596) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXVI പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗം മുഖേന നടപ്പിലാക്കുന്ന രണ്ട് പദ്ധതികളുടെയും അതിലുൾപ്പെട്ട വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെയും വിശദാംശവും ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXV-ൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതിയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ആർ.ഐ.ഡി.എഫ്. XXX-ൽ അംഗീകാരം ലഭിക്കുന്നതിനായി തേങ്കുറുശ്ശി, മേലാർക്കോട്, കുഴൽമന്ദം, വണ്ടാഴി എന്നീ നാല് പഞ്ചായത്തുകൾ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഒരു പ്രോജക്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധനയിലാണ്.

കേര പദ്ധതി

20(1597) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ കാർഷിക മേഖലയുടെ വാണിജ്യവൽകരണം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനും കേര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വാണിജ്യവൽകരണവും പ്രാദേശിക സാമ്പത്തികവികസനവും ലക്ഷ്യമിട്ടുകൊണ്ട് ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള KERA പദ്ധതിക്ക് 11-01-2024-ലെ G. O. (Ms) No. 09/2024/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 2375.5 കോടി രൂപയാണ്. ഇതിൽ 709.65 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്.

ശാസ്ത്രീയവും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധമേഖലയിലും

നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്.

കാർഷിക മൂല്യശൃംഖലകളിൽ ഭാഗഭാക്കാകുന്ന ചില്ലറ വ്യാപാരികൾ, അഗ്രിഗേറ്റർമാർ, മൊത്തവ്യാപാരികൾ, കച്ചവടക്കാർ എന്നിവരെ എഫ്.പി.ഒ./എഫ്.പി.സി.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് സുസ്ഥിരമായ വിളയധിഷ്ഠിത ഉൽപാദന സഖ്യങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഏതൊക്കെ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ?

ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും

- കൃഷിഭവനുകൾ മുഖാന്തരം കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട് കൃഷി (Climate Smart Agriculture – CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.
- കർഷകർക്ക് മെച്ചപ്പെട്ട കാലാവസ്ഥാ പ്രതിരോധ സേവനങ്ങളെത്തിക്കുന്നതിന് വിജ്ഞാന വ്യാപന ഉപദേശക സേവന

ദാതാക്കളുടെ (Extension Advisory Service Providers) ശേഷി വർധിപ്പിക്കൽ.

- കാർഷിക പാരിസ്ഥിതിക യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.
- മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

ഘടകം 2 : പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽകരണം വർധിപ്പിക്കുക.

- കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.
- സംസ്ഥാനത്ത് തിരഞ്ഞെടുത്ത തോട്ടവിളകളുടെ (റബ്ബർ, ഏലം, കാപ്പി) പുനരുജ്ജീവനം.
- നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർധിപ്പിക്കൽ എന്നിവയിലൂടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തൽ.

ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

- കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർധിപ്പിക്കുക.
- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയുള്ള കൈത്താങ്ങ്.
- അഗ്രിപാർക്കുകൾക്കുള്ള സഹായം.

ഘടകം 4 : പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്

പദ്ധതിയുടെ നിർവഹണ സംവിധാനത്തിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഘടകം 5 : കണ്ടിൻജന്റ് എമർജൻസി റെസ്പോൺസ് ഘടകവും (CERC)

കാലാവസ്ഥാ ധനസഹായവും

അടിയന്തര സാഹചര്യത്തിൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

KERA പദ്ധതിയിലൂടെ താഴെപ്പറയുന്ന മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.

- കാലാവസ്ഥാ വ്യതിയാനംമൂലം കാർഷികവിളകൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും സംസ്ഥാന/ദേശീയ/അന്തർദേശീയ കാർഷിക വിജ്ഞാനദാതാക്കളുടെ സഹായത്തോടുകൂടി ശാസ്ത്രീയ കൃഷിരീതികൾ

അവലംബിച്ച് ചെറുകിട - നാമമാത്ര കർഷകരുടെ വരുമാനം വർധിപ്പിക്കാനും ലക്ഷ്യമിടുന്നു.

- വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റ് (AEU) തലത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രദർശന തോട്ടങ്ങൾ, പരിശീലന പരിപാടികൾ, എക്സ്പോഷർ വിസിറ്റ് തുടങ്ങിയവയിലൂടെ കർഷകർക്ക് കാലാവസ്ഥാ മാറ്റ പ്രതിരോധ സ്മാർട്ട് കൃഷിരീതികൾ അവലംബിക്കുന്നതിന് പ്രചോദനം നൽകുന്നു.
- കർഷകർക്ക് മെച്ചപ്പെട്ട കാലാവസ്ഥാമാറ്റ പ്രതിരോധ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഭൗതികമായ മാനവവിഭവശേഷി ശക്തിപ്പെടുത്തുക; ഒപ്പം കൃഷിഭവനുകൾ, കർഷക/കാർഷിക പരിശീലന കേന്ദ്രങ്ങൾ, മണ്ണ് പരിശോധന ലാബുകൾ തുടങ്ങിയവയുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.
- വിള അടിസ്ഥാനമാക്കിയുള്ള കർഷകർക്ക് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഉപദേശങ്ങൾ മൊബൈൽ ആപ്പ്/മൊബൈൽ സന്ദേശങ്ങൾ വഴി നൽകുന്നതിന് ലക്ഷ്യമിടുന്നു.
- ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ആർ.ആർ.ഐ.)-ന്റെ വൈദഗ്ധ്യം ഉപയോഗിച്ച് തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ നെൽപ്പാടങ്ങളിൽ ലോ കാർബൺ നെൽകൃഷി സ്വീകരിക്കുന്നതിന് പിന്തുണ നൽകി കർഷകർക്കായി പേമെന്റ് ഫോർ ഇക്കോ സിസ്റ്റം (പി.ഇ.എസ്.) സമ്പ്രദായത്തിന് തുടക്കം കുറിക്കുന്നു.

- കേരളത്തിലെ നാമമാത്ര-ചെറുകിട തോട്ടവിള കർഷകർക്ക് സുസ്ഥിരമായ വരുമാനം ലക്ഷ്യംവച്ച് ഉൽപാദനക്ഷമത കുറഞ്ഞ റബ്ബർ, കാപ്പി, ഏലം എന്നീ വിളകൾക്ക് പുനർനടീലിൽ ധനസഹായം നൽകുക.
- യുവകർഷകർ, കർഷകക്കൂട്ടായ്മകൾ, വനിതാ സംഘങ്ങൾ, FPO/FPC-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവരെ അഗ്രിബിസിനസ്സ് സംരംഭകരുമായി സംയോജിപ്പിക്കുന്ന Productive Alliance എന്ന നൂതന ആശയം പ്രാവർത്തികമാക്കുന്നതിലൂടെ കാർഷിക ഉൽപന്നങ്ങൾക്ക് സുസ്ഥിര വിപണി ഉറപ്പാക്കാൻ സാധിക്കുന്നു.
- KERA പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കുന്ന ചെറുകിട-ഇടത്തരം സംരംഭങ്ങളെ സാങ്കേതികമായും സാമ്പത്തികമായും സഹായിക്കുന്നതുവഴി സംസ്ഥാനത്തിന്റെ കാർഷിക വിപണി, കാർഷിക മൂല്യവർധിതശേഷി, മൊത്ത ആഭ്യന്തര ഉൽപാദനം എന്നിവ ശാക്തീകരിക്കുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയിലൂടെ സാധ്യമാകുന്നു.

സംസ്ഥാനത്തിന്റെ ലോജിസ്റ്റിക് നേട്ടങ്ങൾ കണക്കിലെടുത്ത് ചെറുതും വലുതുമായ പുതിയ അഗ്രിപാർക്കുകളും വിവിധ ജില്ലകളിൽ ഉൽപാദന മേഖലയിലെ ക്ലസ്റ്റർ വികസന പദ്ധതികളുമായി സംയോജിച്ചുകൊണ്ട് അഗ്രി ബിസിനസ്സ് സെന്ററുകളും നിർമ്മിക്കുന്നതുവഴി നിക്ഷേപകരെ

ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂല്യവർധിത ശൃംഖല വർധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.കെ.വി.വൈ. പ്രൊപ്പോസൽ

21(1598) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗശല്യം തടയുന്നതിന് കൃഷി വകുപ്പുമുഖേന നടത്തുന്ന പദ്ധതികളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത പ്രദേശമുൾപ്പെടുത്തി സോളാർ ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആർ.കെ.വി.വൈ. തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കൊളത്താശ്ശേരി, വാഴാനി, അകമല, ചേപ്പലക്കോട്, കുഴിയോട് എന്നീ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വന്യമൃഗശല്യം തടയുന്നതിനായി സൗരോർജവേലി നിർമ്മിക്കുന്നതിന് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

അഗ്രിപാർക്ക് പദ്ധതി

22(1599) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കും കാർഷികമേഖലയ്ക്കും പുതിയ ഉണർവും പുത്തൻ സാധ്യതകളും അവസരങ്ങളും ലഭ്യമാക്കാൻ ലക്ഷ്യമിട്ട് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ അഗ്രിപാർക്ക് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രദർശന സെന്റർ, അഗ്രി ടവർ എന്നിവ ഒരുക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. കാബ്കോ എക്സ്പോ സെന്റർ & അഗ്രി പാർക്ക് എന്ന് നാമകരണം ചെയ്തിരിക്കുന്ന അത്യാധുനിക സൗകര്യങ്ങളടങ്ങിയ എക്സിബിഷൻ സെന്ററും പൊതു ആസ്ഥാനമന്ദിരവും തിരുവനന്തപുരം ആനയറയിലുള്ള കാർഷിക നഗര മൊത്ത വ്യാപാര വിപണി വളപ്പിൽ നിർമ്മാണം ആരംഭിക്കുകയാണ്. എറണാകുളം മരടിലും കോഴിക്കോട് വേങ്ങേരിയിലും എക്സിബിഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന അഗ്രോ പാർക്കുകളും മേൽ അഗ്രി പാർക്കുകളും പ്രവർത്തന സജ്ജമാകുന്നതോടെ കാർഷിക മേഖലയിൽ പുത്തൻ സാധ്യതകളും അവസരങ്ങളും വർധിക്കും.

എക്സിബിഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതോടെ ദേശീയ/അന്തർദേശീയ തലത്തിലുള്ള എക്സിബിഷനുകൾ സംഘടിപ്പിക്കാനും കർഷകരുടെ മൂല്യവർധിത ഉൽപന്നങ്ങൾക്ക് ദേശീയ/അന്തർദേശീയ

വിപണി കണ്ടെത്താനും സാധ്യക്കും. മേൽ എക്സിബിഷൻ സെന്ററുകളുടെയും അഗ്രിപാർക്കുകളുടെയും നടത്തിപ്പു ചുമതല കേരള അഗ്രോ ബിസിനസ്സ് കമ്പനിയിൽ നിക്ഷിപ്തമാണ്.

(സി) പ്രാദേശിക കലാകാരൻമാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകി സന്ദർശകരെ ആകർഷിച്ച് വിനോദസഞ്ചാരം വർധിപ്പിക്കുകയെന്നതുകൂടി ഈ പദ്ധതിയുടെ ലക്ഷ്യമായി വിഭാവനം ചെയ്തിട്ടുണ്ടോ; പദ്ധതിയുടെ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

കാർഷിക സാങ്കേതികവിദ്യകൾ, വിള പരിപാലനം, സുസ്ഥിര കൃഷിരീതികൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ, B2B മീറ്റുകൾ, ശില്പശാലകൾ, കോൺഫറൻസുകൾ എന്നിവ എക്സിബിഷൻ സെന്റർ മുഖേന സംഘടിപ്പിക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ എക്സിബിഷൻ സെന്റർ മുഖേന ദേശീയ-അന്തർദേശീയ കാർഷികമേളകളുടെ ഭാഗമായി പ്രാദേശിക കലാകാരന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കലാപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

കാർഷിക ഉൽപന്നങ്ങൾ സംസ്കരിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുകയെന്നതാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷമിടുന്നത്. കൂടാതെ അഗ്രിപാർക്കുകളിൽ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ 'കേരളാഗ്രോ' ബ്രാൻഡിലൂടെ വിപണനം ചെയ്യാനുദ്ദേശിക്കുന്നു. കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതിലൂടെയും വിജ്ഞാന കൈമാറ്റം സുഗമമാക്കുന്നതിലൂടെയും കർഷകരെയും കാർഷിക സംരംഭകരെയും ശാക്തീകരിക്കാനും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

കയ്യമംഗലം മണ്ഡലത്തിലെ വിദ്യാലയതല പച്ചക്കറിക്കൃഷിത്തോട്ടം പദ്ധതി

23(1600) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യമംഗലം മണ്ഡലത്തിൽ വിദ്യാലയതല പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കൃഷിഭവൻ മുഖേന ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കയ്യമംഗലം മണ്ഡലത്തിൽ വിദ്യാലയതല പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'തളിർ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ 79 വിദ്യാലയങ്ങളിലേയ്ക്കായി 50 ചെടിച്ചട്ടി, നടീൽ വസ്തുക്കൾ, വളം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തളിർ പദ്ധതിയുടെ ഭാഗമായി ചെണ്ടുമല്ലി തൈകളും കരനെൽക്കൃഷിക്കുള്ള മുളപ്പിച്ച നെൽവിത്തും നൽകിയിട്ടുണ്ട്.

(ബി) കയ്യമംഗലം മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുടെ ഭാഗമായ തളിർ പദ്ധതിയുമായി ബന്ധപ്പെടുത്തി വിദ്യാലയ പച്ചക്കറി കൃഷിത്തോട്ടം ആവിഷ്കരിക്കാൻ വേണ്ട എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ തളിർ പദ്ധതിയുടെ ഭാഗമായി കയ്യമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ വിദ്യാലയതല പച്ചക്കറി കൃഷിത്തോട്ടം നിർമ്മിക്കുന്നതിന് 81 വിദ്യാലയങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അതിൽ ആദ്യം ചെണ്ടുമല്ലി

കൃഷിയും കരനെൽക്കൃഷിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ത്രിതല പഞ്ചായത്ത് ഫണ്ടും വിദ്യാലയത്തിലെ പി.ടി.എ. ഫണ്ടുമുപയോഗിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. തുടർന്ന് പച്ചക്കറിതൈകൾ, ജൈവവളങ്ങൾ, കുമ്മായം/ഡോളോമൈറ്റ് എന്നിവ വിതരണം ചെയ്യുന്നു. അതിനുള്ള ധനസഹായം മതിലകം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽനിന്ന് ലഭ്യമാക്കുന്നതാണ്.

(സി) 2023-24 അധ്യയന വർഷത്തിൽ കയ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് വിദ്യാലയതല പച്ചക്കറി കൃഷിത്തോട്ടം പദ്ധതി ആവിഷ്കരിച്ചത്; കണക്ക് ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ വിദ്യാലയതല പച്ചക്കറിത്തോട്ടം പദ്ധതിയിൽ വെണ്ട, പയർ, വഴുതന, മഞ്ഞൾ, മുളക് എന്നീ പച്ചക്കറിയിനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പി.ടി.എ. ഫണ്ടുപയോഗിച്ചാണ് ഈ പച്ചക്കറിത്തോട്ടം സ്കൂളുകളിൽ നടത്തിയത്.

2023-24 സാമ്പത്തികവർഷം വിദ്യാലയതല പച്ചക്കറി കൃഷിത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1) എൽ.പി. ആൻഡ് യു.പി.എം., മതിലകം പഞ്ചായത്ത്

2) സെന്റ് ആന്റണീസ് ജി.എച്ച്.എസ്.എസ്. എടത്തിരുത്തി

3) എ.എ.ഐ. എൽ.പി.എസ്., ചൂലൂർ, എടത്തിരുത്തി

4) ഈസ്റ്റ് യു.പി. സ്കൂൾ, പെരിഞ്ഞനം

5) എസ്.എൻ. സ്മാരക സ്കൂൾ, പെരിഞ്ഞനം

6) പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ, എസ്.എൻ. പുരം

7) സെന്റ് ജോസഫ് എച്ച്.എസ്.എസ്., മതിലകം

8) ഒ.എൽ.എഫ്. ജി.എച്ച്.എസ്. മതിലകം

നഗര കൃഷി

24(1601) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി നഗര കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്കായി

പോട്ടിങ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/HDPE ചട്ടികളിൽ വെണ്ട, വഴുതന, മുളക്, തക്കാളി മുതലായ 25 എണ്ണം പച്ചക്കറി തൈകൾ ഒരു യൂണിറ്റിന് 75% സബ്സിഡി (ഒരു യൂണിറ്റിന്റെ വില 5000/- രൂപ) എന്ന നിരക്കിൽ നൽകിവരുന്നു. 2024-25 സമ്പത്തിക വർഷത്തിൽ 8000 യൂണിറ്റുകൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ പോഷകത്തോട്ടം നിർമ്മിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ലക്ഷം യൂണിറ്റുകൾക്കായി 500 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ-മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവകീടനാശിനി എന്നിവ 500/- രൂപ സബ്സിഡിയിൽ വിതരണം നടത്തുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള

മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റിനിർത്തുന്നതിനും സഹായിക്കുന്നു.

സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽനിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധയിനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന വിത്ത് പായ്ക്കറ്റുകളും 3/- രൂപ വിലവരുന്ന സങ്കരയിനം പച്ചക്കറിത്തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തിവരുന്നു. കൂടാതെ വിവിധയിനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വില വരുന്ന പച്ചക്കറി വിത്തുപായ്ക്കറ്റുകളും 2.5 രൂപ വിലയുള്ള പച്ചക്കറിത്തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിപ്രകാരം സ്ഥലപരിമിതിയുള്ള കർഷകർക്ക് പച്ചക്കറിക്കൃഷി നടത്താനായി ഉപയോഗിക്കാവുന്ന ചെടിച്ചട്ടികൾ, ടാങ്ക്, തുള്ളിനന, ഇരുമ്പ് ഫ്രെയിം ഉൽപാദനോപാധികൾ എന്നിവയോടുകൂടി IIHR ബാംഗ്ലൂർ രൂപകൽപന ചെയ്ത അർക്ക വെർട്ടിക്കൽ ഗാർഡൻ (80 എണ്ണം) നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ നഗര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് പോട്ടിങ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/HDPE ചട്ടികളിൽ വെണ്ട, വഴുതന, മുളക്, തക്കാളി മുതലായ

25 എണ്ണം പച്ചക്കറിത്തൈകൾ ഒരു യൂണിറ്റിന്റെ വിലയായ 5000/- രൂപയിൽ 75% സബ്സിഡിയിൽ (@3750/-) ആനുകൂല്യം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 8000 യൂണിറ്റുകൾക്കായി 300 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്.

പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പുകളിൽ പോഷകത്തോട്ടം പ്രോത്സാഹിപ്പിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. സങ്കരയിനം പച്ചക്കറിത്തൈകൾ, ദീർഘകാല പച്ചക്കറിത്തൈകൾ-മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡിയിൽ വിതരണം നടത്തുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം യൂണിറ്റുകൾക്കായി 500 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

കൂടാതെ പച്ചക്കറിത്തൈകൾ, വിത്തുകൾ (സങ്കരയിനം ഉൾപ്പെടെ), ദീർഘകാല പച്ചക്കറിത്തൈകൾ (മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങൾ) എന്നിവ പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തിവരുന്നുണ്ട്.

ജൈവകൃഷി

25(1602) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോൽപാദനത്തിനായി ജൈവകൃഷിയിലൂന്നിയുള്ള കാർഷികനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോൽപാദനത്തിനായി ജൈവ കാർഷികനയം രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷികോൽപന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷകസമൃദ്ധവും

സുരക്ഷിതവുമായ ഭക്ഷണം ജൈവമാർഗത്തിലൂടെ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർധനവ് ഉറപ്പുവരുത്തുന്നതിനുമായി ഈ സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ജൈവ കാർഷിക മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി നടപ്പിലാക്കുക.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ നടപ്പിലാക്കുക.

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

"ഓരോ വർഷവും കുറഞ്ഞത് 10000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക.

ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗ്രൂണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5 വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.

ജൈവകൃഷിക്കാവശ്യമായ ഉൽപാദനോപാധികൾ പ്രാദേശികമായി ഉൽപാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

ജൈവ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനമൊരുക്കുകയും ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.

കേരളത്തിന്റെ തനതായ ജൈവ ഉൽപന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിപ്പന നടത്തുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്യുക.

ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനാവശ്യമായ സംഭരണ സംസ്കരണ മൂല്യവർധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനമൊരുക്കുക.

കർഷക രജിസ്ട്രേഷൻ, ഉൽപാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിങ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

ജൈവകൃഷിക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉൽപാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളെയും FPO-കളെയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേക അംഗീകാരം നൽകുക.

ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10 ശതമാനത്തിൽ കുറയാത്ത സ്ഥലത്ത് ജൈവകൃഷി ആരംഭിക്കുക.

(ബി) പൂർണ്ണമായും ജൈവരീതിയിൽ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം (1), ആലപ്പുഴ (4), എറണാകുളം (1), തൃശ്ശൂർ (1), കോഴിക്കോട് (1) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആകെ 8 ജൈവ വിപണികളിലൂടെ ജൈവ ഉൽപന്നങ്ങൾ ബ്രാൻഡിങ്ങോടുകൂടി വിറ്റഴിക്കും. വി.എഫ്.പി.സി.കെ. പദ്ധതിയിലൂടെ എറണാകുളം ജില്ലയിലെ കാക്കനാട് നിർമ്മിച്ച ഹൈടെക് ഓർഗാനിക് സൂപ്പർമാർക്കറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കും. ജൈവ കാർഷിക ഉൽപന്നങ്ങൾക്ക് ബ്രാൻഡിങ്ങും മെച്ചപ്പെട്ട മാർക്കറ്റിങ്ങും ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെയും കർഷകരുടെയും കർഷക ഗ്രൂപ്പുകളുടെയും safe to eat, Organic ഉൽപന്നങ്ങൾക്ക് സാക്ഷ്യപ്പെടുത്തൽ നൽകി

"KERALAGRO – GREEN" KERALAGRO – ORGANIC' എന്നീ ബ്രാൻഡുകളിൽ KERALAGRO ഷോപ്പുകൾവഴി വില്പനയാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമായി പൂർണ്ണമായും ജൈവകൃഷി രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ "PGS INDIA-ORGANIC" എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത ഉൽപന്നങ്ങൾക്ക് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജൈവകൃഷിയും ഉത്തമ കാർഷികമുറകളും പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റടിസ്ഥാനത്തിൽ 10% ഇൻസെന്റീവ് നൽകുന്നു. കൂടാതെ സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 650 ഫാമുകൾക്ക് NPOP ജൈവ സർട്ടിഫിക്കേഷൻ നൽകുന്നു. ആയതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിഷരഹിത പച്ചക്കറികളുടെ സംഭരണവും വിപണനവും കൃഷി വകുപ്പിന്റെ ഇക്കോഷോപ്പുകൾ മുഖേനയും നടത്തിവരുന്നു.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

26(1603) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽനിന്നും കർഷകർ പിന്തിരിയുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജൈവകൃഷിയിലേർപ്പെടുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ കൈക്കൊള്ളുന്നത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി വിവിധ പദ്ധതികളുമായി സംയോജിപ്പിച്ചാണ് ജൈവകൃഷി സംസ്ഥാനത്ത് നടപ്പാക്കുന്നത്. ജൈവകൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജൈവ കർഷകരുടെ ഉൽപന്നങ്ങൾക്കും മൂല്യവർധിത ഉൽപന്നങ്ങൾക്കും സർട്ടിഫിക്കേഷനും ബ്രാൻഡിങും നടപ്പിലാക്കുകയും അതിലൂടെ ദേശീയ-അന്തർദേശീയ വിപണനമെന്ന പുത്തൻ വാതിൽ

കർഷകർക്ക് മുന്നിൽ തുറക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല കേരളത്തിലുടനീളമുള്ള കർഷകരുടെ ഉൽപന്നങ്ങളുടെ വിപണനത്തിനായി കേരളത്തിലാകെ 15 കേരളഗ്രോ ഷോപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഇത്തരം ഷോപ്പുകളിലൂടെ കേരളഗ്രോ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ലഭ്യമാകുന്നു. ജൈവ ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷനുശേഷം കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ജൈവം എന്നീ ബ്രാൻഡുകളിൽ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം സാധ്യമാക്കാവുന്നതാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്കായുള്ള സൂപ്പർമാർക്കറ്റുകൾ, റീറ്റെയിൽ ഔട്ട്ലെറ്റുകൾ എന്നിവ പ്രവർത്തനസജ്ജമാകുന്നതോടെ ജൈവകർഷകർക്ക് കൂടുതൽ വിപണി ലഭ്യമാകും.

കൃഷി വകുപ്പിന്റെ ഇടപെടലുകളിലൂടെ സംസ്ഥാനത്തെ യുവകർഷകരുൾപ്പെടുന്ന ജൈവകർഷകർ ജൈവകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കൃഷിരീതി അനുവർത്തിക്കാനാവശ്യമായ പിന്തുണയും നൽകിവരുന്നു.

(ബി) ജൈവകൃഷി കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം സർക്കാരിൽനിന്നും ലഭിക്കുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ജൈവകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി കർമ്മപദ്ധതികൾ സംസ്ഥാനം നടപ്പിലാക്കിവരുന്നു.

1. കേരളത്തിലെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന രണ്ട് സ്കീമുകളാണ് ജൈവകൃഷിയും ഉത്തമ കാർഷികമുറകളും (GAP), ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും (BPKP-Central)

2. ജൈവ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും ജൈവ/പ്രകൃതിദത്ത കൃഷിയിലൂടെ കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.

3. വി.എഫ്.പി.സി.കെ. വഴി കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയ വനിതാ സ്വയംസഹായ സംഘങ്ങളെ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുന്നതിനും വിജയകരമായ ജൈവ വിപണികൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നു. വർധിച്ചുവരുന്ന ആവശ്യം തിരിച്ചറിഞ്ഞ് സ്വകാര്യ വ്യവസായ സ്ഥാപനങ്ങളും ജൈവ ഭക്ഷ്യ വ്യാപാരത്തിലേയ്ക്ക് ചുവടുവച്ചു.

4. കയറ്റുമതി വിപണിയെ ലക്ഷ്യമാക്കി കേരളത്തിൽ വയനാട്ടിലെ പൊക്കാളി, കൈപ്പാട്, ജീരകശാല, ഗന്ധകശാല എന്നീ സ്വതവേ ജൈവമായ നെല്ലുകൾ ഉൾപ്പെടെയുള്ള കർഷക ഉൽപന്നങ്ങളുടെ ഓർഗാനിക് സർട്ടിഫിക്കേഷൻ സജീവമായി നടപ്പിലാക്കിവരുന്നു.

5. കയറ്റുമതി വിപണിയെ പ്രധാന ലക്ഷ്യമായി കണ്ടുകൊണ്ട് കേരളത്തിലെ വൈവിധ്യമാർന്ന വിളകൾ പ്രത്യേകിച്ച് സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിളകൾ, ഔഷധ സസ്യങ്ങൾ, നാണ്യവിളകൾ മുതലായവ കൃഷി ചെയ്യുന്ന നിരവധി അംഗീകൃത ജൈവ കർഷകർ ഇപ്പോൾ സംസ്ഥാനത്തുണ്ട്.

6. ഉൽപാദനത്തോടൊപ്പം വിപണനത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കേരളത്തിലുടനീളം ജൈവ-അജൈവ, മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനത്തിനായുള്ള ബ്രാൻഡഡ് ഷോപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇത്തരം ഷോപ്പുകളിലൂടെ കേരളഗ്രോ എന്ന ബ്രാൻഡ് നാമത്തിൽ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ലഭ്യമാകുന്നു. എന്നാൽ കേരളത്തിലെ ജൈവ ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷനുശേഷം ലഭിക്കുന്ന ജൈവം, ഗ്രീൻ എന്നീ ലേബലുകളോടെ കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ജൈവം എന്നീ ഉപബ്രാൻഡുകളിലാണ് ലഭ്യമാകുന്നത്.

7. കേരളത്തിലെ ജൈവ കർഷകരുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തരം നടപ്പിലാക്കുകയും അതിലൂടെ കയറ്റുമതി സാധ്യതകൾ എന്ന പുത്തൻ വാതിൽ കർഷകർക്കുമുന്നിൽ തുറക്കപ്പെടുകയും ചെയ്യുന്നു.

(സി) ജൈവകൃഷിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കൃഷി വകുപ്പ് ജില്ലാടിസ്ഥാനത്തിൽ നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് ഇപ്പോൾ 82257 കർഷകർ 31912 ഹെക്ടർ വിസ്തൃതിയിൽ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രകാരമുള്ള കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിൽ 82000 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്ന കർഷകർക്ക് ജൈവകൃഷിയുടെ നൂതന സാങ്കേതികവിദ്യകളെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ജൈവകർഷകരുടെ എണ്ണം, ആകെ ജൈവകൃഷി ചെയ്യുന്ന വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിൽ ജൈവ കാർഷിക മേഖലയുടെ പുരോഗതി മുൻവർഷങ്ങളെക്കാളും വളരെയധികം മുമ്പോട്ടാണെന്ന് മനസിലാക്കാം. കേന്ദ്ര സർക്കാർ സ്ഥാപനമായ അഗ്രികൾച്ചർ & പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്ട് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA)-യുടെ കണക്കുകൾപ്രകാരം കേരളത്തിൽ ഇപ്പോൾ 36208 ഹെക്ടർ

സ്ഥലത്ത് കർഷകർ ജൈവകൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും വ്യാപൃതരാണ്.

നിലവിലെ പദ്ധതികൾ വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാനും കൂടുതൽ വിസ്തൃതിയിൽ ജൈവകൃഷി ചെയ്യാൻ സാധിക്കുമെന്നും വിലയിരുത്തുന്നു. ജൈവകൃഷിക്കാവശ്യമായ നൂതന സാങ്കേതികവിദ്യകളുടെയും പുത്തൻ അറിവുകളുടെയും അഭാവം അതിന്റെ ഉന്നമനത്തിനെ ബാധിക്കുമെന്നത് കണക്കിലെടുത്തുകൊണ്ട് ജൈവ കാർഷിക മിഷന്റെ ഭാഗമായി നാഷണൽ വർക്ക്ഷോപ്പ് ഓൺ ഓർഗാനിക് ആൻഡ് നാച്വറൽ ഫാർമിങ് എന്ന പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ ജൈവ കാർഷിക മേഖലയിൽ നൈപുണ്യം തെളിയിച്ചിട്ടുള്ള വ്യക്തികളിൽനിന്നുമുള്ള അറിവുകളുടെ ഒരു സമാഹാരം സൃഷ്ടിക്കുകയും അത് ജൈവ കാർഷിക മേഖലയുടെ ഉന്നമനത്തിനായി ഉപയോഗിക്കാനും സാധിക്കുമെന്ന് വിലയിരുത്തുന്നു.

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ കർമ്മ പദ്ധതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കൃഷിയിൽ സുസ്ഥിരത വർധിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷിരീതികളുടെ പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും ജൈവ/പ്രകൃതിദത്ത കൃഷിയിലൂടെ കർഷകരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ ജൈവ കാർഷിക മിഷൻ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവർത്തന രൂപരേഖ സർക്കാർ അംഗീകരിക്കുകയും സംസ്ഥാന കൃഷി വകുപ്പ് പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തു.

രൂപരേഖ പ്രകാരമുള്ള പ്രധാന ലക്ഷ്യങ്ങൾ:

1. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനുതകുന്ന നൂതന കാർഷികമുറകൾ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

2. ആവശ്യമായ ഉൽപാദനോപാധികൾ പ്രാദേശികമായി ഉൽപാദിപ്പിക്കുക.

3. ഉൽപന്നങ്ങളുടെയും ഉൽപാദനോപാധികളുടെയും ഗുണനിലവാര നിയന്ത്രണം ഉറപ്പാക്കുക.

4. ജൈവ ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ, ബ്രാൻഡിങ്, ഉയർന്ന വില സ്ഥിരമായി ലഭിക്കുന്നതിനുള്ള വിപണി പിന്തുണ എന്നിവ ഉറപ്പാക്കുക.

5. മാതൃക പ്ലോട്ടുകൾ വികസിപ്പിച്ചെടുക്കുന്നതിലൂടെ വിജയകരമായ ജൈവകൃഷി മാതൃകകൾ കർഷകർക്ക് നൽകുക.

6. ജൈവ കർഷകരുടെ കൃഷിക്കൂട്ടങ്ങൾ FPO-കൾ രൂപീകരിച്ച് ബിസിനസ്സ് പ്ലാൻ തയ്യാറാക്കി ജൈവ കാർഷിക മേഖലയിൽ വിജയകരമായ സംരംഭകത്വ മാതൃകകൾ നടപ്പിലാക്കുക.

7. നിലവിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനുള്ള വെല്ലുവിളി സംബന്ധിച്ച് പഠനം നടത്തുകയും അവ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്യുക.

ജൈവ കാർഷിക മിഷൻ

27(1604) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക മിഷൻവഴി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ജൈവ കാർഷിക മിഷൻ മുഖേന ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാന പദ്ധതികൾക്കുപുറമെ കേന്ദ്ര-സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികളിലൂടെ കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനുള്ള സഹായവും ജൈവകൃഷിക്കാവശ്യമായ പരിശീലനങ്ങളും നൽകുന്നു. ജൈവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾക്ക് കേരളഗ്രോ ഓർഗാനിക്, കേരള ഗ്രീൻ എന്നീ ബ്രാൻഡുകൾ നൽകി വിപണനം നടത്തുന്നതിനും കാര്യക്ഷമമായ വിപണന സൗകര്യങ്ങളൊരുക്കുന്നതിനും ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നു.

(ബി) മിഷൻ മുഖേന ഏതെല്ലാം കൃഷികളാണ് ചെയ്യുവരുന്നത്; എത്ര ഹെക്ടറിലാണ് കൃഷി ചെയ്യുന്നത്; വിശദമാക്കാമോ?

മിഷൻ മുഖേന കേരളത്തിന്റെ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ എല്ലാത്തരം വിളകളും കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾ അടിസ്ഥാനമാക്കി കൃഷി ചെയ്തുവരുന്നു. പച്ചക്കറി, വാഴ, കുരുമുളക്, പഴവർഗ്ഗങ്ങൾ, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മില്ലറ്റ്സ് (ചെറുധാന്യങ്ങൾ), എള്ള്, വെറ്റില, ജാതി, മരച്ചീനി, ഡ്രാഗൺ ഫ്രൂട്ട്, കശുമാവ്, കവുങ്ങ്, പൊക്കാളി, കൈപ്പാട് ഉൾപ്പെടെയുള്ള നെല്ലിനങ്ങൾ തുടങ്ങിയവയും കൃഷി ചെയ്തുവരുന്നു.

ജൈവകൃഷി പ്രോത്സാഹനം

28(1605) ശ്രീ. എ. സി. മൊയ്തീൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവകൃഷി പ്രോത്സാഹനത്തിനായി പ്രത്യേക മിഷന് രൂപം നൽകിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?

(എ&ബി) കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉൽപന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗത്തിലൂടെ ഉൽപാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉൽപന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർധനവ് ഉറപ്പുവരുത്തുന്നതിനും ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

ജൈവ കാർഷിക മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി നടപ്പിലാക്കുക.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ നടപ്പിലാക്കുക.

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

"ഓരോ വർഷവും കുറഞ്ഞത് 10000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക.

ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗ്രണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5 വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.

ജൈവകൃഷിക്കാവശ്യമായ ഉൽപാദനോപാധികൾ പ്രാദേശികമായി ഉൽപാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക

കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

ജൈവ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനമൊരുക്കുകയും ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഉൽപന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.

കേരളത്തിന്റെ തനതായ ജൈവ ഉൽപന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വില്പന നടത്തുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്യുക.

ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനാവശ്യമായ സംഭരണ, സംസ്കരണ മൂല്യവർധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനമൊരുക്കുക.

കർഷക രജിസ്ട്രേഷൻ, ഉൽപാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിങ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ

തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

ജൈവകൃഷിക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉൽപാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

എല്ലാ നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളെയും FPO-കളെയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.

ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10 ശതമാനത്തിൽ കുറയാത്ത സ്ഥലത്ത് ജൈവകൃഷി ആരംഭിക്കുക.

(സി) കാർഷിക വിളകളുടെ മൂല്യവർധനവ്, ഓർഗാനിക് ബ്രാൻഡിങ് എന്നിവ വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ?

സംസ്ഥാനത്തെ കർഷകരുടെ ജൈവ ഉൽപന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ ജൈവ കർഷകരുടെ ഉൽപന്നങ്ങൾക്കും മൂല്യവർധിത ഉൽപന്നങ്ങൾക്കും സർട്ടിഫിക്കേഷനും ബ്രാൻഡിങും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തരം ജൈവകൃഷിയും ഉത്തമ കാർഷികമുറകളും പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികൾപ്രകാരം നടപ്പിലാക്കിവരുന്നു. അതിലൂടെ കയറ്റുമതി സാധ്യതകൾ എന്ന പുത്തൻ വാതിൽ കർഷകർക്ക് മുന്നിൽ തുറക്കപ്പെടുകയും ചെയ്യുന്നു.

കേരളത്തിലെ ജൈവ ഉൽപന്നങ്ങൾ സർട്ടിഫിക്കേഷനുശേഷം കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ഓർഗാനിക് എന്നീ ബ്രാൻഡുകളിൽ

കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം 26 ജൈവ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിൽ ലഭ്യമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തിനായി സ്ഥാപിക്കപ്പെട്ട കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ ഓർഗാനിക്കായതും ഉത്തമ കാർഷികമുറകൾ പാലിച്ച് കൃഷി ചെയ്തതുമായ ബ്രാൻഡഡ് ഉൽപന്നങ്ങൾ ലഭ്യമാണ്. കേരളത്തിൽ ഇത്തരത്തിൽ ആകെ 15 ഷോപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനത്തിനായി സൂപ്പർമാർക്കറ്റുകൾ, റീറ്റെയിൽ ഔട്ട്ലെറ്റുകൾ എന്നിവ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ വിപണനം കൂടുതൽ സുഗമമാക്കാൻ സാധിക്കും.

(ഡി) വ്യാജ ജൈവവളങ്ങളും ജൈവ കാർഷികോൽപന്നങ്ങളും കണ്ടെത്തുന്നതിനായി ഫലപ്രദമായ സംവിധാനമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പിനുകീഴിൽ ജൈവ-ജീവാണു വള പരിശോധനയ്ക്കായി നിലവിൽ രണ്ട് ലാബുകൾ സജ്ജമാണ്.

പട്ടാമ്പി BOQCL (Biofertilizer and Organic manure Quality Control Laboratory)-യും കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ സോയിൽ സയൻസ് ഡിപ്പാർട്ട്മെന്റിനുകീഴിൽ ആരംഭിച്ചിരിക്കുന്ന റഫറൽ ലാബും. ഈ ലാബുകൾ ജൈവവളങ്ങളുടെ ഗുണനിലവാര പാരാമീറ്ററുകളുടെ കൃത്യവും വേഗത്തിലുള്ളതുമായ വിശകലനത്തിനാവശ്യമായ അത്യാധുനിക ഹൈ-എൻഡ് അനലിറ്റിക്കൽ ഉപകരണങ്ങൾകൊണ്ട് സജ്ജീകരിക്കപ്പെട്ടവയാണ്.

കർഷകരെ ജൈവകൃഷിയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതികൾ

29(1606) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വന്യമൃഗങ്ങളുടെ ആക്രമണം, ജൈവകൃഷിയുടെ ചെലവേറുന്നത്, ഉൽപാദനക്ഷമത കുറയുന്നത് എന്നീ കാരണങ്ങളാൽ ജൈവകൃഷി രീതിയിൽനിന്നും വ്യാപകമായി പിന്തിരിയുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൂടുതൽ കർഷകരെ ജൈവകൃഷിയിലേയ്ക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഇപ്പോൾ നടപ്പാക്കി വരുന്നത്; എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. ലോകം മുന്നോട്ടുവയ്ക്കുന്ന ചാംക്രമിക കൃഷിരീതി ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വിധമുള്ളതാണ്. ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾക്ക് സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. ഇതിനായി ജൈവ കാർഷിക മിഷൻ രൂപീകൃതമായിട്ടുണ്ട്. സുരക്ഷിത ഭക്ഷണം ഉറപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ചിരിക്കുന്ന ഈ മിഷനിലൂടെ കേരളം ഘട്ടംഘട്ടമായി സാധ്യമായ പ്രദേശങ്ങളിലെല്ലാം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് നിലവിൽ പദ്ധതി ഘടകങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

ജൈവകൃഷിയിൽ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി കൃഷിയിടത്തിൽ തന്നെയുള്ള ജൈവവസ്തുക്കളെ വളമാക്കി മാറ്റുക, കർഷകർ അംഗങ്ങളായ കർഷക സംഘങ്ങൾ മുഖേന ഉൽപാദനോപാധികൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കുകയും സംഭരിക്കുകയും ചെയ്യുക, കാര്യക്ഷമമായ കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് കൃഷി ചെലവ് കുറയ്ക്കുക, NIPHM, IISR-ICAR ഗവേഷണ സ്ഥാപനങ്ങൾ, KAU എന്നിവരുടെ നൂതന സാങ്കേതികവിദ്യകളിൽ ബയോക്യാപ്സ്യൂൾ ഉൽപാദനോപാധികളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയവ വഴി ജൈവകൃഷി ആദായകരമാക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജൈവ സർട്ടിഫിക്കേഷനിലൂടെ ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തി KERALAGRO-Organic, KERALAGRO-Green എന്നീ ബ്രാൻഡിലേയ്ക്ക് ജൈവ കർഷകരുടെ ഉൽപന്നങ്ങളെ ബ്രാൻഡ് ചെയ്യുകവഴി ഉൽപന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. KABCO മുഖാന്തരം ജൈവ ഉൽപന്നങ്ങൾ എക്സ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതുവഴി ജൈവകൃഷി ആദായകരമാക്കി മാറ്റാൻ സാധ്യമാകുമെന്നതിനാൽ കർഷകർ ജൈവകൃഷിയിൽനിന്ന് പിന്മാറുന്ന സാഹചര്യം നിലവിലില്ല.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ജൈവ കാർഷിക മിഷൻ മുന്നോട്ടുവച്ചിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യക്തമായ നിർവഹണ മോണിറ്ററിങ് സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് പ്രാതിനിധ്യമുള്ള ഗവേണിങ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്കുപുറമെ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ ജൈവകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന രൂപരേഖ ചർച്ച ചെയ്ത് തീരുമാനിക്കുന്നു. വിവിധ തലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധനവ്, ജൈവ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന

സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കർഷകർ, കൃഷിക്കൂട്ടങ്ങൾ/ജൈവകർഷക സ്വയംസഹായ സംഘങ്ങൾ/കർഷക ഉൽപാദക സംഘടനകൾ എന്നിവരിലൂടെ മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, കർഷകർക്ക് ജൈവ കാർഷികമുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, ഓരോ കാർഷിക പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷികമുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള സഹായം ചെയ്യുക, സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി തൃശ്ശൂർ, സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ് പട്ടാമ്പി, കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളുമായി

ഏകോപിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ജൈവ ഉൽപന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിൽ പ്രത്യേക പരിഗണന നൽകി കേരളഗ്രോ ഓർഗാനിക് എന്ന പേരിൽ വിപണി പിന്തുണ നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പിലും മില്ലറ്റ് കഫേകളിലും ജൈവ ഉൽപന്നങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി വിപണന സംവിധാനമൊരുക്കിവരുന്നു.

ജൈവ ഉൽപന്നങ്ങൾക്ക് അനുയോജ്യമായ സർട്ടിഫിക്കേഷൻ സംവിധാനം നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുക, ജൈവ ഉൽപന്നങ്ങൾ വിദേശവിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലും സർക്കാർ ഏർപ്പെട്ടിട്ടുണ്ട്.

വിവിധതലത്തിലുള്ള സംഘടനാ സംവിധാനം ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുകയും

ചെയ്യുന്നു. ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക പ്രോട്ടോക്കോൾ പ്രകാരം മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജൈവകാർഷിക മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ജൈവ ഉൽപന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പോഷകസമൃദ്ധി മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുക, മൂല്യവർധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുമായും ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. കേന്ദ്ര സർക്കാർ റീജിയണൽ കൗൺസിലായി അംഗീകരിച്ചിട്ടുള്ള സമേതി മുഖേന പി.ജി.എസ്. സർട്ടിഫിക്കേഷനും മറ്റ് ഏജൻസികൾ മുഖാന്തരം NPOP സർട്ടിഫിക്കേഷനും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

ജൈവ ഉൽപാദനോപാധികളുടെ ലഭ്യത വർധിപ്പിക്കുന്നതിനുവേണ്ടി ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ആവശ്യമായ ജീവാണുവളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ ജൈവ ഉൽപാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, 9 പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി പട്ടാമ്പിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് ഓർഗാനിക് മാനുവർ & ബയോഫെർട്ടിലൈസർ ടെസ്റ്റിങ് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജൈവവള ഗുണമേന്മ ഉറപ്പാക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പുതുതായി ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പ്രാദേശികാടിസ്ഥാനത്തിൽ ജൈവ ഉൽപാദനോപാധികൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന യൂണിറ്റുകൾക്കുള്ള പരിശീലനവും (ജൈവകൃഷി ക്ലൂട്ടങ്ങൾ/കർമ്മസേനകൾ/അഗ്രോ സർവീസ് സെന്റർ/ കൃഷിശ്രീ സെന്റർ/എഫ്.പി.ഒ./എഫ്.പി.സി./എഫ്.ഐ.ജി.) നടന്നുവരുന്നു. കാർഷിക പ്രവർത്തനങ്ങളും ഉൽപാദനോപാധികൾ കൃഷിയിടങ്ങളിൽ കർഷക ക്ലൂട്ടായ്മയിലൂടെ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. ജൈവകൃഷിയുമായി ബന്ധപ്പെട്ട നിലമൊരുക്കൽ, ജലസേചന സൗകര്യമൊരുക്കൽ, വള നിർമ്മാണത്തിനുള്ള അടിസ്ഥാനസൗകര്യം തയ്യാറാക്കൽ എന്നിവയ്ക്ക് MGNREGS-ന്റെ പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്.

സുരക്ഷിത ഭക്ഷ്യോൽപാദനം

30(1607) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം

സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോൽപാദനത്തിലേയ്ക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സുരക്ഷിത ഭക്ഷ്യോൽപാദനത്തിനായി ശാസ്ത്രീയ ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോൽപാദനം ലക്ഷ്യമാക്കി കൃഷി സമൃദ്ധി പദ്ധതി ഘട്ടംഘട്ടമായി കേരളത്തിൽ നടപ്പിലാക്കുകയാണ്. കൂടാതെ സുരക്ഷിത ഭക്ഷണം ലക്ഷ്യമാക്കി പോഷകസമൃദ്ധി മിഷനും ജൈവ കാർഷിക മിഷനും നടപ്പിലാക്കിവരുന്നു. കേന്ദ്ര-സംസ്ഥാന പദ്ധതികളായ ജൈവകൃഷിയും ഉത്തമ കാർഷികമുറകളും ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

വിഷരഹിത പച്ചക്കറി

31(1608) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടും പോഷകസമൃദ്ധമായ പച്ചക്കറികൾക്ക് ഊന്നൽ നൽകിക്കൊണ്ടും സുരക്ഷിതവും പോഷകസമൃദ്ധവുമായ പച്ചക്കറികൾ ഓരോ വീട്ടുവളപ്പിലും ഉൽപാദിപ്പിക്കാൻ വേണ്ട ഉൽപാദനോപാധികളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. കൂടാതെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പച്ചക്കറി വികസന പദ്ധതി

മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണിവരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവ മുഖേനയും സുരക്ഷിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(എ) പച്ചക്കറി വികസന പദ്ധതി

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ

നിർമ്മാണം, ദീർഘകാല പച്ചക്കറി തൈകളുടെ വിതരണം, പച്ചക്കറി തൈകളോടുകൂടിയ മൺചട്ടി/HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറിക്കൃഷി, ശീതകാല പച്ചക്കറിക്കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറിക്കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) പോഷക സമൃദ്ധി മിഷൻ

സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ

കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കൃഷി നടപ്പിലാക്കിവരുന്നു.

(സി) കൃഷി സമൃദ്ധി പദ്ധതി

കൃഷി സമൃദ്ധി പദ്ധതിയിലൂടെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിലുൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറി/പഴവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം, പഴവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിലൂടെ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറിക്കൃഷി, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികളെ കൂടാതെ വി.എഫ്.പി.സി.കെ., സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയും വിഷരഹിത പച്ചക്കറികൃഷി നടത്തിവരുന്നു.

(ബി) ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ഉൽപാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി വ്യാപിപ്പിക്കാനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

32(1609) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിച്ച് വരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറിക്കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. കൂടാതെ ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെയും ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറിയിനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായി

പരിശീലന പരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകി 203 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നു.

വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി ചെയ്യാൻ തയ്യാറായി വരുന്ന കർഷകർക്കാവശ്യമായ കൃഷി ഭൂമി ലഭ്യമാക്കാൻ പുതുതായി ആരംഭിച്ച 'നവോത്ഥാൻ പദ്ധതി' വഴി സാധ്യമാകും. കൃഷി ഭൂമിയുടെ ഉടമസ്ഥരും കർഷകരും തമ്മിലുള്ള ഉഭയകക്ഷി കരാർ പ്രകാരമായിരിക്കും പദ്ധതി നടപ്പാക്കുക. വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കാലാവസ്ഥാ അനുയോജ്യ കൃഷിമുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹൈഡ്രോജെൽ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാഫ്റ്റഡ് പച്ചക്കറിത്തൈകൾ ലഭ്യമാക്കുന്നതിനും ധനസഹായം നൽകുന്നു.

മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനും അതിൻപ്രകാരം

ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ഡോളോമൈറ്റ്, ബയോഫെർട്ടിലൈസറുകൾ, കായീച്ച കെണികൾ എന്നിവ 720 ഹെക്ടറിലേയ്ക്ക് ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ആനുകൂല്യം നൽകുന്നു.

ശാസ്ത്രീയമായ ആവശ്യകതയ്ക്കനുസരിച്ച് നിർദേശിക്കുന്ന ഗുണമേന്മയുള്ള ഉൽപാദനോപാധികൾ 20% സബ്സിഡിയോടെ കൗൺസിലിന്റെ കൃഷി ബിസിനസ്സ് കേന്ദ്രകൾ, ഇൻപുട്ട് സെന്ററുകൾ, വിത്തുൽപാദന കേന്ദ്രം, ഹൈടെക് പ്ലഗ്ഗ് നേഴ്സറി എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിനും പദ്ധതി സഹായം ഉറപ്പുവരുത്തുന്നു.

പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിന് പച്ചക്കറിത്തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുമുള്ള ധനസഹായം നൽകിവരുന്നു.

ഹൈബ്രിഡ് പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ജൈവ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മണ്ണിന്റെ ഫലഭ്രയിഷ്ഠത വർധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM), ബയോപൊട്ടാഷ്, വേസ്റ്റ് ഡീകമ്പോസർ, കായീച്ച കെണികൾ, EM കമ്പോസ്റ്റിങ് എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു.

ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ ബാങ്കിൽനിന്നും വായ്പാ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നു.

കർഷകർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

സ്വാശ്രയ കർഷക സമിതികളിൽ വിറ്റഴിക്കുന്ന ഉൽപന്നങ്ങൾക്ക് 1 രൂപ/കിലോ എന്ന നിരക്കിൽ 4000 മെട്രിക് ടൺ ഉൽപന്നങ്ങൾക്ക് ഉൽപാദന ബോണസ് നൽകിവരുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സങ്കരയിനം പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 1231 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളുടെ ഉൽപാദനം (ഒരു ഹെക്ടറിന് 1.5 ലക്ഷം രൂപ), വിവിധയിനം പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിലുള്ള ഉൽപാദനം (ഒരു ഹെക്ടറിന് 35,000/- രൂപ) തുടങ്ങിയവയ്ക്ക് ധനസഹായം നൽകിവരുന്നു. 2024-25 വാർഷിക പദ്ധതിയിൽ അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനായി 15 ലക്ഷം രൂപയും പച്ചക്കറി വിളകളുടെ വിത്തുകൾ ഓപ്പൺ പൊളിനേറ്റഡ് രീതിയിൽ ഉൽപാദിപ്പിക്കുന്നതിനായി 105 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സങ്കരയിനം പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. പച്ചക്കറിയുടെ സംരക്ഷിത കൃഷിക്കായി നാച്വറലി വെന്റിലേറ്റഡ് ഗ്രീൻ ഹൗസ് സ്ഥാപിക്കുന്നതിന് ചതുരശ്ര മീറ്ററിന് 530 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ പച്ചക്കറി വിത്തുൽപാദനം, വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതി ഘടകങ്ങളും നടപ്പിലാക്കിവരുന്നു.

2024-25 സാമ്പത്തിക വർഷം 1262.96 ഹെക്ടറിൽ സങ്കരയിനം പച്ചക്കറിക്കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പച്ചക്കറിയുടെ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷിക്ക് ഹെക്ടറൊന്നിന് 91,000/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം 625.941 ഹെക്ടറിൽ പച്ചക്കറിയുടെ കൃത്യതാകൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നാച്വറലി വെന്റിലേറ്റഡ് ടൃബുലാർ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച.മീറ്ററിന് സമതലപ്രദേശങ്ങളിൽ 530/- രൂപയും മലയോരപ്രദേശങ്ങളിൽ 610/- രൂപയും പ്ലാസ്റ്റിക് പുതയിടലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്ക് സമതലപ്രദേശങ്ങളിൽ ഹെക്ടറിന് 1600/- രൂപയും മലയോര പ്രദേശങ്ങളിൽ 18400/- രൂപയും ടൃബുലാർ തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് പരമാവധി 4000 ച.മീറ്ററിനും ധനസഹായം നൽകുന്നു.

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപാദനം വർധിച്ചിട്ടുണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി ഉൽപന്നങ്ങളുടെ ഇറക്കുമതിയിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

'പച്ചക്കറി വികസന പദ്ധതി', 'പോഷക സമൃദ്ധി മിഷൻ', കൃഷി സമൃദ്ധി തുടങ്ങിയ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന്

ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ. പദ്ധതികൾ, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതികൾ എന്നിവ ഫലപ്രദമായി സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മേൽ പദ്ധതികളിലൂടെ 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കാനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

പച്ചക്കറി ഉൽപാദനം വർധിച്ചതിലൂടെ ഇറക്കുമതിയിൽ കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അധിക ഉൽപാദനമുള്ള പാവൽ, പയർ, മത്തൻ, തടിയൻ (കുമ്പളം), പടവലം, വെള്ളരി, ഇഞ്ചി, ചേന, നേന്ത്രൻ എന്നീ പച്ചക്കറികൾ അന്യസംസ്ഥാനത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിന്റെ തോത് ഗണ്യമായി കുറവുവന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ആറ്റിങ്ങൽ മണ്ഡലത്തിലെ ഓണക്കാല പച്ചക്കറി ഉൽപാദനം

33(1610) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ നടത്തിയ ഓണക്കാലത്തെ പച്ചക്കറി ഉൽപാദനത്തിന്റെ വിശദാംശം കൃഷിഭവൻ അടിസ്ഥാനത്തിൽ ഉൽപന്നം തിരിച്ച് വിശദമാക്കുമോ?

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ നടത്തിയ ഓണക്കാലത്തെ പച്ചക്കറി ഉൽപാദനത്തിന്റെ കൃഷിഭവൻ അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

നെല്ലുൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കൽ

34(1611) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിന് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിനും നെൽക്കൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. നെല്ലുൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) തരിശ്ശുരഹിത ഗ്രാമപദ്ധതി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ക്രമ നം.	ബ്ലോക്ക്	തരിശ്ശുരഹിത ഗ്രാമപദ്ധതി നടഷിലാക്കിയ പഞ്ചായത്തുകൾ
1	നീലേശ്വരം	നീലേശ്വരം മുനിസിപ്പാലിറ്റി, പടന്ന, ചെറുവത്തൂർ, പിലിക്കോട്, കയ്യൂർ ചീമേനി, തൃക്കരിപ്പൂർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2	കാറഡുക്ക	ബേഡഡുക്ക
3	പരപ്പ	ഈസ്റ്റ് എളേരി, കള്ളാർ, കോടോം ബേളൂർ, കിനാനൂർ കരിന്തളം, പനത്തടി, വെസ്റ്റ് എളേരി
4	മഞ്ചേശ്വരം	മഞ്ചേശ്വരം
5	കാഞ്ഞങ്ങാട്	ഉദുമ, പള്ളിക്കര, മടിക്കൈ

നെല്ല് സംഭരണ നയം

35(1612) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തെ നെല്ല് സംഭരണ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൊയ്ത്ത് ആരംഭിച്ചിട്ടും നെല്ല് സംഭരണ നയം പ്രഖ്യാപിക്കാത്തത് കർഷകരെ ആശങ്കയിലാക്കിയതായി വിലയിരുത്തിയിട്ടുണ്ടോ?

നെല്ല് സംഭരണം തുടർ പദ്ധതിയായതിനാൽ വാർഷികമായി നയം പ്രഖ്യാപിക്കാറില്ല. നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്നമുറയ്ക്കാണ് എല്ലാവർഷങ്ങളിലും നെല്ല് സംഭരണം ആരംഭിക്കുന്നത്. 2024-25 സീസണിലെ നെല്ല് സംഭരണം

ആരംഭിക്കുന്നതിന് മുന്നോടിയായി 2024 ആഗസ്റ്റ് 25-ന് കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡി പോർട്ടൽ ഓപ്പൺ ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 67860 കർഷകരും സപ്ലൈകോയിൽ 2024-25 സീസൺ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ ഒന്നാംവിള നെല്ല് സംഭരിക്കുന്നതിന് 2024 ആഗസ്റ്റ് 25-ന് പത്രപ്പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ 42 മില്ലുടമകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. നിലവിൽ കൊയ്ത്ത് ആരംഭിച്ച ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്ന് 2024 ആഗസ്റ്റ് 28 മുതൽ മില്ലുകൾ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് തുടങ്ങിയിട്ടുണ്ട്. 2024-25 സീസണിൽ കർഷകർക്ക് നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് നെല്ലിന്റെ വില അവരുടെ അക്കൗണ്ടുകളിൽ പി.ആർ.എസ്. വായ്പയായി നൽകുന്നതിന് എസ്.ബി.ഐ., കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ ചർച്ച നടത്തിയിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദേശങ്ങളെല്ലാം പാലിച്ചുകൊണ്ട് 2024-25 സീസണിലും കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്നതിന് വേണ്ടതായ എല്ലാ സൗകര്യങ്ങളും സപ്ലൈകോ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണം വിളവ് കുറഞ്ഞത് കർഷകരെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ നെല്ലിന്റെ താങ്ങുവിലയും കൈകാര്യച്ചെലവും പ്രഖ്യാപിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) 2022, 2023, 2024 വർഷങ്ങളിൽ കേന്ദ്രം നെല്ലിന്റെ താങ്ങുവിലയിൽ എത്ര വർധനവ് വരുത്തിയെന്നും ആ ഇനത്തിൽ കേരളം എത്ര വർധനവ് വരുത്തിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ഡി) സർക്കാർ നെല്ലുൽപാദനത്തിലെ പ്രോത്സാഹനത്തുക വെട്ടിക്കുറച്ചിരുന്നോ; ഇതിന് ആധാരമായ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഉൽപാദനച്ചെലവ് വർധിച്ചുവരുന്ന സാഹചര്യത്തിൽ കേന്ദ്ര വിഹിതത്തിനൊപ്പം സർക്കാർ പ്രൊഡക്ഷൻ ഇൻസെന്റീവ് കൂടി നൽകി ഈ മേഖലയിലെ കർഷകരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി-ഇ) കാലാവസ്ഥാ വ്യതിയാനങ്ങൾമൂലമുള്ള വിളവ് നഷ്ടത്തിന് പരിഹാരമായി സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

2024-25 സീസണിൽ കേന്ദ്ര സർക്കാർ താങ്ങുവില (MSP) ഒരു കിലോഗ്രാം നെല്ലിന് 23/- രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന പ്രോത്സാഹന ബോണസുൾപ്പെടെ സംഭരണവില നിലവിൽ 28.20/- രൂപയാണ്. നെല്ലിന്റെ മുൻവർഷങ്ങളിലെ കേന്ദ്ര താങ്ങുവിലയും സംസ്ഥാന പ്രോത്സാഹന ബോണസും കൈകാര്യച്ചെലവും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

Season (KMS)	കേന്ദ്ര വിഹിതം (MSP) (Rs.)/kg	സംസ്ഥാന ഇൻസെന്റീവ് ബോണസ് (SIB) (Rs.)/kg	സംഭരണ വില (Rs.)/kg	കൈകാര്യ ചെലവ് (Rs.)/kg	കർഷകന് നൽകുന്ന നെല്ലിന്റെ വില (Rs.)/kg
2021-22	19.4	8.6	28	0.12	28.12
2022-23	20.4	7.8	28.2	0.12	28.32
2023-24	21.83	6.37	28.2	0.12	28.32

നെൽകൃഷി ഭൂമിയുടെ ആധുനിക ഡാറ്റാബേസ്

36(1613) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാബേസ് തയ്യാറാക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നെൽകൃഷി ഭൂമിയുടെ ഡാറ്റാബേസ് ഉണ്ടാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. കതിർ എന്ന പോട്ടൽ വഴി റിമോട്ട് സെൻസിങ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതി തിട്ടപ്പെടുത്തിവരുന്നു.

(ബി) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്ഥാപിക്കുന്ന റൈസ് പാർക്കുകൾ എന്നുമുതൽ പ്രവർത്തനക്ഷമമാകും; വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിനുകീഴിൽ ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 3 ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതുസംബന്ധിച്ച നിർമ്മാണ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിൽ തുടങ്ങുന്ന റൈസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ അഡ്മിൻ ബ്ലോക്ക്, പ്രീക്ലീനിങ് ബിൽഡിങ്, ഫിനിഷ്ഡ് ഗ്രഡ്സ് സ്റ്റോറേജ്, ഓവർ ഹെഡ് ടാങ്ക്, സമ്പും പമ്പുറൂമും, സെക്യൂരിറ്റി ക്യാബിൻ, തൊഴിലാളികൾക്കുള്ള വിശ്രമമുറി, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സിവിൽ ജോലികൾ, സബ്സ്റ്റേഷൻ, വെയിങ് ബ്രിഡ്ജ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്ലാന്റിലേയ്ക്കുള്ള മെഷിനറി എത്തിത്തുടങ്ങി. അവ സ്ഥാപിക്കുന്ന ജോലികൾ ഉടൻ ആരംഭിക്കുന്നതാണ്. 2024 നവംബറോടുകൂടി കമ്പനിയുടെ പ്രവർത്തനം തുടങ്ങുന്ന നിലയിലാണ് പാലക്കാട് പദ്ധതി

പുരോഗമിക്കുന്നത്. ഈ പദ്ധതിക്കായി 19.5 കോടി രൂപ അനുവദിക്കേണ്ടതായിട്ടുണ്ട്.

ആലപ്പുഴയിൽ സിവിൽ വർക്കുകൾ 45 ശതമാനം പൂർത്തിയായി. മെഷിനറിക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആലപ്പുഴയിൽ 66.05 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിക്ക് ഒരു കോടി രൂപ ലഭ്യമായിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. തൃശ്ശൂരിൽ പദ്ധതി തുടങ്ങുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളെയാണ് തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ളത്; അവയുടെ വിശദമായ വിവരം ലഭ്യമാക്കാമോ?

വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നം.	**ജില്ല**	**തരിശുരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുള്ള പഞ്ചായത്തുകൾ**		**പ്രഖ്യാപിച്ച വർഷം**
		എണ്ണം	**പേര്**	
1	തിരുവനന്തപുരം	12	1) കരവാരം	2014
			2) ചെങ്കൽ 3) പാറശ്ശാല 4) ആര്യൻകോട് 5) ഒറ്റശേഖരമംഗലം 6) കള്ളിക്കാട്	2019

			7) അമ്പൂരി 8) വെള്ളറട 9) കുന്നത്തുകാൽ 10) കൊല്ലയിൽ 11) പെരുങ്കടവിള	
			12) കാഞ്ഞിരംകുളം	2024
2	കൊല്ലം	9	1) കുലശേഖരപുരം	2017
			2) പൂതക്കുളം	2019
			3) നെടുമ്പന	2021
			4) ഇളമ്പള്ളൂർ	2022
			5) മയ്യനാട്	2021
			6) കരീപ്ര	2019
			7) വെളിയം	2020-21
			8) പെരിനാട്	2017-18
			9) കുമ്മിൾ	2021
3	പത്തനംതിട്ട	3	1) കുന്നന്താനം 2) പുറമറ്റം 3) കൊടുമൺ	2019-2020
4	ആലപ്പുഴ	3	1) മണ്ണഞ്ചേരി 2) തഴക്കര 3) പത്തിയൂർ	2008 2014 2020
5	കോട്ടയം	2	1) കൂരോപ്പട 2) പള്ളിക്കത്തോട്	2019-2020
6	ഇടുക്കി	0	0	0
7	എറണാകുളം	1	വടക്കേക്കര	2020
8	തൃശ്ശൂർ	4	എടത്തിരുത്തി താന്ന്യം കാറളം, കാട്ടൂർ	2014 2011 2016-17
9	പാലക്കാട്	1	കോട്ടായി	2019-2020
10	മലപ്പുറം	0	0	0
11	കോഴിക്കോട്	0	0	0
12	വയനാട്	6	1) മുട്ടിൽ 2) നെന്മേനി	2019-20

			3) പുൽപള്ളി 4) വെള്ളമുണ്ട 5) പൂതാടി 6) വെങ്ങപ്പള്ളി	
13	കണ്ണൂർ	14	1) ധർമ്മടം 2) മുഴപ്പിലങ്ങാട് 3) പിണറായി 4) വേങ്ങാട് 5) അഞ്ചരക്കണ്ടി 6) കൂറ്റ്യാട്ടൂർ 7) മയ്യിൽ 8) പടിയൂർ 9) അയ്യൻകുന്ന് 10) പായം 11) കീഴല്ലൂർ 12) തില്ലങ്കേരി 13) മാങ്ങാട്ടിടം 14) കൂടുമാത്തൂർ	2019-20
14	കാസർഗോഡ്	13	1) കയ്യൂർ ചീമേനി 2) പടന്ന 3) ബേഡഡുക്ക 4) ഈസ്റ്റ് എളേരി 5) കള്ളാർ 6) കോടോംബേളൂർ 7) കിനാനൂർ കരിന്തളം 8) പനത്തടി 9) വെസ്റ്റ് എളേരി 10) മഞ്ചേശ്വരം 11) പുല്ലൂർപെരിയ 12) പള്ളിക്കര 13) മടിക്കൈ	2019-2020
	ആകെ	**68**		

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

37(1614) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി വർധിപ്പിക്കുന്നതിനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കുന്നതിനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാനത്ത് നെൽകൃഷി

പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

രാസവളങ്ങളുടെ വിതരണം

38(1615) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽ കർഷകർക്ക് തൃശ്ശൂർ ജില്ലയിൽ ആവശ്യമായ രാസവളങ്ങൾ വിവിധ ഏജൻസികളിൽനിന്നും യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷി ഭവനുകളോ സഹകരണ സംഘങ്ങളോ വഴി വളം, കീടനാശിനി എന്നിവ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ലൈസൻസുള്ള സഹകരണ സംഘങ്ങളടക്കമുള്ള ഏജൻസികൾ മുഖേന വളം, കീടനാശിനി വിതരണം നടത്തിവരുന്നു. വിള പരിപാലന കേന്ദ്രം പ്രവർത്തിക്കുന്ന കൃഷിഭവനുകളിൽ ക്രോപ് ഫാർമസി മുഖേനയും കീടനാശിനി വിതരണം നടത്തിവരുന്നുണ്ട്. തൃശ്ശൂർ ജില്ലയിലാകെയുള്ള 288

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വളം ഡിപ്പോകൾ, 152 കീടനാശിനി ഡിപ്പോകൾ എന്നിവ നെൽ കർഷകർക്ക് വളം, കീടനാശിനി വിതരണം നടത്തുന്നുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിലെ കോൾ പാടങ്ങളിൽ പമ്പ് ഹൗസ് നിർമ്മാണം

39(1616) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്) ട്രാഞ്ച XXIX പദ്ധതിയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം കോൾ പടവുകളിലാണ് പുതിയ പമ്പുകൾ സ്ഥാപിക്കുന്നതെന്നും പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്) ട്രാഞ്ച XXIX പദ്ധതിയിലുൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കുന്നതിന് "Installation of flood resilient and energy efficient dewatering devices in low lying rice fields in 13 Grama

Panchayaths of Cherpu, Anthikkad, Puzhakkal, Mullassery, Irinjalakkuda, Wadakkanchery blocks in Thrissur district" എന്ന പദ്ധതിക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലയിൽ ആകെ 16 സ്ഥലത്ത് സബ്മെഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും 5 സ്ഥലത്ത് പറക്കുഴി/പമ്പ് ഹൗസ് നിർമ്മിക്കുന്ന പ്രവൃത്തിയും 4 സ്ഥലത്ത് പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുവാനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 5 സബ്മെഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും രണ്ട് സ്ഥലങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിക്കാനാവശ്യമായ പറക്കുഴി, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സിവിൽ വർക്കുകൾ ടെൻഡർ ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെൽ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

40(1617) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നെല്ലിന്റെ വിലയായി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണ്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ എന്ന് വ്യക്തമാക്കുമോ?

2022-23 വർഷം മുതൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20/- രൂപയാണ്. നിലവിൽ ഒരു കിലോഗ്രാം നെല്ലിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള താങ്ങുവില (MSP) 23/- രൂപയാണ്. കർഷകർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കാനാണ് സംസ്ഥാന ഇൻസെന്റീവ് ബോണസ് കൂടി ചേർത്ത് 28.20 രൂപ/കി.ഗ്രാം എന്ന കണക്കിൽ നൽകുന്നത്.

(സി) നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്നറിയിക്കുമോ?

2023-24 സീസണിൽ 559362.353 MT നെല്ല് സംഭരിച്ചതിൽ 198755 കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി 1584.11 കോടി രൂപയുടെ ലിസ്റ്റ് എസ്.ബി.ഐ., കാനറ ബാങ്കുകളിലേയ്ക്കായി സപ്ലൈകോ നൽകിയിരുന്നു. കർഷകർക്ക് നെല്ലിന്റെ വിലയായി 1575.22 കോടി രൂപ മേൽപ്പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുക കർഷകർക്ക് ബാങ്കിൽനിന്നും ലഭിക്കുന്നതിനുള്ള നടപടി സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്.

2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് നെല്ലിന്റെ വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ., കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) കർഷകർക്ക് നെല്ല് വില യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി ഒരു റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിക്കുന്നതാണ്.

(ഇ) പ്രസ്തുത മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷിരീതികൾ അവലംബിക്കുന്നതിന് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നതൊഴിവാക്കാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. ആയതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരുടെ വരുമാനം മെച്ചപ്പെടുത്തൽ

41(1618) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനും കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനും സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ജനകീയാസൂത്രണ പദ്ധതിപ്രകാരം കണ്ണൂർ - കൈപ്പാട് മേഖലയിലുൾപ്പെട്ട കണ്ണപുരം, ഏഴോം, നാറാത്ത്, ചെറുകുന്ന്, രാമന്തളി, കുഞ്ഞിമംഗലം, പട്ടുവം എന്നീ പഞ്ചായത്തുകളിലെ 91.97 ഹെക്ടർ സ്ഥലത്ത് വിത്ത്, കൂലിച്ചെലവ് എന്നിവ നൽകിവരുന്നു.

കോഴിക്കോട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25-ലെ പദ്ധതിയിലുൾപ്പെടുത്തി കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനായി കൈപ്പാട് കൃഷി-സ്ഥിരം കൃഷി ഇനത്തിൽ തിക്കോടി, അത്തോളി പഞ്ചായത്തുകളിലായി 41.25 ഹെക്ടറിന് ആകെ 13,20,000/-

രൂപ (പതിമൂന്ന് ലക്ഷത്തി ഇരുപതിനായിരം മാത്രം) ജില്ലയിൽ വകയിരുത്തിയിട്ടുണ്ട്.

കാസർഗോഡ് കൈപ്പാട് പ്രദേശത്തെ നെൽകൃഷി വികസനത്തിനായി ജനകീയാസൂത്രണ പദ്ധതികളിൽ വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 2023-2024 സാമ്പത്തിക വർഷത്തിൽ 3.808 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിൽ വിത്ത്, വളം, കൂലിച്ചെലവ് എന്നിവയ്ക്കായി 1.96 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പാട് മേഖലയിലെ കർഷകർക്ക് യന്ത്രവൽക്കരണം, നെൽവിത്ത് സംരക്ഷണം, ജൈവവൈവിധ്യാധിഷ്ഠിത കൃഷി എന്നിവയുടെ സമഗ്രവികസനത്തിനായി 4.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൈപ്പാട് അരിയും അതിന്റെ മൂല്യവർധിത ഉൽപന്നങ്ങളും സംഭരിക്കാനും വിപണനം ചെയ്യാനും കണ്ണൂരിലെ ചെറുകുന്ന് പഞ്ചായത്തിൽ കൈപ്പാട് സെന്റർ ആരംഭിച്ചു. സമ്പൂർണ്ണ കാർഷിക യന്ത്രവൽക്കരണം

ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ഭക്ഷ്യ സുരക്ഷാ ആർമി (എഫ്.എസ്.എ.) അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി ഒരു കാർഷിക സേവന കേന്ദ്രം സ്ഥാപിച്ചു. കൈപ്പാട് അരിയിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നു. അഞ്ച് കൈപ്പാട് ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. കൈപ്പാട് ഉൽപന്നങ്ങൾ റെയിൽവെ സ്റ്റേഷനുകളിൽ കേന്ദ്രസർക്കാരിന്റെ 'ഒരു സ്റ്റേഷൻ ഒരു ഉൽപന്നം' എന്ന സ്റ്റാളിൽ വില്പന നടത്തിവരുന്നു.

സ്റ്റേക്ക് ഹോൾഡേഴ്സ് സൊസൈറ്റി മുഖേന അഞ്ച് കൈപ്പാട് നെല്ലിനങ്ങളുടെ വിത്ത് ഗ്രാമം പരിപാടി നടത്തിയിട്ടുണ്ട്. കൈപ്പാട് കേന്ദ്രത്തോടൊപ്പം 'എം.കെ.എഫ്.എസ്. (മലബാർ കൈപ്പാട് ഫാർമർ സൊസൈറ്റി) റൈസ് ബൗൾ' എന്ന പേരിൽ ഫുഡ് പാർക്കിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിലെ ഒരേക്കർ റവന്യൂ ഭൂമിയിൽ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൈപ്പാട് മേഖലയിൽ ഫാം ടൂറിസവും നടപ്പിലാക്കിവരുന്നു.

കേരഗ്രാമം പദ്ധതി

42(1619) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ?

സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടംതുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ്

പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.

കേരഗ്രാമം ഒന്നാം വർഷം - 100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമത്തിന് താഴെപ്പറയുംപ്രകാരം 25.67 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്നപ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/പ്രവർത്തനങ്ങൾ

തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

(a) ഇടയിളക്കൽ, തടംതുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ/ ഹെക്ടറിന്

(d) സംയോജിത വളപ്രയോഗം

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം)

ജൈവീക നിയന്ത്രണ ഉപാധികൾ

പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

f) രോഗം ബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റയന്ത്രങ്ങൾ - ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തനച്ചെലവായി 7000/- രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2 മുതൽ 7 വരെയുള്ള ഘടകങ്ങൾക്ക് 6.47 ലക്ഷം രൂപയും നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാംവർഷം ഒരു കേരഗ്രാമത്തിന് നൽകുന്നു.

കേരഗ്രാമം രണ്ടാം വർഷം:

രണ്ടാം വർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വളപ്രയോഗം, സംയോജിത സസ്യ സംരക്ഷണം എന്നിവയ്ക്ക് 8 ലക്ഷം രൂപ സഹായം നൽകുന്നു.

കേരഗ്രാമം മൂന്നാംവർഷം:

മൂന്നാംവർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് സംയോജിത വള പ്രയോഗത്തിനായി 4 ലക്ഷം രൂപ സഹായം നൽകുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഈ വർഷം ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന പഞ്ചായത്തുകളെ ഈ വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മുക്കം മുനിസിപ്പാലിറ്റി
2. പേരാമ്പ്ര
3. വടകര
4. ഏലത്തൂർ

5. താമരശ്ശേരി

6. കോട്ടൂർ

7. മാവൂർ

8. ചേമഞ്ചേരി

കേരഗ്രാമ പദ്ധതി

43(1620) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേരോൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടപ്പാക്കിയ കേരഗ്രാമ പദ്ധതി എത്ര പഞ്ചായത്തുകളിൽ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

2024-25 വർഷത്തിൽ 54 കേരഗ്രാമങ്ങൾ പുതുതായി അനുവദിച്ചിട്ടുണ്ട്. അതിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കേരഗ്രാമങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	പഞ്ചായത്ത്
1	കാസർഗോഡ്	കല്ലാർ
2		നീലേശ്വരം
3		പൈവളിഗേ

ഏറനാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

44(1621) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഏറനാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കീഴുപ്പറമ്പ്, ഊർങ്ങാട്ടിരി, എടവണ്ണ, കാവനൂർ, അരീക്കോട്, കുഴിമണ്ണ, ചാലിയാർ എന്നീ പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

തെങ്ങിന് തടം തുറക്കൽ, ചകിരി/തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവവളം, രാസവളം, കുമ്മായം എന്നിവ തെങ്ങിന് ലഭ്യമാക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ, ജലസേചന സൗകര്യമൊരുക്കൽ, തെങ്ങിന്റെ മണ്ട

വൃത്തിയാക്കൽ, രോഗബാധ തടയുന്നതിനുവേണ്ടി കീടനാശിനി പ്രയോഗം, തെങ്ങുകയറ്റ യന്ത്രം അനുവദിക്കുക തുടങ്ങിയവ 50% സബ്സിഡിയിൽ ഈ പദ്ധതിയിൽ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ പ്രായാധിക്യംവന്നതും രോഗബാധയുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുക, ജൈവവള യൂണിറ്റുകളുടെ നിർമ്മാണം, മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണം എന്നിവ കേരഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികളാണ്.

കേരഗ്രാമം ഒന്നാം വർഷം - 100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമത്തിന് താഴെപ്പറയുംപ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന സംയോജിത പരിചരണമുറകൾ പ്രാദേശിക ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

(a) ഇടയിളക്കൽ, തടംതുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വളപ്രയോഗം

(i) കുമ്മായം - 9 രൂപ/തെങ്ങ്

(ii) രാസവളം/ജീവാണു വളങ്ങൾ - 20 രൂപ/തെങ്ങ്

(iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

(i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

f) രോഗം ബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്.

g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റയന്ത്രങ്ങൾ - ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവവള ഉൽപാദന യൂണിറ്റുകൾ ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2 മുതൽ 7 വരെയുള്ള ഘടകങ്ങൾക്ക് 6.47 ലക്ഷം രൂപയും നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാം വർഷം ഒരു കേരഗ്രാമത്തിന് നൽകുന്നു.

കേരഗ്രാമം രണ്ടാംവർഷം: രണ്ടാംവർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വളപ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 ലക്ഷം രൂപ ധനസഹായം നൽകുന്നു.

കേരഗ്രാമം മൂന്നാംവർഷം: മൂന്നാംവർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് സംയോജിത വളപ്രയോഗത്തിനായി 4 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ധനസഹായം നൽകുന്നു.

(സി) മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

മണ്ഡലത്തിൽ പുതുതായി കേരഗ്രാമം പദ്ധതികൾ ഈ വർഷം ആരംഭിക്കുന്നില്ല.

(ഡി) പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് നാളികേര കൃഷിയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

2014-15 വർഷത്തിൽ ആരംഭിച്ച കേരഗ്രാമം പദ്ധതി ഇപ്പോഴും തുടരുന്നു. സംസ്ഥാനത്ത് തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരെ സഹായിക്കാൻ നാളികേര വികസന പദ്ധതി ഘടകമായി കേരഗ്രാമം നടപ്പിലാക്കിവരുന്നു. സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്.

2023-24 വരെ 474 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 110260 ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ പുനരുദ്ധാരണം നടപ്പിലാക്കാൻ സാധിച്ചു. നാളികേരത്തിന്റെ ഉൽപാദനക്ഷമത കൂട്ടുന്നതിനുള്ള പ്രധാന പങ്ക് വഹിക്കുന്നത് തെങ്ങിന്റെ ജലസേചനമാണ്. ജലസേചന പമ്പ്സെറ്റുകൾ നൽകിയതിലൂടെ 8637.05 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചു. 30866 തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ സാധിച്ചു. ഗുണനിലവാരമുള്ള ജൈവവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് 2639 ജൈവവള യൂണിറ്റുകൾ ആരംഭിച്ചു.

കേരഗ്രാമങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സംസ്ഥാന കാർഷികവില നിർണ്ണയ ബോർഡിനെ ചുമതലപ്പെടുത്തുകയും പഠന റിപ്പോർട്ടുപ്രകാരം കേരഗ്രാമം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ നാളികേരത്തിന്റെ ഉൽപാദനക്ഷമത കൂടിയിട്ടുള്ളതായി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

കേരഫെഡ് നൽകാനുള്ള തുക

45(1622) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കേര കർഷകരിൽനിന്ന് തേങ്ങ സംഭരിച്ച വകയിൽ കേരഫെഡ് എത്ര കർഷകർക്ക് പണം നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കർഷകർക്ക് എന്തുകൊണ്ടാണ് പണം നൽകാത്തതെന്ന് വിശദമാക്കുമോ; ഇവർക്ക് എപ്പോൾ പണം നൽകുമെന്ന് അറിയിക്കുമോ?

(എ&ബി) 2024-25 വർഷത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 22 കർഷകരിൽനിന്ന് 9550.5 കിലോഗ്രാം പച്ചത്തേങ്ങ കേരഫെഡിനുവേണ്ടി സംഭരിച്ചിട്ടുണ്ട്. ഈ വകയിൽ എല്ലാ കർഷകർക്കുംകൂടി കേരഫെഡ് ആകെ 3,24,717/- (മൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്.

കേരഗ്രാമം പദ്ധതി

46(1623) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ബാലുശ്ശേരി, കായണ്ണ, കൂരാച്ചുണ്ട്, നടുവണ്ണൂർ, പനങ്ങാട്, ഉള്ള്യേരി, ഉണ്ണികുളം എന്നീ പഞ്ചായത്തുകളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(ബി) കേരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളുമാണ് കേര കർഷകർക്ക് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

കേരഗ്രാമം പദ്ധതിയിൽ സമഗ്ര തെങ്ങുകൃഷി പരിപാലനം ഉറപ്പാക്കുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. കേരഗ്രാമം പദ്ധതിയിൽ മൂന്നുവർഷം കർഷകർക്ക് ധനസഹായം നൽകുന്നു.

100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് ഒന്നാം വർഷം 25.67 ലക്ഷം രൂപയുടെ ധനസഹായം താഴെപ്പറയുംപ്രകാരം ലഭ്യമാകുന്നു.

1. സംയോജിത പരിചരണമുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുന്ന സംയോജിത പരിചരണമുറകൾ പ്രാദേശിക ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

(a) ഇടയിളക്കൽ, തടംതുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കൂഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) സംയോജിത വളപ്രയോഗം

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണു വളങ്ങൾ - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

iv) ജൈവവളം -25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

(f) രോഗം ബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

(g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ - ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവവള ഉൽപാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപന്നങ്ങൾ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ടധിഷ്ഠിത ധനസഹായം.

പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2 മുതൽ 7 വരെയുള്ള ഘടകങ്ങൾക്ക് 6.47 ലക്ഷം രൂപയും നൽകുന്നു. ആകെ 25.67 ലക്ഷം രൂപ ഒന്നാം വർഷം ഒരു കേരഗ്രാമത്തിന് നൽകുന്നു.

കേരഗ്രാമം രണ്ടാംവർഷം: രണ്ടാംവർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമത്തിന് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 ലക്ഷം രൂപ ധനസഹായം നൽകുന്നു.

കേരഗ്രാമം മൂന്നാംവർഷം: മൂന്നാംവർഷം 100 ha വിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് സംയോജിത വളപ്രയോഗത്തിനായി 4 ലക്ഷം രൂപ ധനസഹായം നൽകുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ കോക്കനട്ട് പാർക്ക്

47(1624) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കൂത്താളി കൃഷി ഫാമിനോടനുബന്ധിച്ച് ഒരു കോക്കനട്ട് പാർക്ക് രൂപീകരിക്കുന്നതിന് കിഫ്ബി വഴി 11.37 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചതിൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

(എ-സി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ കേരളത്തിൽ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 100.13 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിലൊന്നാണ് കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമിൽ സ്ഥാപിക്കുന്ന കോക്കനട്ട് അഗ്രോ പാർക്ക്. ടി കോക്കനട്ട് അഗ്രോ പാർക്കിന് 20 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് (KAICO)

ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സ്ഥാപനം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ട് കിഫ്ബിയുടെ പരിഗണനയിലാണ്.

നിലവിൽ അഗ്രോ പാർക്കുകളുടെ നിർവഹണ ചുമതല രൂപീകൃതമായ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ)യിൽ നിക്ഷിപ്തമാണ്.

കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതി

48(1625) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവനങ്ങൾ ദ്രുതഗതിയിലും സുതാര്യമായും നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

കർഷക സേവനങ്ങൾ ദ്രുതഗതിയിലും സുതാര്യമായും നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ

നൽകുന്നതിനുള്ള അപേക്ഷകൾ കതിർ പോർട്ടൽ, കതിർ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വഴിയാണ് സ്വീകരിക്കുന്നത്.

കർഷകർക്ക് അടിസ്ഥാന വിവരങ്ങൾ, സ്ഥല വിവരങ്ങൾ, വിള വിവരങ്ങൾ എന്നിവ നൽകി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതിനുശേഷം പ്രസ്തുത കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ഇത് പരിശോധിച്ച് അംഗീകാരത്തിനായി കൃഷി ഓഫീസർക്ക് നൽകുന്നതും കൃഷി ഓഫീസർ അംഗീകാരം നൽകിയാൽ കർഷകർക്ക് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

(ബി) ഇതുവരെ എത്ര ശതമാനം കർഷകർക്കാണ് കാർഡുകൾ നൽകുന്ന നടപടി പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് തിരിച്ചറിയൽ കാർഡ് വിതരണം പ്രാരംഭഘട്ടത്തിലാണ്. നിലവിൽ 196 കർഷകർക്ക് തിരിച്ചറിയൽ രേഖ നൽകിയിട്ടുണ്ട്.

കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ്

49(1626) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഡിജിറ്റൽ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഔദ്യോഗിക തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കർഷകരെയും കാർഷിക മേഖലയെയും ശക്തിപ്പെടുത്തുന്നതിന് ഇത് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കുമോ?

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ ഐ.ഡി. കാർഡുകൾ ഉപയോഗപ്പെടുത്തി കാർഷിക സേവനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും ബാങ്കുകളുടെ സഹായത്തോടെ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനും കൃഷിഭവൻ മുഖാന്തരം കഴിയും.

(സി) കർഷകർ തിരിച്ചറിയൽ കാർഡ് സ്വന്തമാക്കുന്നതിനുവേണ്ടി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

നിലവിൽ രണ്ടുരീതിയിൽ നടപടിക്രമങ്ങൾ ചെയ്യാവുന്നതാണ്.

കതിർ (Kerala Agriculture Technology Hub and Information Repository) എന്ന മൊബൈൽ ആപ്ലിക്കേഷൻവഴി ഇത് ഗൂഗിൾ പ്ലേസ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവവഴി മൊബൈലിൽ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

കതിർ (Kerala Agriculture Technology Hub and Information Repository) (www.kathir.kerala.gov.in) പോർട്ടൽവഴിയും നിലവിൽ ഇതിനുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

കർഷകരുടെ അടിസ്ഥാന വിവരങ്ങൾ, സ്ഥല വിവരങ്ങൾ, വിള വിവരങ്ങൾ എന്നിവ നൽകി അപേക്ഷ സമർപ്പിക്കാം. തുടർന്ന് കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ഇത് പരിശോധിച്ച് അംഗീകാരത്തിനായി കൃഷി ഓഫീസർക്ക് നൽകുന്നതാണ്. കൃഷി ഓഫീസർ അംഗീകാരം നൽകിയാൽ കർഷകർക്ക് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(ഡി) കർഷകർക്ക് അവരുടെ ഉൽപന്നങ്ങളുടെ വിപണനത്തിന് പ്രസ്തുത സ്മാർട്ട് ഐഡന്റിറ്റി കാർഡ് എങ്ങനെയെല്ലാം സഹായകമാവും; വിശദമാക്കുമോ?

ഭാവിയിൽ നിലവിലുള്ള സർക്കാർ മാർക്കറ്റുകൾക്കും കാബ്കോ വഴിയുള്ള വിപണനമേഖലയ്ക്കും ഈ പദ്ധതി ഉപകരിക്കും. ഐ.ഡി. കാർഡ് വിതരണംവഴി കൃത്യമായി ഡിജിറ്റൽ ട്രേസബിലിറ്റി നടത്താനും നാടൻ ഉൽപന്നങ്ങളും ജൈവ ഉൽപന്നങ്ങളും തിരിച്ചറിയുന്നതിനുള്ള ഒരു ഉപാധിയായി സ്മാർട്ട് ഐഡന്റിറ്റി കാർഡ് ഉപയോഗപ്പെടുത്താനും സാധിക്കും.

തരിശ് നെൽപാടങ്ങളിൽ കൃഷി വ്യാപിപിക്കുന്നതിന് നടപടി

50(1627) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശായി കിടക്കുന്ന നെൽപാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം നെൽപ്പാടങ്ങളിലെ കൃഷിക്കായി പ്രത്യേക ധനസഹായം നൽകിവരുന്നുണ്ടോ?

നെൽകൃഷി വികസന പദ്ധതിപ്രകാരം തരിശുകൃഷിക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്.

തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35,000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ ആകെ എത്ര ഹെക്ടർ നെൽപ്പാടങ്ങളുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ ആകെ 2308 ഹെക്ടർ നെൽപ്പാടങ്ങളുണ്ട്.

(സി) പ്രസ്തുത ജില്ലയിലെ തരിശുപാടങ്ങളിലെ നെൽകൃഷി പ്രോത്സാഹനത്തിനായി 2021 മുതൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ക്രമ നം.	**പദ്ധതി**	**വർഷം**	**ചെലവഴിച്ച തുക (ലക്ഷത്തിൽ)**
1	നെൽകൃഷി വികസന പദ്ധതി	2021-2022	9.76
2		2022-2023	0
3		2023-2024	5.90710
4	RKVY	2021-2022	25.24
5		2022-2023	0.068
6		2023-2024	0.792
ആകെ			**41.7671**

കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം

51(1628) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി 01-11-2022-ലെ സ. ഉ. (എം.എസ്.) നം. 94/2022/കൃഷി പ്രകാരം കുട്ടനാട് ഏകോപന വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൗൺസിലിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖാന്തരം എന്തെല്ലാം പുതിയ പദ്ധതികളും ആസൂത്രണ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(സി) കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം, കൃഷി അനുബന്ധ മേഖലകളുടെ ഉൽപാദന വർധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ കുട്ടനാട് വികസന ഏകോപന കൗൺസിൽ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിങ് ബോർഡ് 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(1) കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ.

(2) രജിസ്റ്റർഡ് സീഡ് ഗ്രോവെർസ് പരിപാടി നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പുവരുത്തൽ.

(3) വിത്ത് സംസ്കരണത്തിനും സംഭരണത്തിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ.

(4) വിത്ത് ഗുണനിലവാരം പരിശോധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ.

(5) പ്രധാന വിളകളുടെ ജനിതക ദ്രവ്യപരിപാലനത്തിനായി നടപടികളെടുക്കൽ.

(6) വിപണി ഉറപ്പാക്കിക്കൊണ്ട് 'ഞവര' ഇനം നെൽകൃഷി പുനരുജ്ജീവിപ്പിക്കൽ.

(7) കൂട്ടനാടിനായി ക്രോപ് കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തൽ.

(8) നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുക.

(9) മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി വളപ്രയോഗം ക്രമീകരിക്കുക.

(10) യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കസ്റ്റം ഹയറിങ് സെന്ററുകൾ (Custom Hiring Centre) സ്ഥാപിക്കുക.

(11) നെല്ല്-താറാവ്-മത്സ്യ കൃഷി എന്നിവയടങ്ങിയ സംയോജിത കൃഷി ആവിഷ്കരിക്കുക.

(12) നാളികേര കൃഷി ലാഭകരമാക്കുന്നതിനായി സംയോജിത കൃഷിരീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കൽ.

(13) അപ്പർ കുട്ടനാട്ടിൽ കരിമ്പുകൃഷിയിൽ സംയോജിത കൃഷിരീതി സ്വീകരിക്കൽ.

(14) കാർഷിക സർവകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തൽ.

(15) ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കൽ.

(16) കൂട്ടുമുണ്ടകനും പൊക്കാളി നെൽകൃഷിയും ശക്തിപ്പെടുത്തൽ.

കൂടാതെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കർഷകരുടെ ക്ഷേമം, കാർഷിക വികസനം, കാർഷിക ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, താറാവ് കർഷകരുടെ ഉന്നമനം, അനുബന്ധ മേഖലകളുടെ ഉൽപ്പാദന വർധനവ്, ഉൾനാടൻ മത്സ്യകൃഷി പരിപോഷണം തുടങ്ങിയവയ്ക്കായി 55 ശിപാർശകൾ ഉൾക്കൊള്ളിച്ച REBUILDING KUTTANAD (Sustainable Agriculture Development and Eco-Restoration) എന്ന 2053 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി കുട്ടനാട് അന്തർദേശീയ കായൽ കൃഷി

ഗവേഷണ പരിശീലന കേന്ദ്രം, ആലപ്പുഴ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പാക്കുന്നകാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ

52(1629) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിങ് ബോർഡ് 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ.

2. രജിസ്റ്റർഡ് സീഡ് ഗ്രോവെർസ് പരിപാടി നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പുവരുത്തൽ.

3. വിത്ത് സംസ്കരണത്തിനും സംഭരണത്തിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ.

4. വിത്ത് ഗുണ നിലവാരം പരിശോധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ.

5. പ്രധാന വിളകളുടെ ജനിതക ദ്രവ്യ പരിപാലനത്തിനായി നടപടികളെടുക്കൽ.

6. വിപണി ഉറപ്പാക്കിക്കൊണ്ട് 'ഞവര' ഇനം നെൽകൃഷി പുനരുജ്ജീവിപ്പിക്കൽ.

7. കൂട്ടനാടിനായി ക്രോപ് കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തൽ.

8. നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുക.

9. മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി വളപ്രയോഗം ക്രമീകരിക്കുക.

10. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കസ്റ്റം ഹയറിങ് സെന്ററുകൾ (Custom Hiring Centre) സ്ഥാപിക്കുക.

11. നെല്ല്-താറാവ്-മത്സ്യ കൃഷി എന്നിവയടങ്ങിയ സംയോജിത കൃഷി ആവിഷ്കരിക്കുക.

12. നാളീകേര കൃഷി ലാഭകരമാക്കുന്നതിനായി സംയോജിത കൃഷിരീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കൽ.

13. അപ്പർ കുട്ടനാട്ടിൽ കരിമ്പുകൃഷിയിൽ സംയോജിത കൃഷിരീതി സ്വീകരിക്കുക.

14. കാർഷിക സർവകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തുക.

15. ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

16. കൂട്ടുമുണ്ടകനും പൊക്കാളി നെൽകൃഷിയും ശക്തിപ്പെടുത്തുക.

മേൽപ്പറഞ്ഞ പദ്ധതികളിലൂടെ കുട്ടനാട് മേഖലയുടെ കൃഷി വികസനം സാധ്യമാകും.

(ബി) കുട്ടനാടൻ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവച്ച് ഈ മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പരിഗണിക്കുന്നതാണ്.

വാമനപുരം മണ്ഡലത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

53(1630) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് വാമനപുരം മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷിഭവൻ മുഖാന്തരം നൽകിയ നഷ്ടപരിഹാരത്തുക എത്രയാണെന്നും കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വാമനപുരം മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിൽ കൃഷിഭവൻ മുഖാന്തരം നൽകിയ നഷ്ടപരിഹാര തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ തുക എത്രയാണെന്നും വിശദമാക്കുമോ?

കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകിവരുന്നു. തെങ്ങ്, വാഴ, റബ്ബർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകിവരുന്നത്. ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

വിള ഇൻഷ്വറൻസ് പദ്ധതി

54(1631) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന പുതിയ ഇനം വിളകളായ റംബൂട്ടാൻ, ഡ്രാഗൺ ഫ്രൂട്ട് മുതലായവയെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റംബൂട്ടാൻ കൃഷി വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഡ്രാഗൺ ഫ്രൂട്ട് കൃഷി വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

വിള ഇൻഷ്വറൻസിനുള്ള ഓൺലൈൻ അപേക്ഷ

55(1632) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിള ഇൻഷ്വറൻസ് പദ്ധതിയുടെ അപേക്ഷ ഓൺലൈൻവഴി ആയതിനാൽ ധാരാളം കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പരിചയമില്ലാത്ത കർഷകർക്കാവശ്യമായ സഹായം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ പോർട്ടലായ AIMS (Agriculture Information Management System) മുഖേന കർഷകർ ഓൺലൈനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ട്. എയിംസ് പോർട്ടൽ

ആൻഡ്രോയിഡ് ആപ്പുമുഖേന കൈകാര്യം ചെയ്യുന്നതിനും സംവിധാനമുണ്ട്. കർഷകർക്ക് ആയതിനുള്ള സാങ്കേതിക പരിജ്ഞാനവും അപേക്ഷ സമർപ്പിക്കുന്നതിനുള്ള സഹായവും കൃഷിഭവൻ മുഖേന നൽകുന്നുണ്ട്. കർഷകർ ഓൺലൈൻ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ, ജനസേവാ കേന്ദ്രങ്ങൾ, CSC (Common Service Centre) എന്നിവ മുഖേനയും സമർപ്പിക്കുന്നുണ്ട്.

കഴിഞ്ഞ 4 വർഷമായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഓൺലൈനായി വിജയകരമായി നടപ്പിലാക്കിവരുന്നു. ഓരോ വർഷവും രണ്ടര ലക്ഷത്തിലധികം കർഷകർ പദ്ധതിയിൽ അംഗങ്ങളാകുന്നുണ്ട്. 2024-25 വർഷം നാളിതുവരെ 85259 കർഷകർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. കർഷകർക്കാവശ്യമായ മാർഗനിർദേശങ്ങളും ബോധവൽക്കരണവും അതത് കൃഷിഭവൻ മുഖേന നൽകിവരുന്നു.

ജൈവ കാർഷിക ഉൽപന്നങ്ങൾക്ക് ബ്രാൻഡിങും മാർക്കറ്റിങും

56(1633) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക ഉൽപന്നങ്ങൾക്ക് ബ്രാൻഡിങും മെച്ചപ്പെട്ട മാർക്കറ്റിങും ഉറപ്പാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ജൈവ കാർഷിക ഉൽപന്നങ്ങൾക്ക് ബ്രാൻഡിങും മെച്ചപ്പെട്ട വിപണിയും ഉറപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെ Safe to eat, Organic ഉൽപന്നങ്ങൾക്ക് സാക്ഷ്യപ്പെടുത്തൽ നൽകി 'KERALAGRO–Green' 'KERALAGRO–Organic' എന്നീ ബ്രാൻഡുകൾ നിലവിൽ KERALAGRO-യുടെ ഷോപ്പുകളിലൂടെ വിപണിയിൽ ലഭ്യമാണ്.

കൃഷി വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ പൂർണ്ണമായും ജൈവകൃഷി രീതിയിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ 'PGS (Participatory Guarantee System) INDIA-ORGANIC' എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഉൽപന്നങ്ങൾക്ക് 10% ഇൻസെന്റീവ് നൽകുന്നു. കൂടാതെ സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തികവർഷം പ്രസ്തുത

പദ്ധതിയിലുൾപ്പെടുത്തി 650 ഫാമുകൾക്ക് National Programme For Organic Production (NPOP) ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജൈവകൃഷിയോടൊപ്പം പരിസ്ഥിതി സൗഹാർദമായ കൃഷിരീതികൾകൂടി അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ജൈവ കാർഷിക മിഷന്റെ ഭാഗമായി പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായ രീതിയിൽ കൃഷി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. 'സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ' എന്ന ആശയത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി 2020-21 സാമ്പത്തിക വർഷം മുതൽ തുടർച്ചയായ മൂന്നുവർഷങ്ങളിലായി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർക്ക്

പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ മീറ്റിങ്ങുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടികൾ, കിസാൻ മേളകൾ എന്നിവ നടത്തുകയും ജൈവ ഉൽപാദനോപാധികൾ കർഷകർക്ക് സൗജന്യമായി നൽകുകയും ചെയ്യുന്നു. ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിന് ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FiG)കൾക്ക് സഹായം, തദ്ദേശിയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃക കൃഷിത്തോട്ടങ്ങൾ എന്നിവയും നടപ്പിലാക്കുന്നു. ബ്ലോക്കുതലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

അഗ്രോ സർവീസ് സെന്ററുകൾ

57(1634) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ നിലവിൽ 16 കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവീസ് സെന്ററുകൾ) ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ബ്ലോക്കുകളുടെ നിർണ്ണയം നടന്നുവരുന്നു.

(ബി) ഓരോ അഗ്രോ സർവീസ് സെന്ററിനും എത്രതുക വീതം അനുവദിക്കുമെന്ന് അറിയിക്കുമോ?

ഒരു കൃഷിശ്രീ സെന്ററിന് (അഗ്രോ സർവീസ് സെന്ററിന്) 18.75 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

കാർഷിക കടാശ്വാസ കമ്മീഷൻ

58(1635) ശ്രീമതി ഒ. എസ്. അംബിക താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയ അപേക്ഷകളിൽ അപേക്ഷകർക്ക് ബന്ധപ്പെട്ട രേഖകൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന

മാനദണ്ഡം വിശദമാക്കുമോ; ഇതിൽ കാലതാമസം നേരിടുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ ബാങ്കുകളിൽ/സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത കർഷകർക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്നതായ അവാർഡുകളിൽ കർഷകരുടെ വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാരിൽനിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി കർഷകരുടെ ഈടുപ്രമാണങ്ങൾ തിരികെ നൽകേണ്ടതും സർക്കാരിൽനിന്നും തുക ലഭിക്കുന്നമുറയ്ക്ക് ടി കണക്കിൽ വരവ് വയ്ക്കേണ്ടതുമാണ്. ഇക്കാര്യം കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

നീര പദ്ധതി

59(1636) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നീര മുഖേനയും വിവിധ ഏജൻസികൾ മുഖേനയും നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ നീര പദ്ധതിയിൽ കൃഷി വകുപ്പിന്റെയും മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിയ പ്രധാന പദ്ധതികളും പദ്ധതികളുടെ പുരോഗതിയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

നാഷണൽ ഫണ്ട് സെക്യൂരിറ്റി മിഷൻ പദ്ധതി

60(1637) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പുമുഖേന നടപ്പിലാക്കിയ എൻ.എഫ്.എസ്.എം. (നാഷണൽ ഫണ്ട് സെക്യൂരിറ്റി മിഷൻ) പദ്ധതിയിൽ സബ്സിഡി തുക സ്ഥാപനങ്ങൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകർക്കും നൽകാനുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പുമുഖേന നടപ്പിലാക്കിയ എൻ.എഫ്.എസ്.എം. (നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ) പദ്ധതിയിൽ സബ്സിഡി തുക സ്ഥാപനങ്ങൾക്കും കർഷകർക്കും നൽകാനുണ്ട്. സബ്സിഡി തുക നൽകുന്നതിന് മതിയായ തുക കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമല്ലായിരുന്നു.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ എൻ.എഫ്.എസ്.എം. പദ്ധതിപ്രകാരം ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് സബ്സിഡി തുക നൽകാനുള്ളതെന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനങ്ങൾക്കും നൽകേണ്ട തുക എത്രയെന്ന് വിശദമാക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ എൻ.എഫ്.എസ്.എം. പദ്ധതി പ്രകാരം സബ്സിഡി തുക നൽകാനുള്ള സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൃഷിഭവൻവഴി നടപ്പാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

61(1638) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവൻവഴി നടപ്പിലാക്കുന്ന പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി ദീർഘിപ്പിച്ച് നൽകുന്നതിനുവേണ്ടി റെയ്ഡ്കോ ചെയർമാന് നൽകിയ അപേക്ഷയിൽ ഫയൽ നം. ഐ.എഫ്.എ.-1/164/2023/അഗ്രി. പ്രകാരം ഉചിതമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

അപേക്ഷ സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കർഷകർക്ക് നേരിട്ട് വാങ്ങുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ അനുമതി നൽകിയിട്ടുള്ളതെന്നും ഏത് വർഷമാണ് അനുമതി നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ടെൻഡർ കൂടാതെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സ്ഥാപനം	അനുമതി നൽകിയ വർഷം	കാലാവധി
KAMCO, KAICO, RAIDCO	16-02-2022-ലെ സ. ഉ. (സാധാ) 121/2022/കൃഷി	ഉത്തരവ് തീയതി മുതൽ ഒരു വർഷം
KAMCO	24-08-2023-ലെ സ. ഉ. (സാധാ) 849/2022/കൃഷി	ഉത്തരവ് തീയതി മുതൽ ഒരു വർഷം

മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കുന്ന പദ്ധതികൾ

62(1639) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന 2021 മുതൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കോട്ടയം ജില്ലാ ലേലകേന്ദ്രം

63(1640) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള സർക്കാരിൽനിന്നും വി.എഫ്.പി.സി.കെ. (വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) വഴി കർഷകർക്ക് നൽകുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറുപ്പന്തറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ലേലകേന്ദ്രമായ സംഘമൈത്രിക്ക് കൂടി നൽകാൻ നടപടി സ്വീകരിക്കുമോ?

കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി താങ്ങുവില പദ്ധതി 26-10-2020-ലെ G. O. (MS) 80/2020 പ്രകാരം 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ടി ഉത്തരവുപ്രകാരം വി.എഫ്.പി.സി.കെ.-യുടെ 250-ഉം ഹോർട്ടികോർപ്പിന്റെ 18-ഉം കൃഷിവകുപ്പ് വിവിധ പദ്ധതികളിലായി ആരംഭിച്ചിട്ടുള്ള 32-ഉം ഉൾപ്പടെ 300 നോട്ടിഫൈഡ് വിപണികൾവഴിയാണ് താങ്ങുവില പദ്ധതിപ്രകാരമുള്ള സംഭരണം നടത്തിവരുന്നത്. കൂടുതൽ വിപണികളെ നോട്ടിഫൈഡ് മാർക്കറ്റാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ദൂരെ സ്ഥലങ്ങളിൽനിന്നും ഉൽപന്നങ്ങളെത്തിച്ച് വില്പന നടത്തി വരുന്ന ഈ സംഘത്തിലെ കർഷകർക്ക് 2012 മുതൽ കിലോയ്ക്ക്

1.50 രൂപ വീതം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത് 3 രൂപയാക്കി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നിലവിൽ കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കോട്ടയം ജില്ലാ സംഭരണ കേന്ദ്രത്തിലും കാർഷികോൽപന്നങ്ങൾ ലേലത്തിനെത്തിക്കുന്ന കർഷകർക്ക് മാത്രമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത്.

ദൂരെ സ്ഥലങ്ങളിൽനിന്നും ഉൽപന്നങ്ങളെത്തിച്ച് വില്പന നടത്തുന്ന കർഷകർക്ക് 25 കി.മീ. പരിധിക്ക് Rs 1.5/Kg, 26 കി.മീ. മുതൽ 50 കി.മീ. വരെ Rs 2/Kg, 50 കി.മീ. മുകളിൽ Rs 2.5/Kg എന്ന നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി കൃഷിക്കാർക്ക് നൽകിവരുന്നത്.

കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ നൽകുന്ന ഈ ട്രാൻസ്പോർട്ടേഷൻ സബ്സിഡി നിലവിൽ പര്യാപ്തമാണെന്ന് കാണുന്നു.

(സി) കൈകാര്യ ചെലവ് (ഓപ്പറേഷനൽ കോസ്റ്റ്) ഇനത്തിൽ സംഘത്തിന് കിട്ടാനുള്ള കുടിശിക തുകയായ 8,88,000/- രൂപ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

2023-24 സാമ്പത്തിക വർഷം കൈകാര്യ ചെലവ് ഇനത്തിൽ സംഘമൈത്രിക്ക് 2,00,000/- രൂപ നൽകിയിട്ടുണ്ട്. കൈകാര്യ ചെലവുമായി ബന്ധപ്പെട്ട ക്ലെയിം പ്രസ്തുത വിപണിയിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് 2024-25 വർഷത്തെ തുക അനുവദിക്കുന്നതാണ്.

(ഡി) കേരള സർക്കാരിന്റെ ഹോർട്ടികോർപ്പിന് നിരന്തരമായി കാർഷികോൽപന്നങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന സംഘത്തിന് കൃഷി വകുപ്പിൽനിന്നും ലഭിക്കാനുള്ള തുകയായ 586419/- രൂപ എത്രയുംവേഗം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കോട്ടയം ജില്ലാ സംഭരണ കേന്ദ്രംവഴി കർഷകരിൽനിന്ന് ഹോർട്ടികോർപ്പ് ഉൽപന്നങ്ങൾ സംഭരിച്ച വകയിൽ ജൂലൈ 2024 വരെയുള്ള തുകയായ 2.80 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബർ 30 വരെയുള്ള ബിൽ തുകയായ 5.37768 ലക്ഷം രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്മാർട്ട് കൃഷിഭവനുകൾ

64(1641) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ മുഖേന എത്ര സ്മാർട്ട് കൃഷിഭവനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആർ.ഐ.ഡി.എഫ്. പദ്ധതി മുഖേന അനുവദിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവനുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+. ആർ.കെ.വി.വൈ. പദ്ധതിപ്രകാരം സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) നിലവിൽ സ്മാർട്ട് കൃഷിഭവനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; അതിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ സൗകര്യത്തോടുംകൂടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യതയാണ് പ്രധാനപ്പെട്ട മാനദണ്ഡം. ഘട്ടംഘട്ടമായി എല്ലാ കൃഷിഭവനും സ്മാർട്ട് കൃഷിഭവനാകുന്നതിന് മുന്നോടിയായി ജില്ലയിൽനിന്നും ഓരോ കൃഷിഭവൻ എന്ന നിലയിൽ പ്രോജക്ട് പ്രൊപ്പോസൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് സ്മാർട്ട് കൃഷിഭവൻ നടപ്പിലാക്കി വരുന്നതുമാണ്.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്; വിശദമാക്കാമോ?

ഏറനാട് മണ്ഡലത്തിലെ കൃഷിഭവനുകളൊന്നും നിലവിൽ ആർ.ഐ.ഡി.എഫ്. ഫണ്ടുപയോഗിച്ച് സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് തിരഞ്ഞെടുത്തിട്ടില്ല.

തൃക്കാക്കര കൃഷി ഓഫീസിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

65(1642) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കൃഷി ഓഫീസിൽ ജീവനക്കാരുടെ കുറവുൾപ്പെടെയുള്ള കാരണങ്ങളാൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നൂറുകണക്കിന് അപേക്ഷകൾ മൂന്നും നാലും വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തൃക്കാക്കര നഗരസഭാ കൃഷിഭവനുകീഴിൽ വാഴക്കാല, കാക്കനാട് എന്നീ വില്ലേജുകളിലുൾപ്പെടുന്ന 43 വാർഡുകളാണ് നിലവിലുള്ളത്. 2019 മുതൽ 2022 വരെ ഓഫ് ലൈനായി 979 അപേക്ഷകൾ ലഭിക്കുകയും അതിൽ 80 ശതമാനത്തിലധികം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2022-ൽ ഓൺലൈനായി ഫോം 5 അപേക്ഷകൾ സ്വീകരിച്ചത് മുതൽ ഇന്നേവരെ 1894 അപേക്ഷകളാണുള്ളത്. അതിൽ 910 അപേക്ഷകൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ 984 അപേക്ഷകൾ പൂർത്തീകരിക്കാനുള്ളതുമാണ്. അപേക്ഷകൾ വില്ലേജ്, ബ്ലോക്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശോധന നടത്തിവരുന്നു.

(ബി) കൃഷി ഓഫീസിൽനിന്നുള്ള റിപ്പോർട്ട് ലഭിക്കാത്തത് കൊണ്ടുമാത്രം റവന്യൂ അദാലത്തുകളിലുൾപ്പെടെ അപേക്ഷകൾ

തീർപ്പാക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഓഫീസിൽ തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ ഉടൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെയുള്ള അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഓഫ് ലൈനായും ഓൺലൈനായും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കാനാവശ്യമായ പരിശ്രമങ്ങളെല്ലാം തുക്കാക്കര കൃഷിഭവന്റെ ഭാഗത്തുനിന്നും ചെയ്തുവരുന്നുണ്ട്. കൂടാതെ അദാലത്തിനോടനുബന്ധിച്ച് ബാക്കിയുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിനായി മറ്റൊരു കൃഷിഭവനിൽനിന്നും വർക്കിങ് അറേഞ്ച്മെന്റിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ

66(1643) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദേശിച്ചിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആയത് മാറ്റി കീഴരിയൂർ കൃഷിഭവന്റെ പേര് നിർദേശിച്ചുകൊണ്ട് എം.എൽ.എ.- യുടെ കത്ത് ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിലെ പേരാമ്പ്ര കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദേശിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ ആയത് മാറ്റി കീഴരിയൂർ കൃഷിഭവന്റെ പേര് നിർദേശിച്ചുകൊണ്ട് ബഹു. എം.എൽ.എ. കൃഷി ഡയറക്ടർക്ക് അയച്ച കത്ത് കൃഷി ഡയറക്ടർതലത്തിൽ പരിശോധിച്ചുവരികയാണ്.

നെടുമ്പനയിലെ സ്മാർട്ട് കൃഷിഭവൻ കെട്ടിട നിർമ്മാണം

67(1644) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമ്പനയിൽ ആരംഭിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ആർ.ഐ.ഡി.എഫ്. XXVII-ലുൾപ്പെടുത്തി ഭരണാനുമതി നൽകിയതും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം 2023-ൽ നിർമ്മാണ പ്രവൃത്തിയാരംഭിച്ച് 10% പുരോഗതി കൈവരിച്ചതുമായ നെടുമ്പന സ്മാർട്ട് കൃഷിഭവൻ നിർമ്മാണം ഭൂമിയുമായി ബന്ധപ്പെട്ട തർക്കംമൂലം കൊല്ലം ജില്ലാ കളക്ടറുടെ 19-03-2024-ലെ സ്റ്റോപ്പ് മെമ്മോ പ്രകാരം നിർത്തിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിനായി കൊല്ലം ജില്ലയിൽ നെടുമ്പന വില്ലേജിൽ ബ്ലോക്ക് നം. 20 സർവെ നം. 186/9-ൽപ്പെട്ട 18.22 ആർ സ്ഥലത്തിൽനിന്നും പ്രസ്തുത 15 സെന്റ് സ്ഥലം കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് അനുവദിക്കുന്നതിനുള്ള അപേക്ഷ കൃഷി വകുപ്പ് ഡയറക്ടർ 09-07-2024-ൽ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം

68(1645) ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ നിരണം, പെരിങ്ങര കൃഷിഭവനുകൾ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പൊളിച്ച് മാറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുമോയെന്ന് വ്യക്തമാക്കാമോ?

നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണത്തിനായി നിലവിൽ പി.ഡബ്ല്യു.ഡി.-ക്ക് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്ന തുക അപര്യാപ്തമായതിനാൽ എം.എൽ.എ. ഫണ്ടിൽനിന്നും ലഭിക്കുന്ന തുകയ്ക്കുപുറമെ ആവശ്യമായ തുക കണ്ടെത്തുന്നതിന് അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ കൃഷി ഡയറക്ടറുടെ

പരിശോധനയിലാണ്. ആയത് ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിലെ കരാർ ജീവനക്കാർ

69(1646) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിനുകീഴിലുള്ള പദ്ധതികളായ ആത്മ (ATMA), സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ (SHM), വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം (VDP), മൊബൈൽ അഗ്രോ ക്ലിനിക്, നാഷണൽ ഇ-ഗവേണൻസ് പ്ലാൻ ഇൻ അഗ്രിക്കൾച്ചർ (NeGPA) എന്നിവയിൽ കൃഷി ഡയറക്ടേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ദിവസവേതന/കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കൃഷി വകുപ്പിനുകീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മയിൽ നിലവിൽ ജോലിചെയ്യുന്ന കരാർ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന പദ്ധതിയിൻകീഴിൽ ദിവസവേതന/കരാർ ജീവനക്കാർ ആരുംതന്നെ ജോലി ചെയ്യുവരുന്നില്ല. എന്നാൽ മാസ വേതനാടിസ്ഥാനത്തിൽ 129 ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ദിവസവേതന/കരാർ ജീവനക്കാർ ആരുംതന്നെ ജോലി ചെയ്യുവരുന്നില്ല. എന്നാൽ മാസ വേതനാടിസ്ഥാനത്തിൽ 76 പേർ നിലവിൽ ജോലി ചെയ്യുവരുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

+

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന മൊബൈൽ അഗ്രോ ക്ലിനിക് പദ്ധതിയിൻകീഴിൽ നിലവിൽ ജോലിചെയ്യുന്ന കരാർ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഐ.ടി. സെൽ മുഖാന്തരം നടപ്പിലാക്കിയിരുന്ന നാഷണൽ ഇ-ഗവേണൻസ് പ്ലാൻ ഇൻ അഗ്രിക്കൾച്ചർ (NeGP-A) പദ്ധതിയിൻകീഴിൽ ജോലിചെയ്യുന്ന കരാർ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ കൃഷിനാശം

70(1647) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം മേഖല ഉരുൾപൊട്ടിയതിന്റെ ഭാഗമായി പുഴ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാപകമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിനാശമുണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇവിടത്തെ കർഷകരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിൽ 2024 ജൂലായ് 28 മുതൽ പെയ്ത കനത്ത മഴയെത്തുടർന്ന് ജൂലായ് 30-ന് കോളയാട് പഞ്ചായത്ത് പരിധിയിൽ ഉരുൾപൊട്ടലുണ്ടാവുകയും കൃഷിക്കും കൃഷിഭൂമിക്കും കനത്ത നാശനഷ്ടം സംഭവിക്കുകയും ചെയ്തു. ആഗസ്റ്റ് 5 വരെ തുടർന്ന പേമാരിയിൽ മട്ടന്നൂർ നിയോജകമണ്ഡല പരിധിയിലെ കോളയാട്, ചിറ്റാരിപറമ്പ്, മാലൂർ, മാങ്ങാട്ടിടം, കീഴല്ലൂർ, കൂടാളി, തില്ലങ്കേരി, പടിയൂർ പഞ്ചായത്തുകളിലും മട്ടന്നൂർ നഗരസഭയിലും കാർഷിക വിളകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ കൃഷി വകുപ്പുദ്യോഗസ്ഥർ യഥാസമയം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹു. എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിലെ നിർദേശപ്രകാരം കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ, വിള

ഇൻഷ്വറൻസ് പദ്ധതികളിൽ അപേക്ഷിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ബ്ലോക്ക് ലെവൽ അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റർ (BLAKC) നോഡൽ ഓഫീസർമാർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഓഫീസർമാർ മുതലായവരെ ഉൾപ്പെടുത്തി ഒരു പരിശോധന സമിതി രൂപീകരിച്ച് നാശനഷ്ടം സംഭവിച്ച പ്രദേശങ്ങൾ സന്ദർശിച്ച് കർഷകരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനും മണ്ണൊലിപ്പുമൂലം മേൽമണ്ണ് നഷ്ടപ്പെട്ട പ്രദേശങ്ങളിൽ മണ്ണ് പരിശോധന നടത്തി ആവശ്യമായ പോഷകാംശങ്ങൾ വീണ്ടെടുക്കുന്നതിന് പദ്ധതി തയ്യാറാക്കാനും മണ്ണൊലിപ്പുമൂലം നികന്ന കിണറുകൾ, തോടുകൾ, വയലുകൾ, കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ പ്രദേശത്തെ കാർഷിക മേഖലയിലെ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഉരുൾപൊട്ടലിനെത്തുടർന്നുണ്ടായ കൃഷിനാശത്തിൽ തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, റബ്ബർ, മരച്ചീനി, നെൽകൃഷി, പച്ചക്കറി എന്നീ വിളകൾക്ക് നാശനഷ്ടം സംഭവിച്ചു. മട്ടന്നൂർ, കൂടാളി, കീഴല്ലൂർ കൃഷിഭവനുകളിലെ 142 കർഷകർക്ക് 12,63,000/- രൂപയുടെയും കോളയാട്, മാലൂർ കൃഷിഭവൻ പരിധിയിലെ 42 കർഷകർക്ക് 2,91,439/- രൂപയുടെയും ചിറ്റാരിപ്പറമ്പ്, മാങ്ങാട്ടിടം കൃഷിഭവനുകളിലെ 47 കർഷകർക്ക് 2,77,750/- രൂപയുടെയും നഷ്ടപരിഹാരം തിട്ടപ്പെടുത്തിയിട്ടുണ്ട്.

(സി) കാർഷിക മേഖലയിലെ പുനരുദ്ധാരണത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

ഉരുൾപൊട്ടൽമൂലം കാർഷിക മേഖലയിൽ സംഭവിച്ച നാശനഷ്ടം വിലയിരുത്തുന്നതിനും പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനും രൂപീകരിച്ച സമിതി ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ആവശ്യമായ ശിപാർശകൾ തയ്യാറാക്കിവരുന്നു.

ചെറുതന കൃഷിഭവനിലെ വിള ആരോഗ്യ

പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തനം

71(1648) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതന കൃഷിഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽനിന്നും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ചെറുതന കൃഷിഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ പരിപാലന കേന്ദ്രത്തിൽനിന്നും എല്ലാമാസവും സീസൺ അനുസരിച്ചുള്ള വിള പരിപാലനമുറകൾ വിശദമാക്കുന്ന ഹരിത പത്രിക "ആരോഗ്യ കേന്ദ്രം ചെറുതന" എന്ന വാട്സ്ആപ് ഗ്രൂപ്പിൽക്കൂടിയും മറ്റു ഗ്രൂപ്പുകളിൽക്കൂടിയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കീടരോഗ ആക്രമണങ്ങൾ തിരിച്ചറിഞ്ഞ് പ്രതിവിധി നിശ്ചയിക്കാൻ കർഷകരെ സഹായിക്കുകയും ജൈവ കീടരോഗ നിയന്ത്രണ മാർഗങ്ങൾക്ക് മുൻതൂക്കം നൽകി കൃഷി ചെയ്യാൻ കർഷകരെ പ്രേരിപ്പിക്കുകയും നിരീക്ഷണ പ്ലോട്ടുകളിൽനിന്നും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്ന കീടരോഗ വിവരങ്ങളുടെ

അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ കീടരോഗ നിയന്ത്രണ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. വിള ആരോഗ്യ ക്യാമ്പയിനും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യം കുറ്റമറ്റതാക്കാൻവേണ്ടി ചെറുതന കൃഷി ഓഫീസർ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ചെറുതന കൃഷി ഓഫീസർ 95700/- രൂപയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയും ചെയ്യുന്നു.

(സി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

'വിള ആരോഗ്യ പരിപാലന കേന്ദ്രം ശാക്തീകരണം' പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ബാലുശ്ശേരി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ്

72(1649) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും സ്റ്റോക്ക് ചെയ്യുന്നതിനുമായി കോഴിക്കോട് ജില്ലയിൽ എത്ര കോൾഡ് സ്റ്റോറേജ് നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കൂത്താളി ഫാമിൽ 2000 ക്യൂബിക് ഫീറ്റും വേങ്ങേരി നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ 3089 ക്യൂബിക് ഫീറ്റും സംഭരണശേഷിയുള്ള ശീതീകരണ സംഭരണശാലകൾ നിലവിലുണ്ട്.

(ബി) ബാലുശ്ശേരിയിൽ കോൾഡ് സ്റ്റോറേജ് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നിലവിലുണ്ടോ; പ്രസ്തുത ആവശ്യത്തിന് 2024-25 വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രൊപ്പോസലുകളില്ല.

പാലക്കാട് ജില്ലയിലെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. അനുമതി

73(1650) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. (കേരള ലാൻഡ് യൂസ്) അനുമതി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ കൃഷി വകുപ്പിന് ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. (കേരള ലാൻഡ് യൂട്ടിലൈസേഷൻ) അനുമതി ലഭിക്കുന്നതിനായി 464 അപേക്ഷകൾ ഈ സർക്കാർ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട്; അത് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ ഇനി 71 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തോട്ടവിളകളുടെ ഉൽപാദനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

74(1651) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ, തേയില തുടങ്ങിയ തോട്ടവിളകളുടെ ഉൽപാദനത്തിൽ ഇടിവ് സംഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

തേയില, റബ്ബർ, കാപ്പി, ഏലം എന്നീ വിളകളുടെ ഉൽപാദനത്തിൽ സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ രേഖകൾ പ്രകാരം കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ 2020-21 മുതൽ 2022-23 വരെ താരതമ്യേന ഉൽപാദനത്തിൽ വർധനവുണ്ടായതായിട്ടാണ് കാണുന്നത്. എന്നാൽ തേയിലയുടെ ഉൽപാദനത്തിൽ 2021-22 വർഷം ഉൽപാദനം കുറഞ്ഞെങ്കിലും 2022-23-ൽ ആയത് വർധിച്ചതായി കാണുന്നു.

റബ്ബർ, തേയില തുടങ്ങിയ തോട്ടവിളകളുടെ ഉൽപാദനത്തിലുണ്ടായ ഏറ്റക്കുറച്ചിൽ സംബന്ധിച്ച് കഴിഞ്ഞ മൂന്നുവർഷത്തെ (Economic Review 2020-21, 2021-22, 2022-23 എന്നിവയിൽനിന്നും ലഭിച്ച വിവരങ്ങൾ) കണക്കുകൾ ചുവടെ ചേർക്കുന്നു.

വിള	ഉൽപാദനം ടണ്ണിൽ		
	2020-21	2021-22	2022-23
റബ്ബർ	519500	556600	599375
കാപ്പി	68545	69900	72425
തേയില	66850	60360	65980

ഏലം	20570	21270	22165

(ബി) പ്രസ്തുത പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമുഖേന പഠനം നടത്തിയിട്ടില്ല.

(സി) വിളകളുടെ വൈവിധ്യവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് പ്ലാന്റേഷൻ നയം ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം കൃഷി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്.

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി

75(1652) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാർഷിക മേഖലയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 100.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**അഗ്രോപാർക്കിന്റെ പേര്**	**സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)**	**തുക (കോടി രൂപ)**
1	ബനാന ഹണി പാർക്ക്, കണ്ണാറ, തൃശ്ശൂർ	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	25.13
2	നാളികേര പാർക്ക്, വേങ്ങേരി, കോഴിക്കോട്	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	20.00
3	നാളികേര പാർക്ക്, ക്ലത്താളി, കോഴിക്കോട്	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ	20.00
4	മാംഗോ പാർക്ക്, മുതലമട, പാലക്കാട്	INKEL, (Infrastructure Kerala Limited)	20.00
5	വെജിറ്റബിൾ പാർക്ക്, ചേർത്തല, ആലപ്പുഴ	വി.എഫ്.പി.സി.കെ.	15.00
ആകെ			**100.13**

07-08-2023-ലെ G.O. (Ms) No. 71/2023/കൃഷി പ്രകാരം അഗ്രിപാർക്കുകളുടെ വികസനം, കമ്മീഷനിങ്, നടത്തിപ്പ് എന്നിവ സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ എസ്.പി.വി.-കളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് കേരള അഗ്രോ ബിസിനസ്സ് കമ്പനിയെ (KABCO) ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂരിലെ കണ്ണാറയിൽ സ്ഥാപിക്കുന്ന ബനാന ഹണി പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ 95% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബനാന വൈൻ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനങ്ങളാരംഭിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും ക്ലത്താളിയിലും നാളികേര അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. കെയ്കോ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്. വെജിറ്റബിൾ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കാബ്കോയുടെ പരിഗണനയിലാണ്. മുതലമടയിൽ സ്ഥാപിക്കുന്ന മാങ്കോ പാർക്കിന്റെ വിശദമായ ഡി.പി.ആർ. INKEL തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്.

(ബി) അഗ്രോപാർക്കുകൾവഴി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

കർഷകർ, കർഷക കൂട്ടായ്മകൾ, FPO/FPC-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവരിൽനിന്നും സംഭരിക്കുന്ന കാർഷിക ഉൽപന്നങ്ങൾ

അഗ്രോപാർക്കുകൾ മുഖേന മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റി വിപണനം നടത്തുന്നതിലൂടെ ഗുണമേന്മയുള്ള മൂല്യവർധിത ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനോടൊപ്പം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. അഗ്രോപാർക്കുകളിൽ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ 'കേരളഗ്രോ' ബ്രാൻഡിലൂടെ വിപണനം ചെയ്യാനും സാധിക്കുന്നു.

തണ്ണീർകായൽ പാടശേഖരത്തിലെ കൃഷി

76(1653) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ്, മുല്ലശ്ശേരി പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന തണ്ണീർക്കായൽ പാടശേഖരത്തിൽ വർഷങ്ങളായി കൃഷി ഇറക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാടശേഖരത്തിൽ കൃഷി നിർത്തിയത് എന്നുമുതലാണെന്നും കൃഷി നിർത്താനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) തണ്ണീർക്കായൽ പാടശേഖരം ഇടിയൻചിറ റെഗുലേറ്ററിന്റെ തൊട്ടടുത്ത് കിടക്കുന്ന പാടശേഖരമാണ്. ഇടിയൻചിറ റെഗുലേറ്ററിന്റെ ഷട്ടറുകൾ കാലപ്പഴക്കത്താൽ വളരെ ശോചനീയ അവസ്ഥയിലായതിനാൽ കനോലി കനാലിൽ ഉപ്പുവെള്ളം കയറുന്നത് ഫലപ്രദമായി പ്രതിരോധിക്കാനാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയതിനാൽ കൃഷി ചെയ്യാനുള്ള സാഹചര്യം ഈ പ്രദേശത്ത് നിലവിലില്ല.

(സി) പ്രസ്തുത പാടശേഖരത്തിൽ വീണ്ടും കൃഷി ഇറക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) 2024 വർഷംതന്നെ കൃഷി ഇറക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) 2024-25 വർഷത്തെ കോൾ നെൽകൃഷി ആരംഭിക്കുന്നതിന് മുന്നോടിയായി 13-05-2024-ന് മുല്ലശ്ശേരി ബ്ലോക്കുപഞ്ചായത്തിൽവച്ച് കൃഷി ഉദ്യോഗസ്ഥരുടെയും മുല്ലശ്ശേരി ബ്ലോക്കിലെ പാടശേഖര സമിതി ഭാരവാഹികളുടെയും സംയുക്തയോഗം കൂടുകയുണ്ടായി. സുരക്ഷിതമായി നെൽക്കൃഷി ചെയ്ത് വിളവെടുക്കുന്നതിനുള്ള സാഹചര്യം 2024-25

വർഷത്തിലും ഇല്ലാത്തതുകൊണ്ട് തണ്ണീർ കായൽ പാടശേഖരത്തിൽ നെൽക്കൃഷിയിറക്കാൻ തയ്യാറല്ലെന്ന് പാടശേഖര സമിതി ഭാരവാഹികൾ കൃഷിഭവനിൽ അറിയിച്ചു.

ഇറിഗേഷൻ വകുപ്പിനുകീഴിലാണ് നിലവിൽ ഇടിയൻചിറ റെഗുലേറ്ററുള്ളത്. ഇടിയൻചിറ റെഗുലേറ്ററിന്റെ എല്ലാ ഷട്ടറുകളും നവീകരണ ജോലികളുടെ ഭാഗമായി നിലവിൽ എടുത്തുമാറ്റിയിരിക്കുകയാണ്. താൽക്കാലിക ബണ്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ അഗ്രോസർവീസ്

സെന്ററുകൾ ആരംഭിക്കുന്ന ബ്ലോക്കുകൾ

77(1654) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ 16 കൃഷിശ്രീ സെന്ററുകളാണ് (അഗ്രോ സർവീസ് സെന്ററുകൾ) വിഭാവനം ചെയ്തിട്ടുള്ളത്. ബ്ലോക്കുകളുടെ നിർണ്ണയം നടന്നുവരുന്നു.

(ബി) ഓരോ അഗ്രോ സർവീസ് സെന്ററുകൾക്കും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഒരു കൃഷിശ്രീ സെന്ററിന് (അഗ്രോ സർവീസ് സെന്ററിന്) 18.75 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

വി.എഫ്.പി.സി.കെ.-യുടെ സാമ്പത്തിക പ്രതിസന്ധി

78(1655) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ വി.എഫ്.പി.സി.കെ.-യ്ക്ക് (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) സർക്കാരിൽനിന്നും ശമ്പളമുൾപ്പെടെയുള്ള ആവശ്യത്തിന് നോൺ പ്ലാൻ ഫണ്ട് ലഭിക്കുകയും ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.) പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്തുവെങ്കിലും നിലവിലെ സർക്കാർ നോൺ പ്ലാൻ ഫണ്ടുവഴി ലഭിച്ചിരുന്ന ശമ്പളവും എൻ.പി.എസ്.

പദ്ധതിയും അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011-12 മുതൽ 2024-25 വരെ കൗൺസിലിന് സർക്കാരിൽനിന്നും ലഭ്യമായ നോൺ പ്ലാൻ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ)	ലഭ്യമായ തുക (ലക്ഷത്തിൽ)
1	2011-12	5	5
2	2012-13	5.5	5.5
3	2013-14	25	25
4	2014-15	28.64	28.64
5	2015-16	31.06	31.06
6	2016-17	35.35	35.35
7	2017-18	40.24	40.24
8	2018-19	42.24	42.24
9	2019-20	34.68	34.68
10	2020-21	41.21	41.21
11	2021-22	41.21	41.21
12	2022-23	41.21	25
13	2023-24	41.85	31.3875
14	2024-25	42.67	-

01-07-2014 മുതൽ കൗൺസിൽ നടപ്പിലാക്കിയിരുന്ന എൻ.പി.എസ്. പദ്ധതി 28-10-2019 മുതൽ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ വി.എഫ്.പി.സി.കെ. EPF പദ്ധതിയുടെ പരിധിയിലാണ്.

(ബി) സംസ്ഥാന സർക്കാർ കർഷകർക്കായി വി.എഫ്.പി.സി.കെ. വഴി അനുവദിക്കുന്ന പദ്ധതി വിഹിതം വെട്ടിക്കുറച്ചത് കർഷകരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ വി.എഫ്.പി.സി.കെ. വഴി അനുവദിക്കുന്ന പദ്ധതി വിഹിതം കുറച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ)	ലഭ്യമായ തുക (ലക്ഷത്തിൽ)
1	2011-12	885	885
2	2012-13	2118.66	2118.66
3	2013-14	1466.9	1466.9
4	2014-15	1838.75	1838.75
5	2015-16	1750	1750
6	2016-17	1685.91	1685.91
7	2017-18	1937	1937
8	2018-19	2364.09	2364.09
9	2019-20	1060	1060
10	2020-21	2424.47	2424.47
11	2021-22	1722.5	1722.5
12	2022-23	2625	1697

13	2023-24	3000	2073
14	2024-25	3500	550

എന്നാൽ ബജറ്റ് സീലിങ് നിശ്ചയിച്ചിരിക്കുന്നത് കാരണം 2023-24 സാമ്പത്തിക വർഷത്തെ കർഷകർക്കുള്ള ധനസഹായം മുഴുവൻ നൽകാൻ സാധിച്ചിട്ടില്ല. മേൽ തുക 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും വിവിധ പദ്ധതി സഹായങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

(സി) കൗൺസിലിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ആഭ്യന്തര വരുമാനം വർധിപ്പിക്കുന്നതിന് കൗൺസിലിന്റെ വിവിധ യൂണിറ്റുകളായ കൃഷി ബിസിനസ്സ് കേന്ദ്രകൾ, വിത്ത് സംസ്കരണ യൂണിറ്റ്, പ്ലഗ്ഗ് നേഴ്സറി തുടങ്ങിയവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിവരുന്നു. കൂടുതൽ കൃഷി ബിസിനസ്സ് കേന്ദ്രകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്.

കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ഈ സാമ്പത്തിക വർഷം കൃഷി ബിസിനസ്സ് കേന്ദ്രകളാരംഭിക്കുന്നതാണ്. കൂടാതെ, കൃത്യതാകൃഷി, എഫ്.പി.ഒ. രൂപീകരണം, കൊപ്ര സംഭരണം തുടങ്ങിയ പദ്ധതികൾ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്നതും ആഭ്യന്തര വരുമാനം വർധിപ്പിക്കുന്നതിന് സഹായകരമാണ്. സംസ്ഥാന സർക്കാർ പദ്ധതികൾക്കാവശ്യമായ പച്ചക്കറി വിത്തുകളും തൈകളും വി.എഫ്.പി.സി.കെ. മുഖേന നൽകുന്നതിന് കൃഷി വകുപ്പ്/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. ഗുണമേന്മയുള്ള വളം, മറ്റ് ഉൽപാദനോപാധികൾ എന്നിവ ഉൽപാദകരിൽനിന്നും നേരിട്ട് കർഷകർക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. മേൽ പദ്ധതി കർഷകർക്കും കൗൺസിലിന്റെ ആഭ്യന്തര വരുമാനം വർധിപ്പിക്കുന്നതിനും ഒരുപോലെ ഗുണകരമാണ്.

(ഡി) പുതുതായി രൂപീകരിക്കുന്ന കേരള അഗ്രി ബിസിനസ്സ് കമ്പനിക്ക് വി.എഫ്.പി.സി.കെ.-യുടെ റിവോൾവിങ് ട്രസ്റ്റ് ഫണ്ട് ചെലവഴിക്കാൻ കൗൺസിലിന്റെ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കൗൺസിലിന്റെ 06-08-2024-ന് കൂടിയ 98-ാമത് ബോർഡ് യോഗം കാബ്കോ അഗ്രി ടവർ പദ്ധതിയിൽ വി.എഫ്.പി.സി.കെ.-യ്ക്ക് ആവശ്യമായ സ്ഥലത്തിനാനുപാതികമായ തുക കെട്ടിട നിർമ്മാണത്തിന് നൽകാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ട്രസ്റ്റ് ബോർഡിന്റെകൂടി അനുമതിയോടെ അനുവാദം നൽകാൻ നിശ്ചയിച്ചു.

(ഇ) കേരള അഗ്രി ബിസിനസ്സ് കമ്പനി ആസ്ഥാന മന്ദിരം പണിയുന്നതിന് മറ്റ് കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(എഫ്) വി.എഫ്.പി.സി.കെ. റിവോൾവിങ് ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

വി.എഫ്.പി.സി.കെ. റിവോൾവിങ് ഫണ്ട് ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൃഷി വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് അന്വേഷണ റിപ്പോർട്ടുകൾ

79(1656) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി പൂർത്തിയാക്കിയ 48 അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) അതിൽ ക്രമക്കേട് കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

കൃഷി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി പൂർത്തിയാക്കി സമർപ്പിച്ച 48 അന്വേഷണ റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയവയുടെ (9 അന്വേഷണ റിപ്പോർട്ടുകൾ) വിവരങ്ങൾ ചുവടെപ്പറയുന്നു.

പത്തനംതിട്ട ജില്ലയിലെ സീതത്തോട് കൃഷിഭവനിലും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിലും പാലക്കാട് ജില്ലയിലെ അമ്പലപ്പാറ കൃഷിഭവനിലും ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട എന്നീ കൃഷിഭവനുകളിലും മലപ്പുറം ജില്ലയിലെ എടവണ്ണ കൃഷിഭവനിലും ഇടുക്കി ജില്ലയിലെ രാജാക്കാട് കൃഷിഭവനിലും സംസ്ഥാന വിലനിർണ്ണയ ബോർഡിലും കൊല്ലം ജില്ലയിലെ ചവറ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലും തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി കൃഷിഭവനിലും നടത്തിയ അന്വേഷണ റിപ്പോർട്ടുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്.

ഓരോ അന്വേഷണത്തിന്റെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

കൃഷിഭൂമിയുടെ തരംമാറ്റം

80(1657) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൃഷി ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം എന്തെല്ലാമെന്ന് അറിയിക്കുമോ?

കൃഷി ഭൂമി തരംമാറ്റത്തിനായി ആർ.ഡി.ഒ.-യിൽനിന്നും ലഭിക്കുന്ന ഫാറം 5-ലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് (കൃത്യമായി വസ്തുവിന്റെ ലൊക്കേഷൻ അറിയുന്നതിനായി വില്ലേജ് ഓഫീസറുടെ സഹായത്തോടെ) പ്രസ്തുത വസ്തുവിന്റെ ഫോട്ടോ, അക്ഷാംശം, രേഖാംശം എന്നിവ എടുക്കുകയും തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി ഫോട്ടോ സഹിതം ഒരു മാസത്തിനകം RELIS പോർട്ടലിൽ അപ്ലോഡ് ചെയ്ത് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതുമാണ്. കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമാണെന്ന് കാണുന്നപക്ഷം അപേക്ഷയിന്മേൽ തരംമാറ്റാനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജിലെ/പഞ്ചായത്തിലെ തരംമാറ്റപ്പെട്ട സർവെ നമ്പറുകൾ പട്ടികയാക്കി ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കുന്നതിനായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി

ഈ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി ടി സർവെ നമ്പറുകൾ ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.

(ബി) അർഹരായ വ്യക്തികൾക്ക് കൃഷിഭൂമി തരംമാറ്റി നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തരംമാറ്റൽ അപേക്ഷകൾ അധികമായുള്ള പഞ്ചായത്തുകൾ ആവശ്യാനുസരണം അടുത്തുള്ള കൃഷിഭവനിലെ കൃഷി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി അപേക്ഷകൾ എത്രയുംവേഗം തീർപ്പുകൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരംമാറ്റൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 25 സെന്റ് വരെയുള്ള ഫോറം 5, ഫോറം 6 അപേക്ഷകൾക്കായി താലൂക്കുതല അദാലത്തുകൾ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ റവന്യൂ വകുപ്പുമുഖേന സ്വീകരിച്ചിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

81(1658) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സർക്കാർ നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

- ഓഫീസ് ഓട്ടോമേഷനും വിവര സാങ്കേതികവിദ്യയും
- സംയോജിത കൃഷി
- സമഗ്ര നെൽകൃഷി വികസന പദ്ധതി
- ജൈവകൃഷി
- കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ
- കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും
- കീടരോഗ നിയന്ത്രണത്തിനായുള്ള പരിപാടിയിൽ ഉൾപ്പെടുത്തിയ മാംഗോ പ്രോജക്ട്
- ലബോറട്ടറികളുടെ ആധുനികീകരണം

- പച്ചക്കറി വികസന പദ്ധതി
- വിള ആരോഗ്യ പരിപാലനം
- സുഗന്ധവ്യഞ്ജന വികസനം
- കാർഷിക പദ്ധതി അടിസ്ഥാനമാക്കിയുള്ള ഉൽപാദനം
- കൃഷി പാഠശാല

- സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി
- സൗജന്യ വൈദ്യുതി
- മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം
- ഉൽപാദനക്ഷമത ഉയർത്തൽ
- ഓണസമൃദ്ധി
- കാർഷിക വിപണി ശക്തിപ്പെടുത്തൽ
- നാളികേര വികസനം
- ഒരു കോടി ഫലവൃക്ഷത്തൈ വിതരണം
- നെൽകൃഷിക്ക് ഉഴവുകൂലി
- സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനിലൂടെ ജാക്ക് ഏരിയ എക്സ്പാൻഷൻ
- ഹൈബ്രിഡ് പച്ചക്കറി
- ആർ.കെ.വി.വൈ. ക്ലൺ കൃഷി
- ആർ.കെ.വി.വൈ. വാഴ, പച്ചക്കറി, പൈനാപ്പിൾ കൃഷി എന്നിവയാണ്.

(ബി) ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കാമോ?

പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

പമ്പിങ് സബ്സിഡി

82(1659) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കൃഷി ആവശ്യങ്ങൾക്കായി ലഭിക്കുന്ന പമ്പിങ് സബ്സിഡിയുടെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

പമ്പിങ് സബ്സിഡിയുടെ നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു.

പുഞ്ച സ്പെഷ്യൽ ഓഫീസ്, ആലപ്പുഴ, കോട്ടയം

പുഞ്ച കൃഷി : 1800/ഏക്കർ

വിരിപ്പ് കൃഷി : 1900/ഏക്കർ

പുഞ്ച സ്പെഷ്യൽ ഓഫീസ്, തൃശ്ശൂർ

മുണ്ടകൻ കൃഷി : 1200/ഏക്കർ

പുഞ്ച കൃഷി: 1800/ഏക്കർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പമ്പിങ് സബ്സിഡി ഇനത്തിൽ പാലക്കാട് ജില്ലയിൽ കുടിശിക നിലവിലുണ്ടോ; എങ്കിൽ കുടിശിക എത്രയാണെന്ന് അറിയിക്കുമോ;

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ കുടിശികയുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) പമ്പിങ് സബ്സിഡി ആനുകൂല്യം പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നില്ല.

താമര കൃഷി

83(1660) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താമര കൃഷി ഏതെല്ലാം സ്ഥലങ്ങളിൽ നടത്തുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് താമര കൃഷി നിലവിലുള്ള ജില്ലകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം-വാമനപുരം ബ്ലോക്ക് പരിധിയിൽ മാണിക്കൽ പഞ്ചായത്തിൽ താമരഭാഗം ഏലായിൽ 50 സെന്റ് സ്ഥലത്ത് താമര കൃഷി ചെയ്യുന്നു.

2. കൊല്ലം-ചിറക്കര കൃഷിഭവനിൽ 2 ഹെക്ടറും കല്ലുവാതുക്കൽ കൃഷിഭവനിൽ ഒരു ഹെക്ടറും പൂതക്കുളം കൃഷിഭവനിൽ ഒരു ഹെക്ടറും വടക്കേവിള കൃഷിഭവനിൽ 0.5 ഹെക്ടറും വെസ്റ്റ് കല്ലട കൃഷിഭവനിൽ ഒരു ഹെക്ടറും സ്ഥലത്ത് താമര കൃഷി ചെയ്തുവരുന്നു.

3. പത്തനംതിട്ട-പന്തളം ബ്ലോക്ക് പരിധിയിൽ 25 സെന്റിൽ താമര കൃഷി ചെയ്യുന്നുണ്ട്.

4. കോട്ടയം-Regional Agricultural Research Station കുമരകം, കൃഷി വിജ്ഞാൻ കേന്ദ്രം കുമരകം എന്നിവിടങ്ങളിൽ ടൂറിസത്തിന്റെ ഭാഗമായും ഏറ്റുമാനൂർ ബ്ലോക്കിൽ തിരുവാർപ്പ് കൃഷിഭവന്റെ പരിധിയിലും താമര കൃഷി ചെയ്യുന്നു.

5. തൃശ്ശൂർ-അന്തിക്കാട് ബ്ലോക്കിലെ ചാഴൂർ കൃഷിഭവനുകീഴിൽ 10 ഏക്കർ താമര കൃഷി ചെയ്യുന്നുണ്ട്.

6. മലപ്പുറം-തവനൂർ ബ്ലോക്ക് ഈഴവതിരുത്തി കൃഷിഭവൻ പരിധിയിലും തിരൂർ ബ്ലോക്ക് തിരുനാവായ കൃഷിഭവൻ പരിധിയിലും താമര കൃഷി ചെയ്യുന്നുണ്ട്.

7. കണ്ണൂർ-തലശ്ശേരി ബ്ലോക്കിൽ വേങ്ങാട് കൃഷിഭവൻ പരിധിയിൽ പടുവിലായ് എന്ന സ്ഥലത്ത് താമര കൃഷി ചെയ്യുന്ന കർഷകരുണ്ട്.

(ബി) ഔദ്യോഗിക പുഷ്പ കൃഷിയായി താമര കൃഷിയെ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ?

ഇല്ല. ഈ അടുത്തകാലത്തായാണ് താമര കൃഷി കേരളത്തിൽ വ്യാപിച്ച് തുടങ്ങുന്നത്.

(സി) തിരുനാവായിലെ താമര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുനാവായിലെ താമര കർഷകർക്ക് കൃഷി വകുപ്പ് നൽകിവരുന്ന പിന്തുണ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(സി&ഡി) മലപ്പുറം ജില്ലയിൽ തിരുനാവായ പഞ്ചായത്തിലെ താമര കർഷകർക്ക് 2021-22 സാമ്പത്തിക വർഷത്തിൽ "പുഷ്പകൃഷി വികസനം" 2021-22 പദ്ധതിയിൽ ജില്ലയിൽനിന്നും ലഭിച്ച പ്രോജക്ടിനെ ആസ്പദമാക്കി 47 കർഷകർക്ക് 49.98 ഹെക്ടർ സ്ഥലത്ത് താമര കൃഷി ചെയ്തതിന് 15 ലക്ഷം രൂപ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ മണ്ണ് സംരക്ഷണ പദ്ധതികൾ

84(1661) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികൾ ഏതൊക്കെയാണെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ?

കൊല്ലം ജില്ലയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമുഖേന നബാർഡ് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന RIDF-XXV ഘട്ടത്തിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളും ഉരുൾപ്പൊട്ടൽ ബാധിത/സാധ്യതാ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയിൽ (Stabilisation of Landslide-LSS) ഉൾപ്പെടുത്തി ഒരു പദ്ധതിയും ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതിയിൽ (Protection of Catchment of Reservoirs of Water Supply Schemes-PCRWSS) ഉൾപ്പെടുത്തി ഒരു പദ്ധതിയും 9 ജില്ലാ പഞ്ചായത്ത് പദ്ധതികളും

നടപ്പിലാക്കിവരുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സംസ്ഥാനത്ത് കുളങ്ങളിൽ അമിതമായി അടിഞ്ഞുകിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ നടപ്പാക്കിയിട്ടുള്ളതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ നൽകാമോ?

കുളങ്ങളിൽ അടിഞ്ഞുകിടക്കുന്ന മണ്ണ് നീക്കം ചെയ്ത് ചുറ്റും സംരക്ഷണഭിത്തി നിർമ്മിച്ച് കുളങ്ങളെ പൂർണ്ണമായും നവീകരിച്ച് സംരക്ഷിക്കുന്ന സഹസ്രസരോവർ പദ്ധതി കെ.എൽ.ഡി.സി. മുഖാന്തരം നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തുടനീളം 137 കുളങ്ങളുടെ നവീകരണം വിവിധ ജില്ലകളിലായി പൂർത്തീകരിച്ചിട്ടുണ്ട്. 11 കുളങ്ങളുടെ നവീകരണം വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

കേരള കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് നിയമനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

85(1662) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാലയിൽ എത്ര അസിസ്റ്റന്റ് തസ്തികകളാണ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്നതെന്ന് അറിയിക്കാമോ?

41

(ബി) കഴിഞ്ഞ ഒരു വർഷമായി കാർഷിക സർവകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കേരള പി.എസ്.സി.-ക്ക് നിയമനം വിട്ട കേരളത്തിലെ പതിനൊന്ന് സർവകലാശാലകളിലും ഇ-ഓഫീസ് നിലനിൽക്കെ ഇപ്പോഴും പ്രവർത്തനരഹിതമായ ഇ-ഓഫീസ് പോർട്ടൽ നിലവിലുള്ള കേരള കാർഷിക സർവകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയെന്ന കാരണംകൊണ്ട് അനധ്യാപക തസ്തികകളിലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടയെന്ന തീരുമാനം സർവകലാശാല ഭരണസമിതി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ് എന്നറിയിക്കാമോ?

(ബി&സി) കേരള കാർഷിക സർവകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലിഭാരത്തിൽ കാര്യമായ വ്യതിയാനം കണ്ടതിനാൽ അത് വിലയിരുത്തുന്നതിനായി വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കുകയും ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്ന നടപടികൾ പൂർത്തിയാക്കുന്നതുവരെ അധിക തസ്തികകൾ ഒഴിവാക്കുന്നതിനായി ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാനും 05-01-2024-ലെ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

എല്ലാ സർവകലാശാലകളും കാലാകാലം ജീവനക്കാരുടെ സംഖ്യ പുനർനിർണ്ണയിക്കുകയും അധിക തസ്തികകൾ ഒഴിവാക്കുകയും ചെയ്തുവരുന്നു. എം.ജി. സർവകലാശാലയുടെ 26-10-2023-ലെ 10896/ADA1/2023/എം.ജി.യു. ഉത്തരവുപ്രകാരം അനധ്യാപക പ്രവേശന തസ്തികകളുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി. ലിസ്റ്റ് നിലനിൽക്കെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അനധ്യാപക ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്നതിനായി വൈസ് ചാൻസിലർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും നിരീക്ഷണങ്ങളും അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ട കമ്മിറ്റിയുടെ കാലാവധിയും സഹിതമുള്ള വിശദവിവരങ്ങൾ നൽകാമോ?

അനധ്യാപക വിഭാഗം ജീവനക്കാരുടെ ജോലിഭാരം വിലയിരുത്താനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർവകലാശാല ഭരണസമിതിയുടെ പരിഗണനയിലാണ്. സർവകലാശാലാതലത്തിൽ നടപടി പൂർത്തിയാക്കിയാൽ മാത്രമെ സർക്കാരിന് ഇത് പരിശോധിക്കേണ്ടതുള്ളൂ.

(ഇ) കാറ്റഗറി നമ്പർ 486/2022 പ്രകാരം വന്ന റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നിരിക്കെ പ്രസ്തുത തസ്തികയിലേയ്ക്ക് (യൂണിവേഴ്സിറ്റി അസിസ്റ്റന്റ്) പി.എസ്.സി. മുഖാന്തരം നിയമനം നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്താതിരിക്കാൻ

സർക്കാർതലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇത്തരം നിയമന നിരോധനംകൊണ്ട് ലിസ്റ്റിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികൾക്കുണ്ടാകുന്ന നഷ്ടം, തൊഴിലില്ലായ്മ എന്നിവ പ്രസ്തുത വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ?

നിയമനം നടത്താതിരിക്കാൻ സർവകലാശാല തീരുമാനിച്ചിട്ടില്ല. മറിച്ച് ആകെ വേണ്ട തസ്തികകൾ പുനർനിശ്ചയിക്കാനുള്ള നടപടിയാണ് സർവകലാശാല സ്വീകരിച്ചിട്ടുള്ളത്.

(എഫ്) സർവകലാശാല ഭരണസമിതി പുനഃസംഘടിപ്പിക്കുകയെന്ന കോടതി നിർദേശം ഒരു മാസത്തിനുള്ളിൽ പ്രാവർത്തികമാക്കണമെന്നിരിക്കെ സർവകലാശാല നടത്തിയ ഭരണസംബന്ധമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെറിയിക്കാമോ?

ഡോ. സുരേഷ് കുമാർ പി.കെ.-യും മറ്റുള്ളവരും ഫയൽ ചെയ്ത WP (C) No. 27149/2024 നമ്പർ റിട്ട് പെറ്റീഷനിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 30-08-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം ടി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ കേരള കാർഷിക

സർവകലാശാല ഭരണസമിതിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം ആദ്യഘട്ടമായ സമ്മതിദായകപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച കെ.എ.യു.ജി.എ./8288/2024-ജി.എ.-ജി1 നമ്പർ വിജ്ഞാപനം 28-09-2024-ൽ ദിനപത്രങ്ങളിലും സർവകലാശാലയുടെ ഔദ്യോഗിക വൈബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിപാസ് (C-PAS)

86(1663) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.ജി. യൂണിവേഴ്സിറ്റിയുടെ സ്വാശ്രയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സിപാസ് (സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്) മായി

ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലുമുള്ള വ്യവഹാരങ്ങൾക്ക് അഭിഭാഷക ഫീസിനത്തിലും യാത്രാബത്ത ഇനത്തിലും അഭിഭാഷകർക്കും യൂണിവേഴ്സിറ്റി അധികൃതർക്കുമായി എത്ര രൂപ സർവകലാശാല ഫണ്ടിൽനിന്നും ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ബഹു. സുപ്രീംകോടതിയിൽ സിപാസ് സംബന്ധിയായ വ്യവഹാരങ്ങൾക്ക് അഡ്വക്കേറ്റ്സിന് എം.ജി. സർവകലാശാല നൽകിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ബഹു. ഹൈക്കോടതി സ്റ്റാൻഡിങ് കൗൺസിലിന് സിപാസ് സംബന്ധിയായ വ്യവഹാരത്തിൽ എം.ജി. സർവകലാശാല 2017 മുതൽ 2024 വരെ ഫീസിനത്തിൽ ആകെ 1,64,41,598/- രൂപ നൽകിയിട്ടുണ്ട്.

നാല് വർഷ ബിരുദ കോഴ്സ്

87(1664) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിദ്യാർഥികൾക്ക് അക്കാദമിക്, കരിയർ അഭിരുചികൾക്കനുസൃതമായി ഇഷ്ടവിഷയങ്ങളുടെ കോമ്പിനേഷനുകൾ തിരഞ്ഞെടുത്ത് പഠിക്കാനുതകുന്ന രീതിയിൽ നടപ്പിലാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാമിൽ വിദ്യാർഥികൾ ആവശ്യപ്പെട്ട കോമ്പിനേഷനുകൾ കോളേജുകൾ നൽകാത്തതായുള്ള പരാതികൾ ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ആവശ്യമായ കോമ്പിനേഷനുകൾ നൽകാതെ നിലവിൽ കോളേജുകളിലുള്ള വിഷയങ്ങൾ മാത്രം തിരഞ്ഞെടുക്കണമെന്ന നിബന്ധന വിദ്യാർഥികൾക്കുമേൽ അടിച്ചേൽപ്പിച്ചാൽ നാലുവർഷ ബിരുദ കോഴ്സുകൾക്ക് എല്ലാ കോളേജുകളിലും ഒരേ നിലവാരം ഉറപ്പാക്കുന്നതിന് സാധ്യമല്ലെന്ന് കണ്ട് ഈ പ്രശ്നത്തിന് വേഗത്തിൽ പരിഹാരം കണ്ടെത്തുമോ?

(എ&ബി) ഇത്തരത്തിലുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല. മൂന്നുവർഷ ബിരുദം ആണെങ്കിലും നാലുവർഷ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ആണെങ്കിലും ഈ ബിരുദങ്ങൾ ഓരോന്നും സ്വന്തം താൽപര്യമനുസരിച്ച് രൂപകൽപന ചെയ്യാൻ പഠിന്ന തരത്തിലുള്ള വഴക്കം

(ഫ്ലെക്സിബിലിറ്റി) പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന കരിക്കുലംപ്രകാരം താൽപര്യമുള്ള മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ വിദ്യാർഥിക്കും സാധിക്കും. ഈ തിരഞ്ഞെടുപ്പിനനുസരിച്ച് വിദ്യാർഥികളുടെ ഡിഗ്രിയുടെ ഘടനയിലും മാറ്റങ്ങളുണ്ടാവും. ഒരേ വിഷയത്തിൽ മേജർ ചെയ്യുന്ന വിദ്യാർഥികൾക്ക് വ്യത്യസ്തമായ മൈനർ പാത്ത് വേകൾ സ്വീകരിക്കാൻ കഴിയും. ഇത്തരത്തിൽ മേജർ/മൈനർ വിഷയങ്ങൾ തീരുമനിച്ചതിനുശേഷം ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത് വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത് വേകളിൽക്കൂടി ബിരുദപഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താൽപര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത് വേയുടെ

ഭാഗമാക്കാൻ കഴിയും. അതായത് പുതിയ രീതിയിൽ ഒരേ ക്ലാസ്സിൽ പലതരത്തിലുള്ള ബിരുദങ്ങൾക്ക് പഠിക്കുന്ന വിദ്യാർഥികളുണ്ടാകും. ഓരോരുത്തരുടെയും അഭിരുചികളും അഭീഷ്ടങ്ങളുമായിരിക്കും അതിനടിസ്ഥാനം. ഓരോ പാത്ത് വേകൾക്കകത്തും തനിക്കുവേണ്ട ബിരുദ ഘടന രൂപകൽപന ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ലഭിക്കുന്നു.

(സി) നാലുവർഷ ബിരുദ കോഴ്സ് നടപ്പിലാക്കുന്നതിനുമുമ്പ് ഇതുമായി ബന്ധപ്പെട്ട് ഉളവാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരങ്ങൾ നിർദേശിക്കാനും ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നോ; ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണെന്നുകണ്ട് പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ഇവയിൽ ഡോ. ശ്യാം ബി. മേനോൻ അധ്യക്ഷനായ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ' മുന്നോട്ടുവച്ച

കരിക്കുലം പരിഷ്കരണ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായുള്ള 'കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച കരിക്കുലം കമ്മിറ്റിയാണ് നാലുവർഷ ബിരുദ പദ്ധതിയുടെ കരിക്കുലം ചട്ടക്കൂട് ആവിഷ്കരിച്ചത്.

കൂടാതെ, നാലുവർഷ ബിരുദ കോഴ്സിന്റെയും പരീക്ഷകളുടെയും പരാതിരഹിതമായ നടത്തിപ്പിന് വൈസ് ചാൻസിലർമാരുൾപ്പെട്ട ഒരു മോണിറ്ററിങ് കമ്മിറ്റിയും സർവകലാശാല രജിസ്ട്രാർമാരുൾപ്പെട്ട ഒരു പരാതി പരിഹാര കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പ് കോവിഡ് കാലത്ത് നടത്തിയ ഗവേഷണ പഠനം

88(1665) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പി4/29092/2019/കോളേ. ഇഡിഎൻ. എന്ന ഉത്തരവിൻപ്രകാരം കോളേജ് വിദ്യാർഥികൾക്കിടയിൽ 'കോവിഡ്-19 കാലഘട്ടം കേരളത്തിലെ കോളേജ് വിദ്യാർഥികളുടെ അക്കാദമികവും മനോസാമൂഹികവുമായ അവസ്ഥ' എന്ന പേരിൽ നടത്തിയ ഗവേഷണ പഠനം എഥിക്സ് കമ്മിറ്റിയുടെ അനുമതിയില്ലാതെ നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ പഠനം നടത്തുന്നതിന് എഥിക്സ് കമ്മിറ്റിയുടെ അനുവാദം കർശനമായി വേണമെന്ന് കേന്ദ്രസർക്കാർ മാർഗനിർദേശം നിലവിലിരിക്കെ ചട്ടവിരുദ്ധമായി ഗവേഷണ പഠനം നടത്തിയതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്-19 വ്യാപനത്തിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ സമാന്തര സംവിധാനമെന്ന നിലയിലാരംഭിച്ച ഓൺലൈൻ പഠനത്തിന്റെയും ഡിജിറ്റൽ ക്ലാസുകളുടെയും പ്രാപ്യത, പ്രയോജനം, അത് വിദ്യാർഥികളിലും

അധ്യാപകരിലുമുണ്ടാക്കിയ സാമൂഹിക, സാമ്പത്തിക, മാനസിക സ്വാധീനം എന്നിവ സംബന്ധിച്ച് നടത്തിയതാണ് സൂചിതമായ പഠനം. ഇതൊരു ഗവേഷണമായിരുന്നില്ല. ഗവേഷകരോ ഫണ്ടോ പ്രോജക്ടോ ഇതിലുണ്ടായിരുന്നില്ല. സർക്കാരിന് സാമ്പത്തിക ബാധ്യതകൾ വരുത്താതെ നടത്തിയൊരു ഓൺലൈൻ സർവെയധിഷ്ഠിത പ്രാഥമിക വസ്തുതാ പഠനമായിരുന്നു. അത്തരമൊരു സർവെ ഓൺലൈനായി നടത്തുമ്പോൾ സാധ്യമായ ഇൻഫോംഡ് കൺസെന്റ്, വോളന്ററി പങ്കാളിത്തം, സ്വകാര്യത തുടങ്ങിയ എല്ലാ എത്തിക്കൽ മുൻകരുതലുകളും ഈ പഠനത്തിൽ പാലിച്ചിട്ടുണ്ട്. വിദ്യാർഥികൾക്കിടയിലെ പഠനോപകരണങ്ങളുടെ ലഭ്യത, അവരുടെ ഓൺലൈൻ പഠനാനുഭവം, വിദ്യാർഥികൾ അനുഭവിച്ച മാനസിക ബുദ്ധിമുട്ടുകൾ, അവരുടെ സഹായം തേടാനുള്ള സന്നദ്ധത തുടങ്ങി അടിയന്തരശ്രദ്ധ വേണ്ടതായ വിഷയങ്ങൾ ഈ പഠനം വെളിച്ചത്ത് കൊണ്ടുവന്നിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ കോളേജ് വിദ്യാർഥികൾക്കുവേണ്ടി നടപ്പിലാക്കുന്ന മാനസികാരോഗ്യ പരിപാടി വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിന്റെ നടത്തിപ്പിനെ സംബന്ധിച്ച്

പരാതി ഉയർന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും തൃപ്തികരമായ മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗം

89(1666) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസ രംഗം മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

20-04-2023-ലെ സ.ഉ. (സാധാ) നമ്പർ 576/2023/ഉ.വി.വ., 23-08-2023-ലെ സ. ഉ. (സാധാ) നമ്പർ 1318/2023/ഉ.വി.വ. എന്നിവ പ്രകാരം KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the Campus of the University of Kerala)

2. Centre of Excellence in Neurodegeneration and Brain Health (in the campus of Cochin University of Science and Technology)

3. Centre of Excellence in Nanoscience & Nanotechnology (in the Campus of Mahatma Gandhi University)

കൂടാതെ, 22-07-2024-ലെ സ.ഉ. (സാധാ) നമ്പർ 897/2024/ഉ.വി.വ. പ്രകാരം ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Centre of excellence for Teaching, Learning and Training
2. Kerala Institute for Science, Technology and Innovation (KISTI)
3. Kerala Institute of Advanced Studies (KIAS)
4. Kerala Network for Research-support in Higher Education (KNRSHE)
5. Centre for Indigenous Peoples Education (CIPE)
6. The Kerala Institute for Gender Equality (KIGE)
7. Kerala Language Network (KLN)

കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല, കുസാറ്റ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

സർവകലാശാലകൾക്ക് പ്ലാൻ ഫണ്ട്

90(1667) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ സർവകലാശാലയ്ക്കും ഈ വർഷം ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിനത്തിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിനകം എത്ര രൂപ സർവകലാശാലകൾക്ക് കൈമാറി?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്ലാൻ ഫണ്ട് 50 ശതമാനമായി വെട്ടിക്കുറയ്ക്കാനും അതനുസരിച്ച് പുതുക്കിയ പ്രൊപ്പോസലുകൾ നൽകാനും സർവകലാശാലകൾക്ക് നിർദേശം നൽകിയിട്ടുണ്ടോ?

പുതുക്കിയ പ്രൊപ്പോസലുകൾ നൽകാൻ സർവകലാശാലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിലെ വികസന പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

91(1668) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മാർച്ച് നാല്, 2024 ജനുവരി പതിനാറ്, 2024 ഫെബ്രുവരി പതിനാറ്, 2024 ജൂൺ പതിനെട്ട് എന്നീ തീയതികളിൽ നടന്ന ചടങ്ങിൽ കാലിക്കറ്റ് സർവകലാശാലയിൽ ഉദ്ഘാടനം നിർവഹിക്കപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) മേൽ പദ്ധതികളിൽ പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ആരംഭിക്കാനിരിക്കുന്നതുമായ മുഴുവൻ പദ്ധതികളുടെയും പ്രസ്തുത പദ്ധതികൾക്കോരോന്നിനും വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ പദ്ധതികൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കോരോന്നിനും നാളിതുവരെ വിനിയോഗിച്ച തുകയുടെയും സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമായ ഗ്രാന്റിന്റെ വിശദാംശങ്ങളും ഏത് ഫണ്ടിൽ (പ്ലാൻ/നോൺ പ്ലാൻ/തനത്/മറ്റുള്ളവ) നിന്നാണ് തുക ചെലവഴിച്ചത് എന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) മേൽ പദ്ധതികളിലൂടെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഉദ്ഘാടനം കഴിഞ്ഞ് നാളേറെ കഴിഞ്ഞിട്ടും ഇപ്പോഴും നിർദിഷ്ട ഉപയോഗത്തിന് തുറന്നുകൊടുക്കാതെ ശേഷിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. Internal Quality Assurance Cell & Directorate of Research എന്നിവയ്ക്കുവേണ്ടി നിർമ്മിച്ച കെട്ടിടമൊഴികെ ബാക്കിയെല്ലാം ഉപയോഗിക്കുന്നുണ്ട്. Internal Quality Assurance Cell & Directorate of Research എന്നിവയ്ക്കുവേണ്ടി നിർമ്മിച്ച കെട്ടിടം ഭാഗികമായി ഉപയോഗിക്കുന്നുണ്ട്.

(ഇ) മേൽ പദ്ധതികളുടെ പൂർത്തീകരണത്തിന് ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടോയെന്നും അല്ലെങ്കിൽ കൂടുതലായി ഇനിയും തുക ചെലവഴിക്കേണ്ടി വരുമോയെന്നും വിശദമാക്കാമോ?

ഡി.പി.ആർ., എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത പദ്ധതികളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും മെഷിനറികൾ, ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം, വിതരണം എന്നിവ ഏറ്റെടുത്ത് നടത്തിയതുമായ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരുടെ വിശദാംശങ്ങളും പ്രസ്തുതയിനത്തിൽ സർവകലാശാലയിൽനിന്നും അവർക്കനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഹരിത ക്യാമ്പസ് പദ്ധതിയുടെ പുരോഗതി

92(1669) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കോളേജുകളിലാണ് ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. തുടങ്ങിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ കോളേജുകളിലും ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് കോളേജുകളിൽ നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

ഹരിത ക്യാമ്പസ് പദ്ധതിപ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ വിവിധ കോളേജുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) ഹരിത ക്യാമ്പസ് പദ്ധതി സംസ്ഥാനത്ത് എല്ലാ കോളേജുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഹരിത ക്യാമ്പസ് പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ കോളേജുകളിലും കൂടുതൽ കാര്യക്ഷമതയോടെയും പൊതുജന പങ്കാളിത്തത്തോടെയും വരുംനാളുകളിൽ നടപ്പിലാക്കുന്നതാണ്.

നാലുവർഷ ബിരുദ പ്രോഗ്രാം

93(1670) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഈ അക്കാദമിക വർഷം മുതൽ നടപ്പാക്കിയ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സിലബസുകൾ മുഴുവനും എല്ലാ സർവകലാശാലകളും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രൊഫ. ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശകൾപ്രകാരമാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സിലബസുകൾ അതത് സർവകലാശാലകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷകൾ നവംബറിൽ ആരംഭിക്കാനിരിക്കെ പാഠപുസ്തകങ്ങൾ പൂർണ്ണമായും തയ്യാറായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ബിരുദ കോഴ്സുകൾക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും സർവകലാശാലകൾ നേരിട്ട് പ്രസിദ്ധീകരിക്കാറില്ല. എല്ലാ സർവകലാശാലകളും അവരുടെ കോഴ്സുകൾക്കാവശ്യമായ റഫറൻസ് ബുക്കുകളുടെയും ഓൺലൈൻ അടക്കമുള്ള മറ്റ് വിഭവങ്ങളുടെയും പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിനുമുമ്പ് കെ-റീപ് സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിദ്യാർഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണവും പരീക്ഷാ ഫലപ്രഖ്യാപനവുംവരെയുള്ള സർവകലാശാല അക്കാദമിക ഭരണ പരീക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകരമായ കേരള റിസോഴ്സസ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (K-Reap) സോഫ്റ്റ്വെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ സർവകലാശാലതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള സംസ്ഥാനതല പ്രോജക്ട് മോണിറ്ററിങ് യൂണിറ്റ് (PMU) ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർവകലാശാലകളിലും കെ-റീപ് പ്രവർത്തനത്തിനായി

സർവകലാശാല PMU രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനമായ അസാപ് കേരളയുടെ സഹകരണത്തോടുകൂടിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ കെ-റീപ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നത്. സർവകലാശാലകളെ പങ്കെടുപ്പിച്ചുകൊണ്ട് കെ-റീപ് സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

ഒന്നാം സെമസ്റ്റർ പരീക്ഷകൾ സർവകലാശാലകളിൽ നിലവിലുള്ള സംവിധാനങ്ങളുപയോഗിച്ച് പൂർത്തീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. രണ്ടാം സെമസ്റ്റർ മുതൽ എല്ലാ സർവകലാശാലകളും കെ-റീപിന്റെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി കാലിക്കറ്റ് സർവകലാശാലയിൽ നടത്തിയ പ്രവൃത്തികൾ

94(1671) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ. (കെ.നരസിംഹ റെഡ്ഡി കൺസ്ട്രക്ഷൻ

കമ്പനി) കൺസ്ട്രക്ഷൻ കമ്പനിക്ക് കാലിക്കറ്റ് സർവകലാശാലയുടെ ഭൂമി ഉപയോഗിക്കാൻ അനുമതി നൽകിയതിന് പകരമായി പ്രസ്തുത കമ്പനി സർവകലാശാലയിൽ ഏറ്റെടുത്ത് നടത്തിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ?

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി (കെ. നരസിംഹ റെഡ്ഡി കൺസ്ട്രക്ഷൻ കമ്പനി)-ക്ക് കാലിക്കറ്റ് സർവകലാശാലയുടെ ഭൂമി ഉപയോഗിക്കാൻ അനുമതി നൽകിയതിനുപകരമായി താഴെപ്പറയുന്ന രണ്ട് നിർമ്മാണ പ്രവൃത്തികളാണ് കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്.

1. നാഷണൽ ഹൈവേയിൽനിന്ന് യൂണിവേഴ്സിറ്റിയുടെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലേയ്ക്ക് പുതിയ നാലുവരി പാത നിർമ്മാണം.

2. നാഷണൽ ഹൈവേയിൽനിന്ന് യൂണിവേഴ്സിറ്റിയുടെ പഴയ പ്രധാന ഗേറ്റ് മുതൽ യൂണിവേഴ്സിറ്റി എ.ഡി. ബ്ലോക്ക് വരെ നിലവിലുള്ള റോഡിന്റെ റീടാറിങ്.

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) കാലിക്കറ്റ് സർവകലാശാല കാമ്പസിലെ ജലക്ഷാമം പരിഹരിക്കാൻ രണ്ടേക്കർ സ്ഥലത്ത് പുതിയ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിന് 10-05-2024-ന് ചേർന്ന സർവകലാശാല സിൻഡിക്കേറ്റ് യോഗം മുമ്പാകെ സർവകലാശാല എഞ്ചിനീയറിങ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ പകർപ്പുകൾ (സർവകലാശാല ഡ്രോട്സ്മാൻ എഞ്ചിനീയർ സമർപ്പിച്ച 20-04-2024-ലെ 214590/ഇഎൻജി.ഡി.ഐ.വി.-ഹെഡ്-ഡ്രോട്സ്മാൻ/2021/എ.ഡി.എം. എൻ. നമ്പർ കുറിപ്പ് ഉൾപ്പെടെയുള്ളവയുടെ പകർപ്പ്) സഹിതം ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാല കാമ്പസിലെ ജലക്ഷാമം പരിഹരിക്കാൻ രണ്ടേക്കർ സ്ഥലത്ത് പുതിയ മഴവെള്ള സംഭരണി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 11-07-2024-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത വിഷയം അംഗീകരിക്കുകയും ആയത് 15-07-2024-ലെ U. O. No. 11161/2024/Admn നമ്പർ ഉത്തരവുപ്രകാരം സർവകലാശാലയിൽ

നടപ്പിലാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിക്കായി സർവകലാശാല എഞ്ചിനീയറിങ് വിഭാഗം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(സി) നിർദിഷ്ട മഴവെള്ള സംഭരണി നിർമ്മാണം മണ്ണ് സൗജന്യമായി വിട്ടുനൽകാമെന്ന വ്യവസ്ഥയിൽ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത മഴവെള്ള സംഭരണി നിർമ്മാണവുമായി ബന്ധപ്പെട്ട് സർവകലാശാല എഞ്ചിനീയറിങ് വിഭാഗം, ആസൂത്രണ-വികസന വിഭാഗം എന്നിവയിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ ഫയലുകളുടെയും വിശദാംശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

മഴവെള്ള സംഭരണി നിർമ്മിക്കുമ്പോൾ ലഭ്യമാകുന്ന മണ്ണ് സൗജന്യമായി വിട്ടുനൽകാമെന്ന വിഷയം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിയുമായി വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചർച്ച നടത്താൻ 31-05-024-ലെ U. O. No. 8578/2024/Admn പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനെത്തുടർന്ന് 05-07-2024-ൽ പ്രസ്തുത യോഗം ചേരുകയും സർവകലാശാലയും കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചതിനുശേഷം മഴവെള്ള സംഭരണിക്കായി കുളം നിർമ്മാണമാരംഭിക്കാൻ തീരുമാനമുണ്ടാവുകയും ചെയ്തു. 11-07-2024-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ പ്രസ്തുത തീരുമാനം അംഗീകരിക്കുകയും ആയത് 15-07-2024-ലെ U. O. No. 11161/2024/Admn നമ്പർ ഉത്തരവുപ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് സർവകലാശാലാ ആസൂത്രണ-വികസന വിഭാഗം, എഞ്ചിനീയറിങ് വിഭാഗം എന്നിവ കൈകാര്യം ചെയ്ത നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) നിർദിഷ്ട മഴവെള്ള സംഭരണി നിർമ്മാണവുമായി ബന്ധപ്പെട്ട്, 05-07-2024-ന് ചേർന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി അധികൃതരുടെയും സർവകലാശാല അധികാരികളുടെയും യോഗത്തിന്റെ മിനിട്സ് പകർപ്പ്, തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കാമോ; സർവകലാശാല ക്യാമ്പസിൽ നിലവിലുള്ള ഉപയോഗശൂന്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിണറുകളുടെയും മഴവെള്ള സംഭരണികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ?

നിർദിഷ്ട മഴവെള്ള സംഭരണി നിർമ്മാണവുമായി ബന്ധപ്പെട്ട് 05-07-2024-ന് ചേർന്ന കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനി അധികൃതരുടെയും സർവകലാശാല അധികാരികളുടെയും യോഗത്തിന്റെ മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവയുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

ക്യാമ്പസിൽ നിലവിലുള്ള മഴവെള്ള സംഭരണികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

- ബൊട്ടാണിക്കൽ ഗാർഡനിലെ കുളങ്ങൾ ഭൂജല സംപോഷണത്തിനായി നിർമ്മിച്ചിട്ടുള്ളവയാണ്. സെമിനാർ കോംപ്ലക്സ്, മെൻസ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ കിണറുകളിൽ മഴവെള്ളമെത്തിക്കാനുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ഭരണവിഭാഗം കെട്ടിടം, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ, സ്പോർട്സ് ഡോർമിറ്ററി എന്നിവിടങ്ങളിൽ മഴവെള്ള സംഭരണത്തിനായി ഭൂഗർഭ സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ കിണറുകളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

ടീച്ചേഴ്സ് ഫ്ലാറ്റിനടുത്തുള്ള കിണർ, MEMS സ്കൂളിനുമുന്നിലുള്ള കിണർ, ലാംഗ്വേജ് ബ്ലോക്കിനുപിന്നിലുള്ള കിണർ, ജെ 16 ക്വാർട്ടേഴ്സിനുസമീപമുള്ള കിണർ, വില്ലുന്നിയാൽ ക്ഷേത്രത്തിനുപിന്നിലുള്ള മൂന്ന് കിണറുകൾ, H 41 ക്വാർട്ടേഴ്സിനുപിന്നിലുള്ള കിണർ, CIE-ക്ക് പിന്നിലുള്ള കിണർ എന്നിവയാണ് നിലവിൽ ഉപയോഗശൂന്യമായ കിണറുകൾ.

(ഇ) സർവകലാശാലയുടെ ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന ചെങ്കല്ലിന്റെ ലഭ്യത സുലഭമാണെന്നിരിക്കെ നിർമ്മാണ സ്ഥലത്തെ മണ്ണ് സൗജന്യമായി വിട്ടുനൽകാമെന്ന വ്യവസ്ഥയിൽ മാത്രമായി കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് നിർദിഷ്ട മഴവെള്ള സംഭരണി നിർമ്മാണം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലത്തുനിന്നും കമ്പനി

ചെങ്കല്ല് ഖനനം ചെയ്തെടുക്കുകയാണെങ്കിൽ ആയത് തടയുന്നതിനും സർവകലാശാലയ്ക്കുണ്ടായേക്കാവുന്ന ഭീമമായ സാമ്പത്തിക നഷ്ടം നികത്തിയെടുക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗങ്ങൾ വിശദമാക്കാമോ?

മണ്ണ് സൗജന്യമായി നൽകാമെന്ന വ്യവസ്ഥയിൽ മാത്രമായിട്ടല്ല കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് മഴവെള്ള സംഭരണിയുടെ നിർമ്മാണം നടത്താൻ അനുമതി നൽകിയത്. മഴവെള്ള സംഭരണിയുടെ ചുറ്റും നടപ്പാതയും ചെയിൻ ലിങ്ക് ഫെൻസിങ്ങും കൈവരിയും നിർമ്മിച്ചുനൽകാനും വ്യവസ്ഥയുണ്ട്. പ്രസ്തുത സ്ഥലത്തുനിന്നും ചെങ്കല്ല് ഖനനത്തിന് അനുമതി നൽകിയിട്ടില്ല. എഞ്ചിനീയറിങ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടക്കുക.

(എഫ്) മഴവെള്ള സംഭരണി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ ചെങ്കല്ല് വെട്ടിയെടുക്കുന്നതിന് ടെൻഡർ മുഖേന മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തുകയാണെങ്കിൽ അതുമൂലം സർവകലാശാലയ്ക്ക് ഭീമമായ തുക സ്വരൂപിക്കാൻ കഴിയുമെന്നതും അതിനുശേഷം പ്രസ്തുത സ്ഥലം മഴവെള്ള സംഭരണിയായി മാറ്റുന്നതിന് വളരെ കുറഞ്ഞ തുകയുടെ

ആവശ്യമേയുള്ളൂവെന്നതും പരിഗണിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

മഴവെള്ള സംഭരണി നിർമ്മിക്കുന്ന സ്ഥലത്തുനിന്നും ലഭിക്കുന്ന മണ്ണും കല്ലും വില്പന നടത്തുന്നതിലൂടെ ലഭിക്കാൻ സാധ്യതയുള്ള ഏകദേശ വരുമാനവും സംഭരണിയുടെയും അനുബന്ധ നിർമ്മിതികളുടെയും ഏകദേശ നിർമ്മാണച്ചെലവും താരതമ്യം ചെയ്യുമ്പോൾ സർവകലാശാലയ്ക്ക് ലാഭകരമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് സർവകലാശാലയ്ക്ക് സാമ്പത്തിക ബാധ്യതയുണ്ടാകാത്ത രീതിയിൽ മഴവെള്ള സംഭരണിയും അനുബന്ധ നിർമ്മിതികളും കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിയെക്കൊണ്ട് നിർമ്മിക്കാൻ സർവകലാശാല തീരുമാനിച്ചത്.

ഗവൺമെന്റ് കോളേജ് കോടഞ്ചേരി – കിഫ്ബി ഫണ്ട്

95(1672) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുമോ?

(എ&ബി) കോടഞ്ചേരി സർക്കാർ കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിനായി ആദ്യം കണ്ടെത്തിയ സൈറ്റിന് മാറ്റമുണ്ടായതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മണ്ണ് പരിശോധന അടക്കമുള്ള കൂടുതൽ പഠനങ്ങൾ നടത്തേണ്ടതായി വന്നു. അതിനുശേഷം പദ്ധതി നിർവഹണ ഏജൻസിയായ KITCO പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്.

ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനം

96(1673) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തൊഴിൽ സാഹചര്യങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൈപുണ്യവിടവ് നികത്തുന്നതിന് വ്യവസായ സംബന്ധിയായ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ ശേഷി വികസനത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അസാപ് കേരള വഴി നൈപുണ്യ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു. വിദ്യാർഥികളുടെ പഠനമേഖലയുമായി ബന്ധപ്പെട്ട് കഴിവുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന ശിൽപശാലകൾ കോളേജുകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. സർക്കാർ കോളേജുകളിൽ ഇത്തരത്തിലുള്ള ശില്പശാലകൾ നടത്തുന്നതിന് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ വകുപ്പ് നൽകിവരുന്നു.

കാലിക്കറ്റ് സർവകലാശാലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൈപുണ്യവിടവ് നികത്തുന്നതിന് സഹായകമായ ബി വോക് പോലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ, പ്രോഗ്രാം - ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാം, കൊമേർഷ്യൽ ടിഷ്യൂകൾചർ ഓഫ് അഗ്രി ഹോർട്ടിക്കൾചറൽ ക്രോപ്സ് പ്രോഗ്രാം എന്നീ പ്രോജക്ട് മോഡ് കോഴ്സുകൾ കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. കേരള സർവകലാശാലയിൽ നൈപുണ്യ വികസന കോഴ്സുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻഡസ്ട്രി വിസിറ്റ്, ഇന്റേൺഷിപ്പ് തുടങ്ങിയവ നിർബന്ധമാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ Directorate of Applied Short Term Programmes (DASP)-ൽ നിലവിൽ 55 കോഴ്സുകൾക്ക് അക്കാദമിക് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഇവ കൂടാതെ വിദേശഭാഷ കോഴ്സുകളും Certificate Programme in Advanced Robotic Design, Certificate

Programme in Electric Vehicle Design തുടങ്ങി നൂതനവും തൊഴിൽ സാധ്യതയുമേറിയ കോഴ്സുകളും തുടങ്ങാൻ തത്വത്തിൽ ധാരണയായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഈ അധ്യയനവർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ സ്കിൽ കോഴ്സുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ സജ്ജരാക്കുന്നതിന് ബന്ധപ്പെട്ട സ്കിൽ ട്രെയിനിങ് കോളേജുകൾ നാലുവർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനായി സർക്കാർ നിലവിൽ കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരം സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ നിർബന്ധമാക്കിയിട്ടുണ്ട്.

കേരള സർവകലാശാല ഫൗണ്ടേഷൻ കോഴ്സുകളിൽ ഇതിനുവേണ്ടി പ്രത്യേക ക്രെഡിറ്റ് ബാസ്കറ്റ് സൃഷ്ടിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള റെഗുലേഷൻസിൽ Skill Enhancement Courses (SEC) എല്ലാ പ്രോഗ്രാമുകളിലും നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ പഠിതാവിന് മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളുടെയും (എം.ഒ.ഒ.സി.) ഡിജിറ്റൽ പഠന പ്ലാറ്റ്ഫോമിൽനിന്നോ നൽകിയിട്ടുള്ള വിവിധ മേഖലകളിലെ കോഴ്സുകളിൽനിന്നോ സ്കിൽ കോഴ്സ് 3, 4 സെമസ്റ്ററുകളിൽ തിരഞ്ഞെടുക്കാവുന്നതാണ്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ ബി ടെക് പുതിയ പാഠ്യപദ്ധതിയിൽ K-DISC, സ്റ്റാർട്ടപ്പ് മിഷൻ, NASSCOM തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോട് കൂടിച്ചേർന്ന് വിദ്യാർഥികളുടെ സൗഹൃദ നൈപുണ്യ വികസന കോഴ്സുകൾ നടത്തുന്നതിനും Health & Wellness, സോഷ്യലി റെലവന്റ് പ്രോജക്ട് പോലുള്ള നൈപുണ്യ വികസന കോഴ്സുകളിലൂടെ മൂന്ന് ക്രെഡിറ്റ് വരെ നേടുന്നതിനുമുള്ള അവസരം പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ പ്രൊഫഷണൽ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് വിവിധ കോഴ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ASAP, CCEK, ICTAK പോലുള്ള ഏജൻസികളെ സർക്കാർ നേരിട്ട് ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സർവകലാശാല അസാപുമായി സഹകരിച്ച് നൈപുണ്യവികസന പ്രോഗ്രാമുകൾ വിപുലമാക്കുന്നതിന് ധാരണാപത്രം ഒപ്പിടുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയ്ക്കുകീഴിലുള്ള അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുളിൽ Keltron, IHRD എന്നീ ഏജൻസികളുമായി സഹകരിച്ച് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും ഊന്നൽ നൽകുന്നതിന്റെ

ഭാഗമായി ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ബി.എ. നാനോ എന്റർപ്രണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ഐ.സി.ടി. അക്കാദമി, കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് പോലുള്ള മേഖലകൾക്ക് ഊന്നൽ നൽകുന്ന നൈപുണ്യ അധിഷ്ഠിത സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല ബി ടെക് പുതിയ പാഠ്യപദ്ധതിയിൽ K-DISC, സ്റ്റാർട്ടപ്പ് മിഷൻ, NASSCOM തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോട് കൂടിച്ചേർന്ന് വിദ്യാർഥികളുടെ സൗഹൃദ നൈപുണ്യ വികസന കോഴ്സുകൾ നടത്തുന്നതിനും Health & Wellness, സോഷ്യലി റെലവന്റ് പ്രോജക്ട്സ് പോലുള്ള നൈപുണ്യ വികസന കോഴ്സുകളിലൂടെ മൂന്ന് ക്രെഡിറ്റ് വരെ നേടുന്നതിനുമുള്ള അവസരം പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ഞൂറിലധികം സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിങ് (CSDCCP) സെന്ററുകൾ അസാപ് കേരളയുടെയും കെൽട്രോണിന്റെയും നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

റൂസ പദ്ധതി

97(1674) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'റൂസ' പദ്ധതിയുടെ പുതിയ ഘട്ടമായ 'പി.എം. ഉഷ' നടപ്പിലാക്കുന്നതിന് ഫോക്കസ് ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

1. കുറഞ്ഞ നിരക്കിലുള്ള ജെൻഡർ ഇക്വാളിറ്റി റേഷ്യോ,
2. എസ്.സി. ജനസംഖ്യാ അനുപാതം,
3. എസ്.ടി. ജനസംഖ്യാ അനുപാതം,
4. ഒ.ബി.സി. ജനസംഖ്യാ അനുപാതം,
5. ജെൻഡർ പാരിറ്റി ഇൻഡക്സ്,

6. സ്ത്രീ ജനസംഖ്യ അനുപാതം,

7. മൂന്നാംലിംഗ ജനസംഖ്യ അനുപാതം,

8. അഭിലഷണീയമായ ജില്ല,

9. നക്സലിസ്റ്റ് ബാധിത ജില്ല,

10. അതിർത്തി പ്രദേശമുള്ള ജില്ല

എന്നിവയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 10 മാനദണ്ഡങ്ങളിൽ അനുയോജ്യമായവ സംസ്ഥാന സർക്കാർതലത്തിൽ തീരുമാനിച്ച് ജില്ലകളെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഫോക്കസ് ജില്ലകളായി തിരഞ്ഞെടുക്കപ്പെട്ട ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളാണ് ഫോക്കസ് ജില്ലകളായി തിരഞ്ഞെടുത്തിട്ടുള്ളത്.

(സി) ഉന്നത വിദ്യാഭ്യാസരംഗത്തും മറ്റുമുള്ള പിന്നാക്കാവസ്ഥ, ഭാഷ ന്യൂനപക്ഷ പ്രദേശം, അതിർത്തി ജില്ല എന്നിവ കണക്കിലെടുത്ത്

കാസർഗോഡ് ജില്ലയെ ഫോക്കസ് ജില്ലയായി പരിഗണിക്കുമോ; വിശദമാക്കാമോ?

ഒരു സംസ്ഥാനത്തിന്റെ ജില്ലകളിൽ 50 ശതമാനം ജില്ലകൾ മാത്രമെ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കാൻ PM USHA പദ്ധതിയുടെ മാർഗനിർദേശങ്ങളനുസരിച്ച് അനുവദിക്കുന്നുള്ളൂ.

പോളിടെക്നിക് കോളേജുകളിലെ കരിയർ അഡ്വാൻസ്മെന്റ് സ്കീമിലെ അപാകത പരിഹരിക്കാൻ നടപടി

98(1675) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ.-യുടെ 6-ാം ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചുള്ള CAS (കരിയർ അഡ്വാൻസ്മെന്റ് സ്കീം) ഉത്തരവനുസരിച്ച് പോളിടെക്നിക് കോളേജുകളിൽ സർക്കാരിനുകീഴിലുള്ള സെൽഫ് ഫിനാൻസിങ് കോളേജുകളായ CAPE, എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി., എസ്.സി.റ്റി. എഞ്ചിനീയറിങ് കോളേജുകളിലെ മുൻ പ്രവൃത്തി പരിചയം ലെക്ചറർമാരുടെ AGP (അക്കാഡമിക് ഗ്രേഡ് പേ) വർധനയ്ക്ക് പരിഗണിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആറാം എ.ഐ.സി.ടി.ഇ. പരിഷ്കരണ അടിസ്ഥാനത്തിലുള്ള കരിയർ അഡ്വാൻസ്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ 28-01-2021-ലെ സ.ഉ. (കൈ)37/2021/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതുപ്രകാരം പൂർവകാല പ്രവൃത്തിപരിചയം പരിഗണിക്കാവുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഗണത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കരിയർ അഡ്വാൻസ്മെന്റ് അനുവദിക്കുന്നതിനാൽ സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിലെ പൂർവകാല പ്രവൃത്തി പരിചയം കണക്കാക്കി കരിയർ അഡ്വാൻസ്മെന്റ് അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) എന്നാൽ എഞ്ചിനീയറിങ് കോളേജുകളിൽ പ്രസ്തുത പ്രവൃത്തി പരിചയം പരിഗണിച്ച് AGP വർധന നൽകിയിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിങ് കോളേജുകളിൽ 29-06-2019-ലെ സ.ഉ. (കൈ) നം. 204/2019/ഉ.വി.വ. പ്രകാരം CAPE, LBS, IHRD, എസ്.സി.ടി. എന്നീ സ്ഥാപനങ്ങളിലുള്ള മുൻകാലപരിചയം പരിഗണിച്ച് AGP വർധന നൽകിയിട്ടുണ്ട്.

(സി) എ.ഐ.സി.റ്റി.ഇ. റെഗുലേഷനുകൾ പ്രകാരം പ്രൈവറ്റ്/ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജുകളിലെ മുൻകാല പ്രവൃത്തി പരിചയം എഞ്ചിനീയറിങ്/പോളിടെക്നിക് കോളേജുകളിൽ സി.എ.എസ്. AGP വർധനയ്ക്ക് പരിഗണിക്കുന്നതാണ് എന്നിരിക്കെ, മുൻകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് പോളിടെക്നിക് കോളേജുകളിൽ മാത്രം AGP വർധന നൽകാത്തതിനുള്ള കാരണമെന്താണ്;

(ഡി) ഈ അനോമലി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) 29-06-2019-ലെ സ.ഉ. (കൈ) നം. 204/2019/ഉ.വി.വ. പ്രകാരം എഞ്ചിനീയറിങ് കോളേജുകളിലും 28-01-2021-ലെ സ.ഉ. (കൈ)നം.37/2021/ഉ.വി.വ. പ്രകാരം പോളിടെക്നിക് കോളേജുകളിലും അധ്യാപകരുടെ കരിയർ

അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച മാർഗനിർദേശങ്ങൾ ആറാം AICTE റെഗുലേഷൻസിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഡിഗ്രി ലെവൽ ടെക്നിക്കൽ സ്ഥാപനങ്ങളിലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ച 08-11-2012-ലെ റെഗുലേഷൻസിലെ മുൻകാല സർവീസ് പരിഗണിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയിൽ, ലീവ് വേക്കൻസിയിലുൾപ്പെടെയുള്ള എയ്ഡഡ് കോളേജുകളിലെയും Government controlled self financing കോളേജുകളിലെയും സർവീസ് ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. Diploma Level Technical Institutions-ലെ അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം സംബന്ധിച്ചുള്ള 08-11-2012-ലെ റെഗുലേഷൻസിലെ മേൽവിഷയം സംബന്ധിച്ചുള്ള 6.1(g)-ലെ വ്യവസ്ഥ ഈ വിഷയത്തിലുള്ള 28-01-2021-ലെ G.O.(Ms) 37/2021/HEDN നമ്പർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനം

99(1676) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിപക്ഷം സർവകലാശാലകളിലും നിലവിൽ വൈസ് ചാൻസലർമാർ ഇല്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

സ്ഥിരം വൈസ് ചാൻസലർ ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും വൈസ് ചാൻസലർമാരുടെ ചുമതല നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല എന്നീ സർവകലാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിനായുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

വിവിധ സർവകലാശാലകളിൽ വൈസ് ചാൻസലറുടെ നിയമനത്തിനായി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ബഹു. ചാൻസലർ പുറപ്പെടുവിച്ച വിജ്ഞാപനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം ഉന്നതവിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയവും അന്തർദേശീയവുമായി ഗുണനിലവാര പരിശോധനകളിലും റാങ്കിങ്ങിലും സർവകലാശാലകൾ വലിയ മുന്നേറ്റമാണ് കാഴ്ചവയ്ക്കുന്നത്.

കോളേജ് അധ്യാപകരുടെ സേവനവേതന വ്യവസ്ഥകളുടെ പരിഷ്കരണം

100(1677) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ കഴിഞ്ഞ പേ റിവിഷനും പുതിയ റെഗുലേഷനും 2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയെങ്കിലും സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് 2016 മുതൽ 2019 വരെയുള്ള ശമ്പള കുടിശ്ശിക തുക നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കുടിശ്ശിക തുക എന്നത്തേയ്ക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കുമോ?

21-01-2023-ലെ സ. ഉ. (പി) നം. 12/2023/ഫിൻ. പ്രകാരം 2023 ജനുവരി മാസം മുതൽ ഗഡുക്കളായി നൽകേണ്ടിയിരുന്ന ഏഴാമത് യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചോ ഇനിയൊരു നിർദേശം/ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതുവരെയോ തടഞ്ഞുവച്ചിരിക്കുന്നുവെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട 50% തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നഷ്ടപ്പെടാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാമോ?

കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കേണ്ട 50% തുകയ്ക്കുള്ള കൃത്യമായ പ്രൊപ്പോസൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സർക്കാർ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ 27-07-2022-ലെ കത്തുപ്രകാരം 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01-04-2023 മുതൽ നിർത്തലാക്കിയതായി കേരളം ഉൾപ്പെടെ 22 സംസ്ഥാനങ്ങളെ അറിയിച്ചു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടില്ല.

(സി) കോളേജ് അധ്യാപകരുടെ പി.ജി. വെയിറ്റേജ് എടുത്തുകളഞ്ഞ് ഉത്തരവിറക്കിയപ്പോഴും സർക്കാരിന്റെ ഗ്രാന്റുകൊണ്ട് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റികളിൽ യു.ജി. കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകൾക്കും പി.ജി. വെയിറ്റേജ് നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൊരുത്തക്കേട് പരിഹരിച്ച് കേരളത്തിൽ തുല്യജോലി ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിലെ എല്ലാ അധ്യാപകർക്കും തുല്യ വർക്ക് ലോഡും തുല്യ ശമ്പളവും നൽകാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സർക്കാരിന്റെ 20-8-2024-ലെ ഇ. 106756/ടി.ആർ.വൈ./ 4347/2024 ഇ.1 നമ്പർ സർക്കുലർ പ്രകാരം നിലവിൽ നൽകിക്കൊണ്ടിരുന്ന 2019-ന് ശേഷമുള്ള കുടിശ്ശിക ബില്ലുകൾ വകുപ്പ് പാസാക്കി നൽകിയെങ്കിലും തുക ലഭ്യമായിട്ടില്ലെന്ന വിഷയം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

പരിശോധിക്കുന്നതാണ്.

നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിടത്തിന്റെ വാടക

101(1678) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രവർത്തനം അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്തുനിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയ വർഷവും മാസവും തീയതിയും അറിയിക്കുമോ; പ്രസ്തുത വാടക കെട്ടിട സമുച്ചയത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക എത്രയാണെന്നും കെട്ടിടത്തിന്റെ

ഉടമയ്ക്ക് വാടകയിനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

19-06-2023-ന് അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്തുനിന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റി. പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിച്ച് നൽകിയിട്ടില്ല.

(ബി) നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് സ്ഥിതിചെയ്യുന്ന കെട്ടിട ഉടമയ്ക്ക് വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

വാടക നിശ്ചയിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം, നിലമ്പൂർ-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നമ്പർ : A2/638/2023/GASCNLMR).

(സി) വാടകയിനത്തിലെ തുക നൽകുന്നതിനായി ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുക നൽകാൻ കഴിയും.

എയ്ഡഡ് മേഖലയിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

102(1679) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

01-06-1991 മുതൽ 30-09-2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച വിവിധ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ, ഓരോ പ്രോഗ്രാമിലും അനുവദിച്ച സീറ്റുകളുടെ വിശദാംശങ്ങൾ എന്നിവ ഓരോന്നും അനുവദിച്ച വർഷം, മാസം എന്നിവയുൾപ്പെടെ പ്രത്യേകമായി ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു[+].

പത്തിരിപ്പാല ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിലെ

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

103(1680) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണപ്രവൃത്തിക്കായി 3.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാത്തതുകാരണം പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് തുക പൊതുമരാമത്ത് വകുപ്പിന് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മങ്കട ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

104(1681) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുരോഗമിച്ചുവരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; എന്തെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോളേജിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി KITCO മുഖാന്തരം നടപ്പിലാക്കിവരുന്നു. 05-09-2024-ന് നിർമ്മാണമേൽപ്പിച്ച കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെയും ലൈബ്രറി ബ്ലോക്കിന്റെയും രണ്ടാംഘട്ട നിർമ്മാണത്തിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പ് ആവശ്യമായ മേൽനോട്ടം നൽകുന്നുണ്ടോ; എങ്കിൽ ഏറ്റവുമൊടുവിലായി അവലോകനയോഗം ചേർന്നത് എന്നാണെന്ന് അറിയിക്കുമോ?

ഉണ്ട്. മങ്കട കോളേജിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവൃത്തികളുൾപ്പെടെ വകുപ്പിനുകീഴിലുള്ള എല്ലാ കിഫ്ബി വർക്കുകളും അവലോകനം ചെയ്യുന്നതിനായി 17-08-2024-ന് യോഗം സംഘടിപ്പിച്ചു.

(സി) നിലവിൽ യാതൊരു പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ നടപ്പിലാക്കാൻ അവശേഷിക്കുന്നതുമായ കോളേജിന്റെ

അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

1. നിലവിലുള്ള അക്കാദമിക് ബിൽഡിങ്ങിൽ ക്ലാസ് മുറികളുടെ കുറവുള്ളതിനാൽ കോളേജിനോട് അനുബന്ധിച്ചുള്ള എക്സ്റ്റൻഷൻ ബിൽഡിങ്ങിന്റെ നിർമ്മാണം.
2. കോളേജ് ഗ്രൗണ്ടിന്റെ പൂർണ്ണമായ വികസനം
3. ഓഡിറ്റോറിയം
4. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകൾ
5. ക്യാന്റീനും അമിനിറ്റി സെന്ററും
6. സെമിനാർ ഹാൾ
7. പ്രിൻസിപ്പാൾ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ

ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾ നിയമനം

105(1682) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ആർട്സ് & സയൻസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എത്ര കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾമാരുണ്ട്?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 64 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 30 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾമാരുണ്ട്.

(ബി) പി.എസ്.സി. അംഗീകരിച്ച പട്ടിക പ്രകാരം നിയമിച്ചിട്ടുള്ള പ്രിൻസിപ്പാൾമാരെ ഇപ്പോഴും പ്രൊവിഷണലായി തുടരാൻ അനുവദിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

OA No. 828/2024-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 21-08-2023-ൽ പുറപ്പെടുവിച്ച വിധിപ്രകാരമാണ് 23-08-2023-ലെ സ. ഉ. (സാധാ) നം. 1320/2023/HEDN ഉത്തരവുപ്രകാരം പ്രിൻസിപ്പാൾ തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായത്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമവിധി വരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രിൻസിപ്പാൾ നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജി സമയബന്ധിതമായി തീർപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്നത് ജൂനിയറായ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ ചുമതല നൽകുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതി തീർപ്പ് കൽപ്പിച്ച് ഉത്തരവായതുപ്രകാരം OA No. 828/2024 -ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമവിധി ലഭ്യമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) സർവകലാശാല ചട്ടപ്രകാരം സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാൾമാരുടെ ചുമതല നൽകണമെന്ന വ്യവസ്ഥ സർക്കാർ പാലിക്കുന്നുണ്ടോ?

പാലിക്കുന്നുണ്ട്.

(ഇ) പി.എസ്.സി. അംഗീകരിച്ച പ്രിൻസിപ്പാൾ പട്ടികയിലുള്ളവരെ ഒഴിവാക്കി, ഒരു ജൂനിയർ അധ്യാപകന് കോട്ടയം നാട്ടകം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാളിന്റെ ചുമതലയും കോട്ടയം കോളേജ് വിദ്യാഭ്യാസ

ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയും നൽകിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

കോട്ടയം സർക്കാർ കോളേജിൽ സ്ഥിരം പ്രിൻസിപ്പാൾ ഇല്ലാത്തതിനാൽ ടി സ്ഥാപനത്തിലെ വൈസ് പ്രിൻസിപ്പാളും ഏറ്റവും സീനിയറുമായ അധ്യാപകന് പ്രിൻസിപ്പാളിന്റെ പൂർണ്ണ അധികച്ചുമതല കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ കോട്ടയം മേഖല ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിലവിൽ സ്ഥിരം ഡെപ്യൂട്ടി ഡയറക്ടറില്ലാത്തതിനാൽ സമീപസ്ഥാപനമെന്ന നിലയിലും കോട്ടയം ജില്ലയിലെ ഏക സർക്കാർ കോളേജായതിനാലും കോട്ടയം സർക്കാർ കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജിന് കോട്ടയം മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ അധികച്ചുമതലയും നൽകിയിട്ടുണ്ട്.

കണ്ണൂർ വനിതാ കോളേജിലെ ഗ്രൗണ്ട് നിർമ്മാണം

106(1683) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്കുൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കണ്ണൂർ കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവൺമെന്റ് വുമൺസ് കോളേജിലെ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി ടോട്ടൽ സ്റ്റേഷൻ സർവെയും സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഹോസ്റ്റൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈനുൾപ്പെടെ പൂർത്തീകരിച്ച് 478.45 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തിയുടെ ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണൂർ എന്ന

സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും കരാറിലേർപ്പെട്ട് പ്രവൃത്തിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഹോസ്റ്റൽ കെട്ടിടം, നീന്തൽക്കുളം, മഡ് കോർട്ട്, പ്രാക്ടീസ് ക്രിക്കറ്റ് പിച്ച്, ഡ്രെയിൻ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിട നിർമ്മാണം

107(1684) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പദ്ധതിയുടെ നിർവഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

കെട്ടിട നിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 08-07-2024-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ നിർദേശപ്രകാരം പദ്ധതിയുടെ നിർവഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

പുതുക്കിയ പദ്ധതിരൂപരേഖയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് സാങ്കേതികാനുമതി നൽകിയശേഷം ടെൻഡർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

ബാലുശ്ശേരി ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

108(1685) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ പ്രവർത്തിക്കുന്ന ബാലുശ്ശേരി ഗവൺമെന്റ് കോളേജിലെ കാന്റീനും ഹോസ്റ്റലും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും വിദ്യാർഥികൾക്ക് ഉപയോഗിക്കുന്നതിനായി നിർമ്മാണ ഏജൻസി കൈമാറിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജിലെ വിദ്യാർഥികൾക്ക് ഏറെ ഉപകാരപ്രദമാവുന്ന ഈ കാന്റീനും ഹോസ്റ്റലും അടിയന്തരമായി കോളേജിന് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ബാലുശ്ശേരി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ഹോസ്റ്റലും കാന്റീനും നിർമ്മാണ ഏജൻസിയായ കിറ്റ്കോ കോളേജിന് കൈമാറുകയും ക്യാന്റീനിന്റെ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത കോളേജിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കിഫ്ബി ഫണ്ട്

109(1686) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് സയൻസ് കോളേജിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് കരാറുകാരന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(ബി) 14-06-2024-ലെ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച പുതിയ സാങ്കേതിക കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകുമോ?

സാങ്കേതിക കമ്മിറ്റിയുടെ യോഗം ചേർന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. യോഗനടപടി കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) സാങ്കേതിക നടപടികൾ എത്രയുംവേഗം പൂർത്തീകരിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

കിഫ്ബിയുടെ അനുമതി ലഭ്യമായാലുടൻതന്നെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

110(1687) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം ഗവൺമെന്റ് കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1 ബി. എ. ഇക്കണോമിക്സ്

2 ബി. കോം. കോ-ഓപ്പറേഷൻ

3 ബി. എ. ഇംഗ്ലീഷ്.

4 ബി. എസ് സി. ബോട്ടണി.

(ബി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ സർവകലാശാലയിൽ ലഭിച്ചിട്ടില്ല.

എന്നാൽ കാസർഗോഡ് പാക്കേജിലുൾപ്പെടുത്തി കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പുതുതലമുറ പ്രോഗ്രാമുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. കാസർഗോഡ് പാക്കേജിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത കോളേജിൽ പുതിയ പ്രോഗ്രാമുകൾ സർവകലാശാലയുടെകൂടി അംഗീകാരത്തോടെ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

സർവകലാശാല പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന അവസരത്തിൽ കോളേജ് പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ അപേക്ഷ ലഭിച്ചാൽ സർവകലാശാല സ്റ്റാറ്റ്യൂട്ടുപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയശേഷം യോഗ്യമെങ്കിൽ അനുമതിക്കായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്നതാണ്. സർക്കാർ അനുമതി നൽകുന്ന പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള തുടർനടപടികൾ സർവകലാശാല സ്വീകരിക്കുന്നു.

നിലമ്പൂർ ഗവ. ആർട്സ് & സയൻസ് കോളേജിലെ

കെട്ടിടനിർമ്മാണവും ഭൂമിയേറ്റെടുക്കലും

111(1688) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിനാവശ്യമായ കെട്ടിടനിർമ്മാണ

പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ നിലവിൽ തൃശ്ശൂർ കിഫ്ബി എൽ.എ. തഹസിൽദാരുടെ കീഴിൽ പുരോഗമിച്ചുവരികയാണ്. ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ, 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ എന്നിവ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയ്ക്ക് കിഫ്ബിയിലൂടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കാൻ എത്ര തുകയ്ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക കിഫ്ബിയാണോ അനുവദിക്കുകയെന്നും അറിയിക്കാമോ?

നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്ഥലമേറ്റെടുക്കുന്നതിന് 1,19,35,632/- രൂപയുടെ (ഒരു കോടി പത്തൊൻപത്

ലക്ഷത്തി മുപ്പത്തയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂമി വിട്ടുതരാൻ ഭൂവുടമ തയ്യാറായിരിക്കെ ഭൂമിയേറ്റെടുക്കാനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച ഫയൽ ഏത് കാര്യാലയത്തിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; ഇനിയെത്ര നാളുകൾകൊണ്ട് സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ?

ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 6 (1) നോട്ടിഫിക്കേഷൻ, 4(1) നോട്ടിഫിക്കേഷൻ, 11(1) നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഫയൽ മലപ്പുറം ജില്ലാ കളക്ടറുടെ കാര്യാലയത്തിലാണ്. സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടേറ്റിൽ DCETVM/5448/2024-P5 നമ്പർ ഫയലിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

ഓട്ടോണമസ് കോളേജ് പദവി

112(1689) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിന് ഓട്ടോണമസ് കോളേജ് പദവി യു.ജി.സി. ഏതുവർഷം വരെയാണ് നൽകിയിരുന്നത്; തുടർ അംഗീകാരം ലഭിക്കാതിരുന്നതിന് കാരണമെന്താണ്; അംഗീകാരമില്ലാതെ ഓട്ടോണമസ് പദവിയിൽ തുടരുന്നതിന് നിയമസാധുതയുണ്ടോ?

എറണാകുളം, മഹാരാജാസ് കോളേജിന് 2019-2020 അക്കാദമിക വർഷംവരെ സ്വയംഭരണ പദവി അനുവദിച്ചിരുന്നു. ഓട്ടോണമിയുടെ തുടർ അനുമതിക്കുള്ള അപേക്ഷ യു.ജി.സി.-യുടെ പരിഗണനയിലാണ്. ടി അപേക്ഷ യു.ജി.സി. ഇതുവരെ നിരസിച്ചിട്ടില്ല.

(ബി) സർക്കാർ ഉടമയിലല്ലാത്ത എത്ര ഓട്ടോണമസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത കോളേജുകളുടെ അംഗീകാര കാലാവധി കഴിഞ്ഞശേഷം തുടർ അംഗീകാരം ലഭ്യമായിട്ടുണ്ടോ?

കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ 14 ഓട്ടോണമസ് കോളേജുകളും എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ കീഴിൽ 12 ഓട്ടോണമസ് കോളേജുകളും കേരള സർവകലാശാലയുടെ കീഴിൽ 2 ഓട്ടോണമസ് കോളേജുകളും മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ 13 സ്വയംഭരണ കോളേജുകളും നിലവിലുണ്ട്. സ്വയംഭരണ കോളേജുകളുടെ തുടർ അംഗീകാരത്തിനുവേണ്ടി കോളേജുകൾ അപേക്ഷകൾ സമർപ്പിക്കുന്നമുറയ്ക്ക് പരിശോധന നടത്തി സർവകലാശാലകൾ, യു.ജി.സി.-ക്ക് ശിപാർശ നൽകുകയും യു.ജി.സി. അംഗികാരം ലഭിക്കുന്നമുറയ്ക്ക് തുടർ അംഗീകാരം നൽകുകയും ചെയ്യാറുണ്ട്.

(സി) മഹാരാജാസ് കോളേജിന് യഥാസമയം തുടർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടത്?

ബാധകമല്ല.

സർക്കാർ മേഖലയിൽ നിയമ കോളേജുകൾ

113(1690) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ മേഖലയിൽ പുതിയ നിയമ കോളേജുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD)-യുടെ കീഴിൽ കണ്ണൂർ ജില്ലയിലെ മൊറാഴയിൽ പുതിയ ഒരു ലാ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ കോളേജുകളിൽ ജേർണലിസം കോഴ്സ്

114(1691) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും ജേർണലിസം കോഴ്സ് നിലവിലുണ്ടോ; ഏതെല്ലാം സർക്കാർ കോളേജുകളിൽ

ജേർണലിസത്തിൽ ഡിഗ്രി, പി.ജി. കോഴ്സുകൾ നിലവിലുണ്ടെന്ന് കോളേജുകളുടെ പേരുവിവരങ്ങൾ സഹിതം വിശദമാക്കാമോ?

കൽപ്പറ്റ എൻ.എം.എസ്.എം. സർക്കാർ കോളേജിൽ മാത്രമാണ് മാസ്സ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ യു.ജി., പി.ജി. പ്രോഗ്രാമുകൾ നിലവിലുള്ളത്.

(ബി) വർത്തമാനകാലത്തെ ജേർണലിസം കോഴ്സിന്റെ പ്രാധാന്യവും സാധ്യതയും കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളിലും പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാർ കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കാവുന്നതാണ്.

സ്വയംഭരണ കോളേജുകൾ

115(1692) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിൽനിന്ന് അഫിലിയേഷന്റെ പേരിൽ സർവകലാശാലകൾ ഫീസീടാക്കുന്നതും യു.ജി.സി. നിബന്ധനകൾക്ക് വിരുദ്ധമായ കരാറുകളിൽ ഒപ്പിടാൻ നിർബന്ധിക്കുന്നതും വിലക്കി ബഹു. ഹൈക്കോടതി ഉത്തരവിട്ടത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ സർവകലാശാലകളുടെ കലാലയങ്ങളുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായോ കോളേജുകളുടെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിലോ സർവകലാശാലയുടെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടായിട്ടില്ല.

(ബി) സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലവിൽ സർവകലാശാലകൾ ഏതൊക്കെ രീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇടപെടലുകൾ യു.ജി.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

യു.ജി.സി. മാനദണ്ഡങ്ങളും സർവകലാശാല ആക്ടുപ്രകാരമുള്ള ഇടപെടലുകളുമാണ് സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് സർവകലാശാലകൾ നടത്തുന്നത്.

(സി) സ്വയംഭരണ കോളേജുകൾക്ക് സ്വന്തം നിലയ്ക്ക് സിലബസും കരിക്കുലവും തയ്യാറാക്കാൻ അവകാശമുണ്ടോ; ഇക്കാര്യത്തിൽ സർവകലാശാലകൾ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

സ്വയംഭരണ കോളേജുകൾ സ്വന്തം നിലയ്ക്ക് സിലബസും കരിക്കുലവും തയ്യാറാക്കുന്ന വിഷയത്തിൽ സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള ഇടപെടലുകൾ മാത്രമാണ് സർവകലാശാലകൾ നടത്തുന്നത്.

(ഡി) സ്വയംഭരണ പദവിക്ക് അനുസൃതമായി പ്രവർത്തിക്കാൻ കോളേജുകൾക്ക് അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള സാഹചര്യം ഉന്നത വിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കുമോ; വ്യക്തമാക്കാമോ?

ഇതിനുള്ള സാഹചര്യം ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിലുണ്ട്.

മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

116(1693) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്തിനുപുറത്തുനിന്നും വിദേശത്തുനിന്നുമുള്ള വിദ്യാർഥികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർഥികളെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ ഉൾപ്പെടുത്തി 'സ്റ്റഡി ഇൻ കേരള' എന്ന പദ്ധതിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിദ്യാർഥികളെ മുഴുവൻസമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുണ്ട്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയുള്ള ജ്ഞാന സമ്പദ്‌വ്യവസ്ഥയിലധിഷ്ഠിതമായ നവകേരള നിർമ്മിതി കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്.

വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകൽപന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന

ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

(ബി) ഇതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

20-04-2023-ലെ സ. ഉ. (സാധാ.) നമ്പർ 576/2023/ഉ.വി.വ., 23-08-2023-ലെ സ. ഉ. (സാധാ.) നമ്പർ 1318/2023/ഉ.വി.വ പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics (in the Campus of the University of Kerala)

2. Centre of Excellence in Neurodegeneration and Brain Health (in the campus of Cochin University of Science and Technology)

3. Centre of Excellence in Nanoscience & Nanotechnology (in the Campus of Mahatma Gandhi University)

കൂടാതെ 22-07-2024-ലെ സ. ഉ. (സാധാ.) നമ്പർ 897/2024/ഉ.വി.വ. പ്രകാരം ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)

3. Kerala Institute of Advanced Studies (KIAS)

4. Kerala Network for Research-support in Higher Education (KNRSHE)

5. Centre for Indigenous Peoples Education (CIPE)

6. The Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

(സി) വിദേശരാജ്യങ്ങളിലേയ്ക്ക് വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിങ് ബോഡി യോഗം അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

ആറാം സെമസ്റ്റർ ബിരുദ പരീക്ഷ

117(1694) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ബിരുദ കോഴ്സിന് പ്രവേശനം നേടിയ ഭരണകക്ഷിയുടെ യുവജനസംഘടന നേതാവിന് ആറാം സെമസ്റ്ററിൽ എത്ര ശതമാനം ഹാജരാണുള്ളത്; ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് യോഗ്യതയില്ലാത്ത പ്രസ്തുത വിദ്യാർഥിക്ക് ഏഴാം സെമസ്റ്റർ ക്ലാസിലേയ്ക്ക് പ്രവേശനം നൽകിയോ; എങ്കിൽ ആയത് ചട്ടപ്രകാരം ശരിയാണോ?

ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന വ്യക്തിയെ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിന് കഴിയുന്നില്ല.

(ബി) ഇന്റഗ്രേറ്റഡ് കോഴ്സുകളിൽ ആറാം സെമസ്റ്റർ ക്ലാസ്സ്, ബിരുദ കോഴ്സിന്റെ എക്സിറ്റ് പോയിന്റ് ആയിരിക്കുമ്പോൾ ആറാം സെമസ്റ്റർ ബിരുദ പരീക്ഷ എഴുതുകയോ പാസാവുകയോ ചെയ്യാത്ത വിദ്യാർഥിക്ക് ഏഴാം സെമസ്റ്റർ പി.ജി. ക്ലാസിൽ പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ?

ഒരു സെമസ്റ്റർ പരീക്ഷ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അടുത്ത സെമസ്റ്ററിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതാണ്. അതിന് പ്രവേശന നടപടികളിലൂടെ കടന്നുപോകേണ്ടതില്ല. ആയതിനാൽ ആറാം സെമസ്റ്റർ

പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ഒരു വിദ്യാർഥിക്ക് ഏഴാം സെമസ്റ്ററിലേയ്ക്ക് പ്രവേശനത്തിന് യോഗ്യതയുണ്ടായിരിക്കുന്നതാണ്.

(സി) ടി വിദ്യാർഥി കോളേജിൽ പഠനം തുടരുന്നുണ്ടോ; ഏത് സെമസ്റ്ററിനാണ് പഠിക്കുന്നത്; മതിയായ ഹാജരില്ലാതെ ടി വിദ്യാർഥിക്ക് സെമസ്റ്റർ കയറ്റം നൽകിയതിന് ഉത്തരവാദികളാരാണ്; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) സമാനമായി നിശ്ചിത ശതമാനം ഹാജർ ലഭിക്കാത്തതിന്റെ പേരിൽ രണ്ടാം സെമസ്റ്റർ പി.ജി. വിദ്യാർഥിയും പ്രതിപക്ഷ പാർട്ടിയുടെ യുവജനസംഘടനാ പ്രവർത്തകനുമായ മറ്റൊരു വിദ്യാർഥിയെ കോളേജിൽനിന്ന് പ്രിൻസിപ്പാൾ റോൾ ഔട്ടാക്കിയിട്ടുണ്ടോ?

(സി&ഡി) ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികളെ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ മറുപടി ലഭ്യമാക്കുന്നതിന് കഴിയുന്നില്ല.

രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്

118(1695) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് അറുപത്തിയാറ് സെന്റ് സ്ഥലം ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 26-06-2023-ലെ സ. ഉ. (കൈ) നമ്പർ 145/2023/RD പ്രകാരം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ സർവെ 8/2-ൽപ്പെട്ടതും രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വിട്ടുനൽകുന്നതിന് ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുള്ളതുമായ പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി കേരള സർവകലാശാലയുടെ പേരിൽ സൗജന്യ നിരക്കായ ഒരു ആറിന് പ്രതിവർഷം 100/- രൂപ നിരക്കിൽ 15 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപക-അനധ്യാപകരെ മാറ്റി നിയമിക്കുന്ന നടപടി

119(1696) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിനെത്തുടർന്ന് നിർത്തലാക്കിയ കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപകരെയും അനധ്യാപകരെയും സർവകലാശാലയിൽത്തന്നെ തുടർന്നുപ്രവർത്തിക്കാൻ അനുവദിച്ചോ; എത്ര അധ്യാപകരെയാണ് പഠന വകുപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചത്; വ്യക്തമാക്കാമോ?

അനുവദിച്ചിട്ടുണ്ട്. 18 അധ്യാപകരെ മറ്റ് പഠന വകുപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചു.

(ബി) സർവകലാശാലയുടെ പഠന വകുപ്പുകളിൽ അധികമായി നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) സ്ഥിരം അധ്യാപകരില്ലാത്ത ഓപ്പൺ സർവകലാശാലയിലേയ്ക്ക് കേരള സർവകലാശാലയിലെ ടി അധിക അധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് ഓപ്പൺ സർവകലാശാലയ്ക്ക് കൂടുതൽ പ്രയോജനപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന വകുപ്പിൽ നിയമിച്ചിരുന്ന അധ്യാപകരെ സർവകലാശാലയുടെ മറ്റ് പഠന വകുപ്പുകളിൽ സ്ഥിരം അധ്യാപകരുടെ കുറവുണ്ടായിരുന്ന സാഹചര്യത്തിൽ ടി കുറവ് നികത്തുന്നതിലേയ്ക്കായി മാറ്റി നിയമിച്ചതിനാൽ സർവകലാശാലയിൽ അധിക അധ്യാപകരില്ല.

കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്തൽ

120(1697) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2016 മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കോളേജുകളുടെയും സർവകലാശാലകളുടെയും നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോളേജുകളുടെയും സർവകലാശാലകളുടെയും അഖിലേന്ത്യാ റാങ്കിങ്ങിൽ മുന്നിൽവന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വർഷംതിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം കോളേജുകളുടെയും സർവകലാശാലകളുടെയും അഖിലേന്ത്യാ റാങ്കിങ്ങിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) കോളേജ്/സർവകലാശാല തലത്തിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാൻ കഴിയുന്ന രീതിയിൽ പഠനസമ്പ്രദായം പരിഷ്കരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിധത്തിൽ സാങ്കേതിക വിദ്യാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തി നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായുള്ള ഫൗണ്ടേഷൻ കോഴ്സുകളിൽ 3 സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ വിദ്യാർഥികൾ നിർബന്ധമായും പഠിച്ചിരിക്കണം.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുടെ സംരംഭകത്വ ആശയങ്ങൾ വികസിപ്പിച്ച് സമ്പാദ്യശീലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വളർത്തിയെടുക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Earn While You Learn.

എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയംപര്യാപ്ത രീതിയിൽ ആരംഭിക്കും.

ASAP Kerala/Keltron/IHRD/ICT Academy of Kerala/CCED എന്നീ സ്ഥാപനങ്ങളെ സ്കിൽ കോഴ്സുകൾ നൽകുന്നതിനുള്ള അംഗീകൃത ഏജൻസികളാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അസാപ് കേരള, കോളേജുകളിലെ വിദ്യാർഥികൾക്കുവേണ്ടി Dreamvestor എന്ന സംരംഭത്വ വികസന പരിപാടി ആരംഭിച്ചിട്ടുണ്ട്.

എഞ്ചിനീയറിങ് ഡിപ്ലോമ വിദ്യാർഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Startups എന്നതൊരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training,

Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി നടപ്പിലാക്കിവരുന്നു.

വിവിധ കോളേജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻക്യുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ K-DISC (Kerala Development & Strategic Council), YIP (Young Innovators Programme) എന്നിവയുമായി സഹകരിച്ച് വിദ്യാർഥികളിലെ നൂതന ആശയങ്ങളും സംരംഭകത്വവും വികസിപ്പിക്കുന്നതിനായി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഒരു Solution Focused Virtual Incubator പ്രവർത്തിക്കുന്നുണ്ട്.

കണ്ണൂർ സർവകലാശാലയിൽ TECHNOLOGY BASED INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കുകീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ഇവ കൂടാതെ വ്യവസായ വകുപ്പിന്റെ 29-02-2024-ലെ സ.ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കാമ്പസുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി കാമ്പസ് ഇൻഡസ്ട്രിയൽ സ്കീം 2024 അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളിയാകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ കോളേജുകളും കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്രൊഫഷണൽ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം

121(1698) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

എഞ്ചിനീയറിങ്/ഡിപ്ലോമ വിദ്യാർഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

വിദ്യാർഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം വകുപ്പിനുകീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ കാമ്പസ്)

പദ്ധതി നടപ്പിലാക്കിവരുന്നു. ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിലേർപ്പെടുന്നതിനും അതുവഴി സാങ്കേതികവിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കാര്യവട്ടം കാമ്പസ്

122(1699) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡോ. എസ്. രാധാകൃഷ്ണൻ കാര്യവട്ടം കാമ്പസിന് തറക്കല്ലായിട്ട ശിലാഫലകം സർവകലാശാലയുടെ സ്റ്റോർ റൂമിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫലകം കാമ്പസിന്റെ പ്രവേശനകവാടത്തിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. എസ്. രാധാകൃഷ്ണൻ കാര്യവട്ടം കാമ്പസിന് തറക്കല്ലായിട്ട ശിലാഫലകം കാര്യവട്ടം കാമ്പസിനുള്ളിലെ എഞ്ചിനീയറിങ് വിഭാഗവുമായി ബന്ധപ്പെട്ട കെട്ടിടത്തിനുള്ളിൽ

സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. ഈ ശിലാഫലകംകൂടി ഉൾപ്പെടുത്തിയാണ് പുതുതായി പണികഴിപ്പിക്കുന്ന പ്രധാന പ്രവേശന കവാടം രൂപകൽപന ചെയ്തിട്ടുള്ളത്. പ്രവേശന കവാടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ശിലാഫലകം അതിൽ ഉറപ്പിക്കുന്നതാണ്.

വിദൂര വിദ്യാഭ്യാസ രജിസ്ട്രേഷൻ

123(1700) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾ 2024-25 അധ്യയന വർഷത്തിൽ ഏതെല്ലാം വിദൂര വിദ്യാഭ്യാസ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്കാണ് പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സർവകലാശാല

കേരള സർവകലാശാലയിൽ 2024-25 അധ്യയന വർഷത്തിൽ UG കോഴ്സുകളായ BLISc, BSc Mathematics, PG കോഴ്സുകളായ MSc Computer

Science, MSc Mathematics, MLISc എന്നീ കോഴ്സുകളിലേയ്ക്കാണ് പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല 2024-25 അധ്യയന വർഷം താഴെപ്പറയുന്ന 28 പ്രോഗ്രാമുകൾക്കാണ് വിദൂര വിദ്യാഭ്യാസ മോഡിൽ പ്രവേശനം നൽകുന്നത്:

നാലുവർഷ ബിരുദം (ഓണേഴ്സ്)

1. ബി.കോം (ഓണേഴ്സ്)
2. ബി.ബി.എ. (ഓണേഴ്സ്)
3. ബി.എ. ഇംഗ്ലീഷ് (ഓണേഴ്സ്)
4. ബി.എ. മലയാളം (ഓണേഴ്സ്)
5. ബി.എ. ഹിസ്റ്ററി (ഓണേഴ്സ്)
6. ബി.എ. സോഷ്യോളജി (ഓണേഴ്സ്)

ബിരുദം

1. ബി.സി.എ.

2. ബി.എ. അഫ്സൽ ഉൽ ഉലമ

3. ബി.എ. അറബിക്

4. ബി.എ. സംസ്കൃതം

5. ബി.എ. ഹിന്ദി

6. ബി.എ. ഇക്കണോമിക്സ്

7. ബി.എ. ഫിലോസഫി

8. ബി.എ. പൊളിറ്റിക്കൽ സയൻസ്

9. ബി.എ. സൈക്കോളജി

10. ബി.എ. നാനോ എന്റർപ്രൈണർഷിപ്പ്

ബിരുദാനന്തരം

1. എം. കോം

2. എം.എ. അറബിക്

3. എം.എ. മലയാളം

4. എം.എ. ഇംഗ്ലീഷ്

5. എം.എ. ഹിന്ദി

6. എം.എ. സംസ്കൃതം

7. എം.എ. ഹിസ്റ്ററി

8. എം.എ. സോഷ്യോളജി

9. എം.എ. ഇക്കണോമിക്സ്

10. എം.എ. ഫിലോസഫി

11. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ

12. എം.എ. പൊളിറ്റിക്കൽ സയൻസ്

(ബി) 2024-25 അധ്യയന വർഷത്തിൽ ഏതെങ്കിലും സർവകലാശാലകൾ യു.ജി., പി.ജി. കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സർവകലാശാല

കേരള സർവകലാശാലയിൽ 2024-25 അധ്യയന വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള താഴെപ്പറയുന്ന യു.ജി. കോഴ്സുകൾക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 25-07-2024-ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

BA Arabic Language and Literature, BA English Language and Literature, BA Hindi Language and Literature. BA Sanskrit Language and

Literature (General), BA Malayalam Language and Literature, BA Tamil Language and Literature, BA Sanskrit (Special), BA Afzal-Ul-Ulama, BA Music, BA Sociology, BA Philosophy, BA History, BA Islamic History, BA Political Science, BA Economics, B.Com (Taxation), B.Com (Co-Operation), B.Com Additional Elective (Co-Operation), B.Com Additional Elective (Travel and Tourism), BBA

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

യു.ജി. കോഴ്സുകൾ (പ്രൈവറ്റ് രജിസ്ട്രേഷൻ):-

ബി.എ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക് ബി.എ. ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, ബി.കോം. ഫിനാൻസ് ആൻഡ് ടാക്സേഷൻ, ബി.കോം. കോ-ഓപ്പറേഷൻ, ബി.കോം. ട്രാവൽ ആൻഡ് ടൂറിസം.

പി.ജി. കോഴ്സുകൾ (പ്രൈവറ്റ് രജിസ്ട്രേഷൻ):-

എം.എ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക്, സിറിയക്,

എം.എ. ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, എം.കോം. ഫിനാൻസ് & ടാക്സേഷൻ, എം.കോം. മാർക്കറ്റിങ് & ഇന്റർനാഷണൽ ബിസിനസ്സ്, എം. കോം. മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി, എം.എസ്സി. മാത്തമാറ്റിക്സ്.

കണ്ണൂർ സർവകലാശാല

27-07-2024-ലെയും 29-08-2024-ലെയും SLL1/SLL1-11/13/2024 വിജ്ഞാപനങ്ങൾ വഴി കണ്ണൂർ സർവകലാശാല 2024-25 അധ്യയന വർഷം ചുവടെ നൽകിയ യു.ജി., പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ പ്രോഗ്രാമുകളിലേയ്ക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ബിരുദം - ബി.കോം (ഇലക്ടീവ്-കോ-ഓപ്പറേഷൻ/മാർക്കറ്റിങ്), ബി.ബി.എ., ബി.എ. ഇക്കണോമിക്സ്, ബി.എ. പൊളിറ്റിക്കൽ സയൻസ്, ബി.എ. ഹിസ്റ്ററി, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. കന്നഡ, ബി.എ. അഫ്സൽ-ഉൽ-ഉലമ, ബി.എ. ഉർദു & ഇസ്ലാമിക് ഹിസ്റ്ററി, ബി.എ. അറബിക് & ഇസ്ലാമിക് ഹിസ്റ്ററി, ബി.സി.എ.

ബിരുദാനന്തര ബിരുദം - എം.കോം (അക്കൗണ്ടിങ് ആൻഡ് ടാക്സേഷൻ), എം.എ. ഇക്കണോമിക്സ്, എം.എ. ഡെവലപ്മെന്റ് ഇക്കണോമിക്സ്, എം.എ. ഹിസ്റ്ററി, എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എ. അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ.

(സി) ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല ഒഴികെയുള്ള മറ്റ് സർവകലാശാലകൾ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ രീതിയിൽ പ്രവേശനം നൽകുന്നത് ഏത് നിയമത്തിന്റെ/ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

വിദൂര വിദ്യാഭ്യാസം മുഖേന യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകുന്നതുമായി ബന്ധപ്പെട്ട് 11-11-2022-ലെ ബി2/177/2020/ഉ.വി.വ. നമ്പർ സർക്കുലർ പ്രകാരം നിലവിലുള്ള നിയമങ്ങൾക്കും കോടതി വിധികൾക്കുമനുസരിച്ച് നടപടികൾ സ്വീകരിക്കാൻ സർവകലാശാലകൾക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയിൽ വിവിധ യു.ജി., പി.ജി. കോഴ്സുകളിൽ 2024-25 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം കോഴ്സ് തിരിച്ച് ലഭ്യമാക്കാമോ?

1. BA MALAYALAM – 1088
2. BA ENGLISH - 2035
3. BA HISTORY – 1834
4. BA SOCIOLOGY - 4487
5. BBA – 794
6. B.COM – 2646
7. BA HINDI – 243
8. BA ARABIC – 1539
9. BA SANSKRIT – 26
10. BA ECONOMICS – 280
11. BA PHILOSOPHY – 42
12. BA AFSAL-UL-ULAMA – 319
13. BCA – 484
14. BA NANO ENTREPRENEURSHIP – 72

15. BA POLITICAL SCIENCE – 643

16. BA PSYCOLOGY – 893

17. MA MALAYALAM - 1061

18. MA ENGLISH – 993

19. MA HISTORY – 751

20. MA SOCIOLOGY – 814

21. MA ECONOMICS – 388

22. MA SANSKRIT – 56

23. MA HINDI – 208

24. MA PHILOSOPHY – 61

25. M. COM – 1119

26. MA ARABIC – 389

27. MA POLITICAL SCIENCE – 208

28. MA PUBLIC ADMINISTRATION – 150

TOTAL - 23623

ബി. എസ്സി. ബയോടെക്നോളജി കോഴ്സുകളുള്ള കോളജുകൾ

124(1701) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എസ്സി. ബയോടെക്നോളജി കോഴ്സുള്ള എത്ര കോളേജുകളുണ്ട്; ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ് എന്നിങ്ങനെ ജില്ല അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+

(ബി) ബി.എസ്സി. ബയോടെക്നോളജി കോഴ്സുകളുള്ള ഗവൺമെന്റ് കോളേജുകൾ ഏതെല്ലാം ജില്ലകളിലാണുള്ളതെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലാണ് ബി.എസ്സി. ബയോ ടെക്നോളജി കോഴ്സുള്ള ഗവൺമെന്റ് കോളേജുള്ളത്.

(സി) സംസ്ഥാനത്ത് പുതുതായി ബി.എസ്സി. ബയോടെക്നോളജി കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി ബി.എസ്സ്സി. ബയോടെക്നോളജി കോഴ്സുകൾ തുടങ്ങുന്നതിനായി നിലവിൽ സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽനിന്നും സർവകലാശാലകൾക്ക് അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) 2023-24 വർഷ കാലയളവിൽ പ്രസ്തുത കോഴ്സിന് ഗവൺമെന്റ് കോളേജുകളിൽ അപേക്ഷ നൽകിയവരുടെ എണ്ണം സൂചിപ്പിക്കാമോ?

2023-24 വർഷ കാലയളവിൽ പ്രസ്തുത കോഴ്സിന് ഗവൺമെന്റ് കോളേജുകളിൽ 3758 വിദ്യാർഥികളാണ് അപേക്ഷ നൽകിയിട്ടുള്ളത്.

(ഇ) കേന്ദ്ര ഗവൺമെന്റ് ഈ വിഷയത്തിന് കൂടുതൽ ഊന്നൽ കൊടുക്കുന്ന സാഹചര്യത്തിൽ (ബയോ ഇ 3 നയം) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കൂടുതൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുമോ; വിശദമാക്കാമോ?

ബി.എസ്സ്സി. ബയോടെക്നോളജി കോഴ്സുകൾ തുടങ്ങുന്നതിനായി കോളേജുകളിൽനിന്നും സർവകലാശാലകൾക്ക് അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

നാലുവർഷ ബിരുദ കോഴ്സുകൾ

125(1702) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അക്കാദമിക വർഷത്തിൽ സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളിലാണ് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃതം, കൊച്ചി ശാസ്ത്രസാങ്കേതിക, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, ശ്രീനാരായണഗുരു ഓപ്പൺ എന്നീ സർവകലാശാലകളിലാണ് 2024-25 അക്കാദമിക വർഷത്തിൽ നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കുകവഴി വിദ്യാർഥികൾക്ക് എന്തൊക്കെ നേട്ടങ്ങളാണ് ലഭ്യമാക്കാൻ കഴിയുകയെന്ന് വിശദമാക്കാമോ?

വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളുമനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകൽപന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ

പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് നൈപുണീയത സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാഠ്യ വേയുടെ ഭാഗമാക്കാനും സാധിക്കും. സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്യുന്നതിന് അസാപ് കേരള, കെൽട്രോൺ, IHRD, CCEK, ICT അക്കാഡമി ഓഫ് കേരള എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം.

നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് ഗവേഷണ രംഗത്ത് കടന്നുവരാനുള്ള ബി.എ./ബി.എസ്സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠനപന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഒരു വർഷ പഠനംകൊണ്ട് പി.ജി.

വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP-ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് UGC-PhD-NET പരീക്ഷ എഴുതാനുള്ള അനുമതി യു.ജി.സി. നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്ഡി. ഗവേഷണത്തിന് പ്രവേശനം ലഭിക്കുന്നു.

ഗവൺമെന്റ് കോളേജുകളിലെ പുതിയ കോഴ്സുകൾ

126(1703) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ ഏതൊക്കെ കോളേജുകളിലാണ് ആരംഭിക്കുന്നതെന്ന് യു.ജി., പി.ജി. എന്നിവ തരംതിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

വിദ്യാർഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ നടപടി

127(1704) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുടെ സംരംഭകത്വ ആശയങ്ങൾ വികസിപ്പിച്ച് സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Earn While You Learn. പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിധത്തിൽ സാങ്കേതിക വിദ്യാധിഷ്ഠിത

കോഴ്സുകൾ ഉൾപ്പെടുത്തി നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായുള്ള ഫൗണ്ടേഷൻ കോഴ്സുകളിൽ 3 സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ വിദ്യാർഥികൾ നിർബന്ധമായും പഠിച്ചിരിക്കണം.

എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയംപര്യാപ്ത രീതിയിൽ ആരംഭിക്കും.

ASAP Kerala/Keltron/IHRD/ICT Academy of Kerala/CCED എന്നീ സ്ഥാപനങ്ങളെ സ്കിൽ കോഴ്സുകൾ നൽകുന്നതിനുള്ള അംഗീകൃത ഏജൻസികളാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസാപ് കേരള പദ്ധതി കോളേജുകളിലെ വിദ്യാർഥികൾക്കുവേണ്ടി Dream vestor എന്ന സംരംഭകത്വ വികസന പരിപാടി ആരംഭിച്ചിട്ടുണ്ട്.

എഞ്ചിനീയറിങ്, ഡിപ്ലോമ വിദ്യാർഥികളെ ഇന്നൊവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Startups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി നടപ്പിലാക്കിവരുന്നു.

വിവിധ കോളേജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻക്യുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ

സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ K-DISC (Kerala Development & Strategic Council), YIP (Young Innovators Programme) എന്നിവയുമായി സഹകരിച്ച് വിദ്യാർഥികളിലെ നൂതന ആശയങ്ങളും സംരംഭകത്വവും വികസിപ്പിക്കുന്നതിനായി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഒരു Solution Focused Virtual Incubator പ്രവർത്തിക്കുന്നുണ്ട്.

കണ്ണൂർ സർവകലാശാലയിൽ TECHNOLOGY BASED INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കുകീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

ഇവ കൂടാതെ വ്യവസായ വകുപ്പിന്റെ 29-02-2024-ലെ സ. ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാമ്പസുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി ക്യാമ്പസ് ഇൻഡസ്ട്രിയൽ സ്കീം 2024 അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളിയാകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ കോളേജുകളും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഒരേസമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ധ്യവും നേടാൻ സാധിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഒരേസമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ധ്യവും നേടാൻ സാധിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകൾ നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ഈ അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ഉന്നതപഠനവും തൊഴിൽ വൈദഗ്ധ്യവും സാധ്യമാക്കുന്ന ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ പ്രോഗ്രാം, ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാം, കൊമേർഷ്യൽ ടിഷ്യൂകൾചർ ഓഫ് അഗ്രി ഹോർട്ടികൾചറൽ ക്രോപ്സ് പ്രോഗ്രാം എന്നീ പ്രോജക്ട് മോഡ് കോഴ്സുകൾ കോഴിക്കോട് സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയ്ക്കുകീഴിലുള്ള 8 സർക്കാർ കോളേജുകളിൽ 9 പുതുതലമുറ പ്രോഗ്രാമുകളും 7 എയ്ഡഡ് കോളേജുകളിൽ 7 പുതുതലമുറ പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ കോഴ്സുകളുടെ പുതിയ കരിക്കുലം വിദ്യാർഥികളുടെ നൂതനാശയങ്ങളുടെ വികസിപ്പിച്ച സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ ഊന്നിയാണ്

വികസിപ്പിച്ചിട്ടുള്ളത്. ഇതുകൂടാതെ Translational Research Centre സ്ഥാപിച്ചിട്ടുണ്ട്.

പഠിതാക്കൾക്കിടയിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തുന്നതിന് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ബി.എ. നാനോ എന്റർപ്രണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്.

പൂജപ്പുര വനിതാ എഞ്ചിനീയറിങ് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എഞ്ചിനീയറിങ് എന്ന നൂതന കോഴ്സും കാസർഗോഡ് എഞ്ചിനീയറിങ് കോളേജിൽ ഈ വർഷം കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ് ഒരു അധിക ബാച്ചും ആരംഭിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല വിദ്യാർഥിനിക്ക്

അധികമായി നൽകിയ മാർക്ക് റദ്ദാക്കിയ നടപടി

128(1705) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല വുമൻസ് സ്റ്റഡീസ് വകുപ്പിൽനിന്നും 2010-ൽ എം.എ. ബിരുദം നേടിയ കെ. ഡയാനയ്ക്ക് 17 മാർക്ക് അധികമായി

നൽകിയത് ചാൻസലർ റദ്ദാക്കിയോ; എങ്കിൽ എന്ത് കാരണം ചൂണ്ടിക്കാട്ടിയാണ് റദ്ദാക്കിയതെന്ന് വിശദമാക്കാമോ?

വിദ്യാർഥികളുടെ ഹാജർ നിലയ്ക്കനുസരിച്ച് ഇന്റേണൽ മാർക്ക് നൽകിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ വിശദമായി പരിശോധിച്ച് സർവകലാശാല ബോർഡ് ഓഫ് അഡ്ജൂഡിക്കേഷൻ ആൻഡ് സ്റ്റുഡന്റ് ഗ്രീവൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകിയ മാർക്ക് ചാൻസലർ റദ്ദാക്കിയിട്ടുണ്ട്. എട്ടുവർഷങ്ങൾക്കുശേഷം ഒരു വിദ്യാർഥിക്ക് മാത്രം ഇന്റേണൽ മാർക്ക് തിരുത്തി നൽകാൻ സ്വീകരിച്ച നടപടിക്രമത്തിന് യാതൊരു സാധൂകരണവുമില്ലെന്നും സർവകലാശാലയുടെ ഏതെങ്കിലും അതോറിറ്റിയുടെ നിയമപരമായി നിലനിൽക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും അറിയിച്ചുകൊണ്ടാണ് അധികമായി നൽകിയ മാർക്ക് ചാൻസലർ റദ്ദാക്കിയത്.

(ബി) സർവകലാശാല അധിക മാർക്ക് രേഖപ്പെടുത്തി വിദ്യാർഥിനിക്ക് നൽകിയ മാർക്ക് ലിസ്റ്റ് മടക്കി വാങ്ങി പുതുക്കിയ മാർക്ക്

ലിസ്റ്റ് യൂണിവേഴ്സിറ്റി പരീക്ഷാഭവൻ നൽകിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്?

ഇല്ല. പുതുക്കിയ മാർക്ക് ലിസ്റ്റ് നൽകുന്നതിനായി പഴയ മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റിയിൽ തിരികെ സമർപ്പിക്കേണ്ടതുണ്ട്. ആയത് തിരികെ സമർപ്പിക്കാൻ വിദ്യാർഥിനിക്ക് സർവകലാശാല നിർദേശം നൽകിയിട്ടുണ്ട്.

(സി) അധിക മാർക്ക് നൽകുന്നതിന് വിസമ്മതിച്ച വുമൻസ് സ്റ്റഡീസ് മുൻ വകുപ്പ് മേധാവിയായിരുന്ന ഡോ. മോളി കുരുവിളയ്ക്കെതിരെ സർവകലാശാല കൈക്കൊണ്ട ശിക്ഷാനടപടികൾ തുടരുന്നുണ്ടോ; സർവീസിൽനിന്ന് വിരമിച്ച ഡോ. മോളി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചതിന് കാരണം വ്യക്തമാക്കുമോ?

ഡോ. മോളി കുരുവിളയ്ക്കെതിരെ നിലവിൽ ശിക്ഷാനടപടികൾ തുടരുന്നില്ല. സർവീസിൽനിന്നും വിരമിച്ച ഡോ. മോളി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ കെ.എസ്.എ.ഡി. ജോയിന്റ് ഡയറക്ടറുടെ ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാൽ ഓഡിറ്റ് തടസ്സവാദം നീങ്ങുന്നതുവരേയ്ക്കും ഡി.സി.ആർ.ജി.-യുടെ 50 ശതമാനം (8,50,000/- രൂപ)

തടഞ്ഞുവച്ചുകൊണ്ട് അനുവദിച്ച് നൽകാൻ 21-07-2023-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും അതനുസരിച്ച് ഡോ. മോളി കുരുവിളയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെ. ഡയാനയ്ക്ക് അധിക മാർക്ക് നൽകാൻ ശിപാർശ ചെയ്ത വകുപ്പ് മേധാവിക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്ലാനിങ് ബോർഡ് അംഗമായി നിയമനം നൽകിയോ?

വിമൺ സ്റ്റഡീസിലെ ഒരു അധ്യാപികയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്ലാനിങ് ബോർഡ് അംഗമായി സർക്കാരിൽനിന്നും നിയമനം കിട്ടിയമുറയ്ക്ക് റിലീവ് ചെയ്തിട്ടുണ്ട്.

(ഇ) ഡയാനയ്ക്ക് വിമൻസ് സ്റ്റഡീസ് വകുപ്പിൽത്തന്നെ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമനം നൽകിയോ; എന്നുമുതലാണ് നിയമനം നൽകിയത്; വിശദമാക്കാമോ?

ശ്രീമതി ഡയാന വുമൻസ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ 2011-2012, 2017-2018, 2018-2019, 2019-2020, 2020-2021 കാലഘട്ടത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുണ്ട്.

(എഫ്) ഓരോ വർഷവും കരാർ പുതുക്കുമ്പോൾ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നത്. കരാർ കാലാവധി തീരുന്നമുറയ്ക്ക് നിയമാനുസൃതമായ ബ്രേക്ക് അനുവദിച്ചുകൊണ്ട് റീ-എൻഗേജ്മെന്റ് നൽകുകയാണ് ചെയ്തുവരുന്നത്.

പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ

129(1706) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ അനുവദിക്കുന്നതിനുള്ള ശ്യാം ബി. മേനോൻ കമ്മീഷൻ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയിൽ ഏത് രീതിയിലുള്ള മാറ്റം സാധ്യമാക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കേണ്ട പരിഷ്കരണങ്ങൾ നിർദേശിക്കാൻ ചുമതലപ്പെടുത്തിയ ശ്യാം ബി. മേനോൻ കമ്മീഷൻ ഉന്നത വിദ്യാഭ്യാസരംഗത്തെ GER 2036 ആകുമ്പോഴേയ്ക്കും 75 ശതമാനം എത്തിക്കേണ്ടതാണെന്നും ഇതിനായി സ്വകാര്യ മേഖലയുടെകൂടി സഹകരണം ഉറപ്പാക്കണമെന്നും പ്രൈവറ്റ് യൂണിവേഴ്സിറ്റി അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് യൂണിവേഴ്സിറ്റികളിലെ ഫീസ് നിർണ്ണയ അധികാരത്തിലും അക്കാദമിക പ്രവർത്തനങ്ങളിലുമുൾപ്പെടെ എന്തിലെങ്കിലും സർക്കാർ ഇടപെടലുകൾ സാധ്യമാണോ; ഇതുസംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം

130(1707) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ സർക്കാർ, എയ്ഡഡ് മേഖലകളിലായി നിലവിൽ ആകെയുള്ള ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിങ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിങ് പരീക്ഷ

131(1708) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ.) ടൈപ്പ് റൈറ്റിങ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിങ് പരീക്ഷയ്ക്കായുള്ള അടുത്ത വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) 2018-നുമുമ്പ് നടത്തിയിരുന്നതുപോലെ വർഷത്തിൽ രണ്ട് തവണ പരീക്ഷ നടത്തുന്നതിന് വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) കേരള ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ (കെ.ജി.റ്റി.ഇ.) ടൈപ്പ്റൈറ്റിങ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിങ് പരീക്ഷയ്ക്കായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചും വർഷത്തിൽ രണ്ടുതവണ പ്രസ്തുത പരീക്ഷ നടത്തുന്നത് സംബന്ധിച്ചും

എൽ.ബി.എസ്. ഡയറക്ടറുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) കെ.ജി.റ്റി.ഇ. (കൊമേഴ്സ്) പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിൽനിന്നുള്ള 13-02-2024-ലെ ജെ1/262/2022/ഉ.വി.വ. നമ്പർ കത്തിലെ നിർദേശപ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിങ് (കൊമേഴ്സ് ഗ്രൂപ്പ്) കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ അംഗീകൃത സംഘടനകളുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06-08-2024-ന് നടത്തിയ ചർച്ചയുടെ മിനിട്സിന്റെ പകർപ്പും സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

കെ.ജി.റ്റി.ഇ. (കൊമേഴ്സ്) പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നത് സംബന്ധിച്ച് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിങ് (കൊമേഴ്സ് ഗ്രൂപ്പ്) കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ അംഗീകൃത സംഘടനകളുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 06-08-2024-ന് നടത്തിയ

ചർച്ചയുടെ മിനിട്സിന്റെ പകർപ്പും സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) പുതിയ സിലബസ് നടപ്പിലാക്കുന്നതിനുമുമ്പേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗനിർദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ച് 6 മാസത്തെ കോഴ്സ് കാലാവധി പുതിയ സിലബസ് നടപ്പിലാക്കുന്നതിന് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ; മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗനിർദേശം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ടൈപ്പ്റൈറ്റിങ് & വേഡ് പ്രോസസ്സിങ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വർഷത്തിൽ രണ്ടുതവണ പ്രസ്തുത പരീക്ഷ നടത്തുന്നത് സംബന്ധിച്ച് എൽ.ബി.എസ്. ഡയറക്ടറുമായി കൂടിയാലോചിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തീരുമാനം കൈക്കൊള്ളുന്നതാണ്.

(എഫ്) പുതിയ സിലബസ് പ്രകാരമാണ് കെ.ജി.റ്റി.ഇ. പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുള്ളതെങ്കിൽ ഇതിനായി മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മാതൃക ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സാങ്കേതിക സർവകലാശാല

132(1709) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിലിൽ നാലുവർഷം കാലാവധി അവസാനിച്ച സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണേഴ്സും പുനഃസംഘടിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) യൂണിവേഴ്സിറ്റി നിയമപ്രകാരം നാലുവർഷം കൂടുമ്പോൾ സമിതി നിർബന്ധമായും പുനഃസംഘടിപ്പിക്കണമെന്ന വ്യവസ്ഥയുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഇതര സർവകലാശാലകളിൽ നിശ്ചിത സമയത്തുതന്നെ ഭരണസമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ സാങ്കേതിക സർവകലാശാലയിൽ മാത്രം പുനഃസംഘടിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ-സി) എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല നിർവാഹക സമിതിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ളവരുടെ നാമനിർദേശ തീയതി മുതൽ 4 വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണെന്നാണ് 2015-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ആക്ടിലെ 29-ാം വകുപ്പ് വ്യവസ്ഥ

ചെയ്യുന്നത്.

ആക്ടിലെ 24-ാം വകുപ്പുപ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സ് ഓരോ നാലുവർഷം കൂടുമ്പോഴും പുന:സംഘടിപ്പിക്കപ്പെടേണ്ടതാണ്. എക്സ് ഒഫിഷ്യോ അംഗമൊഴികെയുള്ള എല്ലാ അംഗങ്ങളും ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃസംഘടനവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണെന്ന് 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെയും സിൻഡിക്കേറ്റിന്റെയും ഘടന ഭേദഗതി ചെയ്ത സാഹചര്യത്തിലും ആ നടപടി ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുള്ളതിനാലും ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ബോർഡ് ഓഫ് ഗവർണേഴ്സും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഡോ. സിസാ തോമസിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

133(1710) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സീനിയർ ജോയിന്റ് ഡയറക്ടറും തുടർന്ന് സാങ്കേതിക സർവകലാശാല വൈസ് ചാൻസലറുടെ ചുമതലയും വഹിച്ചിരുന്ന 2023 മാർച്ച് 31-ന് സർവീസിൽനിന്നും വിരമിച്ച ഡോ. സിസാ തോമസിന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയോ; നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

2023 മാർച്ച് 31-ന് സർവീസിൽനിന്നും വിരമിച്ച ഡോ. സിസാ തോമസിന് Provisional Pension അനുവദിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 27-09-2023-ലെ വെരിഫിക്കേഷൻ റിപ്പോർട്ടുപ്രകാരം Provisional Pension നൽകിയിട്ടുമുണ്ട്.

സർക്കാർ ഫയൽ ചെയ്ത SLP 5101/2024-ന്മേൽ 05-03-2024-ലെ ബഹു. സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ സർക്കാർ റിവ്യൂ പെറ്റീഷൻ (ഡയറി നം.27777/2024) ഫയൽ ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം

കോടതിയുടെ അന്തിമ തീരുമാനത്തിനുവിധേയമായി മാത്രമെ ഡോ. സിസാ തോമസിന് മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാനാവുകയുള്ളൂ.

ആറ്റിങ്ങൽ ഐ.എച്ച്.ആർ.ഡി. കോളേജിലെ കെട്ടിട നിർമ്മാണം

134(1711) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിലെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണത്തിന് 23-06-2023-ലെ G. O. (Rt) No. 953/2023/H.Edn. ഉത്തവുപ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ താഴത്തെ രണ്ടുനില BSNL (സിവിൽ വിങ്) ആണ് നിർവഹിച്ചത്. മുകളിലത്തെ നിലയുടെ നിർമ്മാണമാരംഭിക്കുന്നതിന് കെട്ടിടത്തിന്റെ structural design & structure

stability certificate എന്നിവ BSNL-ൽനിന്നും ലഭ്യമാക്കി പി.ബ്ലൂ.ഡി.ക്ക് നൽകുകയുണ്ടായി. എന്നാൽ ലഭ്യമായ Structural design drawings പൂർണ്ണമല്ലെന്ന് പി.ബ്ലൂ.ഡി. അറിയിച്ചതിനെത്തുടർന്ന് ബാക്കി drawings കൂടി നൽകണമെന്ന് BSNL-നോട് ഐ.എച്ച്.ആർ.ഡി. ആവശ്യപ്പെട്ടിട്ടുണ്ട്.

എ.ഐ.സി.ടി.ഇ. നിർദേശിച്ചിട്ടുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം

135(1712) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ. നിർദേശിച്ചിട്ടുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഈ സ്കീം നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഈ സ്കീം നടപ്പിലാക്കാത്തത് കോളേജുകളുടെ പഠനനിലവാരത്തെ സാരമായി ബാധിക്കുമെന്നതിനാൽ ആയത്

സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിലെ അധ്യാപക നിയമനം

136(1713) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ പുതുതായി ആരംഭിച്ച കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ അധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ മറ്റ് കോളേജുകളിൽനിന്ന് താൽക്കാലികമായി അധ്യാപകരെ പുനർവിന്യസിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) 23-08-2022-ലെ G. O. (Ms) No. 404/2022/HEDN പ്രകാരം കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ (കമ്പ്യൂട്ടർ സയൻസ് വിഭാഗം) കോഴ്സിന് 5 വർഷത്തേയ്ക്ക് തസ്തികകൾ അനുവദിക്കില്ലെന്ന വ്യവസ്ഥയിലാണ് കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ 2022-23 അക്കാദമിക വർഷത്തിൽ കോഴ്സ് അനുവദിച്ചിട്ടുള്ളത്. ടി വിഭാഗത്തിലേയ്ക്ക് തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ്, കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (MCA) ഡിപ്പാർട്ട്മെന്റുകളിലെ 3 അധ്യാപക തസ്തികകൾ (ഒരു അസോസിയേറ്റ് പ്രൊഫസറും 2 അസിസ്റ്റന്റ് പ്രൊഫസറും) സ്ഥിരമായി പുനർവിന്യസിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

എഞ്ചിനീയറിങ് കോളേജുകളിലെ ഫ്ലോട്ടിങ് സംവരണം

137(1714) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ ബി.ടെക് പ്രവേശനത്തിൽ ഫ്ലോട്ടിങ് റിസർവേഷൻ നിർത്തലാക്കാൻ നിർദേശിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എച്ച്.ഇ.ഡി.എൻ.-ജി3/59/2022-എച്ച്.ഇ.ഡി.എൻ. നമ്പർ പ്രകാരം 06-03-2024-ന് നൽകിയ കത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

എഞ്ചിനീയറിങ് കോളേജുകളിലെ പ്രവേശനത്തിന് ഫ്ലോട്ടിങ് റിസർവേഷൻ ഏർപ്പെടുത്തിയത് 07-10-1998-ലെ G. O. (Ms) No.122/98/HEDN സർക്കാർ ഉത്തരവുപ്രകാരമാണ്. ഫ്ലോട്ടിങ് റിസർവേഷൻ നിർത്തലാക്കുന്ന വിഷയം റീവാമ്പ് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്.

(ബി) ഫ്ലോട്ടിങ് സംവരണം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എ.സി.ബി.1/46155/ഡി.റ്റി.ഇ. നമ്പർ പ്രകാരം 05-01-2024-ന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഫ്ലോട്ടിങ് സംവരണം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എ.സി.ബി.1/46155/ഡി.റ്റി.ഇ. നമ്പർ പ്രകാരം 05-01-2024-ന് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(സി) ഫ്ലോട്ടിങ് സംവരണം നടപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിലോ മന്ത്രിതലത്തിലോ യോഗം വിളിക്കുകയോ നിർദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ യോഗത്തിന്റെ മിനിട്സ്, നിർദേശത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

ഇല്ല.

(ഡി) 2024-ൽ എഞ്ചിനീയറിങ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിൽ ഫ്ലോട്ടിങ് സംവരണം മുഖേന പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024-ൽ എഞ്ചിനീയറിങ് കോഴ്സിൽ ഫ്ലോട്ടിങ് സംവരണം മുഖേന അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികളുടെ എണ്ണം കാറ്റഗറി തിരിച്ചത് അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

138(1715) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിനെ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇരുപത്തിയഞ്ച് ഏക്കർ ഭൂമിയുള്ള പ്രസ്തുത കോളേജിനെ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഐ.എച്ച്.ആർ.ഡി.-യിൽനിന്നും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

എഞ്ചിനീയറിങ് പ്രവേശനത്തിലെ സംവരണ പിഴവുകൾ

139(1716) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എഞ്ചിനീയറിങ് പ്രവേശനത്തിന്റെ മൂന്നാംഘട്ട അലോട്ട്മെന്റിന്റെ പ്രൊവിഷണൽ പട്ടിക തയ്യാറാക്കിയപ്പോൾ മെറിറ്റിൽ അലോട്ട്മെന്റ് നൽകേണ്ട വിദ്യാർഥികളെ സംവരണ സീറ്റിൽ നിലനിർത്തിയ പിഴവ് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

എഞ്ചിനീയറിങ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് സാധാരണയായി വേക്കൻസി ഫില്ലിങ് രീതിയിലാണ് നടത്തുന്നത്. കൂടുതൽ അവസരങ്ങളിലും എഞ്ചിനീയറിങ്ങിന് ആദ്യ മൂന്നുഘട്ട അലോട്ട്മെന്റുകൾക്കുശേഷമാണ് ഇത്തരത്തിൽ വേക്കൻസി ഫില്ലിങ് അലോട്ട്മെന്റ് നടത്തുന്നത്. വേക്കൻസി ഫില്ലിങ് അലോട്ട്മെന്റുകളിൽ

(ഓൺലൈനായി നടത്തുന്നവയിലും സ്പോട്ട് അലോട്ട്മെന്റുകളിലും) സാധാരണയായി കോളേജ് മാറ്റമോ കോഴ്സ് മാറ്റമോ കൂടാതെയുള്ള കേവലം സീറ്റ് കാറ്റഗറി മാറ്റം നടത്താറില്ല. ഈ വർഷം സമയപരിമിതിമൂലം (AICTE-യുടെ ആദ്യ ഷെഡ്യൂൾപ്രകാരം) മൂന്നാംഘട്ട അലോട്ട്മെന്റ് അവസാനഘട്ട അലോട്ട്മെന്റായി മാറിയതിനാൽ വേക്കൻസി ഫില്ലിങ് അലോട്ട്മെന്റായി ക്രമീകരിക്കപ്പെടുകയുണ്ടായി. പരമാവധി സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതിനും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഒഴിവാക്കുന്നതിനുംവേണ്ടി മൂന്നാംഘട്ടത്തിൽ ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു. ഈ രീതിയിൽ വേക്കൻസി ഫില്ലിങ്ങായി അലോട്ട്മെന്റ് നടത്തിയപ്പോൾ ആദ്യ റൗണ്ടിൽ രണ്ടാംഘട്ട അലോട്ട്മെന്റിനെത്തുടർന്ന് ഒഴിവുണ്ടായിരുന്ന കാറ്റഗറി സീറ്റുകളും സ്റ്റേറ്റ് മെറിറ്റ് സീറ്റുകളും നികത്തുന്ന രീതിയിലാണ് അലോട്ട്മെന്റ് നടത്തിയത്. വേക്കൻസി ഫില്ലിങ് അലോട്ട്മെന്റ് ആയതിനാൽ തുടർന്നുള്ള റൗണ്ടുകളിൽ മുൻഘട്ടങ്ങളിലെപോലെ പ്രോസ്പെക്ടസ് ക്ലോസ് 11.8.2-ലെ വ്യവസ്ഥകൾ ബാധകമാക്കിയല്ല അലോട്ട്മെന്റ് നടത്തിയത്.

(ബി) ഈ പിഴവ് തിരുത്താൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചതിനെത്തുടർന്ന് താൽക്കാലിക അലോട്ട്മെന്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദേശം നൽകി. അതനുസരിച്ച് മുൻ വർഷത്തെപ്പോലെ മാറ്റങ്ങൾ വരുത്തിയാണ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചത്.

(സി) പ്രോസ്പെക്ടസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി എൻജിനീയറിങ് മൂന്നാംഘട്ട അലോട്ട്മെന്റ് സീറ്റ് ഫില്ലിങ് റൗണ്ടാക്കി മാറ്റിയത് സർക്കാർ അനുമതിയോടെയാണോ; എങ്കിൽ ഇതുസംബന്ധിച്ച് അനുമതി നൽകിയ രേഖയുടെ പകർപ്പ് ഹാജരാക്കാമോ?

കീം 2024 പ്രോസ്പെക്ടസ് ക്ലോസ് 11.6.5, 11.6.9-ൽ അലോട്ട്മെന്റ് സംബന്ധിച്ച Conditions, Guidelines എന്നിവ തയ്യാറാക്കുന്നതിനുള്ള പൂർണ്ണാധികാരം പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) ഈ വർഷത്തെ എൻജിനീയറിങ്/മെഡിക്കൽ പ്രവേശനത്തിൽ സർക്കാർ/എയ്ഡഡ് കോളേജുകളിലേയ്ക്കായി തയ്യാറാക്കിയ സീറ്റ് മെട്രിക്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; എൻജിനീയറിങ്ങിന്റെ മൂന്ന് അലോട്ട്മെന്റുകളിലും വിവിധ സംവരണ കാറ്റഗറികൾക്ക് വ്യത്യസ്ത സീറ്റ് വിഹിതം അനുവദിച്ചത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ?

2024-ലെ എഞ്ചിനീയറിങ്/മെഡിക്കൽ കോഴ്സുകളുടെ ഗവൺമെന്റ് കോളേജുകളിലെ സീറ്റ് മെട്രിക്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+. എഞ്ചിനീയറിങ് ഒന്നും രണ്ടും ഘട്ടത്തിനുള്ള അലോട്ട്മെന്റിലും മൂന്നാംഘട്ടത്തിലെ അലോട്ട്മെന്റ് നടപടികളുടെ ആദ്യ റൗണ്ടിലും വിവിധ സംവരണ കാറ്റഗറിക്ക് സീറ്റുകൾ അനുവദിക്കുന്നത് പ്രോസ്പെക്ടസ് വ്യവസ്ഥ 4.5 പ്രകാരവും മൂന്നാംഘട്ടത്തിലെ അലോട്ട്മെന്റുകളുടെ രണ്ടാം റൗണ്ട് മുതൽ പ്രോസ്പെക്ടസ് വ്യവസ്ഥ 5.5 പ്രകാരമുള്ള സീറ്റ് കൺവേർഷൻ നടപടി പ്രകാരവുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ പോളിടെക്നിക്കിന്റെ നിർമ്മാണം

140(1717) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ വിളപ്പിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ എന്തായെന്ന് വിശദമാക്കാമോ?

കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ സർവെ നമ്പർ 227/3, 227/4, 228/4, 228/3 എന്നിവയിൽ 2.0214 ഹെക്ടർ സ്ഥലം വിളപ്പിൽശാല പോളിടെക്നിക് കോളേജ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പോളിടെക്നിക്കിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

നിലവിലില്ല. പ്രസ്തുത പോളിടെക്നിക്കിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പോളിടെക്നിക് യാഥാർഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ വിശദമാക്കാമോ?

സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ച് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനുശേഷം മാത്രമെ എ.ഐ.സി.ടി.-യിൽനിന്നും അനുമതി നേടാൻ സാധിക്കുകയുള്ളൂ.

സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ പോളിടെക്നിക് കോളേജുകൾ

141(1718) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/ എയ്ഡഡ് മേഖലയിൽ പോളിടെക്നിക് കോളേജുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മണ്ഡലങ്ങളിലാണ് അനുവദിച്ചതെന്ന് പറയാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നടുവിൽ സർക്കാർ പോളിടെക്നിക് കോളേജ് 2023-2024 അക്കാദമിക വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പരപ്പ ഗവൺമെന്റ് പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയംകുളം പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി പുളിയംകുളത്ത് 69/1 സർവെ നമ്പറിൽ 3 1/4 ഏക്കർ സർക്കാർ അധീനതയിൽ പൊതു

ഉപയോഗത്തിനാവശ്യമായ ഭൂമിയും കൂടാതെ ഒരേക്കർ മിച്ചഭൂമിയും ലഭ്യമാണോയെന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

ടെക്നിക്കൽ ഹൈസ്കൂളുകൾ മോഡൽ പോളിടെക്നിക്കാക്കി ഉയർത്തുന്നത്

142(1719) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ടെക്നിക്കൽ ഹൈസ്കൂളുകൾ മോഡൽ പോളിടെക്നിക്കാക്കി ഉയർത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി ടെക്നിക്കൽ സ്കൂൾ ഇതിലുൾപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

കോതമംഗലം-ചേലാട് പോളിടെക്നിക് കോളേജിലെ വികസന പ്രവർത്തനങ്ങൾ

143(1720) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-ചേലാട് പോളിടെക്നിക് കോളേജിൽ വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം-ചേലാട് പോളിടെക്നിക് കോളേജിൽ നബാർഡ് ഫണ്ടുപയോഗിച്ച് ചെയ്യുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-24 പദ്ധതിയിലുൾപ്പെട്ട നിർമ്മാണപ്രവൃത്തികളിൽ മൊത്തം പ്രവൃത്തിയുടെ 60 ശതമാനം നിലവിൽ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതികതടസ്സങ്ങൾ നീക്കി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തുടർനടപടി സ്വീകരിച്ചുവരുന്നു.

സി-ആപ്റ്റ് വക താൽക്കാലിക കോഴ്സുകൾ ആരംഭിക്കുന്നതിന്

144(1721) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ടെക്നോളജി (സി-ആപ്റ്റ്)യുടെ അധീനതയിൽ സ്വന്തമായി 50 സെന്റ് ഭൂമിയുള്ള പുനലൂർ നിയോജകമണ്ഡലത്തിലെ അഞ്ചലിൽ സി-ആപ്റ്റിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷക്കാലം ദൈർഘ്യമുള്ള കെ.ജി.ടി.ഇ., പ്രീ പ്രസ് ഓപ്പറേഷൻ വർക്ക്, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് എന്നിങ്ങനെയുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ; വിശദമാക്കാമോ?

അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. പുനലൂർ എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സി-ആപ്റ്റിന്റെ 41-ാമത് ഗവേണിങ് ബോഡി യോഗം പരിഗണിക്കുകയും അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. സി-ആപ്റ്റിന്റെ അധീനതയിലുള്ള

അഞ്ചലിലുള്ള ഭൂമിയിൽ നിലവിൽ കെട്ടിടങ്ങളൊന്നുംതന്നെയില്ല. 2023-24-ലേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

(ബി) ആവശ്യമായ അനുവാദം ലഭിക്കുന്നപക്ഷം താൽക്കാലിക സൗകര്യം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായാൽ സ്ഥിരം സംവിധാനമുണ്ടാകുന്നതുവരെ പഞ്ചായത്ത് ആസ്ഥാനത്തുതന്നെ ആവശ്യത്തിന് വിസ്തൃതിയിലുള്ള കെട്ടിടം കണ്ടെത്താവുന്നതും ആയതിന്റെ ചെലവ് വഹിക്കാൻ പഞ്ചായത്ത് തലത്തിൽ ധാരണയുണ്ടാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ ഈ മേഖലയിലെ സാധാരണക്കാരായ വിദ്യാർഥികളുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ഇവിടെ പ്രസ്തുത കോഴ്സ് താൽക്കാലികമായി അനുവദിക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

സി-ആപ്റ്റിന്റെ ഉപകേന്ദ്രം ഒരു സ്ഥിര സംവിധാനമുണ്ടാകുന്നതുവരെ അഞ്ചൽ പഞ്ചായത്ത് ആസ്ഥാനത്ത് താൽക്കാലികമായി തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.

ആയതിന്റെ ചെലവ് വഹിക്കാൻ പഞ്ചായത്ത് തലത്തിൽ ധാരണയാകുന്നപക്ഷം സി-ആപ്റ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിങ് ബോഡി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക പരീക്ഷാ കമ്മീഷണറേറ്റ് എന്നിവയുടെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ സാധിക്കുന്നതാണ്.

കേരളാ സ്റ്റേറ്റ് സി-ആപ്റ്റിൽ നിലവിലുള്ള സർവീസ് വിഷയങ്ങൾ

145(1722) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സി-ആപ്റ്റ് ജീവനക്കാരുടെ 06-06-2024-ലെ സ.ഉ. (കൈ) നം.351/2024/ഉ.വി.വ. പ്രകാരമുള്ള ട്രാൻസ്ഫർ ആൻഡ് പ്രൊമോഷൻ പോളിസിയിൽ 12-05-2022-ലെ സ.ഉ. (കൈ) നം.

231/2022/ഉ.വി.വ. ഉത്തരവിൽ പത്താം ശമ്പള കമ്മീഷൻ നടപ്പാക്കുന്നതിലേയ്ക്കായി നിർദ്ദേശിച്ചിരുന്ന 26 വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സി-ആപ്റ്റിലെ പത്താം ശമ്പള പരിഷ്കരണം 12-05-2022-ലെ സ. ഉ. (കൈ) 231/2022/ഉ.വി.വ. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ചിരുന്നു. സി-ആപ്റ്റിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന കാലയളവിലാണ് പത്താം ശമ്പള പരിഷ്കരണം സി-ആപ്റ്റിൽ അനുവദിച്ചത്. ആയതിനാൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന 26 വ്യവസ്ഥകളിൽ 4 എണ്ണം ഒഴികെ (ക്രമ നം. XVII, XVIII, XIX, XXV) 22 എണ്ണവും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ രൂപീകരിക്കുന്നതിലേയ്ക്കായി 20-02-2018-ലെ സ.ഉ. (സാധാ) നം.318/2018/ഉ.വി.വ. പ്രകാരം നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിലെ അനോമലി പരിഹരിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ

ചുമതലപ്പെടുത്തിയതിനെത്തുടർന്ന് സ്റ്റാഫ് പാറ്റേണും പ്രൊമോഷനും ഉടച്ചുവാർത്ത കമ്മിറ്റി തീരുമാനത്തിന് എന്തെങ്കിലും നിയമസാധുതയുണ്ടോ; വ്യക്തമാക്കുമോ?

സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ രൂപീകരിക്കുന്നതിലേയ്ക്കായി നിയമിച്ച കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകൾ വിശദമായ പഠനത്തിനുശേഷം ആവശ്യമായ ഭേദഗതികളോടെ 06-06-2024-ലെ സ.ഉ. (കൈ) നം. 351/2024/ഉ.വി.വ. ഉത്തരവുപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് സി-ആപ്റ്റിനെ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1956-നുകീഴിൽ കൊണ്ടുവരാനുള്ള സാഹചര്യം വ്യക്തമാക്കാമോ; ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന ടെയിനിങ്ങിനുവേണ്ടി പ്ലാൻ ഫണ്ട് വാങ്ങുന്നത് സി-ആപ്റ്റ് മുഖേനയാണോ എന്നറിയിക്കാമോ?

സി-ആപ്റ്റിന്റെ സർവീസ് റൂൾസിലെ അവധി ചട്ടങ്ങളിൽ മാത്രമാണ് ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളത്.

സി-ആപ്റ്റ് മുഖേന നടത്തുന്ന വിവിധ പരിശീലന പരിപാടികൾക്ക് ആവശ്യമുണ്ടെന്ന് ബോധ്യമാകുന്നപക്ഷം വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്ലാൻ ഫണ്ട് അനുവദിക്കാറുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സി-ആപ്റ്റിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്നും അവയുടെ പേരും നിലവിലെ സീനിയോറിറ്റി ലിസ്റ്റും ലഭ്യമാക്കാമോ?

06-06-2024-ലെ സ.ഉ. (കൈ) നം. 351/2024 ഉ.വി.വ. പ്രകാരം സി-ആപ്റ്റിൽ 74 തസ്തികകളാണ് നിലവിലുള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. പ്രസ്തുത തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

സി-ആപ്റ്റ്

146(1723) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിന് ഇരുപത് കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നികുതി വകുപ്പിന്റെ 05-01-2023-ലെ സ. ഉ. (സാധാ) 4/2023/നികുതി നം. ഉത്തരവുപ്രകാരം ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിന് ഇരുപത് കോടി രൂപ വായ്പ അനുവദിക്കുന്നതിന് സംസ്ഥാന ലോട്ടറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ അച്ചടിക്കായി ഏതുതരം മെഷീനുകളാണ് വാങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ലോട്ടറി അച്ചടിക്കായി കളർ ഓഫ്സെറ്റ് പ്രിന്റിങ് മെഷീൻ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച ടെൻഡർ നടപടി പുരോഗമിച്ചുവരികയാണ്.

(സി) സി-ആപ്റ്റിൽനിന്ന് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട ഡി.എ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ മരവിപ്പിച്ച നടപടി പുനഃസ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സി-ആപ്റ്റ് സാമ്പത്തിക പുരോഗതി കൈവരിക്കുന്നമുറയ്ക്കുമാത്രം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ

നൽകിയാൽ മതിയെന്ന് സി-ആപ്റ്റിന്റെ 59-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത തീരുമാനത്തിനെതിരെ സംഘടനകൾ വ്യാപകമായ പരാതികൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30-01-2024-ൽ കൂടിയ സി-ആപ്റ്റിന്റെ 42-ാമത് ഗവേണിങ് ബോഡി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും കൂടിശ്ശിക നൽകുന്നതിനുവേണ്ടി വരുന്ന തുക സംബന്ധിച്ചും സെന്ററിന്റെ നിലവിലെ സാമ്പത്തിക ഭദ്രത സംബന്ധിച്ചുമുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കാൻ മൂന്നംഗ കമ്മിറ്റി രൂപീകരിക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ ഗവേണിങ് ബോഡി യോഗതീരുമാനപ്രകാരമുള്ള മേൽ സൂചിപ്പിച്ച റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ സി-ആപ്റ്റ് മാനേജിങ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം കൂടിശ്ശികയിനത്തിലുള്ള ബാധ്യത സംബന്ധിച്ചുള്ള കണക്കുകൾ തയ്യാറാക്കിവരുന്നു.

(ഡി) സി-ആപ്റ്റ് മലപ്പുറം കേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കുമോ?

സി-ആപ്റ്റിന്റെ 59-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റിന് സാമ്പത്തിക ബാധ്യതയുണ്ടാകാത്തതരത്തിൽ താനൂർ നിയോജകമണ്ഡലത്തിൽ സി-ആപ്റ്റിന്റെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം

147(1724) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 30-10-2019-ലെ സ. ഉ. (സാധാ)നം. 1945/2019/ഉ.വി.വ. ഉത്തരവുപ്രകാരം കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSOR 2018-ൽ വ്യത്യാസം വരികയും അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽനിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെക്കൊണ്ട് മണ്ണ്

പരിശോധിച്ച് റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദേശം നൽകുകയും ചെയ്തു.

പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച് standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂമുൾപ്പെട്ട ഭാഗം മാത്രമെ നിർമ്മിക്കാൻ കഴിയുകയുള്ളുവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.

ടി നിർമ്മാണത്തിനുവേണ്ടി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre-stressed building with prefab slab & walls ഉപയോഗിച്ച് ഇതര സാങ്കേതികവിദ്യ പരിഗണിച്ച് സർക്കാർ അനുമതി ലഭിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തി ഒരു economical proposal വീണ്ടും സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ചാലക്കുടി മേഖല ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് നടപടി

148(1725) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖല ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചാലക്കുടി മേഖല ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിന് നിർമ്മാണ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് "Super ThermoLay App modified Waterproofing Membrane" ഉപയോഗിച്ച് കെട്ടിടത്തിന്റെ മകുടം പൂർണ്ണമായി പൊതിയുന്നതിനായുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറും മ്യൂസിയത്തിന്റെ സാങ്കേതിക സമിതിയുടെ പ്രതിനിധിയും പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ള ഒരു സ്ഥലം നേരിട്ട് സന്ദർശിച്ച് പരിശോധന നടത്തുകയും ചെയ്തു. തുടർന്ന് ഉപാധികൾക്കുവിധേയമായി ഈ

സാങ്കേതികവിദ്യ അംഗീകരിക്കാമെന്ന് മ്യൂസിയത്തിന്റെ സാങ്കേതിക സമിതി ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശ വിദഗ്ധാഭിപ്രായം ലഭ്യമാക്കുന്നതിനായി ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ചോർച്ച പരിഹരിച്ച് പ്ലാനറ്റേറിയം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ചീഫ് ടെക്നിക്കൽ എക്സാമിനറിൽനിന്നുള്ള അഭിപ്രായംകൂടി സ്വീകരിച്ച് കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ച് പ്ലാനറ്റേറിയം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചശേഷം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയും.

ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

149(1726) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗവേണിങ് ബോഡി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 07-08-2024-ൽ കൂടിയ ഗവേണിങ് ബോഡി തീരുമാനമെടുത്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സുമായി ബന്ധപ്പെട്ട നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ പതിനൊന്നാം ശമ്പള പരിഷ്കരണത്തിനുള്ള ശിപാർശയും അനുബന്ധരേഖകളും സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശമ്പള പരിഷ്കരണത്തിനുള്ള ശിപാർശ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ പഠിപ്പിക്കുന്നതിനുള്ള നടപടി

150(1727) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ രണ്ടാം ഭാഷ (അറബിക്/ഹിന്ദി/ഉറുദു) പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അടുത്ത സിലബസ് റിവിഷനിൽ ഈ വിഷയം പരിശോധിക്കാവുന്നതാണ്.

(ബി) ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ താൽക്കാലിക അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) സ്കൂൾ പി.ടി.എ.-ക്ക് അഭിമുഖം നടത്തി താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള അധികാരമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ താൽക്കാലിക അധ്യാപകരെ നിയമിക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്ന് വിശദീകരിക്കുമോ?

(ബി-ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പത്രപ്പരസ്യം വഴിയും താൽക്കാലിക അധ്യാപകരെ നിയമിക്കാൻ സാധിക്കും.

സ്കൂൾ പി.ടി.എ.-യ്ക്ക് അഭിമുഖം നടത്തി താൽക്കാലിക അധ്യാപകരെ നിയമിക്കാനുള്ള അധികാരം ചട്ടപ്രകാരമില്ല.

അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നെങ്കിൽ അക്കാദമിക് താൽപര്യം പരിഗണിച്ച് സ്ഥിരനിയമനം നടക്കുന്നതുവരെയോ അധ്യയന വർഷം അവസാനിക്കുന്നതുവരെയോ (ഏതാണോ ആദ്യം അത്) താൽക്കാലിക ഗസ്റ്റ് നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാർഗനിർദേശങ്ങൾ പാലിച്ച് നടത്താവുന്നതാണ്.

വരടിയം ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ

151(1728) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വരടിയം ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് 05-09-2022-ലെ (ജി. ഒ. (ആർ.ടി.) നം. 1335/2022/എച്ച്.ഇ.ഡി.എൻ., (എം.എസ്.) നം. എ.എസ്./എച്ച്.ഇ.ഡി./ 22/21729 വാലിഡ് അപ് ടു 04-09-2025 ഉത്തരവ്) കൺസ്ട്രക്ഷൻ ഓഫ് ഗ്രൗണ്ട് ഫ്ലോർ ബാലൻസ് വർക്ക് ആൻഡ് ഫസ്റ്റ് ഫ്ലോർ ഫേസ്-1 വർക്കിനായി 1,50,00,000/- രൂപ ഭരണാനുമതി ലഭിച്ച് അനുവദിച്ച തുക പി.ഡബ്ല്യു.ഡി.-ക്ക് കൈമാറി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വരടിയം ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് കൺസ്ട്രക്ഷൻ ഓഫ് ഗ്രൗണ്ട് ഫ്ലോർ ബാലൻസ് വർക്ക് ആൻഡ് ഫസ്റ്റ് ഫ്ലോർ ഫേസ്-1 വർക്കിനായി 1,50,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2024-25-ലെ പ്ലാൻ ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

കോഴിക്കോട് ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ സ്കൂളിന്റെ വികസനം

152(1729) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല വികസനത്തിന് പ്ലാൻ ഫണ്ട് അനുവദിച്ച് നൽകാറുണ്ടോ?

ഉണ്ട്.

(ബി) കോഴിക്കോട് ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ സ്കൂളിന്റെ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

(ബി&സി) കോഴിക്കോട് ജില്ലയിലെ തിരുത്തിയാട് ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് 187 ലക്ഷം രൂപ അനുവദിക്കുന്നതിനായി കോളേജ് പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള പദ്ധതികളെല്ലാംതന്നെ തീരുമാനമായി ഭരണാനുമതി നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ 187 ലക്ഷം രൂപയുടെ പ്രസ്തുത പദ്ധതി ഈ വർഷം ഏറ്റെടുക്കാൻ നിർവാഹമില്ലെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട നിർദേശം സമർപ്പിക്കുന്നപക്ഷം പരിഗണിക്കാവുന്നതാണ്.

പുനലൂർ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുനരുദ്ധാരണം

153(1730) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, പത്തനംതിട്ട ജില്ലകളിലെ ഒരേയൊരു ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടായ പുനലൂർ നെല്ലിപ്പള്ളിയിൽ ഏറെ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ഈ വർഷത്തെ സിലബസ് റിവിഷനിൽ ടൈപ്പ്റൈറ്റർ മാറ്റുകയും പകരമായി വേർഡ് പ്രോസസ്സിങ് കൂട്ടിചേർക്കുകയും ചെയ്തിട്ടുള്ളതിനാൽ കമ്പ്യൂട്ടർ, അനുബന്ധ

ഉപകരണങ്ങളുടെ അഭാവം കാരണം പഠനം ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുനലൂർ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ വിഷയത്തിൽ 02-09-2024-ന് സർക്കാർതലത്തിൽ യോഗം ചേരുകയും സ്ഥാപനം അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിനും ഇതിനായി സ്ഥലം കണ്ടെത്തുന്നതിനും കൊല്ലം ജില്ലാപഞ്ചായത്തുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാർഥികൾക്ക് ഫീസ് കൺസഷൻ ലഭിക്കുന്നതിനുള്ള ആൾ ഇന്ത്യ സർവെ ഓൺ ഹയർ എഡ്യൂക്കേഷൻ കോഡ് ലഭിക്കുന്നതിന് സ്റ്റേറ്റ് ടെക്നിക്കൽ കൗൺസിലിന്റെ അഫിലിയേഷൻ ലെറ്റർ ആവശ്യമായി വന്നിട്ടുള്ളതിനാലും മതിയായ ഇൻഫ്രാസ്ട്രക്ചറില്ലാതെ പ്രവർത്തിക്കുന്ന കാരണത്താൽ അഫിലിയേഷൻ ലഭിക്കാത്ത സാഹചര്യത്തിലും സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുടർനടപടി കൈക്കൊള്ളുമോ വിശദമാക്കാമോ?

AISHE കോഡ് അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. ജി.സി.ഐ. സ്ഥാപനങ്ങൾക്ക് AISHE കോഡ് ലഭ്യമായിട്ടില്ല. പത്താം ക്ലാസ് കഴിഞ്ഞ് മൂന്നുവർഷത്തെ കോഴ്സുകൾക്കോ പ്ലസ്ടു കഴിഞ്ഞ് കുറഞ്ഞത് 9 മാസത്തെ കോഴ്സുകൾക്കോ ആണ് AISHE കോഡ് അനുവദിക്കുന്നത്.

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്

154(1731) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ വിശദമാക്കാമോ?

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലമേറ്റെടുക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ പലിശയിനത്തിൽ ആവശ്യപ്പെട്ട തുക സംബന്ധിച്ച് സ്പഷ്ടീകരണം സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.

(ബി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25-09-2024-ലെ ജെ2/62/2023

നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

മറുപടി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കലിനുവേണ്ടി വരുന്ന തുകകൂടി കണക്കാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ആയതിൽ ഉയർന്ന പലിശ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലമേറ്റെടുക്കുന്നത്തിനുവേണ്ടി ടി വസ്തുവിന് ആർ ഒന്നിന് 1,17,501/- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 104.05 ആർ ഭൂമിയുടെ സ്ഥലവില മാത്രം 1,22,25,979/- രൂപ വില വരികയും RFCT LARR Act പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ 100 ശതമാനം സൊലേഷ്യം, നിർമ്മിതികളുടെയും വൃക്ഷങ്ങളുടെയും വില 12 ശതമാനം അഡീഷണൽ ലാൻഡ് വാല്യു എന്നിവയും 31-03-2024 വരെയുള്ള പലിശയും കൂടി കണക്കാക്കി ആകെ 3,64,98,740/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത സ്ഥലമെറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർഥനാധികാരി (കളക്ടർ) റവന്യു വകുപ്പിന് കൈമാറാനുള്ള

കാലതാമസത്തിന് കാരണം എന്താണെന്നും കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവ. കോളേജ്

155(1732) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് പ്രൊപ്പോസൽ/അപേക്ഷ കണ്ണൂർ സർവകലാശാലയിൽ ലഭിച്ചിട്ടില്ല.

എന്നാൽ കാസർഗോഡ് പാക്കേജിലുൾപ്പെടുത്തി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരക ഗവ. കോളേജിൽ പുതുതലമുറ പ്രോഗ്രാമുകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) പ്രസ്തുത കോഴ്സുകൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് പാക്കേജിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പുതിയ പ്രോഗ്രാമുകൾ സർവകലാശാലയുടെകൂടി അംഗീകാരത്തോടെ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സർവകലാശാല പഠനവകുപ്പുകളും കോഴ്സുകളും

156(1733) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാല പഠന വകുപ്പുകളിലും സർവകലാശാലകൾ നേരിട്ട് നടത്തുന്ന സെന്ററുകളിലും വിവിധ പ്രോഗ്രാമുകളിൽ 2022-23, 2023-24, 2024-25 അധ്യയന വർഷങ്ങളിൽ

പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം, പ്രോഗ്രാം, പഠന വകുപ്പ്, കേന്ദ്രം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാല പഠന വകുപ്പുകളിലും സർവകലാശാലകൾ നേരിട്ടുനടത്തുന്ന സെന്ററുകളിലും വിവിധ പ്രോഗ്രാമുകളിൽ 2022-23, 2023-24, 2024-25 അധ്യയന വർഷങ്ങളിൽ ലഭ്യമായ പെർമനന്റ് സീറ്റുകളുടെ എണ്ണം, വിദ്യാർഥികൾ പ്രവേശനം നേടിയ സീറ്റുകളുടെ എണ്ണം, ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ എണ്ണം എന്നിവ പ്രോഗ്രാം, പഠന വകുപ്പ്, കേന്ദ്രം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) സർവകലാശാല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) സംസ്ഥാനത്തെ സർവകലാശാല പഠന വകുപ്പുകളിലും സർവകലാശാലകൾ നേരിട്ട് നടത്തുന്ന സെന്ററുകളിലും നിലവിലുള്ള സ്ഥിരം അധ്യാപകരുടെ എണ്ണം, വിഷയം, പഠന വകുപ്പ്, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്തെ സർവകലാശാല പഠന വകുപ്പുകളിലും സർവകലാശാലകൾ നേരിട്ട് നടത്തുന്ന സെന്ററുകളിലും നിലവിലുള്ള താൽക്കാലിക അധ്യാപകരുടെ എണ്ണം, വിഷയം, പഠന വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) നാല് വർഷ ബിരുദ റെഗുലേഷന്റെ ഭാഗമായി സർവകലാശാല പഠന വകുപ്പുകളിൽ ഈ അധ്യയന വർഷം ആരംഭിച്ച പുതിയ പ്രോഗ്രാമുകളുടെ വിശദാംശങ്ങൾ സർവകലാശാല, പഠന വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ നടപടി

157(1734) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിദ്യാർഥികളുടെ ഗവേഷണ-നൈപുണ്യ വികസനത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ നടപ്പ് അധ്യയന വർഷംമുതൽ നാലുവർഷ ബിരുദ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുകയുണ്ടായി. വൈജ്ഞാനിക മേഖലയിൽ കുതിച്ചുചാട്ടം ലക്ഷ്യമിട്ട് കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന 'ലീഡ്' പോലുള്ള പദ്ധതികളും വകുപ്പിൽ നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ്റൂമാക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ കാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി

PLEASE, വിദ്യാർഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരള, മഹാത്മാഗാന്ധി, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേരളത്തിനുപുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വ്യക്തികളുടെ വിജ്ഞാനസമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബ്രെയിൻ ഗെയിൻ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിനുള്ള എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) എന്നിവ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network-KALNET) പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളെയും ഈ ശൃംഖലയിൽ പങ്കാളികളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിങ് നൽകുന്നതിനായി കേരള സംസ്ഥാന

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

സർവകലാശാല പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായകരമാകുന്നതരത്തിലുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'ഇൻഡസ്ട്രി ഓൺ കാമ്പസ് ' പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) സ്വകാര്യ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2023-ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ 16 സർവകലാശാലകളും 1463 കോളേജുകളും (സർക്കാർ - 236, എയ്ഡഡ് - 184, സ്വാശ്രയം - 1043) ഉണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ബഹുഭ്രരിപക്ഷം സ്ഥാപനങ്ങളും (എയ്ഡഡ്/സ്വാശ്രയ) സ്വകാര്യ മേഖലയിലാണുള്ളത്. ഇതിന്റെ ഫലമായി വിദ്യാർഥികളിൽ ഏറിയപങ്കും സ്വകാര്യമേഖല സ്ഥാപനങ്ങളിലെ പ്രോഗ്രാമുകളിലാണ് പഠിക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയുടെ സാന്നിധ്യം വളരെ

ശക്തമാണ്. ഈ മേഖലയ്ക്കാവശ്യമായ പിന്തുണ സർക്കാരും സർവകലാശാലകളും നൽകിവരുന്നുണ്ട്.

കോളേജുകളിലെ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം

158(1735) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഡിഗ്രി, പി.ജി. പ്രവേശനത്തിന് അഡ്മിഷൻ നടത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റിലെ അശാസ്ത്രീയത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ സർവകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഡിഗ്രി, പി.ജി. പ്രവേശനത്തിന് അശാസ്ത്രീയത ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അലോട്ട്മെന്റ് പൂർത്തിയായെങ്കിലും നിരവധി സീറ്റുകൾ പല കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് മൂന്നാമതൊരു അലോട്ട്മെന്റ് കൂടി അനുവദിക്കുമോ?

ഒഴിവുകൾ പരമാവധി നികത്തുന്നതിന് നിലവിൽ മൂന്നോ അതിൽ കൂടുതലോ അലോട്ട്മെന്റുകൾ സർവകലാശാലകൾ അനുവദിക്കുന്നുണ്ട്. അതിനുശേഷം ഒഴിവുകൾക്കനുസരിച്ച് സ്പോട്ട് അലോട്ട്മെന്റുകളും അനുവദിക്കുന്നുണ്ട്. കഴിയുന്നത്ര ഒഴിവുകൾ നികത്തിയാണ് പ്രവേശന നടപടികൾ അവസാനിപ്പിക്കുന്നത്.

(സി) ഒഴിവുള്ള സീറ്റുകളിൽ പ്രാദേശികമായി കുട്ടികളെ പ്രവേശിപ്പിക്കാൻ മൂന്നാം അലോട്ട്മെന്റിനുശേഷം നടപടി സ്വീകരിക്കുമോ?

ഒഴിവുകൾക്കനുസരിച്ച് കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റുകൾ അനുവദിക്കുന്നുണ്ട്.

(ഡി) ഈ അശാസ്ത്രീയമായ പ്രവേശന സമ്പ്രദായം അവസാനിപ്പിക്കാനും അലോട്ട്മെന്റ് രീതി പരിഷ്കരിക്കാനും ശാസ്ത്രീയമായി ഇവയെക്കുറിച്ച് പഠിക്കാനും നടപടി സ്വീകരിക്കുമോ?

സർവകലാശാലകളിൽ നടത്തുന്ന UG, PG അലോട്ട്മെന്റുകൾ മെറിറ്റ്-സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് കഴിയുന്നത്ര ഒഴിവുകൾ നികത്താവുന്ന രീതിയിൽ തികച്ചും കാര്യക്ഷമമായാണ് നടന്നുവരുന്നത്.

സർവകലാശാല ജീവനക്കാരുടെയും

അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ

159(1736) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സർവകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവകലാശാലകളിൽ ഏത് വർഷം മുതൽ വിരമിച്ച ജീവനക്കാർക്ക് ടി ആനുകൂല്യങ്ങൾ നൽകാനുണ്ട്?

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ 2017, 2018, 2020 വർഷങ്ങളിൽ സർവീസിൽനിന്നും വിരമിച്ച ഓരോ അധ്യാപക-അനധ്യാപക ജീവനക്കാരുടെയും 2022-2024 വർഷങ്ങളിൽ വിരമിച്ച 26 അധ്യാപക-അനധ്യാപക ജീവനക്കാരുടെയും പെൻഷൻ

ആനുകൂല്യങ്ങളിലുൾപ്പെട്ടിട്ടുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ, DCRG, ടെർമിനൽ സറണ്ടർ എന്നിവ ഫണ്ട് അപര്യാപ്തതമൂലം നൽകാനാവാതെ മുടങ്ങിയിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗ്രാന്റ് അധികമായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉചിതമായ തുക സർവകലാശാലകൾക്ക് ഗ്രാന്റിനത്തിൽ സർക്കാർ നൽകിവരുന്നു.

ബിരുദ ബിരുദാനന്തര കോഴ്സുകൾ

160(1737) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (സ്വാശ്രയ) ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് ആകെ എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്?

കേരള സർവകലാശാലയിൽ ആകെ ബിരുദ സീറ്റുകൾ - 35821, ആകെ ബിരുദാനന്തര ബിരുദ സീറ്റുകൾ - 5087

എം.ജി. സർവകലാശാലയിൽ ആകെ ബിരുദ സീറ്റുകൾ - 55644, ആകെ ബിരുദാനന്തര ബിരുദ സീറ്റുകൾ - 10699

കാലിക്കറ്റ് സർവകലാശാലയിൽ ആകെ ബിരുദ സീറ്റുകൾ - 92501 , ആകെ ബിരുദാനന്തര ബിരുദ സീറ്റുകൾ - 11826.

കണ്ണൂർ സർവകലാശാലയിൽ ആകെ ബിരുദ സീറ്റുകൾ - 23149, ആകെ ബിരുദാനന്തര ബിരുദ സീറ്റുകൾ - 3213.

(ബി) ഈ വർഷം ഓരോ സർവകലാശാലയുടെയും കീഴിലുള്ള കോളേജുകളിൽ എത്രപേർ പ്രവേശനം നേടിയെന്നും എത്ര സീറ്റുകൾ ഒഴിവുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കേരള സർവകലാശാലയിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 21847, ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം – 13974, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 3360 (08-10-2024-ലെ

കണക്കുപ്രകാരം). ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 1727 (08-10-2024-ലെ കണക്കുപ്രകാരം).

എം.ജി. സർവകലാശാലയിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം-25292, ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം-30352, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം-5118, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം-5581.

കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 59935, ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 32566, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 7704, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 4122.

കണ്ണൂർ സർവകലാശാലയിൽ ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 14489, ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 8660, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം

നേടിയെ ആകെ വിദ്യാർഥികളുടെ എണ്ണം - 1596 (ബിരുദാനന്തര ബിരുദ അഡ്മിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.)

യു.ജി.സി.-യുടെ ഏഴാം ശമ്പളപരിഷ്കരണം

161(1738) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി 2016 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കുടിശ്ശിക അധ്യാപകർക്ക് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ഈ ഇനത്തിൽ നൽകിയത്; എന്നാണ് നൽകിയത്; അതിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണ്; കേന്ദ്ര സർക്കാർ വിഹിതം എത്രയാണ്; വിശദമാക്കാമോ?

(എ&ബി) 2016 ജനുവരി 1 മുതൽ 2019 മാർച്ച് 31 വരെയുള്ള യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണ കുടിശ്ശിക സംസ്ഥാനത്തെ അധ്യാപകർക്ക് നൽകിയിട്ടില്ല.

(സി) പ്രസ്തുത കുടിശ്ശിക നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ?

യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ പറഞ്ഞിരുന്ന റീ-ഇംബേഴ്സ്മെന്റ് സ്കീം പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന തീയതി എന്നായിരുന്നു; പ്രസ്തുത തീയതിക്കുള്ളിൽ കുടിശ്ശിക വിതരണം ചെയ്തിരുന്നോ; വിശദമാക്കാമോ;

(ഇ) ഇതുസംബന്ധിച്ച തീയതി കേന്ദ്ര സർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; അവസാന തീയതിക്കുള്ളിൽ കുടിശ്ശിക നൽകുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നില്ലേ; വിശദമാക്കാമോ;

(എഫ്) യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്ത ഇനത്തിൽ സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽനിന്നും തുക എന്തെങ്കിലും ലഭിക്കാനുണ്ടോ; വിശദമാക്കാമോ?

(ഡി-എഫ്) യു.ജി.സി.-യുടെ ഏഴാം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശികയുടെ 50 ശതമാനം പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള തീയതിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്നത് 31-03-2019 ആയിരുന്നു. പ്രസ്തുത തീയതി 31-03-2022 വരെ നീട്ടിനൽകുകയുണ്ടായി. കേരള സർക്കാർ സമയപരിധിക്കുള്ളിൽ കൃത്യമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരം കോളേജ് അധ്യാപകർക്ക് നൽകേണ്ടതായ കുടിശ്ശിക ആകെ 1501,86,61,176/- രൂപ (ആയിരത്തി അഞ്ഞൂറ്റിയൊന്ന് കോടി എൺപത്തിയാറ് ലക്ഷത്തി അറുപത്തൊന്നായിരത്തി ഒരുനൂറ്റി എഴുപത്തിയാറ് രൂപമാത്രം) ആണ്. അതിൽ കേന്ദ്രവിഹിതമായ 750,93,30,588/- രൂപ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല.

സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസൽമാർ

162(1739) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതി, സുപ്രീം കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽനിന്നും സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസൽ ചുമതല വഹിക്കുന്ന അഭിഭാഷകരുടെ പേര്; അവർ എന്നുമുതലാണ് പ്രസ്തുത പദവി വഹിച്ചുവരുന്നത്; അവരെ നിയമിച്ച സർവകലാശാല ഉത്തരവിന്റെ പകർപ്പ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സർവകലാശാല

അഡ്വ. തോമസ് എബ്രഹാം [അഡ്വക്കേറ്റ്, കേരള ഹൈക്കോടതി]-നെ കേരള ഹൈക്കോടതിയിൽ കേരള സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലായി 30-08-2016-ലെ സർവകലാശാല ഉത്തരവ് No. Ad. All/2/10950/16 പ്രകാരം 01-09-2016 മുതൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇദ്ദേഹത്തെ എറണാകുളം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും സർവകലാശാലയ്ക്കുവേണ്ടി ഹാജരാകാനും ഉത്തരവ് നൽകിയിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുപ്രീം കോടതിയിൽ കേരള സർവകലാശാല സ്റ്റാൻഡിങ് കൗൺസലായി ആരെയും നിയമിച്ചിട്ടില്ല.

മഹാത്മാഗാന്ധി സർവകലാശാല

മഹാത്മാഗാന്ധി സർവകലാശാലയിൽ സ്റ്റാൻഡിങ് കൗൺസൽ (High Court) ആയി അഡ്വ. സുരിൻ ജോർജ് ഐപ്പ്-നെ 18-06-2021 മുതൽ നിയമിച്ചിട്ടുണ്ട്. (നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു[+].)

കാലിക്കറ്റ് സർവകലാശാല

ബഹു. കേരള ഹൈക്കോടതി, സുപ്രീം കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽ കാലിക്കറ്റ് സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസൽ/ലീഗൽ അഡ്വൈസർ എന്നിവരെ നിയമിക്കുന്ന ഉത്തരവുകളിൽ തീയതിക്കുപകരം with immediate effect എന്നാണ് പരാമർശിച്ചിരിക്കുന്നത്. (വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു.[+])

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാല സ്റ്റാൻഡിങ് കൗൺസൽ ചുമതല വഹിക്കുന്നത് അഡ്വ. ഐ. വി. പ്രമോദാണ്. അദ്ദേഹം 28-09-2021 മുതൽ സർവകലാശാല സ്റ്റാൻഡിങ് കൗൺസൽ പദവി വഹിച്ചുവരുന്നു. (നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+])

കുസാറ്റ്

18-10-2016 മുതൽ അഡ്വ. എസ്. പി. അരവിന്ദാക്ഷൻ പിള്ളയാണ് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നത്. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അഭിഭാഷകരുടെ പാനലിൽ അഡ്വ. എസ്. കൃഷ്ണമൂർത്തി, അഡ്വ. വിപിൻ ഡി. ജി. എന്നിവരുമുൾപ്പെടുന്നു. (ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+])

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയ്ക്ക് സുപ്രീം കോടതിയിൽ മാത്രമായി സ്റ്റാൻഡിങ് കൗൺസലിനെ നിയമിച്ചിട്ടില്ല. സുപ്രീം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടതിയിൽ കേസുകൾ നടത്തുന്നതിനായി കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസൽ നിർദേശിക്കുന്ന അഭിഭാഷകരെ ഏർപ്പെടുത്തുകയാണ് പതിവ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

കേരള ഹൈക്കോടതിയിൽ സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലായി നിയമിച്ചിരിക്കുന്നത് അഡ്വക്കേറ്റ് ശ്രീ. ദിനേഷ് മാത്യു ജെ. മുരിക്കനെയാണ്. 09-03-2022 മുതൽ അദ്ദേഹം സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+] സുപ്രീം കോടതി, മറ്റ് കോടതികൾ എന്നിവയിൽ സർവകലാശാലയ്ക്ക് നിലവിൽ സ്റ്റാൻഡിങ് കൗൺസലിനെ നിയമിച്ചിട്ടില്ല. സർവകലാശാലയുമായി ബന്ധപ്പെട്ട കേസുകൾ വരുമ്പോൾ അപ്പോഴത്തെ സാഹചര്യത്തിനനുസരിച്ച് അഭിഭാഷകരെ നിയോഗിക്കാറാണ് പതിവ്.

നുവാൽസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവാൽസിൽ നിയമിച്ചിട്ടുള്ള സ്റ്റാൻഡിങ് കൗൺസൽ അഡ്വ. ഉഷാര ജെയിംസാകുന്നു. (നാമനിർദേശം ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+])

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

മലയാള സർവകലാശാലയിൽ അഡ്വ. പി. സി. ശശിധരൻ 06-04-2018 മുതൽ കൗൺസൽ ചുമതല വഹിച്ചുവരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+])

എ. പി. ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല

ഹൈക്കോടതിയിലെ അഭിഭാഷകനായ അഡ്വക്കേറ്റ് കെ. ആർ. ഗണേശ് സാങ്കേതിക സർവകലാശാലയിലെ സ്റ്റാൻഡിങ് കൗൺസലായി U.O.No.2336/2024/KTU എന്ന ഉത്തരവുപ്രകാരം 21-08-2024 തീയതി മുതൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽ സ്റ്റാൻഡിങ് കൗൺസലായി തുടർന്നുവരുന്നു. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ അഡ്വ. പി. സി. ശശിധരൻ, High Court of Kerala ആണ് യൂണിവേഴ്സിറ്റിയുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നത്. നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) കേരള ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും വിവിധ സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസൽമാരുടെ സേവന-വേതന വ്യവസ്ഥകൾ ലഭ്യമാക്കാമോ;

(സി) കേരള ഹൈക്കോടതിയിലെ സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസലിന് റിട്ട് പെറ്റീഷൻ, റിട്ട് അപ്പീൽ എന്നിവയിൽ ഹാജരാകുന്നതിന് അനുവദിക്കുന്ന ഫീസ്, മറ്റ് ചാർജ്ജുകൾ എന്നിവയുടെ നിരക്കുകൾ ലഭ്യമാക്കാമോ;

(ഡി) കേരള ഹൈക്കോടതിയിലെ സർവകലാശാലകളുടെ നിലവിലെ സ്റ്റാൻഡിങ് കൗൺസൽമാർക്ക് അവർ ചുമതലയേറ്റതുമുതൽ നാളിതുവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ ഇനങ്ങളിലായി അനുവദിച്ച ഫീസ്, മറ്റ് ചാർജ്ജുകൾ എന്നിവയുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പ്രസ്തുത അഭിഭാഷകൻ ഒരേസമയം മറ്റൊരു സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ ഒരേ വ്യക്തിതന്നെ ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നത് സർവകലാശാലകൾ തമ്മിലുള്ള നിയമവ്യവഹാരങ്ങളിൽ തർക്കം ഉടലെടുക്കാൻ കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ചോദ്യത്തിൽ "പ്രസ്തുത അഭിഭാഷകൻ" എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണെന്ന് വ്യക്തമല്ല.

(എഫ്) കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ്, കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് പ്രസ്തുത സർവകലാശാലകളുടെ

ഫണ്ടിൽനിന്നും നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സർവകലാശാല സ്റ്റാൻഡിങ് കൗൺസലിനും മറ്റ് അഭിഭാഷകർക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ; ഓരോ അഭിഭാഷകരുടെയും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

(ജി) തങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് പ്രസ്തുത വൈസ് ചാൻസലർമാർ സർവകലാശാല ചാൻസലർക്കെതിരെ ഫയൽ ചെയ്ത കേസ് നടത്തിപ്പിന് സർവകലാശാല ഫണ്ടിൽനിന്നും തുക അനുവദിക്കരുതെന്നും അനുവദിച്ച തുക തിരികെ ഈടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവകലാശാലകൾക്ക് ചാൻസലർ നിർദേശം നൽകിയിട്ടുണ്ടോ; ചാൻസലറുടെ പ്രസ്തുത നിർദേശങ്ങളുടെ വിശദാംശങ്ങൾ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; ചാൻസലറുടെ മേൽനിർദേശം സർവകലാശാലകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെങ്കിലും സർവകലാശാലകൾ പ്രസ്തുത നിർദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(എഫ്&ജി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകൾ

163(1740) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വിവിധ നാലുവർഷ ബിരുദ കോഴ്സുകളിലും നാലുവർഷ ബിരുദം ഒഴികെയുള്ള കോഴ്സുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമെനന്റ് സീറ്റുകളുടെ ആകെ എണ്ണം സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

2024-25 അധ്യയന വർഷം മുതൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ മാത്രമാണുള്ളത്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2024-25 അധ്യയന വർഷം വിവിധ നാലുവർഷ ബിരുദ കോഴ്സുകളിലായി ആകെയുള്ള സീറ്റുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

കേരള സർവകലാശാല – 3316, മഹാത്മാഗാന്ധി സർവകലാശാല - 1541, കാലിക്കറ്റ് സർവകലാശാല – 9597, കണ്ണൂർ സർവകലാശാല- 2369

(ബി) പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം എന്നിവ സർവകലാശാല തിരിച്ചുലഭ്യമാക്കാമോ?

കേരള സർവകലാശാല

നാല് വർഷ ബിരുദ കോഴ്സുകളിൽ അഡ്മിറ്റായ ആകെ വിദ്യാർഥികളുടെ എണ്ണം – 3046, ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 270 എന്നിങ്ങനെയാണ്.

മഹാത്മാഗാന്ധി സർവകലാശാല

ആകെ പ്രവേശനം നേടിയ (അധിക സീറ്റുകളിലുൾപ്പെടെ) വിദ്യാർഥികളുടെ എണ്ണം - 1012, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം - 540 എന്നിങ്ങനെയാണ്.

കാലിക്കറ്റ് സർവകലാശാല

പ്രവേശനം നേടിയ വിദ്യാർഥികളുടെ ആകെ എണ്ണം - 8858, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം - 739 എന്നിങ്ങനെയാണ്.

കണ്ണൂർ സർവകലാശാല

2024-25 അധ്യയന വർഷത്തിൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ആകെ 2390 വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ട്. 232 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലും ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമെനന്റ് സീറ്റുകളുടെ ആകെ എണ്ണം, പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം എന്നിവ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

കേരള സർവകലാശാല

ഗവൺമെന്റ് കോളേജുകളിൽ ആകെ ബിരുദാനന്തര ബിരുദ സീറ്റുകളുടെ എണ്ണം – 1116, ഗവൺമെന്റ് കോളേജുകളിൽ ബിരുദാനന്തര ബിരുദ സീറ്റുകളിൽ അഡ്മിറ്റായ ആകെ വിദ്യാർഥികളുടെ എണ്ണം – 1082 (08-10-2024-ലെ കണക്ക് പ്രകാരം), ഒഴിവുള്ള സീറ്റുകളുടെ എണ്ണം - 34 (08-10-2024-ലെ കണക്ക് പ്രകാരം).

മഹാത്മാഗാന്ധി സർവകലാശാല

1) വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലായുള്ള പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 449, പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 365, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം -87.

2) ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലായുള്ള പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 25, പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 18, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം - 7.

കാലിക്കറ്റ് സർവകലാശാല

1) ബിരുദാനന്തര ബിരുദം - പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 2049, പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 884, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം - 165

2) ഇന്റഗ്രേറ്റഡ് പി.ജി. - പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 96, പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം - 92, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ ആകെ എണ്ണം - 4.

കണ്ണൂർ സർവകലാശാല

സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പി. ജി. പ്രോഗ്രാമുകളിൽ നിലവിൽ ആകെ 653 സീറ്റുകളുണ്ട്. 572 വിദ്യാർഥികൾ നിലവിൽ പ്രവേശനം നേടിയിട്ടുണ്ട്. 83 സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

(2024-25 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ അഡ്മിഷൻ നടപടികൾ പൂർത്തിയായിട്ടില്ല.)

നാലുവർഷ ബിരുദ പ്രോഗ്രാം

164(1741) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദ പഠനത്തിനായി യു.ജി.സി. ആവിഷ്കരിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസരംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ഇവയിൽ ഡോ. ശ്യാം ബി. മേനോൻ അധ്യക്ഷനായ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ'

മുന്നോട്ടുവച്ച കരിക്കുലം പരിഷ്കരണ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായുള്ള 'കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച കരിക്കുലം കമ്മിറ്റിയാണ് നാലുവർഷ ബിരുദ പദ്ധതിയുടെ കരിക്കുലം ചട്ടക്കൂട് ആവിഷ്കരിച്ചത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമൂഹ്യവീക്ഷണവും അക്കാദമിക ലക്ഷ്യങ്ങളും ഉൾച്ചേർന്നുള്ള ഒരു ബദൽ മാതൃകയാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ദേശീയ നയം പിന്തുടരുന്ന ബിരുദതലത്തിലുള്ള ഒന്നും രണ്ടും വർഷങ്ങളിലുള്ള എക്സിറ്റ് ഓപ്ഷൻ (First year exit, Second year exit) കേരളം അംഗീകരിക്കുന്നില്ല. കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യമുൾക്കൊള്ളുന്ന Kerala Knowledge Systems ഫൗണ്ടേഷൻതലത്തിലെ മൾട്ടി-ഡിസിപ്ലിനറി കോഴ്സുകളുടെ ഭാഗമായി സംസ്ഥാനംതന്നെ രൂപകൽപന ചെയ്യുകയാണ്.

(ബി) പ്രസ്തുത പാഠ്യപദ്ധതി വിദ്യാർഥികളുടെ വിദേശപഠനം സുഗമമാക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വിദേശപഠനം സുഗമമാക്കുന്നതിനല്ല, പകരം വിദേശങ്ങളിൽ ലഭ്യമായ അവസരങ്ങൾ സംസ്ഥാനത്ത് ഒരുക്കുന്നതിനാണ് പുതിയ പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദഘടന രൂപകൽപന ചെയ്യാനുമുള്ള തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ

പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

(സി) സംസ്ഥാനത്ത് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പാഠ്യപദ്ധതി എത്രമാത്രം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

നാലുവർഷ ബിരുദ പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് ഗവേഷണ രംഗത്ത് കടന്നുവരാനുള്ള ബി.എ./ബി.എസ് സി. (ഓണേഴ്സ് വിത്ത് റിസർച്ച്) എന്നീ പഠന പന്ഥാവുകൾ (path ways) ലഭ്യമാണ്. നാലുവർഷ ബിരുദം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് ഒരു വർഷ പഠനംകൊണ്ട് പി.ജി. വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയും. FYUGP-ലെ മൈനർ കോഴ്സുകൾ മുഖ്യവിഷയമായെടുത്ത വിദ്യാർഥികൾക്ക് പി.ജി. പ്രോഗ്രാമുകൾ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്. നാലുവർഷ ബിരുദം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക്

UGC-PhD-NET പരീക്ഷയെഴുതാനുള്ള അനുമതി യു.ജി.സി. നൽകിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കിയ എല്ലാവർക്കും നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്ഡി. ഗവേഷണത്തിന് പ്രവേശനം ലഭിക്കുന്നു.

(ഡി) ബിരുദ വിദ്യാർഥികൾക്ക് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുവാനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വെളിപ്പെടുത്താമോ?

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻപ്രകാരം ഓൺലൈനിലൂടെ കോഴ്സുകൾ ചെയ്യാനും ഇതുവഴി സമാഹരിച്ച ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിലേയ്ക്ക് കൈമാറാവുന്നതുമാണ്. സർവകലാശാലകളുമായി ബന്ധപ്പെട്ട അക്കാദമിക്, പരീക്ഷ, ആസൂത്രണം, ഫിനാൻസ്, ഭരണവിഭാഗങ്ങൾ എന്നിവ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കുന്നതിനായി Kerala Resource for Education Administration and Planning (K-REAP) എന്ന പേരിലൊരു ഇ-ഗവേണൻസ് സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, K-DISC-ന്റെ DWMS പോർട്ടൽവഴി വിദ്യാർഥികൾക്ക് തൊഴിൽ നേടാൻ അവസരമൊരുക്കുന്നു.

നാലുവർഷ ബിരുദ പ്രോഗ്രാം

165(1742) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ക്ലാസ് ആരംഭിച്ച തീയതി, വിദ്യാർഥികൾക്ക് പ്രവേശനം അനുവദിച്ച അവസാന തീയതി, ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്ന തീയതി എന്നിവ സർവകലാശാലതിരിച്ച് ലഭ്യമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ക്ലാസ് ആരംഭിച്ച തീയതി, വിദ്യാർഥികൾക്ക് പ്രവേശനം അനുവദിച്ച അവസാന തീയതി എന്നിവ സർവകലാശാല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബിരുദ പ്രവേശനത്തിനുള്ള അവസാന തീയതികളിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് നാലുവർഷ ബിരുദ റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്ന മിനിമം അധ്യയന ദിനങ്ങൾ, ഹാജർ എന്നിവ ലഭിക്കുന്നത് ഉറപ്പുവരുത്താൻ സ്വീകരിച്ച മാർഗങ്ങൾ വിശദമാക്കാമോ?

കേരള സർവകലാശാല

പ്രവേശനം നേടിയ വിദ്യാർഥികൾക്ക് FYUGP regulation നിഷ്കർഷിക്കുന്ന മിനിമം അധ്യയന ദിനങ്ങൾ, ഹാജർ ഉറപ്പുവരുത്തുന്ന വിധത്തിലാണ് സർവകലാശാല അഡ്മിഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള സർക്കുലറുകളും മാർഗനിർദേശങ്ങളും കോളേജുകൾക്ക് സമയബന്ധിതമായി നൽകിയിട്ടുള്ളതുമാകുന്നു.

മഹാത്മാഗാന്ധി സർവകലാശാല

അഡീഷണൽ ക്ലാസുകൾവഴി നഷ്ടപ്പെട്ട അധ്യയന മണിക്കൂറുകൾ നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല

സർവകലാശാല 'ഹാൻഡ്ബുക്ക് ഓൺ അഡ്മിഷൻ റൂൾസ്' (General Rules-Sl No.3.ii) പ്രകാരം ക്ലാസ് തുടങ്ങി 60-ാം ദിവസമാണ് അവസാന ബിരുദ പ്രവേശന തീയതിയായി പരിഗണിക്കാറുള്ളത്. സർവകലാശാല ബിരുദ കോഴ്സുകളുടെ സെമസ്റ്ററിൽ പരീക്ഷാദിനങ്ങളുൾപ്പെടെ 90 പ്രവൃത്തിദിനങ്ങളാണ് ഉൾക്കൊള്ളുന്നത്. ബിരുദ കോഴ്സുകൾക്ക് സെമസ്റ്ററിന് മിനിമം 75 ശതമാനം ഹാജർ സർവകലാശാല നിർബന്ധമാക്കിയിട്ടുണ്ട്. ആയതുപ്രകാരം 67.5 ദിവസത്തെ ഹാജർ ഒരു സെമസ്റ്ററിന് ആവശ്യമുണ്ട്. ബിരുദ റെഗുലേഷൻ അനുസരിച്ച് മിനിമം ഹാജർ നേടുന്നതിന് ഡബിൾ കൺഡൊണേഷൻ (20%) അനുവദനീയമാണ്. അതനുസരിച്ച് 18 ദിവസത്തെ ഹാജർ ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥിക്ക് 49.5 ദിവസത്തെ ഹാജർ ലഭിച്ചാൽ മാത്രമാണ് ഒന്നാം സെമസ്റ്റർ പൂർത്തീകരിച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ കഴിയുക. മിനിമം പ്രവർത്തിദിനങ്ങൾ (i.e, 49.5 ദിവസം) ഉറപ്പാക്കിയാൽ 30-08-2024 വരെ ബിരുദ പ്രവേശനത്തിന് അനുമതി നൽകാൻ കഴിയുമായിരുന്നു. എന്നാൽ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിലും ചില

കോളേജ്/കോഴ്സുകൾക്ക് 31-08-2024-ൽ വൈകി അഫിലിയേഷൻ ലഭിച്ച സാഹചര്യത്തിലും 2024-25 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള സമയപരിധി 04-09-2024 10:00 PM വരെ ദീർഘിപ്പിക്കുന്നതിന് 31-08-2024-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. അതിൻപ്രകാരം 2024-25 അധ്യയന വർഷം ബിരുദ പ്രവേശനത്തിനുള്ള സമയം, അവധിദിനങ്ങളുൾപ്പെടെ പ്രവർത്തിച്ച് വിദ്യാർഥികൾക്ക് മിനിമം ഹാജർനില കോളേജ് പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ 04-09-2024 10:00 PM വരെ ദീർഘിപ്പിച്ചിരുന്നു.

കണ്ണൂർ സർവകലാശാല

ബിരുദ പ്രവേശനത്തിനുള്ള അവസാന തീയതികളിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് റെഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്ന മിനിമം അധ്യയന ദിവസങ്ങളും ഹാജരും ലഭിക്കുന്നതിന് വേണ്ട നടപടികൾ അതത് കോളേജുകൾ സ്വീകരിക്കണമെന്ന് അഫിലിയേറ്റഡ് കോളേജുകൾക്ക് സർവകലാശാല നിർദേശം നൽകിയിട്ടുണ്ട്.

കുസാറ്റ്

ഒന്നാം സെമസ്റ്റർ പരീക്ഷകൾ നവംബറിൽനിന്നും ഡിസംബറിലേയ്ക്ക് മാറ്റി വിദ്യാർഥികൾക്ക് പരമാവധി അധ്യയന ദിവസങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ഒന്നാം സെമസ്റ്റർ പരീക്ഷ ഡിസംബറിലായതിനാൽ 75 ശതമാനം ഹാജർ വിദ്യാർഥികൾക്ക് ലഭിക്കുന്നതാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

വിവരം ശേഖരിച്ചു വരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

അക്കാദമിക കലണ്ടർ പ്രകാരമുള്ള ക്ലാസുകളും പ്രത്യേക ക്ലാസുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർഥി പ്രവേശനം അവസാനിച്ചതിനുശേഷം വിവിധ നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം, സർവകലാശാല, കോഴ്സ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

വിദ്യാർഥി പ്രവേശനം അവസാനിച്ചതിനുശേഷം നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുള്ള സർവകലാശാലകളിലെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം, കോഴ്സ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ ഏതെല്ലാം കോഴ്സുകളുടെ സിലബസ് ഫൈനലൈസ് ചെയ്തുവെന്നും ആയത് ഉൾപ്പെടുത്തി സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കാൻ ഇനിയും ബാക്കിയുണ്ടോയെന്നും സർവ്വകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഏതെല്ലാം നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിച്ച് വീണ്ടും ഉത്തരവിറക്കേണ്ടി വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയതിന്റെ കാരണം ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയുടെ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷനുകളിൽ വന്ന മാറ്റങ്ങൾക്കനുസരിച്ചും സിലബസുകളിൽ വന്നിട്ടുള്ള ചെറിയ പിശകുകൾ തിരുത്തുന്നതിനുംവേണ്ടി താഴെ കൊടുത്തിട്ടുള്ള നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് പരിഷ്കരിച്ച് വീണ്ടും ഉത്തരവിറക്കേണ്ടി വന്നിട്ടുണ്ട്.

1. BSc Physics

2. BSc Applied Physics

3. BSc Aquaculture

4. BSc Aquaculture and Fishery Microbiology

5. BSc Microbiology

6. BSc Mathematics

7. BSc Biochemistry

8. BSc Electronics

9. B.Com Honours

10. B.Com Professional Honours

11. BA Travel & Tourism management Honours

12. BA Economics Honours

13. BA Human Resource Management Honours

14. BA Philosophy Honours

15. BA English Language & Literature Honours

16. BA Hindi Language & Literature Honours

17. BA Sanskrit Sahitya Honours

18. BA Journalism & Mass Communication Honours

19. BA Mridangam Honours

20. BA Music Honours

21. BA Veena Honours

22. BA Violin Honours

23. General Foundation Course in English, Sanskrit, Hindi & Tamil

24. BSc Geography Honours

25. BSc Chemistry Honours

26. BSc Industrial Chemistry Honours

27. BSc Statistics Honours

28. BSc Polymer Chemistry Honours

29. General Foundation courses of Physical Education

(എഫ്) നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ഇംഗ്ലീഷ്, അഡീഷണൽ ലാംഗ്വേജ് എന്നിവയുൾപ്പെടുന്ന ഏതെല്ലാം ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ടെക്സ്റ്റ് ബുക്കുകൾ ഇനിയും പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ട്; സർവകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കേരള സർവകലാശാല

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ടെക്സ്റ്റ് ബുക്ക് പ്രസിദ്ധീകരണം സർവകലാശാലയുടെ പരിധിയിൽ വരുന്നില്ല. എന്നാൽ റെഫറൻസ് ടെക്സ്റ്റ് ബുക്കുകൾ സിലബസിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അവ ലൈബ്രറികളിൽ ലഭ്യമാണ്.

മഹാത്മാഗാന്ധി സർവകലാശാല

MG1DSCLIH100, MG1MDCENG100, MG1MDCENG101 എന്നീ കോഴ്സുകളുടെ പുസ്തകങ്ങൾ പ്രസിദ്ധീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. ബാക്കി പുസ്തകങ്ങളുടെ പ്രസിദ്ധീകരണ നടപടികൾ പൂർത്തീകരിക്കപ്പെട്ടു.

കാലിക്കറ്റ് സർവകലാശാല

നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ഒന്നാം സെമസ്റ്റർ ഇംഗ്ലീഷ്, മലയാളം ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ എല്ലാ പാഠപുസ്തകങ്ങളും കാലിക്കറ്റ് സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് അഡീഷണൽ ലാങ്വേജുകളുടെ പാഠപുസ്തകങ്ങൾ സർവകലാശാല നേരിട്ട് പ്രസിദ്ധീകരിക്കാറില്ല. ആയത് പൊതുവിപണിയിൽ ലഭ്യമായവയാണ്.

കണ്ണൂർ സർവകലാശാല

ടെക്സ്റ്റ് ബുക്കുകൾ കണ്ണൂർ സർവകലാശാല പ്രസിദ്ധീകരിക്കാറില്ല.

കുസാറ്റ്

കുസാറ്റിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലെ ഇംഗ്ലീഷ്, അഡീഷണൽ ലാങ്വേജ് എന്നിവയുൾപ്പെടുന്ന ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ടെക്സ്റ്റ് ബുക്കുകളൊന്നും പ്രസിദ്ധീകരിക്കാൻ ബാക്കിയില്ല.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

വിവരം ശേഖരിച്ചുവരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള ടെക്സ്റ്റ് ബുക്കുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല 2024-25 അക്കാദമിക വർഷത്തെ പ്രവേശന നടപടികൾ നടന്നുവരികയാണ്. പ്രവേശനം നേടുന്നമുറയ്ക്ക് പഠിതാക്കൾക്ക് സ്വയം പഠനസാമഗ്രികൾ നൽകിവരുന്നുണ്ട്.

(ജി) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ്, ടെക്സ്റ്റ് ബുക്കുകൾ, അധ്യയനം എന്നിവ പൂർണ്ണമായി വിദ്യാർഥികൾക്ക് ലഭ്യമാക്കിയതിനുശേഷം മാത്രം ഒന്നാം സെമസ്റ്റർ പരീക്ഷകൾ ആരംഭിക്കുന്നതിന് സർവകലാശാലകൾക്ക് നിർദേശം നൽകുമോ?

നിലവിൽ പരീക്ഷകൾ മാറ്റിവയ്ക്കേണ്ട സാഹചര്യമില്ല.

സർവകലാശാലകളിൽ നിലവിലുള്ള പ്രോജക്ട് മോഡ് കോഴ്സുകൾ

166(1743) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോജക്ട് മോഡ് രീതിയിലുള്ള ഏതെല്ലാം കോഴ്സുകളാണ് സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിൽ നിലവിലുള്ളതെന്നും ഏത് അധ്യയന വർഷം മുതലാണ് പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് കരാർ വ്യവസ്ഥയിൽ അധ്യാപക നിയമനം നടത്തുന്നതിന് സർവകലാശാലകൾ പുറപ്പെടുവിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിജ്ഞാപനത്തിന്റെ നമ്പർ, തീയതി, ഓരോ കോഴ്സിലേയും ഒഴിവുകളുടെ എണ്ണം തുടങ്ങിയ വിശദാംശം അവയുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിജ്ഞാപന പ്രകാരം ഓരോ കോഴ്സിലെയും അധ്യാപക നിയമനത്തിന് ആകെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും അഭിമുഖത്തിന് പങ്കെടുത്തവരുടെ എണ്ണവും നിയമനത്തിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും കോഴ്സ് അടിസ്ഥാനത്തിൽ പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് എഴുത്ത പരീക്ഷ/പ്രായോഗിക പരീക്ഷ നടത്തിയിരുന്നോയെന്നും അവയുടെ മാർക്കുകൾ പ്രസിദ്ധീകരിച്ചിരുന്നോയെന്നും സെലക്ഷന് ഔദ്യോഗികമായി അംഗീകരിച്ച കട്ട് ഓഫ് മാർക്ക് എത്രയായിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നെന്നും സെലക്ഷൻ കമ്മിറ്റി യോഗങ്ങൾ, അഭിമുഖം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ സിറ്റിങ്ങുകളിൽ പങ്കെടുത്ത വകയിൽ ഓരോ സെലക്ഷൻ

കമ്മിറ്റിയംഗത്തിനും യാത്രാബത്ത, സിറ്റിങ് ഫീ, മറ്റ് അലവൻസുകൾ എന്നീയിനങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശവും പ്രത്യേകം ലഭ്യമാക്കാമോ;

(എഫ്) പ്രോജക്ട് മോഡ് കോഴ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ തുടങ്ങിയവയുടെ എണ്ണം, വില, മോഡൽ, സ്പെസിഫിക്കേഷൻ എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവയുടെ സ്പെസിഫിക്കേഷൻ നൽകിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ?

(ബി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ കോളേജുകൾ

167(1744) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ കോളേജുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കേരളത്തിലെ സർക്കാർ കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം, സ്റ്റാഫിന്റെ എണ്ണം, നിലവിലുള്ള കോഴ്സുകൾ എന്നിവ കോളേജ് തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഇത്തവണ എൻ.എ.എ.സി. (നാക്) അക്രഡിറ്റേഷൻ അംഗീകാരം കിട്ടിയ സംസ്ഥാനത്തെ കോളേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റവും ഉയർന്ന എൻ.എ.എ.സി. (നാക്) ഗ്രേഡ് ഏതാണെന്നും ഇത്തവണ ഏതെല്ലാം കോളേജുകൾക്ക് ഏതെല്ലാം ഗ്രേഡാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ഏറ്റവും ഉയർന്ന എൻ.എ.എ.സി. (നാക്) ഗ്രേഡ് A++ ആണ്. ഇത്തവണ അക്രെഡിറ്റേഷൻ അംഗീകാരം കിട്ടിയ സംസ്ഥാനത്തെ കോളേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കേരള സർവകലാശാല യുവജനോത്സവം

168(1745) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല ഈ വർഷം നടത്തിയ യുവജനോത്സവ മത്സരങ്ങളിൽ വിജയികളായ വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് തടഞ്ഞുവയ്ക്കാൻ എന്താണ് കാരണം; എത്ര വിജയികൾക്ക് സർട്ടിഫിക്കറ്റും ഗ്രേസ് മാർക്കും നൽകിയെന്ന് വിശദമാക്കാമോ?

09-09-2024-ന് നടന്ന സിൻഡിക്കേറ്റ്, കേരള സർവകലാശാല യുവജനോത്സവത്തിനിടയിൽ നടന്ന സംഭവങ്ങളെക്കുറിച്ചും യുവജനോത്സവം താൽക്കാലികമായി നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ രൂപീകരിച്ച ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിക്കുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. യുവജനോത്സവ മത്സരങ്ങളിൽ ഗ്രൂപ്പ് ഇനങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണം ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ (WP(C) No.29983-2024) അന്തിമവിധി വന്നതിനുശേഷം നടത്താവുന്നതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

കേരള സർവകലാശാല 2024-ൽ നടത്തിയ യുവജനോത്സവ മത്സരങ്ങളിൽ വൈസ് ചാൻസലറുടെ ഉത്തരവിൻപ്രകാരം വ്യക്തിഗത ഇനങ്ങളിൽ വിജയികളായ എല്ലാ വിദ്യാർഥികൾക്കും മെറിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം മെറിറ്റ് സർട്ടിഫിക്കറ്റുകൾ സ്വീകരിച്ചിട്ടുള്ള വിദ്യാർഥികളിൽനിന്നും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ബി) ഗ്രൂപ്പ് മത്സരങ്ങളിൽ കൂടുതൽ വിദ്യാർഥികളെ വിജയികളായി പ്രഖ്യാപിച്ച് അനർഹരായ വിദ്യാർഥികൾക്ക് സർവകലാശാല പരീക്ഷകളിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട സർവകലാശാലയിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. സർവകലാശാല ഇത് പരിശോധിച്ചുവരികയാണ്. വരുംവർഷങ്ങളിലെ സർവകലാശാല യുവജനോത്സവത്തിന്റെ നടത്തിപ്പും ജഡ്ജസിന്റെ നിയമനവുമായി ബന്ധപ്പെട്ട് പുതിയ മാർഗനിർദേശങ്ങളും നിയമാവലികളും തയ്യാറാക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിക്കുന്നതിന് 09-09-2024-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട്.

കുസാറ്റിലെ എൽ.എം. പൈലി ചെയർ

169(1746) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫസർ എൽ.എം. പൈലിയെ ആദരിക്കുന്നതിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 2010-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന ചെയർ സ്ഥാപിക്കുകയും പിന്നീട് ഈ ചെയർ ഇതിനായി തുക ചെലവഴിക്കേണ്ടതില്ലാത്ത രീതിയിൽ

2023-ൽ എൽ.എം. പൈലി സെന്റർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന രീതിയിൽ പുനഃസംഘടിപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

13-04-2023-ലെ G. O. (Rt) No. 551/2023/HEDN പ്രകാരം എൽ.എം. പൈലി ചെയറിനെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലെന്ന വ്യവസ്ഥയ്ക്കുവിധേയമായി എൽ.എം. പൈലി സെന്റർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ എൽ.എം. പൈലി ചെയറിനോടൊപ്പംതന്നെ 2010-ൽ 112.7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് സ്ഥാപിച്ച ഡോ. സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ ചെയറിന് പിന്നീട് ഭരണാനുമതി പുതുക്കി നൽകിക്കൊണ്ട് പ്രത്യേക ഹെഡ് അനുവദിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. സുകുമാർ അഴിക്കോട് ചെയറിന്റെ ഭരണാനുമതി പുതുക്കി നൽകിയെങ്കിലും പ്രത്യേക ഹെഡ് അനുവദിച്ചിട്ടില്ല.

(സി) വിപുലമായ അധികാരങ്ങളും സ്വന്തമായി കോഴ്സ് നടത്തുന്നതിനുള്ള സംവിധാനങ്ങളുമുള്ള എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി ചെയർ ഇതിനായി അനുവദിച്ച തുക ചെലവഴിക്കുന്നതിന് പ്രത്യേക ഹെഡ് സ്ഥാപിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തിരികെ ചെയറായി തന്നെ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

അധ്യാപക തസ്തികകളുടെ സംവരണക്രമം

170(1747) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുസാറ്റിൽ അധ്യാപക തസ്തികകളുടെ സംവരണക്രമം തിട്ടപ്പെടുത്തുന്നതിനുള്ള റോസ്റ്റർ, സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ അനുമതി കൂടാതെ സൃഷ്ടിച്ചിട്ടുള്ള അധ്യാപക

തസ്തികകൾകൂടി കണക്കിലെടുത്താണോ നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അധ്യാപക തസ്തികകളുടെ സംവരണക്രമം തിട്ടപ്പെടുത്തുന്നതിനുള്ള റോസ്റ്റർ, സർവകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ സർവകലാശാല സൃഷ്ടിച്ചിട്ടുള്ള അധ്യാപക തസ്തികകളുംകൂടി കണക്കിലെടുത്താണ് നിർണ്ണയിച്ചിട്ടുള്ളത്.

കണ്ണൂർ സർവകലാശാലയിലെ വിദ്യാർഥികളുടെ എണ്ണം

171(1748) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവകലാശാലയിലെ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് 2024-25 വർഷം ലഭ്യമായ സീറ്റുകൾ, ഓരോ കോഴ്സിലും പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം,

വേക്കൻസി സീറ്റുകൾ എന്നീ വിവരങ്ങൾ കോളേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കണ്ണൂർ സർവകലാശാലയിൽ 2024-25 അധ്യയന വർഷത്തിലെ പി.ജി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. യു.ജി. കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

172(1749) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ 2020 ഒക്ടോബർ മാസം സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ബഹു. മുഖ്യമന്ത്രി 2020 ഒക്ടോബർ 2-ന് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല രാജ്യത്തിന് സമർപ്പിച്ചു. ആദ്യവർഷ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിച്ചു. 2021-ൽ യു.ജി.സി.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരം കിട്ടിയമുറയ്ക്ക് പഠന സാമഗ്രികൾ തയ്യാറാക്കുന്നതിനായി പദ്ധതി വിഹിതം അനുവദിച്ചു. തുടർന്ന് 56 അധ്യാപക തസ്തികകളും 62 അനധ്യാപക തസ്തികകളും അനുവദിച്ചു. തലശ്ശേരി, കോഴിക്കോട്, പട്ടാമ്പി, എറണാകുളം റീജിയണൽ കേന്ദ്രങ്ങൾ അനുവദിച്ചു. അവിടങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടർമാരെ നിയമിച്ചു. 11-10-2024 പ്രാബല്യത്തിൽ നിലവിൽ 28 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളായി 49471 വിദ്യാർഥികൾ പഠിക്കുന്നു. ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനുള്ള ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സമർപ്പിച്ച നിർദേശങ്ങളിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് അറിയിക്കാമോ?

പുതിയ തസ്തികകൾ സൃഷ്ടിക്കാനുള്ള ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിക്കാനാണ്

സർക്കാർ ഉദ്ദേശിക്കുന്നത്; 28 പ്രോഗ്രാമുകൾക്ക് (നാല് വർഷ യു.ജി. പ്രോഗ്രാം-6, യു.ജി.-10, പി.ജി.-12) യു.ജി.സി. അംഗീകാരമുള്ളതും 22000-ത്തോളം വിദ്യാർഥികൾ നിലവിൽ പഠനം നടത്തി വരുന്നതുമായ സർവകലാശാലയിൽ നാളിതുവരെയും സ്ഥിരം തസ്തിക സൃഷ്ടിക്കാത്ത കാരണം വ്യക്തമാക്കാമോ?

പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവകലാശാലയിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് മാറ്റിയതിനാൽ പ്രസ്തുത 4 യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനത് വരുമാനത്തിൽ വരുന്ന നഷ്ടം എത്രയാണെന്ന് വിശദീകരിക്കാമോ; ഇതുമൂലം പ്രസ്തുത യൂണിവേഴ്സിറ്റികളിൽ നഷ്ടപ്പെട്ട തസ്തികകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് നാളിതുവരെയായി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേയ്ക്ക് ഓപ്പൺ പ്രോഗ്രാമുകൾ മാറ്റിയതുമൂലം മാത്രം പ്രതിവർഷം മറ്റ് യൂണിവേഴ്സിറ്റികൾക്കുണ്ടായ തനത് വരുമാന നഷ്ടം പ്രത്യേകം കണക്കാക്കിയിട്ടില്ല.

സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസൽ

173(1750) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അഭിഭാഷകൻ തന്നെ ഒരേസമയം ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അഭിഭാഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇങ്ങനെ ഒരേ വ്യക്തി ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിക്കുന്നത് സർവകലാശാലകൾ തമ്മിലുള്ള നിയമവ്യവഹാരങ്ങളിൽ തർക്കം ഉടലെടുക്കാൻ കാരണമാകില്ലേയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. സി. ശശിധരൻ (അഡ്വക്കേറ്റ്, ബഹു. കേരള ഹൈക്കോടതി) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, കാലിക്കറ്റ് സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ സ്റ്റാൻഡിങ് കൗൺസലാണ്. ഈ സർവകലാശാലകൾ ഏതെങ്കിലും തമ്മിൽ നിയമവ്യവഹാര തർക്കങ്ങൾ ഉണ്ടായിട്ടില്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല.

(ബി) വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ഡബ്ല്യൂ.പി. (സി) നമ്പറുകൾ 25807/2022, 24052/2022 എന്നീ കേസുകളിലും ഡബ്ല്യൂ.പി. (സി) നമ്പർ 28024/2022-ലും അനുബന്ധ കേസുകളിലും ഓപ്പൺ സർവകലാശാലയുടെ സ്റ്റാൻഡിങ് കൗൺസലായി പ്രവർത്തിച്ച വ്യക്തി തന്നെ മറ്റ് ചില സർവകലാശാലകളുടെയും സ്റ്റാൻഡിങ് കൗൺസലായി ഹാജരായതുമൂലം പ്രസ്തുത സർവകലാശാലകളുടെ താൽപര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ; മേൽ കേസുകളിൽ പ്രസ്തുത സർവകലാശാലകൾ സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

പ്രസ്തുത കേസുകളിൽ സർവകലാശാലകൾ പരസ്പരം എതിർകക്ഷികളല്ല.

കോളേജ് തലങ്ങളിലെ ഗസ്റ്റ് ലക്ചറർമാർക്കുള്ള ശമ്പളം

174(1751) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ കേരള ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് അടിയന്തര നടപടിയെന്ന നിലയിൽ സർവകലാശാല, കോളേജ് തലങ്ങളിലെ ഗസ്റ്റ് ലക്ചറർമാർക്കുള്ള ശമ്പളം 50000 ആയി വർധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പാക്കിയോ; നിലവിലെ മാനദണ്ഡങ്ങൾപ്രകാരം ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാങ്കേതിക തടസ്സങ്ങളുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

യു.ജി.സി. യോഗ്യതയുള്ള അതിഥി അധ്യാപകർക്ക് പ്രതിദിനം 2000/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/- രൂപയും യു.ജി.സി. യോഗ്യതയില്ലാത്ത അതിഥി അധ്യാപകർക്ക് പ്രതിദിനം 1800/- രൂപ

നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയും വേതനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോളേജുകളിൽ ഒരു വർഷത്തേയ്ക്ക് മാത്രമായി അതിഥി അധ്യാപകരെ നിയമിക്കുന്നത് വിദ്യാർഥികളുടെ പഠന നിലവാരത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് 5 വർഷത്തെ കരാറടിസ്ഥാനത്തിൽ അതിഥി അധ്യാപകരെ നിയമിക്കാനുള്ള നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

175(1752) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കോഴ്സുകളിലായി ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്കുകീഴിൽ ആകെ എത്ര പഠിതാക്കളാണുള്ളതെന്നും പ്രസ്തുത വിദ്യാർഥികൾക്കായി സ്ഥിരം തസ്തികയിൽ നിയമിതരായ എത്ര

സർവകലാശാല ജീവനക്കാരാണ് നിലവിലുള്ളതെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിൽ അമ്പതിനായിരത്തോളം വിദ്യാർഥികളാണ് വിവിധ കോഴ്സുകളിൽ പഠിക്കുന്നത്. സർവകലാശാലയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്ഥിരം നിയമനം അനുവദിച്ചിട്ടില്ല.

(ബി) സർവകലാശാലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; ആകെ എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്?

പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് സർവകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്. അധികമായി 43 അധ്യാപക തസ്തികകളും 56 അനധ്യാപക തസ്തികകളും അനുവദിക്കണമെന്നാണ് സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) സർവകലാശാല ആരംഭിച്ച് നാല് വർഷമായിട്ടും സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ആകെ 118 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ മറ്റ് സർവകലാശാലകൾ വിദൂര വിദ്യാഭ്യാസത്തിലൂടെ നടത്തിയിരുന്ന അക്കാദമിക് പ്രോഗ്രാമുകൾ പുതിയ സർവകലാശാലയുടെ ഭാഗമാക്കിയപ്പോൾ മറ്റ് സർവകലാശാലകളിൽ അധികമാകുന്ന അസിസ്റ്റന്റുമാരെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അധിക തസ്തികകൾ മാറ്റാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

മറ്റ് സർവകലാശാലകളിൽ അധിക തസ്തികകൾ കണ്ടെത്തുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) സർവകലാശാലയിൽ സ്ഥിരം അധ്യാപക തസ്തികകളില്ലാത്തത് അധ്യായനത്തെ ബാധിക്കുമെന്നും ഇത് പഠിതാക്കളുടെ കൊഴിഞ്ഞ് പോക്കിന് കാരണമാകുമെന്നും കരുതുന്നുണ്ടോ?

കരുതുന്നില്ല.

(എഫ്) ഇത് പരിഹരിക്കുന്നതിനായി അധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് സർവകലാശാലയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർവകലാശാലയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ

176(1753) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എന്നുമുതലാണ് റെഗുലർ കോഴ്സുകൾ ആരംഭിച്ചത്; എത്ര ജീവനക്കാരെയും അധ്യാപകരെയും സ്ഥിരം/ഡെപ്യൂട്ടേഷൻ/കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ 2022-23 അധ്യയന വർഷം ജൂലൈ-ആഗസ്റ്റ് മുതലാണ് റെഗുലർ കോഴ്സുകളാരംഭിച്ചത്.

ഡെപ്യൂട്ടേഷൻ മുഖാന്തരം 10 ജീവനക്കാരെയും കരാർ വ്യവസ്ഥയിൽ 163 ജീവനക്കാരെയും ദിവസവേതന വ്യവസ്ഥയിൽ 4 ജീവനക്കാരെയും യൂണിവേഴ്സിറ്റിയിൽ നിയമിച്ചിട്ടുണ്ട്.

(ബി) സ്ഥിര നിയമനങ്ങൾ നടത്തുന്നതിനുള്ള തടസ്സം എന്താണ്; എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്?

11-11-2021-ലെ സ.ഉ. (കൈ). നം. 516/2021/ഉ.വി.വ. പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ അനുവദിച്ച തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കരാർ രീതിയിൽ നിയമനം നടത്തുന്നതിനാണ് വ്യവസ്ഥ

ചെയ്തിട്ടുള്ളത്. പ്രസ്തുത ഉത്തരവുപ്രകാരം ആകെ 118 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സ്ഥിര നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി.-യെ ചുമതലപ്പെടുത്താൻ സർവകലാശാല നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം അപ്രകാരമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മലബാർ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാൻ നടപടി

177(1754) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സർക്കാർ/ എയ്ഡഡ് കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ; അവയിൽ പി.ജി. കോഴ്സുകൾ ഇല്ലാത്ത കോളേജുകളുണ്ടോ; അവയുടെ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സർക്കാർ/ എയ്ഡഡ് കോളേജുകൾ പ്രവർത്തിച്ചുവരുന്നില്ല. കേരള സർവകലാശാലയ്ക്കുകീഴിൽ പി.ജി. കോഴ്സുകളില്ലാത്ത കോളേജുകൾ താഴെപ്പറയുന്നവയാണ്.

1. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് ആൻഡ് സയൻസ് കോളേജ്, മുളയറ, നെടുമങ്ങാട്

2. ശ്രീ ശങ്കര കോളേജ്, നഗരൂർ, കിളിമാനൂർ

3. സാന്തോം മലങ്കര ആർട്സ് ആൻഡ് സയൻസ് കോളേജ്, ഇടഞ്ഞി, മഞ്ചവിളാകം, തിരുവനന്തപുരം.

4. എസ്.എൻ. ടെയിനിങ് കോളേജ്, നെടുങ്ങണ്ട.

5. ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്, തഴവ, കരുനാഗപ്പള്ളി.

6. അയ്യൻകാളി മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, കുരിയോട്ടുമല, വെട്ടിത്തിട്ട, പത്തനാപുരം

7. മൗണ്ട് ടാബോർ ടെയിനിങ് കോളേജ്, പത്തനാപുരം, കൊല്ലം

8. രാജാ രവി വർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര, ആലപ്പുഴ.

എം. ജി. സർവകലാശാലയ്ക്കുകീഴിൽ പി.ജി. കോഴ്സുകളില്ലാത്ത കോളേജുകൾ താഴെപ്പറയുന്നവയാണ്.

1. Sree Narayana Trusts Arts and Science College, Pambanar.
2. Government Arts and Science college, Vypin, Ernakulam.
3. Tribal Arts and Science College, Nadukani, Idukki.

കാലിക്കറ്റ് സർവകലാശാലയ്ക്കുകീഴിൽ പി.ജി. കോഴ്സുകളില്ലാത്ത കോളേജുകൾ താഴെപ്പറയുന്നവയാണ്.

1. MALABAR COLLEGE OF ADVANCED STUDIES, MALAPPURAM
2. NSS ARTS AND SCIENCE COLLEGE, KAPPOOR, PALAKKAD
3. GOVT. ARTS & SCIENCE COLLEGE, OLLUR, THRISSUR
4. GOVT. COLLEGE OF FINE ARTS, THRISSUR
5. SREE RAMA VARMA GOVT. COLLEGE OF MUSIC & PERFORMING ARTS, THRISSUR

കണ്ണൂർ സർവകലാശാലയ്ക്കുകീഴിൽ പി.ജി. കോഴ്സുകളില്ലാത്ത കോളേജുകൾ താഴെപ്പറയുന്നവയാണ്.

1. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കിനാനൂർ കരിന്തളം, കാസർഗോഡ്.

2. ബെജാ മോഡൽ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കാസർഗോഡ്.

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനങ്ങളെയും വിദേശരാജ്യങ്ങളെയും ആശ്രയിക്കുന്നത് ഒഴിവാക്കാൻ പ്രസ്തുത കോളേജുകളിൽ പി.ജി. കോഴ്സുകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പിന്നാക്ക മേഖലയിൽ പ്രവർത്തിക്കുന്നതും ഉന്നത പഠനനിലാരം പുലർത്തുന്ന വേങ്ങരയിലെ മലബാർ കോളേജിന് 2022-ൽ നാക് 'എ' പ്ലസ് അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പി.ജി. കോഴ്സുകൾ അനുവദിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) സർക്കാർ, എയ്ഡഡ് കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

സർവകലാശാല കാമ്പസുകൾ വിദേശരാജ്യങ്ങളിൽ തുറക്കാൻ നടപടി

178(1755) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളുടെ കാമ്പസുകൾ വിദേശരാജ്യങ്ങളിൽ തുറക്കുന്നതിന് യു.ജി.സി. അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിദേശത്ത് എവിടെയെല്ലാം കാമ്പസുകൾ തുറക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

(എ&ബി) മഹാത്മാഗാന്ധി സർവകലാശാലയുടെ ഓഫ്ഷോർ കാമ്പസ് ഖത്തറിൽ ആരംഭിക്കാൻ യു.ജി.സി. അനുമതി നൽകിയിട്ടുണ്ട്.

(സി) വിദേശ വിദ്യാർഥികളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സ്റ്റഡി ഇൻ കേരള: കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കൂടുതൽ വിദേശ വിദ്യാർഥികളെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾക്ക് സ്റ്റഡി ഇൻ കേരള എന്ന പദ്ധതിപ്രകാരം ഉന്നതവിദ്യാഭ്യാസ കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്.

കരിക്കുലം പരിഷ്കരണം: വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളുമനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകൽപന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകൽപന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

അന്താരാഷ്ട്രതലത്തിൽ ക്രെഡിറ്റ് ട്രാൻസ്ഫർ സൗകര്യം നൽകുന്നതിനാൽ ബിരുദ പ്രോഗ്രാമിന്റെ ഒരു നിശ്ചിത ഭാഗം മാത്രം സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ ചെയ്യാനാകും. ഈ വിധത്തിലുള്ള ട്വിന്നിങ് പ്രോഗ്രാമുകൾ നടപ്പിലാക്കുന്നത് വിദേശ വിദ്യാർഥികൾക്ക് ഉപയോഗപ്രദമാകും. അന്താരാഷ്ട്ര വിദ്യാർഥികൾക്ക് സേവനങ്ങൾ നൽകുന്നതിന് പ്രത്യേക സംവിധാനങ്ങളും അന്താരാഷ്ട്ര ഹോസ്റ്റലുകളും സർവകലാശാലകളിൽ സ്ഥാപിക്കുന്നുണ്ട്.

വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരം

179(1756) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. എം. കെ. ജയരാജ്, കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് പ്രസ്തുത സർവകലാശാലകളുടെ ഫണ്ടിൽനിന്നും നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

ലഭ്യമാക്കുമോ; പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സർവകലാശാല സ്റ്റാൻഡിങ് കൗൺസലിനും മറ്റ് അഭിഭാഷകർക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഓരോ അഭിഭാഷകരുടെയും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) തങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ച വൈസ് ചാൻസലർമാർ സർവകലാശാല ചാൻസലർക്കെതിരെ ഫയൽ ചെയ്ത കേസ് നടത്തിപ്പിന് സർവകലാശാല ഫണ്ടിൽനിന്നും തുക അനുവദിക്കരുതെന്നും അനുവദിച്ച തുക തിരികെ ഈടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവകലാശാലകൾക്ക് ചാൻസലർ നിർദേശം നൽകിയിട്ടുണ്ടോ; ചാൻസലറുടെ പ്രസ്തുത നിർദേശങ്ങളുടെ വിശദാംശങ്ങൾ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

ഉണ്ട്. നിർദേശങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർവകലാശാല ചാൻസലറുടെ മേൽനിർദേശം സർവകലാശാലകൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഏതെങ്കിലും സർവകലാശാലകൾ പ്രസ്തുത നിർദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ചാൻസലറുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർവകലാശാലകളുടെ പരിഗണനയിലാണ്.

(ഡി) സർവകലാശാല ചാൻസലറുടെ മേൽനിർദേശം ലഭിച്ചതിനുശേഷവും പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ചാൻസലറുടെ മേൽനിർദേശം ലഭിച്ചതിനുശേഷം പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് സർവകലാശാലകൾ തുക ചെലവഴിച്ചിട്ടില്ല.

കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ

180(1757) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് അക്കാദമിയിൽ ആരംഭിച്ച സംസ്ഥാന പോലീസ് ഗവേഷണ കേന്ദ്രത്തെ കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രമായി അംഗീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

അംഗീകരിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമിയെ കാലിക്കറ്റ് സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ കേരള പോലീസ് അക്കാദമി ഡയറക്ടർ സമർപ്പിക്കുകയും അതേത്തുടർന്ന് കേരള പോലീസ് അക്കാദമിയിലെ ഗവേഷണ സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററാക്കാൻ ശിപാർശ ചെയ്തു. 11-07-2024-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററായി

അംഗീകരിക്കുകയുണ്ടായി. 24-07-2024 മുതൽ 23-07-2029 വരെ കേരള പോലീസ് അക്കാദമിയെ പോലീസ് സയൻസിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് സർവകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിനായി ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ധാരണാപത്രപ്രകാരം എന്നുവരെയാണ് ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഇതിനായി ധാരണാപത്രം തയ്യാറാക്കിയിട്ടില്ല.

(സി) ഇപ്രകാരം കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവകലാശാലയും സംയുക്തമായി തുടങ്ങിയ കോഴ്സുകൾ ഏതൊക്കെയാണ്; പ്രസ്തുത കോഴ്സുകളെല്ലാം നിലവിൽ തുടരുന്നുണ്ടോ; പുതിയ ബാച്ചുകൾ നടത്തുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവകലാശാലയും സംയുക്തമായി എം.എസ്സി. ഫോറൻസിക് സയൻസ് പ്രോഗ്രാം

നടത്തിവരുന്നുണ്ട്. 2024-25 അധ്യയന വർഷത്തിൽ ആകെ 25 സീറ്റുകളിൽ 18 വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

ദേശീയപാത വികസനത്തിന്റെ ഭാഗമായി

കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം

181(1758) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുകയുടെ വിനിയോഗം സംബന്ധിച്ച് സർവകലാശാല സർക്കാരിലേയ്ക്ക് എത്ര കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്ടുകൾ സർക്കാരിലേയ്ക്ക് സമർപ്പിച്ച തീയതി, അവയിൽ സർക്കാർ അംഗീകരിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ, സർക്കാരിൽനിന്നും നാളിതുവരെ ഓരോ പ്രോജക്ടിനും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ?

ദേശീയപാത വികസനത്തിനുവേണ്ടി ഏറ്റെടുത്ത ചേലേമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പലം, മുന്നിയൂർ എന്നീ വില്ലേജുകളിലെ സർവകലാശാല

ഭൂമിയുടെയും കുഴിക്കുർ ചമയങ്ങളുടെയും നഷ്ടപരിഹാര തുകയ്ക്കനുസൃതമായി സർവകലാശാല സർക്കാരിലേയ്ക്ക് 86.40 കോടി രൂപയുടെ പദ്ധതി നിർദേശങ്ങൾ സമർപ്പിച്ചിരുന്നു. ദേശീയപാതയുടെ വീതിക്കൂട്ടൽമൂലം തകരുന്ന സർവകലാശാലയുടെ ജലവിതരണ സംവിധാനം പുനഃസ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി 10-07-2022-ലെ G. O. (Rt) No. 1043/2022/Hedn നമ്പർ പ്രകാരം 8.06 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക NHAI-യുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രോജക്ടുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 18-10-2023-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾ മുഖ്യമന്ത്രിയെയും മറ്റും സന്ദർശിച്ച് ചർച്ച നടത്തിയതിന്റെ ഫലങ്ങൾ വിശദമാക്കുമോ; പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സർവകലാശാല ഫണ്ടിൽനിന്നും യാത്രാബത്ത ഇനത്തിലും മറ്റും ചെലവഴിച്ച തുകയെത്രയെന്ന് വിശദമാക്കാമോ?

ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാരത്തുകയ്ക്ക് അനുസൃതമായി സർവകലാശാല സർക്കാരിലേയ്ക്ക് സമർപ്പിച്ച പദ്ധതി നിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. സർവകലാശാല സമർപ്പിച്ച പ്രോജക്ടുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 18-10-2023-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾ മുഖ്യമന്ത്രിയെയും മറ്റും സന്ദർശിച്ച് ചർച്ച നടത്തിയതിന്റെ ഭാഗമായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യാത്രാബത്ത, സിറ്റിങ് ഫീ എന്നീ ഇനങ്ങളിലായി ആകെ ഇതുവരെ 32,226/- രൂപ മാത്രം സർവകലാശാല അനുവദിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ അധ്യാപക തസ്തികകൾ

182(1759) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നിലവിലുള്ള വിവിധ അധ്യാപക തസ്തികകളിൽ ഓരോ കേഡറിലേയും സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; നിലവിൽ ജോലി ചെയ്യുന്ന

അധ്യാപകരുടെ പേര്, നിലവിലെ തസ്തികയിൽ നിയമിക്കപ്പെട്ട തീയതി, സർവകലാശാല സർവീസിൽ പ്രവേശിച്ച തീയതി എന്നിവ ലഭ്യമാക്കുമോ; ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നിലവിലുള്ള വിവിധ അധ്യാപക തസ്തികകളുടെയും അതിൽ ജോലി ചെയ്യുന്നവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ പുനർനാമകരണത്തിന് മുമ്പുള്ള തസ്തികകളുടേതുൾപ്പെടെ നിലവിലുള്ള വിവിധ അധ്യാപക തസ്തികകൾക്ക് ഓരോന്നിനും സർക്കാരിന്റെയും യു.ജി.സി.-യുടെയും അംഗീകാരം ലഭിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ അടങ്ങിയ പകർപ്പുകൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നിലവിലുള്ള വിവിധ അധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത സെനറ്റ്, സിൻഡിക്കേറ്റ് യോഗങ്ങളുടെ യോഗം ചേർന്ന തീയതി, മിനിട്സിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അജണ്ട ഇനം, നമ്പർ എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

21-05-1988-ലെ സിൻഡിക്കേറ്റ് യോഗം ഇനം നമ്പർ 88.183 പ്രകാരം മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് വിഭജിച്ച് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കാനും ഒരു റീഡർ, രണ്ട് ലക്ചറർ എന്നീ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനം കൈക്കൊണ്ടു. 28-07-1989-ലെ സെനറ്റ് യോഗം ഇനം നമ്പർ III.I(e) പ്രകാരം മേൽ തീരുമാനത്തിന് സാധൂകരണം നൽകുകയും ചെയ്തു. ബന്ധപ്പെട്ട യോഗങ്ങളുടെ ഇനം നമ്പറും തീയതിയും ലഭ്യമായതുപ്രകാരം യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ഡി) സ്റ്റാറ്റിസ്റ്റിക്സ് പഠന വകുപ്പിലെ അംഗീകൃത അധ്യാപക തസ്തികകളിൽ ഓരോന്നിലും ആദ്യതവണ നിയമനം അനുവദിച്ചതിന്റെ വിജ്ഞാപന നമ്പർ, തീയതി, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, നിയമനം നൽകിയ തീയതി, നിയമനം ലഭിച്ച അധ്യാപകരുടെ പേര്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പകർപ്പുകൾ ലഭ്യമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ലഭ്യമായ വിവരം അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. വിജ്ഞാപന നമ്പർ, തീയതി, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നീ വിവരങ്ങൾ ലഭ്യമല്ല.

(ഇ) പ്രസ്തുത വിജ്ഞാപനപ്രകാരം വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ആകെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും ഇവയിൽ ഇന്റർവ്യൂവിന് എത്രപേർ പങ്കെടുത്തിരുന്നുവെന്നും റാങ്ക് ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിരുന്നുവെന്നും അവർ ആരെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ?

31-12-2019-ലെ GAII-C1/163256/2019/Admin നമ്പർ വിജ്ഞാപനപ്രകാരം സ്റ്റാറ്റിസ്റ്റിക്സ് പഠന വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് 6 ഓൺലൈൻ അപേക്ഷകൾ ലഭിച്ചിരുന്നു. അതിൽ നാലുപേരാണ് അഭിമുഖത്തിൽ പങ്കെടുത്തിരുന്നത്. റാങ്ക് ലിസ്റ്റിലും താഴെ കൊടുത്തിരിക്കുന്ന നാലുപേരാണ് ഉൾപ്പെട്ടിട്ടുള്ളത്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കൃഷ്ണറാണി എസ്. ഡി.

2. ശ്രീദേവി ഇ. പി.

3. ബിന്ദു പി. പി.

4. ഗിരീഷ് ബാബു എം.

(എഫ്) 31-12-2019-ലെ നം. ജി.എ.ഐ.ഐ.-സി1/162156/2019/ എ.ഡി.എം.എൻ. വിജ്ഞാപനപ്രകാരമുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ ഡേറ്റ് ഓഫ് ഒക്കറൻസ് ഓഫ് വേക്കൻസി ലഭ്യമാക്കാമോ?

31-12-2019-ലെ നം. GA-II-C1/162156/2019/Admn വിജ്ഞാപന പ്രകാരമുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ ഒഴിവ് നിലവിൽവന്ന തീയതി (date of occurrence of vacancy) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദേശാനുസരണം സീൽ ചെയ്ത കവറിൽ സർവകലാശാല കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ആയത് ലഭ്യമാക്കുവാൻ കഴിയുകയില്ല.

ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവായ തുക

183(1760) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് വേഗത്തിലാക്കുന്നതിനായി ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം എന്നുമുതലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

12-11-2021 മുതലാണ് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചത്.

(ബി) ഓൺലൈൻ്ഡ ആയി ലഭിക്കുന്ന ചോദ്യപേപ്പർ പകർപ്പ് എടുത്ത ഇനത്തിൽ വിവിധ പരീക്ഷാകേന്ദ്രങ്ങൾക്ക് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഓൺലൈനായി ലഭിക്കുന്ന ചോദ്യപേപ്പർ പകർപ്പ് എടുത്ത ഇനത്തിൽ പരീക്ഷാ കേന്ദ്രങ്ങൾക്ക് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു:

- 2022-23 - Rs. 87,38,031/-
- 2023-24 - Rs. 1,29,70,505 /-
- 2024-25 (03-10-2024 വരെ) - Rs. 60,77,934/-

ആകെ 2,77,86,470/- (രണ്ട് കോടി എഴുപത്തി ഏഴ് ലക്ഷത്തി എൺപത്തി ആറായിരത്തി നാനൂറ്റി എഴുപത് രൂപ)

(സി) പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത സംരക്ഷിച്ചുകൊണ്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി പുറമെയുള്ള സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാറുണ്ടോയെന്നും ടൈപ്പ് സെറ്റിങ് മുതൽ ഡെസ്പാച്ച് വരെയുള്ള ചോദ്യപേപ്പർ പ്രിന്റിങ്ങുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്ക് ഓരോന്നിനും നിലവിൽ കരാർ ലഭിച്ച സ്ഥാപനത്തിന് സർവകലാശാല അനുവദിക്കുന്ന നിരക്കുകൾ എത്രയാണെന്നും പ്രസ്തുത നിരക്കുകളിൽ 2023-24 വർഷം മുതൽ വർധനവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ?

സർവകലാശാല പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി ഒരു സ്ഥാപനവുമായി സർവകലാശാല നിലവിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. 2023-24 വർഷ കാലയളവിൽ ചോദ്യപേപ്പർ അച്ചടിക്കുന്ന നിരക്കുകളിൽ വർധനവ് വരുത്തിയിട്ടില്ല.

(ഡി) 2019 ഏപ്രിൽ മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരിവരെ 45410 വ്യത്യസ്തതരം ചോദ്യപേപ്പറുകൾ അച്ചടിച്ചിട്ടുണ്ട്.

2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരിവരെ ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവഴിച്ച ആകെ തുക 8,27,12,290/- (എട്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം)

(ഇ) ചോദ്യപേപ്പർ പരീക്ഷാകേന്ദ്രങ്ങളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

12-11-2021 മുതലാണ് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനമാരംഭിച്ചത്. ആയതിനുശേഷം 26906 വ്യത്യസ്തതരം ചോദ്യ പേപ്പറുകൾ അച്ചടിച്ചിട്ടുണ്ട്. 12-11-2021 മുതൽ ഫെബ്രുവരി 2024 വരെ ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവഴിച്ച ആകെ തുക: 4,00,58,966/- (നാല് കോടി അമ്പത്തിയെണ്ണായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം)

(എഫ്) ഈ സംവിധാനം ആരംഭിച്ചതിനുശേഷം പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ചോദ്യപേപ്പറുകളുടെ അച്ചടിച്ച കോപ്പികളുടെ എണ്ണം മൂല്യനിർണ്ണയ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടും ചോദ്യപേപ്പർ അച്ചടിച്ച വകയിലുള്ള ചെലവിൽ

കാര്യമായ കുറവുവരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ചോദ്യപേപ്പറുകളുടെ അച്ചടിച്ച പകർപ്പുകളുടെ എണ്ണം കുറച്ചെങ്കിലും കോൺഫിഡൻഷ്യൽ പ്രിന്റിങ്ങിനായുള്ള വിവിധ ചാർജ്ജുകൾ ഇപ്പോഴും ബാധകമാണ്. ചോദ്യപേപ്പർ അച്ചടിച്ചെലവ് മാത്രമാണ് കുറവ് വന്നിട്ടുള്ളത്, മറ്റ് നിരക്കുകൾ ഒന്നുംതന്നെ കുറവ് വന്നിട്ടില്ല. ആയതുകൊണ്ടാണ് ചോദ്യപേപ്പർ അച്ചടിച്ച എണ്ണം കുറഞ്ഞെങ്കിലും ആകെ ചെലവിൽ ഗണ്യമായ കുറവ് വരാത്തത്. മാത്രമല്ല ചോദ്യപേപ്പറുകളുടെ അച്ചടിച്ച കോപ്പികളുടെ എണ്ണം മൂല്യനിർണ്ണയ ആവശ്യങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. എൻടൻസ് പരീക്ഷകൾക്കും മറ്റ് അടിയന്തര സാഹചര്യങ്ങളിലും അച്ചടിച്ച ചോദ്യപേപ്പറുകൾ ഉപയോഗിക്കാറുണ്ട്.

(ജി) ചോദ്യപേപ്പർ അച്ചടിച്ചയിനത്തിൽ പ്രിന്റിങ് കരാർ ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ചോദ്യപേപ്പർ അച്ചടിച്ചയിനത്തിൽ പ്രിന്റിങ് കരാർ ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തികകൾ താഴെ നൽകുന്നു:

അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, പരീക്ഷാ കൺട്രോളറുടെ പി.എ., പരീക്ഷാ കൺട്രോളർ, വൈസ് ചാൻസലർ.

കൂടാതെ, ഈ ബില്ലുകൾ എല്ലാംതന്നെ അംഗീകാരത്തിനായി സിൻഡിക്കേറ്റിലേയ്ക്ക് സമർപ്പിക്കുകയും സിൻഡിക്കേറ്റ് തുക അനുവദിക്കുന്നപക്ഷം സർവകലാശാല ഫിനാൻസ് ഓഫീസർ തുക അനുവദിക്കുകയും കൈമാറുകയുമാണ് ചെയ്യുന്നത്.

കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം

184(1761) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ ഭൂമിയുടെ പാട്ടക്കരാറിൽ സർവകലാശാല ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി പാട്ടത്തിനനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ സർവെ നമ്പർ 83-ൽപ്പെട്ട 0.4148 ഹെക്ടർ ഭൂമിയുടെ പാട്ടക്കരാർ സർവകലാശാല രജിസ്ട്രാറും തൃശ്ശൂർ ജില്ലാ കളക്ടറും തമ്മിൽ 09-07-2024-ന് ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് എൻ.സി.ടി.ഇ. (നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ) നിഷ്കർഷിക്കുന്ന പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് സർവകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തീരുമാനമെടുത്തിട്ടുണ്ട്. ബിൽഡിങ് പ്ലാനിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ സർവകലാശാല

തലത്തിൽ സ്വീകരിച്ചുവരുന്നു. അതോടൊപ്പംതന്നെ വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിവരികയുമാണ്.

കോഴിക്കോട് സർവകലാശാലയിലെ ബി.എഡ്. സീറ്റ് ക്ഷാമം

185(1762) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവകലാശാലയ്ക്കുകീഴിൽ വിവിധ ബി.എഡ്. കോളേജുകളിൽ ബി.എഡ്. പ്രവേശനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം എത്രയെന്നും ഇക്കഴിഞ്ഞ മൂന്നുവർഷം പ്രവേശനം നേടുന്നതിന് അപേക്ഷ സമർപ്പിച്ച വിദ്യാർഥികളുടെ എണ്ണം എത്രയെന്നും കണക്കുകൾ ലഭ്യമാക്കുമോ?

വിവരം ചുവടെ ചേർക്കുന്നു:

2022

സീറ്റുകളുടെ എണ്ണം - 4357

അപേക്ഷകരുടെ എണ്ണം - 16339

2023

സീറ്റുകളുടെ എണ്ണം - 4357

അപേക്ഷകരുടെ എണ്ണം - 17453

2024

സീറ്റുകളുടെ എണ്ണം - 4357

അപേക്ഷകരുടെ എണ്ണം - 14808

(ബി) സർവകലാശാലയ്ക്കുകീഴിൽ പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിക്കുകയും പുതിയ ബിരുദ ബാച്ചുകൾ അനുവദിക്കുകയും ചെയ്തതിനുശേഷം ബിരുദം പൂർത്തിയാക്കുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവുണ്ടായതിന് ആനുപാതികമായി ബി.എഡ്. പ്രവേശനത്തിന് സീറ്റുകൾ ലഭ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇതുകാരണം അന്യസംസ്ഥാനങ്ങളിൽ പോയി ഉയർന്ന ഫീസൊടുക്കി ഓൺലൈൻ ഉൾപ്പെടെയുള്ള ബി.എഡ്. കോഴ്സുകൾക്ക് പ്രവേശനം നേടേണ്ട അവസ്ഥ വിദ്യാർഥികൾക്ക് ഉണ്ടാകുന്നുണ്ടെന്നത്

ഗൗരവമായി കാണുന്നുണ്ടോ; വിദ്യാർഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പുതിയ ബി.എഡ്. കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സർവകലാശാല ശിപാർശ സഹിതം സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) കോഴിക്കോട് സർവകലാശാലയ്ക്കുകീഴിൽ പുതിയ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ബി.എഡ്. സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത കോളേജുകൾ ആരംഭിക്കുന്നതിനായി നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (എൻ.സി.റ്റി.ഇ.)-ന്റെ അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ ശിപാർശ നൽകുന്നകാര്യം പരിഗണിക്കുമോ?

സർവകലാശാലയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏതാനും വിദ്യാഭ്യാസ ഏജൻസികൾക്ക്, എൻ.സി.ടി.ഇ. അംഗീകാരം

കരസ്ഥമാക്കണമെന്ന നിബന്ധനയ്ക്കുവിധേയമായി, പുതിയ സ്വാശ്രയ ബി.എഡ്. കോളേജ്/കോഴ്സിനുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്.

എൻ.സി.സി. കേഡറ്റുകൾക്ക് നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട്

186(1763) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് കഴിഞ്ഞ അക്കാദമിക വർഷം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2023-2024 സാമ്പത്തിക വർഷത്തെ റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ 3.27 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) എൻ.സി.സി. കേഡറ്റുകൾക്ക് വർഷങ്ങളായി നൽകി വരുന്ന റിഫ്രഷ്മെന്റ് ഫണ്ട് ഈ വർഷം നൽകുന്നതിനായി ടെൻഡർ വിളിക്കുകയോ ക്വട്ടേഷൻ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ടെൻഡർ വിളിക്കുന്നതും ക്വട്ടേഷൻ സ്വീകരിക്കുന്നതും അതത് സ്കൂൾ/ കോളേജ് മേധാവികളാണ്.

(സി) ഈ വർഷം എൻ.സി.സി. പരേഡ് നടത്തുന്നതിന് ആവശ്യമായ റിഫ്രഷ്മെന്റ് അലവൻസ് അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

25-10-2012-ലെ ജി.ഒ. (എം.എസ്.) നം. 523/2012/ഉ.വി.വ, 05-07-2023-ലെ സ.ഉ. (കൈ) നം. 376/2023/ഉ.വി.വ എന്നിവ പ്രകാരം ഒരു എൻ.സി.സി. കേഡറ്റിന് 40 മിനിറ്റിന്റെ ഒരു പീരീഡിന് 20/- രൂപ നിരക്കിൽ റിഫ്രഷ്മെന്റ് അലവൻസിന് അർഹതയുണ്ട്. 2204-00-102-99-00-34-03-NV ശീർഷകത്തിൽ റിഫ്രഷ്മെന്റ് അലവൻസുൾപ്പെടെയുള്ള എൻ.സി.സി.-യുടെ പരിശീലന ചെലവുകൾക്കായി 12.4 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സ്കൂൾ സമയത്തിനുശേഷം നാലുമണി മുതൽ ആറ് മണി വരെ നടക്കാറുള്ള എൻ.സി.സി. പരേഡ് സമയത്ത് റിഫ്രഷ്മെന്റ് നൽകാതിരിക്കുന്നത് കുട്ടികൾക്ക് ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

എൻ.സി.സി. പരേഡ് നടക്കുമ്പോൾ കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് നൽകാറുണ്ട്.

(ഇ) ഓരോ എൻ.സി.സി. കേഡറ്റുകൾക്കും ഒരു പരേഡിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ?

3 പീരീഡ് ചേരുന്നതാണ് ഒരു പരേഡ്. ഒരു പീരീഡിന് 20/- രൂപ നിരക്കിലാണ് റിഫ്രഷ്മെന്റ് അലവൻസ് നൽകുന്നത്.

(എഫ്) സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ എത്ര വിദ്യാർഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 708 ട്രൂപ്പുകളിലായി 58882 കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ ഒരു വർഷം ഏകദേശം 14.13 കോടി രൂപയുടെ ചെലവ് വരും.

(ജി) സംസ്ഥാനത്ത് നിലവിൽ എത്ര എൻ.സി.സി. യൂണിറ്റുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കലാലയങ്ങളിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിലായി ആകെ എത്ര വിദ്യാർഥികളുണ്ടെന്നും അവർക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ ഒരു വർഷം ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 400 കമ്പനികളിലായി 30120 കേഡറ്റുകൾക്ക് റിഫ്രഷ്മെന്റ് അലവൻസ് ഇനത്തിൽ ഒരു വർഷം ഏകദേശം 6.02 കോടി രൂപയുടെ ചെലവ് വരും.

നൂതന പഠന വകുപ്പുകൾ

187(1764) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ചയും പഠനഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് നൂതന പഠന വകുപ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തും വൈജ്ഞാനിക മേഖലയിലും ഇതിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

(എ&ബി) ശാസ്ത്ര സാങ്കേതികരംഗത്തെ വളർച്ചയും പഠനഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നത് ലക്ഷ്യമിട്ട് സർവകലാശാലകൾ നൂതന പഠന വകുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ മത്സരപരീക്ഷകളിൽ മികച്ചപ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ നൂതന സാങ്കേതികവിദ്യകളിലും മാറിവരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസൃതവുമായ കോഴ്സുകളാണ് സർവകലാശാലകളിലെ പഠനവകുപ്പുകളിൽ നടത്തപ്പെടുന്നത്. വിവിധ വൈജ്ഞാനിക മേഖലകളിലെ നൂതന സങ്കേതങ്ങൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഗവേഷണം പ്രോത്സാഹിപ്പിച്ചും ഗവേഷണ ഫലങ്ങൾ പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾക്കുതകുന്നവിധം സേവനങ്ങളായും ഉൽപന്നങ്ങളായും രൂപകൽപന ചെയ്തും വിദ്യാർഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിച്ചും

വിവിധ മേഖലകളെ ഏകോപിപ്പിച്ച് ആധുനിക പശ്ചാത്തല സൗകര്യങ്ങളും ശാസ്ത്ര സാങ്കേതിക ഉപകരണങ്ങളും സാമ്പത്തിക സഹായങ്ങളും സജ്ജമാക്കി സർവകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുവഴി വിജ്ഞാന സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത പഠന വകുപ്പുകൾ ലക്ഷ്യംവയ്ക്കുന്നു.

(സി) സർവകലാശാലാ വകുപ്പുകളെ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

20-04-2023-ലെ സ.ഉ. (സാധാ) നം. 576/2023/ഉ.വി.വ.നമ്പർ ഉത്തരവുപ്രകാരവും 23-08-2023-ലെ സ. ഉ. (സാധാ) നം. 1318/2023/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്:

1) കേരള സർവകലാശാല കാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്.

2) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്.

3) മഹാത്മാഗാന്ധി സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി.

കൂടാതെ, 22-07-2024-ലെ സ. ഉ. (സാധാ) നം. 897/2024/ഉ.വി.വ നമ്പർ ഉത്തരവുപ്രകാരം താഴെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്:

1) Centre of Excellence for Teaching, Learning and Training: വിദ്യാർഥികളുടെ വിജയം വർധിപ്പിക്കുകയും ഒരു കമ്മ്യൂണിറ്റി പങ്കാളിത്തം കെട്ടിപ്പടുക്കുകയും ബൗദ്ധികമായി വ്യത്യസ്തവും സജീവവുമായ ഒരു പഠനസമൂഹത്തിൽ അംഗങ്ങളാകാൻ വ്യക്തികളെ പ്രാപ്തരാക്കുകയും അധ്യാപക-അനധ്യാപക ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

2) Kerala Institute for Science, Technology and Innovation (KISTI): നാനോ ടെക്നോളജി, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, സിസ്റ്റംസ് ബയോളജി, ബയോഡേറ്റ അനാലിസിസ്, റോബോട്ടിക്സ്, എനർജി എഞ്ചിനീയറിങ്,

ഇലക്ട്രിക് മൊബിലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി ഇന്ന് ഉയർന്നുവരുന്ന വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നതിനുവേണ്ടി ഒരു മാനവിക സമൂഹത്തെ പടുത്തുയർത്തുകയും അതിൽക്കൂടി ഒരു പുതിയ വിജ്ഞാനത്തിന്റെയും മാനവിക വൈദഗ്ധ്യത്തിന്റെയും ഒരു പുത്തൻ കേരളം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം.

3) Kerala Institute of Advanced Studies (KIAS): കേരളത്തിന്റെ ചരിത്രം, സമൂഹം, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലുള്ള നിർവ്യാപനമായ പഠനത്തെയും ഗവേഷണത്തെയും ഇത് ലക്ഷ്യംവയ്ക്കുന്നു.

4) Kerala Network for Research-Support in Higher Education (KNRSHE): കോളേജുകളിലെ അധ്യാപകരെയും ഗവേഷകരെയും കൈപിടിച്ച് ഉയർത്തുന്നതിനും സഹായിക്കുന്നതിനും ഫണ്ട് റൈറ്റിങ്ങിന്റെ ആക്കം നിലനിർത്തുന്നതിനും സ്വകാര്യ സ്രോതസ്സുകൾ ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽനിന്നും ഗവേഷണ ഫണ്ട് സ്വരൂപിക്കുന്നതിനും ഗവേഷണം നടത്താൻ അവരെ സഹായിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

5) Centre for Indigenous Peoples Education (CIPE): തദ്ദേശീയരായ ജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ആദിവാസി ക്ഷേമവകുപ്പിന്റെയും സംയുക്ത സംരംഭമാണിത്.

6) The Kerala Institute for Gender Equality (KIGE): സമൂഹത്തിലെ ലിംഗനീതിയും സാമൂഹ്യപരിഷ്കരണവും നടപ്പിലാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

7) Kerala Language Network (KLN): കേരള ഭാഷ ശൃംഖല മലയാളമുൾപ്പെടെ വിവിധ ഭാഷകളെ വിജ്ഞാനത്തിന്റെ ഭാഷയായി വികസിപ്പിക്കുകയും വിവിധ സംരംഭങ്ങൾ ഏറ്റെടുത്ത് ഭാഷകളെ പ്രോത്സാഹിപ്പിക്കുകയും സംസ്കാരങ്ങളെ ആഘോഷിക്കുകയും ചെയ്യുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിയമരംഗത്തെ ഗവേഷണങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി 5 ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ സെന്റർ ഫോർ കൊഗ്നിറ്റീവ് സയൻസ്, സെന്റർ ഫോർ എക്സ്റ്റിക്യൂട്ടീവ് എഡ്യൂക്കേഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

കേരള സർവകലാശാലയിൽ താഴെപ്പറയുന്ന സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

1. Inter University Centre for Genomics and Gene Technology

2. Inter University Centre for Biodiversity Conservation & Bio resources Technology Centre for Agroecology and Public Health

എം.ജി. സർവകലാശാലയിൽ ഇന്റർയൂണിവേഴ്സിറ്റി/ഇന്റർ ഡിസിപ്ലിനറി സെന്ററുകളുടെ പ്രവർത്തനത്തിനായി Convergence Academia Complex നിർമ്മാണം പൂർത്തിയായി.

വിദ്യാർഥികൾക്ക് പഠന കാലത്തുതന്നെ പ്രായോഗിക പരിശീലനം

188(1765) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായതെന്തെന്ന് പഠനത്തിനിടയിൽത്തന്നെ വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

സംസ്ഥാനത്തെ വിദ്യാർഥികൾക്കും ഉദ്യോഗാർഥികൾക്കും ഇഷ്ട തൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേര മുഖാന്തരം 130-ലധികം നൂതന കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. ഈ കോഴ്സുകൾ വിദ്യാർഥികൾക്കും പഠനത്തോടൊപ്പം പരിശീലനം നേടാൻ കഴിയുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾവഴിയും വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴിയുമാണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് മുഖാന്തരം ഏകോപിപ്പിക്കുന്നത്. അഞ്ഞൂറിലധികം സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സ്&കരിയർ പ്ലാനിങ് (CSDCCP) സെന്ററുകൾ അസാപ് കേരളയുടെയും കെൽട്രോണിന്റെയും നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. വിദ്യാർഥികളുടെ

പഠന മേഖലയുമായി ബന്ധപ്പെട്ട് കഴിവുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന ശിൽപശാലകൾ കോളേജുകളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

വിദ്യാർഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സർവകലാശാലയിൽ Outcome based സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വന്തമായി ഒരു കൂട്ടിക്ക് അഭിരുചിക്കനുസരിച്ച് ഒരു പ്രോഗ്രാം ഡിസൈൻ ചെയ്യാൻ പ്രാപ്തമാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. Foundation courses, discipline specific pathway components, discipline capstone components എന്നിങ്ങനെ മൂന്നുതരത്തിലുള്ള കോഴ്സുകൾ ഇതിലുൾപ്പെടുത്തിയിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ability enhancement courses, skill enhancement courses, value added courses, multidisciplinary courses എന്നിവ വിദ്യാർഥികൾക്ക് നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും മുൻഗണന നൽകുന്നവിധത്തിൽ ബി.എ. നാനോ എന്റർപ്രൈണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആരംഭിക്കുകയും ഒപ്പം ഐ.സി.ടി. അക്കാദമി, കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് ഐ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് പോലുള്ള തൊഴിൽ സാധ്യതയുള്ള നൈപുണ്യ മേഖലകൾക്ക് ഊന്നൽനൽകുന്ന ഹ്രസ്വകാല സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല OBE അടിസ്ഥാനമാക്കി സിലബസുകൾ രൂപകൽപന ചെയ്യും ഇന്റേൺഷിപ്, ഇൻഡസ്ട്രിയൽ എക്സ്പോഷർ ടെയിനിങ് എന്നിവ സിലബസിലുൾപ്പെടുത്തിക്കൊണ്ടും തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായതെന്തെന്ന് പഠനത്തിനിടയിൽത്തന്നെ വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിൽ പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല Directorate for Applied Short-term Programmes (DASP)-ന്റെ കീഴിൽ ഹ്രസ്വകാല സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളാരംഭിച്ചിട്ടുണ്ട്. കണ്ണൂർ സർവകലാശാലയും പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ പ്രാപ്തമാക്കുന്ന വിധത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലം തയ്യാറാക്കിയിട്ടുള്ളത്.

വിദ്യാർഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും IHRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. നാലുവർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയുടെ ഭാഗമായി കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് Multi Disciplinary കോഴ്സുകൾ Value Addition കോഴ്സുകൾ, Skill Enhancement കോഴ്സുകൾ മുതലായവ തിരഞ്ഞെടുത്ത് പഠിക്കാനുള്ള സൗകര്യം കേരളത്തിലെ എല്ലാ കലാലയങ്ങളിലും ലഭ്യമാണ്. തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർഥികളെ സജ്ജരാക്കുന്നതിന് ബന്ധപ്പെട്ട സ്കിൽ ടെയിനിങ് കോളുകൾ നാലുവർഷ ഡിഗ്രി പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ചേർന്നിട്ടുള്ള വിദ്യാർഥികൾക്ക് അവരുടെ പ്രൊഫഷണലും സാങ്കേതിക വൈദഗ്ധ്യവും പരിഷ്കരിക്കുന്നതിനും വാഗ്ദാനപ്രദമായ കരിയർ ഉറപ്പാക്കുന്നതിനുമായി യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യരാണെന്ന് കണ്ടെത്തിയ വിദ്യാർഥികൾക്ക് രാജ്യത്തും വിദേശത്തുമുള്ള കമ്പനികളിലും പ്രമുഖ സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് സൗകര്യം നൽകാനുള്ള നടപടികൾ അസാപ് കേരള ആരംഭിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ എൽ.എൽ.ബി. കോഴ്സിൽ പ്രായോഗിക പരിശീലനമായി Moot court exercise, Observance of Trial, Interviewing techniques and pre-trial preparations, ഇന്റേൺഷിപ് മുതലായവ നിർദേശിച്ചിട്ടുണ്ട്. ബി.എഡ്., എം.എഡ്. എന്നീ കോഴ്സുകളുടെ റെഗുലേഷനിൽ പ്രായോഗിക പരിശീലനമായി സ്കൂൾ ഇന്റേൺഷിപ് ഇൻ ടീച്ചിങ് ഉൾപ്പെടുത്തിയിട്ടുണ്ട്. MBA-യുടെ റെഗുലേഷനിൽ രണ്ടാം സെമസ്റ്ററിൽ സമ്മർ ഇന്റേൺഷിപ്, നാലാം സെമസ്റ്ററിൽ പ്രായോഗിക തലത്തിലുള്ള Main Project മുതലായവ നിർദേശിച്ചിട്ടുണ്ട്.

MCA കോഴ്സിന്റെ റെഗുലേഷനിൽ നാലാം സെമസ്റ്ററിൽ പ്രായോഗിക പരിശീലനമായി ഇന്റേൺഷിപ്, ഓരോ സെമസ്റ്ററിലും ലബോറട്ടറി കോഴ്സ്, Skill Enhancement കോഴ്സ് മുതലായവ നിർദേശിച്ചിട്ടുണ്ട്. BFA കോഴ്സിന്റെ റെഗുലേഷനിൽ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി സ്റ്റുഡിയോ കോഴ്സ് എല്ലാവർഷവും ഉൾപ്പെടുത്തിയിരിക്കുന്നു. MFA കോഴ്സിന്റെ റെഗുലേഷനിൽ Studio Work and Outdoor Work, Degree Show എന്നിവ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി നിർദേശിച്ചിട്ടുണ്ട്. B.des

കോഴ്സിന്റെ റെഗുലേഷനിൽ പ്രായോഗിക പരിശീലനത്തിനായി 8 ആഴ്ച കാലയളവിലുള്ള ഇന്റേൺഷിപ്പും എട്ടാം സെമസ്റ്ററിൽ Design Collection-നും നിർദേശിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പുമുഖേനയുള്ള ക്ഷേമ പദ്ധതികൾ

189(1766) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പെൻഷൻ പ്രായമാകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പുമുഖേന പെൻഷൻ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പെൻഷൻ പ്രായമാകാത്ത നിത്യരോഗികൾക്ക് പെൻഷൻ പദ്ധതികൾ നിലവിലില്ലെങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

(ബി&സി) പെൻഷൻ പ്രായമാകാത്ത നിത്യരോഗികൾക്ക് സാമൂഹ്യനീതി വകുപ്പുമുഖേന പെൻഷൻ പദ്ധതികളൊന്നും നിലവിലില്ല. പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

വയോജന പരിചരണത്തിനായുള്ള പദ്ധതികൾ

190(1767) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വയോജന പരിചരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വയോജനക്ഷേമം മുൻനിർത്തി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾക്കുപുറമെ താഴെപ്പറയുന്ന പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1. ഹോം ബെയ്സ്ഡ് ജെറിയാട്രിക്ക് കെയർ സേവനം സംബന്ധിച്ച പദ്ധതി

ഗാർഹിക വയോജന സേവന മേഖലയിൽ പ്രവർത്തിക്കുന്ന ഹോം നഴ്സിങ് സ്ഥാപനങ്ങളെ സംബന്ധിച്ച പഠനം, ഹോം നഴ്സുമാരെ നിയോഗിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം, ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് geriatric പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. സമഗ്ര വയോജന സർവെ

വയോജനങ്ങളുടെ സമഗ്രമായ വിവരശേഖരണത്തിനായി വയോജന സർവെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് IKM-മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതിലേയ്ക്കാവശ്യമായ ആദ്യഗഡു തുക IKM-ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സോഫ്റ്റ്വെയർ തയ്യാറാകുന്നമുറയ്ക്ക് സമഗ്ര വയോജന സർവെ നടത്തുന്നതിനുള്ള മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

MWPSC ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിങ് എന്നിവയ്ക്കായുള്ള സോഫ്റ്റ്വെയർ രൂപകൽപന ചെയ്യുന്നതിന് കേരള സ്റ്റാർട്ട് അപ് മിഷനുമായി ധാരണാപത്രം ഒപ്പിടുകയും ആയതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.

3. സംസ്ഥാന വയോജന കമ്മീഷൻ

വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗനിർദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിലേയ്ക്ക് ഉപയുക്തമാക്കുന്നതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേയ്ക്കും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തുന്നതിനും ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി നടപടികൾ പുരോഗമിച്ചുവരുന്നു.

4. ഓർമ്മത്തോണി പദ്ധതി

സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ്. പ്രായമേറുംതോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തിഗത സാമൂഹ്യപ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായിക്കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 'ഡിമെൻഷ്യ സൗഹൃദ കേരളം' എന്നൊരു നൂതന പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. 'ഓർമ്മത്തോണി' എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ

ഭാഗമായി ഇത്തരക്കാരെ പരിചരിക്കുന്നതിന് രണ്ട് ഡേ കെയർ സെന്ററുകൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി വയോമിത്രം പദ്ധതി ഗ്രണഭോക്താക്കളിലെ ഡിമെൻഷ്യ ബാധിതരെ കണ്ടെത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും തുടർന്ന് രണ്ടാംഘട്ടമായി 65 വയസ്സ് കഴിഞ്ഞ മുഴുവൻ ആൾക്കാരെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി ആഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ വയോമിത്രം ടീം ഇവരെ കണ്ടെത്താൻവേണ്ട സ്ക്രീനിങ് ക്യാമ്പ് നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആശാ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രചോദനം തൊഴിൽ പരിശീലന പദ്ധതി

191(1768) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ് കഴിഞ്ഞവർക്കുള്ള 'പ്രചോദനം' തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

'പ്രചോദനം' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി എന്നാണ് പ്രഖ്യാപിച്ചതെന്നും എന്നത്തേയ്ക്ക് നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചിരുന്നതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

പതിനെട്ട് വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ തൊഴിൽ നൈപുണ്യവികസനത്തിനായി 2023-24 സാമ്പത്തിക വർഷത്തിലാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ അഭിരുചിക്കനുസരിച്ചുള്ള

തൊഴിൽ പരിശീലനം നൽകി സാധ്യമാകുന്ന തൊഴിലുകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക, ഇതിലേയ്ക്കായി പാഠ്യപദ്ധതികൾ തയ്യാറാക്കുക എന്നിവ പദ്ധതിയിലുൾപ്പെടുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ടുവീതം തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിക്കുലം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരിക്കുലം കമ്മിറ്റി യോഗം ചേരുകയും വിദഗ്ധരുടെ അഭിപ്രായങ്ങൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും നടപ്പ് സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ 2235-02-101-73 (പി) ശീർഷകത്തിൽ ഒരു കംപോണന്റായാണ് പ്രചോദനം പദ്ധതിയുൾപ്പെട്ടിട്ടുള്ളത്. 2235-02-101-73(പി) ശീർഷകത്തിൽ 2022-2023, 2023-2024-ൽ വകയിരുത്തിയിട്ടുള്ള തുക, ചെലവഴിച്ച തുക, പ്രചോദനം പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുംപ്രകാരമാണ്.

ക്രമ നം.	സാമ്പത്തിക വർഷം	2235-02-101-73 ശീർഷകത്തിൽ വകയിരുത്തിയ തുക	ശീർഷകത്തിൽ നിന്നും ആകെ ചെലവായ തുക	പ്രചോദനം പദ്ധതിക്കായി ചെലവാക്കിയ തുക
1	2022-23	5 കോടി	1,60,78,462/-	4,025/-
2	2023-24	5 കോടി	1,38,14,719/-	--
3	2024-25	10 കോടി	68,20,757/- (07-10-2024 വരെ)	15,489/- (07-10-2024 വരെ)

മാതൃജ്യോതി പദ്ധതി

192(1769) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതൃജ്യോതി പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ അമ്മമാർക്ക്

പ്രസവാനന്തരം നൽകുന്ന ധനസഹായം എത്ര രൂപയാണ്; എത്ര വർഷത്തേയ്ക്കാണ് നൽകുന്നത് വ്യക്തമാക്കാമോ?

മാതൃജ്യോതി പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം പ്രതിമാസം 2,000/- രൂപ നിരക്കിൽ ഒരു വർഷം 24,000/- രൂപ ധനസഹായമായി അനുവദിക്കുന്നു. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമായി ആദ്യത്തെ 2 വർഷക്കാലം ധനസഹായം നൽകുന്നുണ്ട്.

എൻഡോസൾഫാൻ സെൽ

193(1770) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ സെൽ ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത സെല്ലിന്റെ ചെയർമാൻ ആരാണെന്നും മറ്റംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാന്റെയും മറ്റംഗങ്ങളുടെയും പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവലോകനം ചെയ്യുകയുമാണ് കാസർഗോഡ് എൻഡോസൾഫാൻ സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യം.

(ഡി) എത്രമാസം കൂടുമ്പോഴാണ് സെൽ യോഗം ചേരേണ്ടതെന്നും അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ സെൽ കൂടുന്നതിനായി സമയപരിധി നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സെൽ അവസാനമായി യോഗം ചേർന്നത് 08-01-2023-ലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) അവസാനമായി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ബാക്കിയുള്ളതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വേർതിരിച്ച് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ സെൽ അവസാനമായി ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങളും ആയതിൻപ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ആശ്വാസകിരണം പെൻഷൻ പദ്ധതി

194(1771) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പുരോഗികളുടെയും ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെയും കൂട്ടിരിപ്പുകാർക്ക് നൽകിവരുന്ന ആശ്വാസകിരണം പെൻഷൻ പദ്ധതിയിലെ ആനുകൂല്യങ്ങൾ മുടങ്ങാതെ നൽകുന്നതിന് സർക്കാരിന് കഴിയുന്നുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശ്വാസകിരണം പദ്ധതിക്കായി 2024-2025 സാമ്പത്തികവർഷം ഭരണാനുമതി ലഭ്യമാക്കിയ 50 കോടി രൂപയിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപ ചെലവഴിച്ച്, ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ നൽകിവരുന്ന പെൻഷൻ തുക വളരെ അപര്യാപ്തമായതിനാൽ വർധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ആമച്ചലിലെ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ ഗ്രാമം

195(1772) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആമച്ചലിൽ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ ഗ്രാമം ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ

ഏത് ഏജൻസി മുഖാന്തരമാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

DPR (Detailed Project Report) തയ്യാറാക്കുന്നതിനായി ഏജൻസിയെ നിശ്ചയിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ഒരു പ്രൊപ്പോസൽ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ G.O. (P) No.67/2021/Fin, G.O.(P) No.7/2022/Fin-ലെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി ഏജൻസിയെ തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം പദ്ധതിക്കായി സാമൂഹ്യനീതി വകുപ്പിന് ലഭ്യമായ ഭൂമികളിൽ, സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി DPR തയ്യാറാക്കുന്നതിന് Centre of Science and Technology For Rural Development (COSTFORD) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് 2022 നവംബർ 10-ന് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങളുടെ തുടർനടപടി വിശദമാക്കാമോ?

ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 2022 നവംബർ 10-ന് ചേർന്ന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ ചുവടെ ചേർക്കുന്നു.

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏജൻസിയെ നിശ്ചയിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ഒരു പ്രൊപ്പോസൽ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ G. O. (P) No. 67/2021/Fin, G. O. (P) No. 7/2022/Fin-ലെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം പദ്ധതിക്കായി സാമൂഹ്യനീതി വകുപ്പിന് ലഭ്യമായ ഭൂമികളിൽ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി DPR തയ്യാറാക്കുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി കൈമാറി നൽകണമെന്നഭ്യർഥിച്ച് കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാമൂഹ്യനീതി ഡയറക്ടർ കത്തുകൾ നൽകിയിട്ടുണ്ട്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാറച്ചൽ വാർഡിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 9-ൽ റീസർവെ നമ്പർ 401/5-ൽ ഉൾപ്പെട്ട 20.20 ആർ ഭൂമിയിൽ ഭിന്നശേഷി പുനരധിവാസ കേന്ദ്രം പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് പ്രസ്തുത ഭൂമിയുടെ മുൻ ഉടമസ്ഥന്റെ ചെറുമകനും ഭിന്നശേഷിക്കാരനുമായ ശ്രീ. അഭിഷേക് ബി. എൻ.-നെ കൂടി പുനരധിവാസ കേന്ദ്രത്തിൽ അന്തേവാസിയാക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിബന്ധന അംഗീകരിക്കുകയും ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് 16-05-2024-ൽ ബി3/48/2023/സാ.നീ.വ. ഫയലിൽ അഭിപ്രായം നൽകിയിട്ടുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആർ.ഇ 1/8/2024/തസ്വഭവ ഫയൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ പെൻഷൻ

196(1773) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി ഹെൽപ്പർ, വർക്കർ എന്നിവർക്ക് എത്ര രൂപ വീതം പെൻഷൻ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

വനിതാ ശിശുവികസന വകുപ്പിനുകീഴിൽ സേവനമനുഷ്ഠിച്ചിരുന്ന അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിൽനിന്നും യഥാക്രമം 2,500 രൂപയും 1,500 രൂപയും പ്രതിമാസ പെൻഷൻ നൽകിവരുന്നു.

(ബി) ഇത്തരത്തിൽ ലഭിക്കുന്ന ഹെൽപ്പർ പെൻഷൻ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്രപേർക്കാണ് നിലവിൽ ഹെൽപ്പർ പെൻഷൻ മുടങ്ങിയിട്ടുള്ളതെന്നും ആയതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

(ബി&സി) 9387 അങ്കണവാടി വർക്കർമാർക്കും 9030 അങ്കണവാടി ഹെൽപ്പർമാർക്കും പെൻഷൻ വിതരണത്തിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 33115 അങ്കണവാടികളിൽനിന്നും ആകെ 29262 അങ്കണവാടി വർക്കർമാരും 25868 അങ്കണവാടി ഹെൽപ്പർമാരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. വർക്കർമാരിൽനിന്നും ഹെൽപ്പർമാരിൽനിന്നും പ്രതിമാസം യഥാക്രമം 500/- രൂപയും 250/- രൂപയും വീതം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നുണ്ട്. പ്രതിമാസം ക്ഷേമനിധി ബോർഡിന് ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ ഒരു മാസം പെൻഷൻ വിതരണത്തിനുമാത്രമായി 3,90,25,500/- രൂപ ചെലവാകുന്നു. അതിനാൽ നിലവിൽ പ്രതിമാസം 1,79,27,500/- രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ

ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽനിന്നും ആയതിനാനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽനിന്നും സ്ഥിര നിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നും മാത്രമാണ്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോവർഷവും വർധിച്ചുവരുന്ന ചെലവ് ബോർഡിന് വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് കാലതാമസം നേരിടുന്നത്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 3,78,00,000/- രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി നിയമനം

197(1774) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചുനൽകിയ മുൻഗണനാ മാനദണ്ഡങ്ങൾ ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഭിന്നശേഷി അവകാശ നിയമം 2016-ലെ സെക്ഷൻ 34(1)-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം നിയമനങ്ങളിലെ 4% ഭിന്നശേഷി സംവരണം എയ്ഡഡ് സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കിക്കൊണ്ട് 18-11-2018-ലെ G.O. (P) No. 18/2018/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം,

a) blindness and low vision

b) deaf and hard of hearing

c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy

d) autism, intellectual disability, specific learning disability and mental illness

e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness in the post identified for each disabilities

എന്ന ക്രമത്തിൽ (a), (b), (c) വിഭാഗങ്ങൾക്ക് 1% വീതവും (d) & (e) വിഭാഗങ്ങൾക്ക് 1% എന്ന തോതിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമാണ് ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടത്. മേൽ സൂചിത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) അർഹരായ കാഴ്ചപരിമിതരില്ലാത്ത സാഹചര്യങ്ങളിൽ ഇതര ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകാൻ സ്വീകരിക്കുന്ന നടപടികൾ ത്വരിതഗതിയിലാക്കാൻ പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. നിയമനം നൽകേണ്ട ഊഴത്തിൽ അർഹതയുള്ള ഒരു ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർഥിയെ ലഭിക്കാതെ വന്നാൽ എന്തുനടപടിയാണ് സ്വീകരിക്കേണ്ടതെന്നത് സംബന്ധിച്ച് ഭിന്നശേഷി അവകാശ നിയമം 2016-ലെ സെക്ഷൻ 34(2)-ൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പാലിച്ചുമാത്രമെ സംവരണം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(സി) എയ്ഡഡ് സ്കൂൾ മാനേജർമാർ ഭിന്നശേഷി നിയമനത്തിന് ലിസ്റ്റ് ആവശ്യപ്പെടുമ്പോൾ കാഴ്ചപരിമിതരുടേത് മാത്രമായ ലിസ്റ്റ് നൽകുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ വിവരശേഖരണം

198(1775) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ കേരളത്തിലെ ഭിന്നശേഷിക്കാരുടെ എണ്ണം കണക്കാക്കുന്നതിലേയ്ക്കായി അംഗപരിമിത സെൻസസ്-2015 (Disability Census–2015) എന്ന പേരിൽ സർവെ നടത്തിയിട്ടുണ്ട്. പ്രസ്തുത സർവെപ്രകാരം കേരളത്തിൽ 793937 ഭിന്നശേഷിക്കാരുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	എണ്ണം
1	തിരുവനന്തപുരം	77164
2	കൊല്ലം	66519
3	പത്തനംതിട്ട	30447
4	ആലപ്പുഴ	51403
5	കോട്ടയം	45781
6	ഇടുക്കി	26226
7	എറണാകുളം	74127
8	തൃശ്ശൂർ	67133
9	പാലക്കാട്	62814
10	മലപ്പുറം	96447
11	കോഴിക്കോട്	78548
12	വയനാട്	23122
13	കണ്ണൂർ	58535
14	കാസർഗോഡ്	35671
	ആകെ	**793937**

(ബി) സർക്കാർ പ്രഖ്യാപിച്ച ഭിന്നശേഷി സൗഹൃദനയത്തെ തുടർന്ന് എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നിയമനങ്ങളിൽ ഉൾപ്പെടെ വന്നിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെ നിറസാന്നിദ്ധ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ ഭിന്നശേഷി മേഖലയിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗക്കാർക്കായി വിദ്യാഭ്യാസ ധനസഹായ പദ്ധതികൾ, വിവാഹ ധനസഹായ പദ്ധതി, ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയം തൊഴിൽ പദ്ധതികൾ എന്നിവയും ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, തൊഴിൽ നൈപുണ്യം, പരിശീലനം, പുനരധിവാസം, ചികിത്സ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുകയും തൊഴിൽ പരിശീലനം നൽകുകയും ചെയ്യുന്ന NGO സ്ഥാപനങ്ങൾക്കും വകുപ്പുമുഖേന ഗ്രാന്റും അനുവദിച്ചുവരുന്നു.

RPwD Act 2016-ലെ സെക്ഷൻ 40 പ്രകാരം പൊതുയിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ പദ്ധതി. 2015-16 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ രണ്ടായിരത്തിലധികം പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

ഭിന്നശേഷി അവകാശ നിയമം 2016 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം അനുവദിക്കുകയും ഇതിനനുയോജ്യമായ 1263-ൽ അധികം തസ്തികകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 01-10-2023-ലെ സ. ഉ. (അച്ചടി) നം. 5/2023/സാനീവ, 28-02-2024-ലെ സ. ഉ. (അച്ചടി) നം. 6/2024/സാനീവ എന്നീ ഉത്തരവുകൾ പ്രകാരം Rights of Persons with Disabilities Act, 2016-ലെ സെക്ഷൻ 2(k) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ എന്നതിന്റെ നിർവചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും സമാന

തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കമ്പനി, കോർപ്പറേഷൻ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ഇതുകൂടാതെയുള്ള തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരുന്നു.

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേനയും പൊതുവിദ്യാഭ്യാസ വകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവ മുഖേനയും ഭിന്നശേഷി സൗഹൃദനയത്തിന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്ത് ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളുടെയും സർക്കാർ സംവിധാനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമ നം.	ജില്ല	സ്ഥാപനങ്ങളുടെ എണ്ണം, പേര്
1	തിരുവനന്തപുരം	3 (HPH (സ്ത്രീകൾ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ)
2	കൊല്ലം	1 പ്രിയാഹോം (സ്ത്രീകൾ)
3	ആലപ്പുഴ	1 CHDC
4	എറണാകുളം	2 HPH (Women), ആശാഭവൻ (പുരുഷൻമാർ)
5	തൃശ്ശൂർ	2 ആശാഭവൻ (സ്ത്രീകൾ), പ്രത്യാശാ ഭവൻ
6	മലപ്പുറം	1 പ്രതീക്ഷാഭവൻ
7	കോഴിക്കോട്	4 HPH (പുരുഷൻമാർ), ആശാഭവൻ (സ്ത്രീകൾ) ആശാഭവൻ (പുരുഷൻമാർ), പുണ്യഭവൻ

ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിനുകീഴിൽ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വീതം പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ രജിസ്ട്രേഷനുള്ള ഭിന്നശേഷിക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	RPwD രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ
1	തിരുവനന്തപുരം	53
2	കൊല്ലം	45
3	പത്തനംതിട്ട	34
4	ആലപ്പുഴ	26

5	കോട്ടയം	73
6	ഇടുക്കി	33
7	എറണാകുളം	92
8	തൃശ്ശൂർ	63
9	പാലക്കാട്	45
10	മലപ്പുറം	52
11	കോഴിക്കോട്	43
12	വയനാട്	15
13	കണ്ണൂർ	48
14	കാസർഗോഡ്	25

ഭിന്നശേഷിക്കാരുടെ സംരക്ഷണം

199(1776) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഭിന്നശേഷിക്കാർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; അവരുടെ സംരക്ഷണത്തിനായി സർക്കാർ സർവീസിനുപുറമെ മറ്റ് എസ്റ്റാബ്ലിഷ്മെന്റുകളെയും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, നിഷ്,

നിപ്മർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനായി സർക്കാർ സംവിധാനങ്ങൾക്കുപുറമെ ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുന്ന 647 NGO സ്ഥാപനങ്ങൾക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. സർക്കാർ സർവീസിലേയ്ക്കുള്ള നിയമനങ്ങൾക്കുപുറമെ സർക്കാർ സ്ഥാപനങ്ങൾ എന്ന നിർവചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരം സംവരണം ബാധകമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സർക്കാർ ജോലികളിൽ 4% ഭിന്നശേഷി സംവരണം അനുവദിക്കുന്നതിലേയ്ക്കായി നിലവിൽ 1263 തസ്തികകൾ കണ്ടെത്തിയിട്ടുണ്ട്. 01-10-2023-ലെ സ. ഉ. (അച്ചടി) നം. 5/2023/സാ.നീ.വ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം എക്സ്പെർട്ട് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെച്ചേർക്കുന്ന വിഭാഗങ്ങളിലുൾപ്പെട്ടുവരുന്ന സ്ഥാപനങ്ങളിലെ സമാന സ്വഭാവമുള്ള തസ്തികകൾക്കും അതേ Functionality-യുടെ അടിസ്ഥാനത്തിൽ 4% ഭിന്നശേഷി സംവരണം അനുവദിക്കുന്നു.

a) Public Sector undertakings

b) Corporations

c) Autonomous Bodies

d) Universities

e) Boards

f) Statutory Bodies and Appellate Authorities

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ സമാന തസ്തികകളുൾപ്പെടെ RPwD Act, 2016-ലെ സെക്ഷൻ 2(k) പ്രകാരം സർക്കാർ സ്ഥാപനങ്ങൾ എന്നതിന്റെ നിർവചനത്തിലുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലെയും സമാന തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണമേർപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഓട്ടിസം ബാധിച്ചവർക്കുള്ള ആനുകൂല്യം

200(1777) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഓട്ടിസം ബാധിച്ചവർ എത്രപേരുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

2015-ലെ ഭിന്നശേഷിക്കാരുടെ സെൻസസ് പ്രകാരം എറണാകുളം ജില്ലയിൽ 389 ഓട്ടിസം ബാധിതരുണ്ട്.

(ബി) ഇവർക്കായി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ നിബന്ധനകൾപ്രകാരം ഓട്ടിസം ബാധിതരായ വ്യക്തികൾക്ക് ലീഗൽ ഗാർഡിൻഷിപ്പ് അനുവദിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ്, ലോക്കൽ ലെവൽ കമ്മിറ്റികൾ, ജില്ലാ കളക്ടർ എന്നിവർ മുഖേന ആവശ്യമായ

നടപടികൾ സ്വീകരിച്ചുവരുന്നു. ലീഗൽ ഗാർഡിൻഷിപ്പ് ലഭിക്കുന്നതിന് ഫീസ് നൽകേണ്ടതില്ല.

സാമൂഹ്യനീതി വകുപ്പുമുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. മേൽപ്പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.

കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം ബാധിതർക്കായി സ്പെക്ട്രം എന്ന പേരിലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിങ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത്

പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓട്ടിസം സെന്ററുകൾ

ഓട്ടിസം ബാധിതർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിങ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിങ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷ്യൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ

കോളേജുകളിലെ പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷ്യൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500-2600 കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകിവരുന്നു. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നുംതന്നെ നിലവിലില്ല (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്).

2. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ

ആധുനികവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട് ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ

കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു. 2021-22 വർഷത്തിൽ ആ കേന്ദ്രത്തിന്റെ ഭാഗമായി ഒരു ചൈൽഡ് ഡെവലപ്മെന്റ് ആൻഡ് റിസർച്ച് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളൊന്നുംതന്നെ നിലവിലില്ല. (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്).

3. രക്ഷിതാക്കൾക്കുള്ള പരിശീലനം

ഓട്ടിസമുൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽത്തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിനുതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന രക്ഷകർതൃ ശാക്തീകരണ പരിപാടി 2019-2020-ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. കൂടാതെ, മാതാപിതാക്കൾക്ക് സഹായകരമാംവിധം സഹയോഗി എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ

വൈകല്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ ബുദ്ധിമുട്ടുകളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കാണ് പ്രസ്തുത പരിശീലനം ലഭ്യമാക്കുന്നത്.

4. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ – Comprehensive Resource Book on Autism Management

കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കുഞ്ഞുങ്ങളിൽ നേരത്തെ തന്നെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ കണ്ടെത്തുന്നതിന് പീഡിയാട്രിഷ്യൻസിന്റെ കാര്യക്ഷമത വർധിപ്പിക്കുക, ഓട്ടിസം മാനേജ്മെന്റ് എന്ന വിഷയത്തിൽ Comprehensive Resource Book on Autism Management എന്ന പുസ്തകം സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് തയ്യാറാക്കുകയും കേരളത്തിലെ വിവിധ വിദഗ്ധർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പുസ്തകം ഭിന്നശേഷി രംഗത്ത് ഏറ്റവും മികച്ചതും ഓട്ടിസം മാനേജ്മെന്റിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ റിസോഴ്സ് ബുക്കായും കണക്കാക്കപ്പെടുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ആനുകൂല്യങ്ങൾ ഓട്ടിസം ബാധിച്ചവർക്കും

നൽകാവുന്നതാണ്. ഓട്ടിസം ബാധിച്ച വിദ്യാർഥികൾക്ക് പ്രതിമാസം, വസ്ത്രങ്ങൾക്കുള്ള വാർഷികബത്ത, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കായുള്ള വാർഷികബത്ത, ഡേ സ്കോളർക്ക് പ്രതിമാസം യാത്രാബത്ത, ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്ക് ബത്ത എന്നീ ഇനങ്ങളിലായി ഒരു വർഷം പരമാവധി 28,500/- രൂപ വരെ സ്കോളർഷിപ്പായി തദ്ദേശ സ്ഥാപനങ്ങൾ മുഖേന അനുവദിക്കാവുന്നതാണ്. പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നവർക്കും പ്രതിമാസ ബത്ത അനുവദിക്കാവുന്നതാണ്. ഓട്ടിസം (Autism) നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്തവർക്ക് പ്രതിമാസം 1000 രൂപയും ബത്തയായി നൽകാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. തീവ്ര ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് ക്യാര്യറുള്ള

സ്കൂട്ടറുകൾ വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ടീച്ചർമാരായി നിയമിക്കാവുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ B.Ed Special Education (MR, CP Autism), D.Ed Special (MR, CP, AUTISM, HI, VI) എന്നിവയുമുൾപ്പെടുത്തിയിട്ടുണ്ട്. ബഡ്സ് സ്കൂളിനുപുറമെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്റർ എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ഓട്ടിസം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയിട്ടുള്ള വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക

പരിശോധന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കുന്നുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള ധനസഹായത്തിന്, സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഓട്ടിസം ബാധിച്ച വിദ്യാർഥികളും അല്ലാത്തവരും ഏത് തദ്ദേശഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഓട്ടിസം ബാധിച്ചവർ എത്ര പേരുണ്ടെന്നും ഇതിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ?

നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. ഓട്ടിസം ബാധിതരായ ഏതൊരാൾക്കും മേൽ പരാമർശിച്ച കേന്ദ്രത്തിലൂടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്.

(ഡി) ഓട്ടിസം ബാധിച്ചവർക്ക് ആവശ്യമായ ചികിത്സയും ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പുമുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. മേൽപ്പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.

കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം കുട്ടികൾക്കായി സ്പെക്ട്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മേൽപ്പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിങ്, അനുയോജ്യമായ ഇടപെടൽ

പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു.

ഓട്ടിസം ബാധിച്ചവരുൾപ്പെടെ, പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യനീതി ഉറപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളതാണ്. ഓട്ടിസം ബാധിതർക്ക് ഡോക്ടറുടെ നിർദേശാനുസരണമുള്ള കൗൺസിലിങ്, മരുന്നുകൾ എന്നിവ നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി എല്ലാവർഷവും വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ബ്ലോക്കുതലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ തെറാപ്പി

സേവനങ്ങൾ, സഹായ ഉപകരണങ്ങൾ, മറ്റ് അവശ്യംവേണ്ട പിന്തുണാ സംവിധാനങ്ങൾ എന്നിവ നിശ്ചയിക്കുന്നുണ്ട്. തീവ്ര ചലനപരിമിതിമൂലം ഇത്തരം ഓട്ടിസം സെന്ററിലെത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽ തെറാപ്പി സേവനമെത്തിക്കുന്നതിനുള്ള പ്രോജക്ടുകൾ എസ്.എസ്.കെ.-യുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.

ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളെ ബഡ്സ് സ്കൂളുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽത്തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗര ഭരണ സ്ഥാപനതലത്തിൽ സ്പീച്ച് ബിഹേവിയർ ആൻഡ് ഓക്യുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന

സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ട് തവണയെങ്കിലും ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്.

ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡ്

201(1778) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര ഭിന്നശേഷിക്കാരുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം എറണാകുളം ജില്ലയിൽ 74127 ഭിന്നശേഷിക്കാരുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്രസ്തുത ജില്ലയിൽ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനായി ജില്ലയിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എറണാകുളം ജില്ലയിൽ ഇതുവരെ (4-10-2024)= www.swavlambancard.gov.in എന്ന വെബ്സൈറ്റിലൂടെ 39268 യു.ഡി.ഐ.ഡി. അപേക്ഷകൾ ലഭിച്ചു. 25787 പേർക്ക് യു.ഡി.ഐ.ഡി. കാർഡ് നൽകിക്കഴിഞ്ഞു. 6344 ഭിന്നശേഷിക്കാരുടെ യു.ഡി.ഐ.ഡി. അപേക്ഷകളിലെ അപാകത കാരണം തിരുത്തലുകൾക്കായി നൽകിയിട്ടുണ്ട്. ഇത്തരത്തിലെ അപേക്ഷകരെ കണ്ടെത്തി അപാകത പരിഹരിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. 3110 അപേക്ഷകൾ ഭിന്നശേഷി മെഡിക്കൽ ബോർഡ് നിരസിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകൾ തീർപ്പാക്കുന്നതിനായി കേരള സാമൂഹ്യസുരക്ഷ മിഷനിലൂടെ ക്യാമ്പുകൾ നടന്നുവരുന്നു. ജില്ലാ മെഡിക്കൽ ഓഫീസ് വഴി തീർപ്പാക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള

തീവ്രപ്രയത്നത്തിലാണ്. ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസുകളിൽ കെ.എസ്.എസ്.എം. മുഖേന ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

യു.ഡി.ഐ.ഡി. കാർഡിനായി ഇനിയും രജിസ്റ്റർ ചെയ്യാനുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനും രജിസ്ട്രേഷൻ ഉറപ്പിക്കുന്നതിനും തന്മുദ്ര എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ വെബ്സൈറ്റ് മുഖേന രജിസ്ട്രേഷൻ ക്യാമ്പയിൻ നടന്നുവരുന്നു. അതിലൂടെ സംസ്ഥാനത്തെ എല്ലാ ഭിന്നശേഷിക്കാരുടെ സർവെയും നടത്തുന്നു. എൻ.എസ്.എസ്. വളന്റിയർമാരുടെയും അങ്കണവാടി പ്രവർത്തകരുടെയും സഹകരണത്തോടെയാണ് രജിസ്ട്രേഷൻ പ്രവർത്തനം നടക്കുന്നത്.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാരുണ്ടെന്നും അതിൽ എത്രപേർ പ്രസ്തുത കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ വിവരം ക്രോഡീകരിച്ചിട്ടില്ല.

യു.ഡി.ഐ.ഡി. അപേക്ഷകരുടെ വിവരം www.swavlambancard.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ലഭിക്കുന്നത്.

ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

202(1779) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ വന്നതിനുശേഷം ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ഏതെല്ലാം പദ്ധതികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ സഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട കോഴ്സുകൾ

203(1780) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഏതെങ്കിലും കോഴ്സുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. സാമൂഹ്യനീതി വകുപ്പിനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (നിപ്മർ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) എന്നീ സ്ഥാപനങ്ങൾ മുഖേന ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസ ചികിത്സയുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന വിവിധ കോഴ്സുകൾ നടത്തിവരുന്നുണ്ട്.

<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (നിപ്മർ)</u>

1. ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി
2. ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (IDD)
3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിങ് (CCCG)

<u>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്)</u>

1. ബാച്ചിലർ ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പത്തോളജി (BASLP)
2. ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി (BOT)

3. എം.എസ്.സി. ഓഡിയോളജി

4. എം.എസ്.സി. സ്പീച്ച് ലാംഗ്വേജ് പത്തോളജി

5. ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിങ് ഇംപയർമെന്റ്)/ DECSE(HI)

6. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇന്റർപ്രെറ്റേഷൻ (DISLI)

7. ഡിപ്ലോമ ഇൻ ടീച്ചിങ് ഇന്ത്യൻ സൈൻ ലാംഗ്വേജ് (DTISL)

മേൽപ്പറഞ്ഞ കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഉണ്ടെങ്കിൽ ഇത്തരം കോഴ്സുകൾക്ക് ദേശീയതലത്തിലുള്ള എന്തെങ്കിലും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (നിപ്മർ) നടത്തുന്ന വിവിധ കോഴ്സുകളിൽ ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി (BOT) കോഴ്സിന് ഓൾ ഇന്ത്യ ഒക്യുപ്പേഷണൽ തെറാപ്പി അസോസിയേഷന്റെയും (AIOTA), വേൾഡ് ഫെഡറേഷൻ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പിയുടെയും (WFOT) അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമായിട്ടുണ്ട്. കൂടാതെ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കെയർ ഗിവിങ് എന്നീ കോഴ്സുകൾക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരവുമുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) നടത്തുന്ന ഡിപ്ലോമ ഇൻ ഏർലി ചൈൽഡ്ഹുഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിങ് ഇംപയർമെന്റ്), ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് ഇന്റർപ്രെറ്റേഷൻ (DISI), ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വേജ് (DTISL) എന്നീ കോഴ്സുകൾക്ക് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുണ്ട്.

നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ വൃദ്ധസദനം

204(1781) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ വൃദ്ധസദനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വൃദ്ധസദനത്തിൽ എത്ര

അന്തേവാസികളാണുള്ളതെന്നും അവിടെ എന്തെല്ലാം ഭൗതികസൗകര്യങ്ങളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ?

കൊടുവായൂർ വൃദ്ധസദനത്തിൽ 14 പുരുഷന്മാരും 11 സ്ത്രീകളും അടക്കം 25 മുതിർന്ന പൗരന്മാർ നിലവിൽ താമസിക്കുന്നുണ്ട്.

സ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങൾ

സ്ഥാപനത്തിൽ 6 സ്ഥിരജീവനക്കാരും (സൂപ്രണ്ട് പൂർണ്ണ അധികച്ചുമതലയുൾപ്പെടെ), ആയുർവേദ ഡോക്ടർ, അറ്റൻഡർ, JPHN, MTCP, ആയ ഉൾപ്പെടെ 9 താൽക്കാലിക ജീവനക്കാരും താമസക്കാരെ പരിചരിക്കുന്നതിനായി സേവനമനുഷ്ഠിച്ചുവരുന്നു. കെട്ടിടത്തിന്റെ രണ്ട് നിലകളിലായി 4 ഡോർമിറ്ററികളിൽ 25 ആളുകളെ പാർപ്പിക്കാവുന്ന സൗകര്യമാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

2013-14 സാമ്പത്തിക വർഷം കൊടുവായൂർ വൃദ്ധസദനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിൽനിന്നും 2,65,50,000/- രൂപ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനായി വാങ്ങിയ സ്ഥലം നിലം ഭൂമി ആയതിനാൽ പരിവർത്തനാനുമതി ലഭിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കി കിട്ടുന്നതിനും കാലതാമസംവരികയും നിലവിൽ ആയത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2024-25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 5,00,00,000/- (അഞ്ച് കോടി) രൂപയുടെ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ടി കെട്ടിടം നിർമ്മാണത്തിനായി വകുപ്പിൽനിന്നും അനുവദിച്ച 2,65,50,000/- രൂപയും ബാങ്കിൽനിന്നുള്ള പലിശയും ചേർത്ത് നിലവിൽ 3,64,94,071/- രൂപ നീക്കിയിരിപ്പുണ്ട്. അതിനോടൊപ്പം പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ 1,40,00,000/- (ഒരു കോടി നാല്പത്

ലക്ഷം) രൂപ സാമൂഹ്യനീതി വകുപ്പിൽനിന്നും അനുവദിച്ച് നൽകുന്നതിന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

രണ്ട് നിലകളിലായി 1579.25m² വിസ്തൃതിയിൽ 50 പേർക്ക് താമസിക്കാവുന്ന കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ നടപടി സ്വീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

പ്രസ്തുത കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് അധികമായി ആവശ്യമായ 1,40,00,000/- രൂപ അനുവദിച്ച് നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

മിശ്രവിവാഹ ധനസഹായം

205(1782) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിശ്രവിവാഹ ധനസഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്ന എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലായി യഥാക്രമം 96,78,000/-രൂപ, 6,62,000/- രൂപ, 9,75,000/- രൂപ എന്നിങ്ങനെ ആകെ 1,13,15,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 322 ഗുണഭോക്താക്കൾക്ക് 96,60,000/- രൂപയും മുനിസിപ്പാലിറ്റി തലത്തിൽ 22 ഗുണഭോക്താക്കൾക്ക് 6,60,000/- രൂപയും കോർപ്പറേഷൻ തലത്തിൽ 32 ഗുണഭോക്താക്കൾക്ക് 9,60,000/- രൂപയും ചേർത്ത് ആകെ 1,12,80,000/- രൂപ (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചുകൊണ്ട് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അനുവദിക്കുന്നത്.

(ബി) ഉണ്ടെങ്കിൽ ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; അറിയിക്കാമോ?

നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1,13,15,000/- രൂപയിൽനിന്നും 1,12,80,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടിശ്ശികത്തുക അധിക ധനാഭ്യർഥനപ്രകാരം അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹജീവനം സ്നേഹഗ്രാമം

206(1783) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൂളിയാറിൽ ആരംഭിച്ച 'സഹജീവനം സ്നേഹഗ്രാമം' എൻഡോസൾഫാൻ പുനരധിവാസകേന്ദ്രത്തിന്റെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മൂളിയാറിൽ സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച 'സഹജീവനം സ്നേഹഗ്രാമം'-

എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രത്തിന്റെ ഒന്നാംഘട്ടം പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് വളരെ അനിവാര്യവും പ്രയോജനകരവുമായ സൈക്കോ തെറാപ്പി, ഹൈഡ്രോ തെറാപ്പി എന്നിവയും അനുബന്ധ തെറാപ്പികളായ ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഡെവലപ്മെന്റൽ തെറാപ്പി എന്നിവ നൽകാനുള്ള സംവിധാനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടുള്ളത്. ഇവ നൽകാനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ഫർണിച്ചർ, തെറാപ്പി ഉപകരണങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ് ഒഴികെ അവശ്യംവേണ്ട തെറാപ്പിസ്റ്റുകളെയും മറ്റ് ജീവനക്കാരെയും നിയമിച്ച് സ്ഥാപനം പൂർണ്ണമായരീതിയിൽ പ്രവർത്തനം നടത്തിവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ?

നിലവിൽ സ്ഥാപനത്തിലെ നിയമനങ്ങൾ കരാർ വ്യവസ്ഥയിലാണ് നടത്തിയിട്ടുള്ളത്. ഭരണ നിർവഹണച്ചുമതല താൽക്കാലികമായി കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(സി) ഏതൊക്കെ പഞ്ചായത്തുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനാണ് ഈ കേന്ദ്രം ഉപയോഗിക്കുകയെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളായ എൻമകജെ, ബദിയടുക്ക, പുല്ലൂർ-പെരിയ, അജാനൂർ, കയ്യൂർ-ചീമേനി, കാറഡുക്ക, ബെള്ളൂർ, കുമ്പഡാജെ, മൂളിയാർ, കള്ളാർ, പനത്തടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമിട്ടാണ് സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഭാവിയിൽ പ്രസ്തുത ജില്ലയിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും സേവനം ഉപയുക്തമാക്കാവുന്ന അഡ്വാൻസ് തെറാപ്പി സെന്ററായി സ്ഥാപനത്തെ ഉയർത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

207(1784) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അശരണരായ മുതിർന്ന പൗരന്മാരെ അധിവസിപ്പിക്കുന്നതിന് പാലക്കാട് ജില്ലയിൽ വകുപ്പിനുകീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അശരണരായ മുതിർന്ന പൗരന്മാരെ അധിവസിപ്പിക്കുന്നതിന് പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഒരു സ്ഥാപനവും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ 35 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടക്കാഞ്ചേരിയിലെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ സെൻസറി ഗാർഡൻ നിർമ്മാണം

208(1785) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയോട് ചേർന്നുള്ള കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെ (ഡി.ഇ.ഐ.സി.) സെൻസറി ഗാർഡൻ നിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയോട് ചേർന്നുള്ള കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ (ഡി.ഇ.ഐ.സി.) സെൻസറി ഗാർഡൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 75,60,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ DEIC കെട്ടിട നിർമ്മാണത്തിനായി 300 ലക്ഷം രൂപ നൽകിയിരുന്നതിൽ നിർമ്മാണം പൂർത്തിയായതിനുശേഷം 61.38 ലക്ഷം രൂപ ബാക്കിയുണ്ടെന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി തുക ചുറ്റുമതിലും സെൻസറി

ഗാർഡനും നിർമ്മിക്കുന്നതിന് അപര്യാപ്തമായതിനാൽ ബാക്കി തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷന് (NHM) കത്ത് നൽകിയിരിക്കുകയാണ്. മറുപടി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

ആറാട്ടുപുഴയിൽ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിന്റെ പ്രവർത്തനം

209(1786) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിൽ നിലവിൽ എത്ര അന്തേവാസികളുണ്ടെന്ന് അറിയിക്കാമോ?

ആറാട്ടുപുഴ പ്രവർത്തിക്കുന്ന സാന്ത്വന തീരം വയോജന മന്ദിരത്തിൽ നിലവിൽ 12 അന്തേവാസികളെ പാർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വയോജന മന്ദിരത്തിന്റെ അറ്റകുറ്റപ്പണിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് വയോജന കേന്ദ്രത്തിന്റെ സൂപ്രണ്ട്

സമർപ്പിച്ചിട്ടുള്ളതെന്നും ഇതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന കിടപ്പുരോഗികളായ വയോജനങ്ങളുടെ സംരക്ഷണ കേന്ദ്രത്തിൽ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ നിർമ്മിതികേന്ദ്രം മുഖേന സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിനായി 3,90,000/- രൂപയുടെ എസ്റ്റിമേറ്റും ടസ് വർക്കിനായി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുമാണ് സ്ഥാപന സൂപ്രണ്ട് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത വർക്കുകളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

- സ്ഥാപനത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടത്തേണ്ടുന്ന മേൽ വർക്കുകളിൽ ടെറസ് ടസ് വർക്ക്, വാട്ടർ ടാങ്കുകൾ ഉയർത്തൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി 9,98,000/- രൂപ അനുവദിച്ചിട്ടുണ്ട്. (സാമൂഹ്യനീതി ഡയറക്ടറുടെ 07-08-2024-ലെ സാ.നി.വ./4514/2024-പിസി3 നം. ഉത്തരവ്).
- 2024 ജൂലായ് 27-ന് ചേർന്ന മാനേജ്മെന്റ് കമ്മിറ്റിയിൽ ജില്ലാ കളക്ടറുടെ നിർദേശപ്രകാരം സ്ഥാപനത്തിന്റെ സെപ്ടിക് ടാങ്ക്

നിർമ്മാണം ടി പി സി കായംകുളത്തിന്റെ സി.എസ്.ആർ. ഫണ്ടിൽനിന്നും തുക ലഭ്യമാക്കി നടത്തുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നുള്ള വിവരം ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- വയോജനങ്ങൾക്കുള്ള സംരക്ഷണ കേന്ദ്രത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി അനെർട്ടിന്റെ പഠന റിപ്പോർട്ടുപ്രകാരം ഫണ്ടനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 5,07,700/- രൂപയാണ് ആവശ്യമായുള്ളത്. അനെർട്ടിന്റെ പ്രസ്തുത സോളാർ പാനൽ സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

- ആറാട്ടുപുഴ വയോജനങ്ങളുടെ സംരക്ഷണകേന്ദ്രത്തിന്റെ പ്രാരംഭഘട്ട പ്രവർത്തനത്തിനായി 16,34,086/- രൂപ ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സാമൂഹ്യനീതി ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ നിർമ്മിതി കേന്ദ്രം മുഖാന്തരം നടത്തിയ അറ്റകുറ്റപ്പണി നടത്തിയ വകയിലുള്ള 6,76,249/- രൂപകൂടി ഉൾപ്പെടുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടേറ്റിലുള്ള ഫയലിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

- സ്ഥാപനത്തിൽ ടെറസ് ട്രസ് വർക്ക്, വാട്ടർ ടാങ്കുകൾ ഉയർത്തൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി 9,98,000/- രൂപ അനുവദിച്ചിട്ടുണ്ട്. (ഫയൽ നം. സാ.നി.വ./4514/2024-പിസി3)
- സെപ്ടിക് ടാങ്ക് നിർമ്മാണം (ഫയൽ നം.സാ.നി.വ./4514/2024-പിസി3)
- സോളാർ പാനൽ (ഫയൽ നം. സാ.നി.വ./4516/2024-പിസി3)
- സ്ഥാപനത്തിന്റെ പ്രാരംഭഘട്ട പ്രവർത്തനം (ഫയൽ നം. SJD/321/2020-G2)

കുത്തുപറമ്പ് സ്നേഹദീപം ബഡ്സ് സ്കൂൾ

210(1787)ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റായി ലഭിച്ചിരുന്ന തുകയിൽ ഗണ്യമായ കുറവ് വന്നതിനാൽ കുത്തുപറമ്പ് നഗരസഭയിൽ പ്രവർത്തിക്കുന്ന സ്നേഹദീപം ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ഏറെ പ്രയാസകരമായി മുന്നോട്ടുപോവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാന്റ് തുകയിലുള്ള ഗണ്യമായ കുറവുകാരണം നഗരസഭയ്ക്ക് അധിക സാമ്പത്തികബാധ്യത വരുന്നതിനാൽ സമീപ പഞ്ചായത്തായ കോട്ടയം ഗ്രാമപഞ്ചായത്തിലെ 11 കുട്ടികൾക്ക് പ്രസ്തുത സ്കൂളിലേയ്ക്ക് പ്രവേശനം നിഷേധിക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കുമോ?

കോട്ടയം ഗ്രാമപഞ്ചായത്തിൽനിന്നും ബഡ്സ് കുട്ടികളുടെ സ്കോളർഷിപ്പിനുവേണ്ടി മാറ്റിവച്ച തുകയിൽനിന്ന് ഒരു കുട്ടിക്ക് 1,000/- രൂപ പ്രകാരം (ഒരു മാസം) അനുവദിച്ചുതരാമെന്നുള്ള കത്തിൻപ്രകാരം കുത്തുപറമ്പ് മുനിസിപ്പാലിറ്റി, കോട്ടയം പഞ്ചായത്തിലെ കുട്ടികളെ നിലവിൽ കുത്തുപറമ്പ് ബഡ്സ് സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്.

(സി) സർക്കാർ പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങളിൽ ഇളവുവരുത്തി ഇത്തരം ബഡ്സ് സ്കൂളുകളുടെ നിലനിൽപ്പിന് സഹായകരമാവുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) മാനസിക വളർച്ചയെത്താത്ത പാവപ്പെട്ട മുഴുവൻ കുട്ടികൾക്കും ബഡ്സ് സ്കൂളിൽ പ്രവേശനം ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മോഡൽ ചൈൽഡ് റിഹാബിലേഷൻ സെന്റർ

211(1788) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ആരംഭിക്കുന്ന മോഡൽ ചൈൽഡ് റിഹാബിലിറ്റേഷൻ സെന്ററിലെ സ്റ്റാഫുകളുടെ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സ്റ്റാഫുകളുടെ നിയമനം നടത്തിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിലേയ്ക്കുള്ള തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് മട്ടന്നൂർ നഗരസഭയാണ്. നിലവിൽ പഴശ്ശി സ്മാരക ബഡ്സ് സ്കൂളിൽ ജോലി അനുഷ്ഠിക്കുന്നവരുടെ സേവനം മട്ടന്നൂർ മോഡൽ റീഹാബിലിറ്റേഷൻ സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സെന്ററിൽ ആവശ്യമായിട്ടുള്ള സ്റ്റാഫ് നിയമനത്തിന് അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ?

മട്ടന്നൂർ നഗരസഭയുടെ നിയന്ത്രണത്തിലുള്ള പഴശ്ശിരാജ മെമ്മോറിയൽ ബഡ്സ് സ്കൂൾ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററായി ഉയർത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നഗരസഭാ കൗൺസിൽ അനുമതിയോടുകൂടി മേൽവിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. മേൽകമ്മിറ്റിയുടെ 13-08-2024-ലെ തീരുമാനപ്രകാരം മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് ആദ്യ രണ്ടുവർഷക്കാലത്തേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകുകയും മേൽവിഷയത്തിൽ

തുടർനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

212(1789) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, നിഷ് എന്നിവയ്ക്ക് സമാനമായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ മറ്റ് ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ?

വനിതാ വികസന കോർപ്പറേഷൻ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച്&ഹിയറിങ് (നിഷ്) എന്നിവയ്ക്ക് സമാനമായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, ഓർഫനേജ് കൺട്രോൾ ബോർഡ്, കേരള സാമൂഹ്യ

സുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അവയിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പത്ത്, പതിനൊന്ന് ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പളപരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്; എന്നുമുതലാണ് അനുവദിച്ചത്; വിശദമാക്കാമോ?

മേൽസ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ മുഖേന നിയമിതരായവരോ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറിന്റെ കേഡർ സ്ട്രെങ്തിലുൾപ്പെട്ടവരോ ആയ ജീവനക്കാർക്ക് പത്ത്, പതിനൊന്ന് ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ദിവസ വേതന/കരാർ ജീവനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വേതനം നൽകിവരുന്നു.

(സി) ശമ്പളപരിഷ്കരണം സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പത്ത്, പതിനൊന്ന് ശമ്പള പരിഷ്കരണ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+].

(ഡി) ഈ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും പത്താം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പളപരിഷ്കരണം ഇതേവരെ അനുവദിക്കാതെയുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് അനുവദിച്ചിട്ടില്ലാത്തത്; അനുവദിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

1. സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്-വിവിധ സർക്കാർ വകുപ്പുകളിൽനിന്നും അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്. അവർക്ക് മാതൃവകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് നൽകിവരുന്നത്. ദിവസ വേതന/കരാർ ജീവനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വേതനം നൽകിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷനിൽ മുഴുവൻ ജീവനക്കാരും താൽക്കാലിക ജീവനക്കാരാണ്. ആയതിനാൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ല.

3. ഓർഫനേജ് കൺട്രോൾ ബോർഡിലെ സ്ഥിരജീവനക്കാർ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ കേഡർ സ്ട്രെങ്തിലുൾപ്പെട്ടവരാണ്. സർക്കാർ ജീവനക്കാർക്ക് ബാധകമായ ശമ്പളപരിഷ്കരണം ടി ജീവനക്കാർക്ക് നൽകിവരുന്നു.

4. കേരള സാമൂഹ്യ സുരക്ഷാ മിഷൻ & സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് എന്നീ സ്ഥാപനങ്ങളിലെ ദിവസവേതന/കരാർ ജീവനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വേതനം നൽകിവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് സ്കൂളുകൾ

213(1790) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യഘട്ടമായി എവിടെയെല്ലാമാണ് ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിൽ ആദ്യ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരം അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ പ്രവർത്തനമാരംഭിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) ഡ്രൈവിങ് പരിശീലനത്തിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; പരിശീലനം നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ പ്രവർത്തനരീതികൾ വിശദമാക്കൽ, മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവത്കരണ ക്ലാസുകൾ എന്നിവ നൽകിവരുന്നു. പരിശീലനം നൽകുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

HMV – 9,000/-

LMV – 9,000/-

LMV + മോട്ടോർ സൈക്കിൾ (വിത്ത് & വിത്തൗട്ട് ഗിയർ) - 11,000/-

മോട്ടോർ സൈക്കിൾ (വിത്ത് & വിത്തൗട്ട് ഗിയർ) - 3,500/-

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

214(1791) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-10-2020-ലെ സ. ഉ. (അച്ചടി) നം. 57/2020/ഗതാഗതം, എസ്.ആർ.ഒ.നം. 757/2020 പ്രകാരം 01-11-2020 തീയതി പ്രാബല്യത്തിൽ രൂപീകരിച്ച കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ?

കൊച്ചി നഗരത്തിന്റെ ഗതാഗത ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കുംവേണ്ടിയാണ് കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. നഗരഗതാഗതം സുഗമവും സുരക്ഷിതവുമാക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പരപൂരകമാകുംവിധം പ്രവർത്തിക്കുന്നതിനും അതോറിറ്റി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ, കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്വർക്കുമായി ചേർന്ന് വിവിധ ഗതാഗത സംവിധാനങ്ങൾ ഡിജിറ്റലായി ഏകോപിപ്പിക്കുന്നതിന് നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് (Non Motorised Transport) മേഖലയിലും കൊച്ചി

മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) 2022-2023-ലെ ബഡ്ജറ്റിൽ മൂന്നരക്കോടി രൂപ വകയിരുത്തിയിട്ടുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നത്തേയ്ക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ സാമ്പത്തിക കാരണങ്ങളാൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ അന്തർസംസ്ഥാന സർവീസുകൾ

215(1792) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. 2023-24, 2024-25 എന്നീ വർഷങ്ങളിൽ ആരംഭിച്ച അന്തർ സംസ്ഥാന സർവീസുകളുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. 2023-24, 2024-25 എന്നീ വർഷങ്ങളിൽ 37 അന്തർ സംസ്ഥാന സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. സർവീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

(ബി) ആലപ്പുഴയിൽനിന്നും പുതുതായി ആരംഭിച്ച അന്തർസംസ്ഥാന സർവീസുകൾ ഏതൊക്കെയാണെന്നും അവയുടെ സമയക്രമവും വിശദമാക്കുമോ?

ആലപ്പുഴയിൽനിന്നും രാവിലെ 06.00-ന് കമ്പം (FP), ഉച്ചയ്ക്ക് 02.30 ന് തേനി (FP) എന്നീ രണ്ട് അന്തർസംസ്ഥാന സർവീസുകളാരംഭിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആലപ്പുഴയിലെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ആലപ്പുഴയിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ മുഖേന ആലപ്പുഴ ഉൾപ്പെടെയുള്ള ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിൽനിന്നും മറ്റ് സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലേയ്ക്ക് ടൂർ പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അരൂർ മണ്ഡലത്തിൽ പുതുതായി

അനുവദിച്ച കെ.എസ്.ആർ.ടി.സി. റൂട്ടുകൾ

216(1793) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

1) 07.15 എയിംസ് (AIMS)
2) 07.40 ഹൈക്കോർട്ട് ജങ്ഷൻ
3) 08.30 കളമശ്ശേരി - അരൂക്കുറ്റി (സ്റ്റേ സർവീസ്)

(ബി) രാത്രികാലങ്ങളിൽ അത്താഴ-അത്തക്കുറ്റി-ചേർത്തല റൂട്ടിൽ സ്വകാര്യ ബസ്സുൾപ്പെടെ ബസ്സുകൾ സർവീസ് നടത്താത്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉണ്ട്. സർവീസ് മുടക്കുന്ന വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കുകയും സർവീസുകൾ കൃത്യമായി നടത്തുന്നതിനായി വാഹന ഉടമകൾക്കും ജീവനക്കാർക്കും കർശനനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, രാത്രികാലങ്ങളിൽ അത്താഴ-അത്തക്കുറ്റി-ചേർത്തല റൂട്ടിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കെ.എസ്.ആർ.ടി.സി. സർവീസുകളും നടത്തിവരുന്നു.

1) 19.30 ചേർത്തല -പൂച്ചാക്കൽ-അത്തക്കുറ്റി-അത്താഴ ക്ഷേത്രം.

2) 20.40 അത്തക്കുറ്റി- പൂച്ചാക്കൽ-ചേർത്തല.

3) 20.20 ചേർത്തല-അത്തക്കുറ്റി.

ഡ്രൈവിങ് ലൈസൻസുകളുടെ എണ്ണം

217(1794) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്രപേർക്ക് ഡ്രൈവിങ് ലൈസൻസുണ്ട്?

കേരളത്തിൽ നിലവിൽ 1,35,13,177 പേർക്ക് ഡ്രൈവിങ് ലൈസൻസുണ്ട്.

(ബി) അതിൽ ടൂവീലർ, കാർ, ഹെവി വെഹിക്കിൾ എന്നിവയുടെ ലൈസൻസുള്ളവരെ ലിംഗവ്യത്യാസത്തിൽ തരംതിരിച്ച് 2010, 2015, 2020, 2024 എന്നീ വർഷങ്ങളിലെ വിവരങ്ങൾ വ്യക്തമാക്കാമോ?

ടൂവീലർ, കാർ, ഹെവി വെഹിക്കിൾ ലൈസൻസുള്ളവരെ ലിംഗവ്യത്യാസത്തിൽ തരംതിരിച്ച റിപ്പോർട്ട് സാരഥി സൈറ്റിൽ ലഭ്യമല്ല. മേൽ കാറ്റഗറിയിൽ നൽകിയ ആകെ ലൈസൻസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

(സി) സ്ത്രീകൾ ഓടിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് താരതമ്യേന കുറവാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ എന്തെങ്കിലും കണക്ക് ലഭ്യമാണോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഗതാഗത നിയമങ്ങൾ പാലിക്കുന്നതിൽ സ്ത്രീകൾ താരതമ്യേന മുന്നിലാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓട്ടോറിക്ഷകൾക്ക് സംസ്ഥാന പെർമിറ്റ്

218(1795) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകൾക്ക് സംസ്ഥാനത്ത് എവിടെയും സർവീസ് നടത്താനുള്ള പെർമിറ്റ് നൽകാൻ സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഓട്ടോറിക്ഷകൾക്ക് സംസ്ഥാനത്തെവിടെയും സർവീസ് നടത്താനുള്ള പെർമിറ്റ് നൽകുന്നതിന് 10-07-2024-ൽ ചേർന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അജണ്ട ഐറ്റം നമ്പർ 11, 12 എന്നിവയിലെ വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊണ്ടത്.

(ബി) പ്രസ്തുത തീരുമാനമെടുക്കുന്നതിനുമുമ്പ് ഓട്ടോറിക്ഷകൾ ദീർഘയാത്രയ്ക്ക് രൂപകൽപന ചെയ്തിട്ടുള്ള വാഹനമല്ലെന്ന കാര്യം പരിഗണിച്ചിരുന്നോ?

ഓട്ടോറിക്ഷകളുടെ നൂതന സാങ്കേതികവിദ്യാധിഷ്ഠിതമായ നിർമ്മിതിയും ആധുനികവൽക്കരണവും കൂടാതെ സംഘടനകളുടെയും വ്യക്തികളുടെയും സ്റ്റേറ്റ് പെർമിറ്റിനായുള്ള ആവശ്യവും തീരുമാനമെടുക്കുന്നതിന് കാരണമായിട്ടുണ്ട്.

(സി) ഓട്ടോറിക്ഷയിലെ ദീർഘദൂര യാത്രകൾ അപകടങ്ങൾ വർധിപ്പിക്കാനിടയാക്കുമെന്ന ആശങ്ക പരിശോധിച്ചിരുന്നോ; വിശദമാക്കാമോ?

റോഡ്/ട്രാഫിക് നിയമങ്ങൾ യഥാവിധി പാലിക്കുന്നത് അപകടങ്ങൾക്കുള്ള സാധ്യത കുറയ്ക്കും. ഓട്ടോറിക്ഷകൾക്ക് സ്റ്റേറ്റ് പെർമിറ്റ് അനുവദിക്കുന്ന വേളയിൽ ആയത് ആവശ്യക്കാർക്ക് മാത്രമായി

പരിമിതപ്പെടുത്താനും നിലവിലുള്ള ജില്ലാ പെർമിറ്റ് സംവിധാനം നിലനിർത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് പരിശീലന കേന്ദ്രം

219(1796) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡ്രൈവിങ് പരിശീലന കേന്ദ്രം സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ആഭിമുഖ്യത്തിൽ ആദ്യ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരം അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ പ്രവർത്തനമാരംഭിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ

യൂണിറ്റുകളിൽ ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആദ്യഘട്ടത്തിൽ എത്രപേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്. നിലവിൽ 37 പേർ പരിശീലനത്തിലാണ്.

(സി) സ്വകാര്യ ഡ്രൈവിങ് സ്കൂളുകളെ അപേക്ഷിച്ച് എന്തെല്ലാം പ്രത്യേകതകളാണ് പ്രസ്തുത കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ്

സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ പ്രവർത്തനരീതികൾ വിശദമാക്കൽ, മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവത്ക്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവ നൽകിവരുന്നു.

(ഡി) എല്ലാ ആർ.ടി.ഒ. പരിധികളിലും ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളിലെ സ്ഥലലഭ്യത പരിശോധിച്ചാണ് പദ്ധതി നടപ്പാക്കാൻ ആലോചനയുള്ളത്.

സർക്കാർ വാഹനങ്ങളുടെ നിയമലംഘനങ്ങൾ

220(1797) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ അവരുടെ തസ്തിക വ്യക്തമാക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുമ്പോൾ കേരള സർക്കാർ/ഗവൺമെന്റ് ഓഫ് കേരള എന്ന പദവും ചേർത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് വിലക്കിയിട്ടും അത്തരം ബോർഡുകൾ വച്ച വാഹനങ്ങൾ നിരത്തുകളിൽ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്രകാരമുള്ള നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ടോയെന്നും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ്ആപ്പ് നമ്പറുകൾ നിലവിലുണ്ടോയെന്നും അറിയിക്കുമോ; വിശദാംശം നൽകാമോ?

പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാതി പരിഹാര സെല്ലിൽ (9188961100) ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ ട്രാഫിക് നിയമലംഘനങ്ങൾ പോലീസിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നതിന് കേരള പോലീസിന്റെ ശുഭയാത്രാ പദ്ധതി പ്രകാരം 9747001099 എന്ന വാട്ട്സ്ആപ്പ് നമ്പറിലേയ്ക്ക് ട്രാഫിക് നിയമലംഘനങ്ങളുടെ ഫോട്ടോ/വീഡിയോ അയച്ചുനൽകി പരാതിപ്പെടാവുന്നതാണ്.

(സി) സർക്കാർ/പോലീസ്/മോട്ടോർ വാഹന വകുപ്പിന്റേത് അടക്കമുള്ള നിരവധി സർക്കാർ വാഹനങ്ങളിൽ ഗ്ലാസ്സുകളിൽ നിയമാനുസൃതമല്ലാത്ത തരത്തിലുള്ള കളിങ് സ്റ്റിക്കറുകൾ, കർട്ടനുകൾ, അശാസ്ത്രീയമായ എൽ.ഇ.ഡി. ലൈറ്റുകൾ, ഹോണുകൾ തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനങ്ങൾക്ക് പിഴ ഈടാക്കാറുണ്ടോ; ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ്ആപ്പ് നമ്പറുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവശത്തും പിൻവശത്തുമുള്ള വിൻഡ് സ്ക്രീനുകളുടെ സുതാര്യത 70 ശതമാനത്തിലും സൈഡ് വിൻഡോ ഗ്ലാസ്സുകളുടെ സുതാര്യത 50 ശതമാനത്തിലും കുറയാത്ത രീതിയിൽ സേഫ്റ്റി ഗ്ലേസിങ്

മെറ്റീരിയൽ ഫിലിം ഒട്ടിക്കാമെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അശാസ്ത്രീയമായ എൽ.ഇ.ഡി. ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ പരാതിപരിഹാര സെല്ലിന്റെ മൊബൈൽ നമ്പറിലേയ്ക്കും ആർ.ടി.ഒ./എൻഫോഴ്സ്മെന്റ് ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. എന്നിവർക്ക് ലഭ്യമാക്കിയിരിക്കുന്ന മൊബൈൽ നമ്പറുകളിലേയ്ക്കും വാട്ട്സ്ആപ്പ് സന്ദേശങ്ങൾ അയയ്ക്കാവുന്നതാണ്. കൂടാതെ ട്രാഫിക് നിയമലംഘനങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കേരള പോലീസിന്റെ ശുഭയാത്രാ പദ്ധതി പ്രകാരം 9747001099 എന്ന വാട്ട്സ്ആപ്പ് നമ്പറിലേയ്ക്ക് ട്രാഫിക് നിയമലംഘനങ്ങളുടെ ഫോട്ടോ/വീഡിയോ അയച്ചുനൽകി പരാതിപ്പെടാവുന്നതാണ്.

(ഡി) പോലീസ്/മോട്ടോർ വാഹന വകുപ്പ് അടക്കമുള്ള മുഴുവൻ സർക്കാർ വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷ്വറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് മുതലായ സ്വകാര്യവാഹനങ്ങൾക്ക് ബാധകമായ മുഴുവൻ

രേഖകളുമുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സർക്കാർ വാഹനങ്ങൾക്ക് ഫിറ്റ്നസ്, ഇൻഷ്വറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് തുടങ്ങിയ നിയമാനുസൃതമായ രേഖകളുണ്ടെന്ന് അതത് വകുപ്പുതലവന്മാർ ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമായ രേഖകളില്ലാത്ത സർക്കാർ വാഹനങ്ങളുടെ വിവരം ഗതാഗത വകുപ്പിൽ സമാഹരിച്ച് സൂക്ഷിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവം

221(1798) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണകക്ഷി എം.എൽ.എ.-യും തിരുവനന്തപുരം മേയറും ഉൾപ്പെടെയുള്ളവർ കെ.എസ്.ആർ.ടി.സി. വാഹനം തടഞ്ഞ സംഭവത്തിൽ അന്വേഷണം പൂർത്തിയാക്കിയോ; വിശദാംശം വ്യക്തമാക്കുമോ?

പരാമർശ വിഷയം സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. ടി സംഭവത്തിന്റെ പ്രധാന

തെളിവായ ദൃശ്യങ്ങൾ അടങ്ങിയ മെമ്മറികാർഡ് നഷ്ടപ്പെട്ടതിനാൽ അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രധാന തെളിവായ മെമ്മറികാർഡ് നഷ്ടപ്പെട്ടതുതായി ബന്ധപ്പെട്ട് 01-05-2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No. 416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പോലീസ്, ഫോറൻസിക് വിഭാഗങ്ങളുടെ അന്വേഷണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചാൽമാത്രമെ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ഇല്ലാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങൾ

222(1799) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വേണ്ടത്ര സുരക്ഷാ മുന്നറിയിപ്പ് അടയാളങ്ങൾ ഇല്ലാത്തതിനാൽ അപകടങ്ങൾ വർധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

റോഡപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ തുടർന്നും അപകടങ്ങൾ ഒഴിവാക്കുന്നതിനായി പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്ത സ്ഥലപരിശോധന നടത്തി റോഡിലെ അപകട കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് സുരക്ഷാ അടയാളങ്ങളുൾപ്പെടെ ആവശ്യമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്നരീതിയിൽ വർക്ക് സൈറ്റുകളിലെ റോഡ് സുരക്ഷയൊരുക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിക്ക് റോഡ് സുരക്ഷാ കമ്മീഷണർ കത്ത് മുഖാന്തരം നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഘട്ടം-4 പ്രകാരമുള്ള റോഡ് സുരക്ഷാ ഓഡിറ്റുകൾ നടത്തി ഓഡിറ്റ് പ്രകാരം നിർദേശിക്കുന്നവർക്ക് സൈറ്റുകളിലെ

മുൻകരുതലുകൾ ഒരുക്കി ആ പ്രദേശങ്ങളിലുണ്ടാകാൻ സാധ്യതയുള്ള റോഡ് അപകടങ്ങൾ തടയുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് അംഗീകരിച്ച സുരക്ഷാ മാനദണ്ഡങ്ങൾ റോഡുകളിലെ നിർമ്മാണ സ്ഥലങ്ങളിൽ പാലിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 210D പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നിർമ്മാണ സ്ഥലങ്ങളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തണമെന്ന ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിർദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോയെന്നും റോഡുകളിലെ സുരക്ഷാ മുൻകരുതലുകൾ ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

നിർമ്മാണ സ്ഥലങ്ങളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തണമെന്ന ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിർദേശം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകളിലെ സുരക്ഷാ മുൻകരുതൽ ഉറപ്പാക്കുന്നതിനുള്ള ഇനങ്ങൾ/സുരക്ഷ മുന്നറിയിപ്പ് ബോർഡുകൾ റോഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നുണ്ട്. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ മുൻകരുതലിനായി സ്ഥാപിക്കാറുണ്ട്. വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, ഓവർടേക്ക് ചെയ്യാതിരിക്കൽ, ഷെവറോൺ എന്നീ സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. അമിതവേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ലിപ്പുകൾ റോഡിനുകുറുകെ സ്ഥാപിക്കാൻ പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിങ്ങുകളും സ്റ്റഡുകളും സ്ഥാപിക്കാറുണ്ട്. ഓവർടേക്കിങ് അനുവദനീയമല്ലെന്നറിയിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്.

അപകടം പതിവായ സ്ഥലങ്ങളിൽ ബ്ലാക്ക് സ്പോട്ട് റെക്റ്റിഫിക്കേഷൻ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

223(1800) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(ബി) 2023-24 വർഷത്തിൽ എത്ര വാഹന അപകടങ്ങളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിൽ എത്രപേരാണ് മരണപ്പെട്ടതെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

State Crime Records Bureau (SCRB)-യിൽനിന്നും ലഭ്യമായ കണക്കുകൾപ്രകാരം 2023 ജനുവരി മുതൽ 2024 ആഗസ്റ്റ് വരെ സംസ്ഥാനത്ത് 80465 റോഡപകടങ്ങളും 6534 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം

224(1801) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ട് എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(ബി) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽനിന്ന് ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

റോഡ് സുരക്ഷാ ഫണ്ട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി ജില്ലകൾക്കാണ് അനുവദിക്കുന്നത് എന്നതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിനിയോഗിച്ച തുകയുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയ്ക്കുമാത്രമായി രണ്ട് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി (സംസ്ഥാന പോലീസ് മേധാവി മുഖാന്തരം)- 49,06,354/- രൂപയും ആലപ്പുഴ ജില്ലയിലെ കല്ലിശ്ശേരി പ്രാവിൻകൂടിൽ സോളാർ ബ്ലിങ്കറുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 1,05,000/- രൂപയും (ആലപ്പുഴ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖാന്തരം) അനുവദിച്ചിട്ടുണ്ട്. കൂടാതെ Black spot rectification-നുമായി ബന്ധപ്പെട്ട് മറ്റ് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോടൊപ്പം

2023-24 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയ്ക്കും അഞ്ചുലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ

225(1802) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടാങ്കർ ലോറികൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ വർധിച്ചുവരുന്നത് കണക്കിലെടുത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സ്ഥിരമായി ടാങ്കർ ലോറികൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ഫിറ്റ്നസ് പരിശോധനയ്ക്ക് ഹാജരാക്കുമ്പോഴും റോഡുകളിൽ വാഹന പരിശോധന നടത്തുമ്പോഴും Speed governor, VLTD, Fire Extinguisher എന്നിവ പ്രവർത്തനക്ഷമമാണോയെന്നും ഡ്രൈവർക്ക് hazardous വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ്/വാഹനത്തിൽ attendant/മറ്റ് സുരക്ഷാ ഘടകങ്ങൾ എന്നിവയുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

മാനദണ്ഡങ്ങൾ പാലിക്കാത്ത വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

കൂടാതെ, വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള Fire Extinguisher സമയബന്ധിതമായി പുതുക്കിയിട്ടുണ്ടോയെന്നതും വിശദമായി പരിശോധിക്കാറുണ്ട്. ഫിറ്റ്നസ് പരിശോധനയ്ക്ക് ഹാജരാക്കുന്ന ഹെവി വാഹനങ്ങളിൽ സ്പീഡ് ഗവർണർ ഇല്ലെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ ഫിറ്റ്നസ് നിരസിക്കുകയും ആയത് ഘടിപ്പിച്ചശേഷം മാത്രം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുമാണ് ചെയ്യുന്നത്. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത വാഹനങ്ങളിൽ ഇ-ചലാൻ, ഫിറ്റ്നസ് റദ്ദാക്കൽ, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഗുരുതര നിയമലംഘനങ്ങളിൽ ഡ്രൈവർമാരുടെ ലൈസൻസിന്മേൽ നടപടികൾ കൈക്കൊള്ളുകയും അപകടങ്ങൾ കുറയ്ക്കുന്നതിനായി Hazardous വാഹനങ്ങളുടെ ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്യാറുണ്ട്. ഡ്രൈവിങ് ലൈസൻസ് പുതുക്കുന്നവേളയിൽ ഹസാർഡസ് ട്രെയിനിങ് സർട്ടിഫിക്കറ്റ് സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. LPG Bottling Plant-കളിലെ

ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ Road Safety ക്ലാസുകൾ നൽകിവരുന്നു. റൂട്ടിൽ ഇത്യാദി വാഹനങ്ങൾക്ക് മുൻഗണന നൽകി സുരക്ഷ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും രാത്രികാലങ്ങളിൽ ഡ്രൈവർമാർക്ക് ബ്രീത്ത് അനലൈസർ ടെസ്റ്റ് നടത്താറുമുണ്ട്.

റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സ്

226(1803) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സേവനം ലക്ഷ്യമിടുന്ന റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സിന്റെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സംവിധാനം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് റൂട്ട് ഫോർമുലേഷൻ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയോജക മണ്ഡലാടിസ്ഥനത്തിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും

പങ്കാളിത്തത്തോടെ ജനകീയ സദസ്സുകൾ സംഘടിപ്പിക്കുകയും ഇത്തരം ജനകീയ സദസ്സുകളിൽനിന്നും ഉരുത്തിരഞ്ഞുവരുന്ന ആശയങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പൊതുഗതാഗതം അനിവാര്യമായ റൂട്ടുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുകയും ടി റൂട്ടുകളിൽ സ്റ്റേജ് കാര്യേജ് ബസ്സുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ ജനകീയ സദസ്സ് സംഘടിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. ആയതുപ്രകാരം വിവിധ ജില്ലകളിൽ നടത്തിയ 115 ജനകീയ സദസ്സ് പരിപാടികളിൽ നിന്നായി 2204 റൂട്ട് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ജനകീയ സദസ്സിലൂടെ ലഭിച്ച അപേക്ഷകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു[+]. 16 നിയോജകമണ്ഡലങ്ങളിൽ ജനകീയ സദസ്സ് നടത്തിയിട്ടില്ല. ടി മണ്ഡലങ്ങളിൽ ജനകീയ സദസ്സ് നടത്തുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായും മറ്റ് ബന്ധപ്പെട്ട ആളുകളുമായും ചർച്ച നടന്നുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി മണ്ഡലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു[+]. ജനകീയ സദസ്സ് മുഖേന ലഭിച്ച പ്രൊപ്പോസലുകൾ വിശദമായി പഠിച്ച് നിശ്ചിത മാതൃകയിൽ ROUTE ENQUIRY REPORT FOR A FRESH STAGE CARRIAGE തയ്യാറാക്കി സമർപ്പിക്കുന്നതിന് എല്ലാ ആർ.ടി.ഒ.-മാർക്കും ജോയിന്റ് ആർ.ടി.ഒ.-മാർക്കും നിർദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം റൂട്ട് എൻക്വയറി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

(ബി) 16-08-2024-ന് പാലക്കാരിൽവച്ച് നടന്ന കുത്തുപറമ്പ് നിയോജകമണ്ഡലം ജനകീയ സദസ്സിൽ ലഭിച്ച നിർദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ?

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഗ്രാമീണ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ബസ്സ് സർവീസ് നടത്തുന്നതിനുവേണ്ടി 48 പുതിയ റൂട്ടുകൾ രൂപീകരിക്കുന്നതിനുവേണ്ടി നിർദേശങ്ങൾ ലഭിച്ചിട്ടുണ്ട്. റൂട്ട് ഫോർമേഷനുവേണ്ടിയുള്ള അന്വേഷണവും റിപ്പോർട്ട് തയ്യാറാക്കലും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ജനകീയ സദസ്സിൽ നിരവധി പ്രധാനപ്പെട്ട ബസ്സ് റൂട്ട് നിർദേശങ്ങൾ ലഭിച്ചതും സ്വകാര്യ ബസ്സുകൾ സർവീസ് നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനകീയ സദസ്സ് മുഖേന സംസ്ഥാനത്തെ 115 നിയോജകമണ്ഡലങ്ങളിൽനിന്നായി 2204-ഓളം റൂട്ട് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. മേൽറൂട്ടുകളിൽ സർവീസ് നടത്തുന്നതിന് ജനകീയ സദസ്സുകളിൽവച്ച് സ്വകാര്യ ബസ്സുടമകൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. സാധ്യമായ റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്കും മറ്റിടങ്ങളിൽ സ്വകാര്യബസ്സുകൾക്കും പെർമിറ്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത ജനകീയ സദസ്സുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിനിധിയായി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ പങ്കെടുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുവാഹനങ്ങളെ ആശ്രയിക്കുന്നവർ ജനകീയ സദസ്സിനെ ഏറെ പ്രതീക്ഷയോടെ പരിഗണിക്കുകയും ഗ്രാമീണ റൂട്ടുകളിലടക്കം സ്വകാര്യ ബസ്സുകൾ സർവീസ് നടത്താൻ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ വേഗത്തിലാക്കി ഗ്രാമീണ റൂട്ടുകളിൽ ബസ്സ് സർവീസുകൾ യാഥാർഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ നാളിതുവരെയും പൊതുഗതാഗതം ആരംഭിച്ചിട്ടില്ലാത്ത റോഡുകൾക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഘടകങ്ങൾ പരിശോധിക്കുന്നതാണ്.

1. റോഡിന്റെ നിലവാരവും അടിസ്ഥാന സൗകര്യങ്ങളും.
2. നിലവിൽ ടി റൂട്ടിലെ വാഹനലഭ്യത.
3. വാഹന സർവീസ് ആവശ്യംവരുന്ന സമയം.
4. മറ്റ് പ്രധാന റൂട്ടുകളുമായുള്ള സംയോജനം.
5. പ്രവർത്തന കാര്യക്ഷമത.
6. സാമ്പത്തിക സ്ഥിരത.
7. യാത്രാസൗകര്യം തടസ്സമില്ലാതെ ലഭ്യമാക്കുന്നെന്ന് ഉറപ്പുവരുത്തൽ.

ഓരോ റൂട്ടുകളും ഓരോ കേസ് സ്റ്റഡികളായി പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. നിലവിലെ നിയമപ്രകാരം പെർമിറ്റ് അനുവദിക്കുവാൻ കഴിയുമോയെന്നതും പെർമിറ്റ് അനുവദിക്കാൻ തടസ്സമായ റൂൾ/സ്കീമുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിലുൾപ്പെടുത്തി സമർപ്പിക്കുന്നതാണ്. ഈ റിപ്പോർട്ട് പരിശോധിച്ച് അതത് ആർ.ടി.എ.-യുടെ അനുമതിയോടെ അനുവദിച്ചുനൽകുന്നതാണ്.

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ

227(1804) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീമതി ഉമ തോമസ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ കേരള ബാങ്കിലേയ്ക്ക് മാറ്റുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പ കേരള ബാങ്കിലേയ്ക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. കെ.ടി.ഡി.എഫ്.സി.-യിലെ നിക്ഷേപകരുടെ കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ കൺസോർഷ്യം ലോണിൽനിന്നും പിൻമാറുന്നതിന് കെ.റ്റി.ഡി.എഫ്.സി.-യുടെ ബോർഡ് തീരുമാനിച്ച് വിവരം കെ.എസ്.ആർ.ടി.സി.-യെയും കൺസോർഷ്യം ലോണിലെ ലീഡ് ബാങ്കായ എസ്.ബി.ഐ.-യെയും അറിയിക്കുകയുണ്ടായി. കെ.ടി.ഡി.എഫ്.സി.-യുടെ കൺസോർഷ്യം ലോണിലെ വിഹിതം ഏറ്റെടുക്കുന്നതിനായി കേരള ബാങ്കിന് കെ.ടി.ഡി.എഫ്.സി. കത്ത് നൽകുകയും ചെയ്തു.

(ബി) എസ്.ബി.ഐ. കൺസോർഷ്യം വായ്പയിൽ പങ്കാളിയായ കെ.ടി.ഡി.എഫ്.സി.-യെ ഒഴിവാക്കി കേരള ബാങ്കിനെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഇതുമൂലം അധിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കുമോ?

കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് കാലാവധി 20 വർഷമാണ് (2039 ജനുവരി മാസം വരെ). കേരള ബാങ്ക് വായ്പയുടെ പരമാവധി തിരിച്ചടവ് കാലയളവ് 10 വർഷമാണ്. ടി തിരിച്ചടവ് കാലയളവ് 15 വർഷമായി ദീർഘിപ്പിക്കുന്നതിനായി കേരള ബാങ്ക് സഹകരണ വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. അതിന്മേൽ സർക്കാർ അനുമതി ലഭിക്കുന്നമുറയ്ക്ക് കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായി, കെ.ടി.ഡി.എഫ്.സി.-യുടെ വായ്പ പൂർണ്ണമായി ഏറ്റെടുക്കാമെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്. നിലവിൽ കെ.ടി.ഡി.എഫ്.സി. 11.32% പലിശ നിരക്കാണ് കൺസോർഷ്യം വായ്പയ്ക്ക് ഈടാക്കിവരുന്നത്. കേരള ബാങ്ക് കെ.ടി.ഡി.എഫ്.സി.-യുടെ വായ്പ ഏറ്റെടുക്കുന്നതുവഴി ടി പലിശ നിരക്ക് 10.10 ശതമാനമായി കുറയുന്നതാണ്. തദ്വാരാ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ തിരിച്ചടവിനത്തിലെ ചെലവ് കുറയ്ക്കാൻ കഴിയുന്നതാണ്.

(സി) കെ.ടി.ഡി.എഫ്.സി.-യുടെ പേരിലുള്ള ഭൂപണയരേഖകൾ കേരള ബാങ്കിലേയ്ക്ക് മാറ്റുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരള ബാങ്കിന് പത്ത് വർഷത്തിൽ കൂടിയ

കാലയളവിലുള്ള വായ്പകൾ നൽകുവാൻ സാധിക്കാത്തത് ഏത് രീതിയിൽ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്കിൽനിന്നും കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായി വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വസ്തുവകകൾ ഈടായി നൽകുന്നതിനായുള്ള കരാർ (നിലവിൽ കൺസോർഷ്യം ബാങ്കുകൾക്ക് ഈടായി നൽകിയ വസ്തുവകകൾ തന്നെ) രജിസ്റ്റർ ചെയ്യുന്നതിനായുള്ള രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.-യിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ പരിശോധനയിലാണ്.

കേരള ബാങ്ക് വായ്പയുടെ പരമാവധി തിരിച്ചടവ് കാലയളവ് 10 വർഷമാണ്. ടി തിരിച്ചടവ് കാലയളവ് 15 വർഷമായി ദീർഘിപ്പിക്കുന്നതിനായി കേരള ബാങ്ക് സർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്.

ഉൾനാടൻ ഗ്രാമങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

228(1805) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ ഉൾനാടൻ ഗ്രാമങ്ങളിലേയ്ക്ക് ബസ് സർവീസ് ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രത്യേകമായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉൾനാടൻ ഗ്രാമങ്ങളിലെ ഗതാഗത സൗകര്യത്തിന് കെ.എസ്.ആർ.ടി.സി.-യും കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 16 യൂണിറ്റുകളിൽനിന്ന് 20 ഗ്രാമവണ്ടി സർവീസുകൾ നടത്തിവരുന്നു.

(ബി) നേരത്തെ ഉൾനാടൻ ഗ്രാമങ്ങളിലേയ്ക്ക് സർവീസ് നടത്തിയിരുന്നതും കോവിഡ് മഹാമാരിക്കുശേഷം നിർത്തിവച്ചതുമായ സർവീസുകൾ പുനരാരംഭിക്കുന്നതിന് മുൻഗണന നൽകുമോ?

കോവിഡ് കാലത്ത് ഉൾനാടൻ ഗ്രാമങ്ങളിലേയ്ക്ക് നടത്തിയിരുന്ന സർവീസുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ച് നടത്തിവരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര-കുറ്റ്യാടി വഴി തൊട്ടിൽപാലം ഡിപ്പോയിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ; ഈ മേഖലയിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര-കുറ്റ്യാടിവഴി തൊട്ടിൽപാലം ഡിപ്പോയിലേയ്ക്ക് 58 ട്രിപ്പുകളാണ് നിലവിൽ നടത്തിവരുന്നത്. ഈ മേഖലയിൽ കാര്യക്ഷമമായി സർവീസ് നടത്തിവരുന്നുണ്ട്. യാത്രാക്ലേശം സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല.

(ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രാത്രികാലങ്ങളിലുൾപ്പെടെ എത്തിച്ചേരുന്ന ഗ്രാമീണ യാത്രക്കാർക്ക് ആശ്വാസമാകുന്നവിധം കൂടുതൽ സർവീസുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സർവീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

അൺ എയ്ഡഡ് സ്കൂൾ വിദ്യാർഥികൾക്ക്

കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ

229(1806) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വിദ്യാർഥികൾക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർഥികൾക്ക് നൽകുന്ന അതേ നിരക്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിക്കുന്ന അതേ നിരക്കിലാണ് അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന

ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്കും യാത്രാ കൺസഷൻ അനുവദിച്ചുവരുന്നത്.

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

230(1807) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഡോർമെറ്ററി, റെസ്റ്റോറന്റ്, ടേക് എ ബ്രേക്ക് പദ്ധതി, ടോയ്ലെറ്റ് ബ്ലോക്ക് എന്നിവ ഉൾക്കൊള്ളുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്ന നിർദേശത്തിന്മേൽ തുടർനടപടി സ്വീകരിച്ച് പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഡോർമെറ്ററി, റെസ്റ്റോറന്റ്, ടേക് എ ബ്രേക്ക്, ടോയ്ലെറ്റ് ബ്ലോക്ക് എന്നീ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടികൾ

231 (1808) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ ഒരു ദിവസം എത്ര കോടി രൂപ വരുമാനം ഉണ്ടാകണമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദമാക്കുമോ?

പ്രതിദിന വരുമാനം 12.33 കോടി രൂപയ്ക്ക് മുകളിലെത്തിയാൽ ലാഭത്തിലെത്തിച്ചേരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനായി ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ?

ഓരോ യൂണിറ്റുകളുടെയും വരുമാന സാധ്യത, പ്രാദേശിക പ്രത്യേകതകൾ, ഓപ്പറേറ്റിങ് ചെലവ്, പ്രവർത്തനച്ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) നിശ്ചയിച്ച ടാർജറ്റ് അനുസരിച്ചുള്ള തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡ് അനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാന ലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിങ് ചെലവിനുമുകളിൽ വരുമാനമെത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർപാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് സ്റ്റുഡന്റ്സ് കൺസഷൻ, മറ്റ് യാത്രാസൗകര്യമില്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ

നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ നിലനിർത്തിക്കൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാനഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനംകൂട്ടി

ജനോപകാരപ്രദമായി മാറ്റിവരികയുമാണ്. പരമാവധി ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും നടത്തി കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ്, ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ്സ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ

ഡെലിവറി & പിക്കപ്പ് തുടങ്ങുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് ബസുകളിൽ Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും ടി സംവിധാനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള

കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ല്യൂബ്ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും രണ്ടാംഘട്ടത്തിൽ 6 യാത്രാ ഫ്യൂവൽ റീട്ടയിൽ ഔട്ട്ലെറ്റുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യുവൽ ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് 16

മണിക്കൂർകൊണ്ട് സാധനങ്ങളെത്തിക്കുവാൻ സാധിക്കും. നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസടയ്ക്കുന്നതിനായി മോട്ടോഹ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.-ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കിയത്.

ടി സ്ഥാപനം ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും. തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കുകയും ചെയ്യും.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

2021 നവംബർ 1 മുതൽ 2024 സെപ്റ്റംബർ 30 വരെയുള്ള ആകെ വരുമാനം 47.57 കോടി രൂപയാണ്.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

'കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ' എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

'കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 05/2024 മുതൽ ആരംഭിച്ചു. സമാനരീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കും സർവീസുകൾക്കും നിശ്ചിത വരുമാനം ഉണ്ടാകണമെന്ന നിർദേശം

232(1809) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കും സർവീസുകൾക്കും നിശ്ചിത വരുമാനം ഉണ്ടാകണമെന്ന നിർദേശം നൽകിയിട്ടുണ്ടോ?

നിർദേശം നൽകിയിട്ടുണ്ട്.

(ബി) നഷ്ടത്തിലുള്ള യൂണിറ്റുകൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിലുള്ള യൂണിറ്റുകൾ ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാന ലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിങ് ചെലവിനുമുകളിൽ വരുമാനമെത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർപാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡന്റ്സ് കൺസഷൻ, മറ്റ് യാത്രാസൗകര്യമില്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ

നിർത്തിക്കൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാന ഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ നൽകി ക്രമീകരിക്കുവാനും സാധിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടി

ജനോപകാരപ്രദമായി മാറ്റിവരികയുമാണ്. പരമാവധി ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും നടത്തി കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു. നഷ്ടത്തിലുള്ള യൂണിറ്റുകൾ ലാഭകരമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ മുഖാന്തരം കൂടുതൽ ടൂറിസം ട്രിപ്പുകൾ നടത്തുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ്, ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ്സ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേയ്ക്ക് പ്രസ്തുത

പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് ബസുകളിൽ Hilly Aqua എന്ന കുപ്പി വെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും ടി സംവിധാനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിനുള്ള ല്യൂബ്ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ട് യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ്ഷോപ്പുകളും രണ്ടാംഘട്ടത്തിൽ ആറ് യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം 15-06-2023 തീയതി മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസകളിൽ ഫാസ് ടാഗിന്റെ ഫീസടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.-ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കിയത്.

ടി സ്ഥാപനം ടോൾ പ്ലാസ ഫാസ് ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ് ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും. തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള

റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുകയും അതുവഴി വരുമാന ചർച്ച തടയാൻ സാധിക്കുകയും ചെയ്യും.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

2021 നവംബർ 1 മുതൽ 2024 സെപ്റ്റംബർ 30 വരെയുള്ള ആകെ വരുമാനം 47.57 കോടി രൂപയാണ്.

ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

'കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ' എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകിവരുന്നു.

'കെ.എസ്.ആർ.ടി.സി. റിഫ്രഷ്' എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ

വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 05/2024 മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ജീവനക്കാരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉറപ്പുവരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ അംഗീകാരമുള്ള തൊഴിലാളി സംഘടനകളുമായി ടി വിഷയത്തിൽ ചർച്ച നടത്തി സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നവീകരണ പ്രവർത്തനങ്ങൾ എല്ലാംതന്നെ തൊഴിലാളികളുടെകൂടി സഹകരണത്തോടുകൂടിയാണ് ചെയ്തുവരുന്നത്. ഇതിനായി അംഗീകൃത യൂണിയനുകളിലെ പ്രതിനിധികളെ വിവിധ

കമ്മിറ്റികളിൽ ഉൾപ്പെടുത്തി, അവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലൂടെ ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാൻ കഴിയുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ പുതിയ പദ്ധതികൾ

233(1810) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) 2024-25-ലെ പദ്ധതി വിഹിതമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസുകൾ, ഇലക്ട്രിക് ബസ്സുകളുൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു.

പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി ആരംഭിച്ച യാത്രാ ഫ്യൂവൽസ് പദ്ധതിയിൽ പെരുമ്പാവൂരിൽ ഒരു ഔട്ട്‌ലെറ്റ് ഉടനെ ഉദ്ഘാടനം നടത്തുന്നതാണ്.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന് ആരംഭിച്ച പദ്ധതികളായ മൂന്നാറിലെ സ്ലീപ്പർ ഇൻ ബസ്സ്, ടൂർ പാക്കേജുകൾ, ലൂബ്രിക്കന്റുകൾ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, വാണിജ്യ സമുച്ചയങ്ങളിലെ കടകൾ വാടകയ്ക്ക് നൽകുക, സമുദ്ര ബസ് പദ്ധതി തുടങ്ങിയവ നല്ലരീതിയിൽ നടപ്പിലാക്കിവരുന്നു.

കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിങ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിങ് സംസ്കാരം രൂപപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ നൈപുണ്യം വർധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽകൂടി ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിങ് പരിശീലിക്കുന്ന വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടെയും പ്രവർത്തനരീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസുകൾ ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിങ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ സൂപ്പർ ഫാസ്റ്റ് ബസ്സുകളും പ്രീമിയം എ.സി. ബസ്സുകളും കാലപഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ എ.സി. ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, ലോ ഫ്ളോർ AC ബസ്സുകൾ എന്നിവയ്ക്കുപകരമായി സാധാരണ

ജനങ്ങൾക്കുകൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ എ.സി. ബസുകൾ ലഭ്യമാക്കി സർവീസ് നടത്താനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്കുകൂടി നൽകി ലോ ഫ്ളോർ എ.സി. ബസുകളേക്കാൾ കൂടിയതും കുറഞ്ഞ നിരക്കിലും സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസുകളേക്കാൾ കൂടിയതും ടെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസിൽ ആധുനികസൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെനിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസുകൾ എത്രയുംവേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വർക്ക്ഷോപ്പ് പ്രോഡക്ടിവിറ്റി

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും ആധുനിക ടൂൾസ് & എക്യുപ്മെന്റ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ബസ് സ്റ്റേഷനുകളുടെ നവീകരണം

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് Ladies and Family Waiting ഏരിയ കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു അധികച്ചെലവുമില്ലാതെ CSR ഫണ്ട് വിനിയോഗിച്ച് VIVO

എന്ന കമ്പനി സ്പോൺസർ ചെയ്ത് KSRTC തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനമാരംഭിച്ചു. അങ്കമാലി യൂണിറ്റിലും ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്. ഇതേ മാതൃകയിൽ പദ്ധതി കഴിയുന്നത്ര എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നത്.

ഡെസ്റ്റിനേഷൻ നമ്പറിങ്

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽ സംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ) നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസിലാക്കുവാൻ കഴിയുന്നവിധം ഡെസ്റ്റിനേഷൽ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുണീക്ക് ഷെഡ്യൂൾ നമ്പർ

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന 'യുണീക്ക് ഷെഡ്യൂൾ നമ്പർ' നൽകിുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റാ പ്രോസസിങ്, വിവരശേഖരണം എന്നിവ കൂറ്റമറ്റതാക്കുന്നതിനും കഴിയും.

ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ

വിവരങ്ങളുൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം.

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ഈ സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈനായിത്തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ഊട്ടി, മൈസൂർ, ധനുഷ്കോടി, കോടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകളാരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

'കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ' എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

'കെ.എസ്.ആർ.ടി.സി റിഫ്രഷ്' എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാനരീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടലാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി.സി.ടി.വി.

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യൂവൽസ് ഔട്ട്ലെറ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.

കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) ടി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

റെന്റൽ മാനേജ്മെന്റ് സിസ്റ്റം

കെ.എസ്.ആർ.സി.ടി-യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണമിടപാടുകളും ഓൺലൈനിലൂടെ അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനമായ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കി കഴിഞ്ഞു.

കൊറിയർ സംവിധാനം 47 യൂണിറ്റുകളിൽ നടപ്പിലാക്കി. കെ.എസ്.ആർ.ടി.സി.-യുടെ കേന്ദ്ര ഓഫീസിലും SWIFT ഓഫീസിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ.

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.-ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കിയത്.

ഓൺലൈൻ കൺസഷൻ സംവിധാനം

വിദ്യാർഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെതന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽവരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻവഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.

ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റത്തിൽ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിൽ അധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിങ് ചാർജ്ജായ 10 രൂപ മാത്രം നൽകിയാൽ മതിയാകും.

ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിൽ ഓടുന്ന ബസുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽനിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റെടുക്കുവാൻ സാധിക്കും. ടി സംവിധാനം വഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുവാനും സാധിക്കും.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും

234(1811) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുകയും 01-01-2022 മുതൽ പ്രസ്തുത പരിഷ്കാരത്തിന്റെ സാമ്പത്തിക ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ തുക കണ്ടെത്താൻ കഴിയാത്തതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേനയാണ് പെൻഷൻ വിതരണം ചെയ്യുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം പെൻഷൻ പരിഷ്കരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പെൻഷൻകാർക്ക് ഇടക്കാലാശ്വാസമായി 1500/- രൂപ നൽകിവരുന്നു.

(ബി) പെട്രോൾ, ഡീസൽ വില വർധനവ് കണക്കിലെടുത്ത് കൂടുതൽ ഇലക്ട്രിക്ക് ബസുകൾ സർവീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ലോ ഫ്ലോർ എ.സി. ബസുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ സർവീസുകൾ നടത്തുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ 165 ലോ ഫ്ലോർ എ.സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 114 ലോഫ്ലോർ എ.സി. ബസ്സുകൾ സർവീസ് നടത്തുന്നു.

(ഡി) കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവീസുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത്ര സർവീസുകളാണെന്ന് വ്യക്തമാക്കുമോ?

നടത്തുന്നുണ്ട്. കർണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുമായും ഒപ്പീകരിച്ചിട്ടുള്ള ഗതാഗത കരാറുകൾപ്രകാരം 415 അന്തർ സംസ്ഥാന സർവീസുകൾ നിലവിലുണ്ട്.

(ഇ) പത്തുവർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ റോഡിൽനിന്ന് ഒഴിവാക്കണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കാനായിട്ടുണ്ടോ; അന്തരീക്ഷ മലിനീകരണം തടയുന്നതിനും റോഡുസുരക്ഷ ഉറപ്പാക്കുന്നതിനും പാലിക്കേണ്ട ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് തടസമുണ്ടോയെന്ന് വ്യക്തമാക്കാമോ?

പതിനഞ്ച് വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങളാണ് റോഡിൽ നിന്നൊഴിവാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 28-09-2024-ലെ സ. ഉ. (സാധാ) നം. 389/2024/TRANS ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി Certificate of Fitness പുതുക്കുന്നതിനുള്ള അനുമതിയോടുകൂടി 30-09-2026 വരെ നീട്ടിനൽകിയിട്ടുണ്ട്.

(എഫ്) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും എല്ലാ മാസവും 10-ാം തീയതിക്കുമുമ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ; അവ ഘട്ടംഘട്ടമായി നൽകുന്ന രീതി അവസാനിപ്പിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്. സെപ്റ്റംബർ മാസത്തെ ശമ്പളം ഒറ്റത്തവണയായാണ് നൽകിയത്. തുടർന്നുള്ള മാസങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒറ്റത്തവണയായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കൽ നടപടി

235(1812) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാഡിമാൻഡനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാന ലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിങ് ചെലവിനുമുകളിൽ വരുമാനമെത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡൻസ് കൺസഷൻ, മറ്റ് യാത്രാസൗകര്യമില്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ തുടർന്നുകൊണ്ട് കിലോമീറ്റർ ഓപ്പറേഷനാനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ ദീർഘദൂര ബസുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാന ഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽമാത്രം

ബദൽ ടിപ്പുകൾ നൽകി ക്രമീകരിക്കുന്നതിനും സാധിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടി ജനോപകാരപ്രദമായി മാറ്റിവരികയുമാണ്. പരമാവധി ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു.

മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിങ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിങ് സംസ്കാരം രൂപപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ നൈപുണ്യം വർധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ

ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി ഡ്രൈവിങ് സ്കൂളാരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിങ് പരിശീലിക്കുന്ന വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടേയും പ്രവർത്തനരീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസുകൾ ആരോഗ്യ

വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു. നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിങ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുമാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. 2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ടുപയോഗിച്ച് കാലപ്പഴക്കംചെന്ന ബസ്സുകൾക്കുപകരം Fully Built Non AC 4 Cylinder Engine Diesel BS VI മാനദണ്ഡപ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat Air

Condition സംവിധാനമുള്ള ബസ്സുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡ് മുഖേന വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി നടപടി സ്വീകരിച്ചുവരുന്നു.

സ്ക്രാപ്പ് ചെയ്ത ബസ്സുകളും ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്ത് വിൽക്കുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും

ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ബ്രേക്ക്ഡൗൺ വാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനായി പ്രസ്തുത വർക്ക്ഷോപ്പുകളിൽ മോഡേണൈസേഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

<u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണമിടപാടുകളും ഓൺലൈൻവഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനമായ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കികഴിഞ്ഞു.

<u>കൊറിയർ സംവിധാനം</u>

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

സ്മാർട്ട് ട്രാവൽ കാർഡ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ട്രാവൽ കാർഡാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ഇതുവഴി മുൻകൂറായി പണം റീചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇതുവഴി പരിഹരിക്കപ്പെടും. പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും.

ട്രഗിൾ ട്രാൻസിറ്റ്

സൂപ്പർ ഫാസ്റ്റിനുമുകളിലേയ്ക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളുടെ ട്രഗിൾ ട്രാൻസിറ്റ് സംവിധാനം ട്രഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസ്സുകളുടെ തൽസമയ വിവരങ്ങളുൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.-ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ നടപ്പിലാക്കിയത്.

ടി സ്ഥാപനം ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാ നിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്കുകൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കുകയും ചെയ്യുന്നതാണ്.

ഓൺലൈൻ കൺസഷൻ സംവിധാനം

വിദ്യാർഥികൾക്ക് ബസ്സ് കൺസഷൻ ഡിപ്പോകളിൽ വരാതെതന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ്സ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, Public Announcement System, ബസ്സ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

'കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ' എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

'കെ.എസ്.ആർ.ടി.സി. റിഫ്രഷ്' എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ

വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാനരീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഡ്രൈവിങ് സ്കൂൾ മുഖേന നാളിതുവരെ എത്രപേർക്ക് ഡ്രൈവിങ് ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപയാണ് ഡ്രൈവിങ് പഠിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഫീസായി ഈടാക്കുന്നത്; വ്യക്തമാക്കാമോ?

30 പേർക്ക് ഡ്രൈവിങ് ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്.

ഫീസ് ഘടന ചുവടെ ചേർക്കുന്നു:

HMV	-	9,000/-
LMV	-	9,000/-

LMV + മോട്ടോർ സൈക്കിൾ (വിത്ത്/വിത്തൗട്ട് ഗിയർ)	-	11,000/-
മോട്ടോർ സൈക്കിൾ (വിത്ത്/വിത്തൗട്ട് ഗിയർ)	-	3,500/-

(സി) സ്ഥിരം യാത്രക്കാർക്കായി സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനുംവേണ്ടി സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ട്രാവൽ കാർഡാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

ഇതുവഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറ ഇല്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇതുവഴി പരിഹരിക്കപ്പെടും.

കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി

236(1813) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ ചുവടെ ചേർക്കുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിവരുന്നു.

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡ് അനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാനലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിങ് ചെലവിനുമുകളിൽ വരുമാനമെത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാന ഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ നൽകി ക്രമീകരിക്കുന്നതിനും സാധിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടി ജനോപകാരപ്രദമായി മാറ്റിവരികയുമാണ്. പരമാവധി ചെലവ് കുറച്ച്

വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി അവലോകനം ചെയ്തുവരുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകളുൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യ വിപണനരംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ

സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടറായ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ് സ്റ്റേഷനുകളിലും ദീർഘദൂര സർവീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂൾ ആരംഭിച്ചത് എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്താൻവേണ്ടി നടപ്പിലാക്കുന്നുണ്ട്.

2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ടുപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രസൗകര്യം ലഭ്യമാക്കുന്നതിന് 10 Super Fast AC Premium ബസ്സുകൾ Push Back Seat Air Condition സംവിധാനമുള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ടുപയോഗിച്ച് 115 ഇലക്ട്രിക് ബസ്സുകളും വാങ്ങി സർവ്വീസ് നടത്തിവരുന്നു.

സ്ക്രാപ്പ് ചെയ്ത ബസ്സുകളും ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്ത് വിൽക്കുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും

പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യുവൽ ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യുവൽ ഔട്ട്ലെറ്റിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു.

1. <u>കെ.എസ്.ആർ.ടി.സി.-യിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് (വിരലടയാളം) അറ്റൻഡൻസ് സിസ്റ്റം.</u>

492 പഞ്ചിങ് മെഷീനുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റുകൾ (93), സോണൽ ഓഫീസുകൾ (3), വർക്ക്ഷോപ്പുകൾ (5) എന്നിവിടങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

ശമ്പളം കണക്കാക്കുന്നതിനുള്ള SPARK ആപ്ലിക്കേഷനുമായി ഇത് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

2. റെന്റൽ മാനേജ്മെന്റ് സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണമിടപാടുകളും ഓൺലൈൻവഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനമായ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കിക്കഴിഞ്ഞു.

ടി സംവിധാനം നടപ്പിലാക്കുന്നതുവഴി കേരളത്തിലുടനീളമുള്ള റെന്റ് സംബന്ധമായ പണമിടപാടുകൾ കൃത്യമായി അറിയുവാൻ സാധിക്കും.

3. കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം മുഖേന വരുമാനം ലഭിച്ചുവരുന്നു.

4. സ്മാർട്ട് ട്രാവൽ കാർഡ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനും യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ട്രാവൽ കാർഡാണ്.

ഇതുവഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.

5. ഗ്രഗിൾ ട്രാൻസിറ്റ്

കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപ്പാസ് റൈഡുകൾ എന്നീ സർവീസുകൾ പൂർണ്ണമായും ഗ്രഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സൂപ്പർ ഫാസ്റ്റിന് മുകളിലേയ്ക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളും ഗ്രഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

6. സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധതലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

ഇ-ഓഫീസ് നടപ്പിലാക്കിയതുമൂലം സ്റ്റേഷനറി ചെലവുകുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

7. ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

8. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

9. ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കും.

10. ഓൺലൈൻ കൺസഷൻ സംവിധാനം

വിദ്യാർഥികൾക്ക് ബസ്സ് കൺസഷൻ ഡിപ്പോകളിൽ വരാതെതന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽവരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ് സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻവഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും ആധുനിക ടൂൾസ് & എക്യുപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നല്ല

നിലവാരമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിക്കുന്നു.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാനരീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

2024 സെപ്റ്റംബർ മാസത്തെ ശമ്പളം ഒറ്റഗഡുവായി കോർപ്പറേഷൻ വിതരണം ചെയ്യുകയുണ്ടായി. തുടർന്നുള്ള മാസങ്ങളിലും ജീവനക്കാർക്കുള്ള ശമ്പളം ഒറ്റഗഡുവായി വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്.

സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കംകൂടാതെ നൽകിവരുന്നു. 2024 സെപ്റ്റംബർ മാസംവരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശയുൾപ്പെടെ സർക്കാർ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

(സി) 2016 മുതൽ ശമ്പളത്തിനും പെൻഷനും മറ്റിനങ്ങളിലുമായി സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ഇനം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ ശമ്പളത്തിനും പെൻഷനും മറ്റിനങ്ങളിലുമായി സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ വായ്പ

(തുക കോടി രൂപയിൽ)

സാമ്പത്തിക വർഷം	ശമ്പളം	പെൻഷൻ	മറ്റിനങ്ങൾ	ആകെ തുക
2016-17	0.00	305.00	0.00	305.00
2017-18	540.00	290.00	5.00	835.00
2018-19	321.00	662.04	73.31	1056.35
2019-20	279.00	708.36	0.00	987.36
2020-21	808.51	726.90	204.45	1739.86
2021-22	863.09	898.81	275.61	2037.51
2022-23	570.00	781.81	83.00	1434.81
2023-24	590.00	1007.46	468.10	2065.56
2024-25 (05/10/2024 വരെ)	300.00	444.57	212.50	957.07

പ്ലാൻ ഫണ്ട്

വർഷം	പദ്ധതി വിഹിതം (തുക കോടി രൂപയിൽ)
2016-17	20.61
2017-18	20.00
2018-19	5.60
2019-20	0.00
2020-21	2.74
2021-22	38.44
2022-23	59.14
2023-24	67.76
2024-25 (as on 05-10-2024)	10.88

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ പദ്ധതികൾ

237(1814) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വിവിധ ഡിപ്പോകളിലെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിട മുറികളിൽ കുടുംബശ്രീവഴി ജനകീയ ഹോട്ടൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

യാത്രക്കാർക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വിവിധ ഡിപ്പോകളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ റെസ്റ്റോറന്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്?

കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനായി സി.എൻ.ജി. കിറ്റുപയോഗിച്ച് 6 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ വാഹന നിർമ്മാതാവിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാധനങ്ങളും വാങ്ങി 2 ബസ്സുകളും പരിവർത്തനം ചെയ്തിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ സർവീസ് നടത്തിവരുന്നു.

കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് നിലവിൽ പദ്ധതിയില്ല.

കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ പദ്ധതി

238(1815) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിയ കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ പദ്ധതി വിജയകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) ഡ്രൈവിങ് സ്കൂൾ പ്രവർത്തനം ഏതെല്ലാം ജില്ലകളിൽ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ?

ആദ്യ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരം അട്ടക്കുളങ്ങര സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ പ്രവർത്തനമാരംഭിച്ചു.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, ചടയമംഗലം, ആറ്റിങ്ങൽ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) സാമൂഹികമായി പിന്നാക്കം നിൽക്കുന്ന (എസ്.സി./എസ്.ടി. ഉൾപ്പെടെ) ആളുകൾക്ക് സബ്സിഡി നിരക്കിൽ ഡ്രൈവിങ് പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുമാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനിച്ചപ്രകാരം തുടർനടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ്

239(1816) <u>ശ്രീ. അൻവർ സാദത്ത്</u>:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊറിയർ ഹോം ഡെലിവറി സർവീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. ഉപഭോക്താക്കളിൽനിന്നും മിതമായ നിരക്ക് ഈടാക്കി ഹോം ഡെലിവറി ആരംഭിക്കുവാനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

(ബി) ഇപ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്നും ഹോം ഡെലിവറി നടത്തുന്നതിനായി ജീവനക്കാരെ ഏത് രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. വഴി അയയ്ക്കുന്ന പാഴ്സലുകൾ ഉപഭോക്താവിന്റെ വീട്ടുപടിക്കലെത്തിക്കുക എന്നതാണ് അടുത്തഘട്ടത്തിൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സുരക്ഷിതമായ രീതിയിൽ കൊറിയറുകൾ എത്തിച്ചു

നൽകുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികളാണ് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

കൊറിയർ കൗണ്ടറുകളിലെത്തിക്കുന്ന പാഴ്സലുകളെ സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയശേഷം ഉപഭോക്താവിന് കൺസൈൻമെന്റ് സ്ലിപ് കൈമാറുകയും ടി വിവരങ്ങളും പ്രസ്തുത പാഴ്സലുകൾ കയറ്റി അയയ്ക്കുന്ന ബസ്സിന്റെയും അതിലെ ജീവനക്കാരുടെയും വിവരങ്ങളും കൊറിയർ കൗണ്ടറിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം കൗണ്ടറുകളിൽ കൈപ്പറ്റിയ പാഴ്സലുകൾ വേ ബില്ലിൽ രേഖപ്പെടുത്തി നിർദിഷ്ട കണ്ടക്ടർക്ക് കൈമാറുകയും കണ്ടക്ടർ സുരക്ഷിതമായി നിർദിഷ്ട കൊറിയർ കൗണ്ടറിലെത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ എത്തിച്ച പാഴ്സലുകൾ പ്രസ്തുത കൗണ്ടറിലെ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് സമയബന്ധിതമായി ഉപഭോക്താവിനെ ബന്ധപ്പെട്ട് ടിയാന്റെ തിരിച്ചറിയൽ രേഖ പരിശോധിച്ച് രജിസ്റ്ററിൽ ഒപ്പുവയ്പ്പിച്ചശേഷം പാഴ്സൽ കൈമാറുകയും ചെയ്തുവരുന്നു.

പൂഷലത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

240(1817) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിയണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന നാട്ടുകാരുടെ ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ ഊട്ടി റോഡിൽ മാധ്യമം ദിനപ്പത്രത്തിന്റെ റീജിയണൽ ഓഫീസിന് മുൻവശത്ത് പൂപ്പലം എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. നിയമസഭാ സാമാജികൻ മുഖേന 24-09-2024-ാം തീയതിയിൽ പെരിന്തൽമണ്ണ യൂണിറ്റിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിവേദനം സംബന്ധിച്ച് തുടർനടപടികൾ

സ്വീകരിക്കുന്നതിനായി യൂണിറ്റ്/മേഖലാതലത്തിൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ കെ.എസ്.ആർ.ടി.സി. സർവീസ്

241(1818) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽനിന്ന് മൈസൂർവഴി ബംഗളൂരുവിലേയ്ക്ക് അന്തർസംസ്ഥാന ബസ്സ് സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

അയൽസംസ്ഥാനങ്ങളുമായി ത്രുപീകരിക്കുന്ന അന്തർസംസ്ഥാന കരാർ പ്രകാരമാണ് സർവീസുകൾ നടത്തിവരുന്നത്. നിലവിൽ കാസർഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിന്റെ സമീപമുള്ള കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ ഡിപ്പോകളിൽനിന്നും എല്ലാദിവസവും മൈസൂർ വഴി ബംഗളൂരുവിലേയ്ക്ക് ഓരോ സർവീസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ പയ്യന്നൂർ ഡിപ്പോയിൽനിന്നും മൈസൂർ, ബംഗളൂരു എന്നീ

സ്ഥലങ്ങളിലേയ്ക്ക് സർവീസുകൾ നടത്തിവരുന്നുണ്ട്. നിലവിൽ അന്തർസംസ്ഥാന കരാറിലെ വ്യവസ്ഥകൾപ്രകാരം പുതിയ സർവീസ് തുടങ്ങുന്നകാര്യം പരിഗണിക്കുവാൻ നിർവാഹമില്ല.

(ബി) കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടി പദ്ധതി കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കുമ്പള ഗ്രാമപഞ്ചായത്തിൽ ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർഥികളുടെ കൺസഷന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ/അർദ്ധസർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾ, സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡായ വിദ്യാർഥികൾക്ക് തൊഴിൽ

വൈദഗ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയ്ക്ക് വിദ്യാർഥി കൺസഷൻ സൗജന്യനിരക്കിൽ നൽകുന്നതാണ്.

2) സർക്കാർ/അർദ്ധസർക്കാർ കോളേജുകൾ, സർക്കാർ/ അർദ്ധസർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ഇൻകം ടാക്സ്, ഐ.ടി.സി. (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് - ജി.എസ്.ടി.) എന്നിവ നൽകുന്ന മാതാപിതാക്കളുടെ കുട്ടികളൊഴികെയുള്ള മുഴുവൻ വിദ്യാർഥികൾക്കും കൺസഷൻ അനുവദിക്കുന്നതാണ്.

3) സെൽഫ് ഫിനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിലെയും ബി.പി.എൽ. പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യനിരക്കിൽ കൺസഷൻ അനുവദിക്കുന്നതാണ്.

4) മേൽ വിഭാഗങ്ങളിൽ കൺസഷൻ അർഹതയില്ലാത്ത മുഴുവൻ വിദ്യാർഥികൾക്കും യാത്രാനിരക്കിന്റെ 30% ഡിസ്കൗണ്ടിൽ കൺസഷൻ കാർഡ് അനുവദിക്കുന്നതാണ്.

വിദ്യാർഥി കൺസഷൻ നൽകുന്നതിനുള്ള പരമാവധി പ്രായപരിധി 27 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാസർഗോഡുനിന്നും മംഗലാപുരത്തെ കോളേജുകളെ ആശ്രയിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് കൺസഷൻ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കാസർഗോഡ്-മംഗലാപുരം റൂട്ടിൽ വിദ്യാർഥികൾക്ക് യാത്രാ കൺസഷൻ അനുവദിച്ച് 26-04-2023-ൽ ഉത്തരവ് നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയുമായി അതിർത്തി പങ്കിടുന്ന കർണാടക സംസ്ഥാനത്തിലെ വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് കർണാടക ആർ.ടി.സി. ഏർപ്പെടുത്തിയ യാത്രാ കൺസഷൻ സൗകര്യം കെ.എസ്.ആർ.ടി.സി ബസ്സുകളിലും ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചും കാസർഗോഡ് - മംഗലാപുരം സെക്ടറിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും കാസർഗോഡ് – മംഗലാപുരം റൂട്ടിൽ വിദ്യാർഥികൾക്ക് സൗകര്യമൊരുക്കുന്നതിനായി

സീസൺ ടിക്കറ്റ് മാതൃകയിൽ 30% നിരക്കിളവിൽ വിദ്യാർഥികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി യാത്രാസൗകര്യം അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ഉപയോഗശൂന്യമായ ആസ്തിവകകൾ

242(1819) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുക്കളും മറ്റ് ആസ്തികളും എവിടെയെല്ലാമുണ്ടെന്നും എത്രയുണ്ടെന്നും വിശദമാക്കുമോ;

(ബി) നാശോന്മുഖമായ പ്രസ്തുത ആസ്തിവകകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) നിലവിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലോ/കൈവശത്തിലോ ഉള്ളതും ഒഴിഞ്ഞുകിടക്കുന്നതും എന്നാൽ ഉപയോഗയോഗ്യമാക്കാവുന്നതുമായ സ്ഥലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ടി സ്ഥലങ്ങളിൽ ചാർജ്ജിങ്

സ്റ്റേഷൻ, യാത്രാ ഫ്യുവൽസ്, പേ & പാർക്ക്, കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകൾ, മറ്റ് വിവിധ പദ്ധതികൾ എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലും കൈവശത്തിലുള്ളതും നിലവിൽ ഒഴിഞ്ഞു കിടക്കുന്നതുമായ വസ്തുക്കൾ:-

ക്രമ. നമ്പർ	**സ്ഥലങ്ങൾ**	**വിസ്തീർണ്ണം (ഹെക്ടറിൽ)**
1	പാലോട്	0.28.90
2	അമരവിള	0.02.83
3	കൊല്ലം (ആണ്ടാമുക്കം)	0.20.24
4	ദേവികുളം	0.06.88
5	തൃശ്ശൂർ (ശക്തൻ സ്റ്റാൻഡ്)	0.10.12
	ആകെ	**0.68.97**

കെ.എസ്.ആർ.ടി.സി.-യുടെ കൈവശത്തിലുള്ളതും നിലവിൽ ഒഴിഞ്ഞുകിടക്കുന്നതുമായ വസ്തുക്കൾ

ക്രമ നമ്പർ	**സ്ഥലങ്ങൾ**	**വിസ്തീർണ്ണം (ഹെക്ടറിൽ)**
1	പാലോട്	0.20.24
2	ഇടമൺ	0.02.69
3	ഓച്ചിറ	0.17.00

4	സദാനന്ദപുരം	0.06.07
5	വാളകം	0.01.00
6	ചെങ്ങമനാട്	0.04.04
7	ഇടമുളയ്ക്കൽ	0.00.92
8	റെയിൽവെ സ്റ്റേഷൻ (കൊട്ടാരക്കര)	0.02.67
9	നങ്ങ്യാർകുളങ്ങര	0.02.73
10	മട്ടാഞ്ചേരി	0.08.09

കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സമയം ക്രമീകരിക്കാൻ നടപടി

243(1820) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർഥികളുടെ സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽനിന്നും കോളേജിലെത്തുന്നതും പോകുന്നതുമായ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സമയം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ തിരുവനന്തപുരം തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർഥികളുടെ സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം ജില്ലയുടെ

വിവിധ പ്രദേശങ്ങളിൽനിന്നും കോളേജിലെത്തുന്നതിനും പോകുന്നതിനുമായി തിരുവനന്തപുരം സിറ്റി, കണിയാപുരം, ആറ്റിങ്ങൽ, പൂവാർ, നെയ്യാറ്റിൻകര എന്നീ യൂണിറ്റുകളിൽനിന്നായി പ്രതിദിനം 35 ട്രിപ്പുകൾ തുമ്പ സെന്റ് സേവ്യേഴ്സ് കോളേജിലേയ്ക്ക് നടത്തിവരുന്നു. ഇതിൽ നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും പുതുതായി ആരംഭിച്ച ഷെഡ്യൂൾപ്രകാരം കളിയിക്കാവിളയിൽനിന്നും 06.40, 13.20 എന്നീ സമയങ്ങളിൽ സെന്റ് സേവ്യേഴ്സ് കോളേജ് വഴി പെരുമാതുറയ്ക്കും പെരുമാതുറയിൽനിന്നും 09.30, 16.20 എന്നീ സമയങ്ങളിൽ സെന്റ് സേവ്യേഴ്സ് കോളേജ് വഴി കളിയിക്കാവിളയിലേയ്ക്കും സർവീസ് ക്രമീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി ബസ്സുകളിലെ സീറ്റ് ക്രമീകരണം

244(1821) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മുതിർന്ന പൗരന്മാർക്കും അംഗപരിമിതർക്കും പിൻസീറ്റിലുള്ള യാത്ര വളരെ ദുഷ്കരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അംഗപരിമിതർക്കും മുതിർന്ന പൗരൻമാർക്കും പിന്നിൽ നൽകിവരുന്ന യാത്രാ സീറ്റുകൾ മുൻനിരയിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) മുതിർന്ന പൗരന്മാർക്കും അംഗപരിമിതർക്കും ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ഏറ്റവും സൗകര്യപ്രദമായും തിരക്ക് കൂടാതെയും സീറ്റുകൾ ലഭ്യമാക്കുന്നതിനായി വാതിലുകൾക്ക് സമീപമുള്ള സീറ്റുകളാണ് (പിൻവശത്തെ ടയറിനുമുകളിൽ വരുന്നത് ഒഴികെയുള്ളത്) സംവരണം ചെയ്തിരിക്കുന്നത്.

അംഗപരിമിതരോ മുതിർന്ന പൗരൻമാരോ ആയ വനിതകളായ യാത്രികർക്കായി ബസ്സിന്റെ മുൻഭാഗത്തെ വലതുവശത്തെയും പുരുഷന്മാരായ യാത്രികർക്കായി ബസ്സിന്റെ പിൻഭാഗത്തെ, വാതിലിൽനിന്നും മുന്നിലേയ്ക്കുള്ള, രണ്ടുനിരകളിലുമായാണ് സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. സീറ്റുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ പദ്ധതികൾ

245(1822) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിനും വർധിപ്പിക്കുന്നതിനുമായി കെ.എസ്.ആർ.ടി.സി. എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ?

ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെയും വർധിപ്പിക്കുന്നതിന്റെയും ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നു:

വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിദ്യാർഥികളുടെ യാത്രാ കൺസഷൻ പൂർണ്ണമായും ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്.

യാത്രക്കാരുടെ സൗകര്യാർത്ഥം നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേയ്ക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ ദീർഘദൂര സൂപ്പർ

ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബസ്സുകൾ എൻ.എച്ച്.-ലെയും എം.സി.-യിലെയും പ്രധാന ബസ്സ് സ്റ്റേഷനുകളിൽമാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യുവരുന്നു. ഇത് യാത്രക്കാർക്ക് സമയം ലാഭിക്കുന്നതിനും ബ്ലോക്കുകൾ ഒഴിവാക്കുന്നതിനും സഹായകരമാകും.

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാ പ്രശ്നമില്ലാതെ അയൽസംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്ന തരത്തിലും ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമത്തിന് ഉപരിയായി ഡെസ്റ്റിനേഷൻ നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസ്സിലാക്കുവാൻ കഴിയുന്നവിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടിക്കറ്റിതര വരുമാന വർധനവിന്റെയും ജനസൗഹൃദമാക്കുന്നതിന്റെയും ഭാഗമായി ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ നേതൃത്വത്തിൽ വിവിധതരം ടൂറിസം പദ്ധതികൾ നടത്തിവരുന്നു.

കെ.എസ്.ആർ.ടി.സി. 2024-2025 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ടുപയോഗിച്ച് കാലപ്പഴക്കംചെന്ന ബസ്സുകൾക്കുപകരം 220 എണ്ണം Fully Built Non AC 4 Cylinder Engine Diesel BS VI മാനദണ്ഡപ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ഇ-ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat Air Condition സംവിധാനമുള്ള ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ടുപയോഗിച്ച് 115 ഇലക്ട്രിക് ബസ്സുകൾ വാങ്ങി സർവീസ് നടത്തിവരുന്നു.

ബ്രേക്ക്ഡൗണാകുന്ന ബസ്സുകളുടെ തകരാറ് പരിഹരിക്കുന്നതിന് എത്രയുംപെട്ടെന്ന് ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി പരിശോധിച്ച് പരിഹരിക്കുന്നതിനുവേണ്ടി Mini Mobile Service Van-കൾ 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സൂപ്പർക്ലാസ് ബസ്സുകളിലെ യാത്രക്കാർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കഴിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ദീർഘദൂര ബസ്സുകൾ സർവീസ് നടത്തുന്ന ഹൈവേയുടെ വശത്തുള്ള ഹോട്ടലുകൾ തിരഞ്ഞെടുക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ്സ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കായി ഇലക്ട്രിക് ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ബസ്സ് സ്റ്റേഷനുകളിൽ ശുചിത്വമുള്ള പൊതു ശൗചാലയങ്ങൾ സ്ഥാപിക്കുകയെന്നതിന്റെ ഭാഗമായി പൊതുശൗചാലയങ്ങളുടെ നിലവിലെ ലൈസൻസികളുടെ കാലാവധി തീരുന്നമുറയ്ക്ക് ഇവയുടെ പ്രവർത്തനം

M/s. Sulabh International എന്ന Non Governmental Organisation-ന് കൈമാറിവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ബ md സുകളിൽ Onboard Refreshment സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബ md സ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area CSR ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി നിർമ്മിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട് ഡിപ്പോകളിൽ പ്രവർത്തനമാരംഭിച്ചു.

ഉപഭോക്താക്കൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും പാഴ്സലുകൾ എത്തിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ 47 ബസ്സ് സ്റ്റേഷനുകളിൽ ലോജിസ്റ്റിക്സ് & കൊറിയർ കൗണ്ടറുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഉപഭോക്തൃ സേവനങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഓപ്പറേറ്റിങ് കൺട്രോൾ സെന്റർ (OCC) പ്രവർത്തിച്ചുവരുന്നു.

OCC നിന്ന് ലഭിക്കുന്ന സേവനങ്ങൾ

- റിസർവേഷൻ സംബന്ധമായ സംശയങ്ങളുടെ പരിഹാരം.
- ബസ്സ് റൂട്ടുകളുടെ അന്വേഷണം.
- പരാതികൾ അറിയിക്കാനുള്ള നൂതന സംവിധാനം (Grievance Redressal Cell)
- ബ്രേക്ക്ഡൗൺ, ആക്സിഡന്റ് റിപ്പോർട്ടിങ്
- യൂണിറ്റിൽനിന്ന് അറിയിക്കുന്നമുറയ്ക്ക് റിസർവ്ഡ് യാത്രക്കാരുടെ ക്ലബ്ബിങ്, റിസർവേഷൻ ക്ലോസിങ് ആൻഡ് ക്യാൻസലേഷൻ എന്നിവ ചെയ്യുന്നു.
- കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ അപകടകരമായ ഡ്രൈവിങ് ശ്രദ്ധയിൽപ്പെട്ടാൽ വീഡിയോ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യാനായി ഒരു വാട്സ്ആപ്പ് (9188619380) നമ്പർ എല്ലാ ബസ്സുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

- സർവീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ടുള്ള എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നുണ്ട്.

- നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന ഓപ്പൺ ഡബിൾ ഡെക്കർ സിറ്റി റൈഡിലെ യാത്രക്കാർക്ക് കുടിവെള്ളം, ലഘുഭക്ഷണം എന്നിവ ബസ്സിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നുണ്ട്. സമാനരീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 14 ഇന്ധന വിതരണ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെരുമ്പാവൂർ ഡിപ്പോയിൽ യാത്രാ ഫ്യുവൽസ് ഔട്ട്‌ലെറ്റ് ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്.

പൊതുമേഖലാ എണ്ണക്കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള ഉപഭോക്തൃ സേവനങ്ങൾ പൊതുജനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

റെന്റൽ മാനേജ്മെന്റ് സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണമിടപാടുകളും ഓൺലൈൻവഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനമായ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കിക്കഴിഞ്ഞു.

ഗ്രഗിൾ ട്രാൻസിറ്റ്

കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപ്പാസ് റൈഡറുകൾ പൂർണ്ണമായും ഗ്രഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സൂപ്പർഫാസ്റ്റിന് മുകളിലേയ്ക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളും ഗ്രഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഇ-ഓഫീസ്

കെ.എസ്.ആർ.ടി.സി.-യിലും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലും ഇ-ഓഫീസ് സംവിധാനം മുഖേന ഫയൽ നീക്കങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ എല്ലാ വിഭാഗങ്ങളും ഇ-ഫയൽ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസ്സുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

മുൻകൂർ ടിക്കറ്റ് ബുക്കിങ്ങിനായി "ente ksrtc neo OPRS" എന്ന മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്.

കൂടാതെ "ഗ്രൂപ്പ് ടിക്കറ്റ് ഓപ്ഷൻ" മുഖേന നാലോ അതിലധികമോ യാത്രക്കാർ ഒരുമിച്ച് ബുക്ക് ചെയ്യുമ്പോൾ ഒരു ടിക്കറ്റിന്റെ ബുക്കിങ് ചാർജ് ആയ 10 രൂപ മാത്രം നൽകിയാൽ മതിയാകും.

ചലോ ആപ്പ് വഴി യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുൻകൂറായി ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കും. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് പോകേണ്ട വിവരങ്ങൾ നൽകിയാൽ ടി റൂട്ടിലോടുന്ന ബസ്സുകൾ ലിസ്റ്റ് ചെയ്യുകയും ടി ലിസ്റ്റിൽനിന്നും ഓൺലൈനായി ഡിജിറ്റൽ ടിക്കറ്റെടുക്കുവാൻ സാധിക്കുന്നതുമാണ്. ടി സംവിധാനംവഴി പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും സാധിക്കും.

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പൂർണ്ണമായും ഭാഗികമായും സൗജന്യനിരക്കിൽ യാത്രാപാസുകൾ അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ

246(1823) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ചും ഓപ്പറേറ്റ് ചെയ്ത് വരുമാന ലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും ഓപ്പറേറ്റിങ് ചെലവിനുമുകളിൽ വരുമാനമെത്തിക്കുന്നതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡന്റ്സ് കൺസഷൻ, മറ്റ് യാത്രാ സൗകര്യമില്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ സാമൂഹ്യപ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ തുടർന്നുകൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടൊപ്പംതന്നെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗമൊഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ചില അവസാനഭാഗങ്ങളിൽ യാത്രക്കാരുണ്ടെങ്കിൽ നഷ്ടം കുറച്ച് യാത്രക്കാർക്കായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ

നൽകി ക്രമീകരിക്കുന്നതിനും സാധിച്ചു. കൂടാതെ യാത്രക്കാരില്ലാതെ നഷ്ടത്തിലോടിയിരുന്ന ഇലക്ട്രിക് ബസുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ളതും സിറ്റിയിലേയ്ക്ക് സർവീസ് നടത്തുന്നതുമായ വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടി ജനോപകാരപ്രദമായി മാറ്റിവരികയുമാണ്. പരമാവധി ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഇത്തരം എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം

വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേയ്ക്കെത്തിക്കുന്നതിനായി

ആരംഭിച്ച കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടറായ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ് സ്റ്റേഷനുകളിലും ദീർഘദൂര സർവീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂൾ ആരംഭിച്ചത് എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിലെത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി KSRTC-SWIFT ഫണ്ടുപയോഗിച്ച് 10 Super Fast AC Premium ബസ്സുകളിൽ Push Back Seat Air Condition സംവിധാനമുള്ള ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച

ഫണ്ടുപയോഗിച്ച് 115 ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത് സർവീസ് നടത്തിവരുന്നു.

റീജിയണൽ/സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനായി പ്രസ്തുത വർക്ക്ഷോപ്പുകളിൽ മോഡേണൈസേഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

ബ്രേക്ക്ഡൗണാകുന്ന ബസ്സുകൾ കാലതാമസം കൂടാതെ ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി തകരാറുകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് Mini Mobile Service Van 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. സ്ക്രാപ്പ് ചെയ്ത ബസുകളും ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ M/s Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്ത് വിൽക്കുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ

യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യുവൽ ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോഴിക്കോട്, മൂന്നാർ എന്നീ ബസ്സ് ഡിപ്പോകളിലും 14 യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. എല്ലാ ഡിപ്പോകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു:

1. റെന്റൽ മാനേജ്മെന്റ് സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണമിടപാടുകളും ഓൺലൈൻവഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനമായ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കികഴിഞ്ഞു.

ടി സംവിധാനം നടപ്പിലാക്കുന്നതുവഴി കേരളത്തിലുടനീളമുള്ള റെന്റ് സംബന്ധമായ പണമിടപാടുകൾ കൃത്യമായി അറിയുവാൻ സാധിക്കും.

2. കൊറിയർ സംവിധാനം

കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

3. സ്മാർട്ട് ട്രാവൽ കാർഡ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനും യാത്രാക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനുംവേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി റേഡിയോ ഫ്രിക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാസംവിധാനങ്ങളോടുകൂടിയ ട്രാവൽ കാർഡാണ്. ഇതുവഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രാക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇതുവഴി പരിഹരിക്കപ്പെടും.

4. ഗ്രഗിൾ ട്രാൻസിറ്റ്

കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ്, ബൈപ്പാസ് റൈഡുകൾ പൂർണ്ണമായും ഗ്രഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സൂപ്പർ ഫാസ്റ്റിനുമുകളിലേയ്ക്കുള്ള എല്ലാ സൂപ്പർ ക്ലാസ് സർവീസുകളും ഗ്രഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്.

5. സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്വവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധ തലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

ഇ-ഓഫീസ് നടപ്പിലാക്കിയതുമൂലം സ്റ്റേഷനറി ചെലവ് കുറയ്ക്കാൻ കഴിഞ്ഞു.

6. ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

പ്രിവന്റീവ്/റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത

ബസ്സുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിനുകീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇതുറപ്പാക്കും.

ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്. ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈനായിത്തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

7. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസ്സുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

8. ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ

ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാനിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് തെറ്റായ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.

തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.-യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കുന്നതുമാണ്.

9. ഓൺലൈൻ കൺസഷൻ സംവിധാനം

"www.concessionksrtc.com" എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻ വഴി ഇനി മുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി.

കൂടുതൽ ഡിപ്പോകളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിക്കുന്നു.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ

വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മേയ് മാസം മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കാൻ പുതിയ പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

1. <u>സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ</u>

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഫണ്ടുപയോഗിച്ച് 10 സൂപ്പർ ഫാസ്റ്റ് എ.സി. പ്രീമിയം ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇത് യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാനുഭവം നൽകും.

2. ഡെസ്റ്റിനേഷൻ നമ്പറിങ്

ഭാഷ അറിയാത്ത യാത്രക്കാർക്ക് ബോർഡുകൾ വായിച്ച് മനസ്സിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ഭാഷാപ്രശ്നമില്ലാതെ അയൽസംസ്ഥാന യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയുന്നതരത്തിൽ ഡെസ്റ്റിനേഷൻ ബോർഡുകളിൽ സ്ഥലനാമ (ഡെസ്റ്റിനേഷൻ) നമ്പർ ഉൾപ്പെടുത്തുവാനും ഇവ പൊതുജനങ്ങൾക്ക് എളുപ്പത്തിലും വ്യക്തമായും വായിച്ച് മനസ്സിലാക്കുവാൻ കഴിയുന്നവിധം ഡെസ്റ്റിനേഷൻ ബോർഡുകൾ പുതുക്കി നൽകുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

വലിപ്പം കുറഞ്ഞ നാല് സിലിണ്ടർ എഞ്ചിനോടുകൂടിയ പുതിയ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാൻഡുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലുമോടുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്കുപകരം നൽകി ചെലവുചുരുക്കി നഷ്ടം കുറയ്ക്കുന്നതിനാണ് പദ്ധതി. ടേക്ക് ഓവർ റൂട്ടുകളിൽ നിലവിൽ സർവീസ്

നടത്തിക്കൊണ്ടിരിക്കുന്ന കാലപ്പഴക്കംചെന്ന ഏതാണ്ട് 200 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ഇത്തരത്തിൽ ചെലവ് കുറച്ച് ജനോപകാരപ്രദമായവിധം ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ഫണ്ട് ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

4. യൂണീക്ക് ഷെഡ്യൂൾ നമ്പർ

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യൂണീക്ക് ഷെഡ്യൂൾ നമ്പർ" നൽകുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റാ പ്രോസസിങ്, വിവരശേഖരണം എന്നിവ കുറ്റമറ്റതാക്കുന്നതിനും കഴിയും. എല്ലാ യൂണിറ്റുകളിലും യൂണീക്ക് ഷെഡ്യൂൾ നമ്പർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂൾ ടിപ്പ്വൈസ് കളക്ഷൻ വിവരങ്ങൾ

പരിശോധിച്ച് ക്രമീകരിക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും സഹായിക്കും.

5. നോൺ എ.സി. ഓർഡിനറി ബസ്

കോർപ്പറേഷന്റെ നിലവിലുള്ള വലിയ ബസ്സുകളുപയോഗിച്ച് സർവീസ് നടത്താൻ സാധിക്കാത്ത റൂട്ടുകളിലേയ്ക്കും നിലവിൽ വലിയ ബസ്സുകൾ ഉപയോഗിച്ച് യാത്രക്കാർ താരതമ്യേന കുറഞ്ഞതും സാമൂഹ്യ പ്രതിബദ്ധതയിൽ ഓപ്പറേറ്റ് ചെയ്തുവരുന്നതുമായ "D Pool" സർവീസുകളുടെ ചെലവ് ചുരുക്കി ഓപ്പറേറ്റ് ചെയ്യുന്നതിന് 28-34 സീറ്റുകളുള്ള ബസ്സുകൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി ട്രയൽ റൺ നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ചെലവ് കുറഞ്ഞ ബസ്സുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകളുൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ

നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യവിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധികവരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ

സ്ഥലങ്ങളിലേയ്ക്കെത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടറായ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിലും ദീർഘദൂര സർവീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിലെത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിങ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിങ് സംസ്കാരം രൂപപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ നൈപുണ്യം വർധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാപ്രധാന ഭാഗങ്ങളുടെയും പ്രവർത്തനരീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിങ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുമാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

ബ്രേക്ക്ഡൗണാകുന്ന ബസ്സുകൾ കാലതാമസം കൂടാതെ ബ്രേക്ക്ഡൗൺ സ്ഥലത്തെത്തി തകരാറുകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് Mini Mobile Service Van 10 എണ്ണം വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

1. <u>ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസ്സുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

2. <u>സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം</u>

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധതലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധതലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

3. <u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം.</u>

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ്സ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

പ്രിവന്റീവ്/റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസ്സുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിനുകീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർപാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്.

ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈനായിത്തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ബസ്സുകൾ

247(1824) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ എത്ര ബസുകളുണ്ടെന്ന് അറിയിക്കാമോ; അവയുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി., KSRTC-Swift എന്നിവയുടെ ഉടമസ്ഥതയിലുള്ള ബസുകളുടെ 07-10-2024-ാം തീയതിയിലെ എണ്ണം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.	5089
കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ്	434
ആകെ	**5523**

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ തരംതിരിച്ചുള്ള കണക്ക്.

ഓർഡിനറി	3239
ഫാസ്റ്റ് പാസഞ്ചർ	1150
സൂപ്പർ ഫാസ്റ്റ്	349
സൂപ്പർ എക്സ്പ്രസ്സ്	39
സൂപ്പർ ഡീലക്സ്	119

എ.സി.	193
ആകെ	**5089**

കെ.എസ്.ആർ.ടി.സി. - സിഫ്റ്റ് ബസ്സുകളുടെ തരംതിരിച്ചുള്ള കണക്ക്.

സ്ലീപ്പർ എ.സി	8
സീറ്റർ എ.സി.	20
ഡീലക്സ് നോൺ എ.സി.	88
ഇലക്ട്രിക് (PMI –83, Eicher - 80)	163
ലൈലാന്റ് സൂപ്പർ ഫാസ്റ്റ്	151
ഹൈബ്രിഡ് എ.സി.	1
ഹൈബ്രിഡ് നോൺ എ.സി.	1
ഡബിൾ ഡക്കർ (ഇലക്ട്രിക്)	2
ആകെ	**434**

(ബി) പ്രസ്തുത ബസ്സുകളിൽ പതിനഞ്ച് വർഷം കഴിഞ്ഞവ എത്രയുണ്ടെന്നും അതിൽ കാലാവധി നീട്ടി നൽകിയവ എത്രയുണ്ടെന്നും അറിയിക്കാമോ;

(സി) പതിനഞ്ച് വർഷം കഴിഞ്ഞ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഗതാഗതയോഗ്യമായവ വിദഗ്ധസമിതിയുടെ പരിശോധനയ്ക്കുശേഷം കാലാവധി നീട്ടിനൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യിൽ പതിനഞ്ച് വർഷം കഴിഞ്ഞ 1117 ബസ്സുകൾ നിലവിലുണ്ട്.

15 വർഷത്തിലധികരിച്ച കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ കാലാവധി 30-09-2026 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 28-09-2024-ന് സ.ഉ. (സാധാ) നം. 389/2024/TRANS. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

KSRTC-Swift –ന് 15 വർഷം കഴിഞ്ഞ ബസ്സുകൾ ഒന്നുംതന്നെയില്ല.

കെ.എസ്.ആർ.ടി.സി.–യെ സ്വയംപര്യാപ്തമാക്കാൻ നടപടി

248(1825) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്ര കോടി രൂപ ലഭിച്ചാലാണ് സ്വയംപര്യാപ്തമാക്കാൻ കഴിയുകയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കണക്കാക്കിയിട്ടുണ്ട്. പ്രതിമാസ വരുമാനം 370 കോടി രൂപ ലഭിച്ചാൽ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിലെത്തിച്ചേരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ജീവനക്കാരുടെ എണ്ണം കുറച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ബസ്സുകളുടെ എണ്ണത്തിനാനുപാതികമായി ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചുവരികയാണ്.

(സി) ഈ വർഷം പുതിയ ബസ്സുകൾ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് എപ്രകാരം തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. ഈ വർഷം കെ.എസ്.ആർ.ടി.സി.-ക്ക് പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് ബസ്സുകൾ വാങ്ങാനാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഫണ്ടുപയോഗിച്ച് 10 SuperFast AC

Premium Push Back Seat Air Conditioned ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കുവാനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തനച്ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാനലക്ഷ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിച്ചുവരുന്നത്.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യ

വിപണനരംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യസമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേയ്ക്കെത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടറായ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.-യുടെ ബസ്സ് സ്റ്റേഷനുകളിലും ദീർഘദൂര സർവീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂളാരംഭിച്ചത് എന്നിവയുൾപ്പെടെ

നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിലെത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

സ്ഥിര ജീവനക്കാരുടെ എണ്ണം ബസ്സുകളുടെ എണ്ണത്തിനനുസരിച്ച് ക്രമീകരിച്ചുകൊണ്ട് അധികച്ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

1. <u>കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂൾ</u>

കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയ ഡ്രൈവിങ് ലൈസൻസുകൾ നൽകി അപകടരഹിത ഡ്രൈവിങ് സംസ്കാരം രൂപപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ നൈപുണ്യം വർധിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നൂതന നയപരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പാറശ്ശാല, ചാത്തന്നൂർ, മാവേലിക്കര (റീജിയണൽ വർക്ക്ഷോപ്പ്), ചിറ്റൂർ, ചാലക്കുടി, എടപ്പാൾ (റീജിയണൽ

വർക്ക്ഷോപ്പ്), മാനന്തവാടി, വിതുര എന്നീ യൂണിറ്റുകളിൽ കൂടി ഡ്രൈവിങ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

ഡ്രൈവിംഗ് പരിശീലിക്കുന്ന വിദ്യാർഥികൾക്കായി സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഡെമോൺസ്ട്രേഷൻ ഹാൾ, സിമുലേറ്റർ എന്നീ സൗകര്യങ്ങൾ ഡ്രൈവിങ് സ്കൂളുകളിൽ സജ്ജമാക്കിവരുന്നു. കൂടാതെ പരിശീലനം നേടുന്നവർക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ സന്ദർശനത്തിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് സന്ദർശനത്തിലൂടെ വാഹനത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളുടെയും പ്രവർത്തനരീതികൾ നേരിൽ കണ്ട് വിശദമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസുകൾ, ആരോഗ്യ വകുപ്പിന്റെ ഫസ്റ്റ് എയ്ഡ് ബോധവൽക്കരണ ക്ലാസുകൾ എന്നിവയും നൽകിവരുന്നു.

നിലവിൽ 208 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കി ഡ്രൈവിങ് ടെസ്റ്റിന് ഹാജരായ 37 പേരിൽ 30 പേർ വിജയിച്ച് (വിജയ ശതമാനം 81%) ഡ്രൈവിങ് ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്.

സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുമാത്രമായി 20% ഫീസിളവ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ 424-ാമത് ഭരണസമിതി യോഗം തീരുമാനമെടുത്ത് തുടർ നടപടി സ്വീകരിച്ചുവരുന്നു.

2. <u>യുണീക്ക് ഷെഡ്യൂൾ നമ്പർ</u>

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഷെഡ്യൂളുകൾക്കും പ്രത്യേകമായി നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ കേന്ദ്രീകൃത സംവിധാനത്തിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഷെഡ്യൂളുകൾക്കും പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്ന "യുണീക്ക് ഷെഡ്യൂൾ നമ്പർ" നൽകുന്നതിനും ഇതിലൂടെ നൂതന ഇ.റ്റി.എം. സംവിധാനം ഉപയോഗപ്പെടുത്തി ഡാറ്റാ പ്രോസസിങ്, വിവരശേഖരണം എന്നിവ കൂടുതൽ കൃത്യതയാക്കുന്നതിനും കഴിയും.

എല്ലാ യൂണിറ്റുകളിലും യുണീക്ക് ഷെഡ്യൂൾ നമ്പർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഇത് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂൾ ടിപ്പ്വൈസ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ച് ക്രമീകരിക്കുവാനും സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുവാനും സഹായിക്കും.

3. ഓൺലൈൻ കൺസഷൻ സംവിധാനം

വിദ്യാർഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെതന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽവരുത്തിയിട്ടുണ്ട്. "www.concessionksrtc.com" എന്ന വെബ്സൈറ്റിന്റെ ലിങ്ക് കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻവഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർക്ക് അപേക്ഷയുടെ നിജസ്ഥിതി അറിയുന്നതിനായി SMS സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

4. സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ

നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും പ്രീമിയം AC ബസ്സുകളും കാലപ്പഴക്കത്താൽ സ്ഥിരമായി സർവീസ് നടത്താൻ കഴിയുന്നില്ല. നിലവിലെ AC ബസ്സുകൾക്ക് ചെലവ് കൂടുതലാണെങ്കിലും യാത്രാക്കാരുടെ സ്വീകാര്യത വളരെ ഉയർന്നതാണ്. ആയതിനാൽ ഇപ്പോൾ സർവീസ് നടത്തിവരുന്ന പഴയ സൂപ്പർഫാസ്റ്റ് ബസ്സുകൾ, ലോ ഫ്ലോർ AC ബസ്സുകൾ എന്നിവയ്ക്കുപകരമായി സാധാരണജനങ്ങൾക്ക് കൂടി ഗുണകരമായ നിലയിൽ ചെലവ് കുറഞ്ഞ 4 സിലിണ്ടർ എഞ്ചിനുള്ള ഡീസൽ മൈലേജ് കൂടിയതും താരതമ്യേന വില കുറഞ്ഞതുമായ AC ബസ്സുകൾ ലഭ്യമാക്കി സർവീസ് നടത്തുവാനാണ് പദ്ധതി. ഇത്തരത്തിൽ ചെലവ് കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം ജനങ്ങൾക്കുകൂടി നൽകി ലോ ഫ്ലോർ എ.സി. ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർ ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ യാത്രക്കാർക്ക് ബസ്സിൽ

ആധുനിക സൗകര്യങ്ങളും പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പ് വഴി മുൻകൂട്ടി റിസർവ് ചെയ്ത ദീർഘദൂര യാത്രക്കാർക്ക് എവിടെനിന്നും നാമമാത്രമായ കൺവീനിയൻസ് ചാർജ് നൽകി കയറുവാനുമുള്ള സംവിധാനങ്ങളോടെ ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ട്. ഇതിനായി പത്ത് പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. <u>യാത്രാ ഫ്യൂവൽസ്</u>

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും വിവിധ ശ്രേണിയിലുള്ള വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ ഉൾപ്പെടെയുള്ള മുഴുവൻ ലൂബ്രിക്കന്റുകളും പ്രമുഖ എണ്ണക്കമ്പനികളുമായി ചേർന്ന് കോർപ്പറേഷന്റെ രൂപമാറ്റം വരുത്തിയ ബസ്സുകളിൽ കേരളത്തിലുടനീളം വിതരണം ചെയ്യുന്നതിന്റെ

ഭാഗമായി ലൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റ് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

6. <u>വർക്ക്ഷോപ്പ് പ്രൊഡക്ടിവിറ്റി</u>

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ സംവിധാനവും ആധുനിക ടൂൾസ് & എക്യൂപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ

ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

7. ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുവഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.

ബസ്സുകളുടെ തൽസമയവിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

8. സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കോർപ്പറേഷനിൽ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും സുതാര്യതയും കൈവരിക്കാനാകും.

ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും വിവിധതലങ്ങളിൽ സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധതലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

9. ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

പ്രിവന്റീവ്/റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസ്സുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിനുകീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്.

ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈനായിത്തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, Public Announcement System, ബസ്സ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി.

കൂടുതൽ ഡിപ്പോകളിലേയ്ക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് ലോ ഫ്ലോർ ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണവും അത്യാവശ്യം സാധനങ്ങളും ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികൾ പുരോഗമിക്കുന്നു.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സർവീസുകൾ

ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

2. IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

3. "കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു.

4. "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് ശൃംഖലകൾ വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 05/2024 മുതൽ ആരംഭിച്ചു. സമാനരീതിയിൽ

ബി.ടി.സി.-ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ്സുകൾ

249 (1826) ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ പൊളിച്ചു നീക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി ബസുകൾ പൊളിച്ചു നീക്കാൻ തീരുമാനമായിട്ടില്ല. കാലപ്പഴക്കം ചെന്നതും വർധിച്ച അറ്റകുറ്റപ്പണികളുള്ളതുമായ കെ.എസ്.ആർ.ടി.സി.-യുടെ ബസ്സുകൾ വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം ഭരണസമിതി അംഗീകാരത്തോടെ സ്ക്രാപ്പ് ചെയ്ത് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്.

(ബി) പകരം എത്ര പുതിയ ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനാവശ്യമായ തുക കണ്ടെത്തുന്നത് എപ്രകാരമെന്നും വിശദമാക്കുമോ?

പുതിയ 220 ബസ്സുകൾ Fully Built 10.5 Meter Non AC 4 Cylinder Engine diesel BS VI മാനദണ്ഡപ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 2024-2025 വാർഷിക പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ടി ബസ്സുകൾ വാങ്ങുന്നത്.

കെ.എസ്.ആർ.ടി.സി.-ക്ക് മിനി ബസ്സുകൾ വാങ്ങുന്നതിനുള്ള ടെൻഡർ

250(1827) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ മിനി ബസ്സുകൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ക്ഷണിച്ചിട്ടുണ്ട്. 8 മീറ്ററിൽ കൂടുതൽ നീളമുള്ള മിനി ബസ്സ് വാങ്ങുന്നതിനാണ് ഇ-ദർഘാസ് ക്ഷണിച്ചിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി. മുമ്പ് വാങ്ങിയ മിനി ബസ്സുകൾ പിൻവലിക്കുന്നതിന് കാരണം എന്തായിരുന്നു; വ്യക്തമാക്കാമോ?

മുമ്പ് വാങ്ങിയ മിനി ബസ്സുകൾ കാലാവധി കഴിഞ്ഞതിനാലാണ് പിൻവലിക്കേണ്ടിവന്നത്.

(സി) മുമ്പ് നടപ്പാക്കിയപ്പോൾ വലിയ നഷ്ടമാണെന്ന് ബോധ്യപ്പെട്ട പദ്ധതി വീണ്ടും നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവീസ്
നിലവിലുള്ളതിനെ ബാധിക്കുന്നത് സംബന്ധിച്ച്

251(1828) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിൽനിന്ന് പുതുതായി ആരംഭിച്ച കൊട്ടാരക്കര-കിഴക്കേകോട്ട ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന്റെ ട്രിപ്പുകൾ നിലവിലുള്ള ബസ്സ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. പുനലൂർ ഡിപ്പോയിൽനിന്ന് ഗ്രാമീണ മലയോര മേഖലകളിലെ ഒറ്റപ്പെട്ട ബൈറൂട്ടുകളായ പുനലൂർ-കോക്കാട്, കോക്കാട്-തടിക്കാട്, തടിക്കാട്- പൊലിക്കോട് റോഡുകളിലൂടെ മെഡിക്കൽ കോളേജുവഴി തിരുവനന്തപുരത്തേയ്ക്ക് സർവീസ് നടത്തുന്ന ബസ്സിനെ എം.സി. റോഡിൽ പൊലിക്കോട് മുതൽ വെഞ്ഞാറമൂട്-കഴക്കൂട്ടം ബൈപാസിൽ കാട്ടായിക്കോണംവരെ കൊട്ടാരക്കരയിൽനിന്ന് പുതുതായി തുടങ്ങിയ സർവീസ് ഓവർലാപ് ചെയ്യുന്നതിനാൽ പുനലൂരിൽനിന്നും നിലവിലുള്ള സർവീസിന്റെ വരുമാനം ഗണ്യമായി കുറഞ്ഞെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

(എ&ബി) കൊട്ടാരക്കര ഡിപ്പോയിൽനിന്ന് 18-05-2024 മുതൽ 6.30 ഈസ്റ്റ് ഫോർട്ട് സർവീസ് ആരംഭിച്ചിരുന്നുവെങ്കിലും പുനലൂർ ഡിപ്പോയിലെ മറ്റൊരു സർവീസുമായി ഒരേ സമയക്രമം പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൊട്ടാരക്കര ഡിപ്പോയിലെ പ്രസ്തുത സർവീസ് 6.15 ഈസ്റ്റ് ഫോർട്ടായി പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിനാൽ മറ്റ് ഡിപ്പോകളിലെ മറ്റ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നില്ല. കൂടാതെ കൊട്ടാരക്കര യൂണിറ്റിൽനിന്നുള്ള സർവീസ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസായും പുനലൂർ യൂണിറ്റിലെ സർവീസ് ഓർഡിനറി സർവീസുമായിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റൂട്ടിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും കോർപ്പറേഷന് കൂടുതൽ വരുമാനം നേടുന്നതിനും സാധിക്കുന്നുണ്ട്.

(സി) പുതുതായി തുടങ്ങുന്ന സർവീസുകൾ മറ്റ് സർവീസുകളെ ദോഷകരമായി ബാധിച്ചാൽ അവസാനം തുടങ്ങിയ സർവീസിന്റെ സമയം പുനഃക്രമീകരിക്കണമെന്നുള്ള മന്ത്രിതല നിർദേശം പാലിക്കുന്നതിന് നിർദേശം നൽകാനാകുമോ; വിശദമാക്കാമോ?

പുതുതായി ആരംഭിച്ച സർവീസിന്റെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്.

തിരുവമ്പാടി കെ.എസ്.ആർ.ടി.സി.
ഓപ്പറേറ്റിങ് സെന്റർ കെട്ടിട നിർമ്മാണം

252(1829) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിങ് സെന്റർ കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിങ് സെന്റർ നിർമ്മാണത്തിനുവേണ്ടി 278 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പാണ് നിർവഹിക്കുന്നത്. ആകെ 37 Pile-കളാണുള്ളത്. അതിൽ 14-ാമത്തെ Piling നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഒരു വർഷംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കുറ്റ്യാടിവഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

253(1830) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടിവഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി ആളുകൾക്ക് ആശ്രയമായിരുന്ന പ്രസ്തുത ബസ് സർവീസ് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) അന്തർസംസ്ഥാന കരാർപ്രകാരം കോവിഡ് കാലത്തിനുമുമ്പ് മാനന്തവാടി–മൈസൂർ റൂട്ടിൽ നടത്തിവന്നിരുന്ന സർവീസ് കോവിഡ് കാലത്തെ അന്തർസംസ്ഥാന യാത്രാനിയന്ത്രണങ്ങളെത്തുടർന്ന് കോഴിക്കോട്–കുറ്റ്യാടി–മൈസൂർ റൂട്ടിൽ സർവീസ് നടത്തിവന്നിരുന്നു. എന്നാൽ നിലവിൽ അന്തർസംസ്ഥാന കരാർപ്രകാരം മാനന്തവാടി–മൈസൂർ റൂട്ടിൽ രണ്ട് ട്രിപ്പുകളും പൂർണ്ണമായും നടത്തുന്നതിനാൽ കേരളത്തിനുള്ളിലുള്ള ട്രിപ്പ് പുനഃക്രമീകരിക്കുകയാണുണ്ടായത്. കോഴിക്കോട്–കുറ്റ്യാടി റൂട്ടിലും

കുറ്റ്യാടി–മാനന്തവാടി റൂട്ടിലും കെ.എസ്.ആർ.ടി.സി. സർവീസുകൾ ആവശ്യാനുസരണം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട്–കുറ്റ്യാടിവഴി മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് കോഴിക്കോട്, വടകര യൂണിറ്റുകളിൽനിന്നും സർവീസുകൾ നടത്തിവരുന്നുണ്ട്.

(സി) നിലവിൽ മാനന്തവാടിയിൽനിന്നും കുറ്റ്യാടിവഴി തിരുവനന്തപുരത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിരവധി യാത്രക്കാർക്ക് സീറ്റ് ലഭിക്കാത്തതിനാൽ നിരന്തരം പരാതി ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ മാനന്തവാടിയിൽനിന്നും കുറ്റ്യാടിവഴി തിരുവനന്തപുരത്തേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയുടെ തിരുവനന്തപുരം–മാനന്തവാടി (കുറ്റ്യാടിവഴി) സർവീസിന് 19-05-2024 മുതൽ 18-06-2024 വരെ ലഭ്യമായ വരുമാനം പരിശോധിച്ചതിൽ ടി സർവീസിന്റെ ശരാശരി പ്രതികിലോമീറ്റർ വരുമാനം 41.22 രൂപയും 2024

സെപ്റ്റംബർ മാസത്തെ വരുമാനം പരിശോധിച്ചതിൽ 40.35 രൂപയും മാത്രമാണ്. ആയതിനാൽ പുതിയ ദീർഘദൂര സർവീസ് ടി റൂട്ടിൽ നടത്തുന്നത് ഗുണകരമല്ല.

കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ ആകുന്നത് ഒഴിവാക്കാൻ നടപടി

254(1831) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ബ്രേക്ക് ഡൗൺ നിരക്കുകൾ ഇരട്ടിയായ സാഹചര്യത്തിൽ വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

2023 കലണ്ടർ വർഷത്തെ (12 മാസത്തെ) നിരക്ക് മൊത്തമായി പരിശോധിച്ചപ്പോൾ ബ്രേക്ക്ഡൗൺ നിരക്ക് 0.23 (10000 KM-ന്) എന്നുള്ളതാണ്. എന്നാൽ 2024-ലെ ആഗസ്റ്റ് മാസം വരെയുള്ള (8 മാസത്തെ) നിരക്ക് പരിശോധിക്കുമ്പോൾ ബ്രേക്ക്ഡൗൺ നിരക്ക് 0.29

(10000 KM-ന്) എന്നതാണ്. ഇത്തരത്തിൽ മുൻവർഷത്തെ മുഴുവൻ മാസങ്ങളിലെ കണക്കുകളും ഈ വർഷത്തെ ആദ്യത്തെ 8 മാസത്തെ കണക്കുകളും താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ വർധനവുണ്ടായിട്ടില്ലെന്ന് വിലയിരുത്തുന്നു.

ടി ബ്രേക്ക്ഡൗൺ നിരക്ക് വീണ്ടും കുറയ്ക്കുന്നതിലേയ്ക്ക് സൂപ്പർ ചെക്കിങ് വർധിപ്പിക്കുന്നതിന് നിർദേശം നൽകി നടപ്പിലാക്കിവരുന്നു. കൂടാതെ യൂണിറ്റ് വർക്ക്ഷോപ്പിൽ നിർവഹിക്കുന്ന Periodic Maintenance-കളുടെ കാര്യക്ഷമത വർധിപ്പിക്കാനാവശ്യമായ ക്രമീകരണങ്ങളും ജീവനക്കാരെയും നിയോഗിച്ചുവരുന്നു.

(ബി) മികച്ച കളക്ഷനുള്ള ദീർഘദൂര സർവീസുകൾപോലും തുടർച്ചയായി ബ്രേക്ക് ഡൗണാകുന്നതുമൂലം യാത്രക്കാർ കൂടുതലായി പ്രൈവറ്റ് ബസ് സർവീസുകളെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ദീർഘദൂര സർവീസുകൾക്ക് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് മുഖാന്തരം 2022-23 കാലയളവ് മുതൽ 8 സ്ലീപ്പർ വോൾവോ ബസ്സുകളും 20

എ.സി., 88 സൂപ്പർ ഡീലക്സ് സെമി സ്ലീപ്പർ, 2 സ്ലീപ്പർ കം സീറ്റർ, 151 സൂപ്പർ ഫാസ്റ്റ് എയർ സസ്പെൻഷൻ ബസ്സുകളും നിരത്തിലിറക്കി സർവീസ് നടത്തിവരുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ടുപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 10 സൂപ്പർ ഫാസ്റ്റ് പ്രീമിയം A/C (push back seat) ബസ്സുകൾ KSRTC-SWIFT-ന്റെ ഫണ്ടുപയോഗിച്ച് വാങ്ങി സർവീസ് നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർ ക്ലാസ് ശ്രേണിയിലുള്ള ഡീലക്സ് മിന്നൽ ബസ്സുകൾ പൂർണ്ണമായി നവീകരിച്ച് സർവീസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും തൽഫലമായി നാളിതുവരെ 22 ബസ്സുകൾ നവീകരിച്ച് സർവീസിന് നൽകുകയും ചെയ്തിട്ടുണ്ട്.

ദീർഘദൂര സർവീസുകൾക്ക് ഉപയോഗിക്കുന്ന ബസ്സുകൾ ഏതെങ്കിലും സാഹചര്യത്തിൽ ബ്രേക്ക്ഡൗൺ ആകുകയാണെങ്കിൽ യാത്രക്കാരുടെ സൗകര്യാർത്ഥം തൊട്ടടുത്ത ഡിപ്പോയിൽനിന്നും പകരം സംവിധാനമൊരുക്കുന്നതിനോ ഇതേ റൂട്ടിലുള്ള മറ്റ് ബസ്സുകളിൽ

യാത്രാസൗകര്യം ക്രമീകരിക്കുന്നതിനോ നിർദ്ദേശം നൽകിയിട്ടുള്ളതും അതുപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എന്നാൽ പ്രസ്തുത സൗകര്യമൊരുക്കാൻ കഴിയാത്ത ചുരുക്കം സാഹചര്യങ്ങളിൽമാത്രം ബസ്സ് ലഭ്യമല്ലാത്ത വിവരം യാത്രക്കാരെ മുൻകൂട്ടി അറിയിക്കുന്നതിനും റിസർവേഷൻ തുക മടക്കി നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബസ്സുകളുടെ ബ്രേക്ക്ഡൗൺ നിരക്ക് കുറച്ച് സർവീസ് ഓപ്പറേഷൻ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കാലപ്പഴക്കമേറിയ ബസ്സുകൾ ഒഴിവാക്കുന്നതിനും ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വാങ്ങുന്ന ബസ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നിർവഹിക്കുന്നതിനും പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിനും 5 വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫ്ലീറ്റ് & ഇൻവെന്ററി മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി ബസ്സുകളുടെ

അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുവരുന്നു. യൂണിറ്റ് വർക്ക്ഷോപ്പുകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെക്കാനിക്കൽ ജീവനക്കാരെ പുനർവിന്യസിക്കുകയും ആയതിനുശേഷവും മതിയായ എണ്ണം മെക്കാനിക്കൽ ജീവനക്കാർ ലഭ്യമല്ലാത്ത യൂണിറ്റുകളിൽ കുറവുള്ള ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ബസ്സുകളുടെ preventive maintenance നടത്തുന്നുണ്ട്. പുതുതായി വാങ്ങുന്ന ബസ്സുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബോഡി നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ സാങ്കേതിക സമിതിയെ നിയോഗിച്ച് പ്രോട്ടോ ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. ബസ്സുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കി വിതരണം ചെയ്തതിനുശേഷം എല്ലാ ബസ്സുകളും ദർഘാസ് സ്പെസിഫിക്കേഷൻ പ്രകാരം പരിശോധിച്ചിട്ടാണ് ബസ്സുകൾ സ്വീകരിക്കുന്നത്.

തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ഷോപ്പിങ് കോംപ്ലക്സ്

255(1832) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും ഷോപ്പിങ് കോംപ്ലക്സിന്റെയും നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് ലഭ്യമായ അനുമതികളിൽനിന്ന് എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തിരുവല്ല ബസ്സ് ടെർമിനൽ കോംപ്ലക്സ് രണ്ട് ബേസ്മെന്റ് നിലകളും ഗ്രൗണ്ട് ഫ്ലോറുമുൾപ്പെടെ 12 നിലകളായി നിർമ്മാണം ആരംഭിച്ചപ്പോഴാണ് ബിൽഡിങ് പെർമിറ്റ് ലഭിച്ചത്. എന്നാൽ തിരുവല്ല ബസ്സ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിക്കവേ ബസ്സ് സ്റ്റേഷനുകളിൽ മൾട്ടിപ്ലക്സ് തിയേറ്റർ ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനിൽ മാറ്റം വരുത്തേണ്ടതായിവന്നു.

(ബി) പ്രസ്തുത ഷോപ്പിങ് കോപ്ലക്സിന്റെ ഉദ്ഘാടനം എന്നാണ് നടത്തിയത്; വ്യക്തമാക്കാമോ?

ഉദ്ഘാടനം നടത്തിയത് 06-06-2015-നാണ്.

(സി) അനുമതിപത്രത്തിൽനിന്നും വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾക്ക് അംഗീകാരം തേടി അപേക്ഷ സമർപ്പിച്ചത് എന്നാണ്; വ്യക്തമാക്കാമോ?

09-02-2015-ൽ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ബിൽഡിങ് നമ്പറും ഡോർ നമ്പറും ലഭിക്കാൻ അപേക്ഷ സമർപ്പിച്ചു.

(ഡി) ഉദ്ഘാടനം കഴിഞ്ഞാണ് കെട്ടിടത്തിന് നഗരസഭ നമ്പർ അനുവദിച്ചുകൊടുത്തത് എന്നതിന്റെ കാരണമെന്താണ്; വിശദമാക്കാമോ?

06-06-2015-ൽ തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ കോംപ്ലക്സ് ഉദ്ഘാടനം ചെയ്ത് ബസ്സ് ഓപ്പറേഷൻ പൂർണ്ണതോതിൽ തുടങ്ങിയിരുന്നു. എന്നാൽ ബസ്സ് ടെർമിനൽ കോംപ്ലക്സിന്റെ ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ കെട്ടിട നമ്പർ തിരുവല്ല മുനിസിപ്പാലിറ്റിയിൽനിന്നും ലഭിച്ചിരുന്നില്ല. Fire and Rescue Services Department-ന്റെ വിവിധ പരിശോധനാഘട്ടങ്ങളിൽ അവരുടെ നിർദേശപ്രകാരം 97,00,000/- രൂപയുടെകൂടി Fire Fighting സംബന്ധമായ അധികജോലികൾ ചെയ്യേണ്ടിവന്നു. മേൽ ജോലികൾകൂടി ചെയ്യേണ്ടിവന്നത് കാലതാമസത്തിനിടയാക്കി. 17-12-2018-ൽ Fire and Rescue Services Department-ൽനിന്നും ഫൈനൽ Fire N.O.C. ലഭിക്കുകയും ആയതുകൂടി ഉൾപ്പെടുത്തി തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് 21-12-2018-ൽ വീണ്ടും

അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടി അപേക്ഷപ്രകാരം തിരുവല്ല ബസ്സ് ടെർമിനൽ കോംപ്ലക്സ് കെട്ടിടത്തിന് 22-02-2019-ൽ ഒക്യുപൻസി സർട്ടിഫിക്കറ്റും കെട്ടിടനമ്പറും ലഭിക്കുകയും ചെയ്തു.

(ഇ) ഓരോ നിലയിലും ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എത്രയാണ്; ഷോപ്പിങ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

തിരുവല്ല ബസ്സ് ടെർമിനൽ കോംപ്ലക്സിൽ 31-09-2024-ൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലവിവരങ്ങൾ ചുവടെ വിവരിക്കുന്നു.

ഒന്നാം നില	8124.64 sq.ft.
രണ്ടാം നില	9691.37 sq.ft.
മൂന്നാം നില	10630.04 sq.ft.
നാലാം നില	8076.97 sq.ft.
എട്ടാം നില	14268.21 sq.ft.
ആകെ	50791.23 sq.ft.

ദിനപത്രങ്ങളിൽ പരസ്യം ചെയ്ത് ഇ-ടെൻഡർ മുഖേനയും Auction cum tender മുഖേനയും 17 തവണ കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. 07-06-2024-ലാണ് Auction cum Tender അവസാനമായി

നടത്തിയത്. കൂടാതെ ടെൻഡർ മുഖേനയല്ലാതെ ലഭിച്ച അപേക്ഷകൾപ്രകാരം ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ച rock bottom rate-ന് space-കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ബസ്സ് യാർഡിലും ബസ്സ് വേയിലും പൂട്ടുകട്ടകൾ ഇളകി കിടക്കുന്നതും കസേരകൾ ഉപയോഗശൂന്യമായതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ബസ്സ് യാർഡിലും ബസ്സ് ബേയിലും പൂട്ടുകട്ടകൾ ഇളകി കിടക്കുന്ന അവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇളകി കിടക്കുന്ന കസേരകൾ ഉറപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടനിർമ്മാണം

256(1833) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ.-യുടെ എ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം

നിർമ്മിക്കാൻ 2015-16 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. സമർപ്പിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്.

ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഇലക്ട്രിക് ബസ്സുകൾ

257(1834) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് കൂടുതൽ ഇലക്ട്രിക് ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കുമോ?

ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ നാല് ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്. ആറ്റിങ്ങൽ ഡിപ്പോയ്ക്ക് കൂടുതൽ ഇലക്ട്രിക് ബസ്സുകൾ അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുമുള്ള ദീർഘദൂര ബസുകൾ

258(1835) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ എത്ര ദീർഘദൂര ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്നും നാളിതുവരെ എത്ര സൂപ്പർ ഫാസ്റ്റ് ബസുകൾ സർവീസ് നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ ഇത്തരം 10 ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നടത്തിവരുന്നുണ്ട്. എന്നാൽ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല.

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസുകളുടെ റൂട്ട് വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിൽനിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും സർവീസ് നടത്തി വന്നിരുന്ന ചാത്തന്നൂർ-കുമളി സർവീസ് ഇപ്പോഴും തുടരുന്നുണ്ടോ; പ്രസ്തുത സർവീസിന്റെ റൂട്ട് മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ചാത്തന്നൂർ ഡിപ്പോയിൽനിന്നും കുമളി സർവീസ് നിലവിൽ സർവീസ് നടത്തുന്നില്ല. ഒരേ റൂട്ടിൽ സർവീസ് നടത്തുന്ന ബസ്സുകളുടെ ഓവർ ലാപ്പിങ് ഒഴിവാക്കുന്നതിന്റെയും നഷ്ടത്തിൽ ഓടുന്ന സർവീസുകൾ പുനഃക്രമീകരിച്ച് വരുമാന ലഭ്യതയും യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി നഷ്ടത്തിലുള്ള കുമളി സർവീസ്, 6.20–ചാത്തന്നൂർ-കുണ്ടറ-ഭരണിക്കാവ്-അടൂർ-പത്തനംതിട്ട-8.25, 8.45-പത്തനംതിട്ട-അടൂർ-കൊട്ടാരക്കര-തിരുവനന്തപുരം-12.00, 12.55-തിരുവനന്തപുരം-NH-ആലപ്പുഴ-17.25, 17.40 - ആലപ്പുഴ-NH-ചാത്തന്നൂർ-20.40 റൂട്ടിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചാണ് നിലവിൽ സർവീസ് നടത്തുന്നത്.

എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം

259(1836) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എടത്വ ഡിപ്പോയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പുമുഖേന നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്തായി, Retiring റൂം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവിടെനിന്നും കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എടത്വ ഡിപ്പോയിൽനിന്നും ആറ് ഫാസ്റ്റ് പാസഞ്ചർ സർവീസുകളും 17 ഓർഡിനറി സർവീസുകളുമുൾപ്പെടെ ആകെ 23 സർവീസുകൾ പ്രതിദിനം നടത്തിവരുന്നുണ്ട്. കൂടുതൽ സർവീസുകൾ ആരംഭിക്കണമെന്ന നിവേദനങ്ങളിന്മേൽ സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

(സി) കൂട്ടനാട്ടിൽ നിർത്തലാക്കിയ മുഴുവൻ സ്റ്റേ സർവീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാവാലം സ്റ്റേ സർവീസ് 19-09-2024-ൽ ആരംഭിച്ചിട്ടുണ്ട്. ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ്സ് സർവീസുകൾ/ ട്രിപ്പുകൾ പുനഃക്രമീകരിച്ച് നടത്തിവരുന്നുണ്ട്. ജീവനക്കാരുടെയും ബസ്സിന്റെയും സുരക്ഷയും ലഭ്യമായ സ്ഥലസൗകര്യവും ജീവനക്കാർക്ക് ടോയ്ലറ്റ്, ബാത്ത്റൂം ഉൾപ്പെടെയുള്ള മതിയായ വിശ്രമം ലഭിക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാകുന്നമുറയ്ക്ക് സ്റ്റേ സർവീസുകൾ പുനരാരംഭിക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ ഗ്രാമവണ്ടി പദ്ധതി

260(1837) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതി നിലവിൽ തുടരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.ആർ.ടി.സി.-യും കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 19 യൂണിറ്റുകളിലായി 23 ഗ്രാമവണ്ടി സർവീസ് ആരംഭിച്ചിരുന്നു. എന്നാൽ കൊല്ലം, നിലമ്പൂർ എന്നീ യൂണിറ്റുകളിൽനിന്നുള്ള ഗ്രാമവണ്ടി സർവീസുകളുടെ ഡീസൽ തുക ലഭ്യമാക്കാത്തതിനാൽ യഥാക്രമം 09-09-2024, 16-08-2024 എന്നീ തീയതി മുതൽ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം യൂണിറ്റിലെ ഗ്രാമവണ്ടി സർവീസ് തുടർന്ന് നടത്തേണ്ടതില്ലെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ആവശ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത ഗ്രാമവണ്ടി സർവീസും നിർത്തിവച്ചിട്ടുണ്ട്. മറ്റ് 20 ഗ്രാമവണ്ടി സർവീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നു.

(ബി) ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ നിലവിൽ ആറളം ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കണ്ണൂർ-ആറളം ഫാം ഗ്രാമവണ്ടി സർവീസ് 11-04-2023 മുതൽ സർവീസ് നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദേശിക്കുന്ന റൂട്ടുകളിൽ സർവീസ് നടത്തുന്ന ടി ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് അനുമതി നൽകി 22-03-2022-ലെ സ. ഉ. (സാധാ) നം. 704/2022/LSGD, പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. സർവീസിന്റെ ഡീസൽ ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.
2. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദേശിക്കുന്ന സമയക്രമത്തിൽ സർവീസ് നടത്തുന്നതാണ്.
3. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവീസ് നടത്തിയിരിക്കേണ്ടതാണ്.

4. ബസ്, പരിപാലനം, ജീവനക്കാർ, ശമ്പളം, ഇൻഷ്വറൻസ്, പെർമിറ്റ് തുടങ്ങി ഡീസലൊഴികെ മറ്റെല്ലാ ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കും.

5. നിലവിൽ സർക്കാർ നിശ്ചയിച്ച ടിക്കറ്റ് നിരക്ക് മാത്രം ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവയ്ക്കനുസരിച്ചാണ് സർവീസുകൾ നടത്തുന്നത്.

6. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുസരിച്ച് 24 seater, 32 seater, സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ചാണ് സർവീസ് നടത്തുന്നത്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തുനിന്നും സർവീസ് നടത്തുന്നതാണ്.

8. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽനിന്നുതന്നെ ആരംഭിക്കാൻ കഴിയുന്ന സർവീസുകൾക്ക് മുൻഗണന നൽകും.

9. രണ്ടാംഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽ നിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽ നിന്നുകൂടി ആരംഭിക്കുന്ന സർവീസുകൾ പരിഗണിക്കുന്നതാണ്.

10. മൂന്നാംഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലഭ്യമാക്കി വീതി കുറഞ്ഞ റോഡുകളിൽക്കൂടി മേൽപ്രതിപാദിച്ച തരത്തിൽതന്നെ ഗ്രാമവണ്ടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

11. ചുവപ്പ്, മഞ്ഞ നിറങ്ങൾ നൽകി എല്ലാ ഗ്രാമവണ്ടികൾക്കും ഒരേ ഡിസൈൻ നിശ്ചയിച്ചിട്ടുണ്ട്.

12. ഡീസൽ തുക സ്പോൺസർ ചെയ്യുന്നതാണെങ്കിൽ ആ സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര്, വിശദാംശങ്ങൾ എന്നിവ നിശ്ചിത വലിപ്പത്തിൽ ബസ്സിൽ പ്രദർശിപ്പിക്കാൻ അനുവദിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-യുമായി മൂന്നുവർഷത്തേയ്ക്ക് കരാറിലേർപ്പെടേണ്ടതും പിന്നീട് കരാർ പുതുക്കാവുന്നതുമാണ്.

14. കെ.എസ്.ആർ.ടി.സി. പമ്പിൽനിന്നും ഡീസൽ നൽകുന്നതിന് ബസ്സ് ഒന്നിന് ഡീസൽ കുടുതൽ നിക്ഷേപമായി മുൻകൂർ ഒരു ലക്ഷം രൂപ നൽകണം. പിന്നീട് ഓരോമാസവും 20-ാം തീയതിക്കകം മുൻ മാസത്തെ യഥാർഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയാൽ മതിയാകും.

15. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്കുപുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവീസുകൾക്ക് ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിങ് സൗകര്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. ഒന്നോ അതിലധികമോ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നും ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

16. അതത് തദ്ദേശ സ്ഥാപനങ്ങൾ ബഹു. എം.എൽ.എ.-മാർ മുഖാന്തരം നൽകുന്ന അപേക്ഷകൾക്ക് മുൻഗണന നൽകും.

17. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരമാണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ/ചെയർപേഴ്സൺ/ മേയർ ചെയർമാനായും സെക്രട്ടറി കൺവീനറായും എല്ലാ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാർ, കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ധനെയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളെയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ./ എം.എൽ.എ.-മാർ, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കുന്ന തരത്തിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

കോങ്ങാട് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതി

261(1838) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മീൻവല്ലം, ശിരുവാണി, കാഞ്ഞിരപ്പുഴ എന്നിവയെ കോർത്തിണക്കി കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ടി വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുനർനിർമ്മാണം

262(1839) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പുനർനിർമ്മിക്കുമോയെന്ന് അറിയിക്കാമോ; കെ.എസ്.ആർ.ടി.സി.-യുടെ ഒരു ബസ് സ്റ്റാൻഡ് നവീകരിക്കാനോ പുനർനിർമ്മിക്കാനോ സർക്കാർ/വകുപ്പ് തലത്തിൽ തീരുമാനമെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിലവിൽ വന്നത് ഏത് വർഷമാണെന്നും നിലവിലെ ബസ് സ്റ്റാൻഡ് കെട്ടിടത്തിന് എത്ര വർഷത്തെ പഴക്കമുണ്ടെന്നും അറിയിക്കുമോ?

എറണാകുളം ബസ് സ്റ്റാൻഡ് MLA ഫണ്ട്, CSR ഫണ്ട് എന്നിവ ഉപയോഗിച്ച് നവീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ് സ്റ്റേഷൻ കെട്ടിടത്തിനുള്ളിൽ മഴവെള്ളം കയറുന്നത് തടയുന്നതിനായാണ് പ്രവൃത്തി ചെയ്യുന്നത്. പ്രസ്തുത കെട്ടിടത്തിന് 56 വർഷത്തെ പഴക്കമുണ്ട്. 01-11-1968-ലാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിലവിൽ വന്നത്.

(ബി) ദിനംപ്രതി എത്ര ബസ്സ് സർവീസുകളാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഒരു ദിവസം എത്ര ബസ്സുകൾ സ്റ്റാൻഡിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

75 സർവീസുകളാണ് ദിനംപ്രതി എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തുവരുന്നത്. കൂടാതെ വിവിധ ഡിപ്പോകളിൽനിന്നുള്ള 398 ബസ്സുകൾ പ്രസ്തുത ഡിപ്പോയിൽ വരികയും പോവുകയും ചെയ്യുന്നു.

(സി) പ്രസ്തുത ബസ്സ് സ്റ്റാൻഡിൽ നിലവിൽ എത്ര ജോലിക്കാരുണ്ടെന്ന വിവരം തസ്തിക, ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ ഇനം തിരിച്ച് പട്ടികയാക്കി നൽകുമോ?

എറണാകുളം യൂണിറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഡി) പ്രസ്തുത സ്റ്റാൻഡും പരിസരവും ശുചീകരിക്കുന്നതിന് തൊഴിലാളികളുണ്ടോ; എങ്കിൽ എത്ര തൊഴിലാളികളുണ്ടെന്നും ഇവരുടെ മേൽനോട്ടച്ചുമതല ആർക്കാണെന്നും അറിയിക്കുമോ; കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് ശുചീകരണം ആരുടെ ഉത്തരവാദിത്തമാണെന്ന് വിശദമാക്കുമോ?

ബസ് സ്റ്റാൻഡും പരിസരവും ശുചീകരിക്കുന്നതിന് രണ്ട് കാഷ്വൽ ജീവനക്കാരുണ്ട്. ഇവരുടെ മേൽനോട്ട ചുമതലയും ബസ് സ്റ്റാൻഡ് ശുചീകരണം സംബന്ധിച്ച നടപടികളുടെ ചുമതലയും എറണാകുളം യൂണിറ്റിലെ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്കാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) നിലവിലെ ബസ് സ്റ്റാൻഡിൽ മഴക്കാലത്ത് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏതെങ്കിലും പഠനത്തെ ആസ്പദമാക്കിയാണോ ആയതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉണ്ട്. തൽക്കാലം പമ്പ് സെറ്റ്, ഹോസ് എന്നിവ വാടകയ്ക്കെടുത്ത് വെള്ളം പമ്പ് ചെയ്തുകളയുകയാണ് ചെയ്യുന്നത്.

(എഫ്) പ്രസ്തുത സ്റ്റാൻഡിൽ യാത്രക്കാർക്കായി ടോയ്ലെറ്റ് സംവിധാനമുണ്ടോ; എങ്കിൽ ആയതിന്റെ നടത്തിപ്പ് ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ; നിലവിൽ ആയതിന്റെ നടത്തിപ്പുചുമതല ഏതെങ്കിലും ഏജൻസിക്കാണോ നൽകിയിട്ടുള്ളത്; എങ്കിൽ ഏജൻസിയുടെ വിശദാംശം നൽകുമോ?

യാത്രക്കാർക്കായി ടോയ്ലെറ്റ് സംവിധാനം നിലവിലുണ്ട്. ആയതിന്റെ നടത്തിപ്പ് M/s. SULABH International എന്ന ഏജൻസിക്കാണ് നൽകിയിട്ടുള്ളത്.

(ജി) പ്രസ്തുത സ്റ്റാൻഡിൽനിന്നുള്ള ടോയ്ലെറ്റ് മാലിന്യങ്ങൾ റോഡിലേയ്ക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രനാൾ കൂടുമ്പോഴാണ് ടോയ്ലെറ്റ് മാലിന്യങ്ങൾ ഒഴിവാക്കുന്നതെന്നും അവസാനമായി ടോയ്ലെറ്റ് ടാങ്ക് മാലിന്യങ്ങൾ ഒഴിവാക്കിയ തീയതി എന്നാണെന്നും അറിയിക്കുമോ; മാലിന്യനീക്കത്തിന് ഏത് തരത്തിലുള്ള കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എറണാകുളം കോർപ്പറേഷൻ ഓട ക്ലീൻ ചെയ്യാത്തതുകൊണ്ട് ഓടയിൽനിന്നുള്ള വെള്ളം ബസ് സ്റ്റാൻഡിലേയ്ക്ക് ഒഴുകിവരികയും വെള്ളക്കെട്ടുണ്ടാകുകയും ചെയ്യുന്നുണ്ട്.

യൂണിറ്റ് തലത്തിൽ ക്വട്ടേഷൻ സ്വീകരിച്ച് 04-01-2024-ൽ ടോയ്ലെറ്റ് ടാങ്ക് മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്.

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ കാര്യക്ഷമമാക്കാൻ നടപടി

263(1840) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ കാര്യക്ഷമമാക്കാനും ഡിപ്പോയിൽ നേരത്തെയുണ്ടായിരുന്ന ബസ് സർവീസുകൾ പുനഃസ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 47 ഓർഡിനറി, 6 ഫാസ്റ്റ് പാസഞ്ചർ, 2 സൂപ്പർ ഫാസ്റ്റ്, 1 സൂപ്പർ ഡീലക്സുൾപ്പെടെ ആകെ 56 സർവീസുകളാണ് പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നത്. നേരത്തെയുണ്ടായിരുന്ന സർവീസുകളിലെ യാത്രക്കാർ കൂടുതലായി ആശ്രയിച്ചിരുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കാഞ്ഞങ്ങാട് ഡിപ്പോ നിലവിൽ പ്രവർത്തനം മെച്ചപ്പെടുത്തിവരുന്നു.

(ബി) കാഞ്ഞങ്ങാട് ഡിപ്പോയിൽനിന്നും പാണത്തൂർവഴി അന്തർ സംസ്ഥാന ബസ് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ കാഞ്ഞങ്ങാട് യൂണിറ്റിൽനിന്ന് പാണത്തൂർവഴി സുള്ള്യയിലേയ്ക്ക് മൂന്ന് അന്തർസംസ്ഥാന സർവീസുകൾ നടത്തിവരുന്നുണ്ട്.

അന്തർസംസ്ഥാന കരാർപ്രകാരം മാത്രമെ കൂടുതൽ അന്തർ സംസ്ഥാന സർവീസുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

സ്മാർട്ട്സിറ്റി ഫണ്ടുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ

264(1841) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസ്സുകൾ അനധികൃത യാത്ര നടത്തുന്നതായി തിരുവനന്തപുരം കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്മാർട്ട് സിറ്റി ഫണ്ടുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വാങ്ങി നൽകിയ ഇലക്ട്രിക് ബസ്സുകൾ അനധികൃത യാത്ര നടത്തുന്നുവെന്ന ആരോപണം സംബന്ധിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് നാളിതുവരെ കത്തുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഇലക്ട്രിക് ബസ്സുകളിൽ

നിന്നുള്ള ആപ്ലിക്കേഷൻ പ്രോഗ്രാമിങ് ഇന്റർഫേസ് (API) ഡാറ്റ നൽകുന്നതിന് സ്മാർട്ട് സിറ്റി കത്തയച്ചിട്ടുണ്ട്.

(ബി) സർവീസ് ക്രമീകരണം, വരുമാന പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിൽ കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.-യും സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ? പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും തിരുവനന്തപുരം കോർപ്പറേഷനും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയും തമ്മിൽ ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ സർവീസ് ക്രമീകരണം, വരുമാന പങ്കാളിത്തം എന്നിവ സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. പൊതുഗതാഗത പ്രശ്നം പരിഹരിക്കാനായി ഇ-ബസ്സുകളുപയോഗിച്ച് സിറ്റി സർവീസുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി മൂന്നാം കക്ഷിയെ (KSRTC-SWIFT) ഉപദേശിക്കുന്നതിനായി

തിരുവനന്തപുരം കോർപ്പറേഷൻ മേയർ അധ്യക്ഷയായ ഒരു ഉപദേശക സമിതിയുണ്ടായിരിക്കും.

2. തിരക്കേറിയ സമയങ്ങളിൽ തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ സിറ്റി സർക്കുലറായും തിരക്ക് കുറഞ്ഞ സമയങ്ങളിൽ സബർബൻ പ്രദേശത്ത് മൂന്നാംകക്ഷി (KSRTC-SWIFT) ഗതാഗത സേവനം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും മികച്ച കണക്റ്റിവിറ്റി നൽകുന്ന രീതിയിൽ നൽകണം.
3. ഇലക്ട്രിക് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന വരുമാനം മൂന്ന് സ്ഥാപനങ്ങളിൽനിന്നുള്ള പ്രതിനിധികളുൾപ്പെട്ട ടീം പിന്നീട് പ്രത്യേകം കണക്കാക്കി വരുമാനം പങ്കിടുന്നതിനെ സംബന്ധിച്ചുള്ള സാധ്യത രൂപപ്പെടുത്തേണ്ടതാണ്.

(സി) ഈ കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കരാറുമായി ബന്ധപ്പെട്ട് തർക്കമുണ്ടാകുന്ന സാഹചര്യങ്ങളിൽ മൂന്ന് കക്ഷികളും ചർച്ചചെയ്ത് പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ട്.

കോവിഡ് കാലത്ത് അഴീക്കോട് മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്ആർ.ടി.സി. ബസ്സുകൾ

265(1842) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് അഴീക്കോട് മണ്ഡലത്തിൽ നിർത്തലാക്കിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവീസ് പുനരാരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) നിർത്തലാക്കിയ ബസ്സ് സർവീസുകളിൽ ബാക്കിയുള്ളതുകൂടി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം നൽകാമോ?

(എ&ബി) കോവിഡ് കാലത്ത് അഴീക്കോട് മണ്ഡലത്തിൽ നിർത്തലാക്കിയിരുന്ന 8 ട്രിപ്പുകൾ കണ്ണൂർ യൂണിറ്റിൽനിന്നും 11.45 അഴീക്കൽ - തലശ്ശേരി സർവീസിലുൾപ്പെടുത്തി പുനരാരംഭിച്ചിട്ടുണ്ട്.

കോവിഡ് സാഹചര്യങ്ങളിൽ യാത്രാവശ്യം കുറവായി നിന്നുപോയതും നിലവിൽ യാത്രാവശ്യം വരുന്നതുമായ സർവീസുകൾ പുനരാരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

കൊച്ചി അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി

266(1843) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി (യു.എം.ടി.എ./കെ.എം.ടി.എ.) പദ്ധതി മുഖാന്തരം എന്താണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദീകരിക്കുമോ?

കൊച്ചി നഗരത്തിന്റെ ഗതാഗത ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കുംവേണ്ടിയാണ് കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. നഗരഗതാഗതം സുഗമവും സുരക്ഷിതവുമാക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പരപൂരകമാകുംവിധം പ്രവർത്തിക്കുന്നതിനും അതോറിറ്റിയുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) കൊച്ചി നഗരത്തിന് തനതായ നഗരഗതാഗതം ഒരു കുടക്കീഴിലേയ്ക്ക് കൊണ്ടുവരുമെന്നുള്ള രീതിയിൽ അവതരിപ്പിച്ച അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദീകരിക്കുമോ?

പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച് അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ സാമ്പത്തിക കാരണങ്ങളാൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സത്വരനടപടി സ്വീകരിക്കുന്നതാണ്.

(സി) പദ്ധതി നടത്തിപ്പിനായി ഏത് രീതിയിലാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതെന്ന് അറിയിക്കുമോ; ഇതിനായി എത്ര ഉദ്യോഗസ്ഥരെയാണ്, ഏതെല്ലാം വകുപ്പുകളിൽനിന്ന് നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ; എറണാകുളത്ത് എവിടെയാണ് പദ്ധതിയുടെ കാര്യാലയം സ്ഥിതി ചെയുന്നതെന്നും ഏത് വകുപ്പിന് കീഴിലാണ് ഈ അതോറിറ്റി നിലകൊള്ളുന്നതെന്നുമുള്ള വിവരം അറിയിക്കുമോ?

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 06-12-2023-ലെ സ.ഉ. (സാധാ.) നം. 5442/2023/പൊ.ഭ.വ. പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ

നിയമിച്ചിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് കാര്യാലയമില്ല. ഗതാഗത വകുപ്പിനുകീഴിലാണ് പ്രസ്തുത അതോറിറ്റി നിലകൊള്ളുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്നും ശമ്പളം ഇനത്തിൽ ഉദ്യോഗസ്ഥർക്ക് എത്ര രൂപ, ഏതൊക്കെ തസ്തികകളിലായി നൽകിയിട്ടുണ്ടെന്നതും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

നടപ്പ് സാമ്പത്തിക വർഷം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശീർഷകത്തിൽ 3.10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പളയിനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വൈപ്പിനിൽ നിന്നുള്ള സ്വകാര്യബസ്സുകളുടെ നഗരപ്രവേശനം

267(1844) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗരപ്രവേശത്തിനായി 27-11-2023-ൽ ഗതാഗത വകുപ്പ് പുറപ്പെടുവിച്ച ജി. ഒ. (പി) നം. 27/2023 ഉത്തരവുപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പെർമിറ്റിനുള്ള പുതിയ അപേക്ഷകളും നിലവിലുള്ള പെർമിറ്റുകളുടെ വേരിയേഷൻ ആവശ്യപ്പെട്ടും ലഭ്യമാകുന്ന അപേക്ഷകൾ സ്വീകരിച്ച് നടപടി കൈക്കൊണ്ടുവരുന്നു.

(ബി) പ്രസ്തുത സ്വകാര്യ ബസ്സുകളുടെ നഗരപ്രവേശത്തിന് പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിങ് ചേർന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. അപേക്ഷകൾ പരിഗണിക്കുന്നതിനായി 17-08-2024-ൽ ആർ.ടി.എ. ബോർഡ് യോഗം വിളിച്ചുചേർക്കുകയുണ്ടായി.

(സി) പ്രസ്തുത മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ ബസ്സുകളുടെ നഗരപ്രവേശത്തിനായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

(ഡി) യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൊച്ചി നഗരത്തിനുവേണ്ടി കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (സി.എം.പി.)

268(1845) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിനുവേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഒരു സ്വകാര്യ കൺസൾട്ടൻസിയെക്കൊണ്ട് തയ്യാറാക്കിയിട്ടുള്ള കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (സി.എം.പി.) കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കൊച്ചി നഗരത്തിന്റെ സമഗ്ര മൊബിലിറ്റി പ്ലാൻ (CMP) തയ്യാറാക്കാൻ 06-07-2023-ലെ സ. ഉ. (സാധാ.) നം. 282/2023/ഗതാ. ഉത്തരവുപ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് (KMRL) അനുമതി നൽകിയിരുന്നു.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. തുടർന്ന്, കേന്ദ്ര സർക്കാരിന് പങ്കാളിത്തമുള്ള അർബൻ മാസ് ട്രാൻസിറ്റ് കമ്പനി (UMTC)-യുടെ സഹായത്തോടെ കെ.എം.ആർ.എൽ. തയ്യാറാക്കിയ സമഗ്ര മൊബിലിറ്റി പ്ലാൻ (CMP) കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (KMTA)-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത സി.എം.പി. മൂന്നാമത് ഒരു വിദഗ്ധ സമിതിയക്കൊണ്ട് അവലോകനം നടത്തുന്നതിനും ബഹുജനാഭിപ്രായം സ്വരൂപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

23-07-2024-ൽ ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൊച്ചി മുനിസിപ്പൽ ടൗൺ ഹാളിൽ വിവിധ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, വിവിധ സർക്കാർ ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, മാധ്യമപ്രവർത്തകർ എന്നിവരുടെ സാന്നിധ്യത്തിൽ Stakeholder യോഗം ചേർന്നു. പ്രസ്തുത യോഗത്തിലും കൂടാതെ എറണാകുളം ജില്ലയിലെ Residents Association Apex Council (EDRAC)-ന്റെ നേതൃത്വത്തിൽ 28-08-2024-ൽ സംഘടിപ്പിച്ച ആലുവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന സെമിനാറിലും സമഗ്ര മൊബിലിറ്റി പ്ലാൻ (CMP) അവതരിപ്പിക്കുകയും അഭിപ്രായങ്ങളും നിർദേശങ്ങളും ആരായുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പൊതുജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും നേരിട്ട് വെബ്സൈറ്റ്വഴി സമർപ്പിക്കാനുള്ള സൗകര്യവും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നൽകിയിട്ടുണ്ട്.

(സി) കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രാഥമികകർത്തവ്യം നഗരത്തിന് ഒരു കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ രൂപപ്പെടുത്തുക എന്നാണെന്നിരിക്കെ പ്രസ്തുത സി.എം.പി. തയ്യാറാക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിച്ച സാഹചര്യം വിശദമാക്കുമോ?

കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 2014-ലെ Comprehensive Mobility Plan (CMP) toolkit പ്രകാരം ഓരോ നഗരവും അഞ്ചുവർഷത്തിലൊരിക്കൽ സമഗ്ര മൊബിലിറ്റി പ്ലാൻ (CMP) പുതുക്കേണ്ടതാണ്. ആയതിന്റെ ചുമതല KMTA-യിൽ നിക്ഷിപ്തമാണെങ്കിലും

ടി അതോറിറ്റിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ അംഗീകരിച്ച് നിയമനം നൽകി അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാലാണ് 06-07-2023-ലെ സ. ഉ. (സാധാ.) നം. 282/2023/ഗതാ. ഉത്തരവുപ്രകാരം CMP തയ്യാറാക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സർക്കാർ ചുമതലപ്പെടുത്തിയത്.

ബസ്സുകൾക്ക് പുതിയ പെർമിറ്റ് നൽകുന്നത്

269(1846) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ബസ്സുകൾ ഓടാത്ത റൂട്ടുകളിൽ പുതിയ പെർമിറ്റുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സംവിധാനം ഉറപ്പുവരുത്തുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും

പങ്കാളിത്തത്തോടെ ജനകീയ സദസ്സുകൾ സംഘടിപ്പിച്ച് പൊതുഗതാഗതം അനിവാര്യമായ റൂട്ടുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുകയും അപ്രകാരമുള്ള റൂട്ടുകളിൽ സ്റ്റേജ് കാര്യേജ് ബസ്സുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഓരോ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ ജനകീയ സദസ്സ് സംഘടിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അതിൻപ്രകാരം വിവിധ ജില്ലകളിൽ നടത്തിയ നൂറ്റിപ്പതിനഞ്ച് (115) ജനകീയ സദസ്സുകളിൽനിന്നായി രണ്ടായിരത്തി ഇരുന്നൂറ്റി നാല് (2204) റൂട്ട് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ജനകീയ സദസ്സ് മുഖേന ലഭിച്ച പ്രൊപ്പോസലുകൾ വിശദമായി പഠിച്ച് നിശ്ചിത മാതൃകയിൽ ROUTE ENQUIRY REPORT FOR A FRESH STAGE CARRIAGE തയ്യാറാക്കി സമർപ്പിക്കുന്നതിന് എല്ലാ ആർ.ടി.ഒ.-മാർക്കും ജോയിന്റ് ആർ.ടി.ഒ.-മാർക്കും നിർദേശം നൽകിയിട്ടുണ്ട്. റൂട്ട് എൻക്വയറി റിപ്പോർട്ടുകൾ നിലവിൽ തയ്യാറാക്കിവരികയാണ്.

(ബി) കോഴിക്കോട് ജില്ലയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് എത്ര യോഗങ്ങളാണ് ചേർന്നിട്ടുള്ളത്; യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം റൂട്ടുകളിലാണ് പെർമിറ്റ് നൽകാൻ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനുകീഴിൽ പതിനേഴ് (17) യോഗങ്ങളും വടകര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനുകീഴിൽ നാല് (4) യോഗങ്ങളും ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ ലഭിച്ച പ്രൊപ്പോസലുകളിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ റൂട്ടുകളിലാണ് ബസ് ഓടിക്കുന്നതിന് പെർമിറ്റ് ലഭ്യമാക്കാൻ അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നും ഇവയിൽ ഏതെല്ലാമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ റൂട്ടുകളിലെ പെർമിറ്റ് അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്; ആയത് നിരസിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

(സി&ഡി) കോഴിക്കോട് ആർ.ടി.ഒ. – 179 റൂട്ടുകൾ

വടകര ആർ.ടി.ഒ. –123 റൂട്ടുകൾ

അപേക്ഷകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+. പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചുവരികയാണ്.

ജലഗതാഗത മേഖലയിലെ നവീകരണ പ്രവർത്തനം

270(1847) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗത മേഖലയിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ബി) ഇന്ധനക്ഷമതയും ഉയർന്ന സുരക്ഷയുമുള്ള പുതിയ ഗതാഗത ബോട്ടുകൾ വാങ്ങുന്നതിനും ഫെറി സർവീസുകൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

(എ&ബി) അഞ്ചുവർഷംകൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. അതിനായി വിവിധ പാസഞ്ചർ കപ്പാസിറ്റിയിലുള്ള 18 സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ആദ്യഘട്ടത്തിൽ ഫെറി സർവീസുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സോളാർ ഇലക്ട്രിക് ബോട്ടുകൾ ഉൾപ്പെടുത്തി മെച്ചപ്പെട്ട യാത്രാസംവിധാനം പൊതുഗതാഗതത്തിൽ ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ അഞ്ചെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് ബോട്ടുകളിൽ ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് എറണാകുളം റ്റിലും സർവീസ് നടത്തിവരുന്നു. ഒരു വാട്ടർ ടാക്സികൂടി നിർമ്മാണം പൂർത്തീകരിച്ച് സർവീസിലുൾപ്പെടുത്തി. ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും ടൂറിസം സർവീസുകളും ജലഗതാഗത വകുപ്പ് നല്ലരീതിയിൽ നടത്തിവരുന്നു. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയിലുള്ള ജലഗതാഗത വകുപ്പിന്റെ സാന്നിധ്യം ഊട്ടിയുറപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിലൊന്നാണ് ഇന്ത്യയിലെ ആദ്യത്തെ സംരംഭമായ സോളാർ

ക്രൂയിസ് വെസ്സൽ 'ഇന്ദ്ര'. ഈ ബോട്ട് പൂർണ്ണമായും ശീതീകരിച്ചതും എല്ലാവിധ ആധുനിക സൗകര്യങ്ങളോടും സുരക്ഷയോടുംകൂടി ഐ.ആർ.എസ്. ക്ലാസിലാണ് നിർമ്മിച്ചിട്ടുള്ളത്. 3.71 കോടി രൂപ ചെലവഴിച്ചാണ് ഈ ബോട്ട് നിർമ്മിച്ചിട്ടുള്ളത്. ഇരുനിലകളുള്ള ഈ ബോട്ടിൽ ഒരു സമയം 100 യാത്രക്കാർക്ക് യാത്ര ചെയ്യുന്നതിനും കാഴ്ചകൾ ആസ്വദിക്കുന്നതിനുമുള്ള സൗകര്യമുണ്ട്. മുകളിലത്തെ നിലയിൽ കോൺഫറൻസ് ഹാളുൾപ്പെടെയുള്ള ക്രമീകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തനച്ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പൂർണ്ണമായും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്നതരത്തിലാണ് ബോട്ട് നിർമ്മിച്ചിട്ടുള്ളത്. സർവീസ് മുടക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സ്വദേശികൾക്കും വിദേശികൾക്കും കുറഞ്ഞ ചെലവിൽ പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് അവസരമൊരുക്കുന്നതിനും അതുവഴി യാത്രക്കാരുടെ എണ്ണവും ജലഗതാഗത വകുപ്പിന്റെ വരുമാനവും വർധിക്കുന്നതിനും യാത്രക്കാർക്കും ജീവനക്കാർക്കും കൂടുതൽ സുരക്ഷ

ഉറപ്പുവരുത്തുന്നതിനും പ്രവർത്തനച്ചെലവും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിനും സാധിച്ചു. ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും ജീവനക്കാരുടെ ഹാജർനില കൃത്യമായി പരിശോധിക്കുന്നതിന് പഞ്ചിങ് ഏർപ്പെടുത്തുകയും ചെയ്തു. ഇതുവഴി ഫയൽനീക്കം കൂടുതൽ വേഗത്തിലാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനും സാധിച്ചു. കൂടാതെ വകുപ്പിൽനിന്നും പൊതുജനങ്ങൾക്കായി നൽകിവരുന്ന വിദ്യാർഥികൾക്കുള്ള കൺസഷൻ, ഭിന്നശേഷി പാസ് എന്നീ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കോവളം മുതൽ ബേക്കൽ വരെയുള്ള പശ്ചിമതീര കനാലിനെ ദേശീയപാതാ നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ പ്രവൃത്തികളും ഫീഡർ കനാലുകളുടെ വികസനവും നടന്നുവരുന്നു. ടി പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് കനാലിലൂടെയുള്ള ജലഗതാഗതം പൂർണ്ണമായും സാധ്യമാകുന്നതാണ്.

(സി) ദേശീയ ജലപാത lll-മായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഫീഡർ കനാലുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയതും നടപ്പാക്കി വരുന്നതുമായ പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. IWT-Improvements to boat jetties in Perumbalam and Panavally Panchayaths of Aroor LAC.
2. Reconstruction of a C type RCC jetty near Kainakary Church in ward 8 of Kainakary Panchayath in Kuttanad LAC.
3. IWT-Desilting Kaayippuram-Pathiramanal boat route channel in Muhamma Panchayath of Cherthala LAC.
4. Deepening and widening of Anchuthengu padi kadavu-Pappen mukku feeder canal connecting National Waterway lll in Thrikkunnapuzha Panchayath of Harippad Constituency.
5. IWT-Desilting jankar boat route from Panavally-Perumbalam boat jetty to Perumbalam market jetty in Perumbalam Panchayath of Aroor LAC.
6. Desilting of Pamba river near Nannattumali padasekharam from Chekkidikkad (Pandi) Boat jetty towards east in Thakazhy Gramapanchayath of Kuttanadu LAC.

7. IWT-Desilting of Shastamadakkal thodu from National waterway to Vattakayal in Karthikapally Panchayath in Harippad LAC.
8. IWT-Consruction of boat jetties-constructing a 'C' type R.C.C. jetty at Kuppappuram North boat jetty in Kainakary Panchayath in Kuttanad LAC.
9. IWT-Renovation of Karumadikuttan boat jetty in Ambalappuzha south Panchayath in Ambalappuzha LAC.
10. IWT-Construction of boat jetties-constructing a C type RCC jetty at C block Padinjarechira Priyanka jetty in Kainakary Panchayath in Kuttanad LAC.
11. IWT-Construction of boat jetty at Kocheede jetty in ward no. V of Arattupuzha Panchayath in Harippad LAC.
12. CSIND-Modification of Poochakkal Boat jetty in Panavally Panchayath of Aroor LAC.
13. Investigation estimate for reconstruction of bridge at Irupathittil kadavu in Cheruthana Panchayath in Harippad LAC.
14. Investigation estimate for reconstruction of bridge at Mudikkuzhy in Cheruthana Panchayath in Harippad LAC.
15. Investigation estimate for reconstruction of bridge at Perumankara bridge in Cheruthana Panchayath in Harippad LAC.

16. GENERAL-St. Mary's School Boat Jetty-Construction of C type RCC Boat Jetty near St. Mary's School in Kainakary Panchayath in Kuttanadu LA Constituency-General Civil Work.
17. GENERAL-RCC C Type boat jetty-Construction of C type jetty at Ayiraveli in Kainakary Panchayth in Kuttanadu LAC- General Civil Work.
18. GENERAL-MUHAMMA PANCHAYATH-Improvements to existing boat jetty at Muhamma Boat Station in Muhamma Panchayath of Cherthala LAC-General Civil Work.
19. CSIND- Development of Inland waterways and canals- Improvements to Shanmugam canal from Ch.1400m to 4935m (balance work).
20. Demolishing and construction of foot bridge across Shanmugam canal at Charumthara in Padiyur panchayat.
21. IWT-Establishing boundary stones along both the banks of Shanmugam Canal for Demarcation.
22. GENERAL-IWT-Construction of boat jetty near Dana kadavu near Kakkathiruthy bridge in Perinjanam Panchayath-General Civil Work.
23. GENERAL-INVESTIGATION WORKS-Construction of Steel bridge at padur kodamukku in Venkidangu panchayath-Investigation Work.

24. GENERAL-IWT-Side protection works to the west bank of Vijayanthodu for a length of 70m behind Urban Primary Health Center Anappuzha in Kodungallur Muncipality-General Civil Work.

ജലഗതാഗതം വിപുലപ്പെടുത്താനുള്ള പുതിയ പദ്ധതികൾ

271(1848) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം വിപുലപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനായി ആധുനിക രീതിയിലുള്ള ബോട്ടുകൾ കൂടുതലായി സർവീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ജലഗതാഗതം മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടത്തിവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി സർവീസ് മുടക്കങ്ങൾ പരമാവധി ഒഴിവാക്കാനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും സ്വദേശികൾക്കും വിദേശികൾക്കും കുറഞ്ഞ ചെലവിൽ പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് അവസരമൊരുക്കുന്നതിനും

അതുവഴി യാത്രക്കാരുടെ എണ്ണവും വകുപ്പിന്റെ വരുമാനവും വർധിപ്പിക്കുന്നതിനും യാത്രക്കാർക്കും ജീവനക്കാർക്കും കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രവർത്തനച്ചെലവും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിനും സാധിച്ചു.

ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റ ഭാഗമായി ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോടുകൂടിയ സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കുന്നുണ്ട്. ഇതിനായി 20 പേർക്ക് യാത്രചെയ്യാവുന്ന സോളാർ ഇലക്ട്രിക് എ.സി. ബോട്ടുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി (1 എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള (40 AC+80 NON AC) പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് (2 എണ്ണം) എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പം ജലഗതാഗത വകുപ്പ്, ടൂറിസം വകുപ്പുമായി ചേർന്നുള്ള ജല ടൂറിസം പദ്ധതികൾ ആരംഭിക്കുന്നകാര്യം

പരിഗണനയിലുണ്ട്. ആയതിന്റെ സാമ്പത്തികവും സാങ്കേതികവുമായ പ്രാഥമിക പഠനങ്ങൾ നടത്തി തുടർനടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ ഏതെല്ലാം മേഖലകളിലാണ് ആരംഭിക്കുന്നത്; വിശദമാക്കാമോ?

കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, മലബാർ മേഖലയിലെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ കേന്ദ്രീകരിച്ച് വിവിധ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കൊല്ലം-ആലപ്പുഴ, ആലപ്പുഴ-എറണാകുളം ക്രൂയിസ് സർവീസ്, കായിപ്പുറം-പാതിരാമണൽ ഫെറി ടൂറിസം, കോട്ടയത്തുനിന്നും വേഗ ക്രൂയിസ് സർവീസ്, എക്സ്പ്ലോർ ആലപ്പുഴ കനാൽ ടൂറിസം, ബേപ്പൂർ-ചാലിയം ക്രൂയിസ് സർവീസ്, മൺറോതുരുത്ത് വില്ലേജ് ടൂറിസം സർവീസ്, ഫ്ലോട്ടിംഗ് റെസ്റ്റോറന്റ് ബോട്ട് സർവീസ്, വാട്ടർ ബസ്/ആംഫീബിയൻ ബോട്ട് സർവീസ് , ഡിന്നർ ക്രൂയിസ് സർവീസ്, പെരുമ്പളം-കാക്കത്തുരുത്ത് വില്ലേജ് ടൂറിസം സർവീസ്, എറണാകുളം-വരാപ്പുഴ വില്ലേജ് ക്രൂയിസ്, തൃക്കരിപ്പൂർ-

കവ്വായി ടൂറിസം സർവീസ്, പറശ്ശിനിക്കടവ്-മുനമ്പ് കടവ് ടൂറിസം സർവീസ്, കവ്വായി-മാൻഗ്രോവ് ടൂറിസം സർവീസ്, തൃക്കരിപ്പൂർ-കോട്ടപ്പുറം ക്രൂയിസ് സർവീസ് എന്നിവയാണ് ജലഗതാഗത വകുപ്പിന്റെ പരിഗണനയിലുള്ള വിവിധ പദ്ധതികൾ.

അരൂക്കുറ്റിയിൽനിന്ന് എറണാകുളത്തേയ്ക്ക് ബോട്ട് സർവീസ്

272(1849) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി അരൂക്കുറ്റിയിൽനിന്ന് എറണാകുളത്തേയ്ക്ക് ബോട്ട് സർവീസ് അനുവദിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് ട്രാഫിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ പ്രാഥമികമായ ഒരു റൂട്ട് സർവെ ഘട്ടങ്ങളായി നടത്തിയിരുന്നു. മേല്പറഞ്ഞ ജലപാതയിൽ വകുപ്പിന്റെ ബോട്ടുകളൊന്നും

നിലവിൽ സർവീസ് നടത്തുന്നില്ല. റൂട്ട് സർവെ നടത്തിയതിൽനിന്നും അത്തർ പാലത്തിനുമുമ്പും പാലം കടന്നതിനുശേഷം തേവരവരെയെത്തുന്ന പല സ്ഥലങ്ങളിലും ആഴക്കുറവ് അനുഭവപ്പെട്ടിരുന്നു. ആഴക്കുറവുള്ള സ്ഥലങ്ങളിൽ കൂടി സർവീസ് നടത്തുന്ന ജലയാനങ്ങളുടെ പ്രൊപ്പല്ലർ, റഡ്ഡർ എന്നിവ തകരാറാകുന്നത് നിരന്തരമായ സർവീസ് മുടക്കത്തിനും കാരണമാകുന്നതും ആയത് അധിക ബാധ്യതയുണ്ടാക്കുന്നതുമാണ്. ശക്തമായ വേലിയേറ്റവും വേലിയിറക്കവുമുണ്ടാകുന്ന മേഖലയെന്ന നിലയിൽ ബോട്ടുചാലുകളിൽ പല സ്ഥലങ്ങളിലും ചെറിയ മൺതിട്ടകൾ രൂപപ്പെട്ടിരിക്കുന്നതായും മനസ്സിലാക്കുന്നു. കൂടാതെ എറണാകുളം വരെയുള്ള ബോട്ടുചാലുകളിൽ പല സ്ഥലങ്ങളിലും ഊന്നിവലക്കുറ്റികൾ ധാരാളമായി സ്ഥാപിച്ചിട്ടുള്ളതിനാൽ ഒരേ സഞ്ചാരപാതയിലൂടെ ബോട്ടിന് സഞ്ചരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ധാരാളം സമയനഷ്ടമുണ്ടാക്കുന്നതുമാണ്. പഴയ ഊന്നിവലക്കുറ്റികൾ ദ്രവിച്ച് വെള്ളത്തിനടിയിൽ നിൽക്കുന്നതുമൂലമുള്ള അപകടസാധ്യതയും മുന്നിൽകാണുന്നു. എറണാകുളം മേഖലയിലേയ്ക്കെത്തിച്ചേരാൻ കൊച്ചി നേവൽ ബേസ് കടക്കുന്നതിന്

നിലവിൽ നേവിയുടെ പരിശീലനത്തിന്റെ ഭാഗമായിട്ടുള്ള സുരക്ഷാ പരിശോധനകൾ മുന്നറിയിപ്പ് കൂടാതെ നടക്കാറുള്ളതും ബോട്ട് സർവീസിന് സമയക്ലിപ്തത പാലിക്കുന്നതിന് തടസ്സമാകുന്നതുമാണ്. ടി മേഖല സ്ഥിരം ബോട്ട് സർവീസ് റൂട്ട് അല്ലാത്തതിനാൽ ബോട്ട് ചാലിന്റെ നിലവിലുള്ള ആഴം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കണം. ഇതിലേയ്ക്കായി ഹൈഡ്രോഗ്രാഫിക് സർവെ നടത്തുന്നതിന് തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുണ്ട്. ആഴക്കുറവുള്ള ഭാഗങ്ങൾ ഡ്രഡ്ജിങ് നടത്തി ആഴം വർധിപ്പിക്കേണ്ടതും ചാലിലെ മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതുമുണ്ട്. ഇത്തരത്തിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു റൂട്ട് സർവെകൂടി നടത്തിയും മറ്റ് മേഖലകളിൽനിന്നുമുള്ള ബോട്ട് പ്രയോജനപ്പെടുത്തിയും പാണാവള്ളി അരുക്കുറ്റി - എറണാകുളം ബോട്ട് റൂട്ട് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) വൈക്കം-എറണാകുളം റൂട്ടിൽ സർവീസ് നടത്തിയിരുന്ന വേഗ ബോട്ട് നിലവിൽ ഏത് റൂട്ടിലാണ് സർവീസ് നടത്തുന്നതെന്നും എത്ര

നാളുകളായി പ്രസ്തുത റൂട്ടിൽ സർവീസ് നടത്താൻ തുടങ്ങിയിട്ടെന്നും വിശദമാക്കാമോ?

വേഗബോട്ട് 10-06-2024 മുതൽ എറണാകുളം - ഫോർട്ട് കൊച്ചി റൂട്ടിലാണ് സർവീസ് നടത്തുന്നത്.

ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ

273(1850) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ മാറ്റുന്നതിലും പുതുക്കുന്നതിലും നികുതി വെട്ടിപ്പ് നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ മാറ്റുന്നതിലും പുതുക്കുന്നതിലും നികുതി വെട്ടിപ്പ് നടക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ജി ഫോം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചവരുത്തുക, നിയമപരമായി ഈടാക്കേണ്ട നികുതി ഈടാക്കാതെ നികുതി ഇളവ് അനുവദിച്ചു നൽകുക, നികുതി ഈടാക്കാതെ പല കാലയളവിലേയ്ക്കും അനധികൃതമായി ടാക്സ് ക്ലിയർ ചെയ്തുനൽകുക, stage carriage വാഹനങ്ങളുടെ നികുതി സ്വീകരിച്ചതിൽ ക്രമക്കേട് കണ്ടെത്തി വാഹൻസോഫ്റ്റ്വെയറിൽ RMA വാഹനങ്ങളുടെ പർച്ചേസ് വാല്യുവിൽ മന:പൂർവം കുറവുവരുത്തുക തുടങ്ങിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം

274(1851) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; എത്രകാലം ഒരു വാഹനം ഉപയോഗിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

Ministry of Road Transport and Highways-ന്റെ 17-10-2023-ലെ GSR 29(ഇ) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ട 52A അനുസരിച്ച് വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി പ്രാരംഭ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം വരെയാണ്.

(ബി) പതിനഞ്ച് വർഷം കഴിഞ്ഞ ഏതെല്ലാം തരം വാഹനങ്ങൾക്കാണ് നിരോധനമുള്ളതെന്ന് വിശദമാക്കാമോ; കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാലാവധി എത്രയെന്ന് അറിയിക്കാമോ?

“Special purpose vehicles used for operational purposes for defense of the country and for maintenance of law and order and internal security” എന്ന വിഭാഗത്തിൽ ഉപയോഗിക്കപ്പെടുന്ന സ്പെഷ്യൽ പർപ്പസ് വാഹനങ്ങൾ ഒഴികെയുള്ള, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ/യൂണിയൻ ടെറിറ്ററി

അഡ്മിനിസ്ട്രേഷൻ, മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത്, 2013-ലെ കമ്പനീസ് ആക്ടും ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടും പ്രകാരം സ്ഥാപിക്കപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിങ്സ്, പബ്ലിക് സെക്ടർ അണ്ടർടേക്കിങ്സ്, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുകയും പ്രസ്തുത വാഹനങ്ങൾ RVSF വഴി പൊളിച്ച് നീക്കേണ്ടതുമാണ്. 28-09-2024-ലെ സ. ഉ. (സാധാ) നം. 389/2024/TRANS, പ്രകാരം 30-09-2024-ന് കാലാവധി അവസാനിച്ച കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ കാലാവധി 30-09-2026 വരെയായി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പബ്ലിക് ട്രാൻസ്പോർട്ടിനായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്കില്ലാത്ത നിരോധനം സർക്കാർ വകുപ്പുകളിലെ പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് ബാധകമാകുന്ന അവസ്ഥയുണ്ടോ?

നിലവിൽ മറ്റ് സർക്കാർ വകുപ്പുകളുടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 15 വർഷത്തിൽനിന്നും നീട്ടി നൽകിയിട്ടില്ല.

(ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ പതിനഞ്ച് വർഷം കഴിഞ്ഞതും മൂന്ന് ലക്ഷം കിലോമീറ്ററിന് താഴെമാത്രം ഓടിയതും ഉപയോഗയോഗ്യവുമായ സർക്കാർ വാഹനങ്ങളെ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കത്തക്കവിധത്തിൽ നിയമഭേദഗതിക്ക് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാമോ?

Ministry of Road Transport and Highways-ന്റെ 17-10-2023-ലെ GSR 29(ഇ) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ട 52A അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുന്നവയിൽ പ്രവർത്തനക്ഷമമായ വാഹനങ്ങൾ തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ നികുതി വെട്ടിപ്പ്

275(1852) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹൻ സോഫ്റ്റ്വെയറിലെ പിഴവ് ഉപയോഗപ്പെടുത്തി മോട്ടോർ വാഹന വകുപ്പിൽ കോടികളുടെ നികുതി വെട്ടിപ്പ് നടന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വാഹൻ സോഫ്റ്റ്വെയറിൽ തെറ്റായ രേഖകൾ അപ്ലോഡ് ചെയ്ത് ക്രമവിരുദ്ധമായ നടപടികൾ സ്വീകരിച്ച് നികുതി വെട്ടിപ്പ് നടത്തിയത് സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ അന്വേഷണവും നടപടികളും സ്വീകരിച്ചുവരികയാണ്.

(ബി) വാഹൻ സോഫ്റ്റ്വെയറിൽ എഡിറ്റിങ് നടത്തുവാൻ ഉദ്യോഗസ്ഥർക്ക് അനുമതി നൽകാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനം ഉപയോഗിച്ചുകൊണ്ടിരുന്ന സോഫ്റ്റ്വെയറിൽനിന്നും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള സോഫ്റ്റ്വെയറിലേയ്ക്ക് മോട്ടോർ വാഹന വകുപ്പ് മാറിയപ്പോൾ Data Porting

ആവശ്യമായി വന്നു. പോർട്ട് ചെയ്യപ്പെട്ട ഡാറ്റയിലെ missing fields, enter ചെയ്യുന്നതിനും mismatch ആയിട്ടുള്ള ഫീൽഡുകൾ ചേർക്കുന്നതിനുമാണ് editing എന്ന option ഉദ്യോഗസ്ഥർക്ക് നൽകിയത്. Manual of Office Procedure (MOP) അനുസരിച്ചുള്ള ത്രിതല രീതിയിൽ (മൂന്ന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി – അതായത് entry, verify, approval) ആണ് editing നടത്തുന്നത്.

(സി) എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; ഈ കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

വകുപ്പുതല അന്വേഷണം നടത്തിയതിൽ വാഹൻ സോഫ്റ്റ്വെയറിൽ സ്വീകരിച്ച ജി ഫോം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുക, നിയമപരമായി ഈടാക്കേണ്ട നികുതി ഈടാക്കാതെ നികുതി ഇളവ് അനുവദിച്ചുനൽകുക, നികുതി ഈടാക്കാതെ പല കാലയളവിലേയ്ക്കും അനധികൃതമായി ടാക്സ് ക്ലിയർ ചെയ്തുനൽകുക, stage carriage വാഹനങ്ങളുടെ നികുതി സ്വീകരിച്ചതിൽ ക്രമക്കേട് കണ്ടെത്തി വാഹൻ സോഫ്റ്റ്വെയറിൽ

RMA വാഹനങ്ങളുടെ പർച്ചേസ് വാല്യൂവിൽ മന: പ്പൂർവ്വം കുറവുവരുത്തുക തുടങ്ങിയ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

ആംബുലൻസുകളുടെ ഉപയോഗം

276(1853) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആംബുലൻസുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 9134 ആംബുലൻസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചികിത്സാ സംബന്ധമായി ആശുപത്രികളിലേയ്ക്കും മറ്റ് ആതുര സേവന പ്രവർത്തനങ്ങൾക്കും ദുരന്തനിവാരണ ആവശ്യങ്ങൾക്കുമല്ലാതെ മറ്റെന്തെല്ലാം ആവശ്യങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മറ്റാവശ്യങ്ങൾക്ക് ആംബുലൻസുകൾ ഉപയോഗിക്കുന്നത് നിയമപ്രകാരം അനുവദനീയമല്ല.

(സി) സ്വകാര്യ യാത്രകൾക്ക് ആംബുലൻസുകൾ ഉപയോഗിക്കുകയാണെങ്കിൽ സ്വീകരിക്കുന്ന നിയമനടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 പ്രകാരവും 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ 192 എ വകുപ്പ് പ്രകാരവും കുറ്റകൃത്യത്തിന്റെ തീവ്രതയനുസരിച്ച് സെക്ഷൻ 53 പ്രകാരവും നടപടികൾ സ്വീകരിക്കുകയും അഡീഷണൽ ടാക്സ് ഈടാക്കുകയും വാഹനം നിയമാനുസൃതം കസ്റ്റഡിയിലെടുത്ത്, കുറ്റകൃത്യത്തിനാനുപാതികമായി കുറ്റപത്രം തയ്യാർ ചെയ്ത് പിഴ അടപ്പിക്കുകയും രജിസ്ട്രേഷൻ, ഫിറ്റ്നസ് എന്നിവ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് സ്വകാര്യ യാത്രകൾക്ക് ആംബുലൻസ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണവും വിശദവിവരവും ലഭ്യമാക്കാമോ?

ബാധകമല്ല.

ടൂറിസ്റ്റ് ബസുകളുടെ നികുതി കുറയ്ക്കാനുള്ള തീരുമാനം

277(1854) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ബ md സുകൾ കേന്ദ്ര സർക്കാരിന്റെ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളുടെ പിൻബലത്തിൽ സംസ്ഥാനത്ത് സ്ഥിരമായി സർവീസ് നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ബസ്സുകൾ സംസ്ഥാനത്ത് സ്ഥിരമായി സർവീസ് നടത്തിവരുന്നത് സംബന്ധിച്ച വിവര ശേഖരണം മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നുണ്ട്.

(ബി) ഇതിന് പരിഹാരമെന്നോണം ഇത്തരം ബസ്സുകളുടെ രജിസ്ട്രേഷൻ കേരളത്തിൽത്തന്നെ നടത്തുന്നതിന് സഹായകമാകുംവിധം ടൂറിസ്റ്റ് ബസ്സുകളുടെ നികുതി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ടൂറിസ്റ്റ് ബസ്സുകളുടെ നികുതിഘടന കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് എടുത്ത് കേരളത്തിൽ എത്തുന്ന ബസ്സുകളിൽനിന്നും നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ടാക്സേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഇതുസംബന്ധിച്ച് നടന്നുവരുന്ന കോടതി വ്യവഹാരങ്ങളുടെ അന്തിമ തീർപ്പിനുവിധേയമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

ആർ.സി. ബുക്കും ഡ്രൈവിങ് ലൈസൻസും നൽകുന്നതിലെ കാലതാമസം

278(1855) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി. ബുക്ക്, ഡ്രൈവിങ് ലൈസൻസ് എന്നിവ പുതിയതായി ഇഷ്യൂ ചെയ്യാനും പുതുക്കി നൽകാനും എത്ര ദിവസമാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ?

സേവനാവകാശ നിയമപ്രകാരം ആർ.സി. ബുക്ക് പുതിയതായി ഇഷ്യൂ ചെയ്യുവാനും പുതുക്കി നൽകാനും 10 പ്രവൃത്തി ദിവസങ്ങളാണ് വേണ്ടിവരുന്നത്. ഡ്രൈവിങ് ലൈസൻസ് പുതിയതായി ഇഷ്യൂ ചെയ്യാൻ 5 ദിവസവും പുതുക്കി നൽകുന്നതിന് 15 ദിവസവുമാണ് വേണ്ടിവരുന്നത്.

(ബി) ആർ.സി. ബുക്കും ഡ്രൈവിങ് ലൈസൻസും ഇപ്പോൾ കുറെ നാളുകളായി ഇഷ്യൂ ചെയ്യാറില്ലെന്ന് വാഹന ഉടമകളും ഡ്രൈവർമാരും അടക്കമുള്ള പൊതുജനം പരാതിപ്പെടുന്നത് വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ?

ആർ.സി. ബുക്ക്, ലൈസൻസ് എന്നിവ പ്രിന്റ് ചെയ്ത് നൽകുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. 2024 ജൂലൈ 15 വരെ ഇഷ്യൂ ചെയ്ത ആർ.സി. ബുക്കുകളും ആഗസ്റ്റ് 26 വരെ ഇഷ്യൂ ചെയ്ത ലൈസൻസുകളും പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

(സി) എങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും ഇഷ്യൂ ചെയ്യാനായി എത്ര ആർ.സി. ബുക്കുകളും ഡ്രൈവിങ് ലൈസൻസുകളും ഉണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ആർ.സി. ബുക്ക്, ലൈസൻസ് എന്നിവ പ്രിന്റ് ചെയ്യുന്ന കമ്പനി ഇടയ്ക്ക് പ്രിന്റിങ് നിർത്തിവച്ചതിനാലാണ് കാലതാമസം നേരിട്ടത്. നിലവിൽ പ്രിന്റിങ് പുനരാരംഭിച്ചിട്ടുണ്ട്. 5 ലക്ഷത്തോളം ആർ.സി. ബുക്കുകളും 1.5 ലക്ഷത്തോളം ലൈസൻസുകളും ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. സെൻട്രലൈസ്ഡ് പ്രിന്റിങ്ങായതിനാൽ ജില്ല തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) ഒരു ആർ.സി. ബുക്കും ഡ്രൈവിങ് ലൈസൻസും തയ്യാറാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും ഏതെങ്കിലും ഏജൻസിയെയാണോ ഇതേൽപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഏജൻസിക്ക് കൂടിശ്ശികത്തുക നൽകാനുണ്ടോയെന്ന് അറിയിക്കുമോ?

ആർ.സി. ബുക്ക്, ലൈസൻസ് എന്നിവ പ്രിന്റ് ചെയ്യുന്നതിന് കാർഡ് ഒന്നിന് 60/- രൂപ + 18% ജി.എസ്.ടി. ആണ് കമ്പനിക്ക് നൽകിവരുന്നത്.

കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ M/s. ITI Ltd, പാലക്കാടിനെയാണ് പ്രിന്റിങ് ഏൽപ്പിച്ചിരിക്കുന്നത്. ടി ഏജൻസിക്ക് നിലവിൽ 14,62,10,141/- രൂപ നൽകാനുണ്ട്.

ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റ്

279(1856) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ പ്ലേറ്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

01-04-2019-നുമുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് ഘടിപ്പിക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.

(ബി) നിലവിൽ നമ്പർ പ്ലേറ്റ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എം.എസ്.എം.ഇ. (മൈക്രോ, സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ്), സ്റ്റാർട്ടപ്പ് കമ്പനികളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ കമ്പനികളെ ഉൾപ്പെടുത്തി ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) 01-04-2019-നുമുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ HSRP ഘടിപ്പിക്കുന്നതിന് രജിസ്റ്ററിങ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. HSRP നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും ഗതാഗത വകുപ്പിനുള്ളതിനാൽ ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സമാഹരിച്ച് നടപ്പാക്കാനാണ് വിഭാവനം ചെയ്യുന്നത്.

കുറ്റ്യാടി മണ്ഡലത്തിലെ ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ

280(1857) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ചേർന്ന ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) ഈ യോഗത്തിൽ ഉയർന്നുവന്ന ഏതൊക്കെ പ്രശ്നങ്ങൾക്കാണ് പരിഹാരമുണ്ടാവുകയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ പൊതുഗതാഗത സേവനം നിലവിൽ ലഭ്യമല്ലാത്ത എല്ലാ മേഖലകളിലും പൊതുയാത്രാ സംവിധാനം ലഭ്യമാക്കണമെന്നും യാത്രായോഗ്യവും വാഹനസൗകര്യങ്ങളില്ലാത്തതുമായ റൂട്ടുകളിൽ പൊതുജനങ്ങൾക്കായി ചെലവ് കുറഞ്ഞ യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കുമായി ഓരോ നിയോജകമണ്ഡലത്തിലും റൂട്ട് ഫോർമുലേഷൻ ജനകീയ സദസ്സുകൾവഴി ആസൂത്രണം ചെയ്തിട്ടുണ്ട്. ടി സദസ്സിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രസ്തുത റൂട്ടുകളുടെ ആവശ്യകത പരിശോധിച്ച്, നിലവിലുള്ള ദേശസാൽകൃത സ്കീമുകളുടെ വ്യവസ്ഥകൾക്ക് വിധേയമായും മറ്റ് നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടും തുടർനടപടികൾ സ്വീകരിക്കുന്നതിനുമാണ് പദ്ധതി

വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത ജനകീയ സദസ്സുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിനിധിയായി പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട യൂണിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 30-08-2024-ൽ നടന്ന ജനകീയ സദസ്സിൽ ലഭിച്ച 8 അപേക്ഷകളിൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് മാറ്റാനുള്ള നടപടികൾ

281(1858) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി. ഓഫീസ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിവുള്ള സ്ഥലത്തേയ്ക്ക് പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മാറ്റി സജ്ജീകരിക്കുന്നതിന് 50 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

ഇതോടൊപ്പം പയ്യന്നൂർ സിവിൽ സ്റ്റേഷനിൽനിന്നും താലൂക്ക് ഓഫീസ് സമുച്ചയം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറുമ്പോൾ ഒഴിവുവരുന്ന സിവിൽ സ്റ്റേഷനിലെ മുറികൾ, പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്ഥിരീകരണം ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

പുനരുപയോഗ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന് നടപടി

282(1859) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനരുപയോഗ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിപണനം കൂട്ടുന്നതിനും അതിലൂടെ ആഗോളതാപന തോത് കുറയ്ക്കാനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് മുന്നോട്ടുവയ്ക്കുന്നത്?

പുനരുപയോഗ ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിപണനം കൂട്ടുന്നതിനും അതിലൂടെ ആഗോളതാപന തോത് കുറയ്ക്കാനും ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. ഇലക്ട്രിക് വാഹനങ്ങളുടെ നികുതി നിരക്ക് വാഹനവിലയുടെ അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.
2. ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.
3. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 04-06-2024-ലെ സ.ഉ.(സാധാ.) നം. 204/2024/ഗതാ. ഉത്തരവുപ്രകാരം ഇ-സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്[+].
4. പ്രത്യേക മേഖലയിൽ ഇതര ഇന്ധനങ്ങളുള്ള വാഹനങ്ങൾക്ക് പെർമിറ്റ് വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) കർണ്ണാടക സർക്കാർ 25 ലക്ഷം രൂപ വരെയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് മോട്ടോർ വാഹന നികുതി ഒഴിവാക്കി ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം ഗണ്യമായി ഉയർത്താനുതകുന്ന പദ്ധതി ആവിഷ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തും പുനരുപയോഗ ഊർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങൾക്ക് നികുതി ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലക്ട്രിക് വാഹനങ്ങൾക്ക് നികുതി നിരക്ക് കുറച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയതായി രജിസ്റ്റർ ചെയ്യുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഹനങ്ങൾക്ക് വാഹനവിലയുടെ അടിസ്ഥാനത്തിൽ 10 മുതൽ 22 ശതമാനം വരെ നികുതി ഈടാക്കുമ്പോൾ പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് നികുതി അഞ്ച് ശതമാനം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

പ്രവാസികൾക്ക് ഡ്രൈവിങ് ലൈസൻസ്

283(1860) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് ഡ്രൈവിങ് ലൈസൻസിനുള്ള ടെസ്റ്റിന് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

23-05-2024-ലെ സ. ഉ. (സാധാ) നം. 181/2024/ഗതാ. ഉത്തരവുപ്രകാരം ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുള്ള ഓഫീസുകളിൽ 40 പേർക്കുള്ള ഡ്രൈവിങ് ടെസ്റ്റുകൾ നടത്തേണ്ടതാണെന്നും ഇതിൽ 25 പുതിയ അപേക്ഷകർ, 10 റീടെസ്റ്റ് അപേക്ഷകർ, 5 പേർ പഠനാവശ്യത്തിനായി വിദേശത്ത് പോകുന്നവരോ വിദേശത്തുനിന്ന് ലീവിന് വന്ന് മടങ്ങിപ്പോകുന്നവരോ ആയ പ്രവാസികൾ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ പഠിച്ചുവരുന്ന വിദ്യാർഥികൾക്ക് ലൈസൻസ് എടുക്കുന്നതിന് പ്രത്യേക മുൻഗണന നൽകുന്ന വിഷയം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

വാഹന നികുതിയുടെ ഘടന പുനഃപരിശോധിക്കാൻ നടപടി

284(1861) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഡംബര ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കുറഞ്ഞുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നികുതി കൂടുതലായതുകൊണ്ടാണ് രജിസ്ട്രേഷൻ സംസ്ഥാനത്ത് കുറഞ്ഞുവരുന്നത്.

(ബി) വാഹന നികുതി കുറവായ ഇതര സംസ്ഥാനങ്ങളിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാൽ സംസ്ഥാനത്തിന് നികുതി നഷ്ടമുണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുപകരം വാഹന ഉടമകൾ, കേരളത്തെ അപേക്ഷിച്ച് വാഹന നികുതി കുറവായ ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ സംസ്ഥാനത്തിന് നികുതി ലഭിക്കാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്.

(സി) എങ്കിൽ നികുതി നഷ്ടം ഒഴിവാക്കാനായി വാഹന നികുതി ഘടന പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വാഹന നികുതി ഘടന പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ഗതാഗത നിയമലംഘന കേസുകൾ

285(1862) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗതാഗത നിയമലംഘനത്തിന് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും അവയിൽ എന്ത് നടപടിയെടുത്തുവെന്നും അറിയിക്കാമോ?

01-10-2023 മുതൽ 30-09-2024 വരെ ഇ-ചെലാൻ പോർട്ടൽ മുഖാന്തരം 6281458 കേസുകളെടുക്കുകയും ആയതിന് ഇ-ചെലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഇനത്തിൽ പിഴയായി എത്ര തുക നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും എത്ര തുക സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(സി) ഗതാഗത നിയമലംഘനത്തിന്റെ പേരിൽ എത്രപേരുടെ ഡ്രൈവിങ് ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2023 ജൂലൈ മാസം മുതൽ 2024 ജൂൺ വരെ 18,537 ലൈസൻസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേഫ് കേരള പദ്ധതിക്കായി വാടകയ്ക്കെടുത്ത ഇലക്ട്രിക് വാഹനങ്ങൾ

286(1863) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിക്കായി മോട്ടോർ വാഹന വകുപ്പ് എത്ര ഇലക്ട്രിക് വാഹനങ്ങളാണ് വാടകയ്ക്ക് എടുത്തതെന്നും വാടകയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

71 വാഹനങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ട്. വാടകയിനത്തിൽ 8,50,18,993/- രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) വാഹന പരിശോധനകൾക്കായുള്ള പട്രോളിങ്ങിന് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലഭിച്ചിട്ടില്ല.

(സി) ഇലക്ട്രിക് വാഹനങ്ങൾ സ്വന്തമായി വാങ്ങുന്നതിനേക്കാൾ കൂടുതൽ തുക വാടകയിനത്തിൽ ചെലവഴിക്കുകയും ഉദ്ദേശ്യലക്ഷ്യത്തിന്

അനുസൃതമായി വാഹനം പ്രയോജനപ്പെടുത്താൻ കഴിയാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

287(1864) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങളെക്കുറിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പർ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ അത്തരമൊരു സേവനം നടപ്പാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആർ.ടി. ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങളെക്കുറിച്ച് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുമായി പൊതുജനങ്ങൾക്ക് ഒരു ടോൾഫ്രീ നമ്പർ

ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സർക്കാരിന്റെ 100 ദിന പദ്ധതിയിൽ പ്രസ്തുത പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർ.ടി. ഓഫീസുകളുടെ അധികാരപരിധി സംബന്ധിച്ച വിവരങ്ങളും ഡ്രൈവിങ് ടെസ്റ്റ്, വാഹന പുനഃപരിശോധന, ഫിറ്റ്നസ് പരിശോധനാ സ്ഥലങ്ങൾ, പരിശോധനാ തീയതികൾ, റിപ്പോർട്ടിങ് സമയങ്ങൾ എന്നീ വിവരങ്ങളും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കാമോ?

ആർ.ടി. ഓഫീസുകളുടെ അധികാര പരിധി സംബന്ധിച്ച വിവരങ്ങളും ഡ്രൈവിങ് ടെസ്റ്റ്, വാഹന പുനഃപരിശോധന, ഫിറ്റ്നസ് പരിശോധനാ സ്ഥലങ്ങൾ, പരിശോധനാ തീയതികൾ, റിപ്പോർട്ടിങ് സമയങ്ങൾ എന്നീ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി വെബ്സൈറ്റ് പരിഷ്കരിക്കാനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. സി-ഡിറ്റ് നൽകിയ പ്രൊപ്പോസലിൽ ചർച്ചകൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് ഓൺലൈൻ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എ.ഐ.ടി.പി.) ഏത് വർഷമാണ് അവതരിപ്പിച്ചത്; ഇതുവരെ എത്ര

പെർമിറ്റുകൾ നൽകിയിട്ടുണ്ട്; സംസ്ഥാനത്തിനുള്ള വിഹിതമായി കേന്ദ്രസർക്കാരിൽനിന്ന് എത്ര രൂപ ഫീസായി ലഭിച്ചിട്ടുണ്ട്; കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വിഹിതം സർക്കാർ ട്രഷറിയിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ടോ; പെർമിറ്റുകൾ, വരുമാനം, സംസ്ഥാന വിഹിതം എന്നിവയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നൽകാമോ?

സംസ്ഥാനത്ത് ഓൺലൈൻ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എ.ഐ.ടി.പി.) 2023 ഡിസംബർ മുതലാണ് നിലവിൽ വന്നത്. ഇതുവരെ '1143' പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്. കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന വിഹിതം സർക്കാർ ട്രഷറിയിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്നത് സംബന്ധിച്ച നിർദേശം ഗതാഗത വകുപ്പിൽ ലഭ്യമായിട്ടില്ല. മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേസിന്റെ വെബ്സൈറ്റിൽനിന്നും ലഭ്യമായ ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുമായി ബന്ധപ്പെട്ട ഫീസിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച ഡിസംബർ 2023 മുതലുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഡിസംബർ	20779461
ജനുവരി	20497265
ഫെബ്രുവരി	20128701
മാർച്ച്	22744685
ഏപ്രിൽ	24248872
മേയ്	28178902
ജൂൺ	19279346
ജൂലൈ	20169275
ആഗസ്റ്റ്	22739754

(ഡി) ഡ്രൈവിങ് ലൈസൻസുകൾ, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അന്താരാഷ്ട്ര ഡ്രൈവിങ് പെർമിറ്റുകൾ എന്നിവ അച്ചടിക്കുന്നതിലുള്ള പെൻഡിങ് ജോലികളെ സംബന്ധിച്ച വിശദവിവരം ഓഫീസ് അടിസ്ഥാനത്തിൽ നൽകാമോ; അച്ചടി ജോലികൾക്ക് കമ്പനികൾക്ക് കൂടിശ്ശികയുള്ള തുകയും കമ്പനികളുടെ പേരുവിവരവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; ഇത്തരം ജോലികൾ സർക്കാർ സ്ഥാപനങ്ങൾക്ക് നൽകണമെന്ന സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട്, പ്രിന്റിങ് ജോലികൾ ഗവൺമെന്റ് പ്രസ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ് (സി-ആപ്റ്റ്), അല്ലെങ്കിൽ കേരള ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.)

എന്നിവയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

അന്താരാഷ്ട്ര ഡ്രൈവിങ് പെർമിറ്റുകൾ പെൻഡിങ്ങില്ല. ജൂലൈ 15 വരെ ഇഷ്യൂ ചെയ്ത ആർ.സി.-കൾ പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ 5 ലക്ഷത്തോളം ആർ.സി.-കൾ ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. ആഗസ്റ്റ് 26 വരെ ഇഷ്യൂ ചെയ്ത ലൈസൻസുകൾ ഇഷ്യൂ ചെയ്ത് നൽകിയിട്ടുണ്ട്. നിലവിൽ 1.5 ലക്ഷം ലൈസൻസുകൾ ഇനി പ്രിന്റ് ചെയ്ത് നൽകാനുണ്ട്. പ്രിന്റിങ് ജോലികൾ കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ M/s. ITI Ltd, Bangalore എന്ന സ്ഥാപനമാണ് നിർവഹിക്കുന്നത്. ടി കമ്പനിക്ക് ഇനി 14,62,10,149/- രൂപ കൂടിശ്ശികയായി നൽകാനുണ്ട്. ടി കമ്പനിയുമായി അഞ്ചുവർഷത്തെ കരാറിലാണ് ഏർപ്പെട്ടിട്ടുള്ളത്. മറ്റ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് തീരുമാനങ്ങളൊന്നുമെടുത്തിട്ടില്ല.

(ഇ) ഗതാഗത നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികളുടെ സ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിനും പൗരന്മാർക്ക് മോട്ടോർ വാഹന വകുപ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

പുറപ്പെടുവിച്ച ട്രാഫിക് നിയമലംഘന ചെലാനുകളുടെ വർഷംതിരിച്ചും വിഭാഗം തിരിച്ചുമുള്ള വിവരങ്ങളും ഓഫീസ്, ജില്ല എന്നിവ അടിസ്ഥാനമാക്കിയുള്ള യഥാർഥ സമയവരുമാന ശേഖരണം സംബന്ധിച്ച വിവരവും പൗരന്മാർക്ക് ലഭ്യമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാരിന്റെ നാലാമത്തെ നൂറുദിന പരിപാടിയുടെ ഭാഗമായി ഗതാഗത നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി എം-പരിവാഹൻ ആപ്ലിക്കേഷനിലെ “സിറ്റിസൺ സെന്റിനൽ - റിപ്പോർട്ട് ട്രാഫിക് വയലേഷൻ - രജിസ്റ്റർ കംപ്ലയിന്റ് ഓപ്ഷൻ” പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് എൻ.ഐ.സി.-യുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരികയാണ്. എം.-പരിവാഹൻ സിറ്റിസൺ സെന്റിനൽ ഓപ്ഷൻ ആക്ടീവാക്കുന്നതിനുള്ള ആദ്യഘട്ട ടെസ്റ്റിങ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ സംവിധാനം സമീപഭാവിയിൽ നടപ്പിൽ വരുത്താൻ പോകുന്നതാണ്. ആയതിനാൽ ഇതുസംബന്ധിച്ച കണക്ക് വിവരങ്ങൾ അതിനെത്തുടർന്ന് മാത്രമെ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) സംസ്ഥാനത്തെ റോഡപകടങ്ങളുടെ വിശദാംശങ്ങളും എ.ഐ. ക്യാമറകളിലൂടെയും ഫീൽഡ് ഓഫീസർമാരിലൂടെയും പ്രത്യേകമായി പുറപ്പെടുവിച്ച ചെലാനുകളുടെ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാണോ; ഇത്തരമൊരു സംവിധാനം നിലവിലില്ലെങ്കിൽ അത് നടപ്പാക്കാനുള്ള പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ല്യമാക്കാമോ?

സംസ്ഥാനത്തെ റോഡപകടങ്ങളുടെ വിവരങ്ങൾ കേരള പോലീസ് കൈകാര്യം ചെയ്യുന്ന keralapolice.gov.in/crime/road-accidents എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എ.ഐ. ക്യാമറകളിലൂടെയും ഫീൽഡ് ഓഫീസർമാരിലൂടെയും കണ്ടെത്തിയ ചെലാനുകളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമല്ല. ഇതുസംബന്ധിച്ച് പദ്ധതികളൊന്നും തന്നെയില്ല. എന്നാൽ വാഹന ഉടമകൾക്ക് തങ്ങളുടെ വാഹനങ്ങളുടെ ചെലാനുകളുടെ വിവരം ലഭ്യമാണ്.

ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി

288(1865) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമപ്രകാരം ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ കേന്ദ്ര നിയമപ്രകാരം ഉപയോഗശൂന്യമായ ഇത്തരം വാഹനങ്ങൾ സംസ്ഥാന സർക്കാർ നിലനിർത്തുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത്തരം ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഉപയോഗശൂന്യമായ സർക്കാർ വാഹനങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിയിട്ടില്ല. Ministry of Road Transport and Highways-ന്റെ 17-01-2023-ലെ GSR 29(ഇ) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹനചട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ട 52A അനുസരിച്ച്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ/യൂണിയൻ ടെറിറ്ററി അഡ്മിനിസ്ട്രേഷൻ, മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്, 2013-ലെ കമ്പനീസ് ആക്ടും ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടും പ്രകാരം സ്ഥാപിക്കപ്പെട്ട സ്റ്റേറ്റ്

ട്രാൻസ്പോർട്ട് അണ്ടർടേക്കിങ്സ്, പബ്ലിക് സെക്ടർ അണ്ടർടേക്കിങ്സ്, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി പ്രാരംഭ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തീകരിക്കപ്പെടുന്നമുറയ്ക്ക് അസാധുവാകുന്നതാണ്. അപ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുന്നവയിൽ പ്രവർത്തനക്ഷമമായ വാഹനങ്ങൾ തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഇത്തരത്തിൽ ഒഴിവാക്കൽ നടത്തിയാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് സംസ്ഥാന സർക്കാർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഇല്ല.

വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

289(1866) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി അപേക്ഷിക്കാൻ സർക്കാർ സ്ലോട്ട് ഏർപ്പെടുത്തിയതുമൂലം വാഹന ഉടമകൾക്ക് അവരുടേതല്ലാത്ത കുറ്റത്താലുണ്ടാകുന്ന കാലതാമസത്തിന് ഏർപ്പെടുത്തിയിട്ടുള്ള പിഴ തുക ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരക്കുകൂടാതെ വാഹനങ്ങൾക്ക് ഫിറ്റ്നസ് പരിശോധന നടത്തുന്നതിനുവേണ്ടിയാണ് മുൻകൂട്ടി സ്ലോട്ട് ബുക്ക് ചെയ്ത് വാഹന പരിശോധന നടത്താനുള്ള സംവിധാനം മോട്ടോർ വാഹന നിയമപ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പുതന്നെ ഫിറ്റ്നസ് ടെസ്റ്റ് പരിശോധന നടത്താൻ അനുമതിയുള്ളതാണ്. ഈ അവസരം ഉപയോഗപ്പെടുത്താത്തതിനാലാണ് ചില ഉടമകൾക്കുമാത്രം സ്ലോട്ട് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നത്.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള 'സ്ലോട്ട്' സംവിധാനത്തിനുപകരം മറ്റെന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം പരിഗണനയിലുണ്ട്.

(സി) ആർ.സി., ലൈസൻസ് എന്നിവ പുതുക്കുന്നതിന് അപേക്ഷ നൽകിയാൽ അവ ലഭിക്കുന്നതിന് മാസങ്ങളോളം കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷ നൽകിയാൽ ഏഴ് ദിവസത്തിനുള്ളിൽ ആർ.സി.-യും ലൈസൻസും മറ്റ് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജൂലൈ 15 വരെ ഇഷ്യു ചെയ്ത ആർ.സി. ബുക്കുകളും ആഗസ്റ്റ് 26 വരെ ഇഷ്യു ചെയ്ത ലൈസൻസുകളും പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. എത്രയുംവേഗം പെൻഡിങ് തീർക്കാൻ പ്രിന്റ് ചെയ്തുനൽകുന്ന ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല പൊതുജനങ്ങൾക്ക് രേഖകൾ നേരിട്ട് പ്രിന്റെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹനങ്ങളുടെ ഗ്ലാസുകളിൽ ക്ലിങ്ങ്
ഫിലിം ഒട്ടിക്കാമെന്ന ഹൈക്കോടതി ഉത്തരവ്

290(1867) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗ്ലാസുകളിൽ ക്ലിങ്ങ് ഫിലിം ഒട്ടിക്കുന്നത് നിയമാനുസൃതമാണെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

WP (C) 23146/2022 പ്രകാരം 70 ശതമാനത്തിൽ കുറയാത്ത സുതാര്യത വിൻഡ് സ്ക്രീനിലും 50 ശതമാനത്തിൽ കുറയാത്ത സുതാര്യത സൈഡ് വിൻഡോവിലുമുണ്ടായിരിക്കണം.

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്നും ഉത്തരവിനെതിരെ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ ഭേദഗതി വന്നിട്ടുള്ള സാഹചര്യം കൂടി പരിഗണിച്ച് വാഹനങ്ങളിൽ ക്ലിങ്ങ് ഫിലിം ഒട്ടിക്കുന്നത് സംബന്ധിച്ച കോടതി ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) വാഹനങ്ങളുടെ ഗ്ലാസുകളിൽ ക്ലിങ്ങ് ഫിലിമൊട്ടിക്കുന്നത് നിയമാനുസൃതമാണെന്ന ഹൈക്കോടതി ഉത്തരവ് സർക്കാർ പരിശോധിച്ചുവരികയാണ്. പൊതുജനങ്ങളുടെ സുരക്ഷയും സൗകര്യവും പരിഗണിച്ചുള്ള നിയമാനുസരണമുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ

291(1868) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2021-ൽ ആവിഷ്കരിച്ച പുതിയ വാഹനങ്ങൾക്കുള്ള ബി.എച്ച്. സീരീസ് രജിസ്ട്രേഷന് കേരളത്തിൽ അനുമതിയുണ്ടോ; കേരളം ഇതിൽനിന്ന് മാറി നിൽക്കുന്നതിന്റെ കാരണമെന്താണ്?

ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ കേരളത്തിൽ ആരംഭിച്ചിട്ടില്ല. മോട്ടോർ വാഹനങ്ങളുടെ നികുതി നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണ്. കേന്ദ്ര നിർദ്ദേശപ്രകാരമുള്ള ബി.എച്ച്. രജിസ്ട്രേഷൻ നടപ്പിലാക്കുന്നതുമൂലം നികുതിയിനത്തിൽ സംസ്ഥാനത്തിനുണ്ടാകാവുന്ന വരുമാനനഷ്ടം പരിഗണിച്ചാണ് ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ ആരംഭിക്കാത്തത്.

(ബി) ബി.എച്ച്. രജിസ്ട്രേഷൻ അനുവദിച്ച് കൊടുക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഇതുപ്രകാരം എത്ര വാഹനങ്ങൾക്ക് ബി.എച്ച്. രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്; ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ നമ്പർ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ബി.എച്ച്. രജിസ്ട്രേഷനുള്ള അപേക്ഷ പരിഗണിക്കാൻ ഹൈക്കോടതി ഉത്തരവുണ്ട്. ഇതിനെതിരെ സബ് ആർ.ടി. ഓഫീസ്, ഒറ്റപ്പാലം അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ഒരു വാഹനത്തിനും ബി.എച്ച്. രജിസ്ട്രേഷൻ അനുവദിച്ചുനൽകിയിട്ടില്ല. ബി.എച്ച്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിഷയം കോടതിയുടെ പരിഗണനയിലാണ്.

നഷ്ടത്തിലായ ഇ-വാഹനങ്ങൾ

292(1869) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നത് നഷ്ടമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് മോട്ടോർ വാഹന വകുപ്പ് ഡീസൽ വാഹനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയുണ്ടായോ?

ഇ-വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നത് നഷ്ടമാണോ എന്നുള്ളത് സംബന്ധിച്ച് നാളിതുവരെ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഇപ്രകാരം ഡീസൽ വാഹനങ്ങൾ ആകെ എത്ര രൂപയ്ക്കാണ് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഏതൊക്കെ വാഹനങ്ങളാണ് ഈ തുകയ്ക്ക് വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

ഡീസൽ വാഹനങ്ങൾ മാത്രമായി വാങ്ങുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. ഒരു വാഹനത്തിന് 10 ലക്ഷം രൂപയിൽ കൂടുതൽ വിലയാകാതെ ആകെ 200 ലക്ഷം രൂപയ്ക്ക് ഫോസിൽ ഫ്യുവൽ വാഹനങ്ങൾ വാങ്ങുന്നതിന് 24-09-2024-ലെ സ. ഉ. (സാധാ.) നം. 380/2024/ഗതാ.

പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) എന്തൊക്കെ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇ-വാഹനങ്ങൾ നഷ്ടമാണെന്ന് കണ്ടെത്തിയത്;

(ഡി) പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇ-വാഹനങ്ങൾ നഷ്ടത്തിലാണെന്ന നിഗമനത്തിലെത്താനിടയാക്കിയ വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(സി&ഡി) ഇ-വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നത് നഷ്ടമാണോ എന്നുള്ളത് സംബന്ധിച്ച് നാളിതുവരെ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്

293(1870) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി 05-11-2020-ലെ സ. ഉ. (എം.എസ്.) നം. 214/2020/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം രൂപീകൃതമായ ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ, പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ട് ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേയ്ക്ക് 20-06-2023-ലാണ് കൈമാറിയത്.

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രൈസ്തവർ എന്നിവർ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ, കുട്ടനാട്ടിലെയും മലയോര പ്രദേശങ്ങളിലെയും തീരദേശ മേഖലയിലെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിമിതികളും

ഉൾക്കൊണ്ടുകൊണ്ട് ഇവിടങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനും വിവിധതലങ്ങളിൽ അവർ നേരിടുന്ന പ്രശ്നപരിഹാരങ്ങൾക്കുള്ള സമഗ്രമായ നിർദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിന്റെ അധ്യായം 8-ൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കാനായി 284 ശിപാർശകളാണ് കമ്മീഷൻ നൽകിയിട്ടുള്ളത്.

ന്യൂനപക്ഷ ക്ഷേമ വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പുമന്ത്രി 09-01-2024-ലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിൻമേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22-08-2024-ലും യോഗം വിളിച്ചുചേർക്കുകയുണ്ടായി.

കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ. ഉ. (സാധാ) നം. 993/2024/ പൊ.ഭ.വ. നമ്പറായി 02-03-2024-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) തുടർനടപടികൾ വേഗത്തിലാക്കി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിൽ അതത് വകുപ്പുകളിൽനിന്ന് അഭിപ്രായം ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

മാർഗദീപം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

294(1871) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർഥികൾക്കായി മാർഗദീപം എന്ന പേരിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ ന്യൂനപക്ഷ വിദ്യാർഥികൾക്കായി മാർഗദീപം എന്ന പേരിൽ പുതിയൊരു സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2024-25 സാമ്പത്തിക വർഷം 20 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് ഓൺലൈൻ പോർട്ടൽ സജ്ജമായിട്ടുണ്ട്. ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉന്നതപഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIM/IIT/IISc/IMSc–കളിൽ ഉപരിപഠനം (PG/Ph.D) നടത്തുന്നവർക്ക് ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ (ഡിഗ്രി/ബി.ഇ/ബി.ടെക്/Pre-qualifying exam) 55% മാർക്ക് നേടിയിരിക്കണം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ. അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ. വിഭാഗക്കാരെയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. കേരളത്തിലെ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം

അർഹരായ ആൺകുട്ടികളെയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലായിരിക്കും. തിരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർഥിക്ക് കോഴ്സ് കാലാവധിക്കുള്ളിൽ ഒറ്റത്തവണയായി 50,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.

(സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളിലുംപെടുന്ന അതിദരിദ്രരെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. അവരെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അതിദരിദ്രർക്ക് മുൻഗണന നൽകുന്നുണ്ട്.

ന്യൂനപക്ഷ കോച്ചിങ് സെന്ററുകൾ

295(1872) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ന്യൂനപക്ഷ കോച്ചിങ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) പുതുതായി കോച്ചിങ് സെന്ററുകൾ അനുവദിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിൽ പെരുമാതുറ, ഇടവ, ചങ്ങനാശ്ശേരി, റാന്നി, ഇടുക്കി, കോതമംഗലം, പീച്ചി, കൊയിലാണ്ടി, ഇരിട്ടി, വെള്ളമുണ്ട, കാസർഗോഡ്, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ പുതുതായി കോച്ചിങ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

മൈനോരിറ്റി കോച്ചിങ് സെന്ററുകളിലെ അധ്യാപക പാനൽ

296(1873) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വകുപ്പിനുകീഴിലുള്ള മൈനോറിറ്റി കോച്ചിങ് സെന്ററുകളിലെ അധ്യാപക പാനൽ എന്നാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിലുള്ള ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ അധ്യാപക പാനൽ 2019-ലാണ് തയ്യാറാക്കിയത്. ഈ പാനൽ പ്രകാരം 382 ഫാക്കൽറ്റികളെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പുതിയ അധ്യാപകരെ പാനലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ നിലവിലെ ഫാക്കൽറ്റി ലിസ്റ്റ് നവീകരിക്കുന്നതിനായി യോഗ്യതയും പ്രവർത്തന

പരിചയവുമുള്ളവരിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നതിനായി പൊതുജന സമ്പർക്ക വകുപ്പുമുഖേന പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിരുന്നു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ മാനദണ്ഡമനുസരിച്ച് മേഖലാതലത്തിൽ ഇന്റർവ്യൂ നടത്തി തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദമാണ് ഫാക്കൽറ്റികളുടെ കുറഞ്ഞ യോഗ്യത.

സർക്കാർ സർവീസിൽ ന്യൂനപക്ഷ യുവജനങ്ങൾക്ക് പ്രതിനിധ്യം ഉറപ്പാക്കുന്ന നടപടി

297(1874) ഡോ. കെ. ടി. ജലീൽ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ യുവജനങ്ങൾക്ക് സർക്കാർ സർവീസിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ന്യൂനപക്ഷ യുവജനങ്ങളുടെ സർക്കാർ സർവീസ് മേഖലയിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുമായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും 27 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) വിവിധ കേന്ദ്രങ്ങളിലായി നിലവിൽ എത്രപേർക്ക് പരിശീലനം നൽകിവരുന്നുണ്ടെന്നും എത്രപേർക്ക് ജോലി ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിൽ ജനുവരി മുതൽ ജൂൺ വരെയും ജൂലൈ മുതൽ ഡിസംബർ വരെയുമുള്ള കാലയളവിൽ രണ്ട് ബാച്ചുകളായിട്ടാണ് പി.എസ്.സി. പരിശീലനം നൽകിവരുന്നത്. 2024 ജനുവരി മുതൽ ജൂൺ വരെ 24 പരിശീലന കേന്ദ്രങ്ങളിലായി 2646 ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 27 ഉപകേന്ദ്രങ്ങൾ മുഖേന 1258 ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2024 ജൂലൈ മുതൽ ഡിസംബർ വരെയുള്ള ബാച്ചിൽ 24 പരിശീലന കേന്ദ്രങ്ങളിലായി 2582 ഉദ്യോഗാർഥികൾക്കും 27 ഉപകേന്ദ്രങ്ങളിലായി 1221 ഉദ്യോഗാർഥികൾക്കും പരിശീലനം നൽകിവരുന്നുണ്ട്. ഇതുവഴി 2389 ഉദ്യോഗാർഥികൾക്ക് സർക്കാർ മേഖലയിൽ ജോലി ലഭ്യമാകുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) വിധവകളും വിവാഹമോചിതരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി പ്രത്യേക തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2024-25 സാമ്പത്തിക വർഷത്തിൽ വിധവകളും വിവാഹമോചിതരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പ്രത്യേക

തൊഴിൽ പദ്ധതി ആരംഭിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസം

298(1875) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ ബിരുദം/ബിരുദാനന്തര ബിരുദം (Degree only)/പി.എച്ച്.ഡി. കോഴ്സുകൾക്ക് ഉന്നതപഠനം നടത്തുന്നതിനായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുമുഖേന വിദേശ പഠന സ്കോളർഷിപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നുണ്ട്. ഇന്ത്യയിലെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽനിന്നോ വിദ്യാഭ്യാസ വായ്പ നേടിയിട്ടുള്ളവർക്ക് ലോൺ സബ്സിഡിയായാണ് പദ്ധതി നടപ്പിലാക്കുന്നത്.

മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടി

299(1876) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ചുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി

300(1877) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2021-22 മുതൽ പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ശിപാർശ ചെയ്ത പദ്ധതികൾ ഏതൊക്കെ; വിശദാംശം നൽകാമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ പി.എം.ജെ.വി.കെ. പദ്ധതികൾക്കായി ശിപാർശകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ

301(1878) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന കുടിവെള്ള പദ്ധതിക്ക് തുക അനുവദിക്കുന്ന സ്കീം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിലില്ല. എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിന് തുടങ്ങിയ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നതിനാലും അമൃത്, കിഫ്ബി, ആർ.കെ.ഐ., ജലനിധി, എന്നീ പദ്ധതികളിലുൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനാലും നടപ്പുവർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ ബാക്കി കിടക്കുന്ന തുക എത്രയാണെന്നും

പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായ കണക്കുപ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 743.11 ലക്ഷം രൂപയാണ് നിലവിൽ ബാക്കിയുള്ളത്. നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ ബിൽ സെറ്റിൽമെന്റിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

302(1879) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം എന്നിങ്ങനെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ ധനസഹായ പദ്ധതിയായി നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതിയായ ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

കേരള സംസ്ഥാന ധനകാര്യ വികസന കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വിപുലീകരണ വായ്പ, വിദ്യാഭ്യാസ വായ്പ, പാരന്റ് പ്ലസ് വായ്പ, പ്രവാസി സ്വയംതൊഴിൽ വായ്പ, വിസ വായ്പ, ഭവന വായ്പ, അംഗീകൃത സർക്കാർ/പൊതുമേഖലാ/സഹകരണ ബാങ്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ്യ വായ്പ, മദ്രസ അധ്യാപകർക്കുള്ള ഭവന വായ്പ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ, വിവാഹ വായ്പ, ചികിത്സാ വായ്പ, മൈക്രോ ഫിനാൻസ് എന്നീ ധനസഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മദ്രസ അധ്യാപകരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻവേണ്ടി പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ഭവന പദ്ധതി, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര സഹായം, മരണാനന്തര ശുശ്രൂഷകൾക്കുള്ള സഹായം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ ഏതെങ്കിലും ന്യൂനപക്ഷ ക്ഷേമ പദ്ധതികളുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പുതിയതായി ആരംഭിച്ച പദ്ധതികളുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച NTSE പരിശീലന പദ്ധതിയും പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.ടി. സ്കോളർഷിപ്പും ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ നിർത്തലാക്കിയിട്ടുണ്ട്.

താഴെ പറയുന്ന പദ്ധതികൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

1. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്
2. യു.ജി.സി./സി.എസ്.ഐ.ആർ.-നെറ്റ് കോച്ചിങ്
3. എൻ.റ്റി.എസ്.ഇ. കോച്ചിങ്
4. പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.ടി.
5. ഐഐടി/ഐഐഎം/ഐഐഎസ്സി, ഐഎംഎസ്സി എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്
6. ന്യൂനപക്ഷ വിദ്യാർഥികൾക്ക് അസാപ്, KITTS, KASE, ODEPC മുഖേന നൈപുണ്യ പരിശീലന പരിപാടി
7. മാർഗദീപം സ്കോളർഷിപ്പ് പദ്ധതി
8. ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. വിവാഹ വായ്പ, ചികിത്സാ വായ്പ, കോവിഡ് വായ്പ എന്നീ പദ്ധതികൾ ഉൾക്കൊള്ളിച്ച് പുതുതായി സുമിത്രം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിൽ കോവിഡ് വായ്പ പദ്ധതി നിർത്തലാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മദ്രസാധ്യാപക ക്ഷേമനിധിയിലെ ഒരു പദ്ധതിയും നിർത്തലാക്കിയിട്ടില്ല.

(സി) വിവിധ ധനസഹായ പദ്ധതികളിൽ ഏറ്റവും ഒടുവിൽ തുക വർധിപ്പിച്ചത് എന്നാണെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പദ്ധതിയിലും എത്ര തുകയുടെ വർധനവ് വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കോളർഷിപ്പ് പദ്ധതിയിലുണ്ടായ വർധനവ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പദ്ധതികളിൽ താഴെപ്പറയുംപ്രകാരം തുക വർധനവ് വരുത്തിയിട്ടുണ്ട്.

- പാരന്റ് പ്ലസ് വായ്പ 15 ലക്ഷം രൂപയിൽനിന്നും 20 ലക്ഷം രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്.
- വിസ വായ്പ 3 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്.
- ഭവന വായ്പ 6 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

കേരള മദ്രസാധ്യാപക ക്ഷേമനിധിയിൽ വിവാഹ ധനസഹായമായി 2020 വരെ 10,000/- രൂപയായിരുന്നു നൽകിയത്. 2020-നുശേഷം വിവാഹ ധനസഹായമായി 25,000/- രൂപ നൽകിവരുന്നുണ്ട്.

(ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ധനസഹായ പദ്ധതികളിൽ കുടിശിക വിതരണം ചെയ്യാനുണ്ടോ; ഓരോ പദ്ധതിയിലും എന്നുവരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേനയുള്ള ഓരോ പദ്ധതിയിലും 2023-24 വർഷം വരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യാനില്ല.

കേരള സംസ്ഥാന ധനകാര്യ വികസന കോർപ്പറേഷൻ നൽകി വരുന്ന വായ്പ പദ്ധതികളിലുള്ള കുടിശ്ശിക തനത് വർഷം അനുവദിച്ച തുകയിൽനിന്നും നൽകിവരുന്നുണ്ട്. എല്ലാ പദ്ധതിയിലും ഇതുവരെയുള്ള അപേക്ഷകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാറുണ്ട്.

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന ധനസഹായ പദ്ധതികളിൽ വിവാഹ ധനസഹായമൊഴികെയുള്ള എല്ലാ പദ്ധതികളും കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.

കൊടിയത്തൂർ-കാരാട്ട് റോഡ്

303(1880) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊടിയത്തൂർ പഞ്ചായത്തിലെ കാരാട്ട് റോഡ് വികസനത്തിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ന്യൂനപക്ഷ വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊടിയത്തൂർ പഞ്ചായത്തിലെ കാരാട്ട് റോഡ് വികസനത്തിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ന്യൂനപക്ഷ ക്ഷേമ വകുപ്പിന് റോഡ് വികസനത്തിന് ഫണ്ട് അനുവദിക്കുന്ന പദ്ധതികളൊന്നും നിലവിലില്ല.

ആലപ്പുഴ മണ്ഡലത്തിലെ വനിതാ ഫെസിലിറ്റേഷൻ സെന്റർ

304(1881) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പി.എം.ജെ.വി.കെ. പദ്ധതി മുഖേന നടപ്പിലാക്കുന്ന വനിതാ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ മണ്ഡലത്തിൽ പി.എം.ജെ.വി.കെ. പദ്ധതി മുഖേന നടപ്പിലാക്കുന്ന വനിതാ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 20-09-2024-ൽ സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളതും ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സിംഗിൾ ടെൻഡറായതിനാൽ റീ-ടെൻഡർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ മണ്ഡലത്തിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത കേന്ദ്രം ഈ വർഷം ആരംഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

നിലവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിൽ ആലപ്പുഴ ജില്ലയിൽ കായംകുളം, ആലപ്പുഴ എന്നിവിടങ്ങളിലായി രണ്ട് പരിശീലന കേന്ദ്രങ്ങൾ

പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുതിയ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നിലവിൽ പദ്ധതിയില്ല.

ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം

305(1882) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതിയിൽ അനുമതി ലഭ്യമായ കുവളശ്ശേരി കൊങ്ങംകോട് സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട കുവളശ്ശേരി സ്റ്റേഡിയം വികസനത്തിനായി ബഹു. കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആനുപാതികമായ തുക കായിക വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും അനുവദിച്ചുകൊണ്ട്

16-03-2024-ലെ എ 3-3429/23 നമ്പർ നടപടിക്രമപ്രകാരം കായിക യുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതുപ്രകാരം 30-04-2024-ൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുകയും 11-06-2024, 29-06-2024 എന്നീ തീയതികളിലായി രണ്ടുതവണ ടെൻഡർ ക്ഷണിച്ചെങ്കിലും 27-07-2024-നാണ് ടെൻഡർ ലഭ്യമായത്. തുടർന്ന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുനിൽ പി., തിരുവനന്തപുരം എന്ന കരാറുകാരന് 03-10-2024-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ കരാറുകാരനുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

306(1883) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് ബഹു. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായിക വകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 29-02-2024-ലെ എ 3-6785/23 നമ്പർ നടപടിക്രമപ്രകാരം കായിക യുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.

എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേലുൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്താനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതുകാരണം ലഭ്യമാകുന്ന സേവിങ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾകൂടി ഉൾപ്പെടുത്താനും ബഹു. എം.എൽ.എ. നിർദ്ദേശിച്ചു. പ്രവൃത്തിയുടെ സ്കോപ്പിൽ ഇത്തരത്തിൽ മാറ്റം വന്നതിനാൽ ടി പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പുതുക്കുകയും 02-08-2024-ലെ എ 3-6785/23/കാ.യു.വ ഉത്തരവുപ്രകാരം കായിക യുവജനകാര്യ ഡയറക്ടർ പുതുക്കിയ സംയുക്ത ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി 02-09-2024-ൽ ടെൻഡർ ചെയ്യുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഷാജി കെ., പാലക്കാട് എന്ന കരാറുകാരന് 03-10-2024-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമീണ കളിക്കളം പദ്ധതി

307(1884) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്തുകൾക്കാണ് സ്വന്തമായി കളിസ്ഥലം/കളിക്കളം ഇല്ലാത്തതായി കായിക വകുപ്പ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സ്വന്തമായി കളിക്കളത്തിന് സ്ഥലമില്ലാത്ത എത്ര പഞ്ചായത്തുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് എന്നറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് സ്വന്തമായി കളിസ്ഥലം/കളിക്കളം ഇല്ലാത്തതും സ്വന്തമായി കളിക്കളത്തിന് സ്ഥലമില്ലാത്തതുമായ പഞ്ചായത്തുകളുടെ വിവരങ്ങൾ കായിക വകുപ്പ് ശേഖരിച്ചിട്ടില്ല.

(സി) 'ഗ്രാമീണ കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കളിക്കളങ്ങൾക്ക് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്രയെണ്ണമാണ് നാളിതുവരെ പൂർത്തിയാക്കിയതെന്നും വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 124 പ്രവൃത്തികളെയാണ്. ഇതിൽ 49 പ്രവൃത്തികൾക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ട്/തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിക്കുകയും ഇതിൽ 47 പ്രവൃത്തികൾക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ആനുപാതികമായ വിഹിതം അനുവദിച്ചുകൊണ്ട് കായിക യുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിപ്രകാരം മൂന്ന് കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന ലക്ഷ്യം എപ്പോൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഇ) ഒരു പഞ്ചായത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിപ്രകാരം നിലവിൽ പരിഗണനയിലില്ല.

ഗുരുവായൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ വിവിധ പദ്ധതികൾ

308(1885) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പുമുഖേന അനുവദിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽത്തി കിഡ്സ് പ്രോഗ്രാം

309(1886) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ ഹെൽത്തി കിഡ്സ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളത്; ഇനിയും ഏതെല്ലാം സ്കൂളുകളിലേയ്ക്കാണ് ഈ പദ്ധതി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കായിക യുവജന കാര്യാലയവും വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. 25 സ്കൂളുകളിലായി കായിക യുവജന കാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ

നടപ്പിലാക്കുന്നു. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+. പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാന കാര്യങ്ങളിലേയ്ക്ക് കുട്ടികളെ പരിചയപ്പെടുത്തി അങ്ങനെ അവരെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താൽപര്യമുള്ളവരാക്കുന്നു. ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ പൗരന്മാരുള്ള അടുത്ത തലമുറ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

310(1887) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്നതിനായി തിരഞ്ഞെടുത്ത പ്രവൃത്തി ഏതാണ്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ മണലൂർ മണ്ഡലത്തിൽനിന്നും മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് കളിസ്ഥലമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽനിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ട്?

പ്രസ്തുത പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 50 ലക്ഷം രൂപയാണ്. ഇതിൽ ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

02-09-2024-ൽ എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഫീൽഡിൽനിന്നും തയ്യാറാക്കിവരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ഭരണാനുമതിക്കായി തൃശ്ശൂർ ജില്ലാ കളക്ടർക്കും കായിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കുന്നതാണ്. ജില്ലാ കളക്ടറിൽനിന്നും എം.എൽ.എ. ഫണ്ട് വിഹിതമായ 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചശേഷം കായിക വകുപ്പ് ഡയറക്ടറുടെ സംയുക്ത ഭരണാനുമതിക്കുടി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുന്നതാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

311(1888) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഏറനാട് മണ്ഡലത്തിലെ കീഴുപറമ്പ് ജി.എച്ച്.എസ്.എസ്. കളിസ്ഥലം "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. എന്നാൽ, കീഴുപറമ്പ് ജി.എച്ച്.എസ്.എസ്. കളിസ്ഥലം വികസനത്തിനായി ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല.

ഇതുസംബന്ധിച്ച അറിയിപ്പ് കിട്ടിയാലുടൻ എം.എൽ.എ. ഫണ്ട് വിഹിതവും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നവീകരണത്തിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ അരീക്കോട് പഞ്ചായത്ത് സ്റ്റേഡിയം വികസനത്തിനായി 2015-ൽ ദേശീയ ഗെയിംസിന്റെ ഭാഗമായി 16-03-2013-ലെ G. O. (Rt) 66/2013/S&YA പ്രകാരം 658 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ നിർവഹണത്തിനായി M/s. KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ പവലിയൻ ബിൽഡിങ്, ഗ്രൗണ്ട് ഡെവലപ്മെന്റ് തുടങ്ങിയ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി 2016 നവംബറിൽ പൂർത്തിയാക്കുകയും അരീക്കോട് ഗ്രാമപഞ്ചായത്തിനോട് സ്റ്റേഡിയം ഏറ്റെടുക്കാൻ നിർദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്റ്റേഡിയം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും അരീക്കോട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. തുടർന്ന് 2018-ലെ പ്രളയത്തിൽ സ്റ്റേഡിയം വെള്ളത്തിലാവുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 19-11-2019-ന് അന്നത്തെ കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ കായിക വകുപ്പ് ഡയറക്ടർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറും കായിക യുവജനകാര്യ ഡയറക്ടർക്കുവേണ്ടി സ്പോർട്സ് എഞ്ചിനീയറിങ് വിങ് അസിസ്റ്റന്റ് എഞ്ചിനീയറും പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തുകയും സ്റ്റേഡിയത്തിന് കാര്യമായ തകരാറുകളില്ലെന്ന് ബോധ്യപ്പെടുകയും ആയത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം ഏറ്റെടുക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി

312(1889) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ 'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആദ്യഘട്ടമായി ഏതെല്ലാം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലേയ്ക്ക് സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

(എ-സി) 2024 ജനുവരിയിൽ നടത്തിയ കായിക ഉച്ചകോടിയുടെ തീരുമാനത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന കായിക വകുപ്പ് വിജയകരമായി നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ലോക

പ്രശസ്ത സ്പോർട്സ് റീട്ടെയ്ൽ ബ്രാൻഡായ DECATHLON ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് തിരഞ്ഞെടുത്ത എഴുപത് സ്കൂളുകളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യും. കുട്ടികളുടെ കായിക വികസനം ഉറപ്പുവരുത്തുന്നതിനുള്ള തുടർ പദ്ധതിയാണ് നടപ്പാക്കുന്നത്.

'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതിയുടെ ഉദ്ഘാടനം 25-09-2024-ന് തിരുവനന്തപുരം ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽവച്ച് നിർവഹിച്ചു.

8 ജില്ലകളിൽനിന്നും 70 സ്കൂളുകളിലാണ് ആദ്യഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+. ഈ പദ്ധതിയുടെ ഭാഗമായി DECATHLON-ന്റെ സി.എസ്.ആർ. ഫണ്ടിൽനിന്നും ഒരു സ്കൂളിന്, ഒരു കായികയിനത്തിനായി 15,000/- രൂപ വിലവരുന്ന കായിക ഉപകരണങ്ങളാണ് ആദ്യഘട്ടത്തിൽ ലഭ്യമാക്കുന്നത്.

കായിക ഡയറക്ടറും സ്പോൺസർ കമ്പനിയും കൂടിയാലോചന നടത്തിയാണ് സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി

313(1890) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഒരു സ്കൂൾ ഒരു ഗെയിം' പദ്ധതിയുടെ വിശദാംശം നൽകാമോ?

രാജ്യാന്തര കായിക ഉച്ചകോടിയുമായി ബന്ധപ്പെട്ട് പ്രമുഖ റീട്ടെയിൽ ബ്രാൻഡായ DECATHLON, സംസ്ഥാനത്തെ തിരഞ്ഞെടുത്ത എഴുപത് സ്കൂളുകളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്തു. 'ഒരു സ്കൂൾ ഒരു ഗെയിം' എന്ന് വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി 25-09-2024-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; പട്ടാമ്പി മണ്ഡലത്തിൽനിന്നും തിരഞ്ഞെടുത്ത സ്കൂളിന്റെ പേരുവിവരം നൽകാമോ?

സംസ്ഥാനത്ത് DECATHLON സ്റ്റോറുള്ള 8 ജില്ലകളിൽനിന്നും 70 സ്കൂളുകളാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. പട്ടാമ്പി നിയോജകമണ്ഡലത്തിൽനിന്നും ഒരു സ്കൂളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു[+] .

(സി) ഈ പദ്ധതിപ്രകാരം ഒരു സ്കൂളിന് എത്ര രൂപയാണ് അനുവദിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ള ഏജൻസിയുടെ പേരുവിവരം നൽകാമോ?

DECATHLON എന്ന കമ്പനിയുടെ സി.എസ്.ആർ. ഫണ്ടിൽനിന്നും ഒരു സ്കൂളിന്, ഒരു കായികയിനത്തിനായി 15,000/- രൂപ വില വരുന്ന കായിക ഉപകരണങ്ങളാണ് ആദ്യഘട്ടത്തിൽ ലഭ്യമാക്കുന്നത്. പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് നടത്തിവരുന്നത്

(ഡി) ജനുവരിയിൽ നടന്ന കായിക ഉച്ചകോടിയുടെ വിശദാംശം അറിയിക്കാമോ?

കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ടാണ് കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചത്. ആഗോള കായികരംഗത്തെ പുത്തൻ പ്രവണതകൾ, സങ്കേതങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും തദ്ദേശീയമായ നവീന ആശയങ്ങൾ വിദേശ പ്രതിനിധികൾക്കും നിക്ഷേപകർക്കും മുന്നിൽ അവതരിപ്പിക്കുന്നതിനും ഉച്ചകോടിയിലൂടെ സാധ്യമായി.

കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ഊർജം പകരുന്നതിനായി വിവിധ പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ഉച്ചകോടിയിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായികമേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പംതന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് എൻ.ബി.എഫ്. അക്കാദമിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെയും കായികോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഡെക്കാത്തോണുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഒരു സ്കൂൾ ഒരു ഗെയിം പദ്ധതിയുടെയും ഉദ്ഘാടനം പൂർത്തിയായിട്ടുണ്ട്. ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ്. കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചു. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച

പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ പ്രഖ്യാപിച്ച കേരള സൂപ്പർ ലീഗ് ആരംഭിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുകയെന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തിവരുന്നു.

ഖേലോ ഇന്ത്യ പദ്ധതികൾ

314(1891) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഖേലോ ഇന്ത്യ പദ്ധതിപ്രകാരം ഏതെങ്കിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഓരോ ഖേലോ ഇന്ത്യ സെന്റർ വീതവും അനുവദിച്ചിട്ടുണ്ട്.

(ബി) ഖേലോ ഇന്ത്യ പദ്ധതിപ്രകാരം അവസാനം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി അവസാനം അംഗീകാരം ലഭിച്ചത് ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്ന പ്രവൃത്തിക്കാണ്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 2024 ഒക്ടോബർ മാസം നിർവഹിക്കുന്നതാണ്.

കൂടാതെ 2022-2023 സാമ്പത്തികവർഷം ഖേലോ ഇന്ത്യ പദ്ധതിക്കായി ഓരോ സെന്ററിനും കളിസ്ഥലം മെച്ചപ്പെടുത്തുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലകർക്ക് വേതനം നൽകുന്നതിനുമായി 7 ലക്ഷം രൂപ വീതം 84 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2024-2025 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടത്തിപ്പിനായി 50,31,732/- രൂപയും അനുവദിച്ചിരുന്നു. 12 സെന്ററുകളിൽ എറണാകുളം ഒഴികെ ബാക്കി 11 ഖേലോ ഇന്ത്യ സെന്ററുകളിൽ പരിശീലനം തുടരുന്നു.

(സി) നിലവിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ അഞ്ച് പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഖേലോ ഇന്ത്യ പോർട്ടൽ മുഖേന സമർപ്പിച്ച പദ്ധതികളുടെ പരിശോധന കേന്ദ്ര സർക്കാർ നടത്തിവരികയാണ്. അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഡി) സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ കളി സ്ഥലവും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഖേലോ ഇന്ത്യ പദ്ധതി പ്രകാരം കൂടുതൽ കളി സ്ഥലവും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സ്പോർട്സ് ടർഫുകളുടെ നിയന്ത്രണം

315(1892) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർധിച്ചുവരുന്ന സ്പോർട്സ് ടർഫുകളുടെ നിയന്ത്രണത്തിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ടർഫുകളിൽ നിന്നുള്ള തീവ്ര ശബ്ദം, അതിശക്തമായ പ്രകാശം, സമയക്രമമില്ലാതെ ഇരുപത്തിനാല് മണിക്കൂർ പ്രവർത്തനം എന്നിവമൂലം പരിസരവാസികൾക്ക് നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടർഫുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

(എ-സി) ഉണ്ട്. കേരള സർക്കാർ എല്ലായിടത്തും കളിക്കാനൊരിടം എന്ന ലക്ഷ്യം വച്ചാണ് 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ സംവിധാനത്തിൽ പൊതുഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണത്തോടൊപ്പം സ്വകാര്യമേഖലയിൽ വരുന്ന പ്രവർത്തനങ്ങളും സ്വാഗതം ചെയ്യേണ്ടതുണ്ട്. സ്വകാര്യമേഖലയിൽ വരുന്ന കളിക്കളങ്ങളുടെ ഗുണമേന്മ ഉറപ്പാക്കേണ്ടതും പ്രവർത്തനം നിയന്ത്രണ വിധേയമാക്കേണ്ടതുമുണ്ട്. ഗുണനിലവാരമില്ലാത്ത ടർഫുകൾ കളിക്കാർക്ക് പരിക്കുപറ്റുന്നതിന് കാരണമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്പോർട്സ് ടർഫുകൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള മാർഗരേഖകൾ തയ്യാറാക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗരേഖകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനാവശ്യമായ നിയമനിർമ്മാണവും സർക്കാരിന്റെ പരിഗണനയിലുണ്ട്. ടർഫുകളുടെ പ്രവർത്തനം പരിസരവാസികൾക്ക് ബുദ്ധിമുട്ടാകുന്നുവെന്ന പരാതിയും പരിശോധിക്കുന്നതാണ്.

കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

316(1893) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കായിക വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ജി.എച്ച്.എസ്.എസ്. തോലന്നൂർ ഗ്രൗണ്ട് നവീകരണം

317(1894) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. തോലന്നൂർ ഗ്രൗണ്ട് നവീകരണം (രണ്ട് കോടി രൂപ) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

23-08-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 247/2023/കാ.യു.വ പ്രകാരം പാലക്കാട് ജില്ലയിലെ തൃശ്ശൂർ മണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി 2 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 15-03-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിക്ക് 1.88 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 10-05-2024-ൽ ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് അലി, പാലക്കാട് എന്ന കരാറുകാരന് 03-09-2024-ൽ വർക്ക് ഓർഡർ നൽകുകയും കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

318(1895) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

i) താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും.

ii) പഴഞ്ചിറക്കുളം സ്വിമ്മിങ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്.

iii) ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം.

iv) തഴക്കര ഗ്രാമപഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം.

v) മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്റർ.

vi) ഹെൽത്തി കിഡ്സ്

മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കായിക വകുപ്പ് ഡയറക്ടേറ്റിലെ ഡിജിറ്റൽ സേവനങ്ങൾ

319(1896) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഡയറക്ടേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി ഏതെങ്കിലും ഏജൻസികൾക്ക് കരാർ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കായിക വകുപ്പ് ഡയറക്ടേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി "klivolks Private limited" എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ഈ പ്രോജക്ടിന്റെ ആദ്യഘട്ട ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട ജോലികൾ ആരംഭിക്കാനിരിക്കുന്നു.

(ബി) എന്തൊക്കെ ഡിജിറ്റൽ സേവനങ്ങൾക്കാണ് പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഒരു വർഷത്തേയ്ക്ക് എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

"klivolks Private limited" ഏജൻസിയുമായി വ്യവസ്ഥ ചെയ്തിരിക്കുന്ന കരാറിലുൾപ്പെടുന്ന ഡിജിറ്റൽ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

Sports Booking App.

Inventory and Maintenance Management.

HR and Payroll management System.

ഇവയിൽ സ്പോർട്സ് ബുക്കിങ് അപ്ലിക്കേഷന്റെ ഫ്രണ്ട് എൻഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്ത ചെലവ് 18,50,000/- + GST രൂപയാണ്. നിലവിൽ പ്രസ്തുത തുകയിൽ 4,36,600/- രൂപ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ?

സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

പി. ആർ. ശ്രീജേഷിന് തലസ്ഥാനത്ത് ഒരുക്കിയ സ്വീകരണ ചടങ്ങ്

320(1897) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ മലയാളി താരം ശ്രീ. പി. ആർ. ശ്രീജേഷിന് നൽകാൻ നിശ്ചയിച്ച സ്വീകരണ ചടങ്ങ് മാറ്റിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

പാരിസ് ഒളിമ്പിക്സിൽ മെഡൽ നേടിയ മലയാളി താരം ശ്രീ. പി. ആർ. ശ്രീജേഷിന് നൽകാൻ നിശ്ചയിച്ച സ്വീകരണച്ചടങ്ങ് കൂടുതൽ വിപുലമായി നടത്തുന്നതിനാണ് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചത്.

(ബി) ശ്രീ. പി. ആർ. ശ്രീജേഷിന് പാരിതോഷികമായി എത്ര തുകയാണ് പ്രഖ്യാപിച്ചത്; എന്നായിരുന്നു പ്രസ്തുത പ്രഖ്യാപനം; ഈ തുക അദ്ദേഹത്തിന് കൈമാറിയതെന്നാണ്; വിശദമാക്കുമോ?

2024 പാരിസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായ ശ്രീ. പി. ആർ. ശ്രീജേഷിന് ഒളിമ്പിക്സ് നേട്ടത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് കോടി രൂപ പാരിതോഷികം അനുവദിച്ച് 23-08-2024-ലെ സ. ഉ. (കൈ) നം. 4/2024/കാ.യു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഒക്ടോബർ 30-ന് തിരുവനന്തപുരത്ത് നടക്കുന്ന സ്വീകരണ പരിപാടിയിൽ അവാർഡ് തുക കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

സ്പോർട്സ് എഞ്ചിനീയറിങ് വിഭാഗം

321(1898) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് എഞ്ചിനീയറിങ് വിഭാഗത്തിൽ ആവശ്യത്തിന് സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർ ഇല്ലാത്തതുകാരണം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ഒഴിവുള്ള വിവിധ തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റുകൾ നടത്തി ഇന്റർവ്യൂ നടപടികൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഒഴിവുകളുള്ള തസ്തികകളിലേയ്ക്ക് നിയമന നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും

പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്നും അവരെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ സഹിതം അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. മുഹമ്മദ് അഷ്റഫ് എ.പി.എം., എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), ഫോൺ നം.9446112555.

2. ശ്രീ. അച്ചു എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), ഫോൺ നം. 9447989908.

3. ശ്രീ. വിഷ്ണു ഗോപാൽ വി. എസ്., (അധികച്ചുമതല), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഫോൺ നം. 8129475483.

4. ശ്രീമതി സില്ലാ ജോൺസൺ, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫോൺ നം. 9562979237.

5. ശ്രീ. വിനീഷ് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഫോൺ നം. 9995308530.

ചായോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി

322(1899) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചായോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പിനുകീഴിൽ സ്പോർട്സ് അക്കാദമി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കായിക യുവജന കാര്യാലയത്തിനുകീഴിൽ കാഞ്ഞങ്ങാട് ചായോത്ത് ജി.എച്ച്.എസ്.എസ്.-ൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് 2019-20-ൽ തീരുമാനിക്കുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ സ്പോർട്സ് ഡിവിഷൻ തുടങ്ങുന്നത് അധിക ബാധ്യത വരുമെന്നതിനാൽ സ്പോർട്സ് ഡിവിഷനുപകരമായി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം

323(1900) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി നടപ്പാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2023-24 വർഷത്തെ എം.എൽ.എ. ADS ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി. സ്കൂൾ ഗ്രൗണ്ട് നവീകരണത്തിന് 31-07-2024-ലെ LSGD/JD/PKD/4225/2023-C4 നമ്പർ ഉത്തരവുപ്രകാരം ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചും ഉത്തരവായി. 09-09-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിക്ക് 92.59 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 10-09-2024-ൽ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ഇതനുസരിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നിർമ്മാണ-നവീകരണ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

മഡ് ഫ്ലോർ, സൈഡ് കവറിങ്, ലൈറ്റിങ് എന്നിവയുള്ള ഒരു ഇൻഡോർ കോർട്ടിന്റെ നിർമ്മാണമാണ് ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഫ്ളഡ് ലൈറ്റിങ്, ഉദ്ഘാടന ശില എന്നിവയോടുകൂടിയ വൈദ്യുതീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ പഴമ്പാലക്കോട് ഗ്രൗണ്ട് നവീകരണ പ്രവൃത്തി

324(1901) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ പഴമ്പാലക്കോട് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-2-ൽ ക്രമ നം. 1366 ആയി തൃശ്ശൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03-06-2024-ൽ ബഹു. എം.എൽ.എ.-യുമായി പ്രസ്തുത സ്ഥലം

സന്ദർശിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കുള്ള നടപടി സ്വീകരിച്ചുവരുന്നു.

കായിക വകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾ

325(1902) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ഡയറക്ടറേറ്റിൽ ഡിജിറ്റൽ സേവനങ്ങൾക്കായി ഏതെങ്കിലും ഏജൻസികൾക്ക് കരാർ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കായിക വകുപ്പ് ഡയറക്ടറേറ്റിലെ ഡിജിറ്റൽ സേവനങ്ങൾക്കായി "Klivolks Private Limited" എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രോജക്ടിന്റെ ആദ്യഘട്ട ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട ജോലികൾ ആരംഭിക്കാനിരിക്കുന്നു.

(ബി) എന്തൊക്കെ ഡിജിറ്റൽ സേവനങ്ങളാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ഒരു വർഷത്തേയ്ക്ക് എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

"Klivolks Private limited" ഏജൻസിയുമായി വ്യവസ്ഥ ചെയ്തിരിക്കുന്ന കരാറിലുൾപ്പെടുന്ന ഡിജിറ്റൽ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

• Sports Booking App

• Inventory and Maintenance Management

• HR and Payroll management System

ഇവയിൽ സ്പോർട്സ് ബുക്കിങ് ആപ്ലിക്കേഷന്റെ ഫ്രണ്ട് എൻഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 18,50,000/- + GST രൂപയാണ്. നിലവിൽ പ്രസ്തുത തുകയിൽ 4,36,600/- രൂപ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

(സി) സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചുവരുന്നവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരം ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുമോ?

സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിജിറ്റൽ മേഖലയിൽ പരിശീലനം നൽകി ഇപ്രകാരമുള്ള ഡിജിറ്റൽ സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

326(1903) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-II-ൽ ക്രമ നം. 788-ആയി തൃശൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ

03-06-2024-ൽ ബഹു. എം.എൽ.എ.-യുമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, ഡി.പി.ആർ. എന്നിവ തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഷൻ ജിം

327(1904) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ ജിം ആരംഭിക്കുന്നതിന് അവലംബിച്ചുവരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഓപ്പൺ ജിംനേഷ്യം എവിടെയെല്ലാം ആരംഭിക്കുന്നതിനാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്; വിശദാംശം നൽകുമോ;

(സി) വകുപ്പിനുകീഴിൽ എവിടെയെങ്കിലും നിലവിൽ ഓപ്പൺ ജിം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് ഏറെ സഹായകരമായ ഓപ്പൺ ജിം സാധ്യമായ ഇടങ്ങളിലെല്ലാം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) സംസ്ഥാനത്ത് ഓപ്പൺ ജിം ആരംഭിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങളൊന്നും നിലവിലില്ല. പ്രായഭേദമന്യേ ആളുകൾ ഒത്തുകൂടുന്ന തുറസ്സായ സ്ഥലത്തോ, പൊതുകളിസ്ഥലങ്ങളുടെ സമീപമായോ, കുട്ടികൾക്കുള്ള പാർക്കിന് സമീപമോ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിലോ ഓപ്പൺ ജിം സ്ഥാപിക്കുന്നതാണ് അഭികാമ്യം.

ടൂറിസം വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത ഏഴ് സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 16-02-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 28/2022/കാ.യു.വ. പ്രകാരം 148 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെ സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കായിക വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നത് തിരുവനന്തപുരം, മലപ്പുറം, ആലപ്പുഴ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്

ജില്ലകളിലാണ്. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെന്റർ, മൂലയ്ക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 28 ലക്ഷം രൂപയുടെ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികളും 20 ലക്ഷം രൂപയുടെ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ

328(1905) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കേരള ഫൗണ്ടേഷന്റെ (എസ്.കെ.എഫ്.) എഞ്ചിനീയറിംഗ് വിഭാഗത്തിലും ഓപ്പറേഷൻ വിഭാഗത്തിലുമായി എത്ര ജീവനക്കാർ ജോലി ചെയ്യുവരുന്നുണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് നൽകുമോ?

സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിങ് വിഭാഗത്തിലും ഓപ്പറേഷൻ വിഭാഗത്തിലുമായി 114 ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്. തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.

2. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിങ് വിഭാഗം നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാദമി, വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ച്, കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.

4. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ.

5. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി. ആയുള്ള ചുമതല.

ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

(സി) എസ്.കെ.എഫ്.-ന്റെ നിലവിലുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.കെ.എഫ്.-ന്റെ നിലവിലുള്ള ചുമതലകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിങ് വിഭാഗം നടത്തിവന്നിരുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.

2. കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാദമി, വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ച്, കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ കൂടാതെ കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കിയ കാസർഗോഡ് നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ പരിപാലനവും നടത്തിപ്പും.

3. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ.

4. കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി. ആയുള്ള ചുമതല.

(ഡി) എസ്.കെ.എഫ്.-ന്റെ നിലനിൽപ്പിനും വളർച്ചയ്ക്കുമുതകുന്ന വിധത്തിൽ ചെറുതും വലുതുമായ കൂടുതൽ സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും ഏറ്റെടുക്കുന്നതിന് എസ്.കെ.എഫ്. നടപടികൾ സ്വീകരിക്കുമോ?

പ്ലാൻ ഫണ്ട്/കിഫ്ബി ഫണ്ട്/എം.എൽ.എ. ആസ്തി വികസന ഫണ്ട്/ ഡെപ്പോസിറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നിരവധി കളിസ്ഥലങ്ങൾ/ സ്റ്റേഡിയങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പൂർത്തിയാക്കി അതത് സ്ഥാപന ഉടമസ്ഥർക്ക് കൈമാറിയിട്ടുണ്ട്. ഇവയിൽ പരിപാലനവും മെയിന്റനൻസും നടപ്പാക്കാത്ത കളിസ്ഥലങ്ങൾ/സ്റ്റേഡിയങ്ങളുടെ പരിപാലനവും മെയിന്റനൻസും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുന്നത് പരിശോധിക്കുന്നതാണ്. കൂടാതെ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിപ്രകാരം അംഗീകരിച്ച് നൽകുന്ന രണ്ടാംഘട്ട

ലിസ്റ്റിലുൾപ്പെടുത്തുന്ന കളിക്കളങ്ങളുടെ നിർമ്മാണവും ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

(ഇ) എസ്.കെ.എഫ്. ഏറ്റെടുത്ത വർക്കുകൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വളരെയധികം കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഏകദേശം 430 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിങ് പൂൾ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവൽക്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/ നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ്

സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ 27 പദ്ധതികളുമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പാക്കിവരുന്നത്.

സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നിർമ്മിക്കുന്ന കളിസ്ഥലങ്ങളുടെ മുഖ്യഘടകം മഡ് കോർട്ടാണ്. ഇതിൽ മണ്ണിന്റെ നിലവിലുള്ള എസ്.ഒ.ആർ. (Schedule of Rate) നിരക്ക് മാർക്കറ്റ് വിലയെക്കാൾ വളരെ കുറവാണ്. ഇതുമൂലം കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ ഒരു പ്രവൃത്തി തന്നെ നാലഞ്ച് തവണ ടെൻഡർ ചെയ്യേണ്ടിവരാറുണ്ട്. കൂടാതെ 16-03-2024-ന് പാർലമെന്റ് ഇലക്ഷൻ സംബന്ധിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ രണ്ട് മാസത്തിലേറെക്കാലം പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനോ, ആരംഭിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

കൂടാതെ മഡ് കോർട്ടുകളുടെ നിർമ്മാണത്തിനാവശ്യമായ മണ്ണ് കരാറുകാരന് യഥാസമയം ലഭിക്കാത്തതിനാലും കളിസ്ഥലങ്ങളുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ

അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്ന ഒരു പ്രധാന ഘടകമാണ്.

കേരള ജൂഡോ അസോസിയേഷൻ ഭാരവാഹികൾക്കെതിരെയുള്ള പരാതി

329(1906) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിനുകീഴിൽ പരിശീലനം നടത്തുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളെ കേരള ജൂഡോ അസോസിയേഷൻ ഭാരവാഹികൾ ലൈംഗിക പീഡനമടക്കം പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാക്കുന്നെന്ന് കാണിച്ച് ശ്രീ. ബാബു കെ.പി, ദൈവകൃപ, എ.വി.എച്ച്.എസ്. തഴവ എന്ന വ്യക്തി കേരള സ്പോർട്സ് കൗൺസിൽ മുഖേനയും കായിക യുവജനകാര്യാലയം മുമ്പാകെയും നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഏതെങ്കിലും അന്വേഷണ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പരാതി പോക്സോ കേസിന്റെ പരിധിയിൽ വരുന്നതാണോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ലൈംഗിക ചൂഷണമടക്കമുള്ള ഗുരുതര ആരോപണങ്ങളടങ്ങുന്ന പ്രസ്തുത പരാതി പോലീസിന് കൈമാറുന്നതിന് പകരം ഇത്തരത്തിലുള്ള അന്വേഷണ കമ്മീഷനെ വച്ച് അന്വേഷണം നടത്താൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് അധികാരമുണ്ടോ; വിശദമാക്കുമോ?

(എ-ഡി) പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ മുമ്പാകെ ശ്രീ. ബാബു കെ. പി. സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്റ്റാൻഡിങ് കമ്മിറ്റി മെമ്പർമാരായ ശ്രീമതി കെ. സി. ലേഖ, ശ്രീമതി രഞ്ജു സുരേഷ് എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത

അന്വേഷണ കമ്മീഷൻ കൗൺസിലിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ശ്രീ. ബാബു കെ. പി. സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന് 31-07-2024-ന് സമർപ്പിച്ച കത്ത് ഉള്ളടക്കം ചെയ്യുകയുണ്ടായി. പ്രസ്തുത കത്തിൽ പരാതിക്കാരൻ കേരള സ്റ്റേറ്റ് ജൂഡോ അസോസിയേഷന്റെ ഭാരവാഹിയായി കുറെ കാലം പ്രവർത്തിച്ചിട്ടുണ്ടെന്നും അസോസിയേഷനിൽ നിന്നും മറ്റാരോ തന്റെ അഡ്രസ്സും ഫോൺ നമ്പറും ദുരുപയോഗം ചെയ്തതാണെന്നും പരാതിയുമായി തനിക്ക് ബന്ധമില്ലെന്നുമാണ് പരാതിക്കാരൻ ബോധിപ്പിച്ചിരിക്കുന്നത്.

സ്പോർട്സ് കൗൺസിലിൽ ഹിയറിങ്ങിന് നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ടെങ്കിലും അതിന് പരാതിക്കാരൻ തയ്യാറായിട്ടില്ല. എന്നാൽ സ്റ്റാൻഡിങ് കമ്മിറ്റി മെമ്പർമാരായ ശ്രീമതി കെ. സി. ലേഖ, ശ്രീമതി രഞ്ജു സുരേഷ് എന്നിവർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തുകയോ കുട്ടികളെ നേരിൽ കേൾക്കുകയോ ചെയ്യാത്തതിനാലും ഇത്തരത്തിൽ ജൂഡോ അസോസിയേഷനെതിരെ നിരവധി പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലും ഹോസ്റ്റലുകൾ, അസോസിയേഷനുകൾ എന്നിവിടങ്ങളിൽ

നടക്കുന്ന ക്രമക്കേടുകളും മറ്റ് പരാതികളും സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ഒരു internal vigilance വിഭാഗം രൂപീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത പരാതി അന്വേഷണ നടപടികൾക്കായി കേരള പോലീസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നാളിതുവരെ ഈ പരാതി പോലീസിന് കൈമാറാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ ലഭിച്ച പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടാണ് സ്പോർട്സ് കൗൺസിലിൽ പ്രസ്തുത പരാതി ലഭിച്ചത്. പ്രാഥമിക അന്വേഷണമെന്ന നിലയ്ക്കാണ് സ്പോർട്സ് കൗൺസിൽ അന്വേഷണ കമ്മീഷനെ നിയോഗിച്ചത്.

(എഫ്) പ്രസ്തുത പരാതി പോലീസിന് കൈമാറി കൃത്യമായ അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

സ്പോർട്സ് കൗൺസിലിൽനിന്നും റിപ്പോർട്ട്/ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം

നൽകിയ സ്പോർട്സ് അസോസിയേഷനുകൾ

330(1907) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സ്പോർട്സ് കൗൺസിൽ നാളിതുവരെ അംഗീകാരം നൽകിയ സ്പോർട്സ് അസോസിയേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+ .

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പ്രസ്തുത അസോസിയേഷനുകളിൽ ഏതെങ്കിലും അസോസിയേഷനുകൾക്ക് അംഗീകാരം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അസോസിയേഷന്റെ പേരും അംഗീകാരം റദ്ദാക്കാനുള്ള കാരണവും വ്യക്തമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) അംഗീകാരം നഷ്ടപ്പെട്ട അസോസിയേഷനുകൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരം നഷ്ടപ്പെട്ട കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങളിൽ സ്പോർട്സ് കൗൺസിലിൽനിന്നും മത്സരങ്ങൾ നിരീക്ഷിക്കുന്നതിന് നിരീക്ഷകനെ നിയോഗിക്കാറില്ല. കൂടാതെ എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായിക സംഘടനകളുടെ വിവരങ്ങൾ നൽകി കായിക താരങ്ങളെ ബോധവൽക്കരിക്കുന്നതിന് ജില്ലാ അസോസിയേഷനുകൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി

331(1908) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവ. ഹൈസ്കൂളിന്റെ കായിക അടിസ്ഥാന വികസന പദ്ധതിക്ക് 08-05-2023-ലെ സ. ഉ. (സാധാ) നം. 126/2023/കാ.യു.വ. പ്രകാരം 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത പദ്ധതിയിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം, ഹോസ്റ്റൽ (ഗേൾസും ബോയ്സും), സ്റ്റെപ്പ് ഗ്യാലറി, സിന്തറ്റിക് ട്രാക്ക് 200 മീ., 7's നാച്വറൽ ടർഫ് എന്നിവയാണ് പ്രധാന

ഘടകങ്ങൾ. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി 19-09-2023-ന് കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13-03-2024-ന് ലഭിക്കുകയും ചെയ്തിരുന്നു.

നിർദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം DAR (Detailed Appraisal Report) കൂടി കിഫ്ബി നൽകിയിരുന്നു. അതിൽ എസ്.പി.വി.-ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി എടുക്കുന്നതിനുമുമ്പായി DAR-ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അതിൻപ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ സ്ട്രക്ചറൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിങ്ങിന് 30-05-2024-ൽ സമർപ്പിക്കുകയും കിഫ്ബി സ്ട്രക്ചറൽ ഡിസൈൻസ് പരിശോധിച്ചശേഷം 24-09-2024-ന് സ്പോർട്സ് കേരള ഫൗണ്ടേഷന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുപ്രകാരം സ്ട്രക്ചറൽ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ ചെയ്യുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ചറൽ കൺസൾട്ടന്റായ M/s. Artly-ക്ക് സമർപ്പിച്ചിട്ടുണ്ട്.

M/s. Artly-യിൽനിന്നും മാറ്റങ്ങൾ വരുത്തിയ മോഡലുൾപ്പെടെ റിപ്പോർട്ടിന്റെ മറുപടി രണ്ടാഴ്ചയ്ക്കകം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്രയുംവേഗം പരിഹാരം കണ്ടെത്തി പദ്ധതി യാഥാർഥ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് സ്ട്രക്ചറൽ ഡിസൈന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചശേഷം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് പി.ഇ.ഡി. (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിക്ക് സമർപ്പിക്കണം. പി.ഇ.ഡി.-ക്ക് അപ്രൂവൽ കിട്ടിയതിനുശേഷം ദർഘാസ് ക്ഷണിക്കുന്നതാണ്.

കിഫ്ബിയുടെ പ്രൊസീഡ്യുവർ പാലിച്ചുമാത്രമെ നിർമ്മാണത്തിലേയ്ക്ക് പോകാൻ കഴിയൂ. ഡി.പി.ആർ. സമർപ്പിക്കുകയും ആയതിന് അംഗീകാരം വാങ്ങുകയും പി.ഇ.ഡി. സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ടെൻഡർ ചെയ്ത വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുകയും പദ്ധതിയുടെ Unique LOA ID കിഫ്ബിയിൽനിന്നും ലഭിച്ചതിനുശേഷം വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

അരുവിക്കര ജി.വി. രാജ സ്പോർട്സ് സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ

332(1909) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര ജി.വി. രാജ സ്പോർട്സ് സ്കൂളിന് റവന്യൂ വകുപ്പിൽനിന്നും 21-08-2023-ലെ ജി. ഒ. (ആർ.ടി.) 198/2023/ആർ.ഡി. പ്രകാരം കൈമാറിയ 1.17.70 ഹെക്ടർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അരുവിക്കര ജി.വി. രാജ സ്പോർട്സ് സ്കൂളിന് റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂമിയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി 14-02-2024-ലെ സ. ഉ. (സാധാ) നം. 49/2024/കാ.യു.വ. പ്രകാരം 772 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും നൽകിയിരുന്നു. പ്രസ്തുത സ്ഥലത്ത് മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും

ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണം

333(1910) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം ഹോസ്റ്റലിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തിക്ക് 15-05-2017-ലെ സ. ഉ. (സാധാ) നം. 95/2017/S&YA. പ്രകാരം 6.57 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ പ്രാരംഭ SPV കിറ്റ്കോ ആയിരുന്നു. എന്നാൽ കിറ്റ്കോ കൃത്യസമയത്ത് ഡി.പി.ആർ. സമർപ്പിക്കാത്തതിനാൽ എസ്.കെ.എഫ്.-നെ എസ്.പി.വി. ആയി നിയമിച്ചു. തുടർന്ന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 4.47 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡി.പി.ആർ. തയ്യാറാക്കി 02-04-2024-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. നിലവിലുള്ള ഇൻഡോർ സ്റ്റേഡിയം നവീകരണം, ഹോസ്റ്റൽ നവീകരണം, ഗേറ്റ്, കോമ്പൗണ്ട് വാൾ, റീട്ടെയിനിങ് വാൾ, സൈഡ് കവറിങ്ങില്ലാതെ ഇൻഡോർ ഖോ-ഖോ കോർട്ട്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയാണ് ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങൾ. ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചപ്പോൾ, ഭരണാനുമതിയുടെ റീവാലിഡേഷൻ നടത്തേണ്ടതുണ്ടെന്നും അതിനുശേഷം മാത്രമെ സാമ്പത്തികാനുമതി നൽകാൻ സാധിക്കുകയുള്ളൂവെന്നും കിഫ്ബി

അറിയിച്ചു. തുടർന്ന് ഭരണാനുമതിയുടെ റീവാലിഡേഷനായി കായിക യുവജനകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഹോസ്റ്റൽ ബിൽഡിങ്ങിലെ ടോയ്ലെറ്റ് സൗകര്യങ്ങൾ അടിയന്തരമായി നവീകരിക്കുന്നതിന് 05-08-2024-ലെ സ. ഉ. (സാധാ) നം. 197/2024/S&YA പ്രകാരം, 10.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടന്നുവരുന്നു.

മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതി

334(1911) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

24-10-2019-ലെ സ. ഉ. (സാധാ) 204/2019/കാ.യു.വ. പ്രകാരം മട്ടന്നൂർ അക്വാട്ടിക് കോംപ്ലക്സ് നിർമ്മാണത്തിനായി 15 കോടി രൂപയുടെ

ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ടി പദ്ധതിയിൽ പ്രധാനമായും 2500 സീറ്റിങ് കപ്പാസിറ്റി വരുന്ന ഇൻഡോർ സ്റ്റേഡിയവും 25 മീ.X12.5 മീ. അളവിലുള്ള പരിശീലന നീന്തൽക്കുളവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈനും പൂർത്തീകരിച്ച് 26 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. പദ്ധതി രണ്ടുഘട്ടമായി നിർമ്മിക്കുന്ന രീതിയിലാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

26-07-2024-ൽ കിഫ്ബിയിൽ ചേർന്ന മട്ടന്നൂർ എൽ.എ.സി. യോഗത്തിൽ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തുക 20 കോടി രൂപയിൽ ലിമിറ്റ് ചെയ്യാനായി കിഫ്ബി നിർദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തുക 20 കോടി രൂപയിൽ അധികരിച്ചതിനാൽ ആയത് ബഹു. മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുമായി ചർച്ച ചെയ്യുകയും തുടർന്ന് മട്ടന്നൂർ എം.എൽ.എ.-യുടെ നിർദേശപ്രകാരം ഗ്യാലറിയുടെ സീറ്റിങ് കപ്പാസിറ്റി 2500-ൽനിന്നും 1500 സീറ്റിങ്

കപ്പാസിറ്റിയിലേയ്ക്ക് മാറ്റി ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡ്രോയിങ്ങ് റിവൈസ് ചെയ്യുകയും ചെയ്തു.

മേൽപ്പറഞ്ഞ മാറ്റങ്ങൾക്കനുസരിച്ച് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനായി സ്ട്രക്ചറൽ കൺസൾട്ടന്റായ M/s. Artly-ക്ക് നൽകുകയും M/s. Artly പുതുക്കിയ സ്ട്രക്ചറൽ ഡിസൈൻ ഡ്രോയിങ്ങ് 24-09-2024-ൽ നൽകുകയും ചെയ്തു. തുടർന്ന് മുമ്പേ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തിയ ഡി.പി.ആർ. 06-10-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പടിയൂർ ഗ്രാമപഞ്ചായത്തിൽ 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' എന്ന പദ്ധതിയുടെ ഭാഗമായി ലഭിച്ച കളിസ്ഥലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

18-10-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ. പ്രകാരം 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയ 120 കളിക്കളങ്ങളുടെ ലിസ്റ്റിലെ ക്രമനമ്പർ 103 ആയി മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ

കല്യാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയവും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് വിഹിതമായി 50 ലക്ഷം രൂപ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് 28-08-2024-ൽ ബഹു. എം.എൽ.എ. അയച്ച കത്തിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ജില്ലാ കളക്ടറിൽനിന്നും ഉത്തരവ് ലഭിച്ചാലുടൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തി

335(1912) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കാവശ്ശേരി കെ.സി.പി. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-2-ൽ ക്രമ നം. 463 ആയി തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനതുവർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03-06-2024-ൽ ബഹു. എം.എൽ.എ.-യുമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

336(1913) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

കുത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17-10-2023-ൽ ദർഘാസ് ക്ഷണിക്കുകയും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി. എൽ. മുഹമ്മദ് ഹനീഫ്, കാസർഗോഡ് എന്ന കരാറുകാരനുമായി 20-01-2024-ൽ 4,29,55,589/- രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടെയ്നിങ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേയ്ക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെ ഭാഗമായി റീട്ടെയ്നിങ് വാൾ പ്രവൃത്തി പൂർത്തീകരിക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ബി) ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09-03-2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിക്ക് 27-04-2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും രണ്ട് കരാറുകാരെ ലഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരാറിൽ L1 കരാറുകാരൻ 3,92,77,722/- രൂപയും L2 കരാറുകാരൻ 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 കരാറുകാരൻ PEB Structure-ലുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല. പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കരാറുകാരന് നിർദ്ദേശം

നൽകിയെങ്കിലും L1 കരാറുകാരൻ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി പ്രവൃത്തിക്ക് 06-08-2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരന് 04-10-2024-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയം

337(1914) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ സ്റ്റേഡിയം നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ച് പ്രവൃത്തി നടപ്പാക്കാൻ എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ-സി) 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-2-ൽ ക്രമ നം. 1622 ആയി കാസർഗോഡ് നിയോജകമണ്ഡലത്തിലെ കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് ആൻഡ് ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി 400 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ 03-06-2023-ന് ബഹു. എം.എൽ.എ.-യുടെ നിർദേശാനുസരണം മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. സ്റ്റേഡിയം നിലവിൽ പോലീസ് പരേഡ് ഗ്രൗണ്ട് ആയതിനാൽ ബഹു. എം.എൽ.എ. മുഖാന്തരം

ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ സംയുക്തമായി യോഗം ചേരാൻ തീരുമാനിച്ചു. 8 നിര സിന്തറ്റിക് ട്രാക്ക്, ലവൻസ് ഫുട്ബോൾ ഗ്രൗണ്ട്, ഗ്രൗണ്ടിലേയ്ക്ക് ആവശ്യമായ ഫ്ലഡ് ലൈറ്റ്, ഡ്രെയിനേജ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യാൻ ടി യോഗത്തിൽ തീരുമാനിച്ചു. 8 നിര സിന്തറ്റിക് ട്രാക്ക് ചെയ്യുമ്പോൾ നിലവിലുള്ള ഗ്യാലറിയുടെ കുറച്ചുഭാഗം പൊളിച്ചുനീക്കേണ്ടതായി വരുന്നുണ്ട്.

ഈ പദ്ധതിക്കായി 10 കോടിയോളം രൂപ ആവശ്യമായതിനാൽ ഈ പദ്ധതി ബഹു. എം.എൽ.എ. മുഖാന്തരം കെ.ഡി.പി. (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിലുൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ യോഗത്തിൽ ചർച്ച ചെയ്തു. 05-08-2023-ൽ ബഹു. എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ മുനിസിപ്പാലിറ്റി ഓഫീസിൽ യോഗം ചേരുകയും ഈ പദ്ധതി കെ.ഡി.പി. (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്) പദ്ധതിയിലുൾപ്പെടുത്താനുള്ള ശിപാർശ സമർപ്പിക്കാനും തീരുമാനിച്ചു. കൂടാതെ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി മുഴുവൻ തുകയും അനുവദിക്കാൻ സാധിക്കുമോയെന്ന കാര്യം അന്വേഷിക്കാനും തീരുമാനിച്ചു.

നിലവിൽ പരേഡ് ഗ്രൗണ്ടായതിനാൽ അത് മാറ്റി സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ടാക്കി മാറ്റാൻ ജില്ലാ കളക്ടർക്കും പോലീസ് സൂപ്രണ്ടിനും ബഹു. എം.എൽ.എ.-യുടെ കത്ത് നൽകാനും യോഗത്തിൽ തീരുമാനിച്ചു.

എന്നാൽ ടി പരേഡ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്കുൾപ്പെടെ നിർമ്മിക്കുന്നത് സംബന്ധിച്ച് തുടർതീരുമാനമൊന്നും ലഭിച്ചിരുന്നില്ല. തുടർന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി എഞ്ചിനീയറിങ് വിഭാഗം 07-12-2023-ൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്കായി 10 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി 28-12-2023-ൽ അമൃത് മിഷൻ പദ്ധതിയിലേയ്ക്ക് സമർപ്പിക്കാൻ കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അംഗീകാരമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(ഡി) കാസർഗോഡ് നഗരസഭയിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള ചർച്ചയോ സ്ഥല പരിശോധനയോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കാസർഗോഡ് തളിപ്പടപ്പ് സ്റ്റേഡിയം പിങ്ക് സ്റ്റേഡിയമാക്കി നവീകരിക്കുന്നതിനായി 03-06-2023, 05-08-2023 എന്നീ തീയതികളിലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ബഹു. എം.എൽ.എ.-യുടെ നിർദേശാനുസരണം മുനിസിപ്പാലിറ്റി അധികൃതരുടെ സാന്നിധ്യത്തിൽ സ്റ്റേഡിയം സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻതന്നെ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

സ്റ്റേഡിയങ്ങളുടെ നിർമ്മാണം

338(1915) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് വകുപ്പിനുകീഴിൽ കിഫ്ബിവഴി എത്ര ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര

സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്പോർട്സ് വകുപ്പിനുകീഴിൽ കിഫ്ബിവഴി നടപ്പാക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) സ്റ്റേഡിയങ്ങളുടെ നടത്തിപ്പും നിയന്ത്രണവും കാര്യക്ഷമമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്കായി കായിക യുവജനകാര്യ ഡയറക്ടറും രണ്ടാംകക്ഷിയും (സ്ഥലത്തിന്റെ ഉടമ) തമ്മിൽ 05-12-2017-ലെ സ. ഉ. (സാധാ.) നം. 245/2017/S&YA പ്രകാരം MoU ഒപ്പിടേണ്ടതുണ്ട്. ടി MoU അനുസരിച്ച് സ്റ്റേഡിയത്തിന്റെ നടത്തിപ്പും പരിപാലനവും ഒരു ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ് വഹിക്കേണ്ടത്. നിർമ്മാണം പൂർത്തിയായ കായികസൗകര്യങ്ങളുടെ ശരിയായ പരിപാലനം, അറ്റകുറ്റപ്പണി, നടത്തിപ്പ് എന്നിവയുടെ ഉത്തരവാദിത്വം കമ്മിറ്റിക്കാണ്. സ്റ്റേഡിയത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽനിന്നുമാണ് അറ്റകുറ്റപ്പണിക്കുള്ള ഫണ്ട് കമ്മിറ്റി കണ്ടെത്തേണ്ടത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

339(1916) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഇ.എം.എസ്. സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം (മെഡിക്കൽ കോളേജ്) എന്നീ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) അമ്പലപ്പുഴ മണ്ഡലത്തിലെ, ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

1) ഇ.എം.എസ്. സ്റ്റേഡിയം (കിഫ്ബി പദ്ധതി)

2) അമ്പലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം (കിഫ്ബി പദ്ധതി).

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

340(1917) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെട്ട ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് ബഹു. ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായിക വകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 11-01-2024-ലെ എ 3-7941/23 നമ്പർ നടപടിക്രമം പ്രകാരം കായിക

യുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, സിന്തറ്റിക് ടർഫ്, ടോയ്ലെറ്റോടു കൂടിയ ഡ്രസ്സ് ചെയ്ഞ്ചിങ് റൂം, ചുറ്റുവേലി, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ടി പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്നത്.

പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ്

കോളേജിൽ ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മാണം

341(1918) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു

സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജ് കളിസ്ഥലം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ. സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ സൈറ്റ് സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്തപ്രകാരം കളിസ്ഥലം നവീകരിക്കുന്നതിനായി ചുറ്റുമുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതും ഗ്രൗണ്ടിന്റെ സൈഡിലുള്ള ബസ് പാർക്കിങ് ഏരിയ പൊളിച്ചുമാറ്റി സ്ഥാപിക്കേണ്ടതുമാണ്. ഗ്രൗണ്ടിൽ ഏകദേശം ഒരു മീറ്റർ മണ്ണ് കട്ട് ചെയ്ത് സൈഡിൽ സ്ലോപ്പോടുകൂടി ഫിൽ ചെയ്താൽ 132 മീ. X 60 മീ. പ്ലേയിങ് ഏരിയ ലഭ്യമാകുക, 200 മീ. സിന്തറ്റിക് ട്രാക്ക്, സെവൻസ് നാച്വറൽ

ഫുട്ബോൾ ടർഫ്, സമ്പ് ആൻഡ് പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ബ്ലോക്ക്, ഗ്യാലറി എന്നീ പ്രവൃത്തികൾ ഇവിടെ നടപ്പാക്കാമെന്നും പ്രസ്തുത പ്രവൃത്തികളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റായി 4,17,50,000/- രൂപ ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കുള്ള പണം ബഡ്ജറ്റ് നിർദേശത്തിലോ മറ്റ് ഏജൻസികൾ മുഖേനയോ ലഭ്യമാണോയെന്ന് പരിശോധിക്കുന്നതിന് വീണ്ടും ആവശ്യപ്പെട്ടതുപ്രകാരം നിലവിൽ ടി സ്ഥാപനത്തിൽ ഫണ്ടുകളൊന്നും ലഭ്യമായിട്ടില്ലെന്നും ചില അത്യാവശ്യ അക്കാദമിക് പദ്ധതികൾക്കായി ഒരു ചെറിയ തുക വകയിരുത്തുന്നതിനുള്ള നിർദേശങ്ങളും ഏകദേശ സമ്മതവും മാത്രമെ എം.എൽ.എ. ഫണ്ടിൽനിന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ തത്വത്തിൽ ഉറപ്പായിട്ടുള്ളുവെന്നും പൊതുവെ ഉൾപ്രദേശമായ പൂഞ്ഞാറിൽ സർക്കാർ മേഖലയിൽ 25 ഏക്കർ കാമ്പസും വിശാലമായ കളിസ്ഥലവും കോളേജിനുണ്ട് എന്നതിനാൽ സാധ്യമായ ഫണ്ടുകൾ ലഭ്യമാക്കി, അതിനെ വികസിപ്പിക്കുന്നത്, ഒരു പൊതു സ്ഥാപനമെന്ന നിലയിൽ, ഈ പ്രദേശത്തെ കായിക വികസനത്തിന് വലിയ സഹായകമാകുന്ന ഒരു

സമീപനമായിരിക്കുമെന്നും പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ളതായി കായിക യുവജനകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി പദ്ധതി ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലപ്പുറം ഗവൺമെന്റ് കോളേജിലെ കായിക മേഖല

342(1919) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആദ്യത്തെ സർക്കാർ കോളേജായ മലപ്പുറം മുണ്ടുപറമ്പ് ഗവൺമെന്റ് കോളേജിൽ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ച ഏഴുകോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോളേജിൽ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ ജിംനേഷ്യവും അനുവദിക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് എം.എൽ.എ.-യുടെ പി.യു/62/23/എസ്.പി.ഒ/എം.പി.എം. നമ്പർ കത്തിന്മേൽ (ഫയൽ നം. 7692222/2023/എം.(എം.ഡബ്ല്യു.എസ്. &ഡബ്ല്യൂ.)) നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിരവധി കായിക താരങ്ങളെ രാജ്യത്തിന് സമ്മാനിച്ച പ്രസ്തുത കോളേജിൽ കായിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം ജില്ലയിൽ സർക്കാർ കോളേജായ മലപ്പുറം മുണ്ടുപറമ്പ് ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ ജിംനേഷ്യവും അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത സ്ഥലം സന്ദർശിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കി സമർപ്പിക്കുന്നതിനായി കായിക വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം

343(1920) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 06-11-2020-ലെ സ. ഉ. (സാധാ) നം. 182/2020/കാ.യു.വ. പ്രകാരം 72.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് എഞ്ചിനീയറിങ് വിഭാഗം ചീഫ് എഞ്ചിനീയർ 23-01-2021-ൽ 68.67 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സജു സി., മലപ്പുറം എന്ന കരാറുകാരനുമായി

പ്രവൃത്തിയുടെ കരാറിലേർപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്ലെറ്റ് ബ്ലോക്ക്, റീട്ടെയ്നിങ് വാൾ, ഫെൻസിങ്, ഫ്ലഡ് ലൈറ്റ് അനുബന്ധ സിവിൽ ആൻഡ് ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികളായ ഗ്രൗണ്ട് ലെവലിങ്, ഇന്റർലോക്ക് എന്നിവ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024 ഒക്ടോബർ മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

344(1921) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ

സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2020-21 സംസ്ഥാന ബഡ്ജറ്റിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23-02-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 62/2023/കാ.യു.വ പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 09-08-2023-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ദർഘാസിൽ ഒരാൾ മാത്രമെ പങ്കെടുത്തിരുന്നുള്ളൂ. ആയതിനാൽ 08-09-2023-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും ആയതിൻപ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി 06-02-2024-ൽ കരാറിലേർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകം 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം നിർമ്മാണ, നവീകരണ പ്രവൃത്തികളാണ് നടത്താൻ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് നവീകരണം, ടോയ്ലെറ്റ് ബ്ലോക്ക്, റീട്ടയ്നിങ് വാൾ, കോമ്പൗണ്ട് വാൾ, ഗ്യാലറി, ഡ്രെയിനേജ്, ഫെൻസിങ്, ഫ്ലഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ട് നവീകരണം, ഡ്രെയിനേജ്, ഫെൻസിങ്, ഫ്ലഡ് ലൈറ്റ്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നീ ഘടകങ്ങൾ ഇനി പൂർത്തീകരിക്കാനുണ്ട്. 2024 ഡിസംബർ മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

തിരുവമ്പാടി സ്റ്റേഡിയം

345(1922) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റ സ്റ്റേഡിയത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റ സ്റ്റേഡിയത്തിന്റെ സിവിൽ ആൻഡ് ഇലക്ട്രിക്കൽ വർക്കുകൾ 25% പൂർത്തിയായിട്ടുള്ളതായി പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതിയിൽ സിന്തറ്റിക് ട്രാക്ക് പ്രവൃത്തിയുടെ സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിരുന്നത് 200 മീറ്റർ ട്രാക്ക് മാത്രമാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിയുടെ അധികമായി 100 മീറ്റർ ട്രാക്കുകൂടി ഉൾപ്പെടുത്താൻ ബഹു. എം.എൽ.എ. നിർദേശിച്ചെങ്കിലും അവ ഉൾപ്പെടുത്തുന്നതിന്റെ സ്ഥലപരിമിതി എം.എൽ.എ.-യെ ബോധ്യപ്പെടുത്തുകയുണ്ടായി. 200 മീറ്റർ സിന്തറ്റിക് ട്രാക്ക് ഉദ്ദേശിച്ച രീതിയിൽ ചെയ്യുന്നതിനായി സാങ്കേതികാനുമതിയിൽ നിർദേശിച്ച ടർഫ് സൈസ് 35x60-ൽ നിന്നും 35x50 സൈസിലേയ്ക്ക് മാറ്റേണ്ടതുണ്ടെന്നും കിറ്റ്കോ അറിയിച്ചു. പ്രസ്തുത മാറ്റങ്ങൾ പ്രതിപാദിച്ചുകൊണ്ട് അടുത്ത

സാങ്കേതികാനുമതി കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

346(1923) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ എസ്.പി.വി. ആയി സംസ്ഥാന കായിക വകുപ്പിനുകീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചുകൊണ്ട് 20-09-2024-ലെ സ. ഉ. (സാധാ) നം. 234/2024/S&YA പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനായി ടി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകളും കൈമാറി നൽകുന്നതിനായി പദ്ധതിയുടെ മുൻ എസ്.പി.വി. ആയ M/s കിറ്റ്കോയ്ക്ക് കായിക യുവജനകാര്യ ഡയറക്ടറും സ്പോർട്സ് കേരള ഫൗണ്ടേഷനും നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായതിനുശേഷമെ സ്പോർട്സ് കേരള ഫൗണ്ടേഷന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഈ പദ്ധതി എപ്പോൾ റീ-ടെൻഡർ ചെയ്ത് പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ M/s കിറ്റ്കോയിൽനിന്നും ലഭിച്ച് പദ്ധതിയിലെ ഘടകങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച ശേഷം ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമായതിനുശേഷം മാത്രമെ പ്രവൃത്തി

ടെൻഡർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ പ്രൊസീഡ്യുവർപ്രകാരം ടെൻഡർ നടപടികളിലേയ്ക്ക് പോകാൻ ആദ്യം ഡി.പി.ആർ. സമർപ്പിക്കുകയും ആയതിന് അംഗീകാരം വാങ്ങുകയും പി.ഇ.ഡി. (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തതിനുശേഷം മാത്രമെ പ്രവൃത്തിയുടെ ടെൻഡർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം

347(1924) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഗുരുതര വീഴ്ചകൾ ഗൗരവപൂർവം പരിശോധിക്കുമോ;

(സി) സാങ്കേതിക തടസ്സങ്ങൾ നീക്കി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) 16-03-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ. പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി M/s കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിങ്, ചെയ്ഞ്ചിങ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പദ്ധതി 03-11-2022-ന് കിറ്റ്കോ ടെൻഡർ ചെയ്തെങ്കിലും ബിഡ്ഡുകൾ ലഭിക്കാത്തതിനാൽ നിരവധി തവണ റീ-ടെൻഡർ

ചെയ്യേണ്ടിവന്നതിനുശേഷമാണ് അംഗീകൃത ബിഡ്ഡുകൾ ലഭിച്ചത്. കൂടാതെ പഞ്ചായത്ത് മുഖേന നടത്തേണ്ട അതിർത്തി നിർണ്ണയ നടപടികൾ വൈകിയതും പദ്ധതി ആരംഭിക്കുവാൻ തടസ്സമുണ്ടാക്കി. പിന്നീട് 20-01-2024-ന് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ (TAC) ടെൻഡർ ഡോക്യുമെന്റ്സ് അവതരിപ്പിച്ചു. എല്ലാ ബിഡറുമാരുടെയും ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കാൻ കമ്മിറ്റി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കാൻ കിറ്റ്കോ ബിഡർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കൂടാതെ ബിഡ്ഡ് വാലിഡിറ്റി പിരീഡ് അവസാനിക്കുകയും ചെയ്തു. ആയതിനാൽ ടി ടെൻഡർ റദ്ദ് ചെയ്ത് പുതിയ ടെൻഡർ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചതിൻപ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ ടെൻഡർ ക്ഷണിച്ച് പ്രസ്തുത പദ്ധതി എത്രയുംവേഗം നടപ്പിലാക്കാൻ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും

348(1925) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും കീഴിലുള്ള സ്റ്റേഡിയങ്ങളുടെ മെയിന്റനൻസിനും പരിപാലനത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്.കെ.എഫ്.) നിലവിൽ എന്തൊക്കെ ചുമതലകളാണ് നിർവഹിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം, കായിക വകുപ്പിന്റെ അധീനതയിലുള്ള സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം, കിഫ്ബി അംഗീകൃത സ്പോർട്സ് പ്രോജക്ടുകൾ തുടങ്ങിയ പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻവഴി നിർവഹിച്ചുവരുന്നു. കായിക വകുപ്പ് നിർമ്മിക്കുന്ന വിവിധ അടിസ്ഥാന

സൗകര്യങ്ങളുടെ നടത്തിപ്പും പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഉത്തരവാദിത്വമാണ്.

സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിങ് വിഭാഗം നടത്തി വന്നിരുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ചുമതലയിലുൾപ്പെടുന്നു.

(ബി) എസ്.കെ.എഫ്. ഏറ്റെടുത്ത് അറ്റകുറ്റപ്പണിയും നടത്തിപ്പും നിർവഹിച്ചുവരുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്ന് അറിയിക്കുമോ?

കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാഡമി, വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ച്, കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കിയ കാസർഗോഡ് നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ പരിപാലനവും നടത്തിപ്പും കിഫ്ബി ധന സഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് എസ്.കെ.എഫ്. ഏറ്റെടുത്ത് അറ്റകുറ്റപ്പണിയും നടത്തിപ്പും നിർവഹിച്ചുവരുന്നത്.

(സി) സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണിക്കും നടത്തിപ്പിനുമായി നിലവിൽ എത്ര ജീവനക്കാരാണ് എസ്.കെ.എഫ്.-ൽ ജോലി ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ?

സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണിക്കും നടത്തിപ്പിനുമായി നിലവിൽ 114 ജീവനക്കാരാണ് എസ്.കെ.എഫ്.-ൽ ജോലി ചെയ്തുവരുന്നത്. തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

വയക്കര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

349(1926) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ വയക്കര ഇൻഡോർ സ്റ്റേഡിയം, ചുണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

14-12-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 356/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ വയക്കര ജി.എച്ച്.എസ്.എസ്.-ലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14-02-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16-02-2024, 09-03-2024 എന്നീ തീയതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 29-04-2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത ദർഘാസിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഉല്ലാസൻ, കണ്ണൂർ എന്ന കരാറുകാരനുമായി 25-09-2024-ൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

04-01-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 10/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ ചൂണ്ട ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിനായി 3 കോടി രൂപയുടെ

ഭരണാനുമതി നൽകിയിരുന്നു. 25-02-2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. 14-03-2023-ൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് എന്ന കരാറുകാരനുമായി 26-06-2023-ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, ഇൻഡോർ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ടോയ്ലെറ്റ് ബ്ലോക്ക്, ലോങ് ജംപ് പിറ്റ്, റീട്ടെയ്നിങ് വാൾ, ഫെൻസിങ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 55% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ജനുവരി മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

350(1927) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം പഞ്ചായത്തിലെ പെരിങ്കുന്നം ജി.എൽ.പി.എസ്. കളിക്കളം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന ആലത്തൂർ മണ്ഡലത്തിലെ പെരിങ്കുന്നം ജി.എൽ.പി.എസ്. കളിസ്ഥല നിർമ്മാണപ്രവൃത്തിക്ക് ബഹു. ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് കായിക വകുപ്പിന്റെ പദ്ധതി വിഹിതം ആനുപാതികമായി ഉൾപ്പെടുത്തി 16-03-2024-ലെ എ 3-554/23 നമ്പർ നടപടിക്രമപ്രകാരം കായിക യുവജനകാര്യ ഡയറക്ടർ 80 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 75.11 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 14-06-2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു.

എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിക്ക് 29-06-2024-ൽ റീ-ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. സൂരജ് യു., പാലക്കാട് എന്ന കരാറുകാരന് 03-10-2024-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കളിക്കളത്തിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിക്കായി കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടശേഷം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കുന്നമ്മൽ വോളിബോൾ അക്കാദമി, പുറമേരി

ഇൻഡോർ സ്റ്റേഡിയം പ്രവൃത്തികൾ

351(1928) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കുന്നമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പ്രവൃത്തിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്ക് ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. മുബീൻ എം. എ. കാസർഗോഡ് എന്ന കരാറുകാരനുമായി 84.55 ലക്ഷം രൂപയ്ക്ക് 19-07-2024-ന് കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഭൂമി തട്ട് തട്ടായി കാണപ്പെടുന്നതിനാൽ ഘട്ടങ്ങളായി മാത്രമാണ് പ്രവൃത്തികൾ ചെയ്യുവരുന്നത്. കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തിയും ഗ്രൗണ്ട് ലെവലിങ് പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

2024-25 ബഡ്ജറ്റിലുൾപ്പെട്ട പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 200 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20%

തുക തനത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സർവെ നടപടികൾ പൂർത്തിയായിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതിക്കായി വിശദമായ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

(ബി) കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാംഘട്ടത്തിനായി അനുവദിക്കപ്പെട്ട ഒരു കോടി രൂപയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാംഘട്ടത്തിനായി അനുവദിക്കപ്പെട്ട ഒരു കോടി രൂപയിൽ മഡ് കോർട്ട്, ഫെൻസിങ് വാൾ, കോമ്പൗണ്ട് വാൾ, മുൻവശത്തെ ഗേറ്റ് എന്നിവയുടെ നിർമ്മാണം, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, വോളിബോൾ കോർട്ടിലെ ഫ്ളെഡ് ലൈറ്റിങ്,

ഇലക്ട്രിക്കൽ പ്രവൃത്തി എന്നിവയാണ് ഉൾപ്പെടുന്നത്. ടി പ്രവൃത്തി 2025 ജനുവരി മാസം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെറുവാടി സ്റ്റേഡിയം നിർമ്മാണം

352(1929) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ&ബി) സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ. ആസ്തി വികസനം/മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട്

അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. 'ഒരു പഞ്ചായത്തിന് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി ഇപ്രകാരം ഫണ്ട് അനുവദിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല. അതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

353(1930) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ തടസ്സം കൂടാതെ നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്നതുമായ താഴെപ്പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു[+].

1. ആര്യാട് പഞ്ചായത്ത് ഗ്രൗണ്ടിൽ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം.

2. കണിച്ചുകുളങ്ങര ജി.എച്ച്.എസ്.എസ്. മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ യുവഭാരത് സാംസ്കാരിക നിലയത്തിൽ വോളിബോൾ കോർട്ടിന്റെയും പുതിയ കെട്ടിടത്തിന്റെയും നിർമ്മാണം.

4. മാരാരിക്കുളം ഉദയകുമാർ സ്മാരക വോളിബോൾ അക്കാഡമിയുടെ നവീകരണം.

എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം

354(1931) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബഡ്ജറ്റിൽ ഉൾപ്പെട്ട എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി നിലവിൽ പദ്ധതി നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-2-ൽ ക്രമ നം. 913 ആയി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനതുവർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ബഹു. എം.എൽ.എ. ഓഫീസുമായി ബന്ധപ്പെട്ടിരുന്നു. തുടർന്ന് മഞ്ചേശ്വരം പഞ്ചായത്ത് പ്രതിനിധികളുമായി സ്ഥലം സന്ദർശിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണം

355(1932) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കായിക വകുപ്പിനുകീഴിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 22-02-2024-ലെ സ. ഉ. (സാധാ) നം. 56/2024/S&YA പ്രകാരം ചുമതലപ്പെടുത്തി. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ മുൻ എസ്.പി.വി. ആയ കിറ്റ്കോ കൈമാറുന്നതിൽ കാലതാമസം നേരിട്ടപ്പോൾ കായിക വകുപ്പുമന്ത്രി, ബഹു. വർക്കല നിയോജകമണ്ഡലം എം.എൽ.എ., കായിക യുവജനകാര്യ ഡയറക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ

ഒന്നിലധികം യോഗങ്ങളിൽ ആവശ്യമായ രേഖകൾ എസ്.കെ.എഫ്.-ന് അടിയന്തരമായി കൈമാറാൻ കിറ്റ്കോയോട് ആവശ്യപ്പെടുകയും ഭാഗികമായി രേഖകൾ കൈമാറുകയും ചെയ്തു. മുൻ കോൺട്രാക്ടറുമായി foreclosure agreement നടപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾക്കായി കിറ്റ്കോ ഇതിനകം ടെൻഡർ വിളിച്ചിരുന്നു. ആയതിന്റെ ബിഡ് രേഖകൾ എസ്.കെ.എഫ്.-ന് കൈമാറുകയും ബിഡ്ഡുകൾ വിലയിരുത്താൻ ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും L1 ബിഡ്ഡിനെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കിഫ്ബിയുടെ PFMS പോർട്ടലിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം തുടർനടപടികൾക്ക് കാലതാമസമുണ്ടായി. ആയത് പരിഹരിച്ച് കഴിഞ്ഞാൽ L1 ബിഡർക്ക് വർക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും പ്രവൃത്തിയിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന

പ്രവൃത്തികൾക്കായി പുതിയ സബ് പ്രോജക്ട് പി.എഫ്.എം.എസ്. പോർട്ടലിൽ തുടങ്ങാൻ കിഫ്ബി നിർദേശിക്കുകയും തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ പി.എഫ്.എം.എസ്. പോർട്ടലിൽ 30-08-2024-ന് പുതിയ സബ് പ്രോജക്ട് ആരംഭിക്കുകയും എസ്റ്റിമേറ്റും അനുബന്ധ ഡ്രോയിങ്ങും അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്നും സബ് പ്രോജക്ടിനുള്ള അംഗീകാരവും Unique LoA ID-യും ലഭ്യമാകുന്നതിനനുസിച്ച് കാലതാമസം കൂടാതെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതി

356(1933) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി സ്റ്റേഡിയം നവീകരണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്ന പ്രവൃത്തിക്കായി 21-08-2024-ൽ കോഴിക്കോട് ജില്ലാ കളക്ടറുടെ നം.എൽ.എസ്.ജി.ഡി./ജെ.ഡി./കെ.കെ.ഡി./5324/2024-എഫ്-2 ഉത്തരവുപ്രകാരം 99 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്റ്റേഡിയം നവീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ മഡ് കോർട്ട്, ഫെൻസിങ് വർക്ക്, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ടോയ്ലെറ്റ്, ചെയിഞ്ച് റൂം, ലോങ് ജമ്പ് പിറ്റ് തുടങ്ങിയ ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

അത്ലറ്റിക് ട്രെയ്നറുടെ പുനർനിയമനം

357(1934) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്‌ലറ്റിക് ടെയ്നറുടെ പുനർനിയമനം സംബന്ധിച്ച് പുനലൂർ മണ്ഡലത്തിലെ അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(ബി) അഞ്ചൽ കോളേജിന് 2014-15 അദ്ധ്യയന വർഷത്തിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അനുവദിച്ചനൽകിയിരുന്ന ഡേ-ബോർഡിങ് സ്കീമും ഒരു അത്‌ലറ്റിക് ടെയ്നറുടെ സേവനവും 2023 ഏപ്രിൽ മുതൽ പിൻവലിച്ചെങ്കിലും പ്രസ്തുത കോളേജിൽ ഇപ്പോഴും കുട്ടികളെ പരിശീലിപ്പിച്ചുവരുന്ന അത്‌ലറ്റിക് ടെയ്നറെ പുനർനിയമിച്ച് നൽകുന്നതിനുവേണ്ട ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ?

(എ&ബി) അഞ്ചൽ കോളേജിലെ ഡേ-ബോർഡിങ് സെന്ററിലെ അത്‌ലറ്റിക്സ് ടെയിനറുടെ പുനർനിയമനം സംബന്ധിച്ച് അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം സംസ്ഥാന സ്പോർട്സ് കൗൺസിൽ പരിശോധിക്കുകയുണ്ടായി. നിലവിൽ സേവനമനുഷ്ഠിച്ചിരുന്ന അത്‌ലറ്റിക്സ് ടെയ്നർക്ക് 56 വയസ്സ് കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 2023 ഏപ്രിൽ മുതൽ അദ്ദേഹത്തിന്റെ സേവനം പുതുക്കി നൽകാത്തത്.

കോവിഡ് മഹാമാരിക്കുശേഷം ഡേ ബോർഡിങ് സെന്ററുകൾ ഏറെക്കുറെ നിർത്തിവച്ചിരിക്കുകയാണ്. നിലവിലുള്ള ഡേ ബോർഡിങ് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുന്നതും പുതിയ സെന്ററുകൾ തുടങ്ങുന്നതിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതും (അഞ്ചൽ കോളേജ് മാനേജ്മെന്റ് സമർപ്പിച്ച നിവേദനം ഉൾപ്പെടെ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

വഖഫ് ഭേദഗതി ബിൽ

358(1935) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചതും അതിനുവേണ്ടി സംയുക്ത പാർലമെന്ററി സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഈ

ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ കൊണ്ടുവന്ന വഖഫ് ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചതും അതിനുവേണ്ടി സംയുക്ത പാർലമെന്ററി സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും ശ്രദ്ധയിൽവന്നിട്ടുണ്ട്. 1995-ലെ വഖഫ് ആക്ടിന്റെയും പ്രസ്തുത ആക്ടിന് നാളിതുവരെ വന്നിട്ടുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിൽ വഖഫ് വസ്തുക്കളുടെ കാവലാൾ എന്ന നിലയിലാണ് സംസ്ഥാന വഖഫ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിലുൾപ്പെട്ട എൺട്രി 28-'Charities and Charitable Institutions, Charitable and religious endowments and religious institutions' എന്ന നിയമനിർമ്മാണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമം പാസ്സാക്കിയിട്ടുള്ളത്. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും ഒരുപോലെ നിയമനിർമ്മാണാധികാരമുള്ള ഒരു നിയമനിർമ്മാണ വിഷയം എന്ന നിലയ്ക്ക്, സംസ്ഥാന സർക്കാരുകൾ/സംസ്ഥാന വഖഫ് ബോർഡുകൾ/മറ്റു തൽപരകക്ഷികൾ

(Stakeholders) എന്നിവരുടെ അഭിപ്രായം തേടാതെയും കൂടിയാലോചന നടത്താതെയും ഏകപക്ഷീയ നടപടിയിലൂടെ സംസ്ഥാന വഖഫ് ബോർഡുകളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നത് നമ്മുടെ ഭരണഘടന അനുശാസിക്കുന്ന ജനാധിപത്യ/ഫെഡറൽ തത്വങ്ങൾക്കും വ്യവസ്ഥിതികൾക്കും എതിരാണ്. കൂടാതെ മതസ്ഥാപനങ്ങളുടെ നടത്തിപ്പും അവയുടെ ഭരണനിയന്ത്രണവും മതപരമായ മൗലിക അവകാശങ്ങളിൽപ്പെടുന്നതുമാണ്. ഈ സാഹചര്യത്തിൽ വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും വിശദമാക്കിക്കൊണ്ട് ബഹു. വഖഫ് വകുപ്പുമന്ത്രി ബഹു. കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുള്ളതും ഇക്കാര്യങ്ങൾ നേരിൽ കണ്ട് ധരിപ്പിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമെ ബില്ലിലെ പുതിയ ഭേദഗതി നിർദേശങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തുള്ള വിവിധ വിഭാഗം മതപണ്ഡിതന്മാർ, ജനപ്രതിനിധികൾ, നിയമവിദഗ്ധർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള സംസ്ഥാന വഖഫ് ബോർഡിന്റെ പിന്തുണയോടെ സംസ്ഥാന സർക്കാർ 10-09-2024-ൽ കൊച്ചിയിൽ

ശില്പശാല സംഘടിപ്പിക്കുകയും അതിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ നിലപാടുകളടങ്ങുന്ന റിപ്പോർട്ട് ബഹു. വഖഫ് വകുപ്പുമന്ത്രിയും കേരള സംസ്ഥാന വഖഫ് ബോർഡംഗങ്ങളും സംയുക്ത പാർലമെന്ററി സമിതി ചെയർമാനെ നേരിൽ കണ്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ബില്ലിലെ പുതിയ ഭേദഗതി നിർദേശങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ നിലപാടുകൾ പാർലമെന്ററി സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

ഉണ്ട്. ബില്ലിലെ പുതിയ ഭേദഗതി നിർദേശങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ നിലപാടുകളടങ്ങുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ശബരി റെയിൽപാത

359(1936) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

അങ്കമാലി-ശബരി റെയിൽവെ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ (2815 കോടി) 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ സ. ഉ. (കൈ) നം. 1/2021/ഗത. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും റെയിൽവെ ബോർഡ് കെ-റെയിലിനെ നിർദ്ദേശിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവെ പൂർത്തീകരിക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് (3800 കോടി) റെയിൽവെയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും സ്ഥിരീകരണം റെയിൽവെ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണ്ണമായിട്ടും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പുപരിധിയിൽ നിന്നൊഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയ്യാറാണെന്നുള്ള സർക്കാർ നിലപാട് റെയിൽവെ ബോർഡ് ചെയർമാനെ 29-08-2024-ന് കത്തുമുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾക്കായി 10-09-2024-ന് കൗണ്ടർ സൈൻ ചെയ്ത പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ദക്ഷിണ റെയിൽവെ, എറണാകുളം)-ക്കും കത്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റെയിൽവെയിൽനിന്നുള്ള മറുപടി പ്രതീക്ഷിക്കുന്നു.

(ബി) ശബരി റെയിൽപാത നിർമ്മാണത്തിനായി കേന്ദ്രത്തിന്റെ പലിശരഹിത വായ്പയ്ക്കായി സംസ്ഥാനം അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്മേൽ കേന്ദ്രം എന്ത് തീരുമാനമാണ് അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നൽകിയിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരുമായി ഉന്നതതല ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന് അഭ്യർഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവെ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. (D.O. No. 9672021/CM, Dated 18-09-2021). കൂടാതെ അങ്കമാലി-ശബരി പദ്ധതിയുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി 22-10-2021-ന് കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

തുടർന്ന് 17-08-2022-ന് കേന്ദ്ര റെയിൽവെ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി-ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. എം.പി.-മാരുടെ സമ്മേളനത്തിലും പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനാവശ്യമായ കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളതാണ്. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും

കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 23-03-2023-നും 30-06-2023-നും ബഹു. കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിക്കും കത്തയച്ചിട്ടുണ്ട്. കൂടാതെ 21-06-2024-ന് കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിക്ക് ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ചുള്ള താരതമ്യ കുറിപ്പുൾപ്പെടുന്ന ഒരു കത്ത് നൽകുകയും അങ്കമാലി-എരുമേലി-ശബരി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ അഭ്യർഥിക്കുകയും ചെയ്തു.

(ഡി) ശബരി റെയിൽപാത യാഥാർഥ്യമാക്കുന്നതിലേയ്ക്കായി മറ്റെന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റെയിൽവെയുടെ ആവശ്യപ്രകാരം അങ്കമാലി-ശബരി റെയിൽവെ ലൈനിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും സ്ഥിരീകരണം റെയിൽവെ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണ്ണമായിട്ടും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് ഒഴിവാക്കിയാൽ ശബരി

പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയ്യാറാണെന്നുള്ള സർക്കാർ നിലപാട് റെയിൽവെയെ അറിയിച്ചിട്ടുണ്ട്. പിന്നീടുള്ള തുടർനടപടികൾക്കായി കൗണ്ടർ സൈൻ ചെയ്ത പുതുക്കിയ എസ്റ്റിമേറ്റ് സഹിതം റെയിൽവെയ്ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് റെയിൽവെയിലും കേന്ദ്ര സർക്കാരിലും നിരന്തരമായി സമ്മർദം ചെലുത്തിവരികയാണ്.

അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ്

360(1937) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എ. രാജ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കും മലയോരമേഖലയ്ക്കും വലിയ നേട്ടമുണ്ടാക്കുന്ന അങ്കമാലി-ശബരി റെയിൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവെയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

1997-98-ൽ ആരംഭിക്കുകയും 8 കിലോമീറ്റർ ദൂരം നിർമ്മാണം നടത്തുകയും ചെയ്ത അങ്കമാലി-ശബരി പദ്ധതി ഇപ്പോൾ റെയിൽവെ മരവിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ റെയിൽവെ നിർദേശിച്ചതുപ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും റെയിൽവെയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് റെയിൽവെയുടെ പരിശോധനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഡി.പി.ആർ. പ്രകാരം പദ്ധതി ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി ചെലവിന്റെ അമ്പത് ശതമാനം സംസ്ഥാനം വഹിക്കാമെന്ന് കേന്ദ്രത്തിന് ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 3800 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും സ്ഥിരീകരണം റെയിൽവെ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണ്ണമായിട്ടും സംസ്ഥാന

സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് ഒഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയ്യാറാണെന്നുള്ള സർക്കാർ നിലപാട് റെയിൽവെ ബോർഡ് ചെയർമാനെ 29-08-2024-ന് അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി കേന്ദ്ര റെയിൽവെ വകുപ്പിന്റെ അടിയന്തര ഇടപെടലിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന് അഭ്യർഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവെ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. (D.O.No. 9672021/CM, Dated 18-09-2021). കൂടാതെ അങ്കമാലി-ശബരി പദ്ധതിയുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി 22-10-2021-ന് കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

17-08-2022-ന് കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി-ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. എം.പി.-മാരുടെ സമ്മേളനത്തിലും പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുന്നതിനാവശ്യമായ കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളതാണ്. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 23-03-2023-നും 30-06-2023-നും കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കൂടാതെ 21-06-2024-ന് ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ചുള്ള താരതമ്യ കുറിപ്പുൾപ്പെടുന്ന ഒരു കത്ത് നൽകുകയും അങ്കമാലി-എരുമേലി-ശബരി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗങ്ങളിലെ രോഗപ്രതിരോധം

361(1938) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങളിൽ കണ്ടുവരുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ?

വളർത്തുമൃഗങ്ങളെ ബാധിക്കുന്ന കുളമ്പുരോഗം, ചർമ്മമുഴ, ബ്രൂസല്ലോസിസ്, ആട് വസന്ത, ക്ലാസിക്കൽ സ്വൈൻ ഫീവർ തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് വർഷംതോറും നിശ്ചിത സമയക്രമത്തിൽ മൃഗസംരക്ഷണ വകുപ്പിനുവേണ്ടി അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് മുഖേന പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നുണ്ട്. കൂടാതെ പേവിഷ പ്രതിരോധ കുത്തിവയ്പ് വർഷം മുഴുവൻ നൽകുന്നുണ്ട്.

(ബി) കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കാൻ കർഷകരുടെ വീടുകളിലെത്തി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കേരളത്തിലെ 29 ബ്ലോക്കുകളിൽ '1962' എന്ന കോൾ സെന്ററിന്റെ സഹായത്താൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. (നെടുമങ്ങാട്, പാറശ്ശാല, ചടയമംഗലം, അഞ്ചൽ, പറക്കോട്, മല്ലപ്പള്ളി,

കഞ്ഞിക്കുഴി, മുതുകുളം, കാഞ്ഞിരപ്പള്ളി, വൈക്കം, കുട്ടപ്പന, ദേവികുളം, അഴുത, കോതമംഗലം, മുളന്തുരുത്തി, മതിലകം, പഴയന്നൂർ, പട്ടാമ്പി, അട്ടപ്പാടി, തിരൂർ, നിലമ്പൂർ, കൊടുവള്ളി, തൃണ്ണേരി, മാനന്തവാടി, സുൽത്താൻ ബത്തേരി, പയ്യന്നൂർ, ഇരിട്ടി, കാഞ്ഞങ്ങാട്, കാസർഗോഡ്). ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലുമായി വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരുടെ സേവനം ലഭ്യമാണ്. ഓരോ യൂണിറ്റുകളിലും ചികിത്സാ സംബന്ധമായ രജിസ്റ്ററുകളും അനുബന്ധ രജിസ്റ്ററുകളും പരിപാലിക്കുന്നുണ്ട്. വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമ ബീജസങ്കലനം, രോഗപ്രതിരോധ കുത്തിവെയ്പ്, പ്രയാസമേറിയ പ്രസവം തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകരുടെ വാതിൽപ്പടിയിൽ വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു.

കൂടാതെ മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്നതിനുമായി രാത്രികാല അടിയന്തര

വെറ്ററിനറി സേവന പദ്ധതി സർക്കാർ ലക്ഷ്യമിടുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാറടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക.

മൃഗസംരക്ഷണ വകുപ്പ് ഗുരുവായൂർ

നിയോജകമണ്ഡലത്തിൽ അനുവദിച്ച തുക

362(1939) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾ

1) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രി വഴി ചാവക്കാട് ബ്ലോക്കിൽ രാത്രികാലങ്ങളിൽ അടിയന്തരഘട്ടത്തിൽ

കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 5,82,465/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2) നിയോജകമണ്ഡലത്തിൽ 3 വന്ധ്യതാ നിവാരണ ക്യാമ്പുകൾ നടപ്പാക്കുന്നതിന് 30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3) നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 5 പെണ്ണാടുകളെയും ഒരു മുട്ടനാടിനെയും വാങ്ങുന്നതിലേയ്ക്ക് 25,000/- രൂപ വീതം സർക്കാർ ധനസഹായം നൽകുന്ന ഗോട്ട് സാറ്റലൈറ്റ് പദ്ധതി നടപ്പാക്കുന്നതിന് 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4) നിയോജകമണ്ഡലത്തിലെ വിജയൻ എം. ബി, മനകുളങ്ങര വീട് എന്ന കർഷകന്റെ ഡയറി ഫാമിൽ കറവയന്ത്രം വാങ്ങി സ്ഥാപിക്കുന്നതിലേയ്ക്ക് 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

5) നിയോജകമണ്ഡലത്തിലെ 7 ഗുണഭോക്താക്കൾക്ക് 88,520/- രൂപ ദുരന്തനിവാരണ ഫണ്ടിൽനിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ പദ്ധതികൾ

1) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രിവഴി ചാവക്കാട് ബ്ലോക്കിൽ രാത്രികാലങ്ങളിൽ അടിയന്തരഘട്ടത്തിൽ കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 4,96,890/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2) നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 5 പെണ്ണാടുകളെയും ഒരു മുട്ടനാടിനെയും വാങ്ങുന്നതിലേയ്ക്ക് 25,000/- രൂപ വീതം സർക്കാർ ധനസഹായം നൽകുന്ന ഗോട്ട് സാറ്റലൈറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3) 2022-23 സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലത്തിൽ 2 വന്ധ്യതാ നിവാരണ ക്യാമ്പുകൾ നടപ്പാക്കുന്നതിന് 20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4) നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുത്ത 2 സ്കൂളുകളിൽ സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി നടപ്പാക്കുന്നതിന് 65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിപ്രകാരം ഓരോ സ്കൂളിലെയും തിരഞ്ഞെടുത്ത 50 കുട്ടികൾക്ക് 5 കോഴി കുഞ്ഞുങ്ങളും തീറ്റയും മരുന്നും നൽകി.

2023-24 സാമ്പത്തിക വർഷത്തെ പദ്ധതികൾ

1) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രി വഴി ചാവക്കാട് ബ്ലോക്കിൽ രാത്രികാലങ്ങളിൽ അടിയന്തര ഘട്ടത്തിൽ കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന് 5,17,856/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ചാവക്കാട് മൃഗാശുപത്രിവഴി ജൂനിയർ റെസിഡന്റ് പദ്ധതി നടപ്പാക്കുന്നതിന് 2,98,065/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അനിമൽ ബർത്ത് കൺട്രോൾ പദ്ധതി

363(1940) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ഓരോ സാമ്പത്തിക വർഷവും മൃഗസംരക്ഷണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ മൃഗസംരക്ഷണ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലാൻ

തുക (രൂപയിൽ)

വർഷം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	ബഡ്ജറ്റിൽ അനുവദിച്ച തുക	ചെലവഴിച്ച തുക
2022-23	2464321000	1337887550	1360572959
2023-24	2726426000	1515949982	1520527782
2024-25	2566141000	724143167	592600113

അനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ല. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുന്നതിൽ മൃഗസംരക്ഷണ വകുപ്പിന് എന്തൊക്കെ ചുമതലകളാണുള്ളത്; പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിൽ

എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; തദ്ദേശസ്വയംഭരണ വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എ.ബി.സി. ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എ.ബി.സി. പദ്ധതി നടപ്പാക്കിവരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് അടിസ്ഥാനസൗകര്യം നൽകുന്നു. ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്.) ആണ് എ.ബി.സി. പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുന്നത്. പദ്ധതി നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ

പരിശീലന കേന്ദ്രങ്ങളിൽനിന്ന് പരിശീലനം നൽകിവരുന്നു. എ.ബി.സി. പദ്ധതി നടത്തിപ്പിന് കൂടുതൽ എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നു. വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളിൽ വച്ച് എ.ബി.സി. ഡോഗ് ക്യാച്ചർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അറ്റൻഡന്റ് എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് എ.ബി.സി. സെന്ററുകളിൽ സൗജന്യമായി എ.ബി.സി. സർജറി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 എ.ബി.സി. സെന്ററുകൾ പ്രവർത്തിക്കുന്നു. 15 എ.ബി.സി. സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. പുതിയ 5 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങളുടെ എതിർപ്പ് കൂടുതൽ എ.ബി.സി. സെന്ററുകൾ തുടങ്ങുന്നതിന് തടസ്സം നേരിടുന്നു.

ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

364(1941) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് 2021-22 മുതൽ നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് 2021-22 മുതൽ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

2021-22

1) താറാവ് നഴ്സറികളും താറാവ് കൃഷിയുടെ പ്രചരണവും.

2) ഗോട്ട് സാറ്റ്ലൈറ്റ് യൂണിറ്റ്.

3) കന്നുകാലികളുടെ ജൈവമാലിന്യം വളമാക്കി മാറ്റുക.

4) വെറ്ററിനറി സേവനങ്ങളുടെ പുനഃസംഘടന ശക്തിപ്പെടുത്തൽ, അണുനശീകരണം, ശുചിത്വ സംവിധാനം എന്നിവയുടെ പരിപാലനം.

5) മൃഗചികിത്സ സേവനം വീട്ടുപടിക്കൽ പദ്ധതി, അടിയന്തര വെറ്ററിനറി സേവനം.

6) വന്ധ്യത നിവാരണ പദ്ധതി.

7) കിടാരി വളർത്തൽ (RKI).

8) ആട് വളർത്തൽ (RKI).

9) കാലിത്തൊഴുത്ത് നിർമ്മാണം (RKI).

10) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി.

11) കൊമേഴ്സ്യൽ ഗോട്ടറി.

12) റൂറൽ ബാക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് പദ്ധതി (SCSP).

13) കറവ യന്ത്രങ്ങൾ.

2022-23

1) മൃഗചികിത്സ സേവനം വീട്ടുപടിക്കൽ പദ്ധതി - അടിയന്തര വെറ്ററിനറി സേവനം.

2) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി.

3) വന്ധ്യത നിവാരണ പദ്ധതി.

4) ഗോട്ട് സാറ്റ് ലൈറ്റ് യൂണിറ്റ്.

5) സ്കൂൾ-വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി.

2023-24

1) മൃഗചികിത്സ സേവനം വീട്ടുപടിക്കൽ പദ്ധതി - അടിയന്തര വെറ്ററിനറി സേവനം.

2) വന്ധ്യത നിവാരണ പദ്ധതി.

3) റൂറൽ ബാക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് പദ്ധതി (SCSP).

4) മൊബൈൽ സർജറി യൂണിറ്റിനുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ.

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+.

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

365(1942) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കുമോ?

വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം.
2. വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമ്മല.
3. വെറ്ററിനറി ഡിസ്പെൻസറി, ആനാട്.
4. വെറ്ററിനറി ഡിസ്പെൻസറി, ആട്ടുകാൽ
5. വെറ്ററിനറി ഡിസ്പെൻസറി, കളമച്ചൽ.
6. വെറ്ററിനറി ഡിസ്പെൻസറി, പാലോട്.
7. വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങമല.
8. വെറ്ററിനറി ഡിസ്പെൻസറി, പാങ്ങോട്.
9. വെറ്ററിനറി ഡിസ്പെൻസറി, പുല്ലമ്പാറ.

10. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട്.

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നടത്തിയ അടിസ്ഥാന വികസനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം - നെല്ലനാട്

ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 3,50,000/- രൂപ ചെലവഴിച്ച് ആശുപത്രിയുടെ പെയിന്റിങ്, വയറിങ്, പ്ലമ്പിങ് വർക്കുകൾ ചെയ്തിട്ടുണ്ട്.

എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 3 ഫാൻ, ഒരു ട്യൂബ് ലൈറ്റ് എന്നിവ വാങ്ങി നൽകി.

2. വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമ്മല - തുകയൊന്നും ലഭിച്ചിട്ടില്ല

3. വെറ്ററിനറി ഡിസ്പെൻസറി, ആനാട് - 2023-24 സാമ്പത്തിക വർഷത്തിൽ 49,998/- രൂപയ്ക്ക് ഫർണിച്ചറുകൾ വാങ്ങി നൽകി.

4. വെറ്ററിനറി ഡിസ്പെൻസറി, ആട്ടുകാൽ - 2021-22 സാമ്പത്തിക വർഷത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി ഡിപ്പാർട്ട്മെന്റ് ഫണ്ടിൽനിന്നും 12,00,000/- രൂപ വിനിയോഗിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ ഡിസ്പെൻസറി കെട്ടിടത്തിന്റെ പരിപാലനത്തിനായി 7,60,000/- രൂപ വിനിയോഗിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഫണ്ടിൽനിന്ന് 80,000/- രൂപയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി നൽകി.

5. വെറ്ററിനറി ഡിസ്പെൻസറി, കളമച്ചൽ - തുകയൊന്നും ലഭിച്ചിട്ടില്ല.

6. വെറ്ററിനറി ഡിസ്പെൻസറി, പാലോട് - 2021-22 സാമ്പത്തിക വർഷത്തിൽ 20,000/- രൂപയ്ക്ക് ഇൻവെർട്ടറും 50,000/- രൂപയ്ക്ക് ലാപ്ടോപ്പും വാങ്ങി നൽകി.

7. വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങമല - തുകയൊന്നും ലഭിച്ചിട്ടില്ല.

8. വെറ്ററിനറി ഡിസ്പെൻസറി, പാങ്ങോട് - തുകയൊന്നും ലഭിച്ചിട്ടില്ല.

9. വെറ്ററിനറി ഡിസ്പെൻസറി, പുല്ലമ്പാറ - തുകയൊന്നും ലഭിച്ചിട്ടില്ല.

10. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ്, പാലോട് - തുകയൊന്നും ലഭിച്ചിട്ടില്ല

(ബി) പ്രസ്തുത വകുപ്പിനുകീഴിൽ പാലോട് പ്രവർത്തിക്കുന്ന സിയാദ് (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്) എന്ന സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) എന്ന സ്ഥാപനം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല റഫറൽ ഡയഗ്നോസ്റ്റിക് ലബോറട്ടറിയാണ്. കന്നുകാലികളെയും പക്ഷികളെയും ബാധിക്കുന്ന വിവിധതരം അസുഖങ്ങളുടെ രോഗ നിർണ്ണയ കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ISO 17015 അംഗീകാരം നേടിയിട്ടുണ്ട്. നേരത്തെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനത്തിന്റെ പേര് 31-01-2018-ൽ സ. ഉ. (സാധാ) നമ്പർ

54/2018/എ.എച്ച്.ഡി. പ്രകാരം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്ന പേരിൽ പുനർനാമകരണം ചെയ്യപ്പെട്ടു. ഏറ്റവും മികച്ചതും നൂതനവുമായ രോഗനിർണ്ണയ സംവിധാനങ്ങൾ ഈ സ്ഥാപനത്തിൽ ഉപയോഗപ്പെടുത്തുന്നു. ബയോ സുരക്ഷാ ലെവൽ II ലബോറട്ടറി നിലവിലുള്ള ഈ സ്ഥാപനത്തിൽ പക്ഷികളെയും മൃഗങ്ങളെയും ബാധിക്കുന്ന ഒട്ടുമിക്ക രോഗങ്ങളുടെയും ജന്തുജന്യ അസുഖങ്ങളായ റാബീസ്, എലിപ്പനി, ബ്രൂസെല്ലോസിസ്, ആന്ത്രാക്സ്, പക്ഷിപ്പനി, ക്ഷയം എന്നിവയുടെയും രോഗ നിർണ്ണയവും നടത്തുന്നുണ്ട്. ആട് വസന്തരോഗം, ക്ലാസിക്കൽ സ്വൈൻ ഫീവർ, ജപ്പാൻ ജ്വരം, എഫ്.എം.ഡി., പാരക്ഷയം, ചർമ്മമുഴ, എലിഫന്റ് ഹെർപ്പിസ്, സി.സി.പി.പി. എന്നിവയുടെയും എല്ലാവിധ ബാഹ്യ/ആന്തര പരാദ രോഗങ്ങളും നിർണ്ണയിക്കപ്പെടുന്നു. പേവിഷബാധ നിർണ്ണയത്തിനുള്ള ഫ്ളൂറസെന്റ് ആന്റിബോഡി ടെസ്റ്റിന് (FAT) NABL അംഗീകാരം നേടിയ കേരളത്തിലെ ആദ്യ സ്ഥാപനമാണ് സിയാഡ്. അതുപോലെ ആനകളിലെ ഹെർപ്പിസ് വൈറസ് ബാധ റിയൽ ടൈം പി.സി.ആർ. വഴി നിർണ്ണയിക്കുന്നതിന് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച

ഇന്ത്യയിലെതന്നെ ആദ്യസ്ഥാപനമായി 2018-ൽ സിയാഡ് മാറി. എൻ.എ.ബി.എൽ. അംഗീകാരം നേടിയ പാരസൈറ്റോളജി വിഭാഗവും പ്രവർത്തിക്കുന്നു.

സിയാഡിൽ ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി ടെസ്റ്റുകളും നടത്തിവരുന്നു. റാബീസ് പ്രതിരോധ കുത്തിവയ്പ് നടത്തപ്പെട്ടവർക്ക് ആവശ്യമായ രോഗപ്രതിരോധശേഷി കൈവരിച്ചിട്ടുണ്ടോ എന്നറിയുന്നതിനുള്ള RFFI ടെസ്റ്റുകളും നടത്തിവരുന്നു. അതോടൊപ്പം അന്വതിൽപ്പരം വാലിഡേറ്റഡ് ടെസ്റ്റുകൾ, കൺവെൻഷണൽ, റിയൽ ടൈം PCR എന്നിവയും ചെയ്യുന്നു.

ആൾ ഇന്ത്യ കോ-ഓർഡിനേറ്റഡ് പ്രോജക്ടുകളുടെ കേരളത്തിലെ പ്രവർത്തന കേന്ദ്രമായും ദക്ഷിണേന്ത്യയിലെ റീജിയണൽ ഡിസീസ് ഡയഗനോസ്റ്റിക് ലബോറട്ടറികളുടെ കേരളത്തിലെ നോഡൽ ഏജൻസിയായും പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് എന്ന സ്ഥാപനം ദേശീയവും അന്തർദേശീയവുമായ മറ്റ് പ്രധാനപ്പെട്ട ലബോറട്ടറികളുമായും ഗവേഷണ സ്ഥാപനങ്ങളുമായും

സഹകരിച്ച് വിവിധതരം ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. രോഗ നിർണ്ണയരംഗത്തും അനുബന്ധ പ്രവർത്തനങ്ങളിലും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് കൈവരിച്ച മികച്ച നേട്ടങ്ങളെ വിവിധ കാലഘട്ടങ്ങളിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും പ്രത്യേകം അനുമോദിച്ചിട്ടുണ്ട്.

1982-ൽ പാലോടിലേയ്ക്ക് മാറ്റി സ്ഥാപിച്ച ഈ സ്ഥാപനം വകുപ്പിലെ മറ്റ് ലബോറട്ടറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. പക്ഷിമൃഗാദികളിൽ പടരുന്ന സാംക്രമിക രോഗങ്ങളെയും മാരകമായ ജന്തുജന്യരോഗങ്ങളെയും കൂടുതൽ വേഗത്തിലും കൃത്യതയിലും രോഗനിർണ്ണയം നടത്തി നിയന്ത്രണ മാർഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഈ ലബോറട്ടറിയുടെ സംവിധാനങ്ങൾ ഉപകരിച്ചുവരുന്നു. റാബീസ്, പക്ഷിപ്പനി തുടങ്ങിയ ജന്തുജന്യരോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന സമയത്ത് അടിയന്തരസഹായം നൽകുക, വെറ്ററിനേറിയൻസ്, ബിരുദ-ബിരുദാനന്തര വിദ്യാർഥികൾ മുതലായവർക്ക് പരിശീലനവും ഗവേഷണ പ്രബന്ധങ്ങൾ തയാറാക്കുന്നതിനുള്ള സഹായവും ഈ സ്ഥാപനത്തിൽനിന്നും നൽകുന്നു.

ഇതുകൂടാതെ ദേശീയതലത്തിലുള്ള മൃഗരോഗാന്വേഷണങ്ങളിൽ (പക്ഷിപ്പനി, ഭ്രാന്തിപ്പശു രോഗം മുതലായവ) സംസ്ഥാനതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സാമ്പിളുകൾ ശേഖരിച്ച് ദേശീയ തലത്തിലുള്ള ലാബുകളിലേയ്ക്കെത്തിച്ച് കൊടുക്കുകയും ചെയ്യുന്നു. ഐ.സി.ആർ.-ന്റെ മൃഗസംരക്ഷണ മേഖലയിലെ പ്രധാന പ്രോജക്ടുകളായ PD-ADMAS, PD-FMD-യുടെയും കൊളാബറേറ്റിങ് യൂണിറ്റായിട്ടും സതേൺ റീജിയണൽ ഡയഗനോസ്റ്റിക് ലബോറട്ടറിയുടെ നോഡൽ ഓഫീസായിട്ടും ഈ സ്ഥാപനം പ്രവർത്തിക്കുന്നു. പേവിഷബാധ നിർണ്ണയ ലബോറട്ടറി, വൈറൽ രോഗ സ്ഥിരീകരണത്തിനുള്ള സെൽകൾച്ചർ ലബോറട്ടറി, മോളിക്കുലാർ ബയോളജി ലബോറട്ടറി, റെസിഡ്യൂ അനലിറ്റിക്കൽ ലബോറട്ടറി, ബയോസേഫ്റ്റി ലെവൽ II സംവിധാനമുള്ള മൈക്രോബയോളജി ലബോറട്ടറി, കാൻസർ രോഗനിർണ്ണയത്തിനുള്ള ഓങ്കോളജി ലബോറട്ടറി മുതലായ രോഗനിർണ്ണയ വിഭാഗങ്ങൾ ഈ സ്ഥാപനത്തിനുകീഴിൽ പ്രവർത്തിച്ചുവരുന്നു.

കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

366(1943) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

1. പക്ഷിപ്പനി ബാധയുണ്ടായ സർക്കാർ ഫാമുകളിലെയും സ്വകാര്യ ഫാമുകളിലെയും മുഴുവൻ വളർത്തുപക്ഷികളെയും 'ദയാവധം' നടത്തി, രോഗം പടരുന്നതിനുള്ള സാഹചര്യം ഒഴിവാക്കിയിട്ടുണ്ട്. ഇതിനുപുറമെ ദേശീയ കർമ്മപദ്ധതിയനുസരിച്ച് ഫാമിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ വളർത്തുപക്ഷികളെയും കൊന്നൊടുക്കി രോഗവ്യാപനം നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്.

2. പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി 'ദയാവധം' ചെയ്ത മുഴുവൻ വളർത്തുപക്ഷികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. കൂട്ടനാടിലെ പാടങ്ങളിൽ താറാവുകളെ തുറന്നുവിട്ട് വളർത്തുന്ന രീതിയും ദേശാടന പക്ഷികളുടെ സാന്നിധ്യവും പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച മാർഗ്ഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനതല ഉന്നത ഉദ്യോഗസ്ഥയോഗം ചേർന്ന് രോഗനിയന്ത്രണ നടപടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

4. ദേശാടനപ്പക്ഷികൾ എത്തുന്ന ഒക്ടോബർ മുതൽ ജനുവരി വരെയുള്ള കാലഘട്ടങ്ങളിൽ കൂട്ടനാട് ഭാഗത്തെ താറാവ്, കോഴി വളർത്തലിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രോഗം ബാധിക്കുന്ന വളർത്തുപക്ഷികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള ശാസ്ത്രീയ മാർഗമായിട്ടാണ് ഇങ്ങനെയൊരു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുന്നത്.

5. ഈ കാലയളവിൽ ജില്ലയ്ക്കുപുറത്തുനിന്നും കൂടുതൽ വളർത്തുപക്ഷികളെ അകത്തേയ്ക്ക് കൊണ്ടുവരുന്നതിന് വിലക്കുണ്ട്. ഇതുമൂലം ഉണ്ടാകാവുന്ന സ്ഥിതിവിശേഷം പരിഗണിച്ച് കോഴിയിറച്ചിയുടെയും കോഴി ഉൽപന്നങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. സംസ്കരിച്ച കോഴിയിറച്ചിയും ഉൽപന്നങ്ങളും ലഭ്യമാക്കുന്നതിനായി കുത്താട്ടുകുളം MPI, തിരുവനന്തപുരം KEPCO എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും സേവനം ഈ പ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

7. തിരുവനന്തപുരത്ത് പാലോടുള്ള SIAD (State Institute of Animal Diseases) ലാബിലെ വിദഗ്ധരുടെ നേതൃത്വത്തിൽ സർക്കാർ/സ്വകാര്യ ഫാമുകളുടെ ജൈവസുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനായി മാർഗനിർദേശങ്ങൾ തയ്യാറാക്കി അത് ജില്ലാതലത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

8. സർക്കാർ ഫാമുകളുടെ ജൈവസുരക്ഷ പ്രാദേശിക ലബോറട്ടറി ഉദ്യോഗസ്ഥർ പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്താനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

9. തദ്ദേശീയമായി ലഭിക്കുന്ന മീൻ അവശിഷ്ടങ്ങളും ചെലവ് കുറഞ്ഞ തീറ്റഘടകങ്ങളും ചേർത്ത് തീറ്റ നിർമ്മിച്ച് താറാവുകളെ അടച്ചിട്ട് വളർത്തുന്ന

രീതി കുട്ടനാട് ഭാഗത്ത് പ്രചാരത്തിലാക്കുന്നതിനായി നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു.

10. കുട്ടനാട് ഭാഗത്തെ കർഷകർക്ക് വീണ്ടും ഈ കൃഷിരീതി ആരംഭിക്കുന്നതിനായി ഉൽപാദനോപാധികളെ ലഭ്യമാക്കാൻ നിലവിൽ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന നിരണം താറാവ് വളർത്തൽ കേന്ദ്രത്തിലും ചെങ്ങന്നൂർ, മണർകാട് കോഴി ഫാമുകളിലും എത്രയുംവേഗം പുതിയ ബാച്ച് കോഴി വളർത്തൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പക്ഷിപ്പനിമൂലം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ കേസുകളിൽ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പക്ഷിപ്പനിമൂലം താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ കേസുകളിൽ നഷ്ടപരിഹാരം യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിക്കുന്നമുറയ്ക്ക് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

കുറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികൾക്ക് പുതിയ കെട്ടിടം

367(1944) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും തുക എത്രയാണെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എന്നത്തേയ്ക്ക് അനുമതി നൽകാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി അനുമതി ലഭ്യമാക്കാമോ?

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് നടപടി

368(1945) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികൾ സ്മാർട്ട് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് അധികമായി പൊതുജനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഐ.ടി. അനുബന്ധ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മൃഗാശുപത്രികൾ മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ഇ-സമൃദ്ധ പദ്ധതി നടപ്പാക്കിവരികയാണ്.

ടി പദ്ധതിയുടെ ഭാഗമായി കർഷകർക്ക് രോഗനിർണ്ണയ ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ, വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ, മൃഗ ചികിത്സാ വിവരങ്ങൾ മുതലായവ ഓൺലൈനായി ലഭ്യമാക്കാനും സാധിക്കും. തങ്ങളുടെ ഉരുക്കളുടെ പ്രത്യുൽപാദനപരവും ആരോഗ്യപരവുമായ എല്ലാ വിവരങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതോടെ ശാസ്ത്രീയമായ രീതിയിലുള്ള കൃത്യമായ മൃഗപരിപാലനം

സാധ്യമാകുകയും അതുവഴി ഉൽപാദനക്ഷമത വർധിപ്പിക്കാനും സാധിക്കും. അതോടൊപ്പംതന്നെ കർഷകർക്ക് തങ്ങളുടെ പ്രദേശങ്ങളിലുള്ള കാലാവസ്ഥാ വ്യതിയാനങ്ങളിൽ മുന്നറിയിപ്പ് നൽകുന്ന സംവിധാനവും മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതുവഴി നിശ്ചിത ഊഷ്മാവിനുമുകളിൽ താപനില ഉയരുന്ന പ്രദേശങ്ങളിലുള്ള കർഷകർക്ക് SMS വഴി മുന്നറിയിപ്പ് നൽകുന്നു. ഈ സംവിധാനം ഫീൽഡുതലത്തിൽ പ്രാവർത്തികമാക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക

369(1946) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന്റെ 11-07-2024-ലെ എ.എച്ച്.ഡി./1457/2024-കെ2 നമ്പർ ഉത്തരവുപ്രകാരം അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽനിന്നും ഫീൽഡ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെയുണ്ടായ ഒഴിവുകളിലേയ്ക്ക് താഴ്ന്ന തസ്തികകളായ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക്

ഇൻസ്പെക്ടർ ഗ്രേഡ് 1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആനുപാതിക സ്ഥാനക്കയറ്റ ഉത്തരവ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11-07-2024-ലെ AHD/1457/2024-K2 നമ്പർ ഉത്തരവുപ്രകാരം അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽനിന്നും ഫീൽഡ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെയുണ്ടായ ഒഴിവുകളിലേയ്ക്ക് താഴ്ന്ന തസ്തികകളായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽനിന്നും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലേയ്ക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽനിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേയ്ക്കും സീനിയോരിറ്റിപ്രകാരം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 29-09-2024-ലെ AHD/1789/2024-K4 Part(1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ആനുപാതികമായി സ്ഥാനക്കയറ്റം നടത്തുമ്പോൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാവുന്ന സ്ഥാനക്കയറ്റ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29-09-2024-ലെ AHD/1789/2024-K4 Part(1) നമ്പർ സ്ഥാനക്കയറ്റ ഉത്തരവുപ്രകാരം എൻട്രി കേഡറായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ആകെ 36 ഒഴിവുകളുണ്ടായിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

കോട്ടയം - 9

കോഴിക്കോട് - 2

എറണാകുളം - 23

പാലക്കാട് - 2

(സി) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ സ്ഥാനക്കയറ്റം പ്രസിദ്ധീകരിച്ച 05-07-2024-ലെ എ.എച്ച്.ഡി./1789/2024-കെ4 Part(1) നമ്പർ ഉത്തരവ് വന്നതിനുശേഷം

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളായ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിൽനിന്നും 25-09-2024 വരെ എത്ര ജീവനക്കാരാണ് വിരമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ സ്ഥാനക്കയറ്റം പ്രസിദ്ധീകരിച്ച 05-07-2024-ലെ എ.എച്ച്.ഡി./1789/2024-കെ4 Part(1) നമ്പർ ഉത്തരവ് വന്നതിനുശേഷം 25-09-2024 വരെയുള്ള കാലയളവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളായ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിൽ നിന്നും ജീവനക്കാർ വിരമിച്ചിട്ടില്ല.

(ഡി) ഒ.എ(ഇ) 212/2024 & 735/2024 നമ്പർ കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26-06-2024-ലെ അന്തിമ ഉത്തരവുപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്ന് നടപ്പിൽവരുമെന്ന് വ്യക്തമാക്കാമോ?

ഒ.എ (ഇ) 212/2024 &735/2024 നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26-06-2024-ലെ അന്തിമ ഉത്തരവുപ്രകാരം വകുപ്പിലെ അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലെ ജീവനക്കാരുടെ 2024 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിയമനം സംസ്ഥാനതലത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിയമനം സംസ്ഥാനതലത്തിലാക്കുന്നതിനുള്ള നടപടികൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ നിലവിലുള്ള വി.എച്ച്.എസ്.ഇ. കോഴ്സായ ലൈവ്സ്റ്റോക്ക് മാനേജ്മെന്റിനോടൊപ്പം എൻ.എസ്.ക്യൂ.എഫ്.-ന്റെ ഭാഗമായി പേര്

മാറിയ വി.എച്ച്.എസ്.ഇ. കോഴ്സുകളായ ഡി.എഫ്.ഇ.&എസ്.പി.എഫ്. എന്നിവ ഉൾപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിലവിലെ യോഗ്യതയായ VHSE (Livestock Management) കോഴ്സിനോടൊപ്പം എൻ.എസ്.ക്യൂ.എഫ്.-ന്റെ ഭാഗമായി പേര് മാറിയ വി.എച്ച്.എസ്.ഇ. കോഴ്സുകളായ DFE (Dairy Farmer Entrepreneur), SPF (Small Poultry Farmer) എന്നീ കോഴ്സുകൾകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

മട്ടന്നൂർ മണ്ഡലത്തിൽ പ്രകൃതിദുരന്തത്തിൽ

വളർത്തുമൃഗങ്ങൾ നഷ്ടമായവർക്ക് സഹായം

370(1947) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിലുണ്ടായ ഉരുൾപൊട്ടലിന്റെ ഭാഗമായി മട്ടന്നൂർ മണ്ഡലത്തിലെ വിവിധ

തദ്ദേശസ്ഥാപനങ്ങളിൽ വലിയ നാശനഷ്ടമുണ്ടാവുകയും അനവധി കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾ നഷ്ടമാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ദുരന്തത്തെ നേരിടുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മഴക്കെടുതി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിൽ കണ്ണവം വനമേഖലയിലുണ്ടായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുംമൂലം ആകെ 9 പോത്തുകൾ, ഒരു ആൺ കന്നുകുട്ടി, 255 കോഴികൾ, 3 അലങ്കാര പ്രാവുകൾ എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. ആകെ 8 കർഷകർക്കാണ് നഷ്ടം സംഭവിച്ചത്. മഴക്കെടുതിയിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകരുടെയും ഉരുക്കളുടെയും വിവരങ്ങൾ ശേഖരിക്കുകയും ദുരന്തബാധിത മേഖലയിലെ കന്നുകാലികൾക്ക് ക്യാമ്പുകൾ, തീറ്റ, ചികിത്സാ പരിചരണം എന്നിവ ആവശ്യാനുസൃതം ഏർപ്പെടുത്തുകയുമുണ്ടായി.

(ബി) വളർത്തുമൃഗങ്ങളും മറ്റും നഷ്ടപ്പെട്ട കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കന്നുകാലി കർഷകർ ഉൾപ്പെടെയുള്ളവരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണിക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള അപേക്ഷകൾ കർഷകർ ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന സമർപ്പിച്ചുവരികയാണ്. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാധ്യത

371(1948) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനിമൽ ഹസ്ബന്ററി വകുപ്പിലും മറ്റ് ഇതര വകുപ്പുകളിലും സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാധ്യത നഷ്ടപ്പെട്ട് ഇവർ മറ്റ് സംസ്ഥാനങ്ങളിലും വിദേശ

രാജ്യങ്ങളിലും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും മൃഗശാല വകുപ്പിലും സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്കുള്ള തൊഴിൽ സാധ്യത നഷ്ടപ്പെട്ട് മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്ക് നിലവിൽ എന്തെല്ലാം തൊഴിൽ സാധ്യതകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

സുവോളജി ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്ക് മൃഗസംരക്ഷണ വകുപ്പിലും ക്ഷീര വികസന വകുപ്പിലും അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നുംതന്നെ നിലവിലില്ല.

എന്നാൽ മൃഗശാല, മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം എന്നിവിടങ്ങളിലെ കൃറേറ്റർ തസ്തികയുടെ യോഗ്യത സുവോളജി

ബിരുദമാണ്. കൂടാതെ മൃഗശാലയിൽ ബയോളജിസ്റ്റ് തസ്തികയുടെ യോഗ്യത സുവോളജിയിൽ ബിരുദാനന്തര ബിരുദവുമാണ്.

പാലുൽപാദനത്തിൽ സ്വയംപര്യാപ്തത

372(1949) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

കേരളത്തിന് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ ക്ഷീരവികസന വകുപ്പ് ശ്രമിച്ചുവരുന്നു. കേരളത്തിലെ പാൽ ആവശ്യകതയുടെ 80 ശതമാനമാണ് നിലവിൽ ആഭ്യന്തരമായി ഉൽപാദിപ്പിക്കപ്പെടുന്നത്.

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പാലുല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിങ് സബ്ഡിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്ത് ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിലുൾപ്പെടുന്നു. പാലുല്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും മെച്ചപ്പെട്ട പാലുല്പാദനം സാധ്യമാക്കുന്നതിനുമായി മിൽമയുടെ മലബാർ മേഖലാ യൂണിയൻ പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം, സൈലേജ് എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

കെ.എൽ.ഡി. ബോർഡ് വളരെയധികം ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമനിയിൽനിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെന്മാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക്

ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉൽപാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കാനും കർഷകരുടെ ഉൽപാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) പശുക്കുട്ടിയുടെ ജനനം മുതൽ പരിപാലനത്തിനും വളർച്ചയ്ക്കുമുതകുന്ന തരത്തിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പശുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കിവരുന്നു.

പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണത്തിലൂടെ കിടാരികളുടെ ആദ്യ പ്രസവം നേരത്തെയാക്കി പ്രത്യുൽപാദനക്ഷമതയും ഉൽപാദനക്ഷമതയും

ക്രമേണ വർധിപ്പിച്ച് പാലുൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം.

ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50% മാസം സബ്സിഡി നിരക്കിൽ പരമാവധി 30 മാസം വരെ സമീകൃതതീറ്റ, 32 മാസംവരെ ഇൻഷ്വറൻസ് പരിരക്ഷ, ധാതു ലവണ മിശ്രിതം, വിരമരുന്ന്, കാലാകാലങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പ് എന്നിവ നൽകുന്നു. കർഷകർക്ക് ശാസ്ത്രീയ കന്നുകുട്ടി പരിപാലനത്തിൽ പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകുന്നു. നിലവിൽ ഒരു കന്നുകുട്ടിക്ക് അനുവദിക്കുന്ന ആകെ സബ്സിഡി 12,500/- രൂപയാണ്.

നിലവിലെ പദ്ധതികൾ

1. ഗോവർദ്ധിനി - 50% സംസ്ഥാന ആവിഷ്കൃത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണിത്. മൃഗാശുപത്രികളിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമകുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

2. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme-CAP) – 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു.

3. ഗ്രാമപഞ്ചായത്ത് പദ്ധതി (GP) - 50% ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കുന്നു. CAP പദ്ധതി 2021-22 വർഷം വരെയും GP പദ്ധതി 2022-23 വർഷം വരെയും നടപ്പാക്കിയിട്ടുണ്ട്.

(ഡി) പാലിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ?

പാലിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value Added Products & Bio inputs എന്ന ഘടക പദ്ധതി വകുപ്പിന്റെ വാർഷിക പദ്ധതിയായ റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവീസസിലൂൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഇതുകൂടാതെ ക്ഷീരപരിശീലന

കേന്ദ്രങ്ങൾ മുഖാന്തരം പാലിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനായി പരിശീലനവും നൽകിവരുന്നു.

വിവിധ മൂല്യവർധിത ഉൽപന്നങ്ങളായ നെയ്യ്, തൈര്, സംഭാരം, യോഗർട്ട്, വെണ്ണ, പനീർ, പാലട മിക്സ് ഫ്ലേവേർഡ് മിൽക്കുകൾ, വിവിധതരം പേഡകൾ, വിവിധതരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉൽപന്നങ്ങൾ മിൽമയ്ക്കുണ്ട്. കൂടാതെ, ഓരോ സാമ്പത്തികവർഷവും പുതിയ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്.

മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാനസൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വില്പനയെക്കാൾ കൂടുതലായതുകൊണ്ട് പാൽപ്പൊടി, ലോങ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ക്ഷീര ഗ്രാമം പദ്ധതി

373(1950) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര നിയമസഭ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്ന വിവരം പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഭരണിക്കാവ്, മാവേലിക്കര എന്നീ ബ്ലോക്കുകളുടെ പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിരുന്നു. ആയതിൽ നൂറനാട്, മാവേലിക്കര-താമരക്കുളം, പാലമേൽ, ചുനക്കര എന്നീ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ ടി പദ്ധതി നടപ്പാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതും അനുമതി ലഭിക്കുന്നപക്ഷം വാർഷിക പദ്ധതി റിവിഷൻ നടത്തി ആവശ്യമായ തുക വകയിരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അർഹത മുൻഗണന മാനദണ്ഡങ്ങൾ കണക്കിലെടുത്ത് 2024-25 സാമ്പത്തിക വർഷത്തെ ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായുള്ള അന്തിമ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ലഭ്യമായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക പരിശോധിച്ചുവരുന്നു.

ക്ഷീര ഗ്രാമം പദ്ധതി

374(1951) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീര ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2018-2019 സാമ്പത്തിക വർഷം പനത്തടി ഗ്രാമപഞ്ചായത്തിലും 2020-2021 സാമ്പത്തിക വർഷം അജാനൂർ ഗ്രാമപഞ്ചായത്തിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(ബി) അതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ഓരോ പഞ്ചായത്തിലും നടപ്പാക്കിയതെന്ന് വിശദമാക്കാമോ?

പനത്തടി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിപ്രകാരം ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, മിനറൽ മിക്സ്ചർ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ അജാനൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിപ്രകാരം രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (പശു+ഹീഫർ) ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, മിനറൽ മിക്സ്ചർ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ക്ഷീരോൽപാദക രംഗത്ത് മോഡൽ ഫാമുകൾ ആരംഭിക്കാൻ നടപടി

375(1952) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരോൽപാദനരംഗത്ത് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മോഡൽ ഫാമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ക്ഷീര കർഷകർക്കായുള്ള വികസന പദ്ധതികൾ

376(1953) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീര കർഷകർക്കായി സർക്കാർ എന്തെല്ലാം വികസന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

വ്യാവസായികാടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീര കർഷകർക്കായി സർക്കാർ വിവിധതരം വികസന പദ്ധതികൾ നടപ്പാക്കി

വരുന്നു. ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ ഓട്ടോമേഷനും അടിസ്ഥാന സൗകര്യ വർധനവും കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം ഡയറി യൂണിറ്റുകൾ എന്നിവയും കർഷകർക്കായി സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

(ബി) വ്യാവസായികാടിസ്ഥാനത്തിൽ എത്ര ഡയറി ഫാം പ്രവർത്തിച്ച് വരുന്നുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഡയറി ഫാമുകളിൽ ഏതെല്ലാം ഇനത്തിലെ പശുക്കളാണ് കൂടുതലായി കണ്ടുവരുന്നതെന്ന് വിശദമാക്കാമോ?

വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡയറി ഫാമുകളിൽ സങ്കരയിനം പശുക്കളാണ് കൂടുതലായി കണ്ടുവരുന്നത്. വ്യാവസായികാടിസ്ഥാനത്തിലുള്ള ഫാമുകളുടെ എണ്ണം (31-03-2024 വരെ) ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ക്രമ. നം	**ജില്ല**	**പത്തിലധികം പശുക്കളുള്ള ഫാമുകളുടെ എണ്ണം**
1	തിരുവനന്തപുരം	613
2	കൊല്ലം	406
3	പത്തനംതിട്ട	179
4	ആലപ്പുഴ	392

5	കോട്ടയം	386
6	ഇടുക്കി	330
7	എറണാകുളം	662
8	തൃശ്ശൂർ	484
9	പാലക്കാട്	1004
10	മലപ്പുറം	292
11	കോഴിക്കോട്	193
12	വയനാട്	230
13	കണ്ണൂർ	245
14	കാസർഗോഡ്	158
ആകെ		5574

ക്ഷീര കർഷകർക്കുള്ള പദ്ധതികൾ

377(1954) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 വർഷത്തിൽ ക്ഷീര കർഷകർക്കായി നടപ്പാക്കിവരുന്നതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2024-25-ൽ ക്ഷീര കർഷകർക്കായി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ ഘടക പദ്ധതികളും ചുവടെ ചേർക്കുന്നു.

1. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും അഡ്വൈസറി സർവീസസും

- കർഷക സമ്പർക്ക പരിപാടി
- കണ്ടിജൻസി ഫണ്ട്
- ക്ഷീരകർഷക സംഗമം
- സ്റ്റുഡന്റ്സ് ഡയറി ക്ലബ്
- മികച്ച ക്ഷീരകർഷക പുരസ്കാരം
- രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള പദ്ധതി
- ക്ഷീര കർഷകർക്ക് പരിശീലനം

2. തീറ്റപ്പുൽകൃഷി വികസന പദ്ധതി

- 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷിക്ക് സബ്സിഡി.
- തീറ്റപ്പുൽകൃഷി ആധുനികവൽക്കരണവും യന്ത്രവൽക്കരണവും.
- തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി.
- SHG/JLG തുടങ്ങിയ രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ വിതരണം.
- ചോളം കൃഷി.

- കോളാർമോഡൽ തീറ്റപ്പുൽകൃഷി.
- വൃക്ഷ വിള കൃഷി.
- ഗ്രൂപ്പ്/വ്യക്തികൾ എന്നിവർക്ക് സൈലേജ് നിർമ്മാണം.

3. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം

- ക്വാളിറ്റി അവയർനെസ് പ്രോഗ്രാം.
- ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റ്.
- ഡയറി ഫാമുകളുടെ അടിസ്ഥാനസൗകര്യം വർധിപ്പിക്കുന്ന പദ്ധതി.
- ക്ഷീരസംഘങ്ങളിലെ പാലിന്റെ ഗുണനിലവാര വർധനവിനായുള്ള പദ്ധതികൾ.
- ക്ഷീരസംഘങ്ങളിൽ ആധുനിക പാൽ പരിശോധന/ശീതീകരണ സംവിധാനം സജ്ജമാക്കുന്ന പദ്ധതി.

4. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

- അതിദരിദ്രർക്ക് ഒരു പശു യൂണിറ്റ്.
- ഒന്ന്/രണ്ട്/അഞ്ച്/പത്ത്/ഇരുപത് ഡയറി യൂണിറ്റുകൾ.
- യുവ കർഷകർക്കായുള്ള ക്ഷീരയുവ പദ്ധതി.
- SHG/JLG തുടങ്ങിയ രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് അഞ്ച്/പത്ത് പശു യൂണിറ്റ്.

- ക്ഷീരഗ്രാമം പദ്ധതി.
- ഹീഫർ പാർക്ക്.
- തോട്ടം തൊഴിലാളികൾക്കായുള്ള ക്ഷീരലയം പദ്ധതി.
- കയർ/മത്സ്യബന്ധന മേഖലയിലെ കർഷകർക്കായുള്ള ക്ഷീരതീരം പദ്ധതി.
- ഹെർഡ് ക്വാറന്റൈൻ/ക്യാറ്റിൽ ട്രേഡിങ് സെന്റർ.
- ക്ഷീര കർഷകർക്ക് Interest Subvention പദ്ധതി.
- Elevated & Community Cattle Shed.
- ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും.
- കാലിത്തൊഴുത്ത് നിർമ്മാണം.
- കറവയന്ത്ര സബ്സിഡി.
- വ്യാവസായികാടിസ്ഥാനത്തിലുള്ള ഫാമുകളുടെ ഓട്ടോമേഷനും അടിസ്ഥാനസൗകര്യ വർധനവും

5. <u>ക്യാറ്റിൽ ഫീഡിങ് സബ്സിഡി പദ്ധതി</u>

- ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ്, TMR എന്നിവ സബ്സിഡി നിരക്കിൽ വിതരണം.
- ധാതുലവണ മിശ്രിതത്തിന് ധനസഹായം.

മേൽപ്പറഞ്ഞ പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പാലുല്പാദനം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

378(1955) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനം വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

സംസ്ഥാനത്തെ പാലുല്പാദനം വർധിപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നത്. വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും ക്ഷീരകർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവയന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട

ഗ്രാമപഞ്ചായത്തുകളിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി "ക്ഷീരഗ്രാമം" പദ്ധതി, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സ്പെഷ്യൽ ഡയറി പാക്കേജ് എന്നിവ നടപ്പാക്കുന്നുണ്ട്. പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം, തീറ്റപ്പുൽകൃഷി ആധുനികവൽക്കരണവും യന്ത്രവൽക്കരണവും തരിശുഭൂമിയിൽ തീറ്റ പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMK, ധാതുലവണ മിശ്രിതം എന്നിവ സംഘത്തിൽനിന്നും വാങ്ങുന്നവർക്കുള്ള ധനസഹായം എന്നിവ അനുവദിച്ചുവരുന്നു.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ഡയറി യൂണിറ്റുകൾക്ക് സബ്സിഡി, ധാതുലവണ മിശ്രിത സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, ഡയറി ഫാമുകളുടെ അടിസ്ഥാനസൗകര്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും നടപ്പാക്കുന്നു.

കൂടാതെ, ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറച്ചുകൊണ്ട് നിലവിലുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പുതിയ ആൾക്കാരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ പാലുൽപാദനം വർധിപ്പിക്കുന്നതിനുമായി മിൽമ മേഖലാ യൂണിയനുകൾ കാലിത്തീറ്റ സബ്സിഡി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി ദത്തെടുക്കൽ പദ്ധതി, റിവോൾവിങ് ഫണ്ട്, കാലിത്തൊഴുത്ത് നവീകരണ ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കന്നുകാലി കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽവില വ്യത്യാസം, ഹരിതം സൈലേജ് സബ്സിഡി സ്കീം, പ്രതീക്ഷ പദ്ധതി - കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ, കൗ കംഫർട്ട് മാറ്റുകൾ തുടങ്ങിയ വിവിധ ക്ഷീരകർഷക ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ബി) പാലുല്പാദനത്തിന്റെ പ്രോത്സാഹനത്തിനായി കാസർഗോഡ് ജില്ലയിൽ 2021 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലുല്പാദനത്തിന്റെ പ്രോത്സാഹനത്തിനായി കാസർഗോഡ് ജില്ലയിൽ 2021 മുതൽ നാളിതുവരെ ക്ഷീരവികസന വകുപ്പുമുഖേന ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	തുക
2021-22	3,01,03,548
2022-23	2,39,04,133
2023-24	2,30,78,438
2024-25	45,94,404
ആകെ	8,16,80,523

കാസർഗോഡ് ജില്ലയിലെ ക്ഷീരകർഷകർക്ക് പാലുൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 79 ക്ഷീരകർഷകർക്ക് 50,000 രൂപ വീതം നാളിതുവരെയായി 39.5 ലക്ഷം രൂപ പലിശരഹിത അഡ്വാൻസായി മിൽമ മലബാർ മേഖലാ യൂണിയനിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. അധിക പാൽവില ഇനത്തിൽ 2021 മുതൽ 632.63 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പാലിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനും വർധിപ്പിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

പാലിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിനും വർധിപ്പിക്കുന്നതിനുമാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value Added Products & Bio inputs എന്ന ഘടക പദ്ധതി ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയായ റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവീസിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി കൂടാതെ പാലിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനവും നൽകിവരുന്നു.

കർഷകരിൽനിന്നും സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധപുലർത്തുന്നു. മൂല്യവർധിത ഉൽപന്നങ്ങൾ

ഉൽപാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും സജ്ജമാക്കിയിട്ടുണ്ട്. വിപണി വിപുലീകരണം നടപ്പാക്കുന്നതിനായി 'റീ-പൊസിഷനിങ് മിൽമ 2023' എന്ന കർമപദ്ധതി ആരംഭിച്ചിട്ടുണ്ട്.

മൂല്യവർധിത ഉൽപന്നങ്ങളുടെ വിതരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മിൽമയുടെ ഓരോ ഉൽപന്നങ്ങളെയും ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നതിനും അവയുടെ പ്രത്യേകതകളും ഗുണമേന്മയും ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ product wise പരസ്യങ്ങൾ ചെയ്തു വരുന്നു.

ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾവഴി മിൽമ ഉൽപന്നങ്ങൾ ഉപഭോക്താവിന്റെ വിരൽത്തുമ്പിൽ കിട്ടുന്നതിനുള്ള സൗകര്യങ്ങളും ഇപ്പോൾ മിൽമ ഒരുക്കുന്നുണ്ട്. മിൽമ ഉൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് സുലഭമായി അവരുടെ സൗകര്യാനുസരണം ലഭ്യമാക്കുന്നതിനായി മിൽമ Sales & Distribution Network-ൽ വിപുലമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.

മിൽമ ഉൽപന്നങ്ങൾ ഗൾഫിലെ ലുലു ഹൈപ്പർ മാർക്കറ്റുകൾവഴി വിൽക്കാൻ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനും ലുലു ഗ്രൂപ്പ് ഇന്റർനാഷണലുമായി ധാരണാപത്രവും ഒപ്പിട്ടിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, എച്ച്.പി.സി.എൽ. എന്നിവയുമായി സഹകരിച്ച് അവരുടെ പെട്രോൾ പമ്പുകളിൽ മിൽമ ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, കെ-സ്റ്റോർ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ്, ഇന്ത്യൻ റെയിൽവെ, ഇന്ത്യൻ കോഫീ ഹൗസ് തുടങ്ങിയവയുമായി ചേർന്ന് വിപണി വിപുലീകരണ ശ്രമങ്ങൾ നടന്നുവരുന്നു.

പാലുല്പാദനത്തിന്റെ വളർച്ചയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടി

379(1956) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലുല്പാദനം വർധിപ്പിക്കുന്നതിനായി ക്ഷീര വികസന വകുപ്പ് വിവിധങ്ങളായ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും ക്ഷീരകർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവയന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്. SHG/JLG തുടങ്ങിയ വിവിധ രജിസ്റ്റേർഡ് ഗ്രൂപ്പുകൾക്ക് പശുപരിപാലനത്തിന് ആവശ്യമായ പദ്ധതികൾ ക്ഷീര വികസന വകുപ്പ് നടപ്പാക്കുന്നു. കൂടാതെ, തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ "ക്ഷീരഗ്രാമം" പദ്ധതി, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ സ്പെഷ്യൽ ഡയറി പാക്കേജ് എന്നിവയും നടപ്പാക്കുന്നു. പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക്

കൊണ്ടുവരുന്നതിനുമായി തീറ്റപ്പുൽകൃഷിക്കുള്ള ധനസഹായം, തീറ്റപ്പുൽകൃഷി ആധുനികവൽക്കരണവും യന്ത്രവൽക്കരണവും തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMR, ധാതുലവണ മിശ്രിതം എന്നിവ സംഘത്തിൽനിന്നും വാങ്ങുന്നവർക്കുള്ള ധനസഹായം എന്നിവ അനുവദിച്ചുവരുന്നു.

ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ഡയറി യൂണിറ്റുകൾക്ക് സബ്സിഡി, ധാതുലവണ മിശ്രിത സബ്സിഡി, കാലിത്തൊഴുത്ത് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, ഡയറി ഫാമുകളുടെ അടിസ്ഥാനസൗകര്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നു.

കൂടാതെ, മിൽമയുടെ മൂന്ന് മേഖല യൂണിയനുകൾ ക്ഷീര കർഷകരുടെ ഉൽപാദനചെലവ് കുറച്ചുകൊണ്ട്, നിലവിലുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പുതിയ ആൾക്കാരെ ക്ഷീര മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ പാലുൽപാദനം

വർധിപ്പിക്കുന്നതിനുമായി തങ്ങളുടെ പ്രവർത്തന ലാഭത്തിന്റെ വലിയൊരു പങ്ക് കാലിത്തീറ്റ സബ്സിഡി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി ദത്തെടുക്കൽ പദ്ധതി, റിവോൾവിങ് ഫണ്ട്, കാലിത്തൊഴുത്ത് നവീകരണ ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കന്നുകാലി കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, പ്രതീക്ഷാ പദ്ധതി, വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റ്, കറവ യന്ത്രം വാങ്ങി ഉപയോഗിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതി, ക്ഷീരസമാശ്വാസം, ക്ഷീരസദനം മുതലായ പദ്ധതികളിലൂടെയും ക്ഷീര കർഷകർക്ക് സഹായമെത്തിക്കുന്നുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ്

ഫെഡറേഷനിലെ ജീവനക്കാരുടെ ഒഴിവുകൾ

380(1957) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനിൽ ജീവനക്കാരുടെ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകളുടെ എണ്ണം നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ നിയമനത്തിനും ഔട്ട്സോഴ്സിങ്ങിനുമായി വ്യവസ്ഥ ചെയ്തിരിക്കുന്നു. ആകെ 270 സ്ഥിര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ആയതിൽ 92 തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി. വഴി നികത്താനുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ടി തസ്തികകൾ നികത്തുന്നതാണ്. 178 തസ്തികകൾ പ്രൊമോഷൻ മുഖാന്തരം നികത്തുന്നതിനായി വ്യവസ്ഥ ചെയ്തിരിക്കുന്നു. റിക്രൂട്ട്മെന്റ് റൂൾസനുസരിച്ച് പ്രൊമോഷൻവഴി നികത്തുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന തസ്തികകളിൽ യോഗ്യത നേടിയ ജീവനക്കാർക്ക്/

ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനിലെ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നതെന്ന് അറിയിക്കുമോ; നാളിതുവരെ ഏതെല്ലാം തസ്തികകളിലായി എത്ര നിയമനം പി.എസ്.സി. വഴി നടന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനിലെ മാനേജിങ് ഡയറക്ടർ ഒഴികെയുള്ള എല്ലാ തസ്തികകളിലും പി.എസ്.സി. നിയമനം ബാധകമാക്കിയിട്ടുള്ളതാണ്.

സ്റ്റാഫ് റെഗുലേഷന്റെ പരിധിയിൽവരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികകൾ മുതൽ ജനറൽ മാനേജർ തസ്തിക വരെ പ്രൊമോഷൻ വഴി നികത്തുന്നതാണ് തുടർന്നുവന്നിരുന്ന രീതി. ഫെഡറേഷനിലെ നിയമനങ്ങൾ 1995-ൽ പി.എസ്.സി.-ക്ക് വിട്ടുവെങ്കിലും 2011-ലാണ് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചത്. അതനുസരിച്ച് 2011-ൽ തന്നെ ഒഴിവുകൾ പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും 2014-ലാണ് ഓഫീസർ തസ്തികയിൽ ആദ്യ നിയമനം നടക്കുന്നത്. 1995-ൽ പി.എസ്.സി.-ക്ക് വിട്ടതിനുശേഷം 2011-ൽ റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നതുവരെയുള്ള കാലയളവിൽ റിക്രൂട്ട്മെന്റ് നടക്കാത്തതിനാൽ ഉയർന്ന തസ്തികകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവമുണ്ടായിട്ടുണ്ട്. കൂടാതെ, നിയമന ഉത്തരവ് ലഭ്യമായി ജോലിയിൽ പ്രവേശിക്കുന്ന ഭൂരിഭാഗം ഉദ്യോഗാർഥികളും മറ്റ് ജോലികൾ ലഭ്യമായി വിടുതൽ ചെയ്തുപോകുന്നതും ടി തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അഭാവത്തിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടി തസ്തികകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ മേഖലാ യൂണിയനുകളിൽനിന്നും ഡെപ്യൂട്ടേഷനിൽ, ഭരണസമിതി തീരുമാനപ്രകാരവും കേരള സഹകരണ നിയമപ്രകാരവുമാണ് നിയമിച്ചിട്ടുള്ളത്.

പി.എസ്.സി. മുഖാന്തരമുള്ള നിയമനങ്ങളിൽ നിലവിൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷനിൽ തുടരുന്നവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീര വികസന വകുപ്പുമുഖേന നടത്തിയ പാൽ പരിശോധന

381(1958) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന പാലും പാലുല്പന്നങ്ങളും പിടിച്ചെടുത്ത് ലാബിൽ പരിശോധന നടത്തി നടപടിയെടുക്കാനുള്ള അധികാരം ക്ഷീര വികസന വകുപ്പിനുകൂടി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മായം കലർന്ന പാലും പാലുല്പന്നങ്ങളും പിടിച്ചെടുത്ത് ലാബിൽ പരിശോധന നടത്തി നടപടിയെടുക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിലെ ഉചിതരായ ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദീകരിക്കാമോ?

1955-ലെ അവശ്യസാധന നിയമത്തിനുകീഴിൽ കേന്ദ്രസർക്കാർ 09-06-1992-ൽ വിജ്ഞാപനം ചെയ്ത മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ പ്രകാരം പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്ന ചുമതല സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിൽ

നിക്ഷിപ്തമായിരുന്നു. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നതിനുശേഷം 2011 മുതൽ പാൽ പരിശോധിക്കുന്നതിനുള്ള അധികാരം ക്ഷീര വികസന വകുപ്പിന് നഷ്ടമായി.

നിലവിൽ ക്ഷീര വികസന വകുപ്പിന്റെ ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസുകളിൽ ഫീൽഡ് സാമ്പിളുകളും മാർക്കറ്റ് മിൽക്കും പരിശോധിച്ചുവരുന്നു. ചെക്ക്പോസ്റ്റ് ലാബുകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയോജിതമായി സാമ്പിൾ എടുത്ത് ലാബിൽ പ്രാഥമിക പരിശോധന നടത്തുന്നു. അതിർത്തി കടന്നുവരുന്ന പാൽ പരിശോധനകളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുന്നപക്ഷം ക്ഷീര വികസന വകുപ്പിലെ ലാബുകൾക്ക് FSSAI അംഗീകാരമില്ലാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുകയില്ല. ടി സാഹചര്യത്തിൽ സാമ്പിളുകൾ FSSAI അംഗീകാരമുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ

പരിശോധിക്കുന്നതിനായി ചുമതലപ്പെട്ട ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുന്നു.

ക്ഷീര വികസന വകുപ്പിലെ ഉചിതരായ ഉദ്യോഗസ്ഥർക്ക് ഭക്ഷ്യസുരക്ഷാ നിയമപ്രകാരം കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള അധികാരം നൽകുന്ന വിഷയം ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 01-07-2024-ൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ചുവടെ ചേർക്കുംപ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

• ക്ഷീരവികസന വകുപ്പിന്റെ 3 അതിർത്തി ചെക്ക് പോസ്റ്റിൽനിന്നും പരിശോധനയ്ക്കായി പിടിച്ചെടുക്കുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവ കാലതാമസം ഒഴിവാക്കുന്നതിനായി തൽക്കാലം ക്ഷീരവികസന വകുപ്പിന്റെ ചെക്ക് പോസ്റ്റിലെ ലാബിൽത്തന്നെ പരിശോധിക്കുന്നത് അഭികാമ്യമാകും. അതിനായി ആരോഗ്യ വകുപ്പിലെ അധികാരപ്പെട്ടവരുടെ സാന്നിധ്യം അവിടെ ഉറപ്പുവരുത്തുക.

• ക്ഷീര വികസന വകുപ്പിൽ യോഗ്യരായ ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവർക്ക് അധികാരം വിജ്ഞാപനംവഴി നൽകാൻ കഴിയുമോയെന്നത്

സംബന്ധിച്ചും ക്ഷീര വികസന വകുപ്പ് ലാബിന്റെ പരിസര അതിർത്തി ഒരു local ഏരിയ മാത്രമായി അധികാരം വിജ്ഞാപനം ചെയ്യാൻ സാധിക്കുമോയെന്നത് സംബന്ധിച്ചും നിയമ വകുപ്പ് അടിയന്തരമായി നിയമ വ്യാഖ്യാനം നടത്തി തീരുമാനിക്കേണ്ടതാണ്. ആയതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ക്ഷീര വികസന വകുപ്പ് സെക്രട്ടറിമാർ നിയമ വകുപ്പ് സെക്രട്ടറിയുമായി ഒരു മീറ്റിങ് വിളിച്ച് ചേർക്കേണ്ടതാണ്.

മേൽ തീരുമാനപ്രകാരം 31-08-2024-ൽ ക്ഷീര വികസന വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനം ചുവടെ ചേർക്കുന്നു.

- ക്ഷീര വികസന വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയവും ഫുഡ് സേഫ്റ്റി കമ്മീഷണർക്കുകീഴിലുള്ള ഉദ്യോഗസ്ഥനായി (whole time officer) നിയമിക്കുന്ന കാര്യത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുക.

- ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥനെ ഫുഡ് സേഫ്റ്റി കമ്മീഷണർക്കുകീഴിലുള്ള ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ടുള്ള കരട്

വിജ്ഞാപനം നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ബഹു. വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ തുടർനടപടിക്കായി ലഭ്യമാക്കുക.

ക്ഷീര വികസന വകുപ്പിലെ യോഗ്യനായ ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയവും ഫുഡ് സേഫ്റ്റി കമ്മീഷണർക്കുകീഴിലുള്ള ഉദ്യോഗസ്ഥനായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുക.

മേൽ കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ക്ഷീര വികസന വകുപ്പ് ഓണക്കാലത്ത് ഊർജ്ജിത പാൽ പരിശോധന നടത്തിയിരുന്നോ; വിശദമാക്കാമോ;

(ഡി) ഇപ്രകാരം പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ സബ്-സ്റ്റാൻഡേർഡ് മിൽക്ക്, ഭക്ഷ്യയോഗ്യമല്ലാത്ത പാൽ എന്നിവ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(സി&ഡി) ഓണക്കാലത്തെ ഊർജ്ജിത പാൽ പരിശോധനയുമായി ബന്ധപ്പെട്ട് ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥരും ഫുഡ് സേഫ്റ്റി ഓഫീസർമാരും സംയുക്തമായി ചെക്ക് പോസ്റ്റുകളിൽ 09-09-2024-ന് വൈകുന്നേരം 6 മണി മുതൽ 14-09-2024 അർദ്ധരാത്രിവരെ അതിർത്തി കടന്നെത്തുന്ന പാൽ സാമ്പിളുകൾ പരിശോധന നടത്തുകയും പരിശോധനയിൽ ശേഖരിച്ച 751 സാമ്പിളുകൾക്കും നിശ്ചിത ഗുണനിലവാരമുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ക്ഷീര സഹകരണ സംഘങ്ങൾ

382(1959) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് നൽകുന്ന വില ലിറ്ററിന് എത്രയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് കൊഴുപ്പിന്റെയും കൊഴുപ്പിതര പദാർഥങ്ങളുടെയും അടിസ്ഥാനത്തിൽ

മിൽമ തയ്യാറാക്കിയിരിക്കുന്ന പാൽ വില ചാർട്ട് അനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. നിലവിൽ 3.2% കൊഴുപ്പും 8.3% കൊഴുപ്പിതര പദാർഥങ്ങളുമുള്ള പശുവിൻ പാലിന് 40.40/- രൂപയാണ് പാൽവില ചാർട്ടനുസരിച്ച് ലഭിക്കുന്നത്. പാലിലുള്ള കൊഴുപ്പിന്റെയും കൊഴുപ്പിതര പദാർഥത്തിന്റെയും ഏറ്റക്കുറച്ചിലിന് അനുസരിച്ച് പാൽവിലയ്ക്ക് വ്യത്യാസമുണ്ടാകുന്നതാണ്. ആയതിനാൽ ഓരോ കർഷകനും ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ലഭിക്കുന്ന വില വ്യത്യസ്തമായിരിക്കും.

(ബി) ക്ഷീര കർഷകർക്ക് പാൽ വില നൽകുന്നതിൽ കുടിശ്ശികയുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശികയുണ്ടെന്ന് വ്യക്തമാക്കാമോ?

ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ വില 10 ദിവസത്തിലൊരിക്കലാണ് നൽകിവരുന്നത്. കേരളത്തിലുടനീളമുള്ള ഓരോ ക്ഷീര സംഘത്തിലും

പാൽവില കുടിശ്ശിക വ്യത്യസ്തമായിരിക്കും. ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണലൂർ മണ്ഡലത്തിലെ താണവീഥി പാലുൽപാദക സഹകരണ സംഘംവഴി സംഭരിച്ച പാൽവില ക്ഷീരകർഷകർക്ക് നൽകുന്നതിൽ കുടിശ്ശികയായിട്ടുണ്ടോ എന്നും എത്ര രൂപ കുടിശികയുണ്ടെന്നും അറിയിക്കാമോ?

കുടിശ്ശികയായിട്ടുണ്ട്. 1,01,338/- രൂപ (ഒരു ലക്ഷത്തി ആയിരത്തി മുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) പാൽ വില കുടിശ്ശികയുണ്ട്.

(ഡി) കുടിശ്ശികയുണ്ടെങ്കിൽ അത് എത്രയുംവേഗം കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

സ്വീകരിച്ചുവരുന്നു. താണവീഥി ക്ഷീരോൽപാദക സഹകരണ സംഘത്തിലെ പുതിയ ഭരണസമിതി 07-09-2024-നാണ് ചാർജ്ജെടുത്തത്. ഭരണസമിതിയുടെ അടുത്ത യോഗത്തിൽ പാൽവില കുടിശ്ശിക കർഷകർക്ക് കൊടുത്തുതീർക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം

കൈക്കൊള്ളുന്നതാണെന്നും ഇതിനുവേണ്ടിയുള്ള ഫണ്ട് വായ്പയായി കണ്ടെത്തുമെന്നും സംഘം അറിയിച്ചിട്ടുണ്ട്.

സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരികെ പ്രവേശിപ്പിച്ചത് സംബന്ധിച്ച്

383(1960) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ ആൾക്കൂട്ട മർദ്ദനത്തെത്തുടർന്ന് മരണപ്പെട്ട സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് സർവകലാശാല തീരുമാനമെടുക്കുകയുണ്ടായോ?

പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ സിദ്ധാർത്ഥൻ ജെ. എസ്. എന്ന വിദ്യാർഥിയുടെ അസ്വാഭാവിക മരണം നടക്കുന്നതിന് മുമ്പ് ടി വിദ്യാർഥി റാഗിങ്ങിനിരയായി എന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ കോളേജ് ഡീനും അസിസ്റ്റന്റ് വാർഡനും അന്വേഷണവിധേയമായി 05-03-2024 തീയതിയായി സസ്പെൻഡ് ചെയ്യപ്പെട്ടിരുന്നു. പിന്നീട് ഈ

വിഷയത്തിൽ സർവകലാശാല ആക്ട് സെക്ഷൻ 9(7)(i) പ്രകാരം, ഭരണപരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിലേയ്ക്കായി അന്വേഷണ കമ്മീഷനായി ബഹു. ചാൻസലറുടെ ഉത്തരവുപ്രകാരം ജസ്റ്റിസ് (റിട്ട.) ശ്രീ. എ. ഹരിപ്രസാദിനെ നിയമിച്ചുകൊണ്ട് രാജ്ഭവൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. മേൽ അന്വേഷണ കമ്മീഷൻ അന്വേഷണം പൂർത്തിയാക്കി ബഹു. ചാൻസലർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ സർവകലാശാല ആക്ട് സെക്ഷൻ 9(7) (iii) അനുശാസിക്കുംവിധം മാനേജ്മെന്റ് കൗൺസിലിന്റെ അഭിപ്രായം അറിയിക്കാനുള്ള നിർദേശത്തോടെ റിപ്പോർട്ടിന്റെ പകർപ്പ് ചാൻസലറുടെ ഓഫീസിൽനിന്ന് വൈസ് ചാൻസലർക്ക് കൈമാറിയിരുന്നു. ചാൻസലറുടെ മേൽ നിർദേശത്തിലുള്ള നടപടി മാത്രം അജണ്ടയായി നിശ്ചയിച്ച് 24-09-2024-ന് ചേർന്ന മാനേജ്മെന്റ് കൗൺസിലിന്റെ പ്രത്യേക യോഗം വിഷയം പരിഗണിച്ച് ചർച്ച ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ചേക്കാവുന്ന നടപടികളും WP 33291/2024 നമ്പറായ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ

ബഹു. ചാൻസലർക്ക് അഭിപ്രായം നൽകുന്നതിന് ഇപ്പോൾ പരിമിതികളുണ്ടെന്ന് ഭൂരിപക്ഷ അഭിപ്രായത്തിൽ തീരുമാനമെടുത്തു.

വിദ്യാർഥിയുടെ മരണത്തിൽ കുറ്റകൃത്യം അന്വേഷിച്ച സംസ്ഥാന പോലീസും കേന്ദ്ര ഏജൻസിയായ സി.ബി.ഐ.-യും വിചാരണ കോടതിക്ക് സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾക്കനുസരിച്ച് മേൽപരാമർശിച്ച ഉദ്യോഗസ്ഥർക്കെതിരെ പരാമർശമൊന്നുമില്ല. ടി ഉദ്യോഗസ്ഥർ സസ്പെൻഷനിലായി ആറ് മാസം കഴിഞ്ഞ പശ്ചാത്തലത്തിലും ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായതിനാലും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ നിർദിഷ്ട അച്ചടക്കനടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിലാണ് സസ്പെൻഷൻ പിൻവലിച്ച് മറ്റൊരു കോളേജിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്.

(ബി) ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ചാൻസലർ വൈസ്-ചാൻസലർക്ക് കത്ത് നൽകിയിട്ടുണ്ടോ?

27-09-2024-ലെ GS6-411/2024 നമ്പർ കത്തുപ്രകാരം മാനേജ്മെന്റ് കൗൺസിൽ യോഗതീരുമാനം സംബന്ധിച്ച് സർവകലാശാല ആക്ട് സെക്ഷൻ 9(7)(V) അനുശാസിക്കുംവിധം വൈസ് ചാൻസലറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതുകൂടാതെ ചാൻസലർ ഉത്തരവ് നൽകുന്നതുവരെ തീരുമാനം നടപ്പാക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദേശവും നൽകിയിട്ടുണ്ട്.

(സി) സിദ്ധാർത്ഥന്റെ മരണം സംബന്ധിച്ച് അന്വേഷണത്തിൽ ഇവരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടോ; ഏത് സാഹചര്യത്തിലാണ് ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരിച്ചെടുക്കുന്നതിന് അധികൃതർ തീരുമാനമെടുത്തത്; വിശദമാക്കാമോ?

വിദ്യാർഥിയുടെ മരണത്തിൽ കുറ്റകൃത്യം അന്വേഷിച്ച സംസ്ഥാന പോലീസും കേന്ദ്ര ഏജൻസിയായ സി.ബി.ഐ.-യും വിചാരണ കോടതിക്ക് സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾക്കനുസരിച്ച് സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും കുറിച്ച് പരാമർശമൊന്നുമില്ല. ടി ഉദ്യോഗസ്ഥർ

സസ്പെൻഷനിലായി ആറുമാസം കഴിഞ്ഞ പശ്ചാത്തലത്തിലും ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായതിനാലും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ നിർദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിലാണ് സസ്പെൻഷൻ പിൻവലിച്ച് മറ്റൊരു കോളേജിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിന് സർവകലാശാല തീരുമാനമെടുത്തിട്ടുള്ളത്.

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

384(1961) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അത് എവിടെയെല്ലാം; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ അട്ടപ്പാടി, പട്ടാമ്പി എന്നീ ബ്ലോക്കുകളിലായി നിലവിൽ രണ്ട് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കേരളത്തിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാകുന്നുണ്ട്. ബാക്കിയുള്ള ബ്ലോക്കുകളിൽ പ്രസ്തുത സേവനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

****

അനുബന്ധം III

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 20-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 1853-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും കടബാധ്യതയും

(1853) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നു; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കടബാധ്യതയുണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്നു എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് കടബാധ്യതയുണ്ടോ; എങ്കിൽ എത്രയാണെന്നുള്ള

വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) 2015-16 കാലയളവിലെ ആനുവൽ അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം 4.89 കോടി രൂപയും പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത സർക്കാർ വായ്പയുൾപ്പെടെ 4091.35 കോടി രൂപയുമാണ്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം
കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം (കോടിയിൽ)

Operating Revenue	4.78
Non Operating Revenue	0.11
Total	**4.89**

2015-16 കാലയളവിലെ വാർഷിക അക്കൗണ്ട്സ് പ്രകാരം
കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത (കോടിയിൽ)

KTDFC	489.83
HUDCO	236.17
LIC	64.99
DCB, Palakkad	193.42

KSTT-133, TVM	8.67
DCB, Ernakulam	114.26
Kerala Infrastructure Finance Corporation	45.63
SBI MIDGAP Loan	70.00
Consortium Banks	1296.80
Government Loan	1571.58
Total	**4091.35**

05/2016-ൽ കെ.എസ്.ആർ.ടി.സി.-യിൽ 35842 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു.

(ബി) നിലവിൽ പ്രതിദിന ശരാശരി ടിക്കറ്റ്/ടിക്കറ്റിതര വരുമാനം 7.50 കോടി രൂപയാണ്. 30-04-2024-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ ബാധ്യത 15,281.92 കോടി രൂപയാണ്. വായ്പാബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ആറ് ബാങ്കുകളുൾപ്പെട്ട കൺസോർഷ്യം വായ്പയിൽ ഇനി ഒടുക്കേണ്ട തുക	2865.33 കോടി രൂപ.
2	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ	44.00 കോടി രൂപ.
3	സർക്കാർ വായ്പ	12372.59 കോടി രൂപ

	ആകെ	15281.92 കോടി രൂപ.

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 22402 സ്ഥിരം ജീവനക്കാരുണ്ട്.

*****